# ക്രൂനൻ കുരിശിന്റ മുമ്പ്.

ഫാദർ പ്ളാസിഡ്, റവ. ഒ. സി. ഡി.,
പിഎച്ച്. ഡി., ഡി. ഡി., ഡി. സി. എൽ.

Printed at the
St. Joseph's Printing House,
Tiruvalla.
1940.

[വില 12 അണ]

H 10/837

# കൂനൻ കുരിശിന്മുമ്പ്.

ALWAYE, TRAVANCORE

ഫാദർ പ്ളാസിഡ്, റ്റി. ഒ. സി. ഡി.,
പിഎച്ച്. ഡി., ഡി. ഡി., ഡി. സി. എൽ.

ACHARYA PALACKAL JEEVASS KENDRAM
LIBRARY
15614

Printed at the
St. Joseph's Printing House,
Tiruvalla.
1940.

Dharmaram College Library
Acc. No. 92607
Call No. J63/P75

Nihil Obstat:

Fr. Sylvester, T. O. C. D.
Fr. Francis Sales, T. O. C. D.


Imprimi Potest:

Fr. Bartholomew, T. O. C. D.
Prior General
Thevara,
4—7—1938.

M/220-95483
PCA

Imprimatur:

✠ J. Kalacherry
Ep. Changanacherry,
19th September, 1939.
Changanacherry.



കൂനൻ കുരിശു്

ST. ANTONY'S CARMELITE MONASTERY
RAILWAY STATION ALWAYE TRAVANCORE
ALWAYE, TRAVANCORE

To
St. Peter Through St. Thomas
In
Loving Memory
Of
The Rev. Fr. Bernard Of St. Thomas, T. O. C. D.
The Doyen Of The Malabar Church Historians
Who Died On The 16th Of August 1940.

പരിശുദ്ധപിതാവ്

# പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ

തിരുമനസ്സുകൊണ്ട്

ഗ്രന്ഥകർത്താവിനു

കല്പിച്ചുനൽകിയ

## ആശീർവാദം.

---

Sacra Congregazione
"Pro Ecclesia Orientali"
Prot. N. 163/39.

Citta del Vaticano, 3 Aprile 1939.

Rev-mo Padre,

Nell' Udienza che il Santo Padre Pio XII si e benevolmente degnato di accordarmi il 3 corr., Gli ho umiliato gli omaggi e gli auguri che la P. V. Rev. ma si e compiaciuta offrir Gli in occasione della Sua elezione e solenne incoronazione.

Sono lieto ora di significar Le che Sua Santita ha accolto con paterna soddisfazione gli omaggi e gli auguri e mi ha dato il gradito incarico di partecipar Le i Suoi vivi ringraziamenti e la Sua particolare Benedizione per V. P., per i monaci del Suo Ordine e per le loro Opere, in auspicio delle piu elette grazie del Cielo e quale pegno di Sua benevolenza.

Nell' adempiere l' Augusto Mandato, profitto volentieri della occasione per esprimer Le i sensi del mio ossequio e confermarmi

della P. V. Rev. ma
[illegible]. mo per servir La
*Eugenio Card. Tisserant*
*Segr.*

Al Rev. mo
P. Placido.
..........................

*G. Cesarini, Assessore.*

# മുഖവുര.

1. തൃശ്ശൂർരൂപതവക "നവജീവിക" എന്ന മാസികയിൽ "നെസ്തോറിയൻസഭ" എന്ന അഭിധാനത്തിൽ ഒരു ലേഖനപരമ്പര കുറെ മുമ്പ് എഴുത്തുകാരൻ പ്രസിദ്ധപ്പെടുത്തിയിരുന്നു. ആ ലേഖനങ്ങൾ പുസ്തകരൂപത്തിൽ വെളിയ്ക്കു വിടണമെന്നു കരുതി പ്രവർത്തിച്ചതിന്റെ ഫലമാണ് "കൂനൻകുരിശിനു മുമ്പ്" എന്ന ഈ പുസ്തകം.

"നവജീവിക" യിൽ പ്രത്യക്ഷപ്പെട്ട ഭാഗങ്ങൾക്കു പുറമെ ഇതിൽ വേറെ പലതും കൂട്ടിച്ചേർത്തിട്ടുണ്ട്. "നവജീവികയിൽ" പ്രത്യക്ഷപ്പെട്ട ഭാഗങ്ങൾ തന്നെയും പല വ്യത്യാസങ്ങളോടുകൂടിയാണ് ഇതിൽ പകർത്തിയിട്ടുള്ളത്

2. നെസ്തോറിയൻ എന്നറിയപ്പെടുന്ന സെലൂക്കിയാ അഥവാ ബാബേൽ സഭയുടെ ചരിത്രവും, കേരളീയസുറിയാനിസഭയ്ക്കു ആ സഭയുമായുണ്ടായിരുന്ന സാമീപ്യവും, ഇവ രണ്ടിനും റോമ്മായുമായുണ്ടായിരുന്ന ബന്ധവും ആയിരുന്നു "നവജീവിക"ാ ലേഖനങ്ങളിലെ പ്രതിപാദ്യവിഷയങ്ങൾ എന്നാൽ കേരളീയസുറിയാനിസഭയ്ക്കാണ് ഈ പുസ്തകത്തിൽ പ്രാധാന്യം കല്പിച്ചിട്ടുള്ളത്. കേരളീയസുറിയാനിസഭയ്ക്കു റോമ്മാബന്ധം ഉണ്ടായിരുന്നോ എന്നും മററും അറിയുന്നതിലേയ്ക്കു സഹായകമാകത്തക്കവിധം സെലൂക്കിയൻ (ബാബേൽ) യാക്കോബായ ആദിയായ സഭകളുടെ ചരിത്രം ഇതിൽ പ്രതിപാദിയ്ക്കപ്പെട്ടിട്ടുണ്ട്.

3. പുസ്തകത്തിലെ പ്രതിപാദ്യവിഷയങ്ങളും രീതിയും സംബന്ധിച്ചുള്ള ചില വിവരങ്ങളും വിശദീകരണങ്ങളും ഒന്നാം അദ്ധ്യായത്തിൽ കാണാം. തുടർന്നുള്ള അദ്ധ്യായങ്ങളിലെ സംഗതികൾ ശരിയായി മനസ്സിലാക്കുവാൻ ഒന്നാം അദ്ധ്യായം സഹായകമാകണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്. രണ്ടു മുതൽ ഏഴുൾപ്പെടെയുള്ള അദ്ധ്യായങ്ങളിൽ സെലൂക്കിയൻ (ബാബേൽ) സഭയുടേയും, എട്ടും ഒമ്പതും അദ്ധ്യായങ്ങളിൽ യാക്കോബായ സഭയുടേയും ചരിത്രവും അവയുടെ റോമ്മാബന്ധവും ആണ് പ്രതിപാദ്യവിഷയങ്ങൾ. അതോടുകൂടി കേരളവുമായി ബന്ധമുണ്ടായിരുന്നവയോ, ഉണ്ടായിരുന്നവയായി ചിലർ വിചാരിയ്ക്കുന്നവയോ ആയ വേറെ ചില സഭകളെപ്പററിയും ചുരുക്കമായി പ്രസ്താവിച്ചിട്ടുണ്ട്. അതിന്റെശേഷം കേരളീയസുറിയാനിസഭയും അതിന്റെ വിദേശബന്ധവും എന്ന വിഷയം ചർച്ചചെയ്യപ്പെടുന്നതോടുകൂടി ആ സഭയ്ക്കു സെലൂക്കിയാ (ബാബേൽ) സഭയുമായുണ്ടായിരുന്ന വേഴ്ച എപ്രകാരമുള്ളതായിരുന്നു എന്നും, യാക്കോബായസഭയുമായി കൂനൻകുരിശുസത്യത്തിനു മുമ്പ് അത്ര ബന്ധ

പ്പെട്ടിരുന്നോ എന്നും, പോർട്ടുഗീസുകാരുടെ ആഗമനത്തിങ്കലും അതിനു മുമ്പും, അതിനുശേഷവും അതിന്റെ നില റോമ്മായെ സംബന്ധിച്ചിടത്തോളം ഏതു തരത്തിലുള്ളതായിരുന്നു എന്നും, കൂനൻകുരിശുസത്യം റോമ്മായുടെ അധികാരത്തിനു വിരോധമായിരുന്നോ, അഥവാ, ആകുവാൻ പാടുണ്ടായിരുന്നോ എന്നും മററും പരിശോധിക്കപ്പെടുന്നു. അലക്സാന്ത്രിയാ, അന്തിയോക്കിയാ എന്നീ സഭകളെപ്പററിയും ഈ അദ്ധ്യായങ്ങളിൽ ചിലതെല്ലാം പ്രസ്താവിച്ചിട്ടുണ്ടു്. കേരളീയസഭ ഒരു സ്വതന്ത്രസഭയായിരുന്നു എന്നുള്ള ചിലരുടെ വാദത്തിനും അതർഹിക്കുന്ന പ്രാധാന്യം നൽകാതിരുന്നിട്ടില്ല. കൂനൻകുരിശുസത്യത്തിനു കുറെ അധികം മുമ്പുവരെ കേരളീയസഭ യാക്കോബായസഭയോടു ബന്ധപ്പെട്ടിരുന്നു എന്നു പറയുന്നവരുടെ വാദങ്ങൾ പത്തു്, പതിനൊന്നു്, പന്ത്രണ്ടു് എന്നീ അദ്ധ്യായങ്ങളിൽ പ്രത്യേകവിധം പരിശോധിക്കപ്പെട്ടിരിക്കുന്നു.

4. സെലൂക്കിയാ (ബാബേൽ) സഭയേയും യാക്കോബായസഭയേയും പററിയുള്ള പ്രസ്താവനകൾ കേരളീയസുറിയാനിസഭയുടെ നിലയും അതിനെ സംബന്ധിക്കുന്ന വാദങ്ങളും ഗ്രഹിക്കുവാൻ ആവശ്യമാകയാലാണു് ആദ്യഭാഗത്തു തന്നെ അവ ചേർക്കുവാൻ ഇടയായതു്

5. "കത്തോലിക്കാഐക്യ"ത്തിനാണു് ഈ പുസ്തകത്തിൽ പ്രാധാന്യം. അദൃശ്യവും, ദൃശ്യവും എന്നു രണ്ടു് അംശങ്ങൾ കത്തോലിക്കാസഭയ്ക്കുണ്ടു്. ഘനമായ പാപമൊന്നുമില്ലാത്തവർ അദൃശ്യാംശത്തിൽ ഉൾപ്പെടുന്നു. ദൃശ്യാംശത്തിൽ പാപികൾക്കും സ്ഥാനമുണ്ടു്. ദൃശ്യാംശത്തിൽ പെടുവാൻ അവശ്യം വേണ്ട സംഗതികൾ മൂന്നാണു്: a) മാമ്മോദീസാ, b) സത്യവിശ്വാസം, c) കത്തോലിക്കാഐക്യം.

ക്രൈസ്തവസമൂഹങ്ങളെപ്പററി പ്രതിപാദിക്കുന്ന ഈ കൃതിയിൽ മാമ്മോദീസായെക്കുറിച്ചു പ്രത്യേകം പ്രസ്താവിക്കേണ്ട ആവശ്യമില്ല. സത്യവിശ്വാസം സംരക്ഷിക്കുവാനുള്ള മാർഗ്ഗമാണു് കത്തോലിക്കാഐക്യം. ആകയാൽ കത്തോലിക്കാഐക്യത്തിനു് ഇതിൽ പ്രാധാന്യം നൽകുവാനിടയായി.

കത്തോലിക്കാഐക്യമാകട്ടെ മാർപ്പാപ്പായിക്കും അദ്ദേഹത്തിനു വിധേയരായി വർത്തിക്കുന്ന വൈദികാദ്ധ്യക്ഷന്മാർക്കും യഥാവിധി കീഴ്പെട്ടു് അവരോടും അവരുടെ ഭരണീയരോടും വൈദികങ്ങളിൽ സംസർഗ്ഗം ചെയ്യുന്നതിൽ സ്ഥിതിചെയ്യുന്നു. എന്നാൽ മാർപ്പാപ്പായിക്കു പരിപൂർണ്ണമായി കീഴ്പെട്ടു് അദ്ദേഹത്തോടു് ഐക്യപ്പെടുന്നതോടെ മററു് അദ്ധ്യക്ഷന്മാർക്കും യഥാവിധി കീഴ്പെട്ടു് അവരോടും അവരുടെ ഭരണീയരോടും വൈദികങ്ങളിൽ സംസർഗ്ഗം ചെയ്യുകയാണു് നാം ചെയ്യുന്നതു്. മററു് അദ്ധ്യക്ഷന്മാർക്കു് യഥാവിധി കീഴ്പെട്ടു് അവരോടും അവരുടെ ഭരണീയരോടും വൈദികങ്ങളിൽ സംസർഗ്ഗം ചെയ്യുവാനുള്ള സന്നദ്ധത നമു

ക്കുണ്ടോ എന്നറിയുവാൻ മാർപ്പാപ്പായോടുള്ള നമ്മുടെ ബന്ധം എപ്രകാരമുള്ളതാണെന്നു മനസ്സിലാക്കിയാൽ മതി. ഇങ്ങനെ "റോമൻ" എന്നതും "കത്തോലിക്കൻ" എന്നതും പര്യായപദങ്ങളത്രെ. ഈ അർത്ഥത്തിൽ കത്തോലിക്കാ ഐക്യത്തിനു് റോമ്മാമാർപ്പാപ്പായുടെ പരമാധികാരത്തിനു വിധേയമായി അദ്ദേഹത്തോടു് ഐക്യപ്പെട്ടിരിക്കുക എന്ന വിവക്ഷ ഈ പുസ്തകത്തിലെ ഒന്നാം അദ്ധ്യായത്തിൽ നൽകിയിരിക്കുന്നു. കത്തോലിക്കാഐക്യത്തെപ്പററി പറയുന്ന സ്ഥലങ്ങളിൽ, മാർപ്പാപ്പാ ഒഴിച്ചുള്ള അദ്ധ്യക്ഷന്മാരോടും അവരുടെ ഭരണീയരോടും യോജിച്ചു പ്രവർത്തിക്കേണ്ടതിനെപ്പററി അധികം പ്രസ്താവിച്ചിട്ടില്ലാത്തതിന്റെ കാരണവും ഇതു തന്നെയാണു്.

ഇപ്പോൾ പറഞ്ഞ രീതിയിൽ കത്തോലിക്കാഐക്യം പ്രാപിക്കുകയും അതോടേ തന്നേ സത്യവിശ്വാസം മനഃപൂർവ്വം നിഷേധിക്കുകയും ചെയ്യുവാൻ യാതൊരു ക്രൈസ്തവ സമൂഹത്തിനും സാധിക്കുന്നതല്ല. എന്നാൽ മനഃപൂർവ്വമല്ലാതെ വിശ്വാസവിഷയകമായി വല്ല അബദ്ധങ്ങളും ഒരു ക്രൈസ്തവസമൂഹം സ്വീകരിച്ചുപോയാൽ ചില സാഹചര്യങ്ങളിൽ അതിന്റെ കത്തോലിക്കാഐക്യം തദ്വാരാ നഷ്ടപ്പെട്ടില്ലെന്നു വരാം.

6. കൂനൻകുരിശുസത്യത്തെപ്പററി പലരിലും ഇപ്പോൾ കടന്നുകൂടിയിട്ടുള്ള തെററിദ്ധാരണകൾ ദൂരീകരിക്കുകയും, തദ്വാരാ എല്ലാവരും മ്ശിഹായിൽ ഒന്നാകുന്നതിലുള്ള ചില പ്രയാസങ്ങൾ നീക്കുകയും ചെയ്യണമെന്നാണു് എഴുത്തുകാരന്റെ പ്രധാനോദ്ദേശ്യം.

Placid, T. O. C. D.

ചെത്തിപ്പുഴ–ചങ്ങനാശേരി.

# വിഷയവിവരണം.


ഒന്നാം അദ്ധ്യായം—പ്രാരംഭം P. 1

പലവിധ വാദങ്ങൾ—കത്തോലിക്കാ ഐക്യം—കത്തോലിക്കാ ഐക്യത്തിൽ നില്ക്കുന്നവരുടെ തെററുകൾ—ചില ദൃഷ്യഫലങ്ങൾ—പ്രതിപാദ്യവിഷയം.

രണ്ടാം അദ്ധ്യായം—സെലൂക്കിയാ അഥവാ ബാബേൽസഭ. P. 7

സെലൂക്കിയാസഭ—അന്തിയോക്കിയായുടെ കീഴിൽ—പേർഷ്യാസഭയെ കീഴ്പ്പെടുത്തുന്നു—അന്തിയോക്കിയാബന്ധം ത്യജിക്കുന്നു—റോമ്മായുടെ പരമാധികാരം നിഷേധിച്ചോ?.

മൂന്നാം അദ്ധ്യായം—നെസ്തോറിയൻ പാഷണ്ഡത P. 17

നെസ്തോറിയൻ പാഷണ്ഡത എന്ത്?—പ്രാരംഭകർത്താക്കൾ—നെസ്തോറീസ്—വി. കൂറിലോസ്—എഫേസൂസ് സൂനഹദോസ്—സൂനഹദോസിന്റെ ശേഷം.

നാലാം അദ്ധ്യായം—സെലൂക്കിയാസഭ നെസ്തോറിയ ആകുന്നു. P. 30

ദിയദോറിന്റേയും തിയദോറിന്റേയും കൃതികൾ—ഈഹീബായുടെ ലേഖനം—ബർസൌമ്മായും നർസൈയും—നെസ്തോറിയൻ സിദ്ധാന്തത്തിൽ നിപതിക്കുന്നു—സെലൂക്കിയാസഭയുടെ പ്രത്യേകതരം നെസ്തോറിയമതം—എതിർകക്ഷികൾ—രാഷ്ട്രീയനില—നെസ്തോറിയൻകാർ എന്ന സംജ്ഞ.

അഞ്ചാം അദ്ധ്യായം—സെലൂക്കിയാസഭയും റോമ്മാ അധികാരവും (1) P. 43

സഭാഘടനയിലുള്ള വിശ്വാസം—പത്രോസിന്റെ പരമാധികാരം—മാർപാപ്പായുടെ പരമാധികാരം—നർസൈ—ബാബയി—തീമാതെഓസ്പാത്രിയർക്കീസ്—ഏലിയാ—ബൊന്നാത്തിയൂസ്—റോമ്മായുടെ അധികാരം.

ആറാം അദ്ധ്യായം—സെലൂക്കിയായും റോമ്മാഅധികാരവും (2) P. 58

പാശ്ചാത്യരുമായി എടപെടുന്നു—രണ്ടാം യബാലാഹാ—അഞ്ചാം സബറീശോ—മൂന്നാം യബാലാഹാ—റോമ്മായിലേക്കു വിശ്വാസസത്യമയയ്ക്കാഞ്ഞ പാത്രിയർക്കീസുമാർ—ഫ്ലോറെൻസു സൂനഹദോസ്.

ഏഴാം അദ്ധ്യായം—സെലൂക്കിയായും റോമ്മാ അധികാരവും. (3) P. 70

സൂലാക്കാ—മഫെയികർദ്ദിനാൾ—അവുദീശോ—അവുദീശോയുടെ

പിൻഗാമികൾ—സുലാക്കായുടെ പ്രതിയോഗികൾ—അർബെലിലെ ഗീവറുഗീസ്—നെസ്തോറീസും റോമ്മായുടെ അധികാരവും.

എട്ടാം അദ്ധ്യായം—യാക്കോബായസഭ. P. 91

ഏക സ്വഭാവവാദം—തസ്കരസംഘം—കൽക്കിദോനിയാ സൂനഹദോസ്—കൽക്കിദോനിയാ സൂനഹദോസിന്റെശേഷം—പത്രോസ് ഫുള്ളോ—സെവേരൂസ്—യാക്കോബ് ബുർദ്ആയാ—യാക്കോബായസഭ—യാക്കോബായ പാത്രിയർക്കീസ്—മൽക്കായ, മാറോനായ എന്നാ അന്തിയോക്കിയാ പാത്രിയർക്കീസുമാർ—ആറ് അന്തിയോക്കിയാ പാത്രിയർക്കീസുമാർ—യാക്കോബായ കാതോലിക്കാ അഥവാ മപ്രിയാൻ—വളർച്ചയും അധഃപതനവും.

ഒമ്പതാം അദ്ധ്യായം—യാക്കോബായസഭയും റോമ്മാ അധികാരവും. P. 106

വി. പത്രോസിന്റെ പരമാധികാരം—വി. പത്രോസ് റോമ്മായിൽ—അന്തിയോക്കിയായിൽ പരമാധികാരം സ്ഥാപിക്കുന്നില്ല—പലരിൽ പരമാധികാരമോ?—റോമ്മാ മാർപാപ്പായുടെ പരമാധികാരം സൌഹാർദ്ദം പുനരൈക്യമാണോ?—പുനരൈക്യം—ആധുനിക യാക്കോബായ മനസ്ഥിതി.

പത്താം അദ്ധ്യായം—കേരളീയസഭ—വിദേശബന്ധം—കത്തോലിക്കാഐക്യം. (14-ാം ശതാബ്ദത്തിനുമുമ്പ്) P. 117

ഉത്ഭവം—റീത്ത്—ഭരണം: 1 അന്തിയോക്കിയാ. 2) പേർഷ്യാ. 3) സെലൂക്കിയാ. 4) സെലൂക്കിയായും അന്തിയോക്കിയായും. 5) സെലൂക്കിയായും പേർഷ്യയും. 6) സെലൂക്കിയായും ഇൻഡ്യായും. 7) അന്തിയോക്കിയായും ഇൻഡ്യായും—കത്തോലിക്കാ ഐക്യം—യാക്കോബായ ബന്ധമില്ലായിരുന്നു—അലക്സാന്ത്രിയാബന്ധം.

പതിനൊന്നാം അദ്ധ്യായം—കേരളീയസഭയും യാക്കോബായബന്ധവും (കൂനൻകുരിശിനുമുമ്പ്) P. 136

കോസ്മോസ്—അലക്സാന്ത്രിയാബന്ധം—ഈശോയബ്—പേർഷ്യൻകുരിശുകൾ—സാബോർ പ്രോത്ത്—തരിസാക്രിസ്ത്യാനികൾ—അന്തിയോക്കിയാ യാക്കോബായ പാത്രിയർക്കീസ്—ബുക്കാനൻ വേദപുസ്തകം—1510-ലെ വേദപുസ്തകം—തെയദോറോസിന്റെ തക്സാ—കർണായിലെ റൂശ്മാ—മാമ്മോദീസാ—രണ്ടാംകെട്ട്.

പന്ത്രണ്ടാം അദ്ധ്യായം—കേരളീയസഭയും യാക്കോബായബന്ധവും (കൂനൻകുരിശിനുമുമ്പ്) 2. P. 153

ചില "യാക്കോബായ" വിശുദ്ധന്മാർ—ത്രിശുദ്ധസ്തുതി—നോമ്പുകൾ—മൊസാക്കാട്ടേയിലുള്ള മെത്രാൻ—ബുക്കാനന്റെ സാക്ഷ്യം—ഇൻ

ധ്യാകാരനായ യൌസേപ്പ്—അലക്സാന്ത്രിയാബന്ധം—ഹാഫിന്റെ സാക്ഷ്യം—ഏത്തെറിഡ്ജിന്റെ സാക്ഷ്യം—കൊല്ലിൻസിന്റെ സാക്ഷ്യം—കേരളീയരുടെ തെററിദ്ധാരണ—വേദപുസ്തകത്തിലെ ചില ഭാഗങ്ങൾ—വീഞ്ഞുണ്ടാക്കുന്ന ഏർപ്പാട്—മാർ ഗ്രീഗോറിയൂസിന്റെ സാക്ഷ്യം.

പതിമ്മൂന്നാം അദ്ധ്യായം—കേരളീയസഭ: വിദേശബന്ധം കത്തോലിക്കാഐക്യം (16-ാം ശതാബ്ദത്തിനുമുമ്പ്) P. 176

സെലൂക്കിയാമാത്രം—വിദേശസഞ്ചാരികൾ—കത്തോലിക്കാഐക്യം

പതിന്നാലാം അദ്ധ്യായം—കേരളീയസഭയും കത്തോലിക്കാ ഐക്യവും (പതിനാറാം ശതാബ്ദം) 1. P. 188

പോർട്ടുഗീസുകാർ—പോർട്ടുഗീസുമൈത്രി—പോർട്ടുഗീസുനയവും മനഃസ്ഥിതിയും.

പതിനഞ്ചാം അദ്ധ്യായം—കേരളീയസഭയും കത്തോലിക്കാ ഐക്യവും (പതിനാറാം ശതാബ്ദം 2) P. 213

മാർ യൌസേപ്പും സഹചരന്മാരും—മാർ യൌസേപ്പും അന്തൊനീനൂസും—രണ്ടുപേരും റോമ്മായിൽ—മാർ അബ്രാഹവും മാർ യൌസേപ്പും—മാർ യൌസേപ്പ്: ലത്തീൻറീത്ത്—മാർ അബ്രാഹം—മാർ യൌസേപ്പു വീണ്ടും തടവിൽ—മാർ അബ്രാഹം വീണ്ടും തടവിൽ—മാർ യൌസേപ്പു റോമ്മായിൽ മരിക്കുന്നു—മാർ അബ്രാഹവും 1575-ലെ ഗോവസൂനഹദോസും—ബന്ധവിമോചനങ്ങൾ ആദിയായവ—അർക്കദിയാക്കോൻ മെത്രാൻ—മാർ ശെമഓൻ—അങ്കമാലി സൂനഹദോസ്—സെമിനാരിയും സുറിയാനിഭാഷയും—1585-ലെ ഗോവസൂനഹദോസ്—മാർ അബ്രാഹവും സൂനഹദോസനിയമങ്ങളും—നസ്രാണികളുടെ കത്തോലിക്കത—മാർ അബ്രാഹത്തിന്റെ പേരിൽ കുററാരോപണം—മാർ അബ്രാഹത്തിന്റെ മരണം—നസ്രാണികളുടെ കത്തോലിക്കത—ജൂബിലിബന്ധവിമോചനം.

പതിനാറാം അദ്ധ്യായം—ഉദയമ്പേരൂർ സൂനഹദോസിനുമുമ്പ് നസ്രാണികളുടെ കത്തോലിക്കാഐക്യം. P. 242

അർക്കദിയാക്കോന്റെ ഭരണം—മെനേസീസിന്റെ ലേഖനം—രോസും അർക്കദിയാക്കോനും നിയമിതരാകുന്നു—വൈപ്പിലെ യോഗം—മെനേസിസിന്റെ ആഗമനം—വൈപ്പിക്കോട്ടെ മഹറോൻ—പള്ളിസന്ദർശനം—പൊതുവായ പട്ടംകൊട—അർക്കദിയാക്കോൻ കീഴ്പ്പെടുന്നു—പള്ളി സംഗതികൾ—അർക്കദിയാക്കോനും കേരളീയരും—പള്ളി സംഗതികൾ—ഉദയമ്പേരൂർ സൂനഹദോസിനുള്ള ഒരുക്കങ്ങൾ.

പതിനേഴാം അദ്ധ്യായം—ഉദയമ്പേരൂർ സൂനഹദോസ്. P. 266

എല്ലാവരും സൂനഹദോസിലേക്കു ക്ഷണിക്കപ്പെടുന്നു—സൂനഹദോസു നടത്തുവാനുള്ള അധികാരം—സൂനഹദോസു തുടങ്ങുന്നു—ഒന്നാംയോഗം—രണ്ടാംയോഗം—മററുയോഗങ്ങൾ—ഉദയമ്പേരൂർ സൂനഹദോസും സുറിയാനിക്കാരും—ഉദയമ്പേരൂർ സൂനഹദോസും നവീകരണവും—സൂനഹദോസും പോർട്ടുഗീസു ഗവമ്മെണ്ടും—സൂനഹദോസിൻെറ ശേഷം.

പതിനെട്ടാം അദ്ധ്യായം—കൂനൻകുരിശുസത്യം. P. 292

മാർ അബ്രാഹത്തിൻെറ പിൻഗാമി—സുറിയാനിക്കാരുടെ അതൃപ്തി—റോമ്മായിലേക്കപേക്ഷ—അപേക്ഷ സഫലമായി—വലിയ ഒരു ബഹളം—മെത്രാപ്പോലീത്തായും അക്കദിയാക്കോനും—എസ്സുപ്പാനോസു ബ്രിട്ടോ—ദൊനാദത്താ—വീണ്ടും അതൃപ്തി—ഫ്രാൻസീസ് ഗാർഷ്യാ—അക്കദിയാക്കോൻ കാലുമാററി കളുന്നു—അഹത്തള്ളായുടെ ആഗമനം—അഹത്തള്ളായുടെ ലേഖനം—അഹത്തള്ളാ കപ്പലിൽ; വേറൊരെഴുത്ത്—അഹത്തള്ളായുടെ വിശ്വാസം—അക്കദിയാക്കോൻ കൊച്ചിയിൽ—കൂനൻകുരിശുസത്യം.

പത്തൊമ്പതാം അദ്ധ്യായം—കൂനൻകുരിശും റോമ്മായും. P. 313

സത്യത്തിനുമുമ്പ്—സത്യത്തിൻെറ പ്രാരംഭം—സത്യത്തിൻെറശേഷം—സത്യം ചെയ്തവരുടെ വിളംബരം—ഗാർഷ്യാ മെത്രാപ്പോലീത്തായുടെ പ്രസ്താവന—മാർപ്പാപ്പായുടെ പ്രതിനിധി—പ്രതിനിധിയും സുറിയാനിക്കാരും—മാർ ഗ്രീഗോറിയൂസ്—ഇട്ടിതൊമ്മൻ കത്തനാരുടെ എഴുത്ത്—ഒരു യാക്കോബായ രേഖ—വേറൊരുരേഖ—തത്തമ്പള്ളിപടിയോല—മുളന്തുരുത്തിപടിയോല.

---

# ക്രൂനൻ കുരിശിന്റെ മുമ്പ്.

## ഒന്നാം അദ്ധ്യായം.

### പ്രാരംഭം.

പലവിധവാദങ്ങൾ.

1653 മകരം 3-ാം- വെള്ളിയാഴ്ച ദിവസം മട്ടാഞ്ചേരി പള്ളിയുടെ സമീപത്തു നടന്ന ഒരു സംഭവമാണല്ലോ ക്രൂനൻ കുരിശുസത്യം. ചരിത്രപ്രസിദ്ധമായ ഉദയമ്പേരൂർ സൂനഹദോസു കഴിഞ്ഞിട്ടു അന്നു 53 സംവത്സരം പൂർത്തിയായിരുന്നു.

ഉദയമ്പേരൂർ സൂനഹദോസിന്റെ കാലമായ 1599 മുതൽ ക്രൂനൻ കുരിശുസത്യത്തിന്റെ കാലമായ 1653 വരെ കേരളീയസഭ റോമ്മാ അധികാരത്തിനു വിധേയയായിരുന്നു, അഥവാ കത്തോലിക്കാ ഐക്യപ്രാപ്തയായിരുന്നു എന്നു് എല്ലാവരും സമ്മതിക്കുന്നുണ്ടു്. എന്നാൽ ഒരുവക നിർബന്ധം നിമിത്തം അങ്ങനെ സംഭവിച്ചതേയുള്ളു എന്നാണു് ചിലരുടെ വാദം.

1599 വരെയോ അതിനുകുറെ മുമ്പുവരെയോ ആ സഭ നെസ്തോറിയതത്വത്തിൽ നിപതിച്ചു് റോമ്മായിക്കു വിധേയമാകാതെയും തദ്വാരാ കത്തോലിക്കാ ഐക്യമില്ലാതെയും നിലനിന്നിരുന്നു എന്നാണു് പലരും പറയാറുള്ളതു്.

16 ാം ശതാബ്ദത്തിലോ അതിനു കുറേ മുമ്പോ മാത്രമേ ആ സഭ നെസ്തോറിയതത്വം സ്വീകരിച്ചു് മേൽ പറഞ്ഞ അവസ്ഥയിൽ സ്ഥിതിചെയ്തിരുന്നുള്ളു എന്നും, അതിനുമുമ്പു്, പ്രത്യേകം മദ്ധ്യശതകങ്ങളിൽ, ആ സഭ റോമ്മായിൽ നിന്നകന്നു് യാക്കോബായ ആയി വർത്തിച്ചിരുന്നു എന്നും കുറേ നാളായിട്ടു് കേരളീയ യാക്കോബായക്കാരിൽ ചിലർ വാദിച്ചുതുടങ്ങിയിട്ടുണ്ടു്.

വേറേ ചിലരുടെ അഭിപ്രായപ്രകാരം 16-ാംശതാബ്ദത്തിന്റെ അവസാനഘട്ടംവരെ കേരളീയ സഭ ഒരു സ്വതന്ത്ര സഭയായിരുന്നത്രെ. ഒരു സ്വതന്ത്ര സഭയുടെ അംഗങ്ങൾ എന്ന നിലയിൽ റോമ്മായുടെ അധികാ

രംസ്വീകരിക്കാതെ കേരളീയർ ഓരോ സ്ഥലത്തുനിന്നു് മെത്രാന്മാരെ കേരളത്തിലേക്കു കൊണ്ടുവന്നിരുന്നു എന്നാണു് ഈ കൂട്ടർ പറയുന്നതു്. മെത്രാന്മാർ മിക്കപേരും നെസ്തോറിയന്മാരായിരുന്നു. ഈ കാരണത്താൽ കേരളീയസഭ ഒരു സ്വാതന്ത്ര്യസഭയെങ്കിലും മാർത്തോമ്മാശ്ലീഹായിൽ നിന്നു അതിനു ലഭിച്ച നിർമ്മല വിശ്വാസത്തിൽ പല അബദ്ധങ്ങളും കടന്നുകൂടുന്നതിനു് ഇടവരുത്തിയിട്ടുണ്ടെന്നു ഈ അഭിപ്രായക്കാർ വാദിക്കാറുണ്ടു്. ഏതെല്ലാം അബദ്ധങ്ങൾ അതിൽ സ്ഥലം പിടിച്ചിട്ടുണ്ടെങ്കിലും റോമ്മാ അധികാരത്തെ ആ സഭ 16_ാം ശതബ്ദത്തിനു മുമ്പു് സ്വീകരിക്കയോ ഏററുപറകയോ ചെയ്തിട്ടില്ല എന്നു് ഈ കൂട്ടർ പറയുന്നു

ഈ വാദങ്ങളിലെല്ലാം കൂനൻ കുരിശു സത്യത്തിനു മുമ്പു് കേരളീയസഭയുടെ റോമ്മാ ബന്ധം അഥവാ കത്തോലിക്കാ ഐക്യം ഒരു വിധത്തിൽ അല്ലെങ്കിൽ മററൊരുവിധത്തിൽ നിഷേധിക്കപ്പെടുന്നു. എന്നാൽ കൂനൻ കുരിശു സത്യത്തിനുമുമ്പു് കേരളീയ സഭയ്ക്കു കത്തോലിക്കാ ഐക്യം എന്നും ഉണ്ടായിരുന്നു എന്നു വാദിക്കുന്നവരുമുണ്ടു്.

## കത്തോലിക്കാ ഐക്യം

കത്തോലിക്കാ ഐക്യം എന്നതിനു് റോമ്മാ മാർപ്പാപ്പായുടെ പരമാധികാരത്തിനു വിധേയമായി അദ്ദേഹത്തോടു ഐക്യപ്പെട്ടിരിക്കുക എന്നാണു് ഇവിടെ വിവക്ഷ.

വി. പത്രോസിനു പരമാധികാരമുണ്ടെന്നും, പരമാധികാരത്തിൽ അദ്ദേഹത്തിൻെറ ഏക പിൻഗാമി റോമ്മാ മാർപ്പാപ്പായാണെന്നും കത്തോലിക്കാസഭ പഠിപ്പിക്കുന്നു. കത്തോലിക്കാ ഐക്യത്തിനു,് അഥവാ, യഥാർത്ഥ ക്രൈസ്തവത്വത്തിനു് റോമ്മാ മാർപ്പാപ്പായോടുള്ള പ്രസ്താവിതബന്ധം അത്യന്താപേക്ഷിതമാണെന്നത്രെ കത്തോലിക്കാസിദ്ധാന്തം.

കത്തോലിക്കാ ഐക്യത്തെപ്പററി പറയുമ്പോൾ മാർപ്പാപ്പായുടെ പരമാധികാരം സംബന്ധിച്ചുള്ള സിദ്ധാന്തവും തദധികാരപ്രയോഗത്തിലുണ്ടാകാവുന്ന രീതി വ്യത്യാസവും തമ്മിൽ വ്യത്യാസപ്പെടുത്തേണ്ടതായിട്ടുണ്ടു്. കീഴുള്ളവരുടെ മേൽ പലതരത്തിൽ പരമാധികാരിക്കു് സ്വാധികാരം പ്രയോഗിക്കാവുന്നതാണു്. മാർപ്പാപ്പായിക്കു പരമാധികാരമുണ്ടെന്നുള്ളതു് ഒരു കത്തോലിക്കാ സിദ്ധാന്തമാകുന്നു. ഈ പരമാധികാരത്തിനു ഭംഗംവരാതെ ഏതെങ്കിലും രീതിയിൽ ഇഷ്ടംപോലെ അദ്ദേഹത്തിനു് ഇതു പ്രയോഗിക്കാമെന്നുള്ളതും ഒരു കത്തോലിക്കാ സിദ്ധാന്തം തന്നെയാണു്.

പുരാതന കാലങ്ങളിൽ ഗതാഗതസൌകര്യക്കുറവു നിമിത്തവും മററും പ്രാദേശിക സഭകൾക്കു് വിപുലങ്ങളായ അധികാരങ്ങൾ അനുവദിച്ചു കൊടുക്കുക സാധാരണമായിരുന്നു. ഗതാഗതസൌകര്യം കുറെയെല്ലാം ഉണ്ടായിരുന്നെങ്കിലും ചില പ്രാദേശികസഭകളിൽ സംഭവിച്ചിരുന്ന വൻകാര്യങ്ങളിൽ മാത്രമേ മാർപ്പാപ്പാമാർ ഇടപെട്ടിരുന്നുള്ളു. മെത്രാന്മാരെ നിയമിക്കുവാനും സ്ഥാനഭ്രംശം ചെയ്യുവാനും, പ്രാദേശിക വിഭാഗങ്ങളും മെത്രാന്മാരുടെ അധികാര സീമകളും ക്ലിപ്തപ്പെടുത്തുവാനും പ്രാദേശിക സൂനഹദോസുകൾക്കും തദദ്ധ്യക്ഷന്മാർക്കും അധികാരമുണ്ടായിരുന്നതായി കാണുന്നുണ്ടു്. ഈദൃശപ്രവൃത്തികൾക്കു് പരമാധികാരിയുടെ മൌനസമ്മതവും പരോക്ഷമായ അംഗീകരണവും ഉണ്ടായിരുന്നാൽ മതിയായിരുന്നു.

പല തർക്കങ്ങളും പ്രാദേശിക സഭകളുടെ തീരുമാനത്തോടെ അവസാനിച്ചിരുന്നു. അപ്രകാരം അവസാനിക്കണമെന്നു നിശ്ചയവും ഉണ്ടായിരുന്നു. ഇപ്രകാരമുള്ള സംഗതികൾ ബന്ധിച്ചു റോമ്മായിലേക്കു അപ്പീലില്ലായിരുന്നു എന്നതിനെ അടിസ്ഥാനപ്പെടുത്തി റോമ്മായിക്കു പരമാധികാരമില്ലായിരുന്നു എന്നു് അനുമിക്കേണ്ടതല്ല. ഇന്നും റോമ്മായിലേക്കു അപ്പീൽ അനുവദിച്ചിട്ടില്ലാത്ത ചില സംഗതികൾ കത്തോലിക്കാ സഭയിലുണ്ടു്. ഇതിൽനിന്നു് കത്തോലിക്കാസഭയിൽ പരമാധികാരമില്ലെന്നൊ മാർപ്പാപ്പായിക്കു് അപ്പീൽ സ്വീകരിക്കുവാൻ അവകാശമില്ലെന്നോ ആരും തെററിധരിക്കാറില്ല. ചില സംഗതികളിൽ താൻ അപ്പീൽ സ്വീകരിക്കയില്ലെന്നു് മാർപ്പാപ്പാ ഇന്നു പ്രസ്പഷ്ടമായി പറയുന്നതു് അന്നു് അസ്പഷ്ടമായി പറഞ്ഞിരുന്നു എന്നു മാത്രമേയുള്ളു.

ഗതാഗതസൌകര്യം ആദിയായ പലകാരണങ്ങൾ ഹേതുവാൽ പരമാധികാരം ഇപ്പോൾ കേന്ദ്രവൽകരിക്കപ്പെട്ടിട്ടുണ്ടു്. അതായതു്, മുൻകാലങ്ങളിൽ അന്യർ ചെയ്തിരുന്ന പലതും ഇന്നു് മാർപ്പാപ്പാ നേരിട്ടു ചെയ്തുവരുന്നു. കേന്ദ്രവൽകരണം നിമിത്തം പരമാധികാരം അതിൻെറ പ്രകൃതിയിൽ മാറുകയാകട്ടെ വർദ്ധിക്കുകയാകട്ടെ ചെയ്യുന്നില്ല. തനിക്കില്ലായിരുന്ന ഏതെങ്കിലുമൊരധികാരം മാർപ്പാപ്പാ ഇപ്പോൾ പ്രാപിച്ചിട്ടുമില്ല. തനിയ്ക്കു കീഴ്പ്പെട്ടു നിന്നവർ നടത്തിയിരുന്ന ചില അധികാരങ്ങൾ മാർപ്പാപ്പാ തന്നെ ഇപ്പോൾ നേരിട്ടു നടത്തുന്നു എന്നല്ലാതെ കേന്ദ്രവൽകരണത്തിൽ വേറെ യാതൊന്നും സംഭവിക്കുന്നില്ല. അന്യരുടെ നിയന്ത്രിക്കപ്പെട്ടേണ്ടതായ അധികാരം പരമാധികാരത്താൽ നിയന്ത്രിക്കപ്പെടുന്നതിനാൽ കേന്ദ്രവൽകരണം നിമിത്തം അവരുടെ അധികാരത്തിൻെറയും പ്രകൃതി മാറുന്നില്ല; ഓരോ രീതിയിൽ നിയന്ത്രിക്കാ

പ്പെടുന്നതേയുള്ളു. എതെല്ലാം രീതിയിലാണു് നിയന്ത്രണം നടത്തേണ്ടതെന്നുള്ളതു് പരമാധികാരിയെ ആശ്രയിച്ചിരിക്കുന്ന ഒന്നാകുന്നു.

പ്രാരംഭശതാബ്ദങ്ങളിൽ ചില സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം കേന്ദ്രവൽകരണം വളരെ പ്രയാസമുള്ള ഒരു കാര്യമായിരുന്നു. വൻകാര്യങ്ങളിൽ പോലും റോമ്മായുമായി ഇടപെടുന്നതിനു് ചില സഭകൾക്കു് അന്നു സാധിച്ചിരുന്നില്ല. ഭൂപ്രകൃതി, ഗതാഗതസൌകര്യക്കുറവു്, രാഷ്ട്രീയസ്ഥിതി ഇത്യാദി സാഹചര്യങ്ങൾ ഹേതുവാൽ ഈ സഭകൾക്കു് തനിച്ചോ മററുപ്രാദേശിക സഭകളെ ആശ്രയിച്ചോ മാത്രമേ പ്രവർത്തിക്കുവാൻ സൌകര്യമുണ്ടായിരുന്നുള്ളു. ഇപ്രകാരമുള്ള സഭകളുടെ കത്തോലിക്കാ ഐക്യം തങ്ങൾ റോമ്മാ മാർപ്പാപ്പായുടെ കീഴാണെന്നുള്ള ബോധത്തിലും ആ ബോധം ചിലപ്പോഴെല്ലാം ബാഹ്യമായി പ്രകടിപ്പിക്കുന്നതിലും മാത്രമേ സ്ഥിതിചെയ്യുവാൻ തരമുള്ളല്ലൊ.

## കത്തോലിക്കാ ഐക്യത്തിൽ നിൽക്കുന്നവരുടെ തെററുകൾ.

റോമ്മായുമായി ഇടപെടുവാൻ സാധിക്കാതെ, റോമ്മാഐക്യത്തിലാണെന്നുള്ള ബോധത്തോടെ വർത്തിക്കുന്ന പ്രസ്തുത സഭകളിൽ ചില തെററുകളെല്ലാം കടന്നുകൂടി എന്നുവരാം. റോമ്മാ ഉപദേശിക്കുന്ന വിശ്വാസം സംബന്ധിച്ചോ, റോമ്മായുടെ പരമാധികാരത്തിന്റെ പ്രകൃതി സംബന്ധിച്ചോ, ആ പരമാധികാരത്താൽ നടത്തപ്പെടുന്ന സംഗതികൾ സംബന്ധിച്ചോ അബദ്ധധാരണകളും തൽഫലമായ പ്രവൃത്തികളും ഇങ്ങനെയുള്ള സഭകളുടെ അംഗങ്ങളിൽ ഉണ്ടാകുക അത്ര പ്രയാസമുള്ള ഒരു കാര്യമല്ല. എന്നാൽ തങ്ങൾ റോമ്മായുടെ കീഴാണു്, റോമ്മായോടു പൂർണ്ണമായി യോജിച്ചു നില്ക്കുന്നു എന്നുള്ള ബോധം അവർക്കുണ്ടെങ്കിൽ അവരുടെ അബദ്ധധാരണകളും പ്രവൃത്തികളും ഉത്തമ വിശ്വാസത്തിലുള്ള തെററുകൾ മാത്രമാകയാൽ അവ അവരുടെ കത്തോലിക്കാ ഐക്യത്തെ നശിപ്പിക്കുവാൻ ചില സാഹചര്യങ്ങളിൽ പര്യാപ്തങ്ങളാകുന്നതല്ല. ഈ സാഹചര്യങ്ങളെപ്പററി കേരളീയസഭയേ സംബന്ധിച്ചുള്ള ഭാഗത്തു പറഞ്ഞുകൊള്ളാം. (1) ഏതെങ്കിലും കാരണത്താൽ റോമ്മാ അവരെ സഭാ

(1) "Let us note at once that in the case of all these Eastern Churches, indeed as a general rule, it is the schism that matters really more than the heresy. It is schism that makes heresy so great an evil. For you may think what you like about theological questions, as long as you do not deny what is a condition of communion with the Catholic Church. It is preferring your own opinion to commun-

ഭേഷ്ടാക്കിയിട്ടില്ലെന്നു സങ്കല്പിക്കുന്ന പക്ഷം അവർ ഈ സാഹചര്യങ്ങളിൽ സഭയുടെ ദൃശ്യാംശത്തിൽ പരിപൂർണ്ണമായി ഉൾപ്പെട്ടു് കത്തോലിക്കാ ഐക്യമുള്ളവരായി (കത്തോലിക്കരായി) പരിഗണിക്കപ്പെടുന്നതാണു്. സത്യമറിയുന്ന ക്ഷണത്തിൽ തങ്ങളുടെ അബദ്ധധാരണകൾ നീക്കുവാൻ അവർക്കു കടമയുണ്ടു് കത്തോലിക്കാ ഐക്യമുള്ളവരാകയാൽ ഇപ്രകാരം പ്രവർത്തിക്കുന്നതിനുള്ള സന്നദ്ധത അവരിൽ ഇല്ലാതിരിക്കുവാൻ പാടുള്ളതല്ലല്ലോ. എന്നാൽ ഏതുക്ഷണത്തിൽ ഈ സന്നദ്ധത അവരിൽ ഇല്ലാതാകുന്നുവോ ആ ക്ഷണത്തിൽ അവരുടെ കത്തോലിക്കാ ഐക്യത്തിനു് ഹാനിതട്ടുകയാണു് ചെയ്യുന്നതു്.

ഉത്തമ വിശ്വാസത്തിൽ മാർപ്പാപ്പായുടെ പരമാധികാരം നിഷേധിക്കുന്ന ക്രിസ്ത്യാനികളുടേതുപോലെയല്ല, കത്തോലിക്കാ ഐക്യമുള്ളവരെന്നു് ഇപ്പോൾ പറഞ്ഞ ആളുകളുടെ സ്ഥിതി. ഉത്തമ വിശ്വാസത്തോടെയാണെങ്കിലും, മാർപ്പാപ്പായുടെ പരമാധികാരം നിഷേധിക്കുന്ന ക്രിസ്ത്യാനികൾ കത്തോലിക്കാ ഐക്യമുള്ളവരായോ, കത്തോലിക്കാ സഭയുടെ ദൃശ്യാംശത്തിൽ മുഴുവനായി ഉൾപ്പെട്ടവരായോ, കത്തോലിക്കരായോ പരിഗണിക്കപ്പെടുന്നില്ല. മുകളിൽ പറഞ്ഞവരാകട്ടെ കത്തോലിക്കാസഭയുടെ ദൃശ്യാംശത്തിൽ പൂർണ്ണമായി ഉൾപ്പെട്ടവരും കത്തോലിക്കരും ആയി പരിഗണിക്കപ്പെടുന്നു. അവർ ചില അബദ്ധങ്ങൾ സ്വീകരിച്ചിട്ടുണ്ടു് എന്നുള്ളതു് വാസ്തവമാണു്; അതാകട്ടെ മനഃപൂർവ്വമായ അധികാരനിഷേധത്തിന്റെ ഫലമല്ലാത്തതിനാൽ കാര്യം മനസ്സിലാകുമ്പോൾ തിരസ്കരിക്കപ്പെടും. റോമ്മാ മാർപ്പാപ്പായ്ക്കു പരിപൂർണ്ണമായി കീഴ്പെട്ട കത്തോലിക്കാ സഭയുടെ ദൃശ്യാംശത്തിൽ നിന്നു് സകല വിധ ആന

---

-ion with the Church of Christ which forms the essential guilt of heresy. Heresy is wrong because it causes schism. The schism which results is the root evil of heresy. If there were no schism it would be not heresy but a harmless theological mistake. And the Schism is what lasts and is deplorable for centuries. No one now gets hot over prosopon and hypostasis; but the Nestorians suffer still from their tragic isolation, their schism from the rest of Christendom. A convert gives up his heresy because it involves schism: he wants not to be in schism, and for that reson he accepts all that is acondition of communion with the Catholic Church." A. Fortescue, The Lesser Eastern Churches, p. 84, note 4.

അബദ്ധസിദ്ധാന്തങ്ങൾ സ്വീകരിച്ചു് റോമ്മാ ഐക്യം കൂടാതെ സ്ഥിതിചെയ്യുന്ന നെസ്തോറിയരെപ്പറ്റി ആഡ്രിയാൻ ഫോർട്ടെസ്ക്യു ചെയ്തിരിക്കുന്ന ഈ പ്രസ്താവന പ്രകൃതത്തോടു വളരെ യോജിച്ചതാണു്.

കൂല്യങ്ങളും അവകാശങ്ങളും അനുഭവിച്ചുവരുന്ന ഉത്തമ കത്തോലിക്കാരിൽപോലും ഇന്നു പല അബദ്ധധാരണകളും കടന്നുകൂടിയിട്ടുണ്ടെന്നുവരാം. ഇതുപോലെമാത്രമേ കത്തോലിക്കാ ഐക്യത്തിൽ മുകളിൽ പറഞ്ഞതരം തെററുകളോടുകൂടി സ്ഥിതിചെയ്യുന്ന ആളുകളെ പരിഗണിക്കുവാൻ പാടുള്ളു. മാർപ്പാപ്പായുടെ പരമാധികാരം നിഷേധിക്കുന്നവരാകട്ടെ — അവർ ഉത്തമ വിശ്വാസത്തിൽ തന്നെ അതുചെയ്താലും — ഈ വിധത്തിൽ കരുതപ്പെടുവാൻ പാടുള്ളവരല്ല. ഇവക്കു കത്തോലിക്കാ ഐക്യമില്ല: മററവക്കു് അതുണ്ടു്; ഇതാണു് രണ്ടുകൂട്ടരും തമ്മിലുള്ള സാരമായ വ്യത്യാസം.

## ചിലദൂഷ്യഫലങ്ങൾ.

കത്തോലിക്കാ സഭയുടെ കേന്ദ്രമായ റോമ്മായോടുള്ള സാമീപ്യക്കുറവുനിമിത്തം കത്തോലിക്കാ ഐക്യത്തിലെങ്കിലും ചില അബദ്ധങ്ങളോടുകൂടി സ്ഥിതിചെയ്യുന്ന സഭകളെപ്പററി റോമ്മായിൽവേണ്ടത്തക്ക അറിവുകൾ ഉണ്ടായിരിക്കുവാൻ ഇടയില്ല. റോമ്മായുടെ ദൃഷ്ടിയിൽ ചിലപ്പോൾ അവ കത്തോലിക്കാ ഐക്യമില്ലാത്ത ശീശ്മ സഭകളോ പാഷണ്ഡസഭകളോ ആയി തോന്നപ്പെട്ടു എന്നു വരാം. ഈ ധാരണയോടെ കത്തോലിക്കാ ഐക്യത്തിലും റോമ്മായോടുള്ള സാമീപ്യത്തിലും വസിക്കുന്ന ആളുകൾ പ്രസ്തുത സഭാംഗങ്ങളെ "റോമ്മായോടു് ഐക്യപ്പെടുത്തുവാനും റോമ്മായിക്കു കീഴ്പെടുത്തുവാനും" ശ്രമിക്കുവാൻ പാടുണ്ടു്. പ്രസ്തുത സഭാംഗങ്ങളുടെ അബദ്ധധാരണകളും പ്രവൃത്തികളും ഇപ്രകാരം ശ്രമിക്കുന്നവരുടെ ദൃഷ്ടിയിൽ വാസ്തവത്തിൽ ശീശ്മപരങ്ങളും പാഷണ്ഡതാപരങ്ങളും ആയി കാണപ്പെടുക വളരെ എളുപ്പമാണു്. അങ്ങനെയുള്ള അവസരങ്ങളിൽ ഉണ്ടാകാവുന്ന തെററിദ്ധാരണകളും കലഹങ്ങളും എത്രയെന്നും എങ്ങനെയുള്ളവയെന്നും വിവരിക്കുക അത്ര എളുപ്പമല്ല. ഇരുകൂട്ടരും ഉത്തമവിശ്വാസത്തോടെ പരസ്പരം ദ്വേഷിക്കുകയും സ്വാഭിപ്രായത്തെ മുറുകെപിടിക്കുകയും ചെയ്യും. ഒടുവിൽ ബലമുള്ളകക്ഷി കുറെയെല്ലാം ജയിച്ചെന്നും മറേറ കക്ഷി നിരാശപ്പെട്ടു കത്തോലിക്കാ ഐക്യംപോലും നഷ്ടപ്പെടുത്തി എന്നും വരാവുന്നതാണു്.

## പ്രതിപാദ്യവിഷയം.

കൂനൻ കുരിശു സത്യത്തിനു മുമ്പു് അധികാരം സംബന്ധമായി കേരളീയ സഭയുടെ യഥാർത്ഥാവസ്ഥ എന്തായിരുന്നു എന്നാണു് നമുക്കു പരി

ശോധിക്കവാനുള്ളതു്. നെസ്തോറിയൻ എന്നറിയപ്പെടുന്ന സെലൂക്കിയാ അഥവാ ബാബേൽ സഭയുടെയും യാക്കോബായ സഭയുടേയും പൂർവ്വചരിത്രവും നിലയും ഏറെക്കുറെ മനസ്സിലാക്കുക ഇതിലേക്കു അത്യന്താപേക്ഷിതമാകുന്നു. ഇതോടുകൂടി അന്ത്യോക്യാ, പേർഷ്യാ, അലക്സന്ത്രിയാ എന്നീ സഭകളെപ്പററിയും ചിലതെല്ലാം പ്രസ്താവിക്കേണ്ടതായിട്ടുണ്ടു്. ഒരുവിധത്തിൽ അല്ലെങ്കിൽ മറെറാരു വിധത്തിൽ കേരളവുമായി ഈ സഭകൾക്കെല്ലാം ബന്ധമുണ്ടായിട്ടുണ്ടെന്നു വിചാരിക്കപ്പെടുന്നതിനാലത്രെ ഇപ്രകാരമൊരു വിവരണം കേരളീയ സഭയിലേക്കു കടക്കുന്നതിനു മുമ്പായി ആവശ്യപ്പെട്ടിരിക്കുന്നതു്.

---

## രണ്ടാം അദ്ധ്യായം.

## സെലൂക്കിയാ അഥവാ ബാബേൽസഭ.

**സെലൂക്കിയാസഭ.**

മെസൊപ്പൊത്താമിയായിലെ സെലൂക്കിയാ, ക്ട്ടിസിഫോൻ (Seleucia Ctiziphon) എന്ന ഇരുനഗരങ്ങളാണു് സെലൂക്കിയാസഭയുടെ കേന്ദ്രസ്ഥാനം. പേർഷ്യാ സാമ്രാജ്യത്തിലേ മെത്രാസനങ്ങളെല്ലാം സെലൂക്കിയാസഭയ്ക്കു് കീഴ്പ്പെട്ടുകാരിമിത്തം ആ സഭയെ പേർഷ്യാസഭ എന്നും ചരിത്രകാരന്മാർ അഭിസംബോധനം ചെയ്യാറുണ്ടു്. എന്നാൽ മെസൊപ്പൊത്താമിയായിക്കു കിഴക്കുള്ള പേർഷ്യാ രാജ്യത്തിലേ സഭ മാത്രമാണു് മുറക്കുള്ള പേർഷ്യാസഭ.

പിന്നീടു ബാബേൽസഭ എന്നറിയപ്പെടുന്നതും സെലൂക്കിയാസഭ തന്നെയാണു് * ആരാധനക്രമങ്ങളിൽ പൌരസ്ത്യസുറിയാനി (കൽദായസുറിയാനി) ഭാഷ ഉപയോഗിക്കുക നിമിത്തം സെലൂക്കിയാസഭയെപ്പററി ചിലപ്പോൾ പൌരസ്ത്യ സുറിയാനി സഭ എന്നും പേരുപറയാറുണ്ടു്.

---

* സെലൂക്കിയാ സഭയുടെ ആസ്ഥാനം എട്ടാം ശതാബ്ദത്തിൽ ബാഗദാദിലേക്കു മാററപ്പെട്ടു. പുരാതന ബാബേലും ബാഗദാദും ഒന്നാണെന്നുള്ള അബദ്ധധാരണയിൽ നിന്നായിരിക്കാം സെലൂക്കിയാസഭ "ബാബേൽസഭ" എന്നു് പിന്നീടു വിളിക്കപ്പെട്ടുതുടങ്ങിയതു്.

സെലൂക്കിയാസഭയുടെ ഉത്ഭവം ശ്ലൈഹികകാലത്തുതന്നേയാണെന്നാത്രെ തദംഗങ്ങളുടെ വിശ്വാസം. പണ്ഡിതന്മാരുടെയിടയിൽ ഇതു സംബന്ധിച്ചു് അഭിപ്രായവ്യത്യാസമില്ലാതില്ല. (1) എന്നാൽ രണ്ടാം ശതാബ്ദത്തിൽ തന്നെ സെലൂക്കിയാസഭ ചരിത്രപ്രസിദ്ധമായി തീൎന്നിട്ടുണ്ടെന്നു് എല്ലാവരും സമ്മതിക്കുന്നു. തോമ്മാശ്ലീഹായുടെ ശിഷ്യനായ അദ്ദായിയുടെ ശിഷ്യൻ മാറി ആണു് തങ്ങളുടെ സഭാസ്ഥാപകനെന്നു് സെലൂക്കിയാ സഭാംഗങ്ങൾ വിശ്വസിക്കുകയും വാദിക്കുകയും ചെയ്തുവരുന്നു. ഈ കാരണത്താൽ സഭാദ്ധ്യക്ഷന്മാരുടെ പട്ടികയിൽ തോമ്മാശ്ലീഹായിക്കാണു് അവർ ഒന്നാം സ്ഥാനം കല്പിച്ചിരിക്കുന്നതു്. (2)

## അന്തിയോക്കിയായുടെ കീഴിൽ.

പുരാതനകാലത്തു സെലൂക്കിയാസഭ അന്തിയോക്കിയായുടെ കീഴിൽ സ്ഥിതിചെയ്തിരുന്നതായി ചരിത്രം ഘോഷിക്കുന്നു. സെലൂക്കിയായിലെ വൈദികാദ്ധ്യക്ഷനെ അന്തിയോക്കിയാ പാത്രിയക്കീസാണത്രെ അഭിഷേചിച്ചിരുന്നതു്. അഭിഷേകം സ്വീകരിക്കുവാൻ അദ്ദേഹം അന്തിയോക്കിയാവരെ യാത്ര ചെയ്യേണ്ടതായും ഉണ്ടായിരുന്നു. അന്തിയോക്കിയായിൽനിന്നു് അഭിഷേകം സ്വീകരിച്ചശേഷം സ്വരാജ്യത്തു ചെന്നു് അദ്ദേഹം കീഴുള്ള വൈദികാദ്ധ്യക്ഷന്മാരെ അഭിഷേചിക്കുകയായിരുന്നു പതിവു്. എന്നാൽ അന്തിയോക്കിയായിലേക്കുള്ള യാത്ര വളരെ അപകടകരവും ക്ലേശകരവും ആയിരുന്നു. തന്നിമിത്തം പൌരസ്ത്യദിക്കിലുള്ളവർ തന്നെ സെലൂക്കിയാ വൈദികശ്രേഷ്ഠനെ (മെത്രാപ്പോലീത്തായെ) അഭിഷേചിച്ചുകൊള്ളുവാൻ അന്തിയോക്കിയാ സമ്മതം നൽകി. 200-ാം മാണ്ടിടക്കോ അതിനുമുമ്പോ ഈ സമ്മതം നൽകപ്പെട്ടതായി ചില ചരിത്രരേഖകളിൽ കാണുന്നുണ്ടു്. സ്വന്തം മെത്രാപ്പോലീത്തായെ അഭിഷേചിക്കുവാൻ അനുമതി ലഭിച്ചെങ്കിലും സെലൂക്കിയാസഭ അന്തിയോക്കിയാ പാത്രിയക്കീസിന്റെ അധികാരത്തിനു വിധേയയായിതന്നെയാണു് സ്ഥിതിചെയ്തിരുന്നതു്. (3) എന്നാൽ ഈ പ്രസ്താവിച്ചവയെല്ലാം തന്നെ ആധുനിക ചരിത്രകാരന്മാൎക്കു രുചിക്കാത്തവയാണു്.

---

(1) A. Fotescue, The Lesser Eastern Churches, pp. 38-40

(2) Assemani, Bibliotheca Orientalis. II Series Catholicorum.

(3) Giamil, Genuinae Relationes, pp. 511-542.

മററു മെത്രാന്മാരേയും മെത്രാപ്പോലീത്താമാരേയും അഭിഷേചിക്കു
വാൻ അധികാരമുണ്ടായിരുന്നതിനാൽ സെലൂക്കിയായിലെ വൈദികശ്രേ
ഷ്ഠൻ "വലിയമെത്രാപ്പോലീത്ത" എന്നും പിന്നീടു് "കതോലിക്കാ" എ
ന്നും ആണു് അറിയപ്പെട്ടിരുന്നതു്. "കാതോലിക്കാ" എന്ന സ്ഥാനം
പാത്രിയക്കീസിൻെറ സ്ഥാനത്തേക്കാൾ താഴ്ന്നതാണു്. (4) 424 നു
ശേഷമേ "കതോലിക്കാ" സംജ്ഞ അദ്ദേഹം സ്വീകരിച്ചുള്ളു എന്നു ചിലർ
പറയുന്നു

സെലൂക്കിയാസഭ അന്തിയോക്കിയാപാത്രിയക്കീസിനു വിധേയമായ
തും തദ്ധ്യക്ഷൻ "കതോലിക്കാ" അഥവാ "പൌരസ്ത്യകതോലിക്കാ" എ
ന്നു് വിളിക്കപ്പെട്ടു തുടങ്ങിയതും എന്നു മുതലാണെന്നു് നിശ്ചയം പറ
ഞ്ഞുകൂടാ. നിക്കിയായിലെ ആറാം കാനോനാ ഈ ബന്ധത്തെ സൂചി
പ്പിക്കുന്നതിനാൽ നിക്കിയ സൂനഹദോസിൻെറ കാലമായ 325-ലും ഈ
ബന്ധം ഉണ്ടായിരുന്നു എന്നു സിദ്ധിക്കുന്നു. നിക്കിയ സൂനഹദോസ് പ്രസ്തു
ത കാനോനായാൽ ഈ ബന്ധത്തെ ദൃഢീകരിക്കയും ചെയ്തു.

അന്തിയോക്കിയായോടു ബന്ധപ്പെട്ടുനിന്ന ഉറഹായി അഥവാ
എദേസ്സാ സഭയോടും സെലൂക്കിയായിക്കു് ഏതോ ബന്ധമുണ്ടായിരുന്ന
തായി ചില സംഭവങ്ങൾ വിളിച്ചറിയിക്കുന്നു. (5)

## പേർഷ്യാസഭയെ കീഴ്പെടുത്തുന്നു.

പേർഷ്യാരാജ്യത്തിലെ സഭയുടെ സ്ഥാപകനും തോമ്മാശ്ലീഹാ
തന്നെയാണെന്നത്രെ തദ്ദേശ്യരുടെ വിശ്വാസം. (6) പണ്ഡിതാഭിപ്രായം
അനുകൂലവും പ്രതികൂലവുമായി കാണപ്പെടുന്നു. പേർഷ്യാസഭയും അ
തിപുരാതനമാണെന്നുള്ളതിൽ സംശയമില്ല. അതും അന്തിയോക്കിയായു
ടെ കീഴിൽ തന്നെ ആയിരുന്നു എന്നതും നിസ്സംശയമാണു്. (7) പേ
ർഷ്യാസഭയുടെ പ്രധാനാദ്ധ്യക്ഷനും "കാതോലിക്കാ" എന്നു വിളിക്ക
പ്പെട്ടിരുന്നു എന്നു പറയുന്നുണ്ടു്. (?) അന്തിയോക്കിയായുമായുള്ള പേർ
ഷ്യായുടെ ബന്ധം എന്നുണ്ടായെന്നും എങ്ങനെയുണ്ടായെന്നും ഖണ്ഡിത
മായി പറയുക അത്ര എളുപ്പമല്ല

പേർഷ്യായെ കീഴ്പ്പെടുത്തണമെന്നായിരുന്നു സെലൂക്കിയായുടെ
ആഗ്രഹം. പേർഷ്യാസാമ്രാജ്യത്തിലെ ക്രൈസ്തവസഭകളുടെ മേലധികാ

---

(4) Ibidem p. 542.
(5) A Fortescue, o.c. pp. 41-42.
(6) Ibidem, p. 38.
(7) J. A. Assemani, De Catholicis... p. LVI.

രം തങ്ങളിൽ സ്ഥിതിചെയ്യേണ്ടതാണെന്നു സെലൂക്കിയായിലെ വൈദികാദ്ധ്യക്ഷന്മാർ വാദിച്ചിരുന്നു. ഈ കാൎയ്യസാദ്ധ്യത്തിനായി പപ്പാ എന്ന സെലൂക്കിയായിലെ അദ്ധ്യക്ഷൻ 315_ൽ സെലൂക്കിയായിൽ ഒരു സുനഹദോസു വിളിച്ചുകൂട്ടി. എന്നാൽ പേർഷ്യാ മെത്രാന്മാർ പപ്പായുടെ ആഗ്രഹത്തിനു വഴിപ്പെടാതെ അദ്ദേഹം പലവിധത്തിലും കുറ്റക്കാരനാണെന്നു സ്ഥാപിക്കുവാൻ ശ്രമിച്ചു. പപ്പായാകട്ടെ "പാശ്ചാത്യ" പിതാക്കന്മാരുടെ പക്കൽ അപ്പീൽ ബോധിപ്പിച്ചു. അന്തിയോക്കിയാ, എദേസ്സാ ആദിയായ സ്ഥലങ്ങളിലെ വൈദികാദ്ധ്യക്ഷന്മാരെയാണു് പൌരസ്ത്യസുറിയാനിക്കാർ പാശ്ചാത്യപിതാക്കന്മാരെന്നു വിളിച്ചിരുന്നതു്. പാശ്ചാത്യപിതാക്കന്മാർ പാപ്പായെ ആദരിക്കുകയും അദ്ദേഹത്തിന്റെ പ്രതിയോഗികളുടെ പരിശ്രമങ്ങളെ തടയുകയും ചെയ്തു. (8)

410_ൽ സെലൂക്കിയായിൽ സമ്മേളിച്ച സുനഹദോസിന്റെ നിശ്ചയപ്രകാരം പേർഷ്യാസഭ സെലൂക്കിയാ സിംഹാസനത്തിനു പൂർണ്ണമായി കീഴ്പ്പെട്ടു. ഈ സുനഹദോസിൽ പ്രധാനമായി പ്രവൎത്തിച്ചതു് മയിപ്രക്കാത്തു് എന്ന സ്ഥലത്തെ മെത്രാനായ മാറൂസാ ആയിരുന്നു. അദ്ദേഹം പാശ്ചാത്യപിതാക്കന്മാരുടെ പ്രതിപുരുഷൻ എന്ന നിലയിലാണു് സുനഹദോസിൽ വൎത്തിച്ചതു്. (9) സെലൂക്കിയാ സഭയുടെ കാനോനികനിലയെ ഉറപ്പിക്കുന്നതിനും, പാശ്ചാത്യപിതാക്കന്മാരുടെയിടയിൽ നടപ്പിലിരുന്ന പല കാനോൻ നിയമങ്ങളും സെലൂക്കിയാ സഭയിൽ നടപ്പാക്കുന്നതിനും മറൂസാ വളരെ പരിശ്രമിച്ചിട്ടുണ്ടു്. (10) "നിക്കിയാകാനോനാകാ" എന്നും "അറബികാനോനാകാ" എന്നും അറിയപ്പെടുന്ന 84 കാനോനാകളെ സെലൂക്കിയാ മെത്രാപ്പോലീത്താ ആയിരുന്ന ഇസഹാക്കിന്റെ ആവശ്യപ്രകാരം മാറൂസാ പൌരസ്ത്യസുറിയാനിയിലേക്കു വിവൎത്തനം

---

(8) A. Fortescue, o. c. pp. 41-42.

(9) Ibidem, p 48.—പേർഷ്യാ സെലൂക്കിയായിക്കു കീഴ്പ്പെട്ടപ്പോഴം മുതലാണു് സെലൂക്കിയാ മെത്രാപ്പോലീത്താ "കാതോലിക്കാ" എന്നു വിളിക്കപ്പെട്ടു തുടങ്ങിയതെന്നു ചിലർ പറയുന്നു. അതിനു വളരെ മുമ്പുതന്നെ ഈ നാമധേയം നടപ്പിലുണ്ടായിരുന്നു എന്നാണു് പലരുടെയും അഭിമതം. അല്ല, 410 മുതൽ "വലിയമെത്രാപ്പോലീത്താ" എന്നും 424_നുശേഷം "കാതോലിക്കാ" എന്നും അദ്ദേഹം വിളിക്കപ്പെട്ടു എന്നാണു് വേറെ ചിലരുടെ അഭിപ്രായം.

(10) Ibidem, p. 135.

ചെയ്തെന്നു് പൌരസ്ത്യസുറിയാനിക്കാർ പരമ്പരയാ വിശ്വസിച്ചുവരുന്നു. (11) ഈ കാനോനാകളിൽ ചിലതു പിന്നീടു് ഉദ്ധരിക്കേണ്ടതായിവരും.

ഈ സൂനഹദോസിന്റെ നിശ്ചയപ്രകാരം, സെലൂക്കിയാ മെത്രാപ്പോലീത്തായിക്കു് മററു മെത്രാപ്പോലീത്താമാരെ അഭിഷേചിക്കുവാനും അവരിൽനിന്നു് അപ്പീൽ സ്വീകരിക്കുവാനും മററുമുള്ള അധികാരങ്ങൾ ലഭിച്ചുവെന്നു് എല്ലാവരും സമ്മതിക്കുന്നു.

മേൽ പറഞ്ഞപ്രകാരം പേർഷ്യാസഭ സെലൂക്കിയായിക്കു കീഴ്പ്പെട്ടെങ്കിലും എട്ടാംശതാബ്ദംവരെ മിക്കവാറും പേർഷ്യാ സെലൂക്കിയായുമായി മത്സരത്തിലത്രെ കഴിച്ചുകൂട്ടിയിരുന്നതു്. (12) എന്നാൽ എട്ടാം ശതാബ്ദത്തിൽ സ്വന്തമായി മെത്രാന്മാരെ വാഴിക്കുവാനുള്ള അധികാരവും മെത്രാപ്പോലിത്താസ്ഥാനവും ലഭിച്ചതോടെ പേർഷ്യാ സെലൂക്കിയായിക്കു പൂർണ്ണമായി കീഴ്പ്പെട്ടുകയും. (13) ആ നിലയിൽ റൈമൂർ ലെയിനിന്റെ കാലംവരെ കഴിച്ചുകൂട്ടുകയും ചെയ്തു. റൈമൂർ ലെയിനിന്റെ കാലത്തു് പേർഷ്യാസഭ നാമാവശേഷമായിത്തീർന്നു പേർഷ്യായും സെലൂക്കിയായും തമ്മിലുള്ള ബന്ധത്തെപ്പററി ഇൻഡ്യാസഭയെപ്പററി പ്രതിപാദിക്കുമ്പോൾ കൂടുതൽ പ്രസ്താവിക്കേണ്ടതായിവരും.

## അന്തിയോക്കിയാ ബന്ധം ത്യജിക്കുന്നു.

സെലൂക്കിയായിലെ ദാദീശോ 424-ൽ മർക്കബ്ത്താ എന്ന സ്ഥലത്തുവച്ചു നടത്തിയ സൂനഹദോസിൽ സെലൂക്കിയാ അന്തിയോക്കിയാബന്ധം തിരസ്കരിച്ചു് സ്വാദ്ധ്യക്ഷനു് "പാത്രിയക്കീസു്" എന്ന സ്ഥാനസംജ്ഞപ്രദാനം ചെയ്തു. (?) അന്നുമുതൽ (?) സെലൂക്കിയാ മെത്രാപ്പോലീത്താമാർ "കാതോലിക്കാ പാത്രിയക്കീസുമാർ" എന്നാണു് അറിയപ്പെട്ടുന്നതു്. "കാതോലിക്കാ" സംജ്ഞയല്ലാതെ "പാത്രിയക്കീസു്" സംജ്ഞ അന്നു സ്വീകരിക്കപ്പെട്ടില്ലെന്നു പറയുന്നവരുമുണ്ടു്. ഈ കൂട്ടരുടെ അഭിപ്രായപ്രകാരം നെസ്തോറിയമതത്തിൽ നിപതിച്ചതോടെയാണു് സെലൂക്കിയാ "പാത്രിയക്കീസു" സംജ്ഞ സ്വീകരിച്ചതു്.

പൌരസ്ത്യർ തങ്ങളുടെ പാത്രിയക്കീസിനു (?) വിരോധമായി പാശ്ചാത്യപാത്രിയക്കീസുമാരുടെ പക്കൽ സങ്കടം ബോധിപ്പിക്കേണ്ടതല്ല;

---

(11) Khayyath, Syri Orientales...p. 48.

(12) Mingana, Early Spread of Christianity in India, p. 33 (Reprint).

(13) Assemani, Bibliotheca Orientalis II. p. 433.

അദ്ദേഹത്താൽ തീരുമാനിക്കപ്പെടുവാൻ പാടില്ലാത്ത സംഗതികൾ മ്ശിഹായുടെ ന്യായാസനത്തെ പാർത്തിരുന്നുകൊള്ളട്ടെ" (14) എന്നായിരുന്ന മർക്കബ്ത്തായിലെ പ്രസ്തുത സൂനഹദോസിന്റെ വിധി.

സെലൂക്കിയായിലെ കാതോലിക്കാ ഒരു പാത്രിയക്കീസാണ് (?) പത്രോസാണ്, പത്രോസിന്റെ പിൻഗാമിയാണ് എന്നെല്ലാം മർക്കബ്ത്താ സൂനഹദോസ് പ്രസ്താവിച്ചിട്ടുണ്ട്. (15) ഇതിനെതുടർന്ന് ദാദീശോയുടെ പിൻഗാമികൾ നടത്തിയ സൂനഹദോസുകളും സെലൂക്കിയാസഭയുടെ ചില ഔദ്യോഗിക രേഖകളും സെലൂക്കിയായിലെ വൈദികാദ്ധ്യക്ഷന് പ്രസ്തുത സ്ഥാനമാനങ്ങൾ കല്പിച്ചിട്ടുണ്ട്. (16) വൈദികരുടെ തലവന്മാരുടെ തലവൻ, പിതാക്കന്മാരുടെ പിതാവ് എന്നെല്ലാമുള്ള സ്ഥാനസംജ്ഞകൾ സെലൂക്കിയായിലെ വൈദികാദ്ധ്യക്ഷന് ഇപ്രകാരം ലഭിക്കുവാനിടയായി.

## റോമ്മായുടെ പരമാധികാരം നിഷേധിച്ചോ?

അന്തിയോക്കിയാ റോമ്മായിക്കു കീഴ്പ്പെട്ടിരുന്നതിനാൽ, സെലൂക്കിയാ അന്തിയോക്കിയാ ബന്ധം ത്യജിച്ചതോടെ റോമ്മായുടെ അധികാരവും അതിനാലെ തന്നെ നിഷേധിച്ചതായി കരുതണമെന്നും തദ്വാരാ സെലൂക്കിയാ ശീശ്മയിൽ അധഃപതിച്ചെന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ട്. (17)

എന്നാൽ മർക്കബ്ത്താ സൂനഹദോസിന്റെ ഫലമായി സെലൂക്കിയാ റോമ്മായുടെ പരമാധികാരം നിഷേധിച്ചിരിക്കണമെന്നില്ല. എന്തുകൊണ്ടെന്നാൽ അധികാരകേന്ദ്രവൽകരണം കുറവായിരുന്ന പുരാതന കാലങ്ങളിൽ പ്രാദേശിക സഭകൾ തമ്മിലുള്ള ബന്ധം അത്രദൃഢമല്ലായിരുന്നു. റോമ്മായോടുള്ള ബന്ധം നഷ്ടപ്പെടാതെ പ്രാദേശിക സഭകൾ തമ്മിൽ ഭിന്നിച്ചിരുന്നതായി നാം കാണുന്നുണ്ട്. നിക്കിയാ സൂനഹദോസുവരെ പ്രാദേശിക സഭകൾ തമ്മിലുള്ള ബന്ധം പാരമ്പര്യത്തെയും നടപ്പിനേയും ആണ് ആശ്രയിച്ചിരുന്നതു്. ആ കാലത്തു് ഒരു പ്രാദേശിക

---

(14) Chabot, Synodicon Orientale, 51, 296

(15) Codex de Propaganda Fide (syr.)27, p. 279, cited by C. B. Benni in his The Tradition of the Syriac Church of Antioch... p. 56.

(16) C. B. Benni, o,c' pp.96, 118, 119...

(17) A. Fortescue, o, c. p. 51, note, 1.

സഭ മറെറാരു പ്രാദേശിക സഭയുടെ അധികാരത്തെ വലിയ കാരണമൊന്നും കൂടാതെ തന്നെ ത്യജിക്കുക ഒരു പതിവായിരുന്നു. രാഷ്ട്രീയവിഭാഗങ്ങൾക്കനുരൂപമായി നിക്കിയായിൽ സഭാതിർത്തികൾ ക്ലിപ്തമാക്കപ്പെട്ടു. 381-ലെ കുസ്തന്തിനോപ്പോളീസിലെ സൂനഹദോസിന്റെ രണ്ടാം കാനോനാപ്രകാരം മെത്രാന്മാർ അവരുടെ രൂപതാതിർത്തിവിട്ടു് അധികാരം ചെലുത്തേണ്ടതല്ലെന്നും, കിഴക്കുള്ള മെത്രാന്മാർ അന്തിയോക്കിയായിക്കു കീഴ്പ്പെട്ടിരിക്കേണ്ടതാണെന്നും തീരുമാനിക്കപ്പെട്ടു. എന്നാൽ ഈദൃശ നിബന്ധനകൾ ലംഘിക്കുക അന്നു് റോമ്മാ ഐക്യത്തെ നഷ്ടപ്പെടുത്തുവാൻ പര്യാപ്തമായ ഒന്നായി എപ്പോഴും കരുതപ്പെട്ടിരുന്നില്ല.

374-ൽ പുതുതായി രൂപവൽകൃതയായ അർമ്മേനിയൻസഭ കേസറിയാസഭയുമായി അതിനുണ്ടായിരുന്ന കാനോനിക ബന്ധം ത്യജിച്ചു് സ്വന്തം കാതോലിക്കായുടെ കീഴിൽ ഒരുവക സ്വയംഭരണം സ്വീകരിച്ചു. റോമ്മായുടെ പരമാധികാരം ത്യജിക്കാഞ്ഞതിനാൽ അർമ്മേനിയാ സഭ അന്നു് ശീശ്മയിൽ വീഴുകയുണ്ടായില്ലെന്നു് എല്ലാവരും സമ്മതിക്കുന്നു. (18) അപ്രകാരംതന്നെ കുസ്തന്തിനോപ്പോളീസുസഭയുടെ പരിശ്രമങ്ങൾ ചരിത്രപ്രസിദ്ധമാണു്. നിക്കിയായിലേയും കുസ്തന്തിനോപ്പോളീസിലേയും സൂനഹദോസുകളുടെ നിയമങ്ങളെ അവഗണിച്ചുകൊണ്ടു് സ്വന്തം മെത്രാപ്പോലീത്താ ആയിരുന്ന ത്രാക്കിയാ (Thrace)യിലെ വൈദികശ്രേഷ്ഠന്റെ അധികാരത്തിൽ നിന്നു് വിമുക്തയായി പൌരസ്ത്യദിക്കിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കുവാൻ കുസ്തന്തിനോപ്പോളീസിലെ സഭ നടത്തിയ പരിശ്രമങ്ങൾ ആരാണു് അറിഞ്ഞിട്ടില്ലാത്തതു്? (19) എങ്കിലും റോമ്മായുടെ അധികാരം നിഷേധിക്കാതിരുന്നിടത്തോളം കാലം കുസ്തന്തിനോപ്പോളീസു് ശീശ്മയിൽ അധഃപതിച്ചെന്നു് ആരും പറയുന്നില്ല. സൈപ്രസിലെ സഭയുടെ ചരിത്രവും പ്രകൃതത്തിനു പററിയതാണു്. എഫേസൂസു് സൂനഹദോസിന്റെ കാലത്തു് സൈപ്രസിലെ സഭ അന്തിയോക്യാ പാത്രിയർക്കീസിന്റെ അധികാരം ത്യജിച്ചു വർത്തിച്ചിരുന്നു. സൂനഹദോസിൽ ഇരുകക്ഷികളുടേയും വാദങ്ങൾ വിചാരണകേൾക്കപ്പെട്ടു റോമ്മായുടെ അംഗീകരണത്തോടെയാണു് അന്തിയോക്യാപാത്രിയർക്കീസ് സൈപ്രസു സഭയിൽ അധികാരം നടത്തിയിരുന്നതെന്നു് അന്തിയോക്കിയാഭാഗത്തുനി

(18) D. Attwater, The Catholic Eastern Churches, pp. 203-204.
(19) അന്ത്യോക്യാ പാത്രിയർക്കീസു്, pp. 84, 85, 86, 87, 121—127 (രണ്ടാം പതിപ്പു്).

ന്നു വാദം നടന്നു. (20) എന്നാൽ അന്നോ പിന്നീടോ സൈപ്രസ്സ്സഭയുടെ പ്രവൃത്തി റോമ്മാ അധികാരത്തെ നിഷേധിക്കുന്ന ഒന്നായി ആരാലും പരിഗണിക്കപ്പെട്ടില്ല. ഈ സ്ഥിതിക്കു് സെലൂക്കിയാസഭ അന്തിയോക്കിയാബന്ധം ത്യജിച്ചതു് റോമ്മായുടെ പരമാധികാരം നിഷേധിക്കുകയായിരുന്നു എന്നു പറയുക വിസ്മയകരംതന്നെ.

സെലൂക്കിയാസഭ സ്വന്തം കാതോലിക്കായെ പത്രോസ്സ് എന്നു വിളിച്ചതിൽ റോമ്മായുടെ അധികാരം തിരസ്കരിക്കപ്പെട്ട എന്നു വിചാരിക്കാവുന്നതല്ല. എന്തുകൊണ്ടെന്നാൽ: സാർവത്രിക സഭയിൽ പത്രോസ് എപ്രകാരമോ അപ്രകാരമാണു് സെലൂക്കിയാ സഭയിൽ തങ്ങളുടെ പാത്രിയക്കീസ് എന്നുള്ള അർത്ഥത്തിൽ സെലൂക്കിയ സഭാംഗങ്ങൾക്കു് തങ്ങളുടെ അദ്ധ്യക്ഷനെ പത്രോസ് എന്നു് വിളിക്കുവാൻ പാടുണ്ടായിരുന്നു. മർക്കബ്ത്താ സൂനഹദോസിന്റെ പ്രവൃത്തിയിൽ അഭിമാനിക്കുന്നവരും ആ സൂനഹദോസിൽ അദ്ധ്യക്ഷനായിരുന്ന ദാദീശോയുടെ പിൻഗാമികളും ആയ സെലൂക്കിയാ പാത്രിയക്കീസുമാർ റോമ്മാ പാത്രിയക്കീസിനു സാർവ്വത്രിക സഭയിൽ പത്രോസിന്റെ സ്ഥാനംതന്നെയുണ്ടെന്നു സമ്മതിച്ചു പറയുന്നവരാണു്. അവർ തന്നെ മർക്കബ്ത്താ സൂനഹദോസിന്റെ തീരുമാനങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ടു്. (21) ഇതിൽ നിന്നു് മർക്കബ്ത്താ സൂനഹദോസും സെലൂക്കിയാ സഭയും റോമ്മായുടെ പരമാധികാരം നിഷേധിച്ചില്ലെന്നാണല്ലോ അനുമാനിക്കേണ്ടതു്.

ഇങ്ങനെയെങ്കിൽ തങ്ങളുടെ പാത്രിയക്കീസിനെ ദൈവം മാത്രം വിധിച്ചാൽ മതിയെന്നു് അവർ തീരുമാനിക്കുവാനുണ്ടായ കാരണമെന്തായിരിക്കാം. അവരുടെ ദൃഷ്ടിയിൽ ആ തീരുമാനം വെറും കാനോനികം മാത്രമായിരിക്കുവാൻ പാടുണ്ടു്. (mere disciplinary) ഇന്നും കത്തോലിക്കാസഭയിൽ ചില സംഗതികളിൽ മെത്രാന്മാരുടെ പ്രവൃത്തികൾ സംബന്ധിച്ചു് മാപ്പാപ്പായുടെ പക്കൽ അപ്പീൽ അനുവദിച്ചിട്ടില്ല. ഇതിൽ നിന്നു് മെത്രാന്മാർ ആ സംഗതികളിലെങ്കിലും മാപ്പാപ്പായോടു സമന്മാരാണെന്നു് ആരും വാദിക്കാറില്ല. ഇതൊരു വെറും കാനോനിക നിയമം മാത്രമാണു്. ഇപ്പോൾ അപ്പീലില്ലാത്ത സംഗതികളിൽ അപ്പീലുണ്ടാകാമെന്നു് ഇനി തീരുമാനിക്കുവാൻ പാടുള്ളതാണു്. മർക്കബ്ത്താ സൂനഹ

---

(20) The Catholic Encyclopedia, Cypurs; അന്ത്യോക്യാപാത്രിയക്കീസ്; p. 107.

Scott, The Eastern Churches and the Papacy, pp. 170, 171.

(21) ഇതിലേക്കുള്ള രേഖകൾ പിന്നീടു് ഹാജരാക്കുന്നതാണു്.

ദോസിന്റെ തീരുമാനത്തിനു് ഇതിൽ കൂടുതലായ ഒരർത്ഥം കല്പിക്കുവാൻ പാടുണ്ടെന്നു തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ റോമ്മാ മാപ്പാപ്പായുടെ പക്കലേക്കു് വെറും കാനോനിക സംഗതികളിൽ അപ്പീൽ ബോധിപ്പിക്കുന്ന സമ്പ്രദായം അന്നു സെലൂക്കിയാ സഭയിൽ ഇല്ലായിരുന്നു. ഗതാഗതസൌകര്യക്കുറവു നിമിത്തം റോമ്മായിൽ സംഗതികൾ അറിയിക്കുക സാദ്ധ്യമല്ലായിരുന്നു തന്നെ. തന്നിമിത്തം പാശ്ചാത്യരെന്നു് പറഞ്ഞിരുന്ന എദേസ്സാ, അന്തിയോക്കിയാ മുതലായ സഭകളുടെ അദ്ധ്യക്ഷന്മാരാണു് സെലൂക്കിയായിൽ നിന്നുള്ള അപ്പീലുകൾ കേട്ടിരുന്നതു്. ആ നടപ്പു വേണ്ടെന്നു തീരുമാനിക്കുവാൻ പററിയ ഒരു പ്രയോഗമാണു് 'ദൈവം മാത്രം മേലിൽ അപ്പീൽകേട്ടാൽ മതി' എന്നുള്ളതു്. ഇതിൽ അന്തിയോക്കിയായിലേക്കു പോയിരുന്ന അപ്പീലുകൾ തടയപ്പെടുന്നു എന്നു മാത്രമേ അന്തർഭവിച്ചിട്ടുള്ളു. അന്തിയോക്കിയായിക്കപ്പുറം വെറും കാനോനികമായ അപ്പീൽ വിടുന്ന നടപ്പു് അന്നില്ലായിരുന്നു. ആകയാൽ അങ്ങനെയുള്ള അപ്പീൽ നിഷേധിക്കപ്പെട്ടെന്നോ അതു് സ്വീകരിക്കുവാനുള്ള അവകാശം മാപ്പാപ്പായിക്കില്ലെന്നോ മാർക്കബ്'ത്താ സൂനഹദോസ് തീരുമാനം ചെയ്തെന്നു പറയുന്നതിൽ യുക്തിഭംഗമുണ്ടു്. കൂടാതെയും, ഇങ്ങനെയൊരു തീരുമാനം ആ സൂന്നഹദോസു ചെയ്തെങ്കിൽ, ദാദീശോയുടെ പിൻഗാമികളും അതിസമർത്ഥന്മാരും സെലൂക്കിയാ സഭയുടെ പ്രത്യേകതകളിൽ അഭിമാനമുള്ളവരും ആയ പാത്രിയക്കീസുമാർ റോമ്മാ മാപ്പാപ്പായിക്കു പരമാധികാരമുണ്ടെന്നു് ഒരിക്കലും അനുസരിച്ചു് പറയുകയില്ലായിരുന്നു. ആകയാൽ മർക്കബ്'ത്തായിലെ തീരുമാനം അന്നത്തെ സാഹചര്യങ്ങൾക്കനുരൂപമായ ഒരു വെറും കാനോനിക തീരുമാനം മാത്രമായിരുന്നു. അതു് റോമ്മായുടെ പരമാധികാരത്തെ നിഷേധിക്കുന്ന ഒന്നല്ലതന്നെ.

'വൈദികരുടെ തലവന്മാരുടെ തലവൻ' എന്നും മററുമുള്ള നാമധേയങ്ങൾ സെലൂക്കിയാപാത്രിയക്കീസിനു് കല്പിക്കുന്നതിൽ റോമ്മായുടെ പരമാധികാരം നിഷേധിക്കപ്പെടണമെന്നില്ല. എന്തുകൊണ്ടെന്നാൽ, 'കിഴക്കിന്റെ' പാത്രിയക്കീസ് എന്ന നിലയെ അദ്ദേഹത്തിനുള്ളു. കത്തോലിക്കനായ മെൽക്കായപാത്രിയക്കീസ് അന്തിയോക്കിയാ മുതലായ സ്ഥലങ്ങളിലെ പാത്രിയക്കീസു, പിതാക്കന്മാരുടെ പിതാവു് ഇടയന്മാരുടെ ഇടയൻ, മേല്പട്ടക്കാരുടെ മേല്പട്ടക്കാരൻ എന്നെല്ലാം ഇന്നും നാമകരണം ചെയ്യപ്പെടുന്നുണ്ടു്. (20) ഇപ്രകാരമുള്ള നാമധേയങ്ങൾ

---

(20) D. Attwater - o, c. p. 110, note 32.

സാർവ്വത്രികസഭയെ ഉദ്ദേശിച്ചാണെങ്കിൽ മാത്രമേ റോമ്മായുടെ പരമാധികാരം നിഷേധിക്കപ്പെടുകയുള്ളു.

പാശ്ചാത്യപിതാക്കന്മാരുടെ സമ്മതത്തോടുകൂടി മാത്രമേ തങ്ങൾ മർക്കാബ്ത്തായിൽ പ്രവർത്തിച്ചിട്ടുള്ളു എന്നാണ് സെലൂക്കിയാസഭാംഗങ്ങൾ ഇന്നും പറഞ്ഞുവരാറുള്ളത്. ഇതിനാധാരമായി പാശ്ചാത്യപിതാക്കന്മാരുടെ എന്നു പറയുന്ന രണ്ടു ലേഖനങ്ങൾ അവർ ഹാജരാക്കാറുണ്ട്. ഒരു ലേഖനം ബേസ്ലാപ്പിലെ മെത്രാനായ അഗാപ്പിത്തുസ് മുഖേന സെലൂക്കിയാസഭാംഗങ്ങൾക്കയയ്ക്കപ്പെട്ടതാണെന്നു പറയപ്പെടുന്നു. (22) മറേറതു് നേരിട്ട് പാപ്പായിക്കു ലഭിച്ചതെന്നുമാണ് വിശ്വാസം. (23) രണ്ടും പാശ്ചാത്യപിതാക്കന്മാരാൽ എഴുതപ്പെട്ടതാണത്രെ. സെലൂക്കിയായിലെ വൈദികാദ്ധ്യക്ഷന് ഈ രണ്ടു ലേഖനങ്ങളാലും പാത്രിയർക്കീസ് എന്ന സ്ഥാനം നൽകപ്പെടുകയാണ് ചെയ്യുന്നത്. എന്നാൽ ഈ ലേഖനങ്ങളുടെ വിശ്വാസ്യതയെപ്പററി സംശയിക്കേണ്ടിയിരിക്കുന്നു. എന്നുവരികിലും ഇവ വളരെ പുരാതനങ്ങളാണ്. 780-ാമാണ്ടിടക്ക് ഭരണം നടത്തിയിരുന്ന സെലൂക്കായിലെ തീമാസേയൂസ് പാത്രിയർക്കീസ് രണ്ടു ലേഖനങ്ങളേയും പററി പ്രസ്താവിക്കുന്നുണ്ട്.

ഏതായാലും സെലൂക്കിയായിക്ക് സ്വന്തം വൈദികശ്രേഷ്ഠനെ അഭിഷേചിക്കുവാനുള്ള അധികാരം അന്തിയോക്കിയായിൽ നിന്നു ലഭിച്ചതിനെ (?)സൂചിപ്പിക്കുന്നവയാകാം ഈ ലേഖനങ്ങൾ രണ്ടും. സെലൂക്കിയാവൈദികശ്രേഷ്ഠൻ പാത്രിയർക്കീസ് എന്നുള്ള നാമമൊഴിച്ച് മറെറല്ലാത്തിലും അന്തിയോക്കിയാപാത്രിയർക്കീസിനോട് ഈ വിധത്തിൽ സമനായിതീന്നു. (23) ഇതായിരിക്കാം അദ്ദേഹത്തെ 'പാത്രിയർക്കീസാ' കുവാനും (?)

---

(21) J. A. Assemani- o. c. p. XVI.

(22) Ibidem p. XVII.—രണ്ടു ലേഖനങ്ങളും ഈ കൃതിയിൽ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. pp. xv-xvi; xvii-xviii.

(23) നിക്കിയാ കാനോനാകൾ അഥവാ അറബികാനോനകൾ ഈ അധികാരത്തെപ്പററി പ്രസ്താവിക്കുന്നുണ്ട്. അവ കുറേകഴിഞ്ഞശേഷമാണ് നിർമ്മിക്കപ്പെട്ടതെങ്കിലും പൗരസ്ത്യർ തങ്ങളുടെ മെത്രാപ്പോലീത്തായെ വാഴിച്ചുകൊള്ളട്ടെ എന്നും അദ്ദേഹം വലിയ മെത്രാപ്പോലീത്താ (കാതോലിക്കാ) എന്നു വിളിക്കപ്പെടണമെന്നും അവയിലെ രണ്ടാം കാനോനാ പറയുന്നു. ഇതു പിടിച്ചുകൊണ്ട് തങ്ങളുടെ കാതോലിക്കാ അഥവാ പാത്രിയർക്കീസ് നിക്കിയാ സൂനഹദോസിൽ ഏർപ്പെടുത്തപ്പെട്ടു എന്ന് സെലൂക്കിയാ സഭാംഗങ്ങളിൽ ചിലർ വാദിക്കുന്നുണ്ട്. എന്നാൽ ഈ കാനോനാകൾ യഥാർത്ഥത്തിൽ നിക്കിയാ സൂനഹദോസിന്റേ അല്ല. ഏതായാലും തങ്ങളുടെ സഭയ്ക്കു ഒരു സ്വതന്ത്ര നിലയില്ലായിരുന്നു എന്നുള്ള ബോധമാണ് ഇവയിലെല്ലാം സെലൂക്കിയർ വെളിപ്പെടുത്തുന്നത്.

മററം മർക്കബെ്ത്താ സൂനഹദോസിനെ പ്രേരിപ്പിച്ചതു്. സൂനഹദോസിന്റെ പ്രവൃത്തിയെ ആദരിക്കുവാനായി ഏറെ താമസിക്കുന്നതിനു മുമ്പേ ആരോ ഈ ലേഖനങ്ങൾ നിർമ്മിച്ചു് പാശ്ചാത്യർ "പാത്രിയക്കീസു്" സ്ഥാനം സെലൂക്കിയായിക്കു് അനുവദിച്ചു എന്നു വരുത്തിയതായിരിക്കാം സെലൂക്കിയാ സഭ ഒട്ടുക്കു് അതു വിശ്വസിക്കുകയും ചെയ്തു ഇതിൽ നിന്നു് മർക്കബെ്ത്തായിലെ സംഭവം അന്തിയോക്കിയായോടോ മററു സഭകളോടോ മറുത്തുള്ള ശീശ്മ പരമായ ഒന്നായി സെലൂക്കിയാ സഭയിൽ പൊതുവേ കരുതപ്പെട്ടിരുന്നില്ലെന്നു സിദ്ധിക്കുന്നുണ്ടു്. സെലൂക്കിയാ നെസ്തോറിയത്വത്തിൽ നിപതിച്ച ശേഷമാണു് "പാത്രിയക്കീസു്" സംജ്ഞ നടപ്പായതെങ്കിൽ, അതിനെ ആദരിക്കുവാൻ ഈ ലേഖനങ്ങൾ നിർമ്മിക്കപ്പെട്ടു എന്നും വിചാരിക്കാവുന്നതാണു്.

കൂടാതെയും, പിൻകാലങ്ങളിൽ ഈ ലേഖനങ്ങൾ സംബന്ധിച്ചു് സെലൂക്കിയർ വിശ്വസിച്ചിരുന്നതു്, അവയിൽ പറയുന്ന അധികാരം റോമ്മായിൽ നിന്നു് തങ്ങൾക്കു ലഭിച്ചു എന്നാണു്. അന്തിയോക്കിയാ റോമ്മാസാമ്രാജ്യത്തിൽ പെട്ടിരുന്നതിനാൽ ആയിരിക്കാം(?) ആരംഭത്തിൽ അവർ ഇങ്ങനെ കരുതിയതു് പക്ഷേ പിന്നീടു് റോമ്മാ എന്നതു് റോമ്മാ മാർപ്പാപ്പാതന്നെയാണെന്നു് അവരിൽ പലരും ധരിച്ചിരുന്നു. (24) ഇതുതന്നെ അന്നു സെലൂക്കിയായിക്കു റോമ്മാ ഐക്യം ഉപേക്ഷിക്കുവാൻ ഉദ്ദേശ്യമില്ലായിരുന്നു എന്നു വിളിച്ചറിക്കുന്നില്ലയോ?

സെലൂക്കിയാ അന്തിയോക്കിയായിൽ നിന്നു ഭിന്നിച്ചു നില്ക്കുമ്പോഴാണു് റോമ്മാ സാമ്രാജ്യത്തിന്റെ പൌരസ്ത്യഭാഗത്തു നെസ്തോറിയൻ പാഷാണ്ഡത പ്രബലപ്പെട്ടതും ശപിക്കപ്പെട്ടതും.

---

# മൂന്നാം അദ്ധ്യായം

## നെസ്തോറിയൻ പാഷണ്ഡത.

---

നെസ്തോറിയൻ പാഷണ്ഡത എന്തു?

എത്രയും പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമാളായ പുത്രൻതമ്പുരാന്റെ മനുഷ്യാവതാരം സംബന്ധിച്ചുണ്ടായ വാദപ്രതിവാദങ്ങളാണു് നെസ്തോറിയൻ പാഷണ്ഡതക്കു കാരണമായി ഭവിച്ചതു്.

---

(24) ഇതു സംബന്ധമായുള്ള രേഖകൾ പിന്നീടു ഹാജരാക്കുന്നതാണു്.

ദൈവത്വവും മനുഷ്യത്വവും അഥവാ ദൈവ "സ്വഭാവ" വും മനുഷ്യ "സ്വഭാവ" വും ഉള്ള ഏക ദൈവപുരുഷനാണ് മ്ശിഹാ എന്നു് കത്തോലിക്കാസഭ പഠിപ്പിക്കുന്നു. ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ തന്നേയാണ് ഈ ദൈവപുരുഷൻ. നിത്യത്വം മുതൽ ദൈവത്വത്തിൽ സ്ഥിതിചെയ്യുന്ന ഈ ദൈവപുരുഷൻ അഥവാ "ആൾ" സമയപൂർണ്ണതയിൽ മനുഷ്യത്വം സ്വീകരിച്ചു്, അതു തന്റെ സ്വന്തമാക്കി, അതു മുഖേന പ. ക. മറിയത്തിൽ നിന്നു ഭൂജാതനായി. ഏതു "ആൾ" ദൈവത്വം മുഖേന പിതാവായ ദൈവത്തിൽ നിന്നു ജനിക്കുന്നുവോ ആ "ആൾ" തന്നെ മനുഷ്യത്വം മുഖേന മറിയത്തിൽ നിന്നു ജനിച്ചു. തന്നിമിത്തം മറിയം പ്രസവിച്ചതു് ദൈവത്തെയാണ്; അവൾ യഥാർത്ഥത്തിൽ "ദൈവമാതാവു്" ആകുന്നു; അങ്ങനെ യഥാർത്ഥത്തിൽ വിളിക്കപ്പെടുകയും വേണം. എന്നാൽ ദൈവത്തിനു ദൈവത്വം കൊടുത്തു കൊണ്ടല്ല, മനുഷ്യത്വം കൊടുത്തുകൊണ്ടാണു് മറിയം ദൈവമാതാവായതു്. ആകയാൽ ഈശോമശിഹാ രണ്ടാളല്ല, ഒരാൾ മാത്രമാണു്. "ദൈവ ആൾ" ആകുന്നു ആ ആൾ. "സ്വഭാവ" മാകട്ടെ അദ്ദേഹത്തിൽ രണ്ടുണ്ടു്. അവ മനുഷ്യസ്വഭാവവും (മനുഷ്യത്വം) ദൈവസ്വഭാവവും (ദൈവത്വം) ആകുന്നു.

"ആൾ" "സ്വഭാവം" എന്നു രണ്ടു പദങ്ങൾ ഇവിടെ പ്രയോഗിച്ചിട്ടുണ്ടല്ലോ. 'മനുഷ്യൻ' എന്നു കേൾക്കുമ്പോൾ നാം എന്തോ ഒന്നു ധരിക്കുന്നുണ്ടു്. ചാക്കോയേയോ മാത്തനേയോ മററു് ആരേയോ അല്ല അപ്പോൾ നാം മനസ്സിലാക്കുന്നതു്. എന്നാൽ നാം മനസ്സിലാക്കുന്നതെന്തോ അതു് ചാക്കോയിലും മാത്തനിലും മററു മനുഷ്യരിലും കാണപ്പെടുന്നുണ്ടു്. അതാണു് അവരെ ആന, കുതിര മുതലായ ഇതര ജീവികളിലും വസ്തുക്കളിലും നിന്നു വ്യത്യാസപ്പെടുത്തുന്നതു്. ചാക്കോ, മാത്തൻ മുതലായവരെ മനുഷ്യരാക്കുന്നതും അതുതന്നെ. ഇങ്ങനെ നാം മനസ്സിലാക്കുന്നതെന്തോ അതാണു് "സ്വഭാവം".

പ്രസ്തുത "സ്വഭാവം" വേറൊന്നിനോടു ചേരാതെയും അതിന്റെ അംശമോ, ഭാഗമോ ആകാതെയും സ്വീയമായ നിലയെ അവലംബിച്ചു് വ്യക്തമായി നിലകൊള്ളുന്നതത്രെ ചാക്കൊ, മാത്തൻ മുതലായവ്യക്തികൾ. വിശേഷബുദ്ധിയുള്ള ഈദൃശവ്യക്തികളാണു് "ആൾ" എന്നു പറയുക. ആകയാൽ വിശേഷബുദ്ധിയുള്ള "സ്വഭാവം" (Rational nature) വേറൊന്നിനോടു ചേരാതെയും അതിന്റെ അംശമോ, ഭാഗമോ ആകാതെയും സ്വീയമായ ഒരവസ്ഥയിൽ വ്യക്തമായി നിലകൊള്ളുന്നതാണു് "ആൾ".

മനുഷ്യാവതാരം ചെയ്ത പുത്രൻതമ്പുരാൻ സാക്ഷാൽ ദൈവവും സാക്ഷാൽ മനുഷ്യനും ആകുന്നു. ഏതെങ്കിലും ഒരു വസ്തുവിനെ ആ വസ്തു ആകുന്നതും, ഇതരവസ്തുക്കളിൽ നിന്നു് ആ വസ്തുവിനെ തരം തിരിക്കുന്നതും ആ വസ്തുവിന്റെ "സ്വഭാവ" മാകയാൽ (മുകളിൽ നോക്കുക) മനുഷ്യാവതാരം ചെയ്ത ദൈവപുത്രനു് ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഉണ്ടെന്നു സിദ്ധിക്കുന്നു. അല്ലെങ്കിൽ അദ്ദേഹം ദൈവവും മനുഷ്യനും ആയിരിക്കയില്ല. എന്നാൽ അദ്ദേഹത്തിൽ "ആൾ" എത്ര? അഥവാ അദ്ദേഹം എത്ര ആൾ ആകുന്നു? നിത്യമായ ദൈവസ്വഭാവം സ്വീയമായ അവസ്ഥയിൽ വേറെ ആരോടും ചേരാതെ വ്യക്തമായി ദൈവപുത്രനിൽ നിലകൊള്ളുന്നതിനാൽ ദൈവആൾ അദ്ദേഹത്തിൽ ഉണ്ടാകാതെ തരമില്ല. മനുഷ്യാവതാരം നിമിത്തം ദൈവസ്വഭാവത്തിനു് യാതൊരു ഹാനിയും സംഭവിച്ചിട്ടില്ലാത്തതിനാൽ, അദ്ദേഹത്തിൽ ദൈവആൾ ഉണ്ടാകുക തന്നേ വേണം. ഇതെല്ലാവരും സമ്മതിക്കുന്നു.

ദൈവസ്വഭാവം പോലെ അദ്ദേഹത്തിന്റെ മനുഷ്യസ്വഭാവവും സ്വീയമായ നിലയുള്ളതാണെങ്കിൽ മനുഷ്യആൾ കൂടെയും അദ്ദേഹത്തിൽ ഉണ്ടാകുന്നതാണു്. ഇങ്ങനെയാണെങ്കിൽ അദ്ദേഹം രണ്ടാളുകളുടെ സമുച്ചയമായിരിക്കും. തന്നേയുമല്ല ഒരു മനുഷ്യആളോടു് ദൈവ ആൾ സ്നേഹബന്ധത്തിൽ ചേർന്നു നില്ക്കുന്നതു മാത്രമായിരിക്കും മനുഷ്യാവതാരം! മറിയം പ്രസവിച്ചതു് ദൈവത്തെ അല്ലെന്നും തദ്വാരാ അവൾ ദൈവമാതാവല്ലെന്നും ആയിരിക്കും ഇതിൽ നിന്നുള്ള അനുമാനം—ഇങ്ങനെ മ്ശിഹായിൽ രണ്ടാളുണ്ടെന്നും മറിയം ദൈവമാതാവല്ലെന്നും സമർത്ഥിക്കുന്നതാണു് നെസ്തോറിയൻ പാഷണ്ഡത.

## പ്രാരംഭകർത്താക്കൾ.

നെസ്തോറിയൻ പാഷണ്ഡതയുടെ പ്രാരംഭം 390-ൽ മരിച്ച ലൌദെക്കേയായിലെ (Laodicea) അപ്പൊല്ലിനാരിയൂസു മുഖേനയാണെന്നു പറയാവുന്നതാണു്. മ്ശിഹാ യഥാർത്ഥത്തിൽ മനുഷ്യനല്ലെന്നും മനുഷ്യനാണെന്നു കാണികൾക്കു തോന്നിയിരുന്നതേയുള്ളു എന്നും ശഠിച്ചിരുന്ന "ദൊസേത്തി" ആദിയായ പാഷണ്ഡരുടെ ശക്തി ഏറെക്കുറെ ക്ഷയിച്ചതോടെ ആരിയൂസും അനുയായികളും രംഗപ്രവേശം ചെയ്തു പുത്രൻതമ്പുരാൻ യഥാർത്ഥ ദൈവമല്ലെന്നായിരുന്നു ആരിയൂസിന്റെ സിദ്ധാന്തം. ഈ സിദ്ധാന്തം നിക്കിയായിൽ വെച്ചു് 325-ൽ ശപിക്കപ്പെട്ടതോടെ യഥാർത്ഥദൈവം മനുഷ്യൻ കൂടി ആയിരിക്കുന്നതെങ്ങനെ എ

ന്നു ചിന്തകന്മാർ ആലോചിച്ചുതുടങ്ങി. അപ്പൊള്ളിനാരിയൂസിന്റെ സമാധാനം വിചിത്രമായിരുന്നു. ശരീരം, ജീവൻ, വിശേഷബുദ്ധിയുള്ള ആത്മാവു് എന്നിങ്ങനെ മൂന്നു വസ്തുക്കളുടെ സമുച്ചയമാണു് മനുഷ്യൻ എന്നുള്ള അബദ്ധസിദ്ധാന്തത്തെ മുറുകെ പിടിച്ചിരുന്ന ഒരാളാണു് അപ്പൊള്ളിനാരിയൂസു്. മ്ശിഹായിൽ ശരീരവും ജീവനും ഉണ്ടെന്നും, വിശേഷബുദ്ധിയുള്ള ആത്മാവിന്റെ സ്ഥാനത്തു ദൈവത്വം സ്ഥിതിചെയ്യുന്നു എന്നും അദ്ദേഹം സമർത്ഥിച്ചു!

നാലാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന പിതാക്കന്മാരെല്ലാവരും തന്നെ ഈ നൂതനോപദേശത്തെ ഖണ്ഡിച്ചു. അവരിൽ പ്രമുഖൻ 373-ൽ മരണം പ്രാപിച്ച അലക്സാന്ത്രിയായിലെ വി. അത്താനാസിയൂസായിരുന്നു.

അപ്പൊള്ളിനാരിയൂസിനു വിരോധമായി വലിയ പ്രക്ഷോഭണങ്ങൾ നടന്നതു് സുറിയായിലാണു്. 312-ൽ മരണമടഞ്ഞ വി. ലൂസിയൻ (Lucian) സുറിയായുടെ പ്രധാന നഗരമായ അന്തിയോക്കിയായിൽ ഒരു വേദാന്തശിക്ഷണശാല സ്ഥാപിച്ചു നടത്തിയിരുന്നു. ഏററം പ്രശസ്തമായി നടത്തപ്പെട്ടിരുന്ന ആ സ്ഥാപനത്തെ താർസൂസിലെ ദീയദോർ (Diodore of Tarsus) പരിഷ്ക്കരിച്ചു എല്ലാവരുടേയും പ്രശംസാവിഷയമാക്കിത്തീർത്തു. ഈ സ്ഥാപനത്തിൽ നിന്നു് ദീയദോറിന്റെ നേതൃത്വത്തിൽ അപ്പൊള്ളിനാരിയൻ സിദ്ധാന്തങ്ങൾ നിർദ്ദയം വിമർശിക്കപ്പെട്ടു. എന്നാൽ ദീയദോറിന്റെ ചില പ്രസ്താവനകൾ സ്വീകാര്യങ്ങളായിരുന്നില്ല. മ്ശീഹായുടെ പരിപൂർണ്ണ മനുഷ്യത്വം സ്ഥാപിക്കുവാനായിരുന്നു അദ്ദേഹത്തിന്റെ പരിശ്രമം. മനുഷ്യത്വം പരിപൂർണ്ണമാണെന്നു സ്ഥാപിച്ചതോടുകൂടി, അതിനു സ്വീയമായ നിലയുണ്ടെന്നു ധ്വനിപ്പിക്കുന്ന ചില പ്രയോഗങ്ങൾ അദ്ദേഹത്തിൽ നിന്നു പുറപ്പെടുവാനിടയായി. (1) ദീയദോർ ഇതിൽ നിരപരാധിയാണെന്നും അല്ലെന്നും ചരിത്രകാരന്മാരുടെയിടയിൽ വാദമുണ്ടു്. ഏതായാലും, ഒരു മനുഷ്യനിൽ ദൈവം ആവസിച്ചതാണു് മനുഷ്യാവതാരം എന്നുള്ള അബദ്ധമായ ആശയം അദ്ദേഹത്തിന്റെ കൃതികളിൽ നിന്നു നിഷ്പ്രയാസം കണ്ടുപിടിക്കാവുന്നതാണു്. ഇതാണല്ലൊ "നെസ്തോറിയൻ പാഷണ്ഡത" എന്നു മുകളിൽ പ്രസ്താവിച്ചതു്.

ദീയദോറിന്റെ ശിഷ്യനായിരുന്നു മൊപ്സുഎസ്തായിലെ തീയദോർ (Theodore of Mopsuestia). അപ്പൊള്ളിനാരിയൂസിനെ അനാദരി

(1) Tixeront, History of Dogmas, III. p. 12 sqq.

ച്ചും സ്വഗുരുവിനെ ആദരിച്ചും തീയദോർ തയാറാക്കിയ പ്രബന്ധങ്ങളിൽ "നെസ്തോറിയൻ പാഷണ്ഡത" നഗ്നമായി പ്രത്യക്ഷപ്പെടുന്നുണ്ടു്. ഇതു നിമിത്തം അദ്ദേഹം കത്തോലിക്കാസഭയാൽ പിന്നീടു ശപിക്കപ്പെടുകയും ചെയ്തു. മനുഷ്യനായ ഈശോയിൽ വചനമായ ദൈവം ആവസിച്ചതേയുള്ളു. രണ്ടും രണ്ടാളായിരുന്നു: രണ്ടാളുകളുടെ പാരസ്പര്യബന്ധം നിമിത്തം അവർ ഏതർത്ഥത്തിൽ ഒന്നായി കരുതപ്പെടുന്നുവോ ആ അർത്ഥത്തിൽ മാത്രമാണു് മ്ശിഹാ ഒരാളും ഒരു പുത്രനും ആയിരിക്കുന്നതു്: മറിയം പ്രസവിച്ചതു് ദൈവത്തേയല്ല, മനുഷ്യൻ മാത്രമായ ഈശോയെ ആണു്, ഇങ്ങനെയുള്ള ആശയങ്ങളെല്ലാം തീയദോറിന്റെ കൃതികളിൽ സുലഭങ്ങളാണു്. പരിപൂർണ്ണമായ മനുഷ്യത്വം അതിനു സ്വീയമായ നിലയിൽ മാത്രമേ എപ്പോഴും സ്ഥിതിചെയ്യുകയുള്ളു എന്നുള്ള അബദ്ധധാരണയാണു് തീയദോറിനെ ഈ വിധത്തിൽ വഴിപിഴപ്പിച്ചതു്. അദ്ദേഹമുപയോഗിച്ച സാങ്കേതികശബ്ദങ്ങൾ ദ്വയാർത്ഥമുള്ളവയായിരുന്നെങ്കിലും അവയിൽ പ്രസ്പഷ്ടമായി കാണപ്പെടുന്ന പ്രസ്തുതാശയങ്ങൾ ദ്വയാർത്ഥമുള്ളവയല്ല തന്നെ. (2) അവ അബദ്ധസമ്പൂർണ്ണങ്ങളാകുന്നു.

430_ൽ തീയദോർ മരണം പ്രാപിച്ചു. മരണത്തിനു മുമ്പുതന്നെ പ്രസിദ്ധനായ ഒരു വേദപുസ്തകവ്യാഖ്യാതാവു് എന്ന നിലയിൽ അദ്ദേഹത്തിന്റെ ഖ്യാതി പൌരസ്ത്യപ്രദേശങ്ങളിലെല്ലാം പ്രചരിച്ചു കഴിഞ്ഞിരുന്നു. കിലീക്കിയായിലുള്ള മൊപ്സുഏസ്തായുടെ മെത്രാൻ എന്ന നിലയിലും അദ്ദേഹത്തെപ്പററി പൊതുവേ മതിപ്പായിരുന്നു അദ്ദേഹം ജീവിച്ചിരിക്കയിൽ തന്നെ അദ്ദേഹത്തിന്റെ കൃതികൾ പൌരസ്ത്യസുറിയാനിഭാഷയിലേക്കു വിവർത്തനം ചെയ്യപ്പെട്ടു. പൌരസ്ത്യസുറിയാനിഭാഷയുടെ കേന്ദ്രസ്ഥാനമായ ഏദേസ്സാ വേദാന്തശിക്ഷണശാലയിലെ അംഗങ്ങൾ ആ തർജ്ജമകളെ വളരെ കാര്യമായി മതിച്ചിരുന്നു.

## നെസ്തോറീസ്.

സംഗതികൾ ഇങ്ങനെയെല്ലാം ഇരിക്കുമ്പോഴാണു് നെസ്തോറീസു കുസ്തന്തിനോപ്പോലീസിലെ മെത്രാനായി തിരിഞ്ഞെടുക്കപ്പെട്ടതു്. യൂപ്രേപ്പിയോസു് എന്ന ഒരാശ്രമത്തിൽ സന്യസിച്ചിരുന്ന സുറിയാക്കാരനായ ഒരാളാണു് നെസ്തോറീസു്. ആശ്രമവാസാനന്തരം അദ്ദേഹം ശെമ്മാശനും, പട്ടക്കാരനും അന്തിയോക്കിയാപള്ളിയിലെ പ്രധാന പ്രസംഗക

(2) Tixeront, o. c. pp. 13 sqq.

നം ആയിതീൎന്നു. അദ്ദേഹത്തിൻെറ സ്വരമാധുൎയ്യവും മൊപ്സ്വെസ്തായിലെ തിയദോറിനോടുള്ള അദ്ദേഹത്തിൻെറ മിതമററ മതിപ്പും നിമിത്തം അദ്ദേഹം അന്തിയോക്കിയരുടെ സ്നേഹഭാജനമായി ഭവിച്ചു. കുസ്തന്തിനോപ്പോളിസിലെ ഒന്നാം സിസീനിയോസ് (Sisinios) മരണം പ്രാപിച്ചപ്പോൾ നെസ്തോറിസ് തൽസ്ഥാനത്തിൽ നിയമിക്കപ്പെട്ടു. 428-ൽ കുസ്തന്തിനോപ്പോളിസിലെ മെത്രാൻ പദം സ്വീകരിക്കുവാൻ അവിടെക്കു പോയപ്പോൾ മാൎഗ്ഗമദ്ധ്യേ നെസ്തോറിസ് സ്വദേശിതന്നെയായിരുന്ന തിയദോറിൻെറ ആതിഥ്യം സ്വീകരിക്കുകയുണ്ടായി എന്നും പ്രസ്താവ്യമാണു്. (3)

പല പാഷണ്ഡതകളോടും നേരിട്ടു പോരാടിയ കൂട്ടത്തിൽ ചിലപ്പോഴെല്ലാം അതിരുകടന്നു പ്രവൎത്തിക്കുവാൻ നെസ്തോറീസിനു് ഇടവന്നിട്ടുണ്ടു്.

നെസ്തോറിസിൻെറ ഒരുമിച്ചു് അന്തിയോക്കിയായിൽ നിന്നു് കുസ്തന്തിനോപ്പോളീസിൽ എത്തിയിരുന്ന അനസ്താസിയോസ് എന്ന ഒരു പട്ടക്കാരൻ "ദൈവമാതാവു്" (Theotokos) എന്ന സംജ്ഞ സ്വീകാൎയ്യമല്ലെന്നു് ഒരു ദിവസം പള്ളിയിൽ പരസ്യമായി പ്രസംഗിച്ചു. അതു് വലിയ ബഹളത്തിനു കാരണമായെങ്കിലും നെസ്തോറീസ് പ്രസംഗകനെ ആദരിക്കയത്രെ ചെയ്തതു്. "ദൈവമാതാവു്" എന്ന സംജ്ഞ അപ്പൊള്ളിനാരിയൻ പാഷണ്ഡതയെ പുലൎത്തുന്ന ഒന്നാണെന്നു് നെസ്തോറീസു വാദിച്ചു. ആ വാദത്തിൽ, മ്ശിഹായുടെ മനുഷ്യത്വം സ്വീയമായ നില അവലംബിക്കയാൽ അതു് ആളാണെന്നും, തദ്വാരാ, മ്ശിഹായിൽ രണ്ടാളുണ്ടെന്നും ഉള്ള തിയദോറിൻെറ ആശയം നെസ്തോറിസിൽ നിന്നു വെളിക്കു വന്നു. മൊപ്സ്വെസ്തായിലെ തിയദോറിൻെറ ഉപദേശത്തിനു് "നെസ്തോറിയൻ പാഷണ്ഡത" എന്നു് നെസ്തോറിസിൻെറ നാമത്തിൽ പ്രതിഷ്ഠ ലഭിക്കുവാള്ള കാരണം ഇതായിരുന്നു (4)

സാങ്കേതികശബ്ദങ്ങൾ സംബന്ധിച്ചു് അഭിപ്രായവ്യത്യാസമുണ്ടായെങ്കിലും നെസ്തോറീസ് പ്രസംഗിച്ചതു് സത്യവിശ്വാസമായിരുന്നെന്നു് ചില ആധുനികന്മാർ വാദിക്കുന്നുണ്ടു്. ഈ വാദം സ്വീകാൎയ്യമല്ലെന്നു് നെസ്തോറിസിൻെറ വാക്കുകളിൽ നിന്നുതന്നെ തെളിയിക്കാമെങ്കിലും, ആവശ്യമില്ലാത്തതിനാൽ ഇവിടെ അതിനുദ്യമിക്കുന്നില്ല (5)

---

(3) A. Fortescue, o. c. p. 61.
(4) Ibidem, pp. 61. 62.
(5) Tixeront, o. c. pp. 21 sqq.

### വി. ക്രറിലോസ്.

"ദൈവമാതാവ്" എന്ന സംജ്ഞ സംബന്ധിച്ചുണ്ടായ വാദപ്രതിവാദങ്ങൾ പൌരസ്ത്യസഭ ഒട്ടുക്കു മാറൊലികൊണ്ടു. 429-ലെ പെസഹാസന്ദേശത്തിൽ അലക്സാന്ത്രിയായിലെ വി ക്രറിലോസ് മറിയം ദൈവമാതാവാണെന്നു യുക്തിപൂർവ്വം തെളിയിക്കുകയും നെസ്തോറീസിന്റെ പേരു പറയാതെ അദ്ദേഹത്തിന്റെ സിദ്ധാന്തത്തെ ഖണ്ഡിക്കുകയും ചെയ്തു. വി. ക്രറിലോസിന്റെ സന്ദേശത്തിനു ഒരു പട്ടക്കാരനെക്കൊണ്ടു നെസ്തോറിസ് പ്രതിസന്ദേശമെഴുതിച്ചു. സമാധാനം കൈവരുത്തുവാനുള്ള ഏകമാർഗ്ഗം "ദൈവമാതാവ്" എന്ന സംജ്ഞ സ്വീകരിക്കുന്നതായിരിക്കുമെന്നു വി. ക്രറിലോസ് എഴുതിയപ്പോൾ പരുഷമായ ഒരു മറുപടിയാണു അദ്ദേഹത്തിനു നെസ്തോറീസിൽ നിന്നു ലഭിച്ചതു. രണ്ടാമത്തെ എഴുത്തിൽ വി. ക്രറിലോസ് സത്യവിശ്വാസം സകാരണം വിശദമാക്കുകയും താൻ അപ്പൊള്ളിനാരിയൻ കക്ഷിയോ (പിന്നീടുണ്ടായ) ഏകസ്വഭാവവാദികളിൽ പെട്ടവനോ അല്ലെന്നു തെളിയിക്കുകയും ചെയ്തു (6)

കുസ്തന്തിനോപ്പോളീസും അലക്സാന്ത്രിയായും തമ്മിലുണ്ടായിരുന്ന ശത്രുത്വവും ഇരുഭാഗത്തുനിന്നും ഉപയോഗിച്ചിരുന്ന പദങ്ങൾ ശരിയായി പരസ്പരം ഗ്രഹിച്ചിരുന്നില്ല എന്നതും സമാധാനലംഘനത്തിനു മാറ്റുകൂട്ടിയതേയുള്ളു. അലക്സാന്ത്രിയായിലേയും അന്തിയോക്കിയായിലേയും വേദാന്തശിക്ഷണശാലകളുടെ അഭിപ്രായഗതികളും സാങ്കേതിക ശബ്ദങ്ങളും വാദപ്രതിവാദങ്ങളുടെ പാരുഷ്യത്തെ പുലർത്തുകയത്രെ ചെയ്തതു.(7)

അന്തിയോക്കിയായിലെ യോഹന്നാൻ പാത്രിയർക്കീസും കീഴുണ്ടായിരുന്ന സുറിയാനിക്കാരും നെസ്തോറീസിനോടു പൊതുവേ അനുഭാവം പ്രദർശിപ്പിച്ചിരുന്നു. ഓർശ്ലേം, എഫേസൂസ് മുതലായ സ്ഥലങ്ങളിലെ മതാദ്ധ്യക്ഷന്മാർ വി. ക്രറിലോസിന്റെ ഭാഗത്താണു നിന്നിരുന്നതു. ശക്തിയോടെ പടർന്നുപിടിച്ച ബഹളമൊതുക്കുവാൻ പൌരസ്ത്യർക്കു സാധിക്കാതെ വന്നതിനാൽ വി ക്രറിലോസ് റോമ്മായിൽ അഭയം പ്രാപിച്ചു. നെസ്തോറീസും മാർപ്പാപ്പായുടെ പക്കൽ സ്വാഭിപ്രായങ്ങൾ അറിയിക്കാതിരുന്നില്ല (8)

---

(6) Tixeront, o. c. pp. 34 sqq.
(7) Fortescue, o. c. pp. 62, 68 sqq.
Tixeront, o. c. pp. 58 sqq.
(8) എഫേസൂസ് സൂനഹദോസും റോമ്മാ മാർപ്പാപ്പായും.

## എഫേസൂസ് സൂനഹദോസ് (431)

മാർപ്പാപ്പായുടെ വിധി വി. കൂറിലോസിനു് അനുകൂലമായിരുന്നു. പത്തുദിവസത്തിനകം നെസ്തോറിസു് സ്വാഭിമതം പിൻവലിക്കണമെന്നായിരുന്നു മാർപ്പാപ്പായുടെ തീരുമാനം. വി. കൂറിലോസു് ഊർജ്ജിതമായി പ്രവൎത്തിച്ചുകൊണ്ടു് 12 ശാപങ്ങൾ നെസ്തോറീസിനു വിരോധമായി തയാറാക്കി. നെസ്തോറീസ് അവയ്ക്കു വഴിപ്പെടാതെ വേറെ 12 എതിർശാപങ്ങളുമായി വി. കൂറിലോസിനെ നേരിട്ടു. കുസ്തന്തിനോപ്പോലീസിലെ ചക്രവൎത്തിയുടേയും മററും ആവശ്യാനുസരണം സംഗതികൾ ഭംഗിയോടെ അവസാനിപ്പിക്കേണ്ടതിനു് എഫേസൂസിൽ ഒരു സൂനഹദോസു നടത്താമെന്നു് എല്ലാവരും സമ്മതിച്ചു.

സൂനഹദോസിൽ സംബന്ധിച്ചു് തൻെറ തീരുമാനം നടപ്പിൽ വരുത്തുവാനും തൎക്കങ്ങൾ സംബന്ധിച്ചു വിധിപറയുവാനും സെലസ്റ്റീനോസു മാർപ്പാപ്പാ പ്രതിപുരുഷന്മാരെ എഫേസൂസിലേക്കയച്ചു. അവർ സ്ഥലത്തെത്തുന്നതിനു മുമ്പു് വി. കൂറിലോസിൻെറ അദ്ധ്യക്ഷതയിൽ ഒന്നാം യോഗം നടക്കുകയും അതിൽവച്ചു് നെസ്തോറീസ് ശപിക്കപ്പെടുകയും സഭാഭ്രഷ്ടാക്കപ്പെടുകയും ചെയ്തു. നെസ്തോറീസു് യോഗത്തിൽ ഹാജരായില്ല. അദ്ദേഹവും അന്തിയോക്കിയായിലെ യോഹന്നാനും മററു പലരും യോജിച്ചുനിന്നുകൊണ്ടു് വി. കൂറിലോസിനെതിരായി പ്രവൎത്തിച്ചിരുന്നു. രണ്ടാംയോഗം മുതലുള്ള യോഗങ്ങളിൽ മാർപ്പാപ്പായുടെ പ്രതിനിധികൾ സംബന്ധിക്കുകയും ഒന്നാംയോഗത്തിൻെറ നടപടികളെ സ്ഥിരീകരിക്കുകയും ചെയ്തു. എഫേസൂസു സൂനഹദോസിൻെറ ചരിത്രവും നടപടികളും മാർപ്പാപ്പായുടെ പരമാധികാരത്തിനു് ഉത്തമ തെളിവുകളാണു്. (9) സൂനഹദോസിൽ പൊതുസമ്മതമില്ലായിരുന്നെന്നും വി. കൂറിലോസു് നെസ്തോറീസിൻെറ ശത്രുവായിരുന്നതിനാൽ അതിലെ തീരുമാനങ്ങൾ ശരിയല്ലെന്നും മററുമുള്ള ധാരണ നെസ്തോറീസിനും അനുയായികൾക്കും ഉണ്ടായിരുന്നു. തൻെറ മേൽ പൊതുവേ വിദ്വേഷമായിരുന്നതിനാൽ താൻ റോമ്മായിലേക്കു അപ്പീൽ ബോധിപ്പിച്ചില്ലെന്നാണു് നെസ്തോറീസു് സ്വകൃതിയിൽ പറയുന്നതു്. (9b)

---

(9) എഫേസൂസു സൂനഹദോസും റോമ്മാ മാർപ്പാപ്പായും.

(9b) The Catholic Encyclopedia, Nestorius,

## സൂന്നഹദോസിൻെറ ശേഷം.

എഫേസൂസ് സൂന്നഹദോസിനെ തുടൎന്നു പൌരസ്ത്യദിക്കിൽ വലിയ ക്ഷോഭങ്ങളുണ്ടായി. അലക്സാന്ത്രിയാ പാത്രിയൎക്കീസ് കുസ്തന്തീനോപ്പോളീസിൻെറ ഉയൎച്ചയെ തടയുവാൻ അവിടത്തെ പാത്രിയൎക്കീസായിരുന്ന നെസ്തോറിസിനെ കാരണംകൂടാതെ സ്ഥാനഭ്രംശം ചെയ്തു എന്ന ധാരണ പലരിലും കടന്നുകൂടി. അലക്സാന്ത്രിയായിലെയും അന്തിയോക്കിയായിലെയും വേദാന്തശിക്ഷണശാലകളിൽ നിന്നു പുറപ്പെട്ടുന്ന സാങ്കേതിക ശബ്ദങ്ങൾ പരസ്പരം ശരിയായി ഗ്രഹിക്കാഞ്ഞതിൽ മത്സരകക്ഷികളിൽ ക്ഷോഭം വൎദ്ധിച്ചു. ദീയദോർ തിയദോർ എന്ന മഹാന്മാരുടെ നാമങ്ങൾ വി. കൂറിലോസുപ്രഭൃതികളാൽ അവമാനിക്കപ്പെട്ടതായും ചിലർ ധരിച്ചുവശായി. വി. കൂറിലോസിൻെറ പ്രവൃത്തി അശേഷം ആദരണീയമല്ലെന്നും അദ്ദേഹത്തിൻെറ വിശ്വാസം അബദ്ധസമ്പൂൎണ്ണമാണെന്നും വേറെ ചിലർ ഘോഷിച്ചിരുന്നു. മാപ്പാപ്പായുടെ പ്രതിനിധികൾ സൂന്നഹദോസിൽ ചെന്നെത്തുന്നതിനു മുമ്പായി വി. കൂറിലോസ് നെസ്തോറീസിനെ ശപിച്ചതു് ന്യായവിരുദ്ധമാണെന്നും, തദ്വാരാ വി. കൂറിലോസിൻെറ പ്രവൃത്തി അസാധുവാണെന്നും വാദിച്ചിരുന്നവരും ഉണ്ടു്.

വി. കൂറിലോസിൻെറ പദപ്രയോഗങ്ങൾ പലതും അന്തിയോക്കിയായിലെ യോഹന്നാന് ഇഷ്ടപ്പെട്ടിരുന്നില്ല. എങ്കിലും ആശയത്തിൽ അവർ യോജിപ്പുള്ളവരായിരുന്നു. നെസ്തോറീസിൻെറ നിലയാകട്ടെ അപ്രകാരമല്ലായിരുന്നെങ്കിലും അദ്ദേഹത്തെ ആദരിക്കുവാൻ യോഹന്നാനൊപ്പെടെ അനേകർ പ്രത്യക്ഷപ്പെടുകയുണ്ടായി. ഇരുകക്ഷിയും കുസ്തന്തിനോപ്പോളീസു ചക്രവൎത്തിയുടെ പക്കൽ അഭയം പ്രാപിച്ചു. ആരംഭത്തിൽ ചക്രവൎത്തി നെസ്തോറീസിൻെറ പക്ഷത്തിലായിരുന്നെങ്കിലും ഒടുവിൽ നെസ്തോറീസിനെ അനാദരിക്കയാണ് ചെയ്തതു്.

എഫേസൂസ് സൂന്നഹദോസിലെ നടപടികളെ സ്ഥിരീകരിക്കുന്നതിനു മുമ്പായി വി. സെലസ്തീനോസുമാപ്പാപ്പാ മരണം പ്രാപിക്കയാൽ, പിൻഗാമിയായ ക്സൂസ്തോസ് മാപ്പാപ്പായാണ് ആ കാൎയ്യം നിൎവഹിച്ചതു്. സൂന്നഹദോസിൽ നിന്നു് അന്തിയോക്കിയായിലെ യോഹന്നാനു നിശ്ചയിക്കപ്പെട്ട ശിക്ഷ തദവസരത്തിൽ മാപ്പാപ്പാ റദ്ദാക്കി എന്നുള്ളതും പ്രസ്താവ്യമാണ്.

വി. കൂറിലോസ് അപ്പോളിനാരിയൻ പാഷണ്ഡതയിൽ നിപ

തിച്ച ഒരു ദുഷ്ടനാണെന്നും അക്രമപരമായി അദ്ദേഹം നെസ്തോറിസിനെ ഉപദ്രവിച്ചെന്നും അനേകർ വിശ്വസിച്ചിരുന്നു. അവർ മാർപ്പാപ്പായുടെ പരമാധികാരം സ്വീകരിച്ചിരുന്നവരുമാണ്. അവരിൽ രണ്ടു പേർ വി. കൂറിലോസിനു വിരോധമായി മാർപ്പാപ്പായുടെ പക്കൽ സമർപ്പിച്ച ഹർജി ഇന്നും നമ്മുടെ കൈവശമുണ്ട്. തീയാനാ (Tyana) യിലെ എവുത്തേരിയൂസു മെത്രാനും താർസൂസിലെ ഹെല്ലാദിയൂസുമെത്രാനും ആണ് ഇവർ. ഹർജിയിൽ മാർപ്പാപ്പായുടെ പരമാധികാരം പ്രസ്പഷ്ടമായി സമ്മതിക്കപ്പെടുകയും, വി. കൂറിലോസ് പാഷണ്ഡനാണെന്ന് വിവരിക്കപ്പെടുകയും ചെയ്യുന്നു. (10) നോക്കുക, മാർപ്പാപ്പായുടെ പരമാധികാരം സ്വീകരിക്കുന്നവർ, എഫേസൂസിൽ അതിൻെറ പ്രയോഗം കണ്ടശേഷവും വി. കൂറിലോസിനു വിരോധമായി മാർപ്പാപ്പായുടെ പരമാധികാരത്തിൽ അഭയം പ്രാപിക്കുന്നു! ഈ സ്ഥിതിക്ക് എഫേസൂസിൽ സംബന്ധിക്കാതെ ദൂരെ ഇരുന്നുകൊണ്ടു മാത്രം എഫേസൂസിനേയും വി. കൂറിലോസിനേയും പററി കേൾക്കുക മാത്രം ചെയ്യുന്നവരുടെ സ്ഥിതി എന്തായിരിക്കും?

സൂനഹദോസിൻെറ തീരുമാനങ്ങൾ സ്വീകരിച്ചാൽ മാത്രമേ മത്സരകക്ഷിയെ ഐക്യത്തിൽ സ്വീകരിക്കയുള്ളു എന്നായിരുന്നു മാർപ്പാപ്പായുടെ നിശ്ചയം. ആകയാൽ ഉത്തമവിശ്വാസത്തിൽ വർത്തിച്ചിരുന്ന തൻെറ പ്രതിയോഗികളെ വാസ്തവം ഗ്രഹിപ്പിക്കുവാനായിരുന്നു വി. കൂറിലോസിൻെറ അനന്തര പരിശ്രമം.

ഇതിനിടക്ക് പൌരസ്ത്യർ മൂന്നു കക്ഷികളായി പിരിഞ്ഞു. (11) വി. കൂറിലോസിൻെറ പദപ്രയോഗങ്ങൾ സ്വീകരിക്കുവാൻ വിമുഖരായിരുന്നെങ്കിലും ആശയം സ്വീകരിച്ച്, വേണ്ടിവന്നാൽ നെസ്തോറീസിനെ ശപിക്കുവാൻ സന്നദ്ധരായിരുന്നവരാണ് ഒരു കക്ഷി. ഇതിൽ അന്തിയോക്കിയായിലെ യോഹന്നാൻ ഉൾപ്പെട്ടിരുന്നു.

രണ്ടാമത്തെ കക്ഷിയുടെ ദൃഷ്ടിയിൽ വി. കൂറിലോസ് എല്ലാവിധത്തിലും കുററക്കാരനായിരുന്നു. ഇതിൽപെട്ടവരാണ് മേൽപ്രസ്താവിച്ച എവുത്തേരിയൂസും ഹെല്ലാദിയൂസും. ഈ കക്ഷി മാർപ്പാപ്പായുടെ പരമാധികാരം സ്വീകരിച്ചിരുന്നെന്നു മേൽ സൂചിപ്പിച്ച ഹർജിയിൽനിന്നു വ്യക്തമാകുന്നു.

(10) Scott, o. c. pp. 163-165.

(11) Tixeront, o. c. p. 47.

മൂന്നാമത്തെ കക്ഷിയാകട്ടെ വി. കൂറിലോസിനെ അവിശ്വസിച്ചിരുന്നു. നെസ്തോറീസിനെ ശപിക്കുവാൻ അവർ വിമുഖരായിരുന്നെങ്കിലും എന്തു ചെയ്യേണ്ടു എന്നറിയാതെ കുഴങ്ങിയിരുന്നു.

അന്തിയോക്കിയായിലെ യോഹന്നാൻ ഒരു വിശ്വാസപ്രമാണം തയാറാക്കി 433_ൽ വി. കൂറിലോസിനയച്ചുകൊടുത്തു. അതിലെ ആശയം വി. കൂറിലോസിന്റേതു തന്നേയായിരുന്നു. എങ്കിലും സാങ്കേതിക പദപ്രയോഗങ്ങളിൽ വളരെ വിട്ടുവീഴ്ച ചെയ്തിട്ടുണ്ടായിരുന്നു. തനിക്കു സ്വന്തമായിരുന്ന പദപ്രയോഗങ്ങൾ പലതും ഉപേക്ഷിച്ചുശേഷം വി. കൂറിലോസ് പ്രസ്തുത വിശ്വാസപ്രമാണം സ്വീകരിച്ചുകൊണ്ട് യോഹന്നാനുമായി രമ്യപ്പെട്ടു. ഇരുഭാഗത്തും പദപ്രയോഗങ്ങളിൽ വിട്ടുവീഴ്ച ചെയ്തിട്ടുണ്ടായിരുന്നു എന്നതാണ് ഇതിലെ വിശേഷം. (12)

നെസ്തോറിസിനെ ആദരിച്ചിരുന്നവരുടെ ദൃഷ്ടിയിൽ ആ സന്ദർഭത്തിൽ വി. കൂറിലോസ് പൂർവ്വാധികം അബദ്ധനായി കാണപ്പെട്ടു. അദ്ദേഹം മനഃപൂർവ്വം നെസ്തോറിസിനെ ഉപദ്രവിച്ചെന്നും, കാര്യലാഭത്തിനായി നെസ്തോറീസിന്റെ സിദ്ധാന്തം സ്വീകരിച്ചശേഷം യോഹന്നാനുമായി രമ്യപ്പെട്ടു എന്നും അവർ പറഞ്ഞു പരത്തി. വി. കൂറിലോസിനും എഫേസൂസ്സൂന്നഹദോസിനും വിരോധമായി തങ്ങൾ അവലംബിച്ചിരുന്ന നില ആദരണീയമാണെന്നുള്ള ബോധം അവരിൽ പൂർവ്വാധികം പ്രബലപ്പെടുകയും ചെയ്തു. യോഹന്നാനാകട്ടെ വഞ്ചകനും കാര്യലാഭത്തെ ലാക്കാക്കി വിശ്വാസം ത്യജിക്കുവാൻ കൂടെയും ഒരുക്കമുള്ളവനും ആണെന്നുള്ള ധാരണ അവരിൽ കടന്നുകൂടാതിരുന്നില്ല. പദപ്രയോഗത്തിൽ അദ്ദേഹം ചെയ്ത വിട്ടുവീഴ്ചയാണ് ഇതിനു കാരണം. വി. കൂറിലോസിന്റെ ആശയത്തോട് അനുഭാവമുള്ളവരെങ്കിലും നെസ്തോറീസിനെ ശപിക്കുവാൻ വിമുഖരായ സുപ്രസിദ്ധ തെഒദൊരേത്തിനെ പോലെയുള്ളവരും യോഹന്നാന്റെ വിരോധികളായിതീർന്നു. വേറെ ചിലരുടെ ദൃഷ്ടിയിൽ വി. കൂറിലോസ് ഒരു പാഷണ്ഡനും യോഹന്നാനുമായി അദ്ദേഹം നടത്തിയ സമാധാനവുടമ്പടി അസാധുവും ആയി കാണപ്പെട്ടു. ഇപ്രകാരം ക്ഷോഭം വർദ്ധമാനമായിതീർന്നതിനാൽ ചക്രവർത്തിയുടെ സഹായം വീണ്ടും ആവശ്യമായിതീർന്നു. (13)

---

(12) Ibidem, p. 40.
(13) Tixeront, o. c. p. 50.

നെസ്തോറിയൻ കക്ഷി റോമ്മാ സാമ്രാജ്യത്തിൽ ക്ഷയോന്മുഖമാകുന്നു.

ചക്രവർത്തി രംഗപ്രവേശനം ചെയ്തതോടെ യോഹന്നാൻ നിരപരാധിയായി കാണപ്പെടുകയും അദ്ദേഹത്തോട് അനവധിയാളുകൾ യോജിക്കുകയും ചെയ്തു. ഇതിന്റെശേഷം നെസ്തോറീസിനെ ആദരിച്ചിരുന്നവരുടെ ഒരു ചെറിയ കക്ഷി മാത്രമേ റോമ്മാസാമ്രാജ്യത്തിൽ അവശേഷിച്ചുള്ളൂ. നെസ്തോറീസ്, ചക്രവർത്തിയാൽ ആവാസാ എന്ന സ്ഥലത്തേക്കു നാടുകടത്തപ്പെടുകയും ചെയ്തു. ആവാസായിൽ വച്ചാണ് "ഹെറാക്ലിദെസിന്റെ പുസ്തകം" എന്ന പേരിൽ നെസ്തോറീസ് സ്വയം ആദരിച്ചുകൊണ്ട് ഒരു പുസ്തകം രചിച്ചത്. (14) ഗ്രീക്കിൽ എഴുതപ്പെട്ട ഈ പുസ്തകം പൌരസ്ത്യസുറിയാനിഭാഷയിലേക്കു പിന്നീടു വിവർത്തനം ചെയ്യപ്പെട്ടു. ഇതിൽ പലസ്ഥലത്തും നെസ്തോറിയൻ പാഷണ്ഡത പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും ഗ്രന്ഥകർത്താവ് മാർപ്പാപ്പായുടെ പരമാധികാരം പരോക്ഷമായി സമ്മതിക്കുന്നുണ്ടെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്. (15)

ഇങ്ങനെ നെസ്തോറിയൻ കക്ഷിക്ക് അന്തിയോക്കിയായിലെ യോഹന്നാൻ നഷ്ടപ്പെടുകയും, ചക്രവർത്തി പ്രതികൂലിയാകുകയും ചെയ്തതോടെ അവർ റോമ്മാ സാമ്രാജ്യത്തിന്റെ പൂർവ്വഭാഗത്തേക്കു മാറി എദേസ്സായിൽ അഭയം പ്രാപിച്ചു. ദീയദോറിന്റെയും തീയദോറിന്റെയും കൃതികൾ സുറിയാനിഭാഷയിൽ എദേസ്സ്യർക്ക് അറിയപ്പെട്ടിരുന്നതിനും പുറമെ, എദേസ്സായിലെ വേദാന്തശിക്ഷണശാല പ്രസ്തുത കൃതികളിലെ ആശയങ്ങൾ ഏറക്കുറെ സ്വീകരിച്ചുമിരുന്നു. ആരംഭത്തിൽ നെസ്തോറിയൻ കക്ഷിയെ ആദരിച്ചെങ്കിലും ഒടുവിൽ വി. കൂറീലോസിനോടു യോജിച്ച് ദീയദോർ, തിയദോർ എന്നവരെ പാഷണ്ഡതാകർത്താക്കന്മാരായി പരിഗണിച്ച് അവരുടെ കൃതികളെ ദഹിപ്പിക്കുന്നതിൽ വളരെ ഔത്സുക്യം പ്രദർശിപ്പി

(14) നെസ്തോറിസ് തന്നെയാണ് ഈ പുസ്തകത്തിന്റെ കർത്താവെന്ന് ഇതേവരെ സംശയരഹിതമായി തെളിഞ്ഞിട്ടില്ല.

(15) ദിയസ്കോറോസു നടത്തിയ സംഘത്തെപ്പററി (449_ൽ) ഗ്രന്ഥകർത്താവു പറയുന്നു. "റോമ്മായിലെ മെത്രാനോ, വി. പത്രോസിന്റെ സിംഹാസനമോ, പൈതൃകബഹുമാനമോ, റോമ്മാക്കാർക്ക് ഇഷ്ടമുള്ള ഒന്നാം സ്ഥാനമോ അവിടെയില്ലായിരുന്നു." Scott, o. c. p.160-, cf. p. 161.

ച്ച ഒരാളായിരുന്നു അന്നു് എദേസ്സാ മെത്രാനായിരുന്ന റാബൂളാ. എദേസ്സായിൽ അഭയംപ്രാപിച്ചവരുടെ നേതാക്കന്മാർ ഈഹീബായും (Ibas) ബർസൌമ്മായും ആയിരുന്നു. ഇവരിൽ ഈഹീബാ പേർഷ്യാ സാമ്രാജ്യത്തിലെ ക്രിസ്ത്യാനികളുടെ ഒരു വലിയ സ്നേഹിതനായിരുന്നു. റാബൂളായുടെ മരണശേഷം (435) ഈഹീബായാണു് എദേസ്സാ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടതു്. ഈഹീബാ ആശയത്തിൽ നെസ്തോറിയസിനോടു യോജിച്ചിരുന്നില്ലെങ്കിലും വി. ക്റീലോസിൻെറ പരമശത്രുവായിരുന്നു.

ഈഹീബായുടെ മരണശേഷം എദേസ്സായിലെ മെത്രാനായ നോന്നൂസു് നെസ്തോറിയൻ കക്ഷിയേയും അതിൻെറ അന്നത്തെ നായകന്മാരായരുന്ന ബർസൌമ്മായേയും നർസൈയേയും 457—ൽ എദേസ്സായിൽനിന്നു ബഹിഷ്ക്കരിക്കകയാൽ അവർ റോമ്മാ സാമ്രാജ്യാതിർത്തി വിട്ട പേർഷ്യാ സാമ്രാജ്യത്തിലുള്ള നസീബീനിൽ (Nisibis) ആസ്ഥാനമുറപ്പിക്കേണ്ടിതായി വന്നു. ഇങ്ങനെ നസീബീൻ വേദാന്തശിക്ഷണശാല പുഷ്ടിപ്പെട്ടു് നെസ്തോറിയൻ കക്ഷിയുടെ സങ്കേത സ്ഥാനമായി ഭവിച്ചു. പേർഷ്യാ സാമ്രാജ്യത്തിൽ സ്ഥിതിചെയ്തിരുന്ന സെലൂക്കിയാ സഭ നെസ്തോറിയൻ കക്ഷിയാൽ വശീകരിക്കപ്പെടുന്നതിനു് ഇതു പററിയ അവസരമായിരുന്നു.

നെസ്തോറിയൻ കക്ഷി പേർഷ്യാ സാമ്രാജ്യത്തിലേക്ക കടന്നതിനു കുറെ മുമ്പു് ഏകസ്വഭാവവാദം എന്ന ഒരു പുതിയ പാഷണ്ഡത കൽക്കദോനിയാ സൂനഹദോസിൽ വച്ചു ശപിക്കപ്പെട്ട. (451). ഏകസ്വഭാവവാദികൾ പൊതുവെ വി. ക്റീലോസിൻെറ കക്ഷിയെന്നു് അറിയപ്പെട്ടിരുന്നതിനാലും കൽക്കദോനിയായിൽവച്ചു് അലക്സാന്ത്രിയായിലെ ദീയസ്കോറോസു് ശപിക്കപ്പെടുകയാലും, കൽക്കദോനിയാ സൂനഹദോസിനോടു് ആരംഭത്തിൽ പ്രസ്തുത നെസ്തോറിയൻ കക്ഷി അനുഭാവം പ്രദർശിപ്പിച്ചിരുന്നു. വി. ക്റീലോസിൻെറ ആശയങ്ങൾ കൽക്കദോനിയായിൽ ശപിക്കപ്പെട്ടെന്നും മററും അവർ കരുതുകയാൽ തങ്ങളുടെ നില ശരിയായിട്ടുള്ളതാണെന്നുള്ള ബോധത്തോടെയാണു് നെസ്തോറിയൻ കക്ഷി പേർഷ്യാ സാമ്രാജ്യത്തിൽ കാലുകുത്തിയതു്.

# നാലാം അദ്ധ്യായം.

## സെലൂക്കിയാസഭ നെസ്തോറിയ ആകുന്നു.

### ദീയദോറിന്റേയും തീയദോറിന്റേയും കൃതികൾ.

പൌരസ്ത്യ സുറിയാനിഭാഷയുടെ കേന്ദ്രസ്ഥാനവും സുപ്രസിദ്ധമായ ഒരു വേദാന്തശിക്ഷണശാലയുടെ ആസ്ഥാനവും ആയിരുന്ന എദേസ്സായിൽ ദീയദോറും തീയദോറും അത്യധികം ബഹുമാനിക്കപ്പെട്ടിരുന്നു എന്നു മുമ്പു പ്രസ്താവിച്ചുതാണല്ലൊ. ഇവർ രണ്ടുപേരും ഗ്രീക്കുഭാഷയിൽ രചിച്ച ഗ്രന്ഥങ്ങൾ പൌരസ്ത്യസുറിയാനിഭാഷയിൽ എദേസ്സായിൽ വായിക്കപ്പെട്ടുമിരുന്നു. പേർഷ്യാസാമ്രാജ്യത്തിൽ സ്ഥിതിചെയ്തിരുന്നതും പൌരസ്ത്യസുറിയാനിഭാഷ ആരാധനക്രമങ്ങളിൽ ഉപയോഗിച്ചിരുന്നതും ആയ സെലൂക്കിയാ സഭയിൽ ദീയദോറും തീയദോറും ഇപ്രകാരം മഹാപണ്ഡിതന്മാരും വിശുദ്ധന്മാരും ആയി ഗണിക്കപ്പെട്ടു. എദേസ്സായിൽ അദ്ധ്യയനം നടത്തിയിരുന്ന സെലൂക്കിയാസഭാംഗങ്ങളിൽനിന്നാണു് സെലൂക്കിയാസഭ ദീയദോറിനേയും തീയദോറിനേയും പററിയുള്ള ജ്ഞാനം സമ്പാദിക്കുവാനിടയായതു്. എദേസ്സാ അന്നു റോമ്മാസാമ്രാജ്യത്തിലായിരുന്നതിനാൽ സെലൂക്കിയാസഭയുടെ പ്രസ്തുത ജ്ഞാനം അത്ര അഗാധമായിരുന്നില്ല. രണ്ടു സാമ്രാജ്യങ്ങളും തമ്മിലുള്ള ശത്രുതയാണു് ഇതിനു കാരണം. കൂടാതെയും പൌരസ്ത്യസുറിയാനി വിവർത്തനത്തിൽ ദീയദോറിന്റേയും തീയദോറിന്റേയും ആശയങ്ങൾ ഗ്രീക്കുമൂലത്തിലേപ്പോലെ അത്ര വിശദങ്ങളും അല്ലായിരുന്നു. ഗ്രീക്കിലെ സാങ്കേതികശബ്ദങ്ങൾക്കു പകരം സ്വീകരിക്കപ്പെട്ട പൌരസ്ത്യസുറിയാനിശബ്ദങ്ങൾ സത്യവിശ്വാസം പ്രകടിപ്പിക്കുവാൻ ഉപയോഗിക്കത്തക്കവയും ആയിരുന്നു. (1) ഈ സുറിയാനിശബ്ദങ്ങൾക്കു, ഗ്രീക്കുശബ്ദങ്ങൾപോലെ, വ്യവസ്ഥാപിതമായ അത്ഥം അക്കാലത്തുണ്ടായിരുന്നില്ല. ഈ കാരണത്താൽ ദീയദോറും തീയദോറും തങ്ങളുടെ പുരാതനവിശ്വാസംതന്നെയുള്ളവരാണെന്നുള്ള ധാരണ സെലൂക്കിയാസഭാംഗങ്ങളുടെയിടയിൽ കടന്നുകൂടി. അപ്പോള്ളി

(1) Fortescue, o. c. pp. 85, 86.

ന്നാരിയൂസിനോടുള്ള വിരോധം നിമിത്തം, വിവൎത്തനത്തിൽ മറഞ്ഞുകിടന്ന പാഷണ്ഡതാപൂരങ്ങളായ ആശയങ്ങളെ കൂലങ്കഷമായി പരിശോധിക്കുവാൻ ആരും ഉദ്യമിച്ചുമില്ല അപ്പൊള്ളിന്നാരിയൻ പാഷണ്ഡതക്കു വിരുദ്ധങ്ങളാണെന്നുള്ള ധാരണ നിമിത്തം എല്ലാവരാലും അവ സ്വീകരിക്കപ്പെടുകയും ചെയ്തു. എഫേസൂസുസൂന്നഹദോസിനു മുമ്പു തന്നെ സെലൂക്കിയാസഭ ഈ മനഃസ്ഥിതി സ്വീകരിച്ചുകഴിഞ്ഞിരുന്നു.

## ഈഹീവായുടെ ലേഖനം.

എഫേസൂസുസൂന്നഹദോസിന്റെശേഷം നടന്ന ബഹളങ്ങളുടെ ഇടക്കു ഈഹീവാ സെലൂക്കിയാസഭയിലെ മാറീ എന്ന ദേഹത്തിനു ഒരു ലേഖനമയച്ചു. സെലൂക്കിയാസഭാംഗങ്ങളും കാൎയ്യമായി മതിച്ചിരുന്ന ദിയദോർ തിയദോർ ഇന്നിവരുടെ സിദ്ധാന്തങ്ങളെ വി. കൂറിലോസു ശപിച്ചെന്നും, നെസ്തോറീസു തീയദോറിന്റെ അനുഗാമിയായിരുന്നെന്നും, എദേസ്സായിലെ റാബൂളാ പ്രസ്തുത പണ്ഡിതന്മാരുടെ കൃതികൾ ദഹിപ്പിച്ചെന്നും മററും ആ ലേഖനത്തിൽ വളരെ തന്മയത്വത്തോടെ പ്രതിപാദിക്കപ്പെട്ടിരുന്നു ഈഹീവായുടെ ഈ ലേഖനം പിന്നീടു, (554_ൽ) കുസ്തന്തിനോപ്പോളിസിലെ സൂന്നഹദോസു ശപിച്ചു. (2) എന്നാൽ ഈ ശാപം നടക്കുന്നതിനു മുമ്പുതന്നെ സെലൂക്കിയാസഭയിൽ അതിനു പ്രതിഷ്ഠ ലഭിച്ചുകഴിഞ്ഞിരുന്നു എഫേസൂസിൽ മാർപ്പാപ്പായുടെ പരമാധികാരം പ്രയോഗിക്കപ്പെട്ട സംഗതിയെപ്പററി ആ ലേഖനം ഒരക്ഷരംപോലും പറയുന്നില്ല എന്നതു പ്രത്യേകം പ്രസ്താവ്യമാണു. (3) നെസ്തോറീസിനെ ശപിച്ചതു എജിപ്തുകാരനായ കൂറിലോസാണെന്നു അതിൽ ക്ഷോഭജനകമായ വിധത്തിൽ പ്രസ്താവിച്ചിട്ടുമുണ്ടു (4) ലേഖനകൎത്താവായ ഈഹീവാതന്നെയും സെലൂക്കിയാസഭാംഗങ്ങളുടെ സ്നേഹിതനും, എദേസ്സാ മെത്രാനായശേഷം "ദൈവമാതാവു" എന്ന സംജ്ഞ ചില വ്യാഖ്യാനങ്ങളോടുകൂടി സ്വീകരിക്കുവാൻ ഒരുക്കമുള്ളവനും ആയിരുന്നു. ഇതിനും പുറമെ 451_ൽ നടന്ന കൽക്കദോനിയാ സൂന്നഹദോസു അദ്ദേഹത്തെ ഒരു വിധത്തിൽ ആദരിച്ചിട്ടുമുണ്ടു. കൽക്കദോനിയായിൽ ശപിക്കപ്പെട്ട അലക്സാന്ത്രിയായിലെ ദിയസ്ക്കോറോസു ന്യായവിരുദ്ധമായി 449_ൽ എഫേസൂസിൽ നടത്തിയ "തസ്ക്കരസംഘം" ഈഹീവായെ സ്ഥാനഭ്രംശം

(2) Fortescue, o. c. pp. 202 sqq.
(3) See the letter in Jungman, Dissertationes. II. p. 261 sqq.
(4) Ibidem.

ചെയ്യുകയുണ്ടായി. എന്നാൽ കൽക്കദോനിയാ ദിയസ്കോറോസിന്റെ പ്രവൃത്തിയെ റദ്ദാക്കി ഈഹീവായെ സത്യവിശ്വാസി എന്ന നിലയിൽ സ്വസ്ഥാനത്തു പുനഃസ്ഥാപിച്ചു. ഈ കാരണങ്ങളെല്ലാം നിമിത്തം ഈഹീവായും അദ്ദേഹത്തിന്റെ ലേഖനവും സെലൂക്കിയാസഭയിൽ വളരെ അധികം ആദരിക്കപ്പെട്ടു. (5)

## ബർസൌമ്മായും നർസൈയും.

പേർഷ്യാ സാമ്രാജ്യാതിർത്തിയിൽ പ്രവേശിച്ച നെസ്തോറിയൻ കക്ഷിയുടെ നേതാക്കന്മാരായിരുന്നല്ലോ ബർസൌമ്മായും നർസൈയും. 449_ൽ നടന്ന എഫേസൂസിലെ "തസ്കരസംഘത്താൽ" എദേസ്സായിൽനിന്നു ബഹിഷ്കരിക്കപ്പെട്ട ഒരാളാണു ബർസൌമ്മാ. (6) എന്നാൽ കൽക്കദോനിയാ സൂനഹദോസിന്റെ ശേഷം അദ്ദേഹം പൂർവ്വസ്ഥാനത്തു തിരിച്ചെത്തി. "തസ്കരസംഘം" പ്രവർത്തിച്ചതെല്ലാം അബദ്ധമാണെന്നുള്ള ധാരണ എല്ലാവരിലും പ്രബലപ്പെട്ടുകയാലും, കൽക്കദോനിയാ സൂനഹദോസ് "തസ്കരസംഘ"ത്തെ അവഗണിച്ചു പ്രവർത്തിച്ചതിനാലും ബർസൌമ്മായുടെ പുനരാഗമനം നെസ്തോറിയൻ കക്ഷിക്കു ഒരു വിജയമായി കരുതപ്പെട്ടു "തസ്കരസംഘം" വി. കൂറീലോസിന്റെ ആശയങ്ങളോടുകൂടി പ്രവർത്തിച്ചു എന്നും, കൽക്കദോനിയായിൽവച്ചു ആ ആശയങ്ങളും വി. കൂറീലോസിന്റെ പിൻഗാമിയായദിയസ്കോറോസും ശപിക്കപ്പെട്ടുഎന്നും ആണു നെസ്തോറിയൻ കക്ഷി മനസ്സിലാക്കിവച്ചതു ഈ നിലയിൽ ബർസൌമ്മായുടെ പുനരാഗമനം വി കൂറീലോസിന്റേയും എഫേസൂസുസൂനഹദോസിന്റേയും നേരേ അവർക്കുണ്ടായിരുന്ന ദ്വേഷം ന്യായപൂർവ്വമാണെന്നു കരുതുവാൻ അവരെ പ്രേരിപ്പിച്ചു. പേർഷ്യാ സാമ്രാജ്യാതിർത്തിയിൽ പ്രവേശിച്ചശേഷം ബർസൌമ്മാ നസീബീനിലെ മെത്രാനും അവിടത്തെ വേദാന്തശിക്ഷണശാലയുടെ അദ്ധ്യക്ഷനും ആയിത്തീർന്നു. ഡീയദോർ, തീയദോർ മുതലായവരുടെ സിദ്ധാന്തങ്ങൾ സെലൂക്കിയാസഭയിൽ പരത്തുന്നതിനു ബർസൌമ്മാ ഈ അവസരം ഉപകരിപ്പിക്കുകതന്നെ ചെയ്തു

ബർസൌമ്മായുടെ പ്രധാന സഹപ്രവർത്തകനാണു നർസൈ (Narses) "പരിശുദ്ധാത്മാവിന്റെ കിന്നരം" എന്നായിരുന്നു അദ്ദേഹത്തിന്റെ അപരനാമം. അസാമാന്യമായ കവിതാവാസനയുണ്ടായിരുന്ന

---

(5) Fortescue, o. c. p. 77.
(6) Ibidem, P. 77

അദ്ദേഹം ദീയദോർ, തീയദോർ, നെസ്തോറീസ് എന്നിവരുടെ സിദ്ധാന്തങ്ങൾ പദ്യരൂപത്തിൽ ജനതാമദ്ധ്യത്തിൽ പ്രചരിപ്പിച്ചു.

ഇപ്രകാരം, അന്തിയോക്കിയായിൽ നിന്നു ഭിന്നിച്ചു നിന്നിരുന്ന സെലൂക്കിയാസഭയെ നെസ്തോറിയൻ വിശ്വാസം ക്രമേണ ബാധിച്ചു തുടങ്ങി. മാർപ്പാപ്പായുടെ പരമാധികാരത്തിനു വിരോധമായി ആരും ഒന്നും പ്രസ്താവിച്ചിരുന്നില്ല എന്നുള്ളതു് എടുത്തു പറയേണ്ടതായിട്ടുണ്ടു്. അതൊരു പ്രതിപാദ്യ വിഷയമേ ആയിരുന്നില്ല.

## നെസ്തോറിയൻ സിദ്ധാന്തത്തിൽ നിപതിക്കുന്നു.

ബർസൌമ്മായും നർസൈയും പേർഷ്യാസാമ്രാജ്യത്തിൽ പ്രവേശിച്ചപ്പോൾ സെലൂക്കിയാ സിംഹാസനം അന്തിയോക്യാ ബന്ധം ഉപേക്ഷിച്ചു നിന്നിരുന്നു. ബർസൌമ്മായുടെ ദൃഷ്ടി സെലൂക്കിയാ സിംഹാസനത്തിലേക്കു തിരിഞ്ഞു. 457 മുതൽ 484 വരെ കാതോലിക്കാ അഥവാ പാത്രിയർക്കീസായിരുന്ന സെലൂക്കിയായിലെ ബാബായി (Babwai) ബർസൌമ്മായുടെ ശത്രുവായിരുന്നു. കുസ്തന്തീനോപ്പോളീസിലെ സേനോ ചക്രവർത്തിയുമായി രാജദ്രോഹപരമായ കത്തിടപാടു നടത്തി എന്ന കാരണത്താൽ ബാബായി പേർഷ്യാ ചക്രവർത്തിയാൽ നിർദ്ദയം നിഗ്രഹിക്കപ്പെട്ടു. ബർസൌമ്മായിക്കു് ഇതിൽ ഏതോ കയ്യുണ്ടായിരുന്നതായി വിശ്വസിക്കപ്പെടുന്നു. ബാബായിയുടെ മരണശേഷം 484-ൽ ബേസ്ലപ്പ് എന്ന സ്ഥലത്തു ബർസൌമ്മാ ഒരു സൂനഹദോസു വിളിച്ചുകൂട്ടി റോമ്മാ സാമ്രാജ്യത്തിലെ വിശ്വാസത്തെ ശപിക്കുകയും, തീയദോറിന്റെ ആശയങ്ങൾ എല്ലാവരും സ്വീകരിക്കണമെന്നു തീരുമാനിക്കുകയും ചെയ്തു എന്നാൽ ആ സമയത്തു് ഏകസ്വഭാവവാദം റോമ്മാസാമ്രാജ്യത്തിന്റെ പൌരസ്ത്യഭാഗത്തു പ്രബലപ്പെട്ടിരുന്നതിനാൽ, ആ വിശ്വാസത്തെയല്ലാതെ യഥാർത്ഥകത്തോലിക്കാ വിശ്വാസത്തെ ബർസൌമ്മാ ശപിച്ചതായി കരുതാവുന്നതല്ല. (7)

ബേസ്ലപ്പിലെ സൂനഹദോസിന്റെ ശേഷം സെലൂക്കിയാ പാത്രിയർക്കീസായി തീരാമെന്നാണു് ബർസൌമ്മാ വിചാരിച്ചതു്. പക്ഷെ അദ്ദേഹത്തിന്റെ സ്നേഹിതനായ പീറൂസ് ചക്രവർത്തി മരിക്കുകയാൽ, പാത്രിയർക്കാസ്ഥാനം ബാലാശ് ചക്രവർത്തി അക്കാക്കിയൂസിൽ (Acacius) നിക്ഷേപിച്ചു. 485-ൽ അക്കാക്കിയൂസ് ബേസ്അദ്രായി എന്ന സ്ഥലത്തു വിളിച്ചുകൂട്ടിയ സൂനഹദോസിൽ ബർസൌമ്മാ പുതിയ പാത്രിയർക്കീസിനു വിധേയനാകേണ്ടിവന്നു എങ്കിലും അവിടെ വച്ചു നിർമ്മിക്കപ്പെട്ട വിശ്വാസ

(7) Ibidem P. 80.

പ്രമാണം നെസ്തോറിയമല്ലയോ എന്നു സംശയിക്കേണ്ടതാണു്. (8) ബർസൌമ്മാ ഇടപെട്ട വേറെയും സൂനഹദോസുകൾ സെലൂക്കിയാസഭയിൽ നടത്തപ്പെട്ടിട്ടുണ്ടു്. പൌരസ്ത്യറോമ്മാസാമ്രാജ്യത്തിൽ അന്നു പ്രബലപ്പെട്ടിരുന്ന ഏകസ്വഭാവവാദമായിരുന്നു സെലൂക്കിയാസഭയുടെ പ്രധാന ശാപവിഷയം. വി. കൂറീലോസിന്റെ വിശ്വാസം ഏകസ്വഭാവ പാഷണ്ഡതയായിരുന്നെന്നുള്ള ധാരണ ഈ കാരണത്താൽ സെലൂക്കിയാ സഭാംഗങ്ങളുടെയിടയിൽ പൂർവ്വാധികം പ്രബലപ്പെട്ടു. തന്നിമിത്തം നെസ്തോറീസും അനുയായികളും സർവപ്രകാരേണയും ആദരണീയരെന്നും എഫേസൂസ് സൂനഹദോസ് നിഷിദ്ധമെന്നും അവർ വിശ്വസിച്ചുതുടങ്ങി. കൽക്കദോനിയായിൽവച്ചു് ഏകസ്വഭാവവാദം ശപിക്കപ്പെട്ടതു് ഈ വിശ്വാസത്തിൽ അവരെ ഉറപ്പിക്കുന്നതിനു് ഒരു കാരണവുമായിതീർന്നു. ബർസൌമ്മാ, നർസൈ ആദിയായവരുടെ പ്രചാരണവേലയും മുറക്കു നടന്നുകൊണ്ടിരുന്നു. എങ്കിലും സെലൂക്കിയാ സഭയുടെ വിശ്വാസം മുഴുവനും അന്നു് നെസ്തോറിയമായെന്നു പറഞ്ഞുകൂടാ. 486-ാമാണ്ടിടക്കു് അക്കാക്കിയൂസ് പാത്രിയർക്കീസ് കുസ്തന്തീനോപ്പോളീസിലായിരിക്കയിൽ, താൻ ഒരു നെസ്തോറിയനല്ലെന്നും, ഏകസ്വഭാവവാദത്തെ മാത്രമേ താൻ ശപിച്ചുള്ളു എന്നും, ബർസൌമ്മായെ സഭാഭ്രഷ്ടാക്കുവാൻ താൻ സന്നദ്ധനാണെന്നും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. (9) ഇതിനുമുമ്പു സെലൂക്കിയായിൽ കൂടിയ ഒരു സൂനഹദോസിൽവച്ചു് അദ്ദേഹം ഏകസ്വഭാവവാദം ശപിക്കയും പട്ടക്കാർ അവിവാഹിതരായിരിക്കണമെന്നുള്ള നിയമം നിറുത്തലാക്കുകയും ചെയ്തു. (10) എന്നാൽ അക്കാക്കിയൂസ് തിരിച്ചെത്തുന്നതിനു മുമ്പായി ബർസൌമ്മാ കാലധർമ്മം പ്രാപിച്ചു. 495-ലോ, 496-ലോ അക്കാക്കിയൂസും മരണം പ്രാപിച്ചു. ബാബായി രണ്ടാമനായിരുന്നു അക്കാക്കിയൂസിന്റെ പിൻഗാമി (497-502)-ഇദ്ദേഹത്തിന്റെ കാലത്തു നർസൈയുടെ കൃതികൾക്കു് കൂടുതൽ പ്രചാരം സിദ്ധിച്ചു. അക്കാലത്തു് സെലൂക്കിയാസഭ ഒട്ടുക്കു് ഏക സ്വഭാവവാദം ശപിക്കപ്പെട്ടിരുന്നു. അതിനിടക്കു് ഏക സ്വഭാവവാദികളെ അനുകൂലിച്ചിരുന്ന സേനോചക്രവർത്തി 489-ൽ എദേസ്സായിൽ അവശേഷിച്ചിരുന്ന നെസ്തോറിയൻ കക്ഷിയെ അശേഷം അവിടെ നിന്നു ബഹിഷ്കരിക്കയാൽ അവർ സെലൂക്കിയാ സഭയിൽ അഭയം പ്രാപിച്ചു. അതോടെ എദേസ്സാ

(8) Ibidem P. 81.
(9) Ibidem, p. 81.
(10) Ibidem.

ഏക സ്വഭാവവാദികളുടെ ഒരു കേന്ദ്രമായി തീൎന്നു. (11) ഈ സാഹചൎയ്യങ്ങൾ ഹേതുവാൽ ഏക സ്വഭാവവാദത്തിനു വിരുദ്ധമായ ഏകസത്യസിദ്ധാന്തം നെസ്തോറീസിന്റെ സിദ്ധാന്തമാണെന്നു് സെലൂക്കിയാസഭയിൽ പലരും വിശ്വസിച്ചു. പല മെത്രാന്മാരും പണ്ഡിതന്മാരും നെസ്തോറിയൻ കക്ഷിയിൽ പെട്ടവരായി പ്രത്യക്ഷപ്പെട്ടു. എങ്കിലും അപ്പോൾ സെലൂക്കിയാ സഭ നെസ്തോറിയ ആയി തീൎന്നെന്നു തീൎത്തു പറയാവുന്നതല്ല.

ബാബായി രണ്ടാമന്റെ ശേഷം 540– വരെ വലിയ കുഴപ്പങ്ങൾ കെല്ലാം സെലൂക്കിയാസഭ അധീനമായി. പാത്രിയൎക്കീസുമാരായി ഒന്നിലധികം ആളുകൾ ഒരേ സമയത്തു തന്നെ പ്രത്യക്ഷപ്പെട്ടു. 540–ൽ മാർ ആബാ പാത്രിയൎക്കീസായതോടെ കലഹങ്ങളെല്ലാം ശമിച്ചു. കുസ്തന്തീനോപ്പോളീസിൽവച്ചു് തീയദോറിനേയും നെസ്തോറീസിനേയും ശപിക്കുവാൻ മാർ ആബാ വിമുഖനായി കാണപ്പെട്ടു. പക്ഷേ അദ്ദേഹം നെസ്തോറിയൻ പാഷണ്ഡത സ്വന്തമാക്കിയിട്ടുണ്ടായിരുന്നോ എന്നതു് സംശയാസ്പദമാണു്. ഏക സ്വഭാവവാദത്തിനു വിരുദ്ധമായ സത്യസിദ്ധാന്തമത്രെ നെസ്തോറീസിന്റെ സിദ്ധാന്തം എന്നുള്ള അബദ്ധ ധാരണ സെലൂക്കിയാ സഭാംഗങ്ങളുടെയിടയിൽ പരക്കെയുണ്ടായിരുന്നു. (12) എന്നാൽ നെസ്തോറിയൻ പാഷണ്ഡതയെ അതിന്റെ പരിപൂൎണ്ണമായ അൎത്ഥത്തിൽ അവർ മനസ്സിലാക്കിയിരുന്നുമില്ല. നെസ്തോറീസു്, ദീയദോർ, തിയദോർ, എന്നിവർ അവരുടെ ദൃഷ്ടിയിൽ മഹാ വിശുദ്ധരായിരുന്നു. ഇപ്രകാരം സെലൂക്കിയാ സഭ ക്രമേണ നെസ്തോറിയയായി പരിണമിച്ചു. പക്ഷേ, നെസ്തോറീസിന്റെ "നെസ്തോറിയൻ പാഷണ്ഡത" അതേവിധത്തിൽ തന്നെ സെലൂക്കിയാസഭ സ്വീകരിച്ചുമില്ല.

## സെലൂക്കിയാ സഭയുടെ പ്രത്യേകതരം നെസ്തോറിയത്വം.

മ്ശിഹായിൽ രണ്ടു "ക്യാനാ" രണ്ടു "ക്നോമ്മാ" ഒരു "പർസോപ്പാ" എന്നാണു് സെലൂക്കിയാ സഭാംഗങ്ങളുടെ പദപ്രയോഗങ്ങൾ. മ്ശിഹാ ഏകനാണെന്നും (ഹദ്) ഏകപുത്രനാണെന്നും (ഹദ്ബ്രാ) പിതാവിൽനിന്നു ജനിക്കുന്നവൻ തന്നെയാണു് മറിയത്തിൽ നിന്നു മറ്റൊരു രീതിയിൽ ജനിച്ചവനെന്നും അവർ സമ്മതിക്കുന്നുണ്ടെങ്കിലും മറിയത്തെ "ദൈവമാതാവു്" ("എമ്മെദാലാഹാ" അഥവാ "യാൽദസ്ആലാഹാ")

(11) Ibidem p. 78.
(12) Ibidem p p. 82, 83.

എന്നു് അവർ വിളിക്കുകയില്ല. "പുത്രനായ ദൈവത്തിന്റെ മാതാവു്" എന്നോ "വചനമായ ദൈവത്തിന്റെ മാതാവു്" എന്നോ മറിയത്തെ അഭിസംബോധനം ചെയ്യുന്നതു് അവൎക്കു സന്തോഷമാണു്. ഇപ്രകാരംതന്നെ പുത്രനായ ദൈവം, അഥവാ വചനമായ ദൈവം പീഡസഹിച്ചു മരിച്ചു എന്നല്ലാതെ, ദൈവം പീഡസഹിച്ചു മരിച്ചു എന്നു് അവർ പറയുകയില്ല. ഇതു നിമിത്തം "മ്ശിഹായുടെ മാതാവു്" (എമ്മെ ദമ്ശീഹാ) എന്നു് അവർ സാധാരണമായി മറിയത്തെ വിളിക്കുന്നു. എഫേസൂസ് സൂനഹദോസും അതിന്റെ ശേഷം നടന്നിട്ടുള്ള സാർവത്രിക സൂനഹദോസുകളും അവർ സ്വീകരിക്കുന്നില്ല. വി. കൂറിലോസിനെ അവർ ദ്വേഷിക്കുകയും, നെസ്തോറീസ്, ദിയദോർ, തീയദോർ എന്നിവരെ വിശുദ്ധന്മാരായി വണങ്ങുകയും ചെയ്യുന്നു. ഇതാണു് സെലൂക്കിയാ സഭയിൽ പ്രബലപ്പെട്ട നെസ്തോറിയതത്ത്വത്തിന്റെ പ്രകൃതി. (13)

"ക്യാനാ" എന്നതു് "സ്വഭാവം" (Nature) എന്നും "ക്നോമ്മാ" എന്നതു് "ആൾ" (Person) എന്നും കത്തോലിക്കർ ഇപ്പോൾ മനസ്സിലാക്കുന്നു. എന്നാൽ "സ്വഭാവവിശേഷം" (Characteristics pertaining to nature) എന്നു് "ക്യാനാ"യിക്കും, "വാസ്തവിക സ്വഭാവം" (Concrete nature) എന്നു് "ക്നോമ്മാ"യിക്കും, പൌരസ്ത്യസുറിയാനിയിൽ അൎത്ഥമുണ്ടായിരുന്നു. "വാസ്തവിക സ്വഭാവം" (Concrete nature) പരാശ്രയം കൂടാതെ സ്വീയമായ നിലയവലംബിച്ചാൽ മാത്രമേ അതു് "ആൾ" ആയിത്തീരുകയുള്ളു. ആകയാൽ "ക്യാനാ"യും രണ്ടു് "ക്നോമ്മാ"യും രണ്ടു് എന്നു പറയുന്നതിൽ സാങ്കേതികദുഷ്ട്യാ അല്ലാതെ പാഷണ്ഡതയുണ്ടാകണമെന്നില്ല.

മ്ശിഹായിൽ ഒരു "പർസോപ്പാ" എന്നു് സെലൂക്കിയാ സഭ വിശ്വസിച്ചിരുന്നു. "പർസോപ്പാ" ഗ്രീക്കിലെ "പ്രൊസോപ്പോൻ" എന്നതിന്റെ തത്ഭവരൂപമാണു്. ഗ്രീക്കിൽ അതിനു് ഏകവ്യക്തിയെന്നും, ഒന്നിലധികം വ്യക്തികളുടെ സമുച്ചയത്താലുണ്ടാകുന്ന വസ്തു (Moral person) എന്നും അൎത്ഥമുണ്ടു്. രണ്ടാമതു് പറഞ്ഞ അൎത്ഥത്തിലത്രേ നെസ്തോറീസു് "പ്രൊസോപ്പോൻ" ഉപയോഗപ്പെടുത്തിയതു്. ആ "പ്രൊസോപ്പോൻ" "പർസോപ്പാ" ആയി സെലൂക്കിയരാൽ സ്വീകരിക്കപ്പെട്ടു. ദിയദോർ, തീയദോർ എന്നിവരുടെ കൃതികളിലെ "പ്രൊസോപ്പോൻ" ഇതുതന്നെയായിരുന്നു. ആകയാൽ ഈ പദപ്രയോഗം പാഷണ്ഡതാപരമാണു്. പദം സ്വയം അവ്യക്തമാണെങ്കിലും സാഹചര്യങ്ങൾ അതിനെ അനാദരണീയമാക്കിത്തീർക്കുന്നു. മ്ശിഹാ ഏകപുത്രൻ ആണെന്നു പറയു

(13) Ibidem pp. 85, 84.

ന്നതും "പർസോപ്പാ" പോലെ വ്യാഖ്യാനിക്കപ്പെടുവാനേ തരമുള്ളൂ എങ്കിലും പിതാവിൽനിന്നു ജനിക്കുന്നവൻ തന്നെയാണ് മറിയത്തിൽനിന്ന് മറെറാരു രീതിയിൽ ജനിച്ചവനെന്നു പറയുന്നതിൽ പാഷണ്ഡതക്കു വിരോധമായ തത്വം അന്തർഭവിച്ചിട്ടുണ്ട്. പക്ഷേ, "പർസോപ്പാ" കുഴപ്പം ഇതിനെ ദുർബ്ബലപ്പെടുത്തുന്നു.

മറിയത്തെ ദൈവമാതാവ് എന്നു വിളിക്കാത്തതിൽ താത്വികമായ അബദ്ധം അവർ സ്വീകരിച്ചിരിക്കുന്നതായി തീർത്തു പറഞ്ഞുകൂടാ. എന്തുകൊണ്ടെന്നാൽ "ദൈവം" എന്നതു് പൌരസ്ത്യസുറിയാനിയിൽ "ആലാഹാ" ആണ്. "ആലാഹാ" എന്ന് വിശേഷണം കൂടാതെ പറഞ്ഞാൽ അതു് ത്രിത്വത്തെ ദ്യോതിപ്പിച്ചെന്നു വരാം. തന്നിമിത്തമാണ് തങ്ങൾ "പുത്രനായ ദൈവത്തിന്റെ" അഥവാ "വചനമായ ദൈവത്തിന്റെ" മാതാവ് അഥവാ "മ്ശിഹായുടെ മാതാവ്" എന്നു തിരിച്ചുപറയുന്നതെന്ന് സെലൂക്കിയാ സഭാംഗങ്ങൾ വാദിക്കുന്നുണ്ട്. ഈ കാരണത്താൽ തന്നെയാണ് ദൈവം (ആലാഹാ) പീഡസഹിച്ചു മരിച്ചു എന്നുപറയാതെ, പുത്രനായ ദൈവം, അഥവാ വചനമായ ദൈവം, അഥവാ മ്ശിഹാ പീഡസഹിച്ചു മരിച്ചു എന്നു തങ്ങൾ പറഞ്ഞുവരാറുള്ളതെന്നും അവർ സമർത്ഥിക്കുക പതിവാണ്. പക്ഷേ "പർസോപ്പാ" കുഴപ്പം ഇവിടെയും ഇല്ലാതില്ല. കൂടാതെയും "ദൈവമാതാവ്" എന്നതു് എഫേസൂസ് സൂനഹദോസിനാൽ നിർണ്ണയിക്കപ്പെട്ട ഒരു പദപ്രയോഗവും ആണ്.

വി. കൂറിലോസിനെ ദുഷ്ടനായി പരിഗണിക്കുന്നതും 'നെസ്തോറിസ്, ദിയദോർ, തീയദോർ എന്നിവരെ വിശുദ്ധന്മാരാക്കുന്നതും എഫേസൂസ് ആദിയായ സൂനഹദോസുകൾ സ്വീകരിക്കാതിരിക്കുന്നതും ശരിയല്ല. പക്ഷേ, ഇതിലും കുറെയെല്ലാം ഒഴിവുകഴിവുണ്ടാകുവാൻ പാടുണ്ട്. കാരണം, പ്രക്ഷുബ്ധമായ അന്തരീക്ഷത്തിൽ നിന്നാണ് ഈ ദുർധാരണകൾ സെലൂക്കിയാ സഭാംഗങ്ങളിൽ കടന്നുകൂടിയതു്. അപ്പൊള്ളിനാറിയൻ പാഷണ്ഡതയോടും ഏകസ്വഭാവവാദത്തോടും ഉള്ള ഭയവും, വി. കൂറിലോസിന്റെ സിദ്ധാന്തം ഏകസ്വഭാവവാദം തന്നെയാണെന്നുള്ള വിചാരവും, കുസ്തന്തീനോപ്പോളീസും അലക്സാന്ത്രിയായും തമ്മിലുള്ള ശത്രുതവും, ദിയദോർ, തീയദോർ എന്നിവരിലുള്ള ഭക്തിയും സെലൂക്കിയാസഭാംഗങ്ങളെ വല്ലാതെ വഴിതെററിച്ചിട്ടുണ്ട്. സാങ്കേതികശബ്ദങ്ങളുടെ അവ്യക്തതയും ഗ്രീക്കുപദങ്ങൾക്ക് പൌരസ്ത്യസുറിയാനിയിൽ സിദ്ധിച്ച അർത്ഥഭേദവും ഈ സന്ദർഭത്തിൽ പ്രത്യേകം പരിഗണിക്കപ്പെടേണ്ടവയത്രെ. പുരാതനവിശ്വാസത്തെ ആദരിച്ച ആളാണ് നെസ്തോറീസ് എന്നുള്ള വിചാരം അവരിൽ മുന്നിട്ടു പ്രവർത്തിച്ചിരുന്നു.

എഫേസൂസ് സൂനഹദോസു സ്വീകരിക്കാതിരിക്കുന്നതിനെന്നപോലെ കൽക്കിദോനിയാ ആദിയായ സൂനഹദോസുകൾ സ്വീകരിക്കാതിരിക്കുന്നതിനും തെററിധാരണ അവരിൽ പ്രവൎത്തിച്ചിട്ടുണ്ടു്. ആരംഭത്തിൽ കൽക്കിദോനിയായോട്ട് അവർ വളരെ അനുഭാവം പ്രദശിപ്പിച്ചിരുന്നു. എന്നാൽ 554_ൽ കുസ്തന്തീനോപ്പോളീസിൽവച്ചു് ഈഹിവായുടെ മേൽ പറഞ്ഞ ലേഖനവും, തിയോദോറിം അദ്ദേഹത്തിൻെറ കൃതിയും ശപിക്കപ്പെട്ടപ്പോൾ (15) അവൎക്ക് കൽക്കദോനിയായെപ്പററിയുണ്ടായിരുന്ന മതിപ്പു കുറഞ്ഞുപോയി. എഫേസൂസു സൂനഹദോസും കൽക്കദോനിയാസൂനഹദോസും തിയദോറിനെ ശിക്ഷിച്ചില്ല. കൽക്കിദോനിയായിൽ വച്ചു് ഈഹീവാ എദേസ്സായിൽ പുനഃസ്ഥാപിക്കപ്പെടുകയുമാണ് ചെയ്തതു്. ആകയാൽ കുസ്തന്തീനോപ്പോളീസിൽ വച്ചു് 554_ൽ നടന്നവ സകലതും ഏകസ്വഭാവവാദികളുടെ തന്ത്രങ്ങളുടെ ഫലമാണെന്നു് സെലൂക്കിയാ സഭാംഗങ്ങൾ കരുതി, എങ്കിലും അവൎക്ക കൽക്കിദോനിയാ സൂനഹദോസു സ്വീകരിക്കുന്നതിൽ വലിയ വിഷമതയുണ്ടാകേണ്ടതല്ലായിരുന്നു. അതവർ സ്വീകരിച്ചില്ലെന്നേയുള്ളു. അന്നത്തേക്കാലത്തു സൂനഹദോസുകളുടെ യഥാൎത്ഥാവസ്ഥ ഗ്രഹിച്ചു് അവയെ സ്വീകരിക്കുക ഇന്നത്തെപ്പോലെ അത്ര എളുപ്പമല്ലായിരുന്നു. 325_ൽ നടന്ന സുപ്രസിദ്ധമായ നിക്കിയാസൂനഹദോസ് 410_ൽ മാത്രമേ സെലൂക്കിയായിൽ മുറക്കു സ്വീകരിക്കപ്പെട്ടുള്ളു. (16) 345_നു ശേഷം മരണം പ്രാപിച്ച മെത്രാനും, പണ്ഡിതനും, ഗ്രന്ഥകാരനും, സെലൂക്കിയാ സഭാംഗവും ആയ വി. അഫ്റാത്തു് നിക്കിയാ സൂനഹദോസിനെപ്പററി അറിഞ്ഞിരുന്നില്ല. (17) ഈ സ്ഥിതിക്ക് തെററിദ്ധാരണകൾക്കു മദ്ധ്യേ നടത്തപ്പെട്ട എഫേസൂസ് മുതലായ ആദിമ സൂനഹദോസുകളെപ്പററി സെലൂക്കിയാസഭ വേണ്ടവിധം അറിഞ്ഞു പ്രവൎത്തിക്കാഞ്ഞതിൽ കുറെയെല്ലാം ഒഴിവുകഴിവു കാണുന്നുണ്ടു്. ക്രൈസ്തവ ലോകത്തിൻെറ മററു ഭാഗങ്ങളുമായി സഭാ സംബന്ധമായ ഇടപാടുകൾ വളരെ കുറവായിരുന്നതിനാൽ സെലൂക്കിയാസഭ അതിൻെറ ആശയങ്ങൾ പുരാതനങ്ങളാണെന്നുള്ള ധാരണയോടെ പുരാതന രീതിയിൽതന്നെ പ്രവൎത്തിച്ചിരുന്നു.

ഈ സാഹചൎയ്യങ്ങളെല്ലാം ആലോചിക്കുമ്പോൾ സെലൂക്കിയാസഭയുടെ നെസ്തോറിയത്വത്തെപ്പററി അനുകമ്പാപൂൎവ്വമല്ലാതെ ചിന്തിക്കുവാൻ തരമില്ലെന്നു കാണാവുന്നതാണു്.

(15) Fortescue. O. C. pp. 202, 203.
(16) Ibidem, p. 48.
(17) Ibidem, p. 43.

സെലൂക്കിയാസഭയുടെ നെസ്തോറിയത്വം പച്ച നെസ്തോറിയത്വത്തിൽ നിന്നു് കുറെ വ്യത്യസ്തമാണു്. എങ്കിലും അതും നെസ്തോറിയത്വം തന്നെ. ഈശോയബ് എന്ന സെലൂക്കിയാ പാത്രിയർക്കീസാണു് (586) സെലൂക്കിയാസഭയുടെ നെസ്തോറിയത്വത്തിനു് വ്യവസ്ഥാപിത രൂപം നൽകിയതു്. ഇസ്ലായിലെ ആശ്രമാദ്ധ്യക്ഷനായ ബാബായി (569–628) ഈശോയബിൻെറ സിദ്ധാന്തത്തെ കുറെ മയപ്പെടുത്തിയില്ലയോ എന്നു് സംശയിക്കുവാൻ മാർഗ്ഗമുണ്ടു്. മനുഷ്യാവതാരത്തെപ്പററിയുള്ള ബാബായിയുടെ കൃതി (Book of union) മിക്കവാറും കത്തോലിക്കമാണെന്നും അല്ലെന്നും പറയുന്നവരുണ്ടു്. (18)എതായാലും "നെസ്തോറിയൻ" എന്നറിയപ്പെടുന്ന സെലൂക്കിയാസഭയുടെ വിശ്വാസം ഈശോയബിൻേറതു തന്നെയായി പരിണമിച്ചു. മഹാനായ തിമാത്തെഓസു്, തെഒദോസിയോസു്, മുതലായി പണ്ഡിതന്മാരായ അനേകം പാത്രിയർക്കീസു മാർ സെലൂക്കിയാ സഭയെ ഭരിച്ചെങ്കിലും, ആ സഭയുടെ ഔദ്യോഗിക വിശ്വാസത്തിനു് അവരാരും വ്യത്യാസം വരുത്തിയില്ല. സെലൂക്കിയാ സഭാംഗങ്ങളിൽ ചിലർ പച്ച നെസ്തോറിയത്വം തന്നെ അവരുടെ കൃതികളിൽ എഴുതി പിടിപ്പിച്ചിട്ടുണ്ടെങ്കിൽ അതു് സെലൂക്കിയാ സഭയുടെ ഔദ്യോഗിക വിശ്വാസമായി പരിഗണിക്കാവുന്നതല്ലല്ലോ.

സെലൂക്കിയാസഭ നെസ്തോറിയൻ സഭയെന്നും സെലൂക്കിയാ സഭാംഗങ്ങൾ നെസ്തോറിയൻകാരെന്നും വിളിക്കപ്പെടുന്നതിൻെറ കാരണം ഇപ്പോൾ വിശദമായിട്ടുണ്ടെന്നു കരുതുന്നു.

## എതിർകക്ഷികൾ.

സെലൂക്കിയാസഭയിൽതന്നെ എഫേസൂസു് സൂനഹദോസു സ്വീകരിക്കുകയും വി. സിറീലോസിനെ ആദരിക്കുകയും ചെയ്തിരുന്ന ഒരു കക്ഷിയുണ്ടായിരുന്നു എന്നതു് പ്രത്യേകം പ്രസ്താവ്യമാണു്. എന്നാൽ പ്രബലകക്ഷി എപ്പോഴും അവിടത്തെ പാത്രിയർക്കീസിൻെറ കൂടെ നിന്നിരുന്നതിനാൽ ഈ കക്ഷി എപ്പോഴും ന്യൂനപക്ഷക്കാരായിരുന്നു. പേർഷ്യാ ചക്രവത്തി നെസ്തോറിയൻ കക്ഷിയെ അനുകൂലിച്ചിരുന്നതിനാൽ ന്യൂനകക്ഷി വലിയ പീഡനങ്ങൾ സഹിക്കുവാൻ ഇടയായിട്ടുണ്ടു്.

നിനിവായിലെ ഇസഹാക്കമെത്രാൻ, ഗമ്മേയായിലെ സഹദോനാ, യോഹന്നാൻ സാബാ എന്നിവരായിരുന്നു ന്യൂനകക്ഷിയിലെ പ്രമുഖന്മാർ. ഈശോയബ് എന്ന പത്രിയർക്കീസു് (586) ഇവരെ വളരെ പീഡിപ്പി

(18) Tixeront, o. c. pp. 54—57.

ച്ചിട്ടുണ്ട്. (19) ഏഴാം ശതാബ്ദത്തിൽ ഹെറാക്ലിയസ് ചക്രവർത്തി പേർഷ്യാ ചക്രവർത്തിയുമായി ചെയ്ത ഉടമ്പടിയിൽ ന്യൂനകക്ഷിയിൽ നിന്നു് നെസ്തോറിയൻ കക്ഷി അപഹരിച്ചെടുത്ത പള്ളികളെല്ലാം തിരിച്ചുകൊടുക്കണമെന്നു് ഒരു വ്യവസ്ഥയുണ്ടായിരുന്നു. ഇങ്ങനെ ന്യൂനകക്ഷിക്കു് ചിലപ്പോഴെല്ലാം പ്രാബല്യം സിദ്ധിച്ചിട്ടുണ്ട്. (20)

അന്തിയോക്കിയാ പാത്രിയർക്കീസിന്റെ കീഴിൽ (ഇതു് അന്തിയോക്കിയായിലെ യാക്കോബായ പാത്രിയർക്കീസല്ല ഗ്രീക്കുമൽക്കായ പാത്രിയർക്കീസാണെന്നു് പിന്നീടു വിശദമാക്കുന്നതാണ്.) ഒരു "കാതോലിക്കാ" നെസ്തോറിയൻകാർ അധിവസിച്ചിരുന്ന സ്ഥലങ്ങളിൽ ചുററിനടന്നു് രഹസ്യമായി മെത്രാന്മാരെ അഭിഷേചിച്ചിരുന്നതായി ചരിത്രരേഖയുണ്ട്. 911-ൽ ഇങ്ങനെയൊരു സംഭവം നടന്നപ്പോൾ അന്നത്തെ നെസ്തോറിയൻ പാത്രിയർക്കീസ് ആ കാതോലിക്കായെയും അഭിഷിക്തന്മാരെയും ബന്ധനസ്ഥരാക്കി (21) അന്നു് ഇരുകക്ഷിയും മഹമ്മദീയ ഭരണത്തിൽ ഉൾപ്പെട്ടിരുന്നു. (ഏഴാം ശതാബ്ദത്തോടേയാണ് മഹമ്മദീയഭരണം പൌരസ്ത്യസുറിയാനിക്കാരുടെ മേൽ സ്ഥാപിതമായതു്.)

അപൂർവ്വം ചില ചരിത്രരേഖകളിൽ മാത്രം പ്രത്യക്ഷപ്പെടുന്നു മേൽ പ്രസ്താവിച്ച കാതോലിക്കാ ന്യൂനകക്ഷിയുടെ നേതാവായിരുന്നു എന്നു വേണമെല്ലോ വിചാരിക്കുവാൻ. സെലൂക്കിയാ സഭ അന്തിയോക്കിയാ ബന്ധമുപേക്ഷിച്ച ശേഷം സ്വാദ്ധ്യക്ഷനെ കാതോലിക്കാപദത്തിൽ നിന്നു് പാത്രിയർക്കാപദത്തിലേക്കുയർത്തിയപ്പോൾ, അതിനു പകരം ഒരു കതോലിക്കായെ സൃഷ്ടിക്കുവാനുള്ള അവകാശം അന്തിയോക്കിയാ പാത്രിയർക്കീസിനുണ്ടായിരുന്നു എന്നും നാം ഓർക്കേണ്ടതാണ്. എന്നാൽ 12-ാം ശതാബ്ദത്തിനു ശേഷം ഈ കാതോലിക്കാ ആകട്ടെ മേൽപറഞ്ഞ ന്യൂനകക്ഷിയാകട്ടെ പ്രത്യക്ഷപ്പെടുന്ന ചരിത്രരേഖകൾ അധികം കാണപ്പെടുന്നില്ല. നെസ്തോറിയൻ കക്ഷി അന്നും പ്രാബല്യത്തിൽ ഇരുന്നിരുന്നു. മഹമ്മദീയഭരണാധികാരികളായിരുന്ന കാലിഫ്മാർ നെസ്തോറിയൻകാരുടെ ഉററ സ്നേഹിതന്മാരും ആയിരുന്നു.

പേർഷ്യാസഭ സെലൂക്കിയാസഭയോടു് 12-ാം ശതാബ്ദം വരെ മത്സരിച്ചുകൊണ്ടിരുന്ന സംഗതി മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. കേരളീയസഭയെപ്പററിയുള്ള ഭാഗത്തു് ഈ സംഗതികളെല്ലാം കുറെക്കൂടി വിശദീകരിക്കേണ്ടതായി വരും.

---

(19) Codex vatican. syriac. 157, II: Epistolae Jesuyahbi Adiabeni.
(20) The Catholic Encyclopedia, XI, p. 716.
(21) Le Quien, Oriens Christianus, II. 1086—1088.

പ്രാൎത്ഥന മാത്രം മതിയെന്നു ശഠിച്ചിരുന്ന മ്സലിയാനെ, ഹന്നാൻ എന്നയാളുടെ അനുഗാമികൾ, യാക്കോബായക്കാർ എന്നിവർ സെലൂക്കിയാസഭയുടെ ശത്രുക്കളായിരുന്നു. ഹന്നാന്റെ കക്ഷി കത്തോലിക്കമായിരുന്നു എന്നു പറയുന്നവരുണ്ടു്. യാക്കോബായക്കാൎക്കാണു് ഇവരിൽ എല്ലാവരിലും പ്രാബല്യം സിദ്ധിച്ചതു്.

### യാക്കോബായ വിഭാഗം.

കൽക്കദോനിയാ സൂനഹദോസിൽവച്ചു് 451-ൽ ഏകസ്വഭാവവാദം ശപിക്കപ്പെട്ടെന്നു മുകളിൽ പ്രസ്താവിച്ചതാണല്ലൊ. അതിനെ തുടൎന്നു പ്രത്യക്ഷപ്പെട്ട ഒരു വിഭാഗമാണു് യാക്കോബായക്കാർ. ഇവൎക്കു സ്വന്തമായ ഒരു അന്തിയോക്കിയാപാത്രിയക്കീസും, ഒരു പൌരസ്ത്യകാതോലിക്കാ അഥവാ മപ്രിയാനും ഉണ്ടായിരുന്നു. ഇവർ പേൎഷ്യാസാമ്രാജ്യത്തിൽ കടന്നു അവിടെ ആസ്ഥാനമുറപ്പിച്ചുകൊണ്ടു് സെലൂക്കിയായിലെ നെസ്തോറിയൻ കക്ഷിയോടു് സദാ മത്സരിച്ചിരുന്നു. ഇവർ ഏകസ്വഭാവവാദികളുടെ ഒരു വകഭേദമായതിനാലും പാശ്ചിമസുറിയാനിഭാഷ ആരാധനക്രമത്തിൽ ഉപയോഗിച്ചിരുന്നതിനാലും നെസ്തോറിയൻ കക്ഷിയുടെ പരമശത്രുക്കളായിരുന്നു ഇവരെ സംബന്ധിച്ചു പിന്നീടു പറഞ്ഞുകൊള്ളാം.

### രാഷ്ട്രീയനില.

ആരംഭത്തിൽ സെലൂക്കിയായിലെ നെസ്തോറിയൻകാർ പേൎഷ്യാചക്രവൎത്തിമാരുടെ കീഴിലും പിന്നീടു് ഏഴാം ശതാബ്ദത്തോടെ മഹമ്മദീയരുടെ കീഴിലും ആയിത്തീൎന്നു. 13-ാം ശതാബ്ദത്തിൽ മൊൻഗോളിയൻ ഭരണം അവരുടെമേൽ ചെലുത്തപ്പെട്ടു. 14-ാം ശതാബ്ദത്തിൽ ജെൻഗിസ്ഖാൻ സെലൂക്കിയാസഭാംഗങ്ങളെ പല സ്ഥലങ്ങളിലായി ചിതറിച്ചുകളഞ്ഞു. പാത്രിയക്കീസു് കുർദിസ്ഥാനിൽ അഭയം പ്രാപിച്ചു. പേൎഷ്യാസഭ അതോടെ നാമാവിശേഷമായിതീൎന്നു. മൊൻഗോളിയൻ ഭരണശേഷം തുൎക്കികൾ നെസ്തോറിയന്മാരെ ഭരിച്ചുതുടങ്ങി. 15-ാം ശതാബ്ദത്തിൽ പേൎഷ്യാ മഹമ്മദീയരുടെ ഒരു സ്വതന്ത്രരാജ്യമായിതീൎന്നു അതോടെ നെസ്തോറിയൻകാർ തുൎക്കിരാജ്യത്തും പേൎഷ്യാരാജ്യത്തും ആയി വിഭജിക്കപ്പെട്ടു. ഇതാണു് ക്രാൻകരിശ്രുസ്ത്യം നടന്ന കാലത്തെ നെസ്തോറിയൻ സഭയുടെ നില.

സെലൂക്കിയാ പാത്രിയക്കീസുമാർ 9-ാം ശതാബ്ദത്തിൽ സെലൂക്കിയായിൽ നിന്നു് ബാഗദാദിലേക്കു താമസം മാറ്റി. (22) മൊൻഗോളി

(22) Paulinus, India Orientalis Christiana' p, 254.

യരിൽ നിന്നുണ്ടായ പീഡനങ്ങൾ ഹേതുവാൽ അവർ മൂസൽ, മാർഗാ മുതലായ സ്ഥലങ്ങളിൽ താമസിച്ചിരുന്നു. പേർഷ്യായിലും അവർ താമസിച്ചിട്ടുണ്ട്. അസ്സീറിയാ, മേദിയാ, പേർഷ്യാ, ഇൻഡ്യാ, ററാർട്ടറി, ചൈനാ, സൂറിയാ, പലസ്തീനാ, സൈപ്രസ്, ആദിയായ സ്ഥലങ്ങളിൽ പാത്രിയർക്കീസിന്റെ അധികാരം സ്വീകരിക്കപ്പെട്ടിരുന്നു. (23) പാത്രിയർക്കീസുമാർ തമ്മിലുണ്ടായ ഭിന്നത, അവരുടെ പ്രവർത്തനങ്ങൾ ആദിയായവ തുടർന്നുള്ള അദ്ധ്യായങ്ങളിൽ വിവരിക്കപ്പെടുന്നതാണ്.

സെലൂക്കിയാ സഭ നെസ്തോറിയ ആയതു് റോമ്മായോടു പ്രത്യക്ഷമായി മത്സരിച്ചുകൊണ്ടും, റോമ്മാ അധികാരത്തെ നിഷേധിച്ചുകൊണ്ടും ആണോ എന്നാണ് അടുത്ത അദ്ധ്യായങ്ങളിൽ പരിശോധിക്കപ്പെടുവാനുള്ളതു്.

## "നെസ്തോറിയൻകാർ" എന്ന സംജ്ഞ.

"നെസ്തോറിൻകാർ" എന്ന സംജ്ഞയിൽ സെലൂക്കിയാ സഭാംഗങ്ങൾ പലരും പരിഭവം പ്രദർശിപ്പിച്ചിട്ടുണ്ട്. ഈ കൂട്ടരുടെ അഭിപ്രായത്തിൽ നെസ്തോറിസ് സെലൂക്കിയരുടെ സിദ്ധാന്തം സ്വീകരിച്ചതല്ലാതെ സെലൂക്കിയർ നെസ്തോറീസിന്റെ സിദ്ധാന്തം സ്വീകരിച്ചതല്ലത്രെ. ദീയസ്കോറോസാണുപോൽ സെലൂക്കിയർ നെസ്തോറിയൻകാരാണെന്നു പറഞ്ഞു പരത്തിയതു്. അതു് അവർ ഏകസ്വഭാവവാദം സ്വീകരിക്കാഞ്ഞതിനാലായിരുന്നു എന്നും പറയപ്പെടുന്നു. തങ്ങളുടെ സഭയെ ഭരിക്കുകയോ, തങ്ങളുടെ ഭാഷ സംസാരിക്കുകയോ പഠിക്കുകയോ ചെയ്തിട്ടില്ലാത്ത ഒരു ഗ്രീക്കുകാരന്റെ അനുയായികളായി തങ്ങൾ കരുതപ്പെടുക സങ്കടകരമാണെന്നു ഈ കൂട്ടരിൽ പ്രമുഖന്മാരായ നസീവിനിലെ അവുദീശോയും അമ്രൂം അഭിപ്രായപ്പെടുന്നു. (24) അക്കാക്കിയൂസ് എന്ന പാത്രിയർക്കീസ് നെസ്തോറീസിനെപ്പറ്റി കേൾക്കുകപോലും ചെയ്തിട്ടില്ലെന്നു് പാശ്ചാത്യ മെത്രാന്മാരോടു പ്രസ്താവിക്കുകയുണ്ടായി. (25) എന്നാൽ നെസ്തോറിയൻ സംജ്ഞ സസന്തോഷം സ്വീകരിച്ചിരുന്നവരും അവരിലുണ്ടായിരുന്നു. (26) നെസ്തോറീസിന്റെ അബദ്ധം ഉപേക്ഷിക്കുവാൻ മനസ്സില്ലാതെ അദ്ദേഹത്തിന്റെ നാമത്താൽ വിളിക്കപ്പെടുക അപമാനകരമെന്നു കരുതിയവരാണ് ആ സംജ്ഞയെപ്പറ്റി പരാതി പാ

(23) Joseph David, Antiqua Eccl. Syro-chal. Traditio...p. 84.
(24) Amr' in libro Turris Pars 2. Praef. 2.
(25) Assemani B. O. II. pp. 226-227.
(26) Ibidem. pp. 225-226.

യുന്നതെന്നു് അസ്സെമാനി അഭിപ്രായപ്പെടുന്നു. (27) ദീയദോർ, തിയദോർ, നെസ്തോറീസു് എന്നിവരുടെ സിദ്ധാന്തം സ്വീകരിച്ചവരാണു് നെസ്തോറിയൻ കാരെന്നു വിളിക്കപ്പെടുന്നവരെന്നു നമുക്കറിയാവുന്നതാണല്ലോ. (28) ഏതായാലും നെസ്തോറിയൻ മനഃസ്ഥിതി മനസ്സിലാക്കുവാൻ ഇവയെല്ലാം സഹായകങ്ങളാണു്.

---

# അഞ്ചാം അദ്ധ്യായം.

---

## സെലൂക്കിയാസഭയും റോമ്മാ അധികാരവും. (൧)

---

### സഭാഘടനയിലുള്ള വിശ്വാസം.

സെലൂക്കിയാ സഭ ഏതു വിധത്തിലാണു് നെസ്തോറിയ ആയിത്തീർന്നതെന്നു നാം കണ്ടു. "നെസ്തോറിയൻ സഭ" എന്ന സംജ്ഞ അതിനു മാത്രം സ്വന്തമായി തീർന്ന എന്നതും പ്രസ്താവ്യമാണു്. എന്നാൽ ആ സഭയുടെ നെസ്തോറിയത്വം, സത്യ സഭയുടെ ഘടന സംബന്ധിച്ചു് അതിനുണ്ടായിരുന്ന സജീവമായ വിശ്വാസത്തെ നശിപ്പിച്ചോ എന്നാണു് ഇവിടെ പരിശോധിക്കുവാനുള്ളതു്. നെസ്തോറിയത്വം സെലൂക്കിയാ സഭയിൽ പ്രചരിപ്പിച്ചവരാരും മാർപ്പാപ്പായുടെയോ, പത്രോസിന്റെയോ പരമാധികാരത്തെ നിഷേധിക്കയോ, അതിനു വിരോധമായി പ്രചാരണവേല നടത്തുകയോ ചെയ്തിട്ടില്ല. തന്നെയുമല്ല അവരിൽ പലരും അതു സ്വീകരിച്ചിരുന്നവരുമാണു്. അതു സംബന്ധമായി യാതൊന്നും സെലൂക്കിയാസഭയിൽ നൂതനമായി നടന്നില്ലാ എന്നതു് പ്രത്യേകം പ്രസ്താവ്യമത്രേ. നെസ്തോറീസു പോലും "ദമ്മേസാക്കിലെ ഹെറാക്ലിദെസിന്റെ പുസ്തകം" എന്ന തന്റെ കൃതിയിൽ മാർപ്പാപ്പായുടെ പരമാധികാരം പരോക്ഷമായി സമ്മതിച്ചിട്ടുണ്ടു്. ഈ കൃതി അതിന്റെ പൌ

---

(27) Ibidem, III. Pars 2. pp- 75 sqq.

(28) അഞ്ചാം പൌലോസു് മാർപ്പാപ്പാ ഇതു തന്നെ സ്ഥാപിച്ചു പറയുന്നുമുണ്ടു്

രസ്ത്യ സുറിയാനി വിവർത്തനത്തിൽ സെലൂക്കിയാ സഭയിൽ അറിയപ്പെട്ടുമിരുന്നു. "തെഗ്ഗർത്താദ് ഹെറാക്ലിദിസ്" (ഹെറാക്ലിദിസിന്റെ വ്യാപാരം) എന്നാണ് പൌരസ്ത്യ സുറിയാനിയിൽ ഈ കൃതിക്കു ലഭിച്ചിരുന്ന നാമധേയം. (1)

## പത്രോസിന്റെ പരമാധികാരം.

പുരാതന കാലം മുതൽ സെലൂക്കിയായിലെ നെസ്തോറിയൻ സഭ ഉപയോഗിച്ചു വരുന്ന "ഗസ്സാ" എന്ന പ്രാർത്ഥനാപ്പുസ്തകത്തിൽ വി. പത്രോസിനെപ്പറ്റി ഇങ്ങനെ കാണുന്നു:—

"അല്ലയോ ബുദ്ധിമാനായ ശില്പി, സ്ഥാപകാ, അല്ലയോ കേപ്പാ, അങ്ങെയുടെ നാഥൻ അങ്ങേക്ക് ആദ്ധ്യാത്മികഭണ്ഡാഗാരത്തിന്റെ താക്കോലുകൾ പ്രദാനം ചെയ്തുവല്ലോ. അതു്, ഭൂമിയിലും സ്വർഗ്ഗത്തിലും ഉള്ള സമസ്തവും കെട്ടുവാനും അഴിക്കുവാനും ആണ്. ഉയരത്തിന്റേയും ആഴത്തിന്റേയും താക്കോലുകൾ സ്വീകരിച്ചിരിക്കുന്നവനായ ശെമഓൻകേപ്പാ! പത്രോസ്, ശ്ലീഹന്മാരുടെ തലവനും സഭയുടെ സ്ഥാപകനും ആകുന്നു. പത്രോസേ, നീ ഭാഗ്യവാൻ, എന്തുകൊണ്ടെന്നാൽ നീയാകുന്നു അടിസ്ഥാനം. തലവനായ പത്രോസും തിരിഞ്ഞെടുക്കപ്പെട്ടവയായ പൌലോസും സഭയിൽ ഐക്യം സ്ഥാപിച്ചു. സഭ പത്രോസിന്റെ പൌരോഹിത്യത്താൽ സമ്പൽസമൃദ്ധമാക്കപ്പെട്ടു. ശിഷ്യന്മാരുടെ തലവനായ ബർയോനാ ശെമഓന്റെമേൽ നമ്മുടെ കർത്താവു് തന്റെ വിശുദ്ധ സഭയെ സ്ഥാപിച്ചു. ശ്ലീഹന്മാരുടെ തലവനായ ശെമഓൻ സ്വീകരിച്ച കൃപാവരം എല്ലാക്കാലത്തും തുടർന്നു പരിലസിച്ചുകൊണ്ടു് വിശ്വാസികളെ പുണ്യരാക്കുകയും കൂദാശകളുടെ ശുശ്രൂഷക്കായി പുരോഹിതന്മാരെ തിരിഞ്ഞെടുക്കുകയും, അവർ മുഖേന എല്ലാ ശക്തികളും, അടയാളങ്ങളും പ്രവർത്തിക്കുകയും ചെയ്യുന്നു. ബർയോനാ ശെമഓനേ, നീ ഭാഗ്യവാനാകുന്നു. എന്തുകൊണ്ടെന്നാൽ ജീവനുള്ള ആ വായ് സ്ഥാപിച്ചുപറഞ്ഞിരിക്കുന്നതു് "നീ ഭാഗ്യവാൻ, നിന്റെമേൽ എന്റെ വിശുദ്ധ സഭയെ ഞാൻ സ്ഥാപിച്ചുറപ്പിക്കും" എന്നാകുന്നു "നീ കേപ്പാ

---

(1) ഈ കൃതി നെസ്തോറിസിന്റേതാണെന്നാണ് പൊതുവേ വിശ്വസിച്ചുപോരുന്നതു്. അദ്ദേഹം തന്നെയാണ് ഇതിന്റെ കർത്താവെന്നു് തീർത്തു പറയാവുന്നതല്ല. എന്നാൽ സെലൂക്കിയാസഭാംഗങ്ങൾക്കു് ഈ വിഷയത്തിൽ യാതൊരു സംശയവുമില്ലായിരുന്നു. ഇതിന്റെ രചിതാവു് നെസ്തോറിസു തന്നെയാണെന്നു് അവർ വിശ്വസിച്ചിരുന്നു.

എന്നു വിളിക്കപ്പെടുമെന്നും, അവന്റെമേൽ (നിന്റെമേൽ) വിശുദ്ധ സഭ സ്ഥാപിക്കുമെന്നും," ജീവനുള്ള ആ വായ് പ്രസ്താവിച്ചതു് ആരെപ്പററിയാണോ, വാസ്തവത്തിൽ ആ കേപ്പാ തന്നെയാണു് ഇവൻ ഇവൻ വി. ശെമഓൻ തന്നെ. ഇവന്റെമേൽ ഉറപ്പിച്ചു് അടിസ്ഥാനപ്പെടുത്തിയിരിക്കുന്ന സഭക്കു വിരോധമായി രാജാക്കന്മാരോ, ബലവാന്മാരോ പ്രബലപ്പെടുകയില്ല. താഴെ ഭൂമിയിലും, മുകളിൽ സ്വർഗ്ഗത്തിലും, ഉള്ള സഭമേൽ നമ്മുടെ രക്ഷകൻ അധികാരം കൊടുത്ത വി. ശെമഓൻ ഇവനാകുന്നു. തന്റെ കല്പനയാൽ കെട്ടുവാനും അഴിക്കുവാനും ഉയരത്തിന്റേയും ആഴത്തിന്റേയും താക്കോലുകൾ നമ്മുടെ ദിവ്യരക്ഷകനാൽ ആർക്കു ഭരമേല്പിക്കപ്പെട്ടുവോ ആ വി. പത്രോസാകുന്നു ഇവൻ." (1b)

മ്ശിഹാ തന്റെ സഭയെ പത്രോസിന്റെമേൽ സ്ഥാപിച്ചുവെന്നും, തദ്വാരാ പത്രോസിനു സഭയിൽ പരമാധികാരമുണ്ടെന്നും ഉള്ള കത്തോലിക്കാ സിദ്ധാന്തം നെസ്തോറിയൻ സഭ ഔദ്യോഗികമായി സ്വീകരിക്കുന്നു എന്നതിനു് ഇതിൽ കൂടുതൽ തെളിവു് ആവശ്യമില്ല തന്നെ. നെസ്തോറിയവാദത്തിൽ നിപതിക്കുന്നതിനു മുമ്പും അതിന്റെ ശേഷവും ആ സഭ ഈ വിധത്തിൽ വിശ്വസിച്ചിരുന്നു.

നിഖിയാ കാനോനാകൾ അഥവാ അറബി കാനോനാകൾ എന്നറിയപ്പെടുന്ന രേഖകളിൽ ഒന്നിലധികം പ്രാവശ്യം പത്രോസിന്റെ പരമാധികാരം അനിഷേധ്യമായി സമ്മതിക്കപ്പെട്ടിട്ടുണ്ടു്. ഈ കാനോനാകൾ നെസ്തോറിയൻ സഭയുടെ പ്രാമാണ്യമേറിയ രേഖകളാണു്. (ഇതു സംബന്ധമായി പിന്നീടു്)

424-ൽ ദാദീശോയുടെ കീഴിൽ മർക്കബ്ത്തായിൽ കൂടിയ സൂനഹദോസിൽവച്ചു് അഗാപ്പിത്തൂസ് മെത്രാൻ പറഞ്ഞതു കേട്ടാലും:— "....ശിഷ്യന്മാർ ഉയർന്നു് അവരുടെ ഗുരുവിനെ വിധിക്കുക ന്യായവിരുദ്ധമാണു്.... വിശുദ്ധ സഭയിൽ എല്ലാ പൂർണ്ണതകളും ഉണ്ടായിരിക്കേണ്ടതാണു്. സത്യവാനായ പിതാവു് ഏകനും, രക്ഷകനായ മ്ശിഹാ ഏകനും, ആശ്വാസപ്രദായകനായ അവന്റെ ആത്മാവു് ഏകനും ആയിരിക്കുന്നതുപോലെ, വിശ്വസ്തനായ ഭണ്ഡാഗാരസംരക്ഷകനും ഏകൻ തന്നെ. അതു്, കേപ്പാ എന്നു വിളിക്കപ്പെടുന്ന ബർയോനാ ശെമഓൻ ആകുന്നു "ഈ കേപ്പാമേൽ ഞാൻ എന്റെ സഭയെ സ്ഥാപിക്കും. നിനക്കു സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ തരുന്നതാണു്." എന്നു് ഇദ്ദേഹത്തോടാണു് വാഗ്ദാനം ചെയ്യപ്പെട്ടതു് "നിങ്ങളുടെമേൽ ഞാൻ

---

(1b) വി. പത്രോസ് ശ്ലീഹായുടെ തിരുനാൾ.

സ്ഥാപിക്കും. നിങ്ങൾക്കു ഞാൻ തരുന്നതാണു്." എന്നു് എല്ലാ ശിഷ്യന്മാരോടും മ്ശിഹാ അരുൾ ചെയ്തില്ല. പൌരോഹിത്യദാനം എല്ലാ ശ്ലീഹന്മാൎക്കും നൽകപ്പെട്ടെങ്കിലും, ആദ്ധ്യാത്മിക പിതൃസ്ഥാനമായ ഏക മേധാവിത്വം (രേശാന്തൂസാ) എല്ലാവരിലുമല്ല, പ്രത്യു, വിശ്വസ്തനായ ഏക ഭരണാധികാരിയിൽ അതു ഇരിക്കത്തക്കവണ്ണം ഏൎപ്പാടു ചെയ്യപ്പെട്ടു...."(2)

ഈ സൂനഹദോസിൽ വച്ചാണു് സെലൂക്കിയാ അന്തിയോക്കിയാ ബന്ധം ത്യജിച്ചതെന്നും നാം കണ്ടതാണല്ലോ. ഈ സൂനഹദോസും ഇതിന്റെ നിശ്ചയങ്ങളും സെലൂക്കിയാ സഭ എന്നും (നെസ്തോറിയത്വത്തിൽ നിപതിച്ച ശേഷവും) വളരെ കാൎയ്യമായിട്ടാണു് കരുതിയിട്ടുള്ളതു്.

"ഹൂദറാ" നമസ്കാരത്തിൽ "ദഹവാ" വെള്ളിയാഴ്ച നെസ്തോറിയൻ സഭ ഇങ്ങനെ പാടുന്നു: "അവന്റെ കൎത്താവു് അവനോടു കല്പിച്ചു പറഞ്ഞു; യോനായുടെ പുത്രനായ ശെമഓനെ, നിന്റെമേൽ എന്റെ സഭയെ ഞാൻ സ്ഥാപിക്കും. ഉയരത്തിന്റേയും ആഴത്തിന്റേയും താക്കോലുകൾ നിനക്കു ഞാൻ തരുന്നതാണു്. അതു്, അനുതപിക്കുന്നവൎക്കു് നീ വാതിൽ തുറന്നു കൊടുക്കുവാൻ തന്നെ."

ഈ വിധത്തിൽ നെസ്തോറിയൻ രേഖകൾ എത്രയെങ്കിലും ഇവിടെ ഉദ്ധരിക്കാം. (3) അന്തിയോക്കിയായിൽ നിന്നു ഭിന്നിക്കുന്നതിനു മുമ്പും അതിന്റെ ശേഷവും, നെസ്തോറിയത്വത്തിനു വശഗയായപ്പോഴും സെലൂക്കിയാ സഭ പത്രോസിന്റെ പരമാധികാരത്തിൽ കത്തോലിക്കരെപ്പോലെ തന്നെ വിശ്വസിച്ചിരുന്നു എന്നു് ഈ രേഖകളെല്ലാം മുക്തകണ്ഠം ഘോഷിക്കുന്നു.

ശ്ലീഹന്മാരുടെ മേൽ സഭ സ്ഥാപിക്കപ്പെട്ടു ശ്ലീഹന്മാർ കെട്ടുവാനും അഴിക്കുവാനും അധികാരം പ്രാപിച്ചു എന്നെല്ലാം ചില നെസ്തോറിയൻ രേഖകളിൽ കാണുന്നതു് പത്രോസിന്റെ പരമാധികാരത്തിനു വിരുദ്ധമല്ലെന്നു് മേലുദ്ധരിച്ച രേഖകൾ തന്നെ വിശദീകരിക്കുന്നുണ്ടു്. എല്ലാവരോടുമല്ല ഒരാളോടു മാത്രമേ അരുൾ ചെയ്യപ്പെട്ടിട്ടുള്ളു എന്നും മററുമുള്ളവ മേലുദ്ധരിച്ച രേഖകളിലെ ശ്രദ്ധേയങ്ങളായ ഭാഗങ്ങളാകുന്നു. പരമാധികാരിയായ പത്രോസുൾപ്പെട്ട ശ്ലീഹന്മാരെ ഉദ്ദേശിച്ചുകൊണ്ടു, ശ്ലീഹന്മാരുടെമേൽ സഭ സ്ഥാപിക്കപ്പെട്ടു, ശ്ലീഹന്മാർ കെട്ടുവാനും അ

(2) Khayyath. o. c. p. 5, note 1.
(3) Cf. Khayyath; Joseph David; C. B. Benni, opera citata.

ഴിക്കുവാനും അധികാരം പ്രാപിച്ചു എന്നെല്ലാം പറയാവുന്നതാണ്. പത്രോസിനെ കൂടാതെ ശ്ലീഹന്മാർ പ്രസ്തുത സ്ഥാനാധികാരങ്ങൾ പ്രാപിച്ചെന്നോ, അവരിൽ ഓരോരുത്തനും അവ പരിപൂർണ്ണാവസ്ഥയിൽ ഉണ്ടായിരുന്നെന്നോ നെസ്തോറിയൻ രേഖകൾ പ്രസ്താവിക്കുന്നില്ല. പത്രോസിന് തനിച്ചു പ്രസ്തുത സ്ഥാനമാനങ്ങളുണ്ടെന്നു തിരിച്ചും തെളിവായും പ്രസ്താവിക്കുന്നതോടുകൂടി പരമാധികാരിയായ പത്രോസിനെ മാററി നിറുത്താതെ ശ്ലീഹന്മാരെ എല്ലാവരേയും പററി അതേ പ്രസ്താവം ചെയ്യുക പത്രോസിന്റെ പരമാധികാരത്തെ നിഷേധിക്കുകയല്ല, പ്രത്യുത സ്ഥാപിക്കുകയാണ്. താഴെ ഉദ്ധരിക്കുവാനിരിക്കുന്ന രേഖകൾ പത്രോസിന്റെ പരമാധികാരത്തെ കൂടുതൽ വിശദീകരിക്കുന്നവയാകയാൽ ഇതു സംബന്ധമായി ഇത്രയും പ്രസ്താവിച്ചതു ധാരാളം മതിയാകുന്നതാണ്.

## മാപ്പാപ്പായുടെ പരമാധികാരം.

പരമാധികാരം പത്രോസിന്റെ മരണത്തോടുകൂടി അവസാനിക്കാതെ, പത്രോസിന്റെ പിൻഗാമികായ റോമ്മാ മാപ്പാപ്പാമാരിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്നു എന്നാണല്ലോ കത്തോലിക്കരുടെ വിശ്വാസം. ഇതിലും നെസ്തോറിയൻ സഭ (സെലൂക്കിയാസഭ) കത്തോലിക്കരോടു യോജിക്കുന്നുണ്ടോ എന്നു പരിശോധിക്കാം. ആ സഭയുടെ ഔദ്യോഗിക പ്രഖ്യാപനങ്ങൾ കേട്ടുകൊള്ളുക. (3 b)

## നർസൈ.

സുപ്രസിദ്ധനായ നർസൈ പറയുന്നു: "ശെമഓൻ റോമ്മാക്കാരുടെയിടയിൽ ഒരു പുതിയ സുവിശേഷം പ്രസംഗിച്ചു.... മീൻ പിടിക്കുന്ന മീൻപിടുത്തക്കാരൻ ഒന്നാമതായി പുറജാതികളെ പിടിക്കുവാൻ പുറപ്പെട്ടു. അദ്ദേഹം വലയിറക്കി പട്ടണങ്ങളുടെ മാതാവിനെ പിടിച്ചു. ശിഷ്യന്മാരുടെ തലവൻ ഒന്നാമത്തെ പട്ടണത്തെ പിടിച്ച് അവളെ വിശ്വാസത്തിന്റെ കോട്ടകൾക്കുള്ളിൽ സൂക്ഷിച്ചു. പുത്രൻ ദൈവപുത്രനാണെന്ന് ഒന്നാമതായി ഏററുപറഞ്ഞ ആ ഒന്നാമൻ പുറജാതികളുടെ മാന

(3 b) മാർപ്പാപ്പായുടെ പരമാധികാരം സംബന്ധിച്ച് നെസ്തോറിസു ചെയ്തിട്ടുള്ള പ്രസ്താവനകൾ സെലൂക്കിയാസഭയുടെ ഔദ്യോഗിക പ്രസ്താവനകളല്ലാത്തതിനാൽ അവയെ ഇവിടെ ഹാജരാക്കുന്നില്ല. സെലൂക്കിയാസഭയെപ്പററിയുള്ള പ്രസ്താവനകൾ അവസാനിക്കുന്നിടത്ത് അവ സംബന്ധിച്ചു പ്രസ്താവിച്ചുകൊള്ളാം.

സാന്തരത്തിനായി ഒന്നാമതായി ബലിയർപ്പിച്ചു... അദ്ദേഹം റോമ്മായിൽ നിലവിളിച്ചു. വിഗ്രഹാരാധനയുടെ ഭവനങ്ങളെ കുലുക്കി ...”(4)

വീണ്ടും: “....ഒരു പുതിയ ശബ്ദത്താൽ ശെമഓൻ റോമ്മായെ മുഴക്കി ....പട്ടണങ്ങളുടെ മാതാവു് ശിഷ്യന്മാരുടെ പ്രഭുവിനെ സമീപിച്ചു. അദ്ദേഹമോ തലയിലെന്നപോലെ അവളിൽ വിശ്വാസത്തിന്റെ കല്ലുകളെ സ്ഥാപിച്ചു. (വക് ദബ്റേശാ ക്ബാ ബാ ഐനെദ്വൈറമ്മാനൂസാ) (5)”

വീണ്ടും: “പത്രോസിനേയും പൌലോസിനേയും ഭയപ്പെടുത്തുവാൻ നീറോ ഒരു സിംഹത്തെപോലെ അലറി. എന്നാൽ വായുവിൽ പറക്കുന്ന ഒരു കൊതുകിനു സമം അവർ അവനെ പരിഗണിച്ചു.. രണ്ടു സ്നേഹസഹോദരന്മാരായ പത്രോസും പൌലോസും കൊല്ലപ്പെടണമെന്നു് എറ്റം ധിക്കാരിയും ശപിക്കപ്പെട്ടവനും ആയ നീറോ കല്പിച്ചു.” (6)

ശ്ലീഹന്മാരുടെ തലവനായ പത്രോസു് റോമ്മായിൽ പോയെന്നും, അവിടെ മരിച്ചെന്നും, <u>വിശ്വാസത്തിന്റെ കല്ലുകളെ തലയിലെന്നപോലെ അവിടെ സ്ഥാപിച്ചെന്നും</u> നർസൈ വ്യക്തമായി പ്രസ്താവിക്കുന്നു. നെസ്തോറിയൻ പാഷണ്ഡത സെലൂക്കിയാ സഭയിൽ പ്രചരിപ്പിച്ചവരിൽ പ്രമുഖനാണല്ലോ നർസൈ. പരിശുദ്ധാത്മാവിന്റെ കിന്നരം, പൌരസ്ത്യദിക്കിന്റെ നാവു്, ക്രിസ്തുമതത്തിന്റെ കവി എന്നെല്ലാമാണു് നെസ്തോറിയൻകാർ നർസൈയെ അഭിസംബോധനം ചെയ്യുന്നതു്. നർസൈയെ പോലെയുള്ള നെസ്തോറിയൻ പ്രേഷിതന്മാർ മാർപ്പാപ്പായുടെ പരമാധികാരത്തിനു വിരോധമായി യാതൊന്നും സെലൂക്കിയാസഭയിൽ പ്രചരിപ്പിച്ചില്ലെന്നു് ഇതിൽനിന്നു വ്യക്തമാകുന്നു. അതുമല്ല, പത്രോസിന്റെയും മാർപ്പായുടെയും പരമാധികാരം അവർ വ്യക്തമായി പഠിപ്പിക്കുകയാണു് ചെയ്തിട്ടുള്ളതു്. ആകയാൽ റോമ്മാ അധികാരത്തെ സമ്മതിച്ചുകൊണ്ടാണു് സെലൂക്കിയാസഭ നെസ്തോറിയതത്വത്തിൽ നിപതിച്ചതെന്നു സിദ്ധിക്കുന്നു. നെസ്തോറിയതത്വം സ്വീകരിക്കുക റോമ്മാ ഐക്യം നിഷേധിക്കുകയാണെന്നുള്ള ധാരണ ആ സഭയിലുണ്ടായിരുന്നെങ്കിൽ റോമ്മാ മാർപ്പാപ്പായെപ്പററിയുള്ള പ്രസ്തുത പ്രസ്താവന ആ സഭയുടെ ഒരു പ്രശംസാപാത്രത്തിൽനിന്നു പുറപ്പെടുകയില്ലായിരുന്നു. നർസൈയുടെ ആശയംതന്നെ ഗസ്സാ ഗ്രന്ഥം എ

(4) Sermo de Evangelistis, D. I.
(5) Sermo de Pentecoste, D. 2.
(6) പത്രോസിന്റെയും പൌലോസിന്റെയും തിരുനാൾ നമസ്കാരം.

ടുത്തു പറയുന്നുണ്ടു്. ആശയം ഒന്നുതന്നെയാകയാൽ ആ ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കാതെ വിട്ടുകളയുന്നു.

ബാബായി.

ഇസ്ലായിലെ ആശ്രമാദ്ധ്യക്ഷനായ ബാബായി ഏകസ്വഭാവവാദികളായ ദീയസ്ക്കോറോസിനേയും അനുയായികളെയും പററി പറയുന്നു: "വലിയവനായ പത്രോസിന്റെ സിംഹാസനം പ്രാപിച്ചിരിക്കുന്നവനും വിസ്മയഹേതുകനും ആയ ലേഓൻ മൂലമേ അവരും അവരുടെ അനുയായികളും കഷ്ടാൽകഷ്ടതരമായി (ബീശ്ബീശ്) നശിച്ചു." (6) നോക്കുക, റോമ്മായിലെ ലേഓൻ മാർപ്പാപ്പായെപ്പററി ബാബായിക്കുള്ള ധാരണ അദ്ദേഹം വി. പത്രോസിന്റെ പിൻഗാമിയാണെന്നത്രെ. ഏകസ്വഭാവവാദത്തോടുള്ള ശത്രുത്വം ഈ വിധത്തിൽ നെസ്തോറിയമതത്തിൽ ഉറക്കുന്നതിനു് സെലൂക്കിയരെ പ്രേരിപ്പിച്ചിട്ടുണ്ടു്.

ഹൂദറാ.

സെലൂക്കിയായിലെ നെസ്തോറിയൻസഭ ഉപയോഗിക്കുന്ന "ഹൂദറാ" നമസ്ക്കാരത്തിൽ ഇങ്ങനെ കാണുന്നു: "റോമ്മാ പറയുന്നു: സഭ നിത്യമായി സ്ഥാപിക്കപ്പെട്ടു. രാജാക്കന്മാരാലോ ശക്തികളാലോ അതു ജയിക്കപ്പെടുകയില്ല." (7)

പാതാളവാതിലുകൾ സഭക്കു വിരോധമായി പ്രബലപ്പെടുകയില്ല എന്നു് വി. പത്രോസിനോടു ചെയ്യപ്പെട്ട വാഗ്ദാനമാണു് "രാജാക്കന്മാരാലോ ശക്തികളാലോ അതു ജയിക്കപ്പെടുകയില്ല" എന്ന വാക്യത്തിൽ സൂചിപ്പിക്കപ്പെടുന്നതു്. സഭ നശിക്കുകയില്ലെന്നു് ഈ വിധത്തിൽ പറയുന്നതു് റോമ്മായാണു്. പത്രോസിനു ലഭിച്ച വാഗ്ദാനം റോമ്മാ എടുത്തു പറയുന്നതു സൂക്ഷിച്ചാലും.

ഈശോയബ്.

"ഹൂദറാ" നമസ്ക്കാരം ക്രമപ്പെടുത്തിയ അദിയാബേനിലെ ഈശോയബു് എന്ന നെസ്തോറിയൻ പാത്രിയർക്കീസ് (6–ാം ശതാബ്ദം) ഇങ്ങനെ പറയുന്നു: "റോമ്മായിലെ (പാത്രിയർക്കീസ്) ശ്ലീഹന്മാരുടെ ക്രമപ്രകാരം.......തലവനായിരിക്കണം. വലിയ റോമ്മായിക്കു് പ്രഥമസ്ഥാനവും പാത്രിയാർക്കാമേധാവിത്വവും നൽകപ്പെട്ടു. (കദ്മൂസ് റേശാനൂസ് പാത്രിയാർക്കാസാ)" (8)

---

(6) മനുഷ്യാവതാരം സംബന്ധിച്ചുള്ള പുസ്തകം III. അ IX.

(7) പള്ളിക്കൂദാശയുടെ മൂന്നാംഞായർ

(8) De quatuor Patriarchis, Cod. Vatican, Syr. 43, p. 101. apud C. B. Benni, o. c.

വീണ്ടും: "ഭാഗ്യവാനായ പത്രോസിനു് സഭ മുഴുവനിലും എന്നതുപോലെയാണു് റോമ്മാപാത്രിയക്കീസിനു് എല്ലാ പാത്രിയക്കീസുമാരുടെ മേലുമുള്ള അധികാരം. എന്തുകൊണ്ടെന്നാൽ റോമ്മായിൽ വസിക്കുന്നവൻ സഭ മുഴുവനിലും പത്രോസിന്റെ സ്ഥാനമുള്ളവനാകുന്നു" (9)

എഫേസൂസു സൂനഹദോസിനേയും, വി. കൂറിലോസിനേയും ആദരിച്ച സഹദോനാ ആദിയായവരെ പീഡിപ്പിച്ച ഈശോയബു് ഇദ്ദേഹം തന്നെയായിരുന്നു എന്നു് നാം അറിഞ്ഞിരിക്കണം. സെലൂക്കിയാസഭയുടെ നെസ്തോറിയത്വത്തിനു് വ്യവസ്ഥാപിതരൂപം നൽകിയ ഈശോയബും ഇദ്ദേഹം തന്നെയാണു്. ഇതിൽ നിന്നു് റോമ്മാ അധികാരം സംബന്ധിച്ചു് സെലൂക്കിയാസഭ സ്വീകരിച്ചിരുന്ന നില എന്തായിരുന്നു എന്നു് നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണല്ലൊ.

## നിക്കിയാ കാനോനാകൾ.

നിക്കിയാ കാനോനാകൾ അഥവാ അറബി കാനോനാകൾ എന്നറിയപ്പെടുന്നവയിലെ ആശയവും ഇതുവരെ പ്രസ്താവിച്ചതിൽ നിന്നു വ്യത്യസ്തമല്ല. രണ്ടാം കാനോനാ: "ലോകം മുഴുവനിലും നാലു പാത്രിയക്കീസുമാരുണ്ടായിരിക്കണമെന്നു് സാർവ്വത്രികസൂനഹദോസു തീരുമാനിച്ചിരിക്കുന്നു......ഇവരുടെ തലവൻ, ശ്ലീഹന്മാർ തങ്ങളുടെ നിയമങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതുപോലെ, റോമ്മാ പാത്രിയക്കീസായിരിക്കണം" (10)

എട്ടാം കാനോനാ: "ഒരു പാത്രിയക്കീസിനു് തന്റെ ഭരണീയരുടെ മേൽ ഇഷ്ടമുള്ളപ്രകാരം ന്യായപൂർവ്വം അധികാരം പ്രവർത്തിക്കാമെന്നതുപോലെ, റോമ്മാ പാത്രിയക്കീസിനു് എല്ലാപാത്രിയക്കീസുമാരുടെ മേലും അധികാരമുണ്ടു്. ഇതു് സാർവ്വത്രികസഭയിൽ ഭാഗ്യവാനായ പത്രോസിനുണ്ടായിരുന്നതുപോലെ തന്നെയാണു്." (11)

അറബികാനോനാകൾ വാസ്തവത്തിൽ നിക്കിയാസൂനഹദോസിന്റെയല്ലെങ്കിലും വളരെ പുരാതനങ്ങളും നെസ്തോറിയൻ നിയമസംഹിതയിൽ ഏറ്റം പ്രധാനമായ സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നവയും ആണു്. 410-ൽ സെലൂക്കിയായിൽ സമ്മേളിച്ച സൂനഹദോസിന്റെ കാലത്തു് ഇവ പൌരസ്ത്യസുറിയാനിഭാഷയിലേക്കു് വിവർത്തനം ചെയ്യപ്പെട്ടു എന്നു് നെസ്തോറിയൻകാർ വിശ്വസിച്ചിരുന്നു. (12) ഇവക്കു്

---

(9) De Patrirachae auctoritate, ibidem.

(10) Codex de Prop. Fide. Syr 27, p, 6. apud C. B. Benni, o. c

(11) Ibidem , p. 10.

(12) Khayyath, o. c. p. 48.

അത്രയും പഴക്കമുണ്ടെന്നു സമ്മതിക്കുന്നതിൽ ചില പണ്ഡിതന്മാർ വിമുഖന്മാരല്ല. സഭാധികാരത്തെപ്പററിയുള്ള ഭാഗത്തു് നെസ്തോറിയൻകാനോൻ വിദഗ്ദ്ധന്മാർ അറബിക്കാനോനാകളെ പദാനുപദം ആവർത്തിക്കുകയത്രെ ചെയ്യുന്നതു്. ഇപ്രകാരമുള്ള ഭാഗങ്ങൾ പിന്നീടു് ഹാജരാക്കിക്കൊള്ളാം. "പൗരസ്ത്യർ തങ്ങളുടെ മെത്രാപ്പോലീത്തായെ വാഴിച്ചുകൊള്ളട്ടെ: അദ്ദേഹം വലിയ മെത്രാപ്പോലീത്താ [കാതോലിക്കാ] എന്നു വിളിക്കപ്പെടണം." എന്നു് ഈ കാനോനാകളിൽ രണ്ടാമത്തേതു പ്രസ്താവിക്കുന്നു. സെലൂക്കിയാസഭ കാതോലിക്കാ പാത്രിയർക്കീസിനെ സ്ഥാപിച്ചതു് ഇതിനെ അടിസ്ഥാനപ്പെടുത്തിയാണെന്നു് തൽസഭാംഗങ്ങളിൽ പറയാറുണ്ടു്.

## തീമാതെഓസ് പാത്രിയർക്കീസ്.

എട്ടാം ശതാബ്ദത്തിൽ സെലൂക്കിയായിലെ നെസ്തോറിയൻ സഭയെ ഭരിച്ചിരുന്ന മഹാനായ മാർ തീമാതെഓസ് ഒന്നാമൻ "പത്രോസ്ശ്ലീഹാ ഹേതുവാൽ റോമ്മായിക്കു് ഒന്നാമത്തേതും പ്രധാനപ്പെട്ടതും ആയ സ്ഥാനം നൽകപ്പെട്ടിരിക്കുന്നു" എന്നു് നിനിവായിലെ മാറൻസ്ക്കാ എന്നമെത്രാനു് 778-ൽ അയച്ച ഒരു ലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നു. [13] മ്ശിഹാ ആരിൽനിന്നോ ആ അബ്രാഹം പൗരസ്ത്യദിക്കിൽ നിന്നാകയാൽ പൌരസ്ത്യദിക്കിനു് ഒരു വിധത്തിൽ [14] ഒന്നാം സ്ഥാനം കിട്ടേണ്ടതാണെന്നു വാദിച്ചുകൊണ്ടാണു് റോമ്മായുടെ

---

(13) Ibidem, p. 37.

(14) ഒരു വിധത്തിൽ എന്നു് അദ്ദേഹം പറയുന്നില്ല. പക്ഷേ അതാണു് അദ്ദേഹത്തിന്റെ അർത്ഥം. കാരണം, ഒരേ രേഖയിൽ തന്നെയാണു് അദ്ദേഹം പൌരസ്ത്യദിക്കിന്റെയും റോമ്മായുടേയും പ്രാധാന്യത്തെപ്പററി പറയുന്നതു്. പത്രോസ്നിമിത്തം റോമ്മായിക്കു് ഒന്നാം സ്ഥാനം ഉള്ളതായി അദ്ദേഹം അനുസരിച്ചു പറയുകയും ചെയ്യുന്നു. ആകയാൽ പൌരസ്ത്യദിക്കിന്റെ പ്രാധാന്യം വേറൊരു വിധത്തിലാണെന്നു ഗ്രഹിക്കുവാനേ തരമുള്ളു. കൂടാതെയും വേറെ രേഖയിൽ റോമ്മായുടെ പ്രാധാന്യം സംശയരഹിതമായി അദ്ദേഹം എടുത്തുപറയുന്നുമുണ്ടു്. Ibidem, p. 37.

ഒന്നാം സ്ഥാനത്തെ മാർ തിമാതെഓസ് അനുസരിച്ചു പറയുന്നതു്. എന്നാൽ മാർ തിമാതെഓസിന്റെ വേറൊരു ലേഖനമാണു് നമ്മുടെ ശ്രദ്ധയെ ഹഠാദാകർഷിക്കേണ്ടതു്. ഇൻഡ്യൻക്രിസ്ത്യാനികളുടെ നേതാവിനു് അദ്ദേഹമെഴുതുന്നു:—

“........കീഴുള്ളവർ മേലധികാരികളെ അനുസരിക്കണമെന്നു് സഭാനിയമങ്ങൾ തീരുമാനിച്ചിരിക്കുന്നു. ഇപ്രകാരം എല്ലാവരും റോമ്മാപാത്രിയക്കീസിന്റെ നേരെ അനുസരണമുള്ളവരായിരിക്കണം. എന്തുകൊണ്ടെന്നാൽ അദ്ദേഹം ശെമഓൻകേപ്പായുടെ സ്ഥാനമാണു് പ്രാപിച്ചിരിക്കുന്നതു്.” (15)

ബഗദാദുകാരനായ ഇബ്നാത്തിബൂസ് എന്ന പ്രസിദ്ധ നെസ്തോറിയൻ കനോൻവിദഗ്ദ്ധൻ ഈ ലേഖനം സ്വകൃതിയിൽ ഉദ്ധരിച്ചിട്ടുണ്ടു്. മാർ തിമാതെഓസിനെപ്പോലെ സുസമ്മതനായ വേറൊരു പാത്രിയക്കീസ് നെസ്തോറിയൻ സഭയെ ഭരിച്ചിട്ടില്ല എന്നും പ്രസ്താവ്യമാണു്.

പത്രോസ്ശ്ലീഹാ മുഖേന റോമ്മായിക്കു് ഒന്നാംസ്ഥാനം ലഭിച്ചെങ്കിൽ, പത്രോസിന്റെ നാഥനായ മ്ശിഹായുടെ ജനനസ്ഥലമായ പൌരസ്ത്യദേശത്തിനു് കൂടുതൽ ശക്തിമത്തായ ന്യായത്താൽ ഒന്നാം സ്ഥാനം കിട്ടേണ്ടതാണെന്നു പറയുന്ന തിമാതെഓസ് റോമ്മായുടെ അധികാരത്തെ മേൽകാണിച്ചവിധം ഏററുപറയുന്നതിൽനിന്നു് അദ്ദേഹം അധികാരം നിമിത്തമുള്ള ഒന്നാം സ്ഥാനം റോമ്മായിൽ നിന്നു് പൌരസ്ത്യദിക്കിലേക്കു മാററുകയോ മാററുവാനുദ്യമിക്കുകയോ ചെയ്തില്ലെന്നു സിദ്ധിക്കുന്നു. പൌരസ്ത്യദിക്കിനുള്ള ഒന്നാം സ്ഥാനം അധികാരം നിമിത്തമുള്ളതല്ല എന്നാണു് അദ്ദേഹത്തിന്റെ ആശയം.

മാർ തിമാതെഓസിന്റെ അഭിപ്രായത്തിൽ നെസ്തോറിയൻസഭ മനുഷ്യാവതാരം സംബന്ധിച്ചു് പുരാതനവിശ്വാസത്തിൽ തന്നെയാണു് സ്ഥിരമായി നിന്നിരുന്നതു്. ഇററലിയിലും മററു പാശ്ചാത്യ പ്രദേശങ്ങളിലും അദ്ദേഹത്തിന്റെ വിശ്വാസം തന്നെ ഈ വിഷയത്തിൽ എല്ലാവരും സ്വീകരിച്ചിരുന്നു എന്നാണു് അദ്ദേഹം അന്നത്തെ മാരോനായക്കാക്കു് എഴുതിയിരിക്കുന്നതു്. (15[2]) സെലൂക്കിയാ പാത്രിയക്കീസ് അഭിഷേചിക്കപ്പെടുന്നതു് (റോമ്മാ, അലക്സാന്ത്രിയാ, അന്തിയോക്കിയാ, എഫേസൂസ് എന്ന സ്ഥലങ്ങളിലെ) നാലു പാത്രിയക്കീസുമാരിൽ നിന്നു്

(15) Khayyath, o. c. p. 39

(15[2]) Epistola, 43. Codex Ie Prop. Fide 27.

സെലൂക്കിയർ പ്രാപിച്ച അധികാരത്താലാണെന്നും മാർ തിമോതെഒാസു് പ്രസ്താവിക്കുന്നു. (15[3])

ഏലിയാ.

ഒമ്പതാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന നെസ്തോറിയൻ കാത്തനാർ വിശാരദനായ ഏലിയാ, രണ്ടാമത്തെ അറബിക്കാനോനാ ഉദ്ധരിക്കുന്നതിപ്രകാരമാണു്. "പിതാക്കന്മാർ നിശ്ചയിച്ചു പറഞ്ഞിരിക്കുന്നു: നാലു സുവിശേഷകന്മാരെപ്പോലെ ലോകം മുഴുവനിലും നാലു പാത്രിയക്കീസുമാർ ഉണ്ടായിരിക്കണം. കൂടുതലുണ്ടാകരുതു്....ശ്ലീഹന്മാരുടെ തീരുമാനംപോലെ റോമ്മായിലെ പാത്രിയക്കീസു് അദ്ധ്യക്ഷനായിരിക്കണം (Superior). അതിന്റെ ശേഷം അലക്സാന്ത്രിയായിലെ പാത്രിയക്കീസു്...."(16)

"പൌരസ്ത്യരും പാശ്ചാത്യരും ആയ അദ്ധ്യക്ഷന്മാരും നേതാക്കന്മാരും പാലിച്ചുവരുന്ന അലംഘനീയമായ ഒരു നിയമമാകുന്നു ഇതു്" എന്നു് ഏലിയാ സ്ഥാപിച്ചു പറയുന്നുമുണ്ടു്. (17)

വീണ്ടും: "ഒന്നാമത്തെ പാത്രിയക്കീസു് റോമ്മായിലെ പാത്രിയക്കീസാകുന്നു. മററു പാത്രിയക്കീസുമാരെക്കാൾ അദ്ദേഹത്തിനു വളരെ അധികം ബഹുമാനവും ശ്രേഷ്ഠതയും ഉള്ളതിനാൽ, ഒരു പ്രദേശത്തു് ഒരു പാത്രിയക്കീസു് വാഴിക്കപ്പെടുമ്പോൾ, (ആ പാത്രിയക്കീസു്) തന്റെ സിംഹാസനത്തിൽ നിന്നു് എന്തെങ്കിലും കല്പിക്കുകയോ മുടക്കുകയോ ചെയ്യുന്നതിനു മുമ്പു് അദ്ദേഹത്തെ (റോമ്മാ പാത്രിയക്കീസിനെ) സമീപിക്കേണ്ടതാണു്. ഇതു് (ആ പാത്രിയക്കീസു്) അദ്ദേഹത്തോടു് അനുസരണം കാണിക്കുന്നതിനും അദ്ദേഹത്തിന്റെ ആശിസ്സു വാങ്ങിക്കുന്നതിനും ആകുന്നു" (18)

ബൈന്നാത്തിബ്യസു്.

മേൽപ്രസ്താവിച്ച ബൈന്നാത്തിബ്യസിന്റെ വാക്യങ്ങളാണു് അടുത്തതായി നമ്മുടെ ആലോചനക്കു വിഷയീഭവിക്കേണ്ടതു്. അദ്ദേഹം പറയുന്നു:—

"ഭൂലോകത്തിന്റെ നാലുഭാഗങ്ങൾപോലെ പാത്രിയക്കീസുമാർ നാലുപേരായിരിക്കണം. ശ്ലീഹന്മാരുടെ തീരുമാനംപോലെ അവരിൽ പ്രധാനൻ (Chief) റോമ്മാപാത്രിയക്കീസായിരിക്കണം." (19)

---

(15[3]) Khayyath, o. c. p. 39.
(16) Khayyath, o. c.p. 45.
(17) Ibidem, p. 44.
(18) Ibidem, p. 47.
(19) Ibidem p. 48.

വീണ്ടും: "ഓരോ പാത്രിയക്കീസിന്റെയും അധികാരം അദ്ദേഹത്തിന്റെ മെത്രാപ്പോലീത്താമാരുടെമേലും മററുള്ളവരുടെമേലും പാലിക്കപ്പെടുവാൻ ന്യായമുള്ളതുപോലെ, അതേ ന്യായത്താൽ തന്നെ റോമ്മാപാത്രിയക്കീസിന്റെ അധികാരം മററു പാത്രിയക്കീസുമാരുടെമേൽ പാലിക്കപ്പെടേണ്ടതാണു്." (20)

ബെന്നാത്തിബൂറസ് നെസ്തോറിയൻ സഭയിലെ ഒരു കാനോൻവിദഗ്ദ്ധൻ എന്നുതന്നേയല്ല, ഒരു തത്വജ്ഞനും വേദശാസ്ത്രജ്ഞനുംകൂടിയാണു്. ഒന്നാം ഏലിയാ എന്ന നെസ്തോറിയൻ പാത്രിയക്കീസിന്റെ സെക്രട്ടറിയുദ്യോഗവും ബെന്നാത്തിബൂറസിനുണ്ടായിരുന്നു (21) ഇദ്ദേഹം പതിനൊന്നാം ശതാബ്ദത്തിന്റെ ആരംഭത്തിലാണു് ജീവിച്ചിരുന്നതു്. മുൻപറഞ്ഞ നാലു പാത്രിയക്കീസുമാരുടെ അധികാരത്താലാണു് സെലൂക്കിയാ പാത്രിയക്കീസു് അഭിഷേചിക്കപ്പെടുന്നതെന്നു് ബെന്നാത്തിബൂറസും പറയുന്നുണ്ടു്.

N. B. ശ്ലീഹന്മാരുടെ തിരുമാനമാണു്: പിതാക്കന്മാർ നിശ്ചയിച്ചിരിക്കുന്നു എന്നെല്ലാം റോമ്മായുടെ അധികാരത്തെപ്പററി ചില രേഖകളിൽ കാണുന്നതുകൊണ്ടു് റോമ്മായിലെ പരമാധികാരം പിതാക്കന്മാർ അഥവാ ശ്ലീഹന്മാർ നിർമ്മിച്ചതാണെന്നു് അർത്ഥമാക്കേണ്ടതല്ല. റോമ്മായിലെ പരമാധികാരം പത്രോസിന്റേതു തന്നേയാണു്: അതു് മശീഹാ സ്ഥാപിച്ചതുമത്രേ. ഈ രണ്ടു സംഗതികളും മേലുദ്ധരിച്ച രേഖകളിൽനിന്നു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണു്. ഈ കാരണത്താൽ പിന്നീടു് ആരെങ്കിലും നിർമ്മിച്ചതാണു് പരമാധികാരം എന്നു് ആർക്കും പറയാവുന്നതല്ല. "ശ്ലീഹന്മാരുടെ തീരുമാനമാണു്" "പിതാക്കന്മാർ നിശ്ചനിച്ചു" "സൂനഹദോസു് തിരുമാനിച്ചു" എന്നും മററുമുള്ള പ്രയോഗങ്ങളുടെ അർത്ഥം എന്താണെന്നു് "തിരുസ്സഭയും മാർപ്പാപ്പായും" എന്ന പുസ്തകത്തിൽ നോക്കുക. (അ. 20. IV. p. 444—446.)

## റോമ്മായുടെ അധികാരം.

സെലൂക്കിയാസഭ അന്തിയോക്കിയാബന്ധമുപേക്ഷിക്കുകയും നെസ്തോറിയതത്വത്തിൽ നിപതിക്കുകയും ചെയ്തതിനെ തുടർന്നു് ആ സഭയിൽ പരിലസിച്ചിരുന്ന മഹാന്മാരുടേയും ഭരണകർത്താക്കളുടേയും വിശ്വാസമാണു് ഇതുവരെ രേഖപ്പെടുത്തിയതു്. സെലൂക്കിയാസഭ റോമ്മായുടെ പരമാധികാരം മനഃപൂർവ്വം ത്യജിക്കുകയോ, ആ പരമാധികാരം സ്വന്തം പാത്രിയക്കീസിൽ

(20) Codex de Prop. Fide. (Arabic) 29, p. 382 apud C. B. Benni, o. c.

(21) Khayyath, o. e. 48.

നിക്ഷേപിക്കുകയോ, സ്വയം ഒരു സ്വതന്ത്രസഭയായി കരുതുകയോ ചെയ്തില്ലെന്നു് മേലുദ്ധരിച്ച രേഖകളെല്ലാം സംശയരഹിതമായി വിളിച്ചറിയിക്കുന്നുണ്ടു്. ദാദീശോയുടെകീഴിൽ നടന്നമർക്കബെ്ത്താ സൂനഹദോസിൽ തങ്ങളുടെ പാത്രിയക്കീസു് പത്രോസാണു്, അദ്ദേഹത്തെ ദൈവം മാത്രം വിധിച്ചാൽ മതി എന്നും മററും ആ സഭാംഗങ്ങൾ പ്രസ്താവിച്ചതു് റോമ്മായുടെ പരമാധികാരം നിഷേധിച്ചുകൊണ്ടോ, അതു തങ്ങളുടെ പാത്രിയക്കീസിൽ നിക്ഷേപിച്ചുകൊണ്ടോ, തങ്ങളുടെ സഭയെ ഒരു സ്വതന്ത്രസഭയായി സ്ഥാപിച്ചുകൊണ്ടോ അല്ലെന്നു് ഇതിൽനിന്നു വ്യക്തമാകുന്നു. കാനോനികദൃഷ്ട്യാ അദ്ദേഹത്തിൻെറ തീരുമാനങ്ങൾ അവസാനതീരുമാനങ്ങളായിരിക്കണമെന്നു മാത്രമേ അവർ ഉദ്ദേശിച്ചിരിക്കുവാൻ ഇടയുള്ളു. അല്ലാത്തപക്ഷം മേലുദ്ധരിച്ച രേഖകൾ മർക്കബെ്ത്താ സൂനഹദോസു നടപടികളിൽ അഭിമാനിക്കുന്നവരിൽ നിന്നു യാതൊരുവിധത്തിലും പുറപ്പെടുവാൻ പാടുള്ളതല്ലതന്നെ.

റോമ്മാ ഏകസ്വഭാവവാദത്തിൽ വീണതിനാൽ പരമാധികാരം സെലൂക്കിയാ പ്രാപിച്ചതായി അവർ വിശ്വസിച്ചിരുന്നു എന്നു് ചില ഗ്രന്ഥകാരന്മാർ പറയുന്നതു് തികച്ചും അടിസ്ഥാനരഹിതമാണെന്നു് ഇതിനകം വെളിപ്പെട്ടിരിക്കുമല്ലൊ. "റോമർ" (റോമാനിയെ) ഏകസ്വഭാവവാദത്തിൽ വീണെന്നും ചക്രവർത്തികളുടെ പ്രേരണകൾക്കു് അവരുടെ മെത്രാന്മാർ വിധേയരായെന്നും സെലൂക്കിയർ പറയുന്നതു് പൌരസ്ത്യ റോമ്മാ സാമ്രാജ്യത്തിലുള്ളവരെപ്പററിയാണു്, റോമ്മാമാർപ്പാപ്പാമാരെപ്പററിയല്ല. (22) ഒരു പക്ഷേ റോമ്മാമാർപ്പാപ്പാമാരെപ്പററി അവരിൽ വല്ലവരും അങ്ങനെ ധരിച്ചിട്ടുണ്ടെങ്കിൽ തന്നെയും, അതു ചില വ്യക്തികളുടെ അഭിപ്രായം മാത്രമേ ആകുകയുള്ളു. (23)

424-ൽ മർക്കബെ്ത്താ സൂനഹദോസിൽ വച്ചു് (മുകളിൽ നോക്കുക. അ 2.) അവർ ഒരു സ്വതന്ത്രസഭയെ സ്ഥാപിക്കുവാൻ ഒരുങ്ങിയില്ല. ആ സൂനഹദോസിൽവച്ചു് ബേസ്‌ലപ്പ്ലിലെ അഗാപിത്തുസു് മെത്രാൻ ഇങ്ങനെ പ്രസ്താവിച്ചു: "....നമ്മുടെയിടയിൽ എല്ലാക്കാലത്തും വഴക്കുകളും

(22) See the profession of faith of the Nestorian Patriarch Elias, 1586; Giamil, o. c. pp. 509-510.

(23) സെലൂക്കിയാസഭ ഔദ്യോഗികമായി ഇങ്ങനെ ധരിച്ചിട്ടില്ല. അർബെലിലെ ഗീവറുഗീസു് എന്ന ഒരു മെത്രാൻ മാത്രം ഈ ആശയമുള്ളവനായിരുന്നു. എന്നാൽ ചരിത്രജ്ഞാനമില്ലാതെ അദ്ദേഹം ഈ ആശയം സ്വീകരിച്ചുപോയതാണെന്നു് പിന്നീടു തെളിയിച്ചുകൊള്ളാം.

തക്കങ്ങളും ഉണ്ടായിട്ടുണ്ടെന്നും, ശിഷ്യന്മാരുമക്കളുമായ നാം അവയവങ്ങളുടെ രാജാവായ തലയിൽ ശരീരം മുഴുവൻറായും അവയവങ്ങൾപോലെ ഏതിനൊന്നിക്കപ്പെട്ടു യോജിപ്പിക്കപ്പെട്ടിരിക്കുന്നുവോ അ ഏക പിതൃത്വത്തിൻെറ സംരക്ഷകന്മാരും സഹായകന്മാരും പാശ്ചാത്യ പിതാക്കന്മാരായിരുന്നെന്നും ഞങ്ങളുടെ പിതാക്കന്മാരെ നിങ്ങൾക്കറിയാം."(24) പത്രോസിൻെറ പരമാധികാരത്തെപ്പറ്റിയുള്ള പ്രസ്താവനയോടുചേർത്തു ഈ പ്രസ്താവനയും അഗാപ്പിത്തുസ് ചെയ്തതിനാൽ, പത്രോസിൻെറ പരമാധികാരം അട്ടഹറവും ശ്രോതാക്കളും പാശ്ചാത്യ പിതാക്കന്മാരിൽ നിന്നെടുത്തു് സെലൂക്കിയായിൽ പ്രതിഷ്ഠിക്കയാണു് ചെയ്തതെന്നു് ചിലർ വിചാരിക്കുന്നതു് അബദ്ധമാണെന്നു് മേലുദ്ധരിച്ച രേഖകളിൽ നിന്നു് വ്യക്തമാകുന്നുണ്ടു്. എന്തുകൊണ്ടെന്നാൽ മേലുദ്ധരിച്ച രേഖകളുടെ കർത്താക്കൾ മർക്കബ്ത്താ സുന്നഹദോസിൻെറ നടപടികളിൽ അഭിമാനം പ്രദർശിപ്പിക്കുന്നവരാണു്. അവരിൽ പ്രമുഖന്മാർ പാശ്ചാത്യ പിതാക്കന്മാരുടെ സമ്മതത്തോടെയാണു് സെലൂക്കിയായിക്കു കാതോലിക്കാസ്ഥാനം നൽകപ്പെട്ടതെന്നു വിശ്വസിക്കുക കൂടിചെയ്യുന്നു. സെലൂക്കിയായിലെ നെസ്തോറിയൻ പാത്രിയർക്കീസിനെ അഭിഷേചിക്കുമ്പോൾ കാർമ്മികന്മാരായ മെത്രാന്മാർ "പാശ്ചാത്യരായ അതിവിശുദ്ധന്മാരായ നമ്മുടെ പിതാക്കന്മാരുടെ സമ്മതത്തോടെ:" എന്നിങ്ങനെ പ്രസ്താവിക്കുക കൂടി ചെയ്യുന്നുണ്ടു്. (25) സെലൂക്കിയായെ അവർ "റോമ്മാ"യാക്കിയെന്നോ, സ്വതന്ത്രയാക്കിയെന്നോ ഉള്ള അഭിപ്രായം തികച്ചും അടിസ്ഥാനരഹിതമാണെന്നു് ഈ ഉദ്ധൃതരേഖകളിൽ നിന്നെല്ലാം വിശദമാകുന്നു.

അന്തിയോക്കിയായിൽ നിന്നു മാറിയ ശേഷവും, നെസ്തോറിയത്വത്തിൽ നിപതിച്ച ശേഷവും സെലൂക്കിയാസഭ റോമ്മായുടെ പരമാധികാരം സ്വീകരിക്കുകയും അതിനു സ്വയം വിധേയമാണെന്നു കരുതുകയും ചെയ്തിരുന്നു. ഇത്രമാത്രമല്ലാതെ സെലൂക്കിയാസഭയുടെ കാതോലിക്കാ ഐക്യത്തെപ്പറ്റി എന്തെങ്കിലും പ്രസ്താവിക്കേണ്ട ആവശ്യം ഇവിടെയില്ല.

മഹാപണ്ഡിതനായ ഫാദർ ചാപ്പ്മാൻ ഇങ്ങനെ പറയുന്നു

"Barsauma died between 492 and 495, Acacius in 496 or 497. Narses seems to have lived longer. The Nestorian Church which they founed, though cut off from the Catholic Church by political exigencies, never intended to do more than practise an autonomy like that

(24) Khayyath, o. c. p. 5, note (C).
(25) Assemani, Bibliotheca Orientalis, I. p. 10.

of the Eastern Patiarchates. Its heresy consisted mainly in its refusal to accept the councils of Ephesus and Chalcedon. It is interesting to note that neither Junilius nor Cassiodorus speaks of the school of Nisibis as heretical. They were probably aware that it was not quite orthodox, but the Persians who appeared at the Holy Places as pilgrims or at Constantinople must have seemed like Catholics on account of their hatred to the Monophysites who were the great enemy of the East" (26)

റോമ്മായുമായി കത്തോടപാട്ടുകൾ നടത്തുന്ന പതിവോ, അതിനുള്ള സൌകര്യമോ ഇല്ലായിരുന്ന കാലഘട്ടത്തിലെ ചില നെസ്തോറിയൻ രേഖകളാണു് മുകളിൽ ഉദ്ധരിച്ചതു്. അടുത്ത അദ്ധ്യായങ്ങളിലെ പ്രതിപാദ്യവിഷയങ്ങളിൽ പ്രധാനപ്പെട്ടവ റോമ്മായുമായി നടന്ന കത്തോടപാട്ടുകളാണു്. കുരിശുയുദ്ധങ്ങളാണു് ഇതിനു് ഒന്നാമതായി അവസരം നൽകിയതു്.

പത്താം ശതാബ്ദത്തിൽ (945) കപ്പദോക്കിയാ, മേദിയാ, അർമ്മനിയാ, പേർഷ്യാ മുതലായ സ്ഥലങ്ങളിലുണ്ടായിരുന്ന അനേകം നെസ്തോറിയൻകാർ തങ്ങളുടെ അബദ്ധങ്ങളുപേക്ഷിച്ചതായി ചരിത്രകാരന്മാർ പറയുന്നുണ്ടു്. എന്നാൽ സെലൂക്കിയാസഭയുടെ ഔദ്യോഗികമായ നിലയെ കാര്യമായി സ്പർശിക്കുന്ന ഒന്നല്ല ഈ സംഭവം. നെസ്തോറിയൻ അബദ്ധങ്ങളുപേക്ഷിച്ചവർ "രാജകക്ഷി" (മല്ക്കായാ) യിൽ ചേർന്ന ഏകസ്വഭാവവാദികളായെന്നത്രെ നെസ്തോറിയൻകാർ ധരിച്ചിരുന്നതു്. "മല്ക്കായ" എന്ന സംജ്ഞ യാക്കോബായക്കാരാദി ഏകസ്വഭാവവാദികളുടെ ദൃഷ്ടിയിൽ കത്തോലിക്കരേയും നെസ്തോറിയൻകാരുടെ ദൃഷ്ടിയിൽ ഏകസ്വഭാവവാദികളേയും സൂചിപ്പിച്ചിരുന്നു!!

(26) The Cath. Encyclopedia, Nestorius, Vol. x. p. 759. കീഴ്‌വര എഴുത്തുകാരന്റെയാണു്.

# ആറാം അദ്ധ്യായം

## സെലൂക്യായായും റോമ്മാ അധികാരവും. ൨.

പാശ്ചാത്യരുമായി എടപെടുന്നു.

കുരിശുയുദ്ധങ്ങളുടെ കാലത്തു് പാശ്ചാത്യർക്കു് നെസ്തോറിയൻകാരെപ്പറ്റി പല വിവരങ്ങളും അറിയുവാൻ ഇടയായിട്ടുണ്ടു്. അപ്പോൾ പല പാശ്ചാത്യ സന്യാസിമാരും അവരെ സമീപിക്കുകയും അവരുടെ സ്ഥിതിഗതികൾ നേരിട്ടു ഗ്രഹിക്കുകയും ചെയ്തു.

മൊൻഗോളിയനായ ജെൻഗിസ്ഖാന്റെ ആക്രമണശേഷം മൊൻഗോളിയൻജാതിയിൽപെട്ടവരായിരുന്നു പാത്രിയർക്കീസുമാർ. ജെൻഗിസ്ഖാന്റെ കാലംവരെ ഒരു ക്രിസ്തീയ "രാജാവും" അവരുടെയിടയിലുണ്ടായിരുന്നു. മഹമ്മദീയകാലിഫുമാരുടെ സ്ഥാനത്തു ഭരണം നടത്തിയ മൊൻഗോൾഖാൻമാർ ക്രിസ്ത്യാനികളായേക്കുമെന്നു നെസ്തോറിയൻകാർക്കു പ്രതീക്ഷയുണ്ടായിരുന്നു. എന്നാൽ കാലാന്തരത്തിൽ അവർ മഹമ്മദീയമതം സ്വീകരിക്കുകയും ക്രിസ്ത്യാനികളുടെ പരമശത്രുക്കളായി ഭവിക്കുകയും ചെയ്തു. ഇതോടെ നെസ്തോറിയൻ സഭയുടെ പ്രശസ്തിക്കു് സാരമായ ഹാനി തട്ടി. തൈമൂർലെയിനിന്റെ ആക്രമണശേഷം, 15-ാം ശതാബ്ദത്തോടെ നെസ്തോറിയൻ സഭ മിക്കവാറും ഉന്മൂലനം ചെയ്യപ്പെട്ടു എന്നു പറയാം. എങ്കിലും അതു് നിശ്ശേഷം നശിച്ചില്ല.

മെൻഗോൾഖാൻമാരുടെ പക്കൽ മാർപ്പാപ്പാമാർ പല പ്രതിനിധികളെയും അയച്ചിട്ടുണ്ടു്. ഖാൻമാർ വളരെ സൗഹാർദ്ദമായി അവരെ സ്വീകരിക്കുകയും മാർപ്പാപ്പാമാരിൽ നിന്നുള്ള സമ്മാനദാനങ്ങൾക്കു പകരം വിലയേറിയ കാഴ്ചകൾ അവർക്കു കൊടുത്തുവിടുകയും ചെയ്തിട്ടുണ്ടു്. കുരിശുയുദ്ധങ്ങളാണു് ഇപ്രകാരമുള്ള ബന്ധത്തിനു പ്രധാന കാരണമെന്നു പറയേണ്ടതില്ലല്ലൊ. ആ കാലത്തു നെസ്തോറിയൻ പാത്രിയർക്കീസുമാരായിരുന്നവർ മൊൻഗോൾജാതിക്കാരായിരുന്നതിനാൽ അവരുമായി കൂടുതൽ എടപെടുവാൻ മാർപ്പാപ്പാമാരുടെ പ്രതിനിധികൾക്കു സൗകര്യം ലഭിച്ചു. പാശ്ചാത്യസന്യാസിമാരായിരുന്നു പ്രസ്തുത പ്രതിനിധികൾ.

രണ്ടാം യബാലാഹാ.

1233_ൽ രണ്ടാം യബാലാഹാ എന്ന പാത്രിയർക്കീസ് കത്തോലിക്കാവിശ്വാസം സ്വീകരിച്ചതിൽ 9_ാം ഗ്രീഗോറിയോസ് മാർപ്പാപ്പാ അത്യധികം സന്തോഷിച്ചെന്നും, എന്നാൽ ഭരണീയർ അദ്ദേഹത്തെ അനുഗമിച്ചില്ലെന്നും ഗ്ഗീവർഗീസ് പ്രസ്താവിക്കുന്നു (1) മനുഷ്യാവതാരം സംബന്ധിച്ചുള്ള വിശ്വാസം ശരിപ്പെടുത്തുക, എഫേസൂസ്സൂന്നഹദോസ്സു സ്വീകരിക്കുക, നെസ്തോറീസിനെ ശപിക്കുക, മുതലായവയാണ് കത്തോലിക്കാവിശ്വാസം സ്വീകരിക്കുന്നവർ ചെയ്യേണ്ടിയിരുന്നതു് മാർപ്പാപ്പാമാരുടെ പരമാധികാരം സംബന്ധിച്ചു് അവർ യാതൊന്നും മാറേറണ്ടതായിട്ടില്ലായിരുന്നു. ആകയാൽ യബാലാഹായുടെ വിരോധികൾ ഈ പരമാധികാരം നിഷേധിച്ചുകൊണ്ടാണ് കത്തോലിക്കാവിശ്വാസം സ്വീകരിക്കാതിരുന്നതെന്നു പറയാവുന്നതല്ല.

മാർ എമ്മെ എന്ന ഒരു പാത്രിയർക്കീസു് (+762) ഈ വിധത്തിൽ (?) കത്തോലിക്കവിശ്വാസം സ്വീകരിച്ചതായി ഗ്ഗീവർഗീസ് പറയുന്നുണ്ടു്. (2) രണ്ടാം ഈശോയബിന്റെ നിലയും ഇതായിരുന്നു എന്നു് ചിലർ സംശയിക്കുന്നു.

അഞ്ചാം സബറീശോ.

നാലാം ഇന്നസ്സെന്റിയൂസ് മാർപ്പാപ്പാ അഞ്ചാം സബറീശോ പാത്രിയർക്കീസിനു് ഒരു ലേഖനമയച്ചു. അതിനോ തുടർന്നു് പാത്രിയർക്കീസിന്റെ പ്രതിനിധിയായി റമ്പാൻ ആറാ 1247_ൽ റോമ്മായിലേക്കു പുറപ്പെട്ടു. റമ്പാൻ ആറായുടെ കൈവശം നെസ്തോറിയൻ സഭയുടെ നാമ

---

(1) Elementa Linguae Chaldaicae......p. 186, note

(2) Ibidem, p. 168.
ചില സംഗതികളെപ്പററിയുള്ള ഗ്ഗീവർഗീസിന്റെ പ്രസ്താവനകളിൽ ആളും കാലവും വിശ്വസിക്കുവാൻ പാടില്ല. മക്കികാ എന്ന പാത്രിയർക്കീസ് 1247_ൽ റോമ്മായുമായി എഴുത്തുകുത്തു നടത്തി എന്നു് അദ്ദേഹം പറയുന്നതു് (p. 188) അഞ്ചാം സബറീശോയെ പററി ഗ്രഹിക്കേണ്ടതാണ്. ഗ്ഗീവർഗീസിന്റെ പ്രസ്താവനകൾ സ്വീകരിച്ചു ചരിത്രമെഴുതിയിട്ടുള്ളവർ നമ്മുടെയിടയിൽ ചിലരുണ്ടു്.

ത്തിൽ പാത്രിയക്കിസിനാൽ എഴുതപ്പെട്ട ഒരെഴുത്തും, നസീവിനിലെ ഈശോയബിൻേറയും മററു രണ്ടു മെത്രാന്മാരുടേയും വേറൊരെഴുത്തും ഉണ്ടായിരുന്നു. (3)

റോമ്മാമാപ്പാപ്പാ പത്രോസിൻെറ പരമാധികാരമുള്ളവനാണെന്നു പാത്രിയക്കീസ് തൻെറ എഴുത്തിൽ സമ്മതിച്ചുപറയുന്നുണ്ട്. ഈശോയബിൻേറയും മററു രണ്ടു മെത്രാന്മാരുടേയും എഴുത്ത് അവരുടെ വിശ്വാസപ്രകാശനമായിരുന്നു. മനുഷ്യാവതാരത്തെപ്പററിയുള്ള ആ വിശ്വാസപ്രകാശനം കുറെയെല്ലാം നെസ്തോറിയൻ മയം കലന്നതാണ്. മറിയം ദൈവമാതാവാണെന്ന് അതിൽ അനുസരിച്ചു പറഞ്ഞിട്ടുണ്ട്. ആ കപ്പാടെ നോക്കിയാൽ ആ വിശ്വാസപ്രകാശനം ആക്ഷേപരഹിതമാണെന്നു പറയാം. എന്നാൽ മാപ്പായുടെ പരമാധികാരം സംബന്ധിച്ച് അവർ സ്വീകരിച്ചിരുന്ന വിശ്വാസത്തിൽ യാതൊരു വ്യത്യാസവും വരുത്തേണ്ടതില്ലായിരുന്നു.

മൂന്നാം യബാലാഹാ.

1287_ൽ മൂന്നാം യബാലാഹാ പാത്രിയക്കീസ് ബർസൌമ്മായെ ഗുറീത്താ എന്ന തൻെറ പ്രതിപുരുഷനെ നാലാം ഓണോറിയൂസ് മാപ്പാപ്പായുടെ പക്കൽ അയച്ചു. മഹമ്മദീയരുടെശല്യത്തിൽ നിന്ന് ഓർശ്ലേം പട്ടണത്തെ സംരക്ഷിക്കുവാൻ മാപ്പാപ്പായോട് ആവശ്യപ്പെടണമെന്നായിരുന്നു ബർസൌമ്മായുടെ യാത്രയുടെ പ്രധാനോദ്ദേശ്യം. ഓണോറിയൂസിൻെറ പിൻഗാമിയായ നാലാം നിക്കൊവോസു മാപ്പാപ്പായെ ആണ് ബർസൌമ്മാ സന്ദർശിച്ചതു്. ബർസൌമ്മാ മാപ്പാപ്പായുടെ കയ്യിൽ നിന്ന് വി. കുർബ്ബാന സ്വീകരിച്ചതായി രേഖയുണ്ട്. മാപ്പാപ്പായുടെ അധികാരത്തിൽ നിന്നു ഭിന്നിച്ചുനില്ക്കുന്ന ഒരു സഭയുടെ അംഗമാണ് താൻ എന്നുള്ള ബോധം ബർസൌമ്മായിക്കുണ്ടായിരുന്നെങ്കിൽ അദ്ദേഹം ഇപ്രകാരം അന്നു ചെയ്യുമായിരുന്നോ? വിശ്വാസനൈർമ്മല്യം പാലിക്കുന്നതിൽ ഈ അടുത്തകാലംവരെ നെസ്തോറിയൻകാർ ബദ്ധശ്രദ്ധരായിരുന്നു. മതസംബന്ധമായ വാദങ്ങൾ റോമ്മക്കച്ചേരിയിലുണ്ടായിരുന്നവർ പുറപ്പെടുവിച്ചപ്പോൾ താൻ തർക്കിക്കുവാനല്ല, മാപ്പാപ്പായെ ബഹുമാനിക്കുവാനത്രെ വന്നതെന്ന് ബർസൌമ്മാ സമാധാനം പറഞ്ഞു. മൂന്നാം യബാലാഹാപാത്രിയക്കീസും ബർസൌമ്മായും ചൈനാക്കരായിരുന്നു എന്നും പ്രസ്താവയോഗ്യമാണ്. മനുഷ്യാവതാരത്തെ

(3) Giamil, o. c. pp. 1—8

ട്ടുറി ബർഹെബ്രേയൂസ് സ്വീകരിച്ചിരുന്ന വിശ്വാസം ശരിയല്ലായിരുന്നു. പരിശുദ്ധാത്മാവിന്റെ പുറപ്പാട്ട് സംബന്ധിച്ചും തെറ്റിദ്ധാരണ അദ്ദേഹത്തിലുണ്ടായിരുന്നു. (4)

യാക്കോബ് എന്ന ഒരു ഡൊമിനിക്കൻ വൈദികൻവഴി മൂന്നാം യബാലാഹാ 1304_ൽ തന്റെ വിശ്വാസസത്യം മാർപ്പാപ്പായിക്കയച്ചു. (5) ആ വിശ്വാസസത്യത്തിൽ മാർപ്പാപ്പായുടെ പരമാധികാരം കത്തോലിക്കർ വിശ്വസിക്കുന്നതുപോലെ അനുസരിച്ചു പറഞ്ഞിരിക്കുന്നു. പരിശുദ്ധാത്മാവ് പുത്രന്റെ "ആത്മാവാ" ണെന്ന് അതിൽ കാണുന്നുണ്ട്. പുത്രന്റെ ആത്മാവ് എന്നു പറയുന്നതും പുത്രനിൽ നിന്നു പുറപ്പെടുന്നു എന്നു പറയുന്നതും ഒന്നുതന്നെയാണല്ലോ. [6]

## സ്ബോനിലെ അവുദീശോ.

നെസ്റ്റോറിയൻ സഭയുടെ ഔദ്യോഗിക കാനോൻ സംഖ്യയാണ് ഇനി നമ്മുടെ ആലോചനക്കു വിഷയമാകേണ്ടത്. സ്ബോനിലെ അവുദീശോ (Ebedjesus Sobensis) എന്ന മെത്രാപ്പോലീത്തായുടെ കൃതിയാണ് ഈ കാനോൻസംഖ്യം. അന്നുവരെയുണ്ടായ നിയമങ്ങളെല്ലാം കൂട്ടിച്ചേർത്തു അവുദീശോ തന്റെ കാനോൻഗ്രന്ഥം [ഹൂദായാ കാനോൻ Nomo Canon] പ്രസിദ്ധപ്പെടുത്തി. 1332-ൽ ചരമം പ്രാപിച്ച രണ്ടാം തീമോത്തെഓസ് പാത്രിയർക്കീസ് ഒരു സൂനഹദോസിൽവച്ച് ഈ കാനോൻഗ്രന്ഥത്തെ ഔദ്യോഗികമായി അംഗീകരിച്ച് നെസ്റ്റോറിയൻസഭയുടെ ഔദ്യോഗികകാനോൻ സംഖ്യയമായി പ്രഖ്യാപനം ചെയ്തു. ഈ ഗ്രന്ഥം വളരെ പ്രാമാണ്യമുള്ള ഒരു രേഖയാണ്. (7)

റോമ്മാ ഒന്നാമത്തെ സിംഹാസനമാണെന്നും പാത്രിയർക്കീസുമാരുടെ തലയാണെന്നും ഈ കൃതിയിൽ കാണുന്നു. (8) ശ്ലീഹന്മാരുടെ തലവനായ പത്രോസിനോടും പുറജാതികളുടെ ഉപദേഷ്ടാവായ പൌലോസിനോടുമുള്ള ബന്ധമാണ് റോമ്മായിക്കു ഈ സ്ഥാനം ലഭിച്ചുകൊടുത്തത്. (9)

---

(4) A Fortescue, o, c. pp. 98, 99.
(5) Giamil, o. c. pp. 5 sqq.
(6) Ibidem.
(7) J. B. chabot, o c. pp. 122-123.
(8) Vol. 2. part. ix ch, 1.
(9) Ibidem.

പാത്രിയക്കീസുമാരുടെ അധികാരം സംബന്ധിച്ചു് (അൽത്തൂൽത്താനാ ദക്കു്നെ പാത്രിയക്കീസു്) കാരനാൻസഭയെ ഇങ്ങനെ പറയുന്നു: "....പാത്രിയക്കീസു് എല്ലാവരുടേയും പിതാവും, മെത്രാപ്പോലിത്താമാരും മെത്രാന്മാരും അട്ടഹത്തിൻെറ അവകാശത്തിൻെറ പുത്രന്മാരും ആകുന്നു.... ഒരു പാത്രിയക്കീസിനു് കീഴുള്ളവരുടെ മേൽ, ന്യായപ്രകാരം ഇഷ്ടമുള്ളവയിൽ അധികാരമുള്ളപോലെ, റോമ്മാപാത്രിയക്കീസിനു് എല്ലാ പാത്രിയക്കീസുമാരുടെ മേലും അധികാരമുണ്ടു്. ഇതു് ഭാഗ്യവാനായ പത്രോസിനു് സാർവത്രികസഭയിൽ (അധികാരം) ഉണ്ടായിരുന്നതുപോലെ തന്നെയാണു്. എന്തുകൊണ്ടെന്നാൽ സാർവത്രികസഭയിൽ പത്രോസിൻെറ സ്ഥാനമാണു് റോമ്മാ പാത്രിയർക്കീസിനുള്ളതു്." (10)

സഭാഘടന സംബന്ധിച്ചു് നെസ്തോറിയൻകാർക്കുണ്ടായിരുന്ന ധാരണ കത്തോലിക്കരുടേതിനോട്ടു് പൂർണ്ണമായി യോജിക്കുന്നതാണെന്നു് ഇപ്പോഴുദ്ധരിച്ച രേഖ നിസ്സംശയം വിളിച്ചറിയിക്കുന്നു. തീമാതെ ഓസു് രണ്ടാമനും അവുദീശോയും തങ്ങൾക്കുള്ളവരാണെന്നും, മേല്പറഞ്ഞ കാരനാൻസഭയെയും തങ്ങൾക്കു സ്വന്തമാണെന്നും നെസ്തോറിയൻകാർ അഭിമാനിക്കുന്നുണ്ടു്. അവുദീശോയാകട്ടെ എഫേസൂസു സൂനഹദോസിൻെറ പരമ ശത്രുവായിരുന്നെന്നു് പ്രസ്താവിത കാരനാൻ ഗ്രന്ഥം വിളിച്ചു പറയുന്നു! (11) നെസ്തോറിയൻ സഭയുടെ നെസ്തോറിയത്വത്തിനു വിധേയനായിരുന്ന ഒരു നെസ്തോറിയൻെറ മനഃസ്ഥിതി എപ്രകാരമുള്ളതെന്നു സൂക്ഷിച്ചാലും! നെസ്തോറിയൻസഭ മാർപ്പാപ്പായുടെ പരമാധികാരത്തിൽ നിന്നു ഭിന്നിച്ചു നില്ക്കുന്ന ഒന്നാണെന്നുള്ള ബോധം അദ്ദേഹത്തിനില്ലായിരുന്നു എന്നല്ലയോ മേലുദ്ധരിച്ച രേഖയിൽനിന്നുള്ള അനുമാനം? അദ്ദേഹമാകട്ടെ നെസ്തോറിയത്വത്തിൽ നിപതിച്ചുമിരുന്നു! തൻെറ നെസ്തോറിയത്വം മാർപ്പാപ്പായുടെ നിർദ്ദേശത്തിനു വിരോധമാണെന്നുള്ള ധാരണ അവുദീശോയിക്കുണ്ടായിരുന്നെങ്കിൽ, സാർവത്രികസഭയിൽ മാർപ്പാപ്പാ പരമാധികാരമുള്ളവനാണെന്നും, മാർപ്പാപ്പായിക്കു് എല്ലാവരും കീഴ്പ്പെടണമെന്നും ഈ വിധത്തിൽ അദ്ദേഹം പ്രസ്താവിക്കുമായിരുന്നോ? തനിക്കു വിരോധമുള്ള സംഗതികൾ വിരോധമുള്ളവയെന്നു് രേഖപ്പെടുത്തിയിട്ടുള്ള ഒരാളാണു് അവുദീശോ. എഫേസൂസു് സൂനഹദോസു് ഒരു ദുഷ്ടസൂനഹദോസാണെന്നും കൽക്കദോനിയാ സൂനഹദോസു്

---

(10) Ch. 5.
(11) J. A. Assemani o. c. p. xliv.

നെസ്തോറിയൻകാർ സ്വീകരിക്കുന്നില്ലെങ്കിലും അതിന്റെ കാനോനാകൾ സുറിയാനി ഗ്രന്ഥങ്ങളിൽ കണ്ടതുകൊണ്ടു് തന്റെ കൃതിയിൽ ചേർക്കുന്നതാണെന്നും അദ്ദേഹം എടുത്തുപറയുന്നുണ്ടു്. (12) മാർപ്പാപ്പായുടെ പരമാധികാരം സംബന്ധിച്ചുള്ള തീരുമാനങ്ങൾ സുറിയാനിഗ്രന്ഥങ്ങളിൽ കണ്ടതുകൊണ്ടു മാത്രം അദ്ദേഹം സ്വകൃതിയിൽ ചേർത്തതല്ല പ്രത്യുത അവ അദ്ദേഹം സ്വീകരിച്ചിരുന്നതുകൊണ്ടാണു് അങ്ങനെ ചെയ്തതു് എന്നല്ലയോ ഇതിൽനിന്നു വ്യക്തമാകുന്നതു്?

അവുദീശോയുടെ വിശ്വാസം നെസ്തോറിയൻ സഭയുടെ വിശ്വാസം തന്നെയാണു്. ആകയാൽ തങ്ങൾ മാർപ്പാപ്പായുടെ അധികാരം സ്വീകരിച്ചിരുന്നു എന്നുള്ള ബോധം അന്നത്തെ നെസ്തോറിയൻകാർക്കുണ്ടായിരുന്നു എന്നു സമ്മതിക്കേണ്ടതാണു്. വിശ്വാസത്തിൽ ഐക്യം അത്യന്താപേക്ഷിതമാണെന്നാണു് നെസ്തോറിയൻസഭ എല്ലാക്കാലത്തും പഠിപ്പിച്ചിട്ടുള്ളതു്. ഈ കാരണത്താൽ തങ്ങളുടെ നെസ്തോറിയത്വം അബദ്ധമല്ലെന്നു് ഉത്തമവിശ്വാസത്തിൽ അവർ അന്നു ധരിച്ചിരിക്കാം. പാശ്ചാത്യരുമായി എടപെട്ട ഉടനെ മാർപ്പാപ്പായുടെ പക്കൽ പ്രതിനിധികളെ അയക്കുവാൻ അവരിൽ ചിലർ വിസമ്മതം പ്രദർശിപ്പിക്കാതിരുന്നതിന്റെ രഹസ്യം ഇതല്ലാതെ വേറെ എന്താണു്? മാർപ്പാപ്പായുമായുള്ള ഐക്യം തങ്ങൾക്കു നഷ്ടപ്പെട്ടെന്നും, അതു വീണ്ടും പ്രാപിക്കേണ്ടതാണെന്നും ഉള്ള ബോധം അന്നത്തെ നെസ്തോറിയൻകാർക്കില്ലായിരുന്നു. പുരാതന കാലങ്ങളിൽ പരമാധികാരം കേന്ദ്രവൽക്കരിക്കപ്പെടാതിരുന്നപ്പോൾ പ്രാദേശികസഭകൾ പ്രവർത്തിച്ചിരുന്നതുപോലെ അവർ പ്രവർത്തിച്ചിരുന്നു.

സെലൂക്കിയാസഭയുടെ നിലയെപ്പററി അവുദീശോയുടെ അഭിപ്രായവും ശ്രദ്ധാർഹമാണു്. പാശ്ചാത്യപിതാക്കന്മാരുടെ സമ്മതത്തോടുകൂടി മാത്രമാണു് ആ സഭ അന്തിയോക്കിയാ ബന്ധമുപേക്ഷിച്ചു തനിച്ചു നില്ക്കുവാൻ തുടങ്ങിയതെന്നു് അദ്ദേഹം വിശ്വസിച്ചിരുന്നു. "പൌരസ്ത്യദിക്കിലുള്ള എല്ലാ ക്രിസ്ത്യാനികളുടെയും വിധികർത്താവു പാത്രിയർക്കീസും, പാത്രിയർക്കീസിന്റെ വിധികർത്താവു മ്ശിഹായും ആയിരിക്കണമെന്നു് ഞങ്ങൾ തീരുമാനിക്കുന്നു" (13) എന്നു് പാശ്ചാത്യപിതാക്കന്മാർ പ്രസ്താവിച്ചതായി അദ്ദേഹം പറയുന്നു.

---

(12) Ibidem, p. xliv.
(13) Vol. 2 Part 2 Can. 5.

റോമ്മായുടെ പരമാധികാരം—ദൈവസ്ഥാപിതമായ പരമാധികാരം—സമ്മതിക്കുന്ന അവുദീശോയുടെ ദൃഷ്ടിയിൽ പാശ്ചാത്യപിതാക്കന്മാർ ഏർപ്പെടുത്തിയ അധികാരവിശേഷം സെലൂക്കിയായെ സംബന്ധിച്ചിടത്തോളം വെറും കാനോനികം മാത്രമാണു്, പരമാധികാരനിഷേധമോ സ്വാതന്ത്ര്യപ്രഖ്യാപനമോ അല്ല എന്നു് ഇതിൽനിന്നു വിശദമാകുന്നില്ലയോ?

## റോമ്മായിലേക്കു വിശ്വാസസത്യമയയ്ക്കാത്ത പാത്രിയർക്കീസുമാർ.

ഒരു പ്രത്യേകതരം നെസ്തോറിയത്വത്തെ മുറുകെ പിടിച്ചിരുന്നെങ്കിലും തന്നിമിത്തം തങ്ങൾ മാർപ്പാപ്പായുടെ അധികാരം സ്വീകരിക്കാത്തവരാണെന്നുള്ള ധാരണ നെസ്തോറിയൻകാർക്കില്ലായിരുന്നു. ആധുനികകാലത്തെ അകത്തോലിക്കരെപ്പോലെയോ, പുരാതനകാലത്തെ ചില പാഷണ്ഡരെപ്പോലെയോ റോമ്മായിൽനിന്നു് ഭിന്നിച്ചുള്ള ഒരു നില സ്വീകരിക്കുവാൻ നെസ്തോറിയൻകാർക്കുദ്ദേശ്യമില്ലായിരുന്നു: കുറഞ്ഞ പക്ഷം അവർക്കു് ആ വിചാരമില്ലായിരുന്നു.

ഈ കാരണത്താൽ റോമ്മായിലേക്കു വിശ്വാസസത്യമയച്ച പാത്രിയർക്കീസുമാർ അപ്രകാരം ചെയ്യാതിരുന്ന പാത്രിയർക്കീസുമാരുടെ ദൃഷ്ടിയിൽ പാഷണ്ഡരോ സഭാദ്രോഹികളോ ആയി കാണപ്പെട്ടിരുന്നില്ല. 1304_ൽ തന്റെ വിശ്വാസം രേഖപ്പെടുത്തി റോമ്മായിലേക്കയച്ച മൂന്നാം യബാലാഹാപാത്രിയർക്കീസിനെപ്പററി, അദ്ദേഹത്തിന്റെ ഒന്നാമത്തെ പിൻഗാമിയായ രണ്ടാം തിമോത്തെയോസിന്റെ കാലത്തു രചിക്കപ്പെട്ട "പാത്രിയർക്കീസുമാരുടെ നാമവിവരപ്പട്ടിക"യിൽ ഇങ്ങനെ കാണുന്നു: "73. തിരിഞ്ഞെടുക്കപ്പെട്ടവനായ യബാലാഹാ: ജാതിയിൽ തുർക്കൻ: പരിശുദ്ധാത്മാവിനു യോജിച്ച വിധത്തിൽ ക്രിസ്തീയജനത്തിനു് സമാധാനം പ്രദാനം ചെയ്തു" [14] രണ്ടാം തിമോത്തെയോസാകട്ടെ റോമ്മായുമായി എടപെടാത്ത ഒരാളാണു്. എങ്കിലും റോമ്മാമാർപ്പാപ്പായുടെ പരമാധികാരം ഏററുപറഞ്ഞു റോമ്മായിലേക്കു സ്വവിശ്വാസം രേഖ

---

(14) J. A. Assemani, o. c. p. 264.

യബാലാഹാ ജനിച്ചതു് ചൈനായിലാണെങ്കിലും ജാതിയിൽ തുർക്കനായിരുന്നു.—Sino-Turk born in Pekin.

പ്പെട്ടത്തിയയച്ച യബാലാഹാ അദ്ദേഹത്തിന്റെയോ, സമകാലീനരുടെയോ ദൃഷ്ടിയിൽ സഭാദ്രോഹിയല്ല; പ്രത്യുത പരിശുദ്ധാത്മാവിനു യോജിച്ചവിധത്തിൽ പ്രവർത്തിച്ചവനാണ്.

ഇപ്പോൾ പ്രസ്താവിച്ച രണ്ടാം തിമൊത്തെയോസിന്റെ ശേഷം അധികനാൾ സ്വസ്ഥമായിരിക്കുവാൻ നെസ്തോറിയൻ സഭക്കു സാധിച്ചില്ല. ജെൻഗിസ്ഖാൻ ആ സഭയെ അശേഷം തട്ടിയുടച്ചു. സഭാംഗങ്ങൾ പല സ്ഥലങ്ങളിലും ചിതറിപ്പോയി. പാത്രിയർക്കീസു തന്നെയും കുർദിസ്താനിൽ അഭയം പ്രാപിച്ചു.

മൊൻഗോളിയരുടെ ഭരണശേഷം തുർക്കികളാണ് നെസ്തോറിയൻകാരുടെ ഭരണകർത്താക്കളായി തീർന്നത്. 15-ാം ശതാബ്ദത്തോടുകൂടി തുർക്കി, പേർഷ്യാ എന്നു രണ്ടു മഹമ്മദീയരാജ്യങ്ങളിലായി നെസ്തോറിയൻകാർ വിഭജിക്കപ്പെട്ടു. തദവസരത്തിലും തദനന്തരവും അവർ സഹിച്ച കഷ്ടതകൾ നിരവധിയാണ്. മൂസൽ, മാർഗാ മുതലായ സ്ഥലങ്ങളിൽ മാറിമാറി താമസിക്കുവാൻ പാത്രിയർക്കീസുമാർ നിർബന്ധിക്കപ്പെട്ടു. പാത്രിയർക്കാസിംഹാസനം തന്നെയും ഒരു പ്രത്യേക കുടുംബത്തിന്റെ അവകാശമായി ഭവിച്ചു. എന്നാൽ മാർപ്പാപ്പായുടെ പരമാധികാരം സംബന്ധിച്ച് നെസ്തോറിയൻകാർക്കുണ്ടായിരുന്നതായി മുകളിൽ പ്രസ്താവിച്ച വിശ്വാസം ഈ വിഷമഘട്ടങ്ങളിൽ അവർ ത്യജിച്ചു എന്നു പറഞ്ഞുകൂടാ.

1304-ൽ റോമ്മായിലേക്കു വിശ്വാസസത്യമയച്ച മൂന്നാം യബാലാഹായുടെ ശേഷം 1552-വരെ ഭരണം നടത്തിയ പാത്രിയർക്കീസുമാർ ആ വിധത്തിൽ മാർപ്പാപ്പാമാരുമായി കത്തിടപാടുകൾ നടത്തിയതായി രേഖകളില്ല. എന്നാൽ തങ്ങൾ മാർപ്പാപ്പായുടെ അധികാരം സ്വീകരിക്കാത്തവരാണെന്നുള്ള ധാരണ അവർക്കുണ്ടായിരുന്നതായി ഇതിൽ നിന്ന് അനുമാനിക്കാവുന്നതല്ല. മുകളിൽ പ്രസ്താവിച്ച ഔദ്യോഗികകാനോൻ സംഖ്യം ഈ വസ്തുത വിശദീകരിക്കുന്നുണ്ട്. കൂടാതെയും 1552-ൽ റോമ്മാവരെ യാത്രചെയ്ത് പാത്രിയാർക്കസ്ഥാനം മാർപ്പാപ്പായിൽനിന്നു പ്രാപിച്ച സൂലാക്കായുടെ മുൻഗാമി ശെമഓൻബർമമ്മായെപ്പറ്റി യൂലിയൂസു മാർപ്പാപ്പാ പറയുന്നത് അദ്ദേഹം "ഭാഗ്യസ്മരണാർഹനും റോമ്മാക്കച്ചേരിക്കു പുറത്തുവച്ച് കാലഗതി പ്രാപിച്ചവനും" ആണെന്നത്രെ. ശെമഓൻ ബർമമ്മായുടെ മരണത്താൽ "ഇടയനിൽ നിന്നുള്ള ആശ്വാസം ഇല്ലാതായ" മൂസൽ, റൈഗ്രീസ് ആദിയായ സ്ഥലങ്ങളിലെ സഭകൾക്ക് സൂലാക്കായെ താൻ ഇടയനാക്കുന്നു എന്നും യൂലിയൂസ് മാർപ്പാപ്പാ പ്രസ്താവിക്കുന്നു. ശെമഓൻബർമമ്മാ കത്തോലിക്കാസഭക്കു പുറത്തുവച്ചു മരിച്ചെന്നല്ല, റോമ്മാക്കച്ചേരിക്കു പുറത്തുവച്ചു മരിച്ചെന്നാണ് മാർപ്പാപ്പാ

പറയുന്നതു്. കത്തോലിക്കാമെത്രാന്മാർ റോമ്മാക്കച്ചേരിയിൽപെട്ടവരും പെടാത്തവരും ഉണ്ടു്. ആകയാൽ ഒരു മെത്രാൻ അഥവാ പാത്രിയക്കീസു് റോമ്മാക്കച്ചേരിക്കുപുറത്തുവച്ചു് (extra Romanam Curiam) മരിച്ചു എന്നു കണ്ടാൽ അയാൾ കത്തോലിക്കനായിരുന്നു എന്നാണു് മനസ്സിലാക്കേണ്ടതു്. അതു് അകത്തോലിക്കത്വം സൂചിപ്പിക്കുന്ന ഒരു പ്രയോഗമല്ല, പ്രത്യുത കത്തോലിക്കത്വത്തിൻെറ ഒരു ലക്ഷ്യമാകുന്നു. കൂടാതെയും സുലാക്കായെ പാത്രിയക്കീസാക്കുന്ന ഔദ്യോഗികലേഖനത്തിൽ (Bulla) സുലാക്കാ മാനസാന്തരപ്പെട്ട ആളാണെന്നോ, അദ്ദേഹത്തിൻെറ മുൻഗാമി ശെമഓൻ ബർമമ്മാ ശീസ്മക്കാരനായിരുന്നെന്നോ മാപ്പാപ്പാ പറയുന്നില്ല. "ഇടയനിൽ നിന്നുള്ള ആശ്വാസം ഇല്ലാതായ" സഭക്കു് ഒരു ഇടയനെ നിശ്ചയിക്കുന്നു എന്നത്രേ മാപ്പാപ്പാ പറയുന്നതു്. ഏതെങ്കിലും ഒരു കത്തോലിക്കാമെത്രാസനമോ പാത്രിയക്കാസിംഹാസനമോ വൈധവ്യം പ്രാപിക്കുമ്പോൾ വേറൊരു കത്തോലിക്കാമെത്രാനേയോ പാത്രിയക്കീസിനേയോ അതിലേക്കു നിശ്ചയിക്കുമ്പോൾ ഉപയോഗിക്കാറുള്ള പദപ്രയോഗങ്ങളാണു് ശെമഓൻബർമമ്മായെ സംബന്ധിച്ചും സുലാക്കായെ സംബന്ധിച്ചും മാപ്പാപ്പാ പ്രസ്തുത ലേഖനത്തിൽ ഉപയോഗിച്ചിരിക്കുന്നതു്. (15)

1540-ൽ ബാബേലിലെത്തിയ പോർട്ടുഗീസു് പ്രതിനിധി ഒരു മെത്രാനിൽ നിന്നു് ലത്തീൻഭാഷയിൽ ഒരു ലേഖനം സ്വീകരിച്ചു. അതിലെ ലത്തീൻഭാഷ ഒട്ടും തൃപ്തികരമല്ലായിരുന്നു. ആ മെത്രാൻ പോർട്ടുഗീസുകാരിൽ നിന്നു് ആശ്വാസം ലഭിക്കുവാനത്രേ ഇപ്രകാരമൊരു ലേഖനമെഴുതിയതു്. ശെമഓൻ ബർമമ്മായിക്കു ലത്തീൻഭാഷ കുറെ പരിചയമുണ്ടായിരുന്നു. 1529-ൽ അദ്ദേഹം "റോമൻ പൊന്തിഫിക്കൽ" എന്ന ലത്തീൻ കൃതിയുടെ ചില ഭാഗങ്ങൾ പൌരസ്ത്യസുറിയാനിയിലേക്കു വിവർത്തനം ചെയ്തിട്ടുണ്ടു്. ഈ സംഗതികളെല്ലാം ആലോചിക്കുമ്പോൾ പോർട്ടുഗീസുകാരിൽ നിന്നു് ആശ്വാസം ലഭിക്കുവാൻ യത്നിച്ച മെത്രാൻ ശെമഓൻബർമമ്മായാണെന്നു വിചാരിക്കാവുന്നതാണു് (16)

മേൽപ്രസ്താവിച്ചവയെല്ലാം ശെമഓൻബർമമ്മായുടെ കത്തോലിക്കാ മനഃസ്ഥിതിയല്ലയോ ദ്യോതിപ്പിക്കുന്നതു്? എങ്കിലും അദ്ദേഹം റോമ്മായുമായി കത്തിടപാടു നടത്തിയിട്ടുള്ള ഒരാളായിരുന്നില്ല.

സുലാക്കായുടെ വേറൊരു മുൻഗാമി 1504-നു് അടുത്ത കാലത്തു് കേരളത്തിലേക്കയച്ച മെത്രാന്മാരിൽ ഒരാളായ മാർ യാക്കോബു് (1504-

(15) Bulla Divina disponente clementia, Giamil, o. c. pp. 15-23.
(16) Schurhammer, The Malabar Church and Rome. pp.40-41

1550.) ആരംഭം മുതൽ തന്നെ പോർട്ടുഗീസുകാരുടെ സ്നേഹിതനായിരുന്നു. കത്തോലിക്കരായ പോർട്ടുഗീസുകാർ ഒരു ഭിന്നസഭയുടെ അംഗങ്ങളാണെന്നുള്ള ധാരണ മാർ യാക്കോബിൽ അശേഷം കാണപ്പെട്ടിരുന്നില്ല. 47_കൊല്ലത്തോളം മാർ യാക്കോബ് കേരളനസ്രാണികളുടെ ഭരണം നടത്തി. ആ നാല്പത്തേഴു കൊല്ലവും അദ്ദേഹം പോർട്ടുഗീസുകാരുമായി വൈദികങ്ങളിൽ സംസർഗ്ഗം ചെയ്യുകയും (Communicatio in Sacris) തന്റെ ഭരണീയർ വൈദികവിഷയങ്ങൾ പഠിച്ച് പൌരോഹിത്യ സ്ഥാനത്തു് ഉയർത്തപ്പെടുവാൻ അവരെ പോർട്ടുഗീസു വൈദികരെ ഏല്പിക്കുകയും, പോർട്ടുഗീസു വൈദികരോട് ഒരുമിച്ചു് തന്റെ ഭരണീയരെ സന്ദർശിക്കുകയും അവരുടെ കുട്ടികൾക്കു മാമ്മോദീസാ നൽകുവാൻ പോർട്ടുഗീസു വൈദികരെ അനുവദിക്കുകയും, പോർട്ടുഗീസു വൈദികരിൽ നിന്നു് ധനസഹായം പ്രാപിക്കുകയും മററും ചെയ്തു. (17)

കൂടാതെയും മാർ യാക്കോബ് ഉൾപ്പെടെയുള്ള മേൽ പ്രസ്താവിച്ച മെത്രാന്മാർ കണ്ണൂരിൽ വച്ചു് അവരുടെ മാർഗ്ഗമദ്ധ്യേ പോർട്ടുഗീസുകാരെ ആദ്യമായി കണ്ടുമുട്ടി. പോർട്ടുഗീസുകാർ തങ്ങളെ വളരെ ആദരവോടെ സ്വീകരിക്കുകയും, അവരുടെ കൂടെ തങ്ങൾ രണ്ടരമാസം താമസിക്കുകയും അവരിൽനിന്നു് വിലയേറിയ സമ്മാനങ്ങൾ സ്വീകരിക്കുകയും ചെയ്തെന്നും തങ്ങൾ ക്രിസ്ത്യാനികളാണെന്നും ഏതു തരക്കാരാണെന്നും (അയിക്കന്നായുസൻ) അവരോടു പറഞ്ഞെന്നും, അവർ തങ്ങളെ ഒരുദിവസം കുർബാന ചൊല്ലിച്ചെന്നും, മ്ശിഹായെപ്രതി അവരുടെ ശക്തിക്കു മേലായി തങ്ങളെ അവർ സല്ക്കരിച്ചെന്നും മററും കാണിച്ചുകൊണ്ടു് ഈ മെത്രാന്മാർ 1504_ൽ തങ്ങളുടെ പാത്രിയക്കീസിനു് ഒരു ലേഖനമയച്ചു. (18) മതതീക്ഷ്ണതയാൽ പാഷണ്ഡരെ പീഡിപ്പിക്കുകപോലും ചെയ്തിരുന്ന അന്നത്തെ പോർട്ടുഗീസു മനഃസ്ഥിതിയും ഈ സംഭവങ്ങളും തമ്മിൽ തട്ടിച്ചുനോക്കിയാൽ പ്രസ്തുത മെത്രാന്മാർ കത്തോലിക്കാ ഐക്യമുള്ളവരായിരുന്നെന്നു് നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണു്. അവരെ കേരളത്തിലേക്കയച്ച പാത്രിയക്കീസും അവരെപ്പോലെ കത്തോലിക്കാ ഐക്യമുള്ളവനായിരിക്കണമല്ലൊ. എന്നാൽ അദ്ദേഹം റോമ്മായുമായി കത്തെഴുത്തു നടത്തിയിട്ടുള്ള ഒരാളല്ലാ എന്നൊരു പ്രത്യേകം ധരിച്ചിരിക്കണം. ഇപ്പോൾ പറഞ്ഞ മെത്രാന്മാരിൽ ഒരാളാണു് മേൽ പ്രസ്താവിച്ച മാർ യാക്കോബ്. അദ്ദേഹത്തിന്റെ ഭരണകാലം മുഴ

(17) Ibidem pp 25-33

(18) Giamil o. c. pp 593-600.

വനും പോർട്ടുഗീസുകാരുമായി അദ്ദേഹം വൈദികങ്ങളിൽ സംസർഗ്ഗം ചെയ്തതു് എന്തുകൊണ്ടാണെന്നു ഇതിൽനിന്നു വ്യക്തമാകുന്നുണ്ടു്. മാർ യാക്കോബിനെപ്പററി കൂടുതൽ വിവരങ്ങൾ പിന്നീടു പറഞ്ഞുകൊള്ളാം.

വീണ്ടും, 1490_ൽ കേരളീയനായ ഒരു യൌസേപ്പു് "ബാബേലിൽ" ചെന്നു് അന്നത്തെ പാത്രിയർക്കീസിൽനിന്നു് വൈദികപട്ടം സ്വീകരിച്ചു. യൌസേപ്പും കൂട്ടുകാരും രണ്ടു മെത്രാന്മാരെ കേരളത്തിലേക്കു കൊണ്ടുവരുകയും ചെയ്തു. അതിന്റെ ശേഷം യൌസേപ്പു് പോർട്ടുഗീസുകാരോടുകൂടി ലിസ്ബൻ, റോമ്മാ മുതലായ സ്ഥലങ്ങൾ സന്ദർശിച്ചു. കാതോലിക്കാ എന്നു വിളിക്കപ്പെടുന്ന തന്റെ പാത്രിയർക്കീസിന്റെ അധികാരത്തെപ്പററി റോമ്മായിൽവച്ചു് യോസേപ്പു് ഇപ്രകാരം പ്രസ്താവിച്ചു: "മന്ത്രവാദിയായ ശെമഓന്റെ കാലത്തു് വി. പത്രോസ് അന്തിയോക്കിയായിൽ അദ്ധ്യക്ഷനായിരുന്നു റോമ്മായിലുണ്ടായിരുന്ന ക്രിസ്ത്യാനികൾ മന്ത്രവാദിയായ ശെമഓന്റെ തന്ത്രത്താൽ ഉപദ്രവിക്കപ്പെടുകയും, അവനെ തടയുവാൻ അവിടെ ആരും ഇല്ലാതിരിക്കുകയും ചെയ്തതിനാൽ വി. പത്രോസ് റോമ്മായിലേക്കു ചെല്ലുന്നതിനു് യാചിച്ചുംകൊണ്ടു് അവർ അദ്ദേഹത്തിന്റെ പക്കൽ ആളയച്ചു. അങ്ങനെ അദ്ദേഹം ഒരു പ്രതിപുരുഷനെ തന്റെ പിന്നാലെ തന്റെ സ്ഥാനത്തു് ആക്കുകയും റോമ്മായിലേക്കു പോകുകയും ചെയ്തു. ഇപ്പോൾ കാതോലിക്കാ എന്നു വിളിക്കപ്പെടുന്ന ആൾ ഇതാകുന്നു. ഇദ്ദേഹം വി. പത്രോസിന്റെ നാമത്തിൽ ഭരണം നടത്തുന്നു" (19) അന്തിയോക്കിയായും സെലൂക്കിയായും തമ്മിൽ വേർതിരിക്കാഞ്ഞതിൽ യൌസേപ്പിനു തെററു വന്നിട്ടുണ്ടു്. പക്ഷേ അദ്ദേഹം ഉദ്ദേശിക്കുന്നതു് സെലൂക്കിയായിലെ കാതോലിക്കായെ ആണു്. എന്തുകൊണ്ടെന്നാൽ അന്തിയോക്കിയാ പാത്രിയർക്കീസു് ഒരിക്കലും കാതോലിക്കാ എന്നു വിളിക്കപ്പെട്ടിട്ടില്ലാ, കൂടാതെയും സെലൂക്കിയായിലെ കാതോലിക്കാ അഥവാ പാത്രിയർക്കീസിനെപ്പററിയാണു് യൌസേപ്പിന്റെ പ്രസ്താവന. ആ പാത്രിയർക്കീസു് ഇൻഡ്യയിലേക്കും കത്തായായിലേക്കും (ചൈനാ) പാത്രിയർക്കീസുമാരെ (മെത്രാപ്പോലീത്താമാരെ) വാഴിക്കുന്നുണ്ടെന്നും അദ്ദേഹം പറയുന്നുണ്ടു്. (20) സെലൂക്കിയാ പാത്രിയർക്കീസു മാത്രമേ അന്നു് അങ്ങനെ ചെയ്തിരുന്നുള്ളു. ആകയാൽ യൌസേപ്പിന്റെ ധാരണ തന്റെ പാത്രിയർക്കീസു് (അതെ, താൻ ആരിൽനിന്നു പട്ടമേററാ ആ പാത്രിയർക്കീസു്) വി. പത്രോസിൽനിന്നു അധികാരം പ്രാപിച്ചവനാണു് എന്നായിരുന്നു.

---

(19) Schurhammer O. C. p. 29.
(20) Ibidem, p. 28.

വീണ്ടും 12 കർദ്ദിനാളന്മാരാണ് (21) തന്റെ പാത്രിയർക്കീസിനെ വാഴിക്കുന്നതെന്നും "ആ അധികാരം അവർക്ക് റോമ്മാമാർപ്പാപ്പായിൽനിന്നും ലഭിച്ചിട്ടുണ്ടെന്ന് അവർ പറയുന്നു" എന്നും യൌസേപ്പ് പ്രസ്താവിക്കുന്നുണ്ട്. (22)

യൌസേപ്പിന്റെ വിശ്വാസം സെലൂക്കിയാസഭക്കുണ്ടായിരുന്നതായി മുകളിൽ പ്രസ്താവിച്ച വിശ്വാസത്തോട് യോജിക്കുന്നുണ്ട്. ഈ കാരണത്താൽ യൌസേപ്പു പറഞ്ഞവ എന്തെന്ന് ഗ്രഹിക്കാതെയാണ് അദ്ദേഹത്തിന്റെ ആശയങ്ങളെ ശ്രോതാക്കൾ രേഖപ്പെടുത്തിയതെന്നുള്ള ആക്ഷേപം മുഴുവനും സ്വീകാര്യമായിത്തോന്നുന്നില്ല. സംഗതികൾ ഇങ്ങനെയാണെങ്കിലും നെസ്തോറിയൻകാർക്ക് പ്രത്യേകമായുള്ള "നെസ്തോറിയത്വ"ത്തോടു അന്നും സെലൂക്കിയാസഭക്ക് പ്രതിപത്തിയുണ്ടായിരുന്നിരിക്കണം.

## ഫ്ലോറെൻസു സൂനഹദോസ്.

ഫ്ലോറെൻസ് സൂനഹദോസിന്റെ ശേഷം എവുജിനിയൂസ് മാർപ്പാപ്പാ സുറിയാനിക്കാരെയും, "കൽദായക്കാരെയും, മാറോനായക്കാരെയും റോമ്മാസിംഹാസനത്തിന്റെ അനുസരണത്തിൽ തിരിച്ചു വരുത്തി (red-egit)" എന്നു 14-ാം ബെനദിക്തോസ് മാർപ്പാപ്പാ പ്രസ്താവിക്കുന്നു.(23)

സുറിയാനിക്കാർ എന്നിവിടെ പറഞ്ഞിരിക്കുന്നതു യാക്കോബായക്കാരെയും കൽദായക്കാർ എന്നു പറഞ്ഞിരിക്കുന്നതു സൈപ്രസിലെ നെസ്തോറിയൻകാരെയും ഉദ്ദേശിച്ചാണ്. സൈപ്രസിൽ നെസ്തോറിയൻകാരുണ്ടായിരുന്നെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവിടത്തെ മെത്രാനായിരുന്ന തിമൊതെയോസ് ഫ്ലോറെൻസ് സൂനഹദോസിന്റെ ഫലമായി 1445-ൽ വിശ്വാസസത്യം ചെയ്ത് മാർപ്പാപ്പായിക്ക് കീഴ്പ്പെട്ടിരുന്നുകൊള്ളാമെന്ന് വാഗ്ദാനം ചെയ്തു (24) സൈപ്രസിലെ സഭ സെലൂക്കിയാപാത്രിയർക്കീസിന് എല്ലാക്കാര്യത്തിലും എപ്പോഴും വിധേയമായിരുന്നോ എന്നു സംശയമാണ്. ലത്തീൻ മെത്രാന്മാരുമായി അന്നു സൈ

(21) റോമ്മായിലെ കർദ്ദിനാളന്മാരോട് മെത്രാപ്പോലീത്താമാരെ തുലനം ചെയ്യുന്നതായിരിക്കാം.

(22) Ibidem. pp. 30.

ഈ ഭാഗം യൌസേപ്പിന്റെ വിവരണം പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന പുസ്തകത്തിന്റെ ആദ്യത്തെ പതിപ്പിൽ കാണുന്നില്ല.

(23)Allatae sunt, §5.

(24) Giamil. p. 10.

പ്രസിലുള്ള കിഴക്കൻ മെത്രാന്മാർ ഒട്ടും രസമില്ലാതെയാണു് കഴിച്ചുകൂട്ടിയിരുന്നതു്. അതിനും പുറമെ ഗ്രീക്കുശീസ്മക്കാരോടുള്ള സാമീപ്യം നിമിത്തം സൈപ്രസിലെ നെസ്തോറിയൻകാർ മാർപ്പാപ്പായുടെ പരമാധികാരം സെലൂക്കിയരെപ്പോലെ സ്വീകരിച്ചിരുന്നില്ലാ എന്നും വരാം.

സൈപ്രസിലെ നെസ്തോറിയൻകാർ മാർപ്പാപ്പായുടെ കല്പന പ്രകാരം "കൽദായക്കാർ" എന്നു വിളിക്കപ്പെട്ടു. "നെസ്തോറിയൻകാർ" എന്നു വിളിക്കപ്പെടുന്നതു് അവർക്കു് സങ്കടകരമായിരുന്നു.(25)

ഫ്ളോറൻസു് സൂനഹദോസിന്റെ അവസാനകൂടിയാലോചന മെസൊപ്പൊത്താമിയായിലുള്ളവരുടെ പുനരൈക്യത്തിനു കൂടിയും വിനിയോഗിക്കപ്പെട്ടു.(26) അതിന്റെ ഫലമായിട്ടത്രെ നെസ്തോറിയൻ പാത്രിയർക്കീസുമാരുടെ പക്കൽ മാർപ്പാപ്പായുടെ പ്രതിനിധികൾ അയക്കപ്പെട്ടതു്. ഇതു സംബന്ധമായി മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ.

സെലൂക്കിയാസഭയുടെ ചരിത്രത്തിലെ ഒരു പുതിയ അദ്ധ്യായത്തിലേക്കാണു് ഇനി നാം പ്രവേശിക്കുന്നതു്.

---

# ഏഴാം അദ്ധ്യായം.

## സെലൂക്കായും റോമ്മാ അധികാരവും ൧.

---

### സൂലാക്കാ.

1551-ൽ ശെമഓൻബർമമ്മാ എന്ന പാത്രിയർക്കീസു് മരണം പ്രാപിച്ചു. പാത്രിയാർക്കാസ്ഥാനം ഒരു പ്രത്യേക കുടുംബത്തിനു സ്വന്തമായിരുന്നതിനാൽ പരേതന്റെ സഹോദരപുത്രൻ (മമ്മാകുടുംബാംഗം) പതിവുപോലെ സ്ഥാനാരോഹണം ചെയ്യേണ്ടിയിരുന്നു. സ്ഥാനാർത്ഥിയുടെ പ്രായമാകട്ടെ എട്ടു വയസ്സുമാത്രം! ചാർച്ചക്കാരനായ ഒരു മെത്രാൻ അദ്ദേഹത്തിനു് സഹായകനായുണ്ടായിരുന്നു. ആ മെത്രാൻ സ്വയം പാത്രിയർക്കീസാകുകതന്നെ ചെയ്തു. കാനൊനികമല്ലാത്ത ഈ പ്രവൃത്തിയിൽ അതൃപ്തി പ്രദർശിപ്പിച്ചവരായ ഭരണീയർ യോഹന്നാൻസൂലാക്കാ (Simeon John Siud Sulaka) എന്നൊരാളെ തിരിഞ്ഞെടുത്തു് ശ്രു

(25) Ibidem. p. 11.
(26) The Catholic Encyclopedia, Florence. Council of.

പാർശക്കത്തും കൊടുത്തു് റോമ്മായിലേക്കയച്ചു. അവരുടെ കത്തിലെ ചില ഭാഗങ്ങൾ കേട്ടുകൊള്ളുക. മാർപ്പാപ്പായിക്കു അവർ എഴുതുന്നു: "പിതാക്കന്മാരുടെ പിതാവിനു്, പ്രധാന ഇടയനു്........നമ്മുടെ കാലത്തെ പത്രോസിനു്.........നാഥാ അങ്ങു് മ്ശിഹായുടെ സ്ഥാനത്തിരിക്കുന്നു. അങ്ങു് ശ്ലീഹന്മാരുടെ തലവൻെറ ഉയൎന്നതും മഹത്വമുള്ളതും ആയ സിംഹാസനത്തിൽ സ്ഥിതിചെയ്യുന്നവനാണു്........ഞങ്ങളുടെ നാഥാ, തിരിഞ്ഞെടുക്കപ്പെട്ട പിതാവെ, കേട്ടാലും: പാപികളും നെസ്റ്റോറിയൻകാരുമായ അങ്ങേ എളിയ മക്കളായ ഞങ്ങൾക്കു് ഇടയനും ഭരണകൎത്താവും ഇല്ല.........ഒരു മെത്രാപ്പോലീത്തായുടെയും ഞങ്ങളുടെ പക്കലില്ല....നൂറുകൊല്ലം മുതൽ ഇങ്ങോട്ടു്,തൻെറ കുടുംബത്തിൽ നിന്നും ജാതിയിൽ നിന്നും ജനത്തിൽ നിന്നും മാത്രം മെത്രാപ്പോലീത്തായെ അഭിഷേചിച്ചുകൊണ്ടിരുന്ന പാത്രിയൎക്കീസുമാരാണു് ഞങ്ങൾക്കുണ്ടായിരുന്നതു്........ആ കുടുംബത്തിൽപെട്ട ഒരു മെത്രാൻ മാത്രമേ ഇപ്പോൾ ശേഷിച്ചിട്ടുള്ളു. താൻ പാത്രിയൎക്കീസായി തിരിഞ്ഞെടുക്കപ്പെടുവാൻ അദ്ദേഹം പരിശ്രമിച്ചെങ്കിലും........ഞങ്ങൾ അതു സ്വീകരിക്കുകയോ അപ്രകാരം പ്രഖ്യാപനം ചെയ്യുകയോ ചെയ്തിട്ടില്ല........ആകയാൽ സന്യാസിയായ സീയുദിനെ (സൂലാക്കായെ) ഞങ്ങൾ അങ്ങോട്ടു വിടുന്നു........അദ്ദേഹത്തെ കാതോലിക്കാപാത്രിയൎക്കീസായി വാഴിക്കണമെന്നു് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു........ഇതുകൂടി പരമപിതാവെ അങ്ങു് അറിഞ്ഞാലും: ആരംഭം മുതൽ തന്നെ, ശ്ലീഹന്മാരുടെ തലവനായ പത്രോസിൻെറ സിംഹാസനമായ റോമ്മായിൽ നിന്നുള്ളതാകുന്നു ഞങ്ങളുടെ പൌരോഹിത്യം. എന്നാൽ മെസ്രേംകാരനായ ഹാഗാറിൻെറ സന്തതികളാൽ (മഹമ്മദീയരാൽ) ക്രിസ്തീയവൎഗ്ഗം ഉപദ്രവിക്കപ്പെട്ടുതുടങ്ങുകയാൽ ഈ കഴിഞ്ഞ 300 കൊല്ലത്തേക്കു് അങ്ങേയുടെ പക്കലേക്കുള്ള ഞങ്ങളുടെ വഴി തടയപ്പെട്ടുപോയി........" (1)

ഈ ലേഖനം പലതുകൊണ്ടും പ്രാധാന്യമേറിയ ഒന്നാണു്. (1) ലേഖനകൎത്താക്കൾ സ്വയം നെസ്തോറിയൻകാർ എന്നു നാമകരണം ചെയ്യുന്നു. (2) നെസ്റ്റോറിയൻകാരെന്നു സ്വയം സമ്മതിക്കുന്നവർ പത്രോസിൻേറയും റോമ്മാമാർപ്പാപ്പായുടേയും പരമാധികാരം സമ്മതിച്ചു പറയുന്നുണ്ടു്; തങ്ങൾ അതിനു കീഴ്പെട്ടവരാണെന്നാണു് അവരുടെ ബോധം. (3) തങ്ങളുടെ പൌരോഹിത്യം ആരംഭം മുതൽതന്നെ റോമ്മായിൽനിന്നുള്ളതാണെന്നത്രെ അവരുടെ ധാരണ. 4) മഹമ്മദീയ ശ

---

1). Giamil, o. c. Document IV.

ല്യം നിമിത്തമാണു് 300 കൊല്ലത്തേക്കു് റോമ്മായുമായി എടപാടുകൾ നടത്താതിരുന്നതെന്നു് അവർ പറയുന്നു. 5) അവരുടെ പക്കൽ ഒരു മെത്രാപ്പോലീത്താ പോലും ഇല്ലാതിരുന്നതിനാലത്രെ അവർ അഭിഷേചനത്തിനായി റോമ്മായെ സമീപിക്കുന്നതു്. 6) റോമ്മായെ സമീപിക്കുന്നതിൽ, മാർപ്പാപ്പായുടെ ഐക്യം പുനഃപ്രാപിക്കുകയോ, വിശ്വാസവ്യത്യാസം വരുത്തുകയോ ചെയ്യുന്നു എന്ന ബോധം അവർക്കില്ല.

മററു ചില ചരിത്രരേഖകളിൽനിന്നു വ്യക്തമാകുന്നതുപോലെ, അവർ അന്നു് നെസ്തോറീസിനെ വണങ്ങിയിരുന്നു. റോമ്മായിൽനിന്നു തിരിച്ചു വന്നശേഷം സൂലാക്കാ ചെയ്ത പ്രയത്നത്തിന്റെ ഫലമായി മാത്രമേ നെസ്തോറീസിന്റേയും മററും നാമങ്ങൾ അവരുടെയിടയിൽനിന്നു നീക്കപ്പെട്ടുള്ളു. (1b) ഇവയിൽനിന്നെല്ലാം സെലൂക്കിയാസഭയുടെ നില എപ്രകാരമുള്ളതായിരുന്നു എന്നു് വിശദമാകുന്നുണ്ടു്. നെസ്തോറിയതത്തിൽ ആ സഭ നിപതിച്ചിരുന്നു എങ്കിലും മാർപ്പാപ്പായുടെ ദൈവസ്ഥാപിതമായ പരമാധികാരത്തിനു സ്വയം വിധേയയാണെന്നുള്ള ധാരണ ആ സഭ പരിത്യജിച്ചിരുന്നില്ല. പാത്രിയർക്കീസിനെ അഭിഷേചിക്കുവാൻ മെത്രാപ്പോലീത്താ ഇല്ലാതെ വന്നപ്പോൾ റോമ്മായിലേക്കു് നെസ്തോറിയൻകാർ ദൃഷ്ടിപതിച്ചതിൽനിന്നു് തങ്ങൾ റോമ്മായുടെ കീഴാണെന്നുള്ള ബോധം അവർക്കുണ്ടായിരുന്നതായി തെളിയുന്നു. അവരുടെ ലേഖനത്തിൽ തങ്ങൾ റോമ്മാ ഐക്യം പ്രാപിക്കുവാൻ ആഗ്രഹിക്കുന്നവരായിട്ടല്ല, തദൈക്യം ഉള്ളവരായിട്ടാണു് അവർ സ്വയം പ്രത്യക്ഷപ്പെടുത്തുന്നതു്. 300 കൊല്ലം മുമ്പു് (അതായതു് കുരിശുയുദ്ധാരംഭത്തിൽ) റോമ്മായെ രേഖാമൂലം സമീപിച്ച സംഗതി അവർ വിസ്മരിച്ചിട്ടില്ല. മഹമ്മദീയ ശല്യം നിമിത്തമാണു് അവർ തൽസാമീപ്യം ഉപേക്ഷിച്ചവരായി കാണപ്പെട്ടതു്. റോമ്മായുമായി കത്തെടപാടുകൾ നടത്താതിരുന്ന പാത്രിയർക്കീസുമാരുടെ മനഃസ്ഥിതി ഏതു പ്രകാരമുള്ളതായിരുന്നെന്നു് ഇതിൽനിന്നു വിശദമാകുന്നുണ്ടല്ലോ.

അതെ, നെസ്തോറിയതത്തിൽ നിപതിച്ചെങ്കിലും, മാർപ്പാപ്പായുടെ പരമാധികാരം പരിത്യജിച്ച ഒരു സ്വതന്ത്രസഭയാണു് സെലൂക്കിയാസഭ എന്നു് തൽസഭാംഗങ്ങൾ ഒരിക്കലും വിചാരിച്ചിരുന്നില്ല. മാർപ്പാപ്പാ തങ്ങളുടെ പരമാദ്ധ്യക്ഷനാണെന്നു് അവർ എപ്പോഴും വിശ്വസിച്ചിരുന്നു. ഈ കാരണത്താൽ അവരുടെ നെസ്തോറിയതം ഉത്തമവിശ്വാസത്തിലുള്ള ഒരബദ്ധമായിരുന്നു എന്നല്ലാതെ വേറേ തരത്തിൽ ആ

---

1b ). x Ibidem. p. 116.

കുവാൻ പാടുള്ളതാണോ? തങ്ങൾ നെസ്തോറിയൻകാരാണെന്നു് മേലുദ്ധരിച്ച ലേഖനത്തിൽ അവർ മാർപ്പാപ്പായിക്കു് എഴുതിയിരിക്കുന്നതിൽ നിന്നുതന്നെ ഈ അനുമാനം അവിതർക്കിതമായിരിക്കുന്നില്ലയോ? അവരുടെ പൌരോഹിത്യം റോമ്മായിൽ നിന്നുള്ളതാണെന്നു് പറയുന്നതിൽ അവർക്കു തെറ്റു വന്നിട്ടുണ്ടെന്നു് ചിലർ പറയുന്നുണ്ടെങ്കിലും ആ തെറ്റു് സഭാധികാരത്തെപ്പറ്റിയുള്ള അവരുടെ വിശ്വാസത്തിനു യാതൊരു വിധത്തിലും ഹാനികരമല്ലെന്നു എല്ലാവരും സമ്മതിക്കേണ്ടതാണു്. അവരുടെ പൌരോഹിത്യം അന്തിയോക്കിയായിൽ നിന്നുള്ളതായിരുന്നു എന്നു നാം കണ്ടതാണല്ലോ. അന്തിയോക്കിയായിലെ പൌരോഹിത്യമാകട്ടെ വി. പത്രോസിൽ നിന്നുള്ളതായിരുന്നു. വി. പത്രോസ് റോമ്മായിൽ തന്റെ സിംഹാസനം ശാശ്വതമായി സ്ഥാപിച്ചതിനാൽ അദ്ദേഹത്തിൽ നിന്നുള്ള പൌരോഹിത്യം റോമ്മായിൽ നിന്നുള്ളതാണെന്നു പറയാവുന്നതാണു്. കൂടാതെയും പൌരോഹിത്യം പ്രദാനം ചെയ്യുക പൌരസ്ത്യക്കു് എന്നും അധികാരസമന്വിതമായ ഒരു പ്രവൃത്തിയാണു്. ഒരാളെ മെത്രാനായി അഭിഷേചിക്കുന്നതു് ആ ആളുടെ മേലുള്ള അധികാരമാണു് അവരുടെയിടയിൽ സൂചിപ്പിക്കുന്നതു്. ആകയാൽ റോമ്മായുടെ അധികാരം സ്വീകരിക്കുന്നവർ നേരിട്ടോ അല്ലാതെയോ റോമ്മായിൽനിന്നു പൌരോഹിത്യം സ്വീകരിക്കേണ്ടവരാണു്. ഈ അർത്ഥത്തിലായിരിക്കാം തങ്ങളുടെ പൌരോഹിത്യം റോമ്മായിൽനിന്നുള്ളതാണെന്നു് അവർ പറയുന്നതു്. അല്ലാതെ ചിലർ വിചാരിക്കുന്നതുപോലെ, അന്തിയോക്കിയാ റോമ്മാസാമ്രാജ്യത്തിലായിരുന്നതിനാൽ അന്തിയോക്കിയാ എന്നതിനു പകരം റോമ്മാസാമ്രാജ്യം എന്നു അവർ കരുതുകയും അതു് റോമ്മാ ആയി പരിണമിക്കുകയും ചെയ്തു എന്നു കരുതേണ്ട ആവശ്യമില്ല. റോമർ എന്നു് റോമ്മാസാമ്രാജ്യത്തിലുള്ളവരെപ്പറ്റി സെലൂക്കിയർ പറഞ്ഞിട്ടുണ്ടെങ്കിലും റോമ്മാ എന്നു് ആ അർത്ഥത്തിലാണു് അവർ ഇവിടെ പറയുന്നതെന്നു് എങ്ങനെ സമർത്ഥിക്കും?

റോമ്മായിൽ വച്ചു് സുലാക്കാ മെത്രാഭിഷിക്തനും പാത്രിയർക്കസ്ഥാനപ്രാപ്തനും ആയി. കേരളീയസഭമേൽ അദ്ദേഹത്തിനു് മാർപ്പാപ്പാ അധികാരം ഉറപ്പിച്ചുകൊടുത്തു. (2) റോമ്മായിൽവച്ചു് 1553-ൽ ചെയ്ത വിശ്വാസസത്യത്തിൽ സുലാക്കാ ഇങ്ങനെ പറയുന്നു: "പത്രോസിന്റെ സിംഹാസനമായ വി. റോമ്മാസഭ എല്ലാസഭകളുടേയും തലയാണെന്നു് ഞാൻ അതിനെപ്പറ്റി എഴുതുകയുണ്ടായി. ഈ സ്ഥാനം "നീ പാറയായ പ

(2) Giamil p. 17.

ത്തോസാകുന്നു: ഈ പാറമേൽ ഞാൻ എന്റെ സഭ സ്ഥാപിക്കും" എന്ന വാക്കുകളാൽ മ്ശിഹാ അതിനു നൽകിയതാകുന്നു. ഈ വിശ്വാസം ഞങ്ങളുടെയിടയിൽ പാലിക്കപ്പെട്ടുവരുന്നു." (3) നിക്കിയായിലെ എന്നറിയപ്പെടുന്ന അറബിക്കാനോനാകളെപ്പററിയും സൂലാക്കാ പ്രസ്താവിക്കുന്നുണ്ട്. (3) ഈ കാനോനാകൾ മാർപ്പാപ്പായുടെ പരമാധികാരം സ്പഷ്ടമായി സ്വീകരിക്കുന്നവയാണെന്ന് മുകളിൽ കാണിച്ചിട്ടുള്ളതാണല്ലോ. നെസ്തോറിയൻകാർക്ക് മാർപ്പാപ്പായുടെ പരമാധികാരത്തിലുണ്ടായിരുന്ന വിശ്വാസം എപ്രകാരമുള്ളതായിരുന്നെന്ന് മനസ്സിലാക്കുവാൻ ഈ വിശ്വാസസത്യവും നമുക്കു വളരെ സഹായകമാകുന്നു. ഈ വിശ്വാസം തങ്ങളുടെയിടയിൽ പാലിക്കപ്പെട്ടുവരുന്നു എന്നാണ് സൂലാക്കാ പറയുന്നത്.

## മഫേയികർദ്ദിനാൾ.

റോമ്മായിൽവച്ച് "പാള്ളിയം" എന്ന സ്ഥാനവസ്ത്രം സൂലാക്കായിക്കു നൽകപ്പെട്ടപ്പോൾ മഫേയികർദ്ദിനാൾ (Cardinal Maffei) ഇങ്ങനെ പ്രസ്താവിച്ചു: "ഈ നെസ്തോറിയൻകാർ പാഷണ്ഡനായ നെസ്തോറീസിന്റെ നാമമല്ലാതെ അയാളുടെ പാഷണ്ഡതകൾ സ്വീകരിച്ചിട്ടുള്ളതായി തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ ആ കക്ഷിയോടുള്ള (നെസ്തോറിയൻപാഷണ്ഡരോടുള്ള) ബന്ധത്തെ ദ്യോതിപ്പിക്കുന്ന യാതൊന്നും ഇവിടെ വന്നിരിക്കുന്ന ഈ ആളുകളിൽ ഞാൻ കാണുന്നില്ല. മാറോനായക്കാർ, യാക്കോബായക്കാർ, ഈജിപ്തായക്കാർ തുടങ്ങി ആ ദേശത്തുള്ള ക്രിസ്ത്യാനികൾക്ക് ഈ പേരിനേയും ഇവരുടെ ജനസംഖ്യ, പള്ളികളുടെ സ്ഥിതി, സംഖ്യാബലം ഇതുകളേക്കുറിച്ച് അസൂയയുള്ളതായി തോന്നുന്നു. എന്തുകൊണ്ടെന്നാൽ ഇൻഡ്യാവരെ ഇവരുടെ പള്ളികൾ കാണപ്പെടുന്നുണ്ട്. മൂന്നൂറു കൊല്ലം മുമ്പ് ഈ ജനത്തിന്റെ പൊതു സമ്മതത്തോടെ മാർ ആറാ എന്നൊരാൾ തിരുസിംഹാസനത്തിങ്കലേക്കു അയക്കപ്പെട്ടു. അത് അദ്ദേഹം പാത്രിയക്കീസായി തിരിഞ്ഞെടുക്കപ്പെടുവാൻ ആയിരുന്നു........ആകയാൽ വിശ്വാസം വിശദീകരിക്കപ്പെടുവാനും മററുമായി പല മാററങ്ങളും ഇവരുടെ പുരാതനമതത്തിൽ വരുത്തിയിട്ടുണ്ട് എന്നു വിചാരിക്കാവുന്നതാണ്........ (4)

---

(3) Schurhammer, O, C. P. 32
(3) Ibidem, note. 15.
(4) Giamil, o. c. p. 480.

ഈ പ്രസംഗം മേൽപ്രസ്താവിച്ച അനുമാനത്തെ സ്ഥിരീകരിക്കയല്ല യോ ചെയ്യുന്നത്? അതെ, റോമ്മായിൽ നിന്നു ഭിന്നിച്ചുനില്ക്കുന്ന ഒരു സ്വതന്ത്രസഭയുടെ അംഗങ്ങളാണ് തങ്ങൾ എന്നുള്ള ധാരണ നെസ്തോറിയൻകാർക്കില്ലായിരുന്നു. (5)

അവുദീശോ.

മമ്മാ കുടുംബത്തിൽപെട്ട പാത്രിയർക്കീസ് സൂലാക്കായെ വിരോധിക്കുകയും 1555_ൽ അപായപ്പെടുത്തുകയും ചെയ്തു. സൂലാക്കായുടെ പിൻഗാമി അവുദീശോ ആയിരുന്നു. അവുദീശോയെ നാലാം പീയൂസ്മാർപ്പാപ്പാ റോമ്മായിൽ വച്ച് പാത്രിയർക്കീസായി സ്ഥിരീകരിച്ചതിനും പുറമേ കേരളസഭമേൽ അദ്ദേഹത്തിനുണ്ടായിരുന്നഅധികാരം അദ്ദേഹത്തിന് ഉറപ്പിച്ചുകൊടുക്കുകകൂടി ചെയ്തു (6) 1562_ൽ അവുദീശോ റോമ്മായിൽവച്ച് "പാല്ലിയം" സ്വീകരിച്ചു.

ത്രെന്തോസു സൂനഹദോസിൽ സംബന്ധിച്ച പോർത്തുഗീസു പ്രതിനിധികൾ തിരായി (Orador) കൊടുങ്ങല്ലൂർ, കൊച്ചി, കോഴിക്കോട്, ഗോവ മുതലായ സ്ഥാനങ്ങൾ കൽദായപാത്രിയർക്കീസിന്റെ അധികാരത്തിലിരിക്കേണ്ടവയാണെന്ന് അവുദീശോയുടെ ഭാഗത്തുനിന്നു വാദം നടക്കുകയുണ്ടായി. (7) പൌരസ്ത്യസുറിയാനി (കൽദായ) പാത്രിയർക്കീസിന്റെ അധികാരം കേരളത്തിൽ നിന്ന് നിശ്ശേഷം നീക്കിക്കളയണമെന്നായിരുന്നു പോർത്തുഗീസുകാരുടെ ഉദ്ദേശ്യം.

ത്രെന്തോസു സൂനഹദോസിൽ സംബന്ധിച്ച കർദ്ദിനാളന്മാരിൽ അമൂലിയൂസ് കർദ്ദിനാൾ (Cardinal Amulius) അയച്ച ഒരു ലേഖനത്തിൽ നിന്ന് മേൽപ്രസ്താവിച്ച നെസ്തോറിയൻ മനഃസ്ഥിതി ധാരാളം വിശദമാകുന്നുണ്ട്. അദ്ദേഹം പറയുന്നു: "....ദൈവത്തിന്റെ വലുതായ നന്മയുടെ നേർക്ക് നന്ദിയുടെ വലുതായ ഒരു കടപ്പാട് നമുക്കുണ്ടായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അവിടത്തെ (ദൈവത്തിന്റെ) കാരുണ്യമേ

---

(5) മാർ ആറാ പാത്രിയർക്കീസായി ഉയർത്തപ്പെട്ടവാൻ റോമ്മായിലേക്ക് അയക്കപ്പെട്ട എന്നു കരുതിയതിൽ കർദ്ദിനാൾ മഫേയിക്കു പിശകു വന്നിട്ടുണ്ട്. അന്നത്തെ പാത്രിയർക്കീസിന്റെ പ്രതിപുരുഷൻ മാത്രമായിരുന്നു അദ്ദേഹം.

(6) Giamil, p. 31 sqq.

(7) മാർത്തോമ്മാ ക്രിസ്ത്യാനികൾ 1. അ. 10. പു. 161.

റിയ ദയനിമിത്തമാകുന്നു നമുക്കു ദൂരമായി മാത്രം അറിയപ്പെട്ടിരിക്കുന്നാ ആ വിദൂരപ്രദേശങ്ങളിൽ സത്യവിശ്വാസം പരിപാലിക്കപ്പെട്ടുപോരുന്നതു്. നമ്മുടെയിടയിൽ എന്നതിനേക്കാൾ ഒരു പക്ഷെ ഒട്ടും താഴ്ന്നതല്ലാത്ത വിധത്തിൽ അവരുടെയിടയിൽ ക്രിസ്തുമതം അഭിവൃദ്ധിപ്പെട്ടിരിക്കുന്നതു് അവിടത്തെ അനുഗ്രഹത്തിനു വേറൊരു ലക്ഷ്യമാകുന്നു. ശ്ലീഹന്മാരായ തോമ്മായാലും തദ്ദെയാലും പഠിപ്പിക്കപ്പെട്ടതും അവരുടെ ശിഷ്യനായ മാറിയുടെ ഭക്തപ്രസംഗങ്ങളാൽ സ്ഥിരീകരിക്കപ്പെട്ടതും ആയ ഉപദേശം സകല വിശുദ്ധിയിലും ഇന്നും സംരക്ഷിക്കപ്പെട്ടുവരുന്നുണ്ടു്. അവിശ്വാസികളുടെ കഠിനതകത്തിനു കീഴിൽ രാജകുടുംബങ്ങളും, രാജ്യങ്ങളും പലതരത്തിലുള്ള മതങ്ങളും നശിപ്പിക്കപ്പെട്ടുപോയെങ്കിലും, അപരിഷ്കൃതങ്ങളായ സാഹചര്യങ്ങളിൽ പീഡനങ്ങളും അവമാനങ്ങളും സദാ ഉണ്ടായിരുന്നെങ്കിലും, വളരെ വിദൂരങ്ങളായ പ്രദേശങ്ങൾമൂലമന നമ്മിൽനിന്നു വേർപെട്ടുകിടക്കുന്ന ജാതികളുടെയിടയിൽ 1500 സംവത്സരക്കാലത്തോളം സഭയുടെ പ്രശസ്തി പരിപാലിക്കപ്പെട്ടുപോരുകയും, രക്ഷാകരമായ ഉപദേശം നിർമ്മലമായി നിലനിന്നുവരുകയും ചെയ്യുന്നു. അതേ ഉപദേശമാകട്ടെ നമ്മുടെ സമീപേ പരീക്ഷണത്തിനു വിധേയമാക്കപ്പെട്ടിരിക്കയാണല്ലൊ....” (8)

ഈ വിവരങ്ങളെല്ലാം അമൂലിയൂസ് കർദ്ദിനാളിനു് അവുദീശോ പാത്രിയർക്കീസിൽ നിന്നു ലഭിച്ചവയായിരുന്നു എന്നതിൽ സംശയമില്ല. കർദ്ദിനാളിൻെറ ഈ പ്രസ്താവന നടന്നതു് 1562_ൽ ആയിരുന്നു. 1500 സംവത്സരത്തോളം അഥവാ ക്രിസ്താബ്ദം 62 ാമാണ്ടു മുതൽ തങ്ങൾ സത്യവിശ്വാസം പാലിക്കുന്നവരാണെന്നുള്ള ധാരണയാണു് അന്നു പൌരസ്ത്യ സുറിയാനിക്കാർക്കു് (“നെസ്തോറിയൻകാർക്കു്”) ഉണ്ടായിരുന്നതെന്നു് ഇതിൽ നിന്നു് ഏറെക്കുറെ നമുക്കു ഗ്രഹിക്കാവുന്നതാണു്. പത്രോസിൻെറയും റോമ്മാ മാർപ്പാപ്പായുടേയും പരമാധികാരത്തിൽ തങ്ങൾക്കുണ്ടായിരുന്ന വിശ്വാസത്തിനു് തങ്ങളുടെ “നെസ്തോറിയത്വം” പ്രതിബന്ധകമാണെന്നു പൌരസ്ത്യസുറിയാനിക്കാർ അഥവാ സെലൂക്യാ സഭാംഗങ്ങൾ കരുതിയിരുന്നില്ലെന്നു് ഇതിൽ നിന്നു വിശദമാകുന്നില്ലയോ?

അവുദീശോ 1567_ൽ നിര്യാതനായി. അദ്ദേഹത്തിൻെറ എന്നു പറയപ്പെടുന്ന മൂന്നു പദ്യങ്ങളിൽ കത്തോലിക്കാ സിദ്ധാന്തത്തിനു വിരുദ്ധങ്ങളായ ചില ഭാഗങ്ങളുണ്ടെന്നു് ഒരു ആക്ഷേപമുണ്ടു്. മശിഹാ

(8) Giamil, p. 67.

യിൽ രണ്ടു "ക്യാനാ"യും രണ്ടു "ക്നോമ്മാ"യും ഉണ്ടെന്നും, ഏകമനസ്സും ഏക പ്രവൃത്തിയും ആണു് അദ്ദേഹത്തിലുള്ളതെന്നും, നെസ്തോറീസ് വിശുദ്ധനും വി. ക്കുറിലോസ് ദുഷ്ടനും ആണെന്നും അവുദീശോ പ്രസ്താവിച്ചിട്ടുണ്ടത്രേ. (9) "ക്യാനാ" "ക്നോമ്മാ" എന്നിവയും നെസ്തോറീസു വി. ക്കുറിലോസ് എന്നിവരുടെ സംഗതിയും അവുദീശോയുടെ പദ്യങ്ങളുടെ ചില പകർപ്പുകളിൽ കാണുന്നില്ല. അതു് ആരോ അദ്ദേഹത്തിന്റെ കൃതിയിൽ എഴുതിച്ചേർത്തതാണെന്നു് അസ്സെമാനി തീർത്തു പറയുകതന്നെ ചെയ്യുന്നു. (10) ഏതായാലും അവുദീശോ രണ്ടു "ക്യാനാ" (സ്വഭാവം) സ്വീകരിച്ചിരുന്ന ഒരാളാണെന്നു് എല്ലാവരും സമ്മതിക്കുന്നതാണു്. രണ്ടു "ക്യാനാ" സ്വീകരിക്കുന്ന ഒരാൾ "ഏകമനസ്സും" "ഏക പ്രവൃത്തിയും" അവയുടെ അബദ്ധമായ അർത്ഥത്തിൽ സ്വീകരിക്കുകയില്ലെന്നു നിശ്ചയമാണു്.

റോമ്മായിൽ വച്ചു് സത്യവിശ്വാസം ഏറ്റുപറയുകയും നെസ്തോറീസിനെ ശപിക്കുകയും ചെയ്ത ഒരാളാണു് അവുദീശോ. റോമ്മായിലേക്കുള്ള യാത്രയിൽ ആ വയോവൃദ്ധൻ അവിശ്വാസികളാൽ രണ്ടുപ്രാവശ്യം നിർദ്ദയം പ്രഹരിക്കപ്പെട്ടു. (11) കൂടാതെയും സ്വരാജ്യത്തു തിരിച്ചെത്തിയശേഷം മരണംവരെ അദ്ദേഹം റോമ്മായുമായി കത്തിടപാടുകൾ നടത്തുകയും മാർപ്പാപ്പായുടെ പരമാധികാരം സ്വീകരിച്ചു പ്രവർത്തിക്കുകയും ചെയ്തതായി അനേകം രേഖകൾ നമ്മുടെ കൈവശമുണ്ടു്. (12) ഈ സ്ഥിതിക്കു് അവുദീശോ റോമ്മാക്കച്ചേരിയിലുള്ളവരെ വഞ്ചിച്ചെന്നു പറയുക ശരിയായിരിക്കുമെന്നു തോന്നുന്നില്ല. ലെക്വീൻ ആകട്ടെ വഞ്ചനനടന്നെന്നു വിചാരിക്കുന്നവരിൽപെട്ട ഒരാളാണു്! (13) ഏതായാലും അവുദീശോ റോമ്മാ ഐക്യം ത്യജിച്ചില്ലെന്നു് (കുറഞ്ഞപക്ഷം ബാഹ്യമായിട്ടെങ്കിലും) സ്പഷ്ടമാണു്. അദ്ദേഹത്തിന്റെ ഭരണീയരുടെ കത്തോലിക്കത്വത്തിനു് ഇതു ധാരാളം മതിയാകുന്നതാണു്. റോമ്മായുമായി കത്തിടപാടുകൾ നടത്തി, റോമ്മായുടെ പരമാധികാരം സ്വീകരിച്ചു്, റോമ്മായുടെ കല്പനപ്രകാരം വർത്തിക്കുന്ന അദ്ധ്യക്ഷനെ അനുസരിക്കുകയാണല്ലോ കത്തോലിക്കരുടെ ധർമ്മം.

---

(9) Le Quien, Oriens Christ. II. 1160.
Assemani, B. O. I. 541 sq.

(10) B. O. I. 541 sq.

(11) Giamil, pp. 66-67.

(12) Idem, p.. 59. sq.

മാർ ഏലിയാ, മാർ യൌസേപ്പ്, അംബ്രോസിസ് എന്ന മൂന്നുമെത്രാന്മാരും, അന്തൊനീനൂസ് (13b) എന്ന ഒരു വൈദികനും, രണ്ടു അത്മായാചാരും അവുദിശോ പാത്രിയർക്കീസിന്റെ കാലത്തു കേരളത്തിലേക്കു പുറപ്പെട്ടു. മാർ ഏലിയായും മാർ യൌസേപ്പും പൌരസ്ത്യ സുറിയാനിക്കാരായിരുന്നു. അവരിൽ ഒന്നാമൻ പാത്രിയർക്കീസിന്റെ പ്രതിപുരുഷനും രണ്ടാമൻ കേരളീയരെ ഭരിക്കുവാൻ നിയുക്തനും പരേതനായ സൂലാക്കാ പാത്രിയർക്കീസിന്റെ സഹോദരനും ആയിരുന്നു. അംബ്രോസിസു മെത്രാനും അന്തൊനീനൂസും ഡൊമിനിക്കൻ സന്യാസികളായിരുന്നു. അംബ്രോസീസു മെത്രാൻ മാർപ്പാപ്പായുടെ പ്രതിപുരുഷനായിട്ടത്രെ ചരിത്രത്തിൽ പ്രത്യക്ഷനാകുന്നതു്. ഇവരെ സംബന്ധിച്ചു് കേരളീയ സഭയെപ്പററിയുള്ള ഭാഗത്തു് കൂടുതലായി പ്രതിപാദിച്ചുകൊള്ളാം. മാർ ഏലിയാ സ്വദേശത്തേക്കു തിരിച്ചുപോയ ശേഷം റോമ്മായിലെത്തി ഒരു റിപ്പോർട്ടു സമർപ്പിച്ചു.

## അവുദിശോയുടെ പിൻഗാമികൾ.

1567-ൽ അവുദിശോ നിര്യാതനായി. മെത്രാന്മാക്കു് ഒരുമിച്ചു കൂടുവാൻ സാധിക്കാതെ വന്നതിനാൽ പുതിയ പാത്രിയക്കീസു് വളരെ കാലം കഴിഞ്ഞശേഷം മാത്രമേ തിരിഞ്ഞെടുക്കപ്പെട്ടുള്ളു. ആ കാലാവധിയിൽ അത്തള്ളാ അഥവാ യബാലാഹാ എന്ന മെത്രാൻ പാത്രിയാക്കാസിംഹാസനത്തിന്റെ അഡ്മിനിസ്റ്റ്രേറർ (Administrator) ആയി ഭരണം നടത്തി. അദ്ദേഹമായിരുന്നു മെത്രാന്മാരിൽ പ്രായം കൂടിയആൾ. 1577-ൽ അദ്ദേഹം തന്നെ പാത്രിയക്കീസായി തിരിഞ്ഞെടുക്കപ്പെട്ടു. യുദ്ധങ്ങൾ നിമിത്തം റോമ്മായിൽ പോകുന്നതിനോ റോമ്മായുടെ സ്ഥിരീകരണം ലഭിക്കുന്നതിനോ യബാലാഹായിക്കു സാധിച്ചില്ല. എന്നാൽ അപ്രകാരം ചെയ്യുവാൻ അദ്ദേഹം കരുതിയിരുന്നെന്നു് മാർ ഏലിയാ റോമ്മായിൽ സമർപ്പിച്ച റിപ്പോർട്ടിൽ നിന്നു വിശദമാകുന്നുണ്ടു്.

---

(13) അദ്ദേഹംപറയുന്നു:"Thus indeed were the Roman theologians imposed upon by these crafty Orientats, they being insuffiently acquainted with the phraseology and the tricks of the older heretics" (l. c. II. 1160). ഈ പ്രസ്താവന റോമ്മായിലുള്ളവരുടെ അഗാധപാണ്ഡിത്യത്തെ പററി ചിന്തിക്കാതെ ചെയ്തിട്ടുള്ള ഒന്നാണു്.

(13b) അന്തോനിയുസ് എന്നാണു് മുമ്പ് എല്ലാവരും കരുതിയിരുന്നതു്. അന്തോനിയൂസും അന്തോനീനൂസും രണ്ടു പേരുകളാണു്.

(14) രണ്ടു കൊല്ലം മാത്രമേ അദ്ദേഹത്തിന്റെ ഭരണം ദീർഘിച്ചുള്ളു. (15) കേരളത്തിൽ നിന്നു തിരിച്ചെത്തിയിരുന്ന മാർ ഏലിയാ ആയിരുന്നു യബാലാഹായുടെ ആലോചനക്കാരനും സഹായകനും.

യബാലാഹായുടെ പിൻഗാമി ദെനഹാശെമഒാൻ ആയിരുന്നു. സ്ഥാനാരോഹണം ചെയ്ത 1580-ൽ തന്നെ അദ്ദേഹം മാർ ഏലിയായെ റോമ്മായിലേക്കയച്ചു. റോമ്മാക്കച്ചേരിയിലെ അന്നത്തെ ചില രേഖകളിൽ ദെനഹാശെമഒാനും മാർ ഏലിയായും നെസ്തോറിയൻകാരെന്നു നാമകരണം ചെയ്തിരിക്കുന്നതു കാണാവുന്നതാണ്. (16) നോക്കുക, കത്തോലിക്കർ തന്നേയും നെസ്തോറിയൻകാരെന്നു വിളിക്കപ്പെട്ടുന്നു! നെസ്തോറിയൻ എന്നുള്ളതു പലപ്പോഴും മതത്തെ എന്നതിനെക്കാൾ ജാതിയെ സൂചിപ്പിച്ചിരുന്നു.

മാർ ഏലിയാ തന്റെ റിപ്പോർട്ടു 1581-ൽ സന്തോനി (Giulio Antonio Santoni) കർദ്ദിനാളിന്റെ പക്കൽ സമർപ്പിക്കുകയും പാത്രിയർക്കീസിന്റെ പേർക്കു വിശ്വാസസത്യം ചെയ്യുകയും ചെയ്തു. മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ദെനഹാശെമഒാന്റെ വിശ്വാസപ്രതിജ്ഞ അദ്ദേഹത്തിൽ നിന്നു സ്വീകരിച്ചശേഷം അദ്ദേഹത്തിന്റെ "പാല്ലിയം" മാർ ഏലിയായെ ഏല്പിച്ചു. മാർ ഏലിയായുടെ പിന്നാലെ സിദോനിയായിലെ ലെയൊനാർദ് എന്ന ലത്തീൻ മെത്രാൻ പൌരസ്ത്യപ്രദേശങ്ങളിലേക്കു് മാർപ്പാപ്പായുടെ പ്രതിനിധിയായി അയക്കപ്പെട്ടു. യാത്രയിൽവച്ചു് മാർ ഏലിയാ മരിക്കുകയാൽ പാത്രിയർക്കീസിനു പാല്ലിയം നൽകുവാനുള്ള ഉദ്യോഗം ലെയൊനാർദ് മെത്രാനിൽ നിക്ഷിപ്തമായി. (17) ദെനഹാശെമഒാൻ തന്റെ വാസം പേർഷ്യായിലേക്കു മാററിയിരുന്നതിനാലും, തുർക്കിയും പേർഷ്യായും തമ്മിൽ ഘോരസമരം നടന്നിരുന്നതിനാലും ലെയൊനാർദ് മെത്രാന് ദെനഹാശെമഒാനെ സന്ദർശിക്കുവാൻ സാധിച്ചില്ല. എങ്കിലും ഒരാൾ വശം അദ്ദേഹം പാത്രിയർക്കീസിന്റെ പക്കൽ "പാല്ലിയം" എത്തിക്കുകയും അങ്ങനെ പാത്രിയർക്കീസ് വിശ്വാസം സത്യം ചെയ്തുകൊ

(14) Belt;ani- La Chiesa Caldea nel' Secolo dell'unione, Doc-XVIII; p. 66. 67.

(15) Ibidem, p. 67. 68.

(16) 12 gennajo 1581. "Dell'arcivescovo Mar Elia, mandato dal patriarcha di Nestoriani a dare obedientia a Sua Santita..." "Dalla venuta di Mar Helia, acivescovo di Caramit' de' Nestoriani..." Beltrani, o. c. p. 70.

(17) Beltrani, o. c. Doc. XXIII,

ണ്ടു് പാല്ലിയപ്പാപ്പനാകുകയും ചെയ്തു. (18) ഇതു് 1585-ൽ സംഭവിച്ചു. ലെയനാർദുമെത്രാൻ തന്നെയാണു് ഇതു രേഖപ്പെടുത്തിയിരിക്കുന്നതു്. അദ്ദേഹത്തിന്റെ ലേഖനം മോൺസിഞ്ഞോർ ബെൽത്രാമി ജ്യാമിൽ മുതലായവർ സ്വകൃതികളിൽ ഉദ്ധരിക്കുന്നുമുണ്ടു്. (19) ആകയാൽ പ്രായത്താലും അറിവുകുറവിനാലും ദെനഹാശെമഓൻ ഉദ്യോഗത്തിനു് അയോഗ്യനായി മാർപ്പാപ്പായുടെ പ്രതിപുരുഷനാൽ കരുതപ്പെട്ടു എന്നുള്ള സ്ത്രോസ്സാ (Strozze) യുടെ പ്രസ്താവന തികച്ചും അടിസ്ഥാനരഹിതമാകുന്നു (20)

ജ്യാമിലിന്റെ അഭിപ്രായത്തിൽ ദെനഹാശെമഓൻ 1593-ൽ മരണം പ്രാപിച്ചു. (21) എന്നാൽ അദ്ദേഹം 1600-ൽ മരിച്ചെന്നാണു് ബെൽത്രാമിയുടെ വാദം. മരണം എന്നു സംഭവിച്ചു എന്നു അസ്സെമാനി പറയുന്നില്ല. എങ്കിലും പിൻഗാമിയുടെ ഭരണം 1600-ൽ ആരംഭിച്ചു എന്നു് അദ്ദേഹം പറയുന്നുണ്ടു്. ഉദയംപേരൂർ സൂനഹദോസിന്റെ കാലമായ 1599-ൽ കേരളീയർ ശെമഓൻപാത്രിയർക്കീസിന്റെ അധികാരം സ്വീകരിച്ചിരുന്നെന്നു രേഖയുള്ളതിനാലും 1600-ൽ മാത്രം ദെനഹാശെമഓന്റെ പിൻഗാമിയായ (വേറൊരു) ശെമഓൻ ഭരണം ആരംഭിച്ചതിനാലും ബെൽത്രാമിയുടെ വാദം സ്വീകാര്യമായി തോന്നുന്നു. മററു പണ്ഡിതന്മാരോടു യോജിക്കുക മാത്രമാണു് ബെൽത്രാമി ഈ കാര്യത്തിൽ ചെയ്യുന്നതു്:

ഉദയംപേരൂർ സൂനഹദോസിൽ വച്ചു് സെലൂക്കിയാ അധികാരം കേരളത്തിൽ നിന്നു നീക്കം ചെയ്യുകനിമിത്തം ദെനഹാശെമഓന്റെ പിൻഗാമികളുടെ ചരിത്രം തുടർന്നു പറയേണ്ട ആവശ്യമില്ല. എന്നാൽ സൂലാക്കായുടെ പ്രതിയോഗികളെപ്പററി കുറെയെല്ലാം പ്രസ്താവിക്കേണ്ടതായിട്ടുണ്ടു്.

---

(18) Ibidem, p. 79, 80.

(19) Ibidem.

(20) "...was found by the Apostolic Nancio not qualified for the office either by age or learning',. സിവിൽബൌദ്ധമതികൾ ദെനഹാശെമഓനില്ലാതിരുന്നു എന്നു മാത്രമേ ലെയനാർദുമെത്രാൻ പ്രസ്താവിക്കുന്നുള്ളു. (അദ്ദേഹത്തിന്റെ റിപ്പോർട്ടു കാണുക. l. c.)

(21) o. c. p. XXXVI

## സൂലാക്കായുടെ പ്രതിയോഗികൾ.

മമ്മാശാഖയിൽ പെട്ട എട്ടാം ശെമഓനാണ് സൂലാക്കായെ അപായപ്പെടുത്തിയതു്. അദ്ദേഹവും അനുയായികളും സ്പഷ്ടമായി മാത്സര്യപൂർവ്വം അനുസരണക്കേടിൽ അധഃപതിച്ചെന്നു സ്പഷ്ടമാണ്. മാർപ്പാപ്പായുടെ അധികാരപ്രയോഗത്തിനു വിരോധമായ ഒരു മത്സരമായിരുന്നു അവരുടെ പ്രവൃത്തി. ഇപ്രകാരം സെലൂക്കിയാസഭ രണ്ടായി വിഭജിക്കപ്പെട്ട് സൂലാക്കായുടേയും മമ്മായുടേയും ശാഖയിൽ പെട്ട പാത്രിയർക്കീസുമാരാൽ ഭരിക്കപ്പെട്ടുതുടങ്ങി. അനുസരണക്കേടിൽ മാത്സര്യപൂർവ്വം അധഃപതിച്ചവർ മാർപ്പാപ്പായുടെ പരമാധികാരം താത്വികമായി നിഷേധിച്ചു കൊണ്ടാണ് അപ്രകാരം അധഃപതിച്ചെന്നു വിചാരിക്കേണ്ട ആവശ്യമില്ല. തത്വത്തിൽ അതുവരെ ചെയ്തിരുന്നതുപോലെ അതു സ്വീകരിക്കുകയും എന്നാൽ സ്പഷ്ടമായ അനുസരണക്കേട് എന്ന മഹാപാപത്തിൽ മത്സരബുദ്ധ്യാ അവർ നിപതിക്കുകയും ചെയ്തു എന്നുവരാവുന്നതാണ്. നെസ്തോറിയതത്വം അവരിലുണ്ടായിരുന്നെന്നു് മുകളിൽ പറഞ്ഞ ലെഓനാർദുമെത്രാന്റെ ഒരു റിപ്പോർട്ടിൽനിന്നു വിശദമാകുന്നുണ്ടു്. (22)

സൂലാക്കായുടെ പ്രതിയോഗിയായ എട്ടാം ശെമഓൻ 1559_ൽ മരണം പ്രാപിച്ചു. അദ്ദേഹത്തിന്റെ പിൻഗാമികൾ എല്ലാവരും ഏലിയാനാമധാരികളാണ്. അവർ തുർക്കിരാജ്യത്തിൽ വസിച്ചിരുന്നു. അവരിൽ ഒന്നാമത്തേ(?) (22 b) ഏലിയാ 1586_ൽ അബ്ദൽമ്ശീഹാ എന്ന തന്റെ പ്രതിപുരുഷൻ മുഖേന ഒരു വിശ്വാസസത്യം പതിമൂന്നാം ഗ്രിഗോറിയോസു മാർപ്പാപ്പായുടെ പക്കൽ സമർപ്പിച്ചു. മാർപ്പാപ്പായുടെ ആവശ്യപ്രകാരമാണ് അദ്ദേഹം അങ്ങനെ ചെയ്തതു്. മേൽ പ്രസ്താവിച്ച ലെഓനാർദുമെത്രാൻ അദ്ദേഹത്തെ അതിനു പ്രേരിപ്പിച്ചിട്ടുമുണ്ടു്. (23) പതിമൂന്നാം ഗ്രിഗോറിയോസു മാർപ്പാപ്പായുടെ പിൻഗാമിയായ അഞ്ചാം സിക്സ്തോസിന്റെ പക്കൽ പ്രസ്തുത വിശ്വാസസത്യം ചെന്നെത്തി. ഏലിയാ തന്നോടു പ്രദർശിപ്പിച്ച അനുസരണത്തിൽ മാർപ്പാപ്പാ അത്യധികം സന്തോഷിച്ചു. എന്നാൽ ഏലിയായുടെ വിശ്വാസ

---

(22) Giamil, p. 122.

(22 b) ഒന്നാമത്തേതയല്ല. രണ്ടാമത്തേതയാണ് എന്നു് ചിലർ അഭിപ്രായപ്പെടുന്നുണ്ടു്.

(23) Giamal, p. 493. 115 sq
Beltrami, p. 226.

സത്യത്തിൽ നിന്നും ലെഒനാട്ടുമെത്രാന്റെ റിപ്പോർട്ടിൽനിന്നും ഗ്രഹിച്ചിരുന്ന അബദ്ധങ്ങൾ ഏലിയായുടേയും ഭരണിയരുടേയും ഇടയിൽ നിന്നു ദൂരീകരിക്കണമെന്നു മാർപ്പാപ്പാ അദ്ദേഹത്തോടാവശ്യപ്പെട്ടു. (24) ഇതിലേക്കായി മാർപ്പാപ്പാ അബ്ദൽമ്ശിഹായെ റോമ്മായിൽ താമസിപ്പിച്ച് വേണ്ട ഉപദേശങ്ങളെല്ലാം നൽകി. ഏലിയായുടെ നാമത്തിൽ 1588-ൽ അബ്ദൽമ്ശീഹാ റോമ്മായിൽവച്ചു സത്യവിശ്വാസം അനുസരിച്ചു പറഞ്ഞശേഷം മാർപ്പാപ്പായുടെ ഒരു തിരുവെഴുത്തോടുകൂടി തന്റെ പാത്രിയർക്കീസിന്റെ പക്കലേക്കു മടങ്ങി. (25)

1586-ൽ ഏലിയാപാത്രിയർക്കീസ് പൌരസ്ത്യ സുറിയാനിഭാഷയിൽ വേറൊരു വിശ്വാസസത്യം റോമ്മായിലേക്കയച്ചു. അബ്ദൽമ്ശിഹാ വശം അയച്ചതും ഇതും കാര്യത്തിൽ ഒന്നുതന്നേയാണെന്നത്രെ ജ്യാമിലിന്റെ അഭിപ്രായം. വേറൊരു ഏലിയാ അഞ്ചാം പൌലോസുമാർപ്പാപ്പായിക്കയച്ച വേറൊരു വിശ്വാസസത്യത്തെ ഇതിൽനിന്നു വ്യത്യാസപ്പെടുത്തുവാൻ അസ്സെമാനിക്കു സാധിച്ചില്ല. (26)

ഈ വിശ്വാസസത്യത്തിൽ അബദ്ധപ്രയോഗങ്ങളുണ്ടെങ്കിലും അവ അബദ്ധങ്ങളാണെന്ന് ഏലിയായിക്കു വിചാരമില്ലായിരുന്നു. തന്റെ വിശ്വാസം ശ്ലൈഹികമാണെന്നും, ശ്ലൈഹികകാലം മുതൽ അന്നുവരെ പേർഷ്യാക്കാരുടെ സ്ഥലത്ത് ശീസ്മക്കാരോ പാഷണ്ഡരോ ഉണ്ടായിട്ടില്ലെന്നും, ഇങ്ങനെയുള്ള അബദ്ധോപദേഷ്ടാക്കൾ "റോമ്മരു"ടെ സ്ഥലത്താണുണ്ടായിട്ടുള്ളതെന്നും മററും ഏലിയാ പ്രസ്തുത വിശ്വാസസത്യത്തിൽ പ്രസ്താവിക്കുന്നു. "റോമ്മർ" എന്ന് അദ്ദേഹം പറയുന്നത് പൌരസ്ത്യ റോമ്മാ സാമ്രാജ്യത്തിലുള്ളവരെപ്പററി (ഗ്രേക്കർ) യാണെന്നു സ്പഷ്ടമാണ്. എന്തുകൊണ്ടെന്നാൽ 'റോമ്മരു'ടെ സ്ഥലത്തുണ്ടായ പാഷണ്ഡികളിൽ പ്രധാനനായി സെവേരുസിനെയാണ് അദ്ദേഹം അതേ വിശ്വാസസത്യത്തിൽ ചൂണ്ടിക്കാണിക്കുന്നത്. കൂടാതെയും "റോമ്മരുടെ" സ്ഥലം അന്ന് മാർപ്പാപ്പായുടെ പുതിയ ഭരണത്തിന് അധീനപ്പെട്ടിരുന്നു എന്നും തന്നിമിത്തം മാർപ്പാപ്പാ സ്വശക്തിയാൽ സെവേരുസിന്റെ കക്ഷിയെ ശ്ലൈഹികവിശ്വാസത്തിലേക്കു ആനയിക്കുമെന്ന് താൻ പ്രതീക്ഷിക്കുന്നു എന്നും ഏലിയാ പ്രസ്താവിക്കുന്നു. (27)

---

(24) Beltrami, pp. 225, 226.
(25) Beltremi, p. 84.
(26) Giamil. p. 497
(27) Ibidem, pp. 509, 510.

ഇതിൽനിന്നു "റോമ്മരുടെ സ്ഥലം" ഏതാണെന്നു് വ്യക്തമാണ ല്ലോ. പുരാതന സെലൂക്കിയാസഭയിലെ നെസ്തോറിയത്വം ഉത്തമവി ശ്വാസത്തിലുള്ളതായിരുന്നെന്നും മാർപ്പാപ്പായുടെ പരമാധികാരത്തി ന്റെ കീഴ് തങ്ങളിരിക്കുന്നു എന്ന ധാരണയാണ് ആ സഭാംഗങ്ങൾക്ക് പുരാതനമായി ഉണ്ടായിരുന്നതെന്നും ഇപ്പോൾ പ്രസ്താവിച്ചവയിൽനി ന്നു് കൂടുതൽ വിശദമായിട്ടുണ്ടെന്നു കരുതുന്നു.

(പ്രസ്തുത സഭാവിഭാഗത്തിൽ പെട്ടിരുന്ന വൈദികർ കേരള ത്തിൽ അക്കാലത്തുണ്ടായിരുന്നു.)

ഏലിയാ 1591_ൽ നിര്യാതനാകുകയും വേറൊരു ഏലിയാ തൽ സ്ഥാനത്തു ഭരണം സ്വീകരിക്കുകയും ചെയ്തു.

1591_ൽ ഭരണം സ്വീകരിച്ച ഏലിയായുടെ ചരിത്രം മാർപ്പാപ്പാ യുടെ പരമാധികാരവും നെസ്തോറിയത്വവും സംബന്ധിച്ചു് സെലൂക്കി യാ സഭാംഗങ്ങൾക്കുണ്ടായിരുന്ന മനഃസ്ഥിതി എപ്രകാരമുള്ളതെന്നു ഗ്ര ഹിക്കുവാൻ വളരെ പററിയ ഒന്നാണ്.

പ്രസ്തുത ഏലിയായുടെ ഭരണിയരിൽപെട്ട രണ്ടുപേർ തീത്ഥകന്മാ രായി 1606—ൽ റോമ്മായിലെത്തി. അവരുടെ പ്രസ്താവനയിൽ നി ന്നു കാണുന്നതു് അവർ റോമ്മായുടെ കീഴിലല്ലെന്നുള്ള ധാരണ അവ ക്കില്ലായിരുന്നു എന്നാണ്. അവരുടെ ദൃഷ്ടിയിൽ സൂലാക്കായുടെ പിൻ ഗാമിയായ മേൽ പ്രസ്താവിച്ച ദെനഹാ ശെമഓൻെറ അടുത്ത പിൻഗാ മിയായ ശെമഓനായിരുന്നത്രെ നെസ്തോറിയൻകാരുടെ പാത്രിയക്കീ സ്! 150 കൊല്ലമായിട്ടു് തങ്ങളുടെ സഭ ലത്തീൻസഭയുമായി ഐ ക്യത്തിലിരിക്കുന്നു എന്നു് അവർ പ്രസ്താവിച്ചു. നെസ്തോറിയൻകാരു ടെ മനഃസ്ഥിതി ഇതിൽ നിന്നു് കുറെയെല്ലാം വിശദമാകുന്നുണ്ടല്ലൊ. റോമ്മായിൽ ഈ തീത്ഥകന്മാക്കു് ഹാർദ്ദമായ ഒരു സ്വീകരണമാണ് നൽകപ്പെട്ടതു്. അവിടെ അവർ കത്തോലിക്കരെപ്പോലെതന്നെ വ ത്തിക്കുകയും ചെയ്തു. (28)

തീത്ഥകന്മാർ റോമ്മായിൽ നിന്നു മടങ്ങിയശേഷം ഏലിയാ പാ ത്രിയക്കീസ് ഒരു പ്രതിപുരുഷസംഘത്തെ റോമ്മായിലേക്കയച്ചു. ഈ സംഘത്തിനു് റോമ്മായിലെത്തുവാൻ സാധിക്കാതെപോയതിനാൽ 1607_ൽ വേറൊരു പ്രതിപുരുഷസംഘത്തെ അദ്ദേഹം മാർപ്പാപ്പായു ടെ പക്കലേക്കയച്ച ഈ സംഘത്തെ സന്തോഷപുരസ്സരം മാർപ്പാ

(28) Giamil, p. 100 sq.

പ്പാ സ്വീകരിക്കുകയും സംഘാംഗങ്ങൾ മുഖേന വിലയേറിയ സമ്മാനങ്ങളും ലേഖനങ്ങളും പാത്രിയക്കീസിന് അയച്ചുകൊടുക്കുകയും ചെയ്തു. (29)

മാർപ്പാപ്പായുടെ സമ്മാനങ്ങളും ലേഖനങ്ങളും സ്വീകരിച്ചശേഷം 1610-ൽ ഏലിയാ പാത്രിയർക്കീസ് ആദം എന്ന തന്റെ പ്രതിപുരുഷനെ റോമ്മായിലേക്കയച്ചു ആദത്തിന്റെ കൈവശം ഒരെഴുത്തും, തന്റെ വിശ്വാസപ്രഖ്യാപനവും, പൌരസ്ത്യ സുറിയാനിസഭയെപ്പററി ഒരു റിപ്പോർട്ടും ഏലിയാ റോമ്മായിലേക്കു കൊടുത്തയച്ചു.

മാർപ്പാപ്പായിക്കുള്ള എഴുത്തിൽ ഏലിയാ പറയുന്ന സംഗതികൾ ശ്രദ്ധേയങ്ങളാണ്: ആദം തന്റെ തന്നേയല്ല, തന്റെ കീഴുള്ള മെത്രാന്മാരുടെകൂടിയും പ്രതിപുരുഷനാണ്; മാർപ്പാപ്പായുടെ പരമാധികാരം താൻ സമ്മതിച്ചുപറയുന്നു; പാത്രിയക്കീസുമാരുടെ സംഖ്യ വർദ്ധിപ്പിച്ച പാഷണ്ഡരിൽനിന്നു വന്നതുപോലെയല്ല തന്റെ സിംഹാസനമായ ബാബേൽ (സെലൂക്കിയാ) ഒരു പാത്രിയക്കാസ്ഥാനമായി ഉയർത്തപ്പെട്ടതു്; റോമ്മാസഭയുടെ കല്പനയോടും ആലോചനയോടുംകൂടിയാണ് സെലൂക്കിയാ ഒരു പാത്രിയക്കാസിംഹാസനമായി ഉയർത്തപ്പെട്ടതു്; തങ്ങളുടെകൈവശം ഇതു സംബന്ധിച്ചുള്ള ഒരു രേഖ (written document) സൂക്ഷിക്കപ്പെട്ടിരിക്കുന്നു; ഈ രേഖപ്രകാരം തങ്ങളുടെ അദ്ധ്യക്ഷന്മാർ റോമ്മായിലാണ് അഭിഷേചിക്കപ്പെട്ടുവന്നിരുന്നതു്; എന്നാൽ യാത്രയിലുള്ള അപകടങ്ങൾ നിമത്തം മാർപ്പാപ്പാ തങ്ങൾക്കു് പാത്രിക്കീസിനെ നൽകുകയും തങ്ങളാൽ തന്നെ ആ പാത്രിയക്കീസ് അഭിഷേചിക്കപ്പെടുവാൻ അനുവദിക്കയും ചെയ്തു; ഇങ്ങനെ ബാബേൽ (സെലൂക്കിയാ) സിംഹാസനം അഞ്ചാം സിംഹാസനമായിത്തീർന്നു; (29b) ആദം വഴി താൻ അയക്കുന്ന വിശ്വാസസത്യത്തിൽ കാണുന്നതുപോലെ തന്റെയും റോമ്മായുടേയും വിശ്വാസം ഒന്നുതന്നെയാണ്; റോമ്മാസഭയെ പ്രതി തങ്ങൾ നിരവധി കഷ്ടതകൾ സഹിക്കുന്നുണ്ടു്; എന്നാലും ഓർശ്ലെത്തുള്ള ഫ്രാൻസിസ്കൻ സന്യാസികൾ തങ്ങളെ പാഷണ്ഡരും റോമ്മാസഭയുടെ ശത്രുക്കളും ആയി പരിഗണിക്കുന്നതു സങ്കടകരമത്രെ; കെവൂപ്രോസിലുള്ളവരെ എന്നപോലെ തങ്ങളേയും കരുതേണ്ടതാണ്.

ഈ ലേഖനത്തിൽ നിന്നു പുരാതന നെസ്തോറിയൻ മനഃസ്ഥിതി ധാരാളം വെളിപ്പെടുന്നുണ്ടു്. നെസ്തോറിയത്വം ഒരു പാഷണ്ഡ

---

(29) Ibidem. p. 511. note.

(29b) J. A. Assemani, pp. X, XI.

തയാണെന്നുള്ള ബോധം സെലൂക്കിയാ സഭാംഗങ്ങൾക്കില്ലായിരുന്നതായി തോന്നുന്നു. തങ്ങളുടെ സഭ റോമ്മായിൽ നിന്നു ഭിന്നമായ ഒരു നില അവലംബിച്ചിരുന്നു എന്നു അവർ കരുതിയിരുന്നില്ല. റോമ്മായിൽ പോയി തങ്ങളുടെ അദ്ധ്യക്ഷന്മാർ അഭിഷേചനം സ്വീകരിച്ചിരുന്നെന്നും റോമ്മായുടെ കല്പനപ്രകാരം തങ്ങളുടെ പാത്രിയർക്കാസിംഹാസനം സ്ഥാപിക്കപ്പെട്ടെന്നും ഏലിയാ പറയുന്നതിൽ അടിസ്ഥാനമില്ല. എന്നാൽ ഈ വിശ്വാസം നെസ്തോറിയരിൽ അതിപുരാതനകാലം മുതൽ ഉണ്ടായിരുന്നതാണെന്നു് മുകളിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. റോമ്മായോടു വിദ്വേഷമോ, റോമ്മായിൽ നിന്നു മനഃപൂർവ്വമായ ഭിന്നിപ്പോ, റോമ്മായുടെ പരമാധികാരനിഷേധമോ പുരാതനകാലത്തു് അവരിലുണ്ടായിരുന്നെങ്കിൽ ഇപ്രകാരമൊരു വിശ്വാസം അവരിൽ കാണപ്പെടുകയില്ലായിരുന്നു.

ഏലിയാ മാർപ്പാപ്പായിക്കയച്ച റിപ്പോർട്ടിലെ ഒരു ഭാഗം മേൽപ്രസ്താവിച്ച അനുമാനത്തെ സ്ഥിരീകരിക്കുന്നുണ്ടു്. ആ ഭാഗത്തു് ഏലിയാ ഇങ്ങനെ പറയുന്നു: "ഞങ്ങളുടെ പ്രദേശത്തുണ്ടായിരുന്ന പിതാക്കന്മാരിൽ ഒരാൾ ഒരു ക്രിസ്ത്യാനിയെ മഹറോൻ ചൊല്ലി. ഈ മെത്രാൻ മരിച്ചപ്പോൾ ആ ക്രിസ്ത്യാനി തന്റെ പാപത്തെപ്പറ്റി അനുതപിച്ചു് മഹറോനിൽ നിന്നു വിമോചനം സിദ്ധിക്കുവാൻ റോമ്മാ മാർപ്പാപ്പായുടെ പക്കലേക്കു പോയി. റോമ്മായിൽ ചെന്നു് മാർപ്പാപ്പായുടെ ആശീർവാദം സ്വീകരിച്ചശേഷം അയാൾ തിരിച്ചുപോന്നപ്പോൾ വിശുദ്ധന്മാരായ പത്രോസിന്റേയും പൗലോസിന്റേയും ഓരോ ചെറിയ തിരുശ്ശേഷിപ്പു് കൊണ്ടുവരുകയും, അതിന്റെ മേലായി തന്റെ പാപങ്ങളുടെ പരിഹാരാർത്ഥം ഞങ്ങളുടെ ഈ പ്രദേശത്തു് ഒരു വലിയ ആശ്രമം പണികഴിക്കുകയും ചെയ്തു." (30)

മാർപ്പാപ്പായുടെ അധികാരത്തെപ്പറ്റി പുരാതന നെസ്തോറിയൻകാരുടെയിടയിലുണ്ടായിരുന്ന ധാരണ എപ്രകാരമുള്ളതെന്നു സൂക്ഷിച്ചാലും.

ഏലിയായുടെ വിശ്വാസസത്യത്തിലെ ചില പ്രയോഗങ്ങൾ തെളിവുള്ളവയല്ല. തന്റെ വിശ്വാസവും റോമ്മായിലെ വിശ്വാസവും ഒന്നു തന്നേയാണെന്നു ഏലിയ പ്രസ്താവിച്ചതും ശരിയല്ലായിരുന്നു. ഏലിയാ അയച്ച വിശ്വാസ സത്യത്തിൽതന്നെ നെസ്തോറിയത്വം പ്രത്യക്ഷപ്പെടുന്നുണ്ടു്.

---

(30) Giamil, p. 108

ആദം റോമ്മായിലെത്തി തന്റെ കൈവശമുണ്ടായിരുന്ന രേഖകൾ അവിടെ സമൎപ്പിച്ചശേഷം, അഞ്ചാം പൌലോസു മാൎപ്പാപ്പായുടെ മുൻഗാമികളിൽ നിന്നു ലഭിച്ച അനുവാദപ്രകാരം (indult) തന്റെ ആളുകൾക്കു് പലസ്തീനായിൽ ഒരു ആരാധനാലയവും മഠ്ബഹായും ഉണ്ടായിരുന്നു എന്നു ബോധിപ്പിച്ചു. (31) ഇതു സംബന്ധമായി റോമ്മായിൽ യാതൊരു രേഖയുമില്ലായിരുന്നു. എങ്കിലും റോമ്മായുടെ അധികാരത്തെയും വിശ്വാസത്തെയും പററി പുരാതന നെസ്തോറിയൻകാർ എന്തു ധരിച്ചിരുന്നു എന്നുള്ളതിനു് ഇങ്ങനെയുള്ള സംഗതികൾ ധാരാള തെളിവുകൾ നമുക്കു പ്രദാനം ചെയ്യുന്നുണ്ടു്.

ആദത്തിന്റെ ആഗമനത്തിൽ മാൎപ്പാപ്പാ അത്യധികം സന്തോഷിച്ചു. നെസ്തോറിസിന്റെ ചരിത്രവും, അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളും സംബന്ധിച്ചു് ആദം റോമ്മായിൽവച്ചു് വേണ്ടവിധം ഉപദേശിക്കപ്പെട്ടു. സംഗതികൾ മനസ്സിലായതോടെ ആദം അബദ്ധങ്ങളെല്ലാം ഉപേക്ഷിച്ചു. ഉടൻതന്നെ വിശ്വാസത്തിലുള്ള പിശകുകളെല്ലാം നീക്കി തന്നോടു ഐക്യപ്പെടുവാൻ ഏലിയായേയും മെത്രാന്മാരേയും ക്ഷണിക്കുന്ന ഒരു ലേഖനവും കൊടുത്തു് മാൎപ്പാപ്പാ ആദത്തെ ഏലിയായുടെ പക്കലേക്കു തിരിച്ചയച്ചു.

ആദം തിരിച്ചെത്തിയ ഉടനെ ഏലിയാ ഒരു സൂനഹദോസു വിളിച്ചു കൂട്ടി മാൎപ്പാപ്പാ ആവശ്യപ്പെട്ടവയെല്ലാം സമ്മതിച്ചു. സൂനഹദോസിൽ നിന്നു് അദ്ദേഹം ഒരു ലേഖനം മാൎപ്പാപ്പായുടെ പേൎക്കയച്ചു കൊടുത്തു. അതിൽ പ്രകാശിപ്പിച്ചിരിക്കുന്ന വിശ്വാസം നെസ്തോറിയതത്തിന്റെ "ചൊവ"യുള്ളതായി വ്യാഖ്യാനിക്കപ്പെടാവുന്നതാണു്. എന്നാൽ എന്തെങ്കിലും അതിൽ മാൎപ്പാപ്പായിക്കു് ഇഷ്ടപ്പെടാത്തതുണ്ടെങ്കിൽ അതു തിരുത്തുവാൻ തങ്ങൾ സന്നദ്ധരാണെന്നും ശത്രുക്കളുടെ പരിശ്രമം നിമിത്തം തങ്ങളും റോമ്മായുമായി ഭിന്നതയുണ്ടെന്നു തോന്നിക്കുന്നതേയുള്ളു എന്നും ഏലിയാ ആ ലേഖനത്തിൽ പ്രസ്താവിക്കുന്നുണ്ടു്. ഇൻഡ്യയിൽ തങ്ങളുടെ അധികാരം മാൎപ്പാപ്പാ സ്ഥിരീകരിച്ചു കൊടുക്കണമെന്നും, അങ്ങോട്ടു പോയിരുന്ന തങ്ങളുടെ ആളുകൾ ഓർമസ്, ഗോവാ മുതലായ സ്ഥലങ്ങളിൽ വച്ചു് പോർട്ടുഗീസുകാരിൽ നിന്നു നിരവധി കഷ്ടതകൾ സഹിച്ചിരുന്നെന്നും ഒരു പട്ടക്കാരൻ മാത്രം തന്നെ [illegible]വാൻ ഇടയായെന്നും ആ ലേഖനത്തിൽ തുടന്നു പ്രസ്താവിക്കപ്പെടുന്നു. 1516-ൽ ആണു് ഈ ലേഖനം എഴുതപ്പെട്ടതു്.

(31) Ibid. p. 133 Doc. XXXIV.

ഈ ലേഖനം കണ്ടശേഷം 1617_ൽ മാർപ്പാപ്പാ ഒരു ലേഖനവും വിശ്വാസസത്യവും എലിയായുടെ പേക്ക് അയച്ചു കൊടുത്തു. ആ വിശ്വാസസത്യം സ്വീകരിച്ചു് അതിൽ പറയുന്ന പോലെ വിശ്വസിക്കണമെന്നും അപ്രകാരം ചെയ്താൽ ഇൻഡ്യയിൽ അധികാരം നൽകാമെന്നും മാർപ്പാപ്പാ ആ ലേഖനത്തിൽ പ്രസ്താവിച്ചിരുന്നു. എലിയാ അയച്ച വിശ്വാസസത്യം സംശയാസ്പദമായിരുന്നതാണു് ഇപ്രകാരം ചെയ്യുവാൻ മാർപ്പാപ്പായെ പ്രേരിപ്പിച്ചതു്

സെലൂക്കിയാസഭയുടെ വിശ്വാസം നെസ്തോറിയൻ വിശ്വാസമാണെന്നും അതു് റോമ്മായിൽ ശപിക്കപ്പെട്ടതാണെന്നും അതു നിമിത്തം സെലൂക്കിയർ കത്തോലിക്കാസഭയിൽ നിന്നു് വേർപ്പെട്ടിരിക്കുന്നവരാണെന്നു് ലോകം മുഴുവനും അറിഞ്ഞിട്ടുണ്ടെന്നും മാപ്പാപ്പാ തന്റെ ലേഖനത്തിൽ പ്രസ്താവിക്കുകയും എലിയായുടെ വിശ്വാസത്തിലെ സംശയാസ്പദമായ ഭാഗങ്ങൾ തിരുത്തണമെന്നു് അദ്ദേഹത്തോടു് ആവശ്യപ്പെടുകയും ചെയ്തു. (32)

ഇങ്ങനെ എലിയായുടെ ചരിത്രം അവസാനിക്കുന്നു. അദ്ദേഹത്തിന്റെ നിഷ്കപടതയെപ്പററി ആൎക്കും യാതൊരു സംശയവുമില്ല. തീയദോറിന്റേയും നെസ്തോറിസിന്റേയും നാമങ്ങൾ തങ്ങളുടെ പുസ്തകങ്ങളിൽ നിന്നു നീക്കം ചെയ്യുക വളരെ വൈഷമ്യമുള്ള ഒരു കാൎയ്യമാണെന്നു് അദ്ദേഹവും മററു ചില മെത്രാന്മാരും റോമ്മായിലേക്കെഴുതിയതിൽ നിന്നു് നെസ്തോറീസിനോടു അവൎക്കുണ്ടായിരുന്ന ബഹുമാനം എത്രമാത്രമാണെന്നു് ഊഹിക്കാവുന്നതാണു്. (33)

ഉദയമ്പേരൂർ സൂനഹദോസുവരെ സെലൂക്കിയാസഭയുടെ വിശ്വാസവും നിലയും എപ്രകാരമുള്ളതായിരുന്നു എന്നു് ഇപ്പോൾവരെ പ്രസ്താവിച്ച സംഗതികൾ വിശദമാക്കിയിരിക്കുന്നതിനാൽ സെലൂക്കിയാസഭയുടെ ചരിത്രം തുടരേണ്ട ആവശ്യമില്ല.

റോമ്മാഅധികാരം സംബന്ധിച്ചു് പുരാതന സെലൂക്കിയാസഭ സ്വീകരിച്ചിരുന്ന നില എപ്രകാരമുള്ളതാണെന്നത്രെ ഇതുവരെ വിശദീകരിച്ചതു്. ആ സഭയുടെ നെസ്തോറിയത്വം ഉത്തമവിശ്വാസത്തിലുള്ളതായിരുന്നോ? ആ വിശ്വാസം അതിൽ പ്രചരിപ്പിച്ച പ്രാരംഭോപദേഷ്ടാക്കളെ ഒഴിച്ചാൽ മററുള്ളവർ ഉത്തമവിശ്വാസമുള്ളവരായിരുന്നു എന്നു കരുതാവുന്നതാണു്. പ്രാരംഭോപദേഷ്ടാക്കളുടെ കാൎയ്യത്തിലും ഉത്തമവിശ്വാസം ഇല്ലായിരുന്നു എന്നു പറയാവുന്നതല്ല. എന്നാൽ ആ സഭ നെസ്തോ

(32) Giamil. pp. 160, 164.
(33) Ibid. p. 186.

റിയത്വത്തിൽ നിപതിച്ചതോടെ അതിന്റെ കത്തോലിക്കാ ഐക്യം അതിനു നഷ്ടപ്പെട്ടോ എന്ന വിഷയത്തിലേക്കു പ്രവേശിക്കേണ്ട ആവശ്യമില്ല. റോമ്മായുടെ പരമാധികാരം അതു് എന്നും സ്വീകരിക്കുകയും ആ പരമാധികാരത്തിനു് കീഴാണെന്നു് എന്നും അതു് കരുതുകയും ചെയ്തിരുന്നു. ഈ സ്ഥിതിക്കു് ഭരണവിഷയകമായിമാത്രം അതിനെ സമീപിക്കുന്ന കേരളീയ സഭപോലെയുള്ള ഒരു പ്രാദേശികസഭ തൽസാമീപ്യത്താൽ റോമ്മാ അധികാരത്തിലുള്ള വിശ്വാസവും കത്തോലിക്കാ ഐക്യവും നശിപ്പിക്കണമെന്നില്ല. തന്നിമിത്തമത്രെ പുരാതന സെലൂക്കിയാസഭയുടെ കത്തോലിക്കാഐക്യത്തെപ്പററി ഇവിടെ യാതൊന്നും പ്രതിപാദിക്കാതിരിക്കുന്നതു്.

### അർബെലിലെ ഗീവറുഗീസ്.

റോമ്മാഅധികാരം സംബന്ധിച്ചു് സെലൂക്കിയാസഭയുടെ ഔദ്യോഗിക വിശ്വാസമെന്തായിരുന്നു എന്നു വിശദീകരിച്ചു കഴിഞ്ഞു. നെസ്തോറിയത്വത്തിൽ നിപതിച്ചെങ്കിലും റോമ്മായിൽ നിന്നു ഭിന്നമായ ഒരു നില സ്വീകരിച്ചിരുന്നതായി ആ സഭക്കു ബോധമില്ലായിരുന്നു. മാർപ്പാപ്പായുടെ പരമാധികാരത്തിൽ വിശ്വസിച്ചുകൊണ്ടു് ആ പരമാധികാരത്തിനു കീഴിൽ സ്ഥിതിചെയ്യുന്നു എന്ന ധാരണയോടെ ആ സഭ വർത്തിച്ചിരുന്നതായി നാം കണ്ടു

സെലൂക്കിയാസഭയിൽ പൊതുവായുണ്ടായിരുന്ന പ്രസ്തുത ധാരണക്കു വിരോധമായി അർബെലിലെ ഗീവറുഗീസുമെത്രാൻ(?)മാത്രമേ എന്തെങ്കിലും പ്രസ്താവിച്ചിട്ടുള്ളു. അദ്ദേഹം ഇങ്ങനെ പറയുന്നു: "....അന്തിയോക്കിയാ പാത്രിയക്കീസു് നെസ്തോറീസിനെ ശപിക്കുവാൻ മുതിൎന്ന ശേഷം അറാമയനായ ദാലീശാ സെലൂക്കിയാസിംഹാസനം പ്രാപിച്ചിരിക്കെ, അന്തിയോക്കിയായിലെ യോഹന്നാനേയും, ക്രീലോസിനേയും, റോമ്മായിലെ സെലസ്തീനോസിനേയും, എഫേസൂസിലെ മെമ്നോനേയും, ആ ഉനിവു നിറഞ്ഞതും ദുഷ്ടവും ആയ സൂനഹദോസിലെ (എഫേസൂസു് സൂനഹദോസിലെ) ഇവരുടെ കൂട്ടുകാരേയും പൌരസ്ത്യസഭ (സെലൂക്കിയാസഭ) ശപിച്ചു.........പൌരസ്ത്യസഭയിൽ പാത്രിയക്കീസില്ലായിരുന്നതിനാൽ കാതോലിക്കായെ തന്നെ പാത്രിയക്കീസായി ഉയൎത്തുവാൻ പിതാക്കന്മാർ ആലോചന നടത്തി...." (34)

---

(34) Divin. Offic. tract. 2. c 6.
അർബെലിലെ ഗീവറുഗീസുമെത്രാൻ തന്നേയാണു് ഇങ്ങനെ പ്രസ്താവിക്കുന്നതെന്നു് ആധുനികന്മാർ സമ്മതിക്കുന്നില്ല. ഏതോ ഒരു അജ്ഞാതനാമാവാണു് ഈ പ്രസ്താവനയുടെ കർത്താവു് എന്നു് അവർ കരുതുന്നു.

സെലസ്തീനോസു മാർപ്പാപ്പായെ സെലൂക്കിയാസഭ ശപിച്ചിട്ടില്ലെന്നു ചരിത്രപ്രസിദ്ധമാണെങ്കിലും അർബെലിലെ ഗീവർഗീസുമെത്രാൻ മാത്രം ആ ശാപം നടന്നതായി പ്രസ്താവിക്കുന്നു; അതും ദാദീശോയുടെ കാലത്തു്! പൌരസ്ത്യസഭ അന്തിയോക്കിയായിലെ യോഹന്നാനേയും മററും ശപിച്ചെന്നു പറയുന്നതും അബദ്ധമാണു്. നെസ്തോറിസിന്റെ ഉററ സ്നേഹിതന്മാർ പോലും റോമ്മായിലെ സെലസ്തീനോസിനെ ഒരുകാലത്തും ശപിച്ചിട്ടില്ലെന്നുള്ളതു് ചരിത്രപ്രസിദ്ധവും അനിഷേധ്യവും അത്രെ. നെസ്തോറീസുതന്നെയും ഇങ്ങനെയൊരു പ്രവൃത്തിക്കു മുതിർന്നിട്ടില്ല. (35) ചരിത്രസംബന്ധമായുള്ള അജ്ഞത നിമിത്തം അർബെലിലെ ഗീവർഗീസുമെത്രാൻ നടത്തിയിട്ടുള്ള പ്രസ്തുത പ്രസ്താവന നെസ്തോറിയൻ സഭയുടെ പ്രസ്താവനയായി യാതൊരുവിധത്തിലും പരിഗണിക്കപ്പെടാവുന്നതല്ലെന്നു ഇതുവരെ പ്രതിപാദിച്ച സംഗതികളിൽ നിന്നു വ്യക്തമാകുന്നുണ്ടു്. പുരാതന നെസ്തോറിയൻ സഭ എല്ലാക്കാലത്തും റോമ്മാമാർപ്പാപ്പാമാരെ വളരെ ബഹുമാനപുരസ്സരം കരുതിപ്പോരുകയാണു് ചെയ്തിട്ടുള്ളതു്. നെസ്തോറീസിനുപോലും ഈ ബഹുമാനമുണ്ടായിരുന്നു.

### നെസ്തോറീസും റോമ്മായുടെ അധികാരവും.

എഫേസൂസുസൂനഹദോസിൽവച്ചു ശപിക്കപ്പെട്ടശേഷവും നെസ്തോറീസു മാർപ്പാപ്പായുടെ പരമാധികാരം സ്വീകരിച്ചിരുന്നതായിട്ടാണു് "ഹെറാക്ലിഡെസിന്റെ പുസ്തകം" എന്നു് അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന കൃതിയിൽ നിന്നു അനുമാനിക്കപ്പെടുന്നതു്. ഏകസ്വഭാവവാദം ആദ്യമായി പുറപ്പെടുവിച്ച എവുത്തിക്കീയൂസിനെപ്പററി ആ കൃതിയിൽ നെസ്തോറീസു പറയുന്നു.

"ഇതു് മുമ്പേതന്നെ പരിശോധിക്കപ്പെടുകയും അയാൾ വിധി സ്വീകരിക്കുകയും ചെയ്തിരുന്നു. റോമ്മാമെത്രാൻ പ്രസ്താവിച്ച വിധിക്കു പുറമെ വേറെ വല്ലവിധിയോ പരിശോധനയോ ആവശ്യമുണ്ടായിരുന്നോ? എന്തുകൊണ്ടെന്നാൽ അദ്ദേഹം ഇരുകക്ഷിയും പ്രവർത്തിച്ചവയെപ്പററി അറിഞ്ഞപ്പോൾ ഒരു കക്ഷിയെ സ്തുതിച്ചു. മറേറകക്ഷിയെ സംബന്ധിച്ചിടത്തോളം വൃഥാ ഒരു വിധി അവരുടെമേൽ പ്രസ്താവിക്കുകയല്ല, പ്രത്യുത, ദൈവനിവേശത്താൽ അവരെ ശപിക്കുകയാണു് അദ്ദേഹം ചെയ്തതു്. റോമ്മാമെത്രാനെപ്പററി ആശങ്കയുണ്ടായപ്പോൾ അവർ അലക്സാന്ത്രിയാ മെത്രാനെ ആശ്രയിച്ചു അവരെ അനുഗമിക്കുവാൻ അയാൾക്കു

(35) J. A Assemani. p. XXVI. Praefatio.

മനസ്സുണ്ടായിരുന്നതിനാലും, അയാൾ കുസ്തന്തിനോപ്പോളീസിലെ മെത്രാന്റെ ശത്രുവായിരുന്നതിനാലും ആണു് ഇതു (സംഭവിച്ചതു്)" (36)

വീണ്ടും 449-ൽ ദീയസ്കോറോസു നടത്തിയ "തസ്കരസംഘ"ത്തെ (Robber Synod) ആക്ഷേപിച്ചുകൊണ്ടു് അദ്ദേഹം പറയുന്നു.

"റോമ്മാമെത്രാനോ, പത്രോസിന്റെ സിംഹാസനമോ, ശ്ലൈഹിക ബഹുമാനമോ, റോമ്മാക്കാർ സ്നേഹിക്കുന്ന പരമാധികാരമോ അവിടെയില്ലായിരുന്നു"—ni le chef aime dos Romains (37)

വീണ്ടും, എഫേസൂസുസൂന്നഹദോസിന്റെ നടപടിയെപ്പററി നെസ്തോറീസു പറയുന്നു.

"വിധിയാളൻ ആരായിരുന്നു? കുറിലോസു്. വാദി ആരായിരുന്നു? കുറിലോസു്. റോമ്മാമെത്രാൻ ആരായിരുന്നു? കുറിലോസു്. കുറിലോസു് എല്ലാമായിരുന്നു. കുറിലോസു് അലക്സാന്ത്രിയാ മെത്രാനായിരുന്നു. റോമ്മാമെത്രാനായിരുന്ന വിശുദ്ധനും ഭക്തനും ആയ സെലസ്റ്റീനോസിന്റെ സ്ഥാനം അയാൾ സ്വീകരിച്ചു". (38) റോമ്മായിലെ ലേഓൻ മാർപ്പാപ്പാ കൽക്കിദോനിയായിലേക്കയച്ചതു തന്നേയാണു് തന്റെ വിശ്വാസമെന്നും താൻ എഫേസൂസുസൂന്നഹദോസിന്റെ വിധിക്കെതിരായി റോമ്മായിൽ അപ്പീൽ ബോധിപ്പിക്കാഞ്ഞതു് പൊതുവേ തന്റെമേൽ തെററിധാരണയും വിദ്വേഷവും ഉണ്ടായിരുന്നതിനാലാണെന്നും നെസ്തോറീസു് പറയുന്നു. (38b)

"തേഗ്ഗർത്താദ് ഹെറാക്ലിദീസു്" എന്ന നാമത്തിൽ "ഹെറാക്ലിദിസിന്റെ പുസ്തകം" പൌരസ്ത്യസുറിയാനിഭാഷയിൽ നെസ്തോറിയൻകാരുടെ കൈവശമുണ്ടായിരുന്നു. ആകയാൽ നെസ്തോറീസിനെ വളരെ കാര്യമായി കരുതിയിരുന്ന അവക്കു റോമ്മാമാർപ്പാപ്പായുടെ പരമാധികാരം എങ്ങനെ നിഷേധിക്കുവാൻ കഴിയുമായിരുന്നു? അവർ എഫേസൂസു സൂന്നഹദോസു സ്വീകരിക്കാഞ്ഞതിന്റെ കാരണവും മേലുദ്ധരിച്ച വാക്യങ്ങളിൽ നിന്നു മനസ്സിലാക്കാവുന്നതാണു്.

[തന്റെ വിശ്വാസം കൽക്കിദോനിയായുടെ വിശ്വാസമാണെന്നാ നെസ്തോറീസിനു പറയുന്നതു ശരിയല്ല. അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്നു സ്ഫുരിക്കുന്ന സിദ്ധാന്തം കൽക്കിദോനിയാ വിശ്വാസത്തിനു വിരുദ്ധമാണു്]

---

(36) The Book of Heraclides—Engl. Transl. Driver of Hodgson, p. 345.

(37) Loofs, Nestoriana, p. 302.

(38) The Book of Heraclides, p. 327 (Engl. Transl.)

(38b) Cath. Encycl. Nestorius.

**ആധുനികനെസ്തോറിയൻകാർ.**

പുരാതന നെസ്തോറിയൻകാരുടേയും സെലൂക്കിയാസഭയുടേയും വിശ്വാസത്തെയും റോമ്മായുടെ പരമാധികാരത്തെ സംബന്ധിച്ചുള്ള ധാരണയേയും പററിയാണല്ലൊ ഇതുവരെ പ്രസ്താവിച്ചത്. എന്നാൽ ആധുനിക നെസ്തോറിയൻകാർ മാർപ്പാപ്പായുടെ പരമാധികാരം പാടേ നിഷേധിക്കുന്നവരാണു്. മേലുദ്ധരിച്ച രേഖകൾ ഇവരുടെ കൈവശം ഉണ്ടെങ്കിലും പ്രോട്ടസ്റ്റൻറു മൈത്രിനിമിത്തവും മററും ഇവർ റോമ്മായുടെ പരമാധികാരത്തെ നിഷേധിക്കുക മാത്രമല്ല ദ്വേഷിക്കുകകൂടി ചെയ്യുന്നു. ആകയാൽ ഇവർ പുരാതന നെസ്തോറിയൻകാരിൽ നിന്നു വളരെ വ്യത്യസ്തരായ പാഷണ്ഡരും ശിസ്മക്കാരും ആകുന്നു. (39)

ഇനി യാക്കോബായസഭയുടെ ചരിത്രത്തിലേക്കു പ്രവേശിക്കാം.

---

# എട്ടാം അദ്ധ്യായം.

## യാക്കോബായ സഭ.

---

ഉദയമ്പേരൂർ സൂനഹദോസിനു മുമ്പ് കേരളീയ സഭക്കു യാക്കോബായസഭയുമായി ബന്ധമുണ്ടായിരുന്നെന്നു് ഒരു വാദമുള്ളതിനാൽ യാക്കോബായ സഭയുടെ ചരിത്രവും കുറേ വിവരിക്കേണ്ടതായിട്ടുണ്ട്.

**ഏകസ്വഭാവവാദം.**

നെസ്തോറീസിനെ വിരോധിച്ചു് വി. ക്രുറിലോസിനെ ആദരിച്ചവരിൽ ചിലർ അതിരുകടന്നു് വേറൊരു പാഷണ്ഡതയിൽ നിപതിക്കുവാനിടയായി. മിശിഹായിൽ "ആൾ" ഒന്നുമാത്രമുള്ളതുപോലെ "സ്വഭാവ"വും ഒന്നുമാത്രമെന്നു ഈ കൂട്ടർ വാദിച്ചു. മനുഷ്യസ്വഭാവം ദൈവസ്വ

---

(39) ഇന്നത്തെ നെസ്തോറിയൻ പാത്രിയക്കീസുമാർ സൂലാക്കായുടെ ശാഖയിൽപെട്ടവരാണെന്നു പ്രസ്താവ്യമാണു്. കത്തോലിക്കരായ ബാബേൽ പാത്രിയക്കീസുമാർ (കൽദായപാത്രിയക്കീസുമാർ) സൂലാക്കായുടെ പ്രതിയോഗിയുടെ ശാഖയിൽപെട്ടവരുമത്രെ!

ഭാവത്താൽ നശിപ്പിക്കപ്പെട്ടെന്നോ, ദൈവസ്വഭാവത്തിൽ ലയിച്ചെന്നോ, രണ്ടുംകൂടി ഒന്നായെന്നോ അവർ ശഠിച്ചുതുടങ്ങി. അവരുടെ നേതാവായിരുന്നു കുസ്തന്തിനോപ്പോളീസിൽ ഒരു മഠാധിപനായിരുന്ന എവുത്തിക്കിയൂസ്. കുസ്തന്തിനോപ്പോളീസിലെ പ്രധാന മന്ത്രിയായിരുന്ന ക്രിസാഫിയൂസും അലക്സാന്ത്രിയായിലെ പാത്രിയർക്കീസായിരുന്ന ദിയസ്ക്കോറോസും എവുത്തിക്കിയൂസിന്റെ സ്നേഹിതന്മാരായിരുന്നു. കുസ്തന്തിനോപ്പോളീസിലെ പാത്രിയർക്കീസായിരുന്ന പ്ലാവിയൻ എവുത്തിക്കിയൂസിനേയും അദ്ദേഹത്തിന്റെ സിദ്ധാന്തത്തെയും ശപിച്ചു. ഇരുകക്ഷിയും കാര്യങ്ങൾ റോമ്മായിൽ ബോധിപ്പിച്ചു. റോമ്മായിലെ ലേഓൻ മാർപ്പാപ്പാ പ്ലാവിയനെ അനുകൂലിച്ചു. (1)

### തസ്ക്കരസംഘം.

എവുത്തിക്കിയൂസിന്റെ അപേക്ഷപ്രകാരം തെഓദോസിയൂസു ചക്രവർത്തി റോമ്മായിലെ അംഗീകരണത്തോടെ 449-ാമാണ്ടു് എഫേസൂസിൽ ഒരു സൂനഹദോസു വിളിച്ചുകൂട്ടി. സൂനഹദോസിൽ ആദ്ധ്യക്ഷം വഹിക്കുവാൻ മാർപ്പാപ്പാ പ്രതിനിധികളെ അയച്ചിട്ടുണ്ടായിരുന്നു. അവിടെ പ്രസിദ്ധപ്പെടുത്തുവാൻ ഒരു വിശ്വാസപ്രഖ്യാപനവും അവരുടെ കൈവശം മാർപ്പാപ്പാ അയച്ചുകൊടുത്തു. എന്നാൽ സൈന്യബലത്തിൽ അലക്സാന്ത്രിയായിലെ ദിയസ്ക്കോറോസു് ആ സൂനഹദോസിൽ അദ്ധ്യക്ഷനാകുകയും പ്ലാവിയനാദി സഭാദ്ധ്യക്ഷന്മാരെ സ്ഥാനഭ്രംശം ചെയ്യുകയും പീഡിപ്പിക്കുകയും ചെയ്തു. ഇപ്രകാരം കുസ്തന്തിനോപ്പോളീസിൽ അനത്തോളിയൂസും അന്തിയോക്കിയായിൽ മാക്സിമോസും ദിയസ്കോറോസിനാൽ പാത്രിയർക്കീസുമാരായി അവരോധിക്കപ്പെട്ടു. തസ്ക്കരസംഘം (Robber Synod) എന്നാണു് ഈ സൂനഹദോസു് ചരിത്രത്തിൽ അറിയപ്പെടുന്നതു്. ദിയസ്ക്കോറോസിനെ വിശുദ്ധനായി വണങ്ങുന്നവർപോലും ഈ സൂനഹദോസു സ്വീകരിക്കുന്നില്ലെന്നുള്ളതു് ഒരു വിശേഷമാണു്.

### കൽക്കിദോനിയാ സൂനഹദോസ്.

തസ്ക്കരസംഘഫലമായി ഉത്ഭവിച്ച കുഴപ്പങ്ങൾ തീർക്കുവാനും സത്യവിശ്വാസം പരിപാലിക്കുവാനും പുൾക്കേറിയാരാജ്ഞിയുടേയും അവളുടെ ഭർത്താവായ മാർക്കിയാനോസിന്റെയും ആവശ്യപ്രകാരം 451-ൽ നടത്തപ്പെട്ട ഒന്നാണു് കൽക്കിദോനിയാസൂനഹദോസു് റോമ്മായിലെ

---

(1) Fortescue, The Lesser Eastern Churchs p. 171 sq.

ലെഓൻ മാർപ്പാപ്പാ അതിലേക്കു പ്രതിപുരുഷന്മാരെ അയയ്ക്കുകയും അവരുടെ അദ്ധ്യക്ഷതയിൽ ദിയസ്കോറോസു, എവുത്തിക്കിയൂസും ഏകസ്വഭാവവാദവും ശപിക്കപ്പെടുകയും ചെയ്തു. ദിയസ്കോറോസു സ്ഥാനഭ്രംശം ചെയ്ത പലരെയും ഈ സുന്നഹദോസു പൂർവ്വസ്ഥാനത്തിൽ സ്ഥാപിച്ചു. ഈ സംഭവങ്ങളെല്ലാം നെസ്തോറിയൻകാരെ അവരുടെ നിലയിൽ സ്ഥിരപ്പെടുത്തുവാൻ ഒരു വിധത്തിൽ കാരണങ്ങളായിത്തീൎന്നു. ഏകസ്വഭാവവാദികൾ തങ്ങൾ വി. കൂറിലോസിൻെറ അനുഗാമികളാണെന്നു പ്രസ്താവിച്ചതിനാൽ കൽക്കിദോനിയാ സുന്നഹദോസിനെ നെസ്തോറിയൻകാർ ആരംഭത്തിൽ ആദരിക്കയാണു് ചെയ്തതു്.

കുസ്തന്തീനോപ്പോളീസിലെ അനത്തോളിയൂസും അന്തിയോക്കയായിലെ മാക്സിമോസും പശ്ചാത്താപം പ്രദർശിപ്പിക്കുകയാൽ തൽസ്ഥാനങ്ങളിൽ ഉറപ്പിക്കപ്പെട്ടു. കൽക്കിദോനിയായിൽ വച്ചു് ഇവർ ദിയസ്കോറോസിനേയും ഏകസ്വഭാവവാദത്തെയും ശപിച്ചു എന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്. (2)

## കൽക്കിദോനിയാ സൂന്നഹദോസിൻെറ ശേഷം.

കുസ്തന്തീനോപ്പോളീസിലെ ചില ചക്രവൎത്തിമാർ ഏകസ്വഭാവവാദികൾ നിമിത്തമുണ്ടായ കുഴപ്പങ്ങളവസാനിപ്പിക്കുവാൻ ചെയ്ത പരിശ്രമങ്ങൾ നൂതനങ്ങളായ ശീശ്മകൾക്കു കാരണങ്ങളായതേയുള്ളു. കൽക്കിദോനിയാ സുന്നഹദോസിൻെറ ശേഷം അലക്സാന്ത്രിയാ, അന്തിയോക്കിയാ, ഓർശ്ലേം മുതലായ സിംഹാസനങ്ങൾ കരസ്ഥമാക്കുവാൻ ഏകസ്വഭാവവാദികൾ അവരുടെ ശക്തി മുഴുവനും പ്രയോഗിച്ചു. കത്തോലിക്കരും ഏകസ്വഭാവവാദികളും ഈ സിംഹാസനങ്ങൾ വളരെ കാലത്തേക്കു് മാറിമാറി കൈവശം വച്ചുകൊണ്ടിരുന്നു 512-ാമാണ്ടോടുകൂടി ഇവ നാലും ഒരു സമയത്തു് ഏകസ്വഭാവവാദികൾ കരസ്ഥമാക്കി. (3) എന്നാൽ കത്തോലിക്കർ അന്നും അതിനുശേഷവും ആ സ്ഥലങ്ങളിൽ ധാരാളമുണ്ടായിരുന്നു. അതിനു ശേഷം വീണ്ടും പ്രസ്തുത സിംഹാസനങ്ങൾ കത്തോലിക്കരുടെ കൈവശം വന്നുചേൎന്നിട്ടുമുണ്ടു്.

---

(2) Act III. Labbé IV. p. 425;
Harduin, II. 345.
Cath. Encycl. Chalcedon.

(3) അന്തിയോക്കിയാ പാത്രിയക്കീസു്, P. 133. രണ്ടാം പതിപ്പു്.

## പത്രോസ്ഫുള്ളോ

അന്തിയോക്കിയാ സിംഹാസനം കരസ്ഥമാക്കിയ ഏകസ്വഭാവവാദികളിൽ ഒരാളാണ് പത്രോസ്ഫുള്ളോ (Peter fullo) 470-ൽ അദ്ദേഹം സിംഹാസനസ്ഥനും ഉടനെ ബഹിഷ്കൃതനും വീണ്ടും സിംഹാസനസ്ഥനും വീണ്ടും ബഹിഷ്കൃതനും ആയി. "ദൈവമേ നീ ശുദ്ധമുള്ളവനാകുന്നു...." എന്നുള്ള പ്രാർത്ഥനയിൽ "ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ടവനെ" എന്ന ഭാഗം കൂട്ടിച്ചേർത്തതു് പത്രോസ്ഫുള്ളോ ആണ്. (4) മ്ശിഹായിക്കു ഒരു സ്വഭാവമേയുള്ളു; ത്രിത്വത്തിലെ സ്വഭാവംതന്നേയായ ദൈവസ്വഭാവമാണ് ആ സ്വഭാവം എന്നു ധ്വനിപ്പിക്കുവാനത്രേ ത്രിത്വത്തെ ഉദ്ദേശിച്ചു ചൊല്ലിയിരുന്ന പ്രസ്തുത പ്രാർത്ഥനയിൽ പത്രോസ്ഫുള്ളോ മേൽപറഞ്ഞഭാഗം കൂട്ടിച്ചേർത്തതു് (5) ത്രിത്വം കുരിശിൽ തറയ്ക്കപ്പെട്ടു എന്നാണ് ഇതിന്റെ അർത്ഥം! ഇതബദ്ധമാണെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ മ്ശിഹായെ ഉദ്ദേശിച്ചു് പ്രസ്തുത പ്രാർത്ഥന ചൊല്ലുന്നതായാൽ കൂട്ടിച്ചേർത്തഭാഗം തെറ്റാകുന്നതല്ല. ഏകസ്വഭാവവാദികളിൽനിന്നു കത്തോലിക്കരാകുന്ന ചിലർ പത്രോസ്ഫുള്ളോ കൂട്ടിച്ചേർത്ത വാക്യശകലത്തോടുകൂടി ഈ പ്രാർത്ഥന മ്ശിഹായെ ഉദ്ദേശിച്ചു് ഉപയോഗിച്ചുവരുന്നുണ്ട്.

## സെവേത്രൂസ്.

512-ൽ അന്തിയോക്കിയാ സിംഹാസനത്തിൽ ആരൂഢനായ ഏകസ്വഭാവവാദിയാണ് സെവേരൂസ് അഥവാ സെവേറിയോസ് അഥവാ സേവേറിയാ. ചക്രവർത്തിയാൽ നാടുകടത്തപ്പെടുക നിമിത്തം അദ്ദേഹം എജിപ്റ്റിൽവച്ചു് മരണം പ്രാപിച്ചു. ഏകസ്വഭാവവാദത്തെ അതിന്റെ തനിനിറത്തിൽ നിന്നു് വളരെ വ്യത്യാസപ്പെടുത്തിയ ഒരാളാണ് സെവേരൂസ്. അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം മ്ശിഹായിൽ ദൈവത്വവും (ആലോഹൂസോ) മനുഷ്യത്വവും (നോശൂസോ) കലർച്ച കൂടാതെ സ്ഥിതിചെയ്യുന്നുണ്ട്. എങ്കിലും രണ്ടുംകൂടി ഒരു സ്വഭാവം (ക്യോനോ) ആയിതീന്നത്രെ. മ്ശീഹായുടെ ശരീരം ക്ഷയാധീനമാണെന്നായിരുന്നു സെവേരൂസിന്റെ സിദ്ധാന്തം. മാബോഗിലെ പീലെക്സേനോ

---

(4) "ദൈവമേ നീ ശുദ്ധമുള്ളവനാകുന്നു—ബലവാനേ നീ ശുദ്ധമുള്ളവനാകുന്നു—മരണമില്ലാത്തവനേ നീ ശുദ്ധമുള്ളവനാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ടവനെ ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ." എന്നാണ് കൂട്ടിച്ചേർത്ത ഭാഗത്തോടുകൂടി ആ പ്രാർത്ഥന.

(5) Fortescue o. c. P. 191.

സ്സ് സെവേരുസിന്റെ അഭിപ്രായങ്ങളെ പിന്നീട്ട് കുറേക്കൂടി പരിഷ്ക്കരിച്ചിട്ടുണ്ട്. മിക്കവാറും ഇതുതന്നേയായിരുന്നു ദിയസ്കോറോസു സ്വീകരിച്ചിരുന്ന ഏകസ്വഭാവവാദം. മാബോഗിലെ പീലെക്സേനോസു പരിഷ്കരിച്ച വിധത്തിലുള്ള ഏകസ്വഭാവവാദസിദ്ധാന്തം യാക്കോബായ സഭയുടെ ഔദ്യോഗിക സിദ്ധാന്തമായിതീൎന്നു.

ദൈവത്വം ദൈവസ്വഭാവമെന്നും മനുഷ്യത്വം മനുഷ്യസ്വഭാവമെന്നും മനസ്സിലാക്കിയാൽ "ഏകസ്വഭാവം" (ഹെദക്യാനോ) എന്നവാക്കിൽ മാത്രമല്ലാതെ കാൎയ്യത്തിൽ അബദ്ധമൊന്നുമുണ്ടാകുന്നതല്ല. പക്ഷേ ഏതോ ഒരു "ഏകസ്വഭാവ"ത്തിന്റെ അംശങ്ങളത്രെ ദൈവത്വവും മനുഷ്യത്വവും എന്നുള്ള ധ്വനി ഇവിടെയുള്ളതിനാലും, ആ വിധത്തിൽ യാക്കോബായക്കാരാദിയായവർ അതിനെ വ്യാഖ്യാനിക്കുന്നതിനാലും ഇവിടെ ഏകസ്വഭാവവാദം കുറെ മയപ്പെട്ട രീതിയിലെങ്കിലും ഉണ്ടെന്നു സമ്മതിക്കേണ്ടതാണ്. എന്നാൽ ചില യാക്കോബായ വ്യക്തികൾ ഇതൊരുവെറും "വാക്കുപട"യായി മാത്രം കരുതിയിട്ടുണ്ട്. ബർ എബ്രായ ഈ ഗണത്തിൽ പെട്ടിരുന്നില്ലയോ എന്നു സംശയിക്കുവാൻ ന്യായങ്ങളില്ലാതില്ല. (6)

## യാക്കോബു് ബുർദ്ദ് ആയാ.

ജസ്റ്റിന്റെ പിൻഗാമിയായിരുന്ന ജസ്റ്റീനിയൻ ചക്രവൎത്തി ഏകസ്വഭാവവാദികളെ വളരെയധികം പീഡിപ്പിക്കുകയും അവരുടെ മെത്രാന്മാരെ ബന്ധനസ്ഥരാക്കുകയും ചെയ്തു. അതോടെ അവരുടെയിടയിൽ പല അവാന്തര വിഭാഗങ്ങളും ഉത്ഭവിച്ചു. സെവേരുസിന്റെ അഭിപ്രായത്തോടു യോജിച്ചിരുന്ന ഒരാളാണ് ഢെള്ളാക്കാരനായ യാക്കോബു്. കുസ്തന്തീനോപ്പോളീസിൽ സന്യസിച്ചിരുന്ന ഈ യാക്കോബു് തെയദോറാചക്രവൎത്തിനിയുടെ സഹായത്തോടെ ഏക സ്വഭാവവാദികളെയെല്ലാം ഏകീഭവിപ്പിക്കുവാനുള്ള പരിശ്രമം ആരംഭിച്ചു. അലക്സാന്ത്രിയായിലെ പാത്രിയൎക്കീസും ഏക സ്വഭാവവാദിയും ആയിരുന്ന തെഒദോസിയോസ് അന്നു് കുസ്തന്തിനോപ്പോളീസിൽ കാരാഗൃഹവാസം അനുഭവിക്കുന്നുണ്ടായിരുന്നു. ചക്രവൎത്തിനിയുടെ സഹായത്താൽ 543-ൽ രാത്രിസമയത്തു് യാക്കോബു് തെഒദോസിയോസിൽ നിന്നു് മെത്രാൻ

(6) ci. Catholic Encyclopidia:
Monophylim; Monophyorte writes; Bar Hebraeus &c.

പട്ടം സ്വീകരിച്ചു. യാക്കോബിൻ കശീശാപ്പട്ടമേ നൽകപ്പെട്ടുള്ളു എന്നു് റെനൊഡറു് പറയുന്നതിനെ അസ്സെമാനി സ്വീകരിക്കുന്നില്ല. (7)

### യാക്കോബായസഭ.

മാർ യാക്കോബു് വേഷപ്രച്ഛന്നനായി പല സ്ഥലങ്ങളിൽ ചുററി സഞ്ചരിച്ചു് അനേകരെ മെത്രാന്മാരും, പട്ടക്കാരും, ശമ്മാശന്മാരും ആയി അഭിഷേചിച്ചു ചക്രവത്തിയോടുള്ള ഭയം നിമിത്തം ഒട്ടകജീനിത്തുണിപുതച്ചുകൊണ്ടു നടന്നിരുന്നതിനാൽ ബുർദ്ആയാ എന്നു് അദ്ദേഹത്തിനു മറുനാമമുണ്ടായി. ഒട്ടകജീനിത്തുണി എന്നാണു് ബുർദ്ആ എന്നതിനു സുറിയാനിയിൽ അത്ഥം. അമ്മേനിയായിലുള്ള ബർദ്ആ എന്ന പട്ടണത്തിൽ നിന്നാണു്, ബുർദ് ആയാ നാമമുണ്ടായതെന്നു ചിലർപറയുന്നതു് സ്വീകാര്യമായിത്തോന്നുന്നില്ലാ സുറിയാക്കാരനായിരുന്നതിനാൽ മാർയാക്കോബിന്റെദൃഷ്ടി അന്തിയോക്കിയാ സിംഹാസനത്തിൽ പതിഞ്ഞതിൽ വിസ്മയിപ്പാനില്ല. എന്നാൽ(കുസ്തന്തിനോപ്പോളിസു) ചക്രവത്തി ശത്രുവായിരുന്നതിനാലും അന്തിയോക്കിയായിൽ അനുകത്തോലിക്കനായ ഒരു പാത്രിയക്കീസുണ്ടായിരുന്നതിനാലും മാർ യാക്കോബു് കിഴക്കോട്ടുമാറി ആദ്യം ഫെള്ളാക്കാരൻ സർഗ്ഗീസിനേയും പിന്നീടു് ഒരു പൌലോസിനേയും അന്തിയോക്കിയാ പാത്രിയക്കീസു് എന്ന അഭിധാനത്തിൽ അഭിഷേചിച്ചു് സ്വാനുഗാമികളുടെ നേതാക്കന്മാരായി അവരെ സ്ഥാപിച്ചു. ഇങ്ങനെയാണു് യാക്കോബായ സഭയും അന്തിയോക്കിയാ യാക്കോബായ പാത്രിയക്കീസും ഉണ്ടായതു്. യാക്കോബായക്കാർ എന്ന പേരിന്റെ ഉത്ഭവം യാക്കോബു് ബുർദ്ആയായിൽ നിന്നാണെന്നു് യാക്കോബായക്കാരും സമ്മതിക്കുന്നു. 1465_നോടു് അടുത്ത കാലത്തു് എഴുതപ്പെട്ട ഒരു യാക്കോബായ പഞ്ചാംഗത്തിൽ ഇങ്ങനെ കാണുന്നു. "കക്കടകം 31 മാർ യാക്കോബു് ബുർദ്ആയാ; അദ്ദേഹം നിമിത്തം നാം യാക്കോബായക്കാർ എന്നു വിളിക്കപ്പെട്ടു." (8) യാക്കോബായക്കാരനായ ബർ എബ്രായയും ഇതുതന്നെ സമ്മതിച്ചു പറയുന്നുണ്ടു്. (9)

### റീത്തു്.

യാക്കോബായസഭ അന്തിയോക്കിയാ രീതിപ്രകാരം ദൈവാരാധന പശ്ചിമ സുറിയാനിഭാഷയിൽ നടത്തുന്നു. കുർബാന പലതുള്ളവയിൽ പ്രധാനപ്പെട്ടതു് യാക്കോബിന്റെ എന്നറിയപ്പെടുന്നതാണു്. അതു് ഗ്രീക്കിൽനിന്നുള്ള വിവത്തനമാണു്.

---

(7) Fortescw, o. c. p. 343.

(8). Codex Vatican. Syr. LXIII. 12. "മോർ യാക്കൂബു ബുർദ്ഓയോ ദ്മിത്തു ലോതെ എശ്ത്താമഹനാൻ യാക്കൂബോയെ".

(9) Chronicon I. 218.

നെസ്തോറിയൻകാരുടെ ആരാധന ഭാഷ പൌരസ്ത്യ സുറിയാനിയാണെന്നു മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ലിപികളുടെ രൂപത്തിലും ഉച്ചാരണത്തിലും മാത്രമേ പൌരസ്ത്യ സുറിയാനി പശ്ചിമ സുറിയാനിയിൽ നിന്നു വ്യത്യാസപ്പെടുന്നുള്ളു.

## യാക്കോബായ പാത്രിയർക്കീസ്.

യാക്കോബായ സഭയുടെ പരമാദ്ധ്യക്ഷൻ അന്തിയോക്കിയാ യാക്കോബായ പാത്രിയർക്കീസാണ്. അദ്ദേഹത്തിൻെറ ഉത്ഭവം എങ്ങനെയെന്നു മുകളിൽ പ്രസ്താവിച്ചു കഴിഞ്ഞതല്ലൊ. "അന്തിയോക്കിയായുടെയും കിഴക്ക് ഒക്കെയുടെയും പാത്രിയർക്കീസ്" എന്നത്രെ അദ്ദേഹത്തിൻെറ ഔദ്യോഗിക നാമം. (10)

എജിപ്ത്, അബിസ്സീനിയാ, അർമ്മീനിയാ, പലസ്തീനാ മുതലായ സ്ഥലങ്ങളിൽ യാക്കോബായക്കാരല്ലാത്ത ഏക സ്വഭാവവാദികളും അവരുടെ അദ്ധ്യക്ഷന്മാരും ഉണ്ടായിരുന്നു. എജിപ്തിലുള്ളവർ അവരുടെ അലക്സാന്ത്രിയാ പാത്രിയർക്കീസിൻെറ കീഴിൽ ഇജിപ്ത്യക്കാർ എന്നറിയപ്പെടുന്നു അബിസ്സീനിയർ ഇജിപ്ത്യരുടെ കീഴിലാണ്. അർമ്മേനിയക്കും സ്വന്തമായി ഒരു പാത്രിയർക്കീസുണ്ട്. പലസ്തീനായിൽ പ്രാബല്യത്തിൽ ഇരുന്നിരുന്നവർ യൂലിയനിസ്തരാണ്. അവർ ഇപ്പോൾ നാമാവശേഷമായിതീർന്നിരിക്കയത്രെ. അവരുടെ "ഏകസ്വഭാവം" യാക്കോബായരുടേതിൽ നിന്ന് വളരെ വ്യത്യസ്തമാണ്.

യാക്കോബായ പാത്രിയർക്കീസുമാരും ഈജിപ്തായ പാത്രിയർക്കീസുമാരും തമ്മിൽ പല വഴക്കുകളും പരസ്പര ശാപങ്ങളും ഉണ്ടായിട്ടുണ്ട്. അപ്രകാരം തന്നെ അർമ്മേനിയരോടും യാക്കോബായക്കാർ ചിലപ്പോഴെല്ലാം എതിരിടേണ്ടി വന്നിട്ടുണ്ട്. എന്നാൽ ഈ മൂന്നു പാത്രിയർക്കീസുമാരും ഇപ്പോൾ സഹോദരന്മാരെപ്പോലെ വർത്തിച്ചു വരുന്നു. (10;b യൂലിയനിസ്തരായിരുന്ന ഏക സ്വഭാവങ്ങളിൽ വച്ച് യാക്കോബായ

---

(10) യാക്കോബായ പാത്രിയർക്കീസുമാർ അയക്കുന്ന പരസ്യ ലേഖനങ്ങളുടെ തലവാചകം നോക്കുക.

(10 b) അർമ്മേനിയർ കുർബാനയിൽ പുളിച്ച അപ്പമല്ല (ഹമീറാ) പുളിക്കാത്ത അപ്പമാണ് (പത്തീറാ) ഇന്നും ഉപയോഗിക്കുന്നതെന്ന് പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. പത്തീറാ ഉപയോഗിക്കുന്ന കത്തോലിക്കരെ പഴിക്കുന്ന യാക്കോബായ സഹോദരങ്ങൾ ഇതു ചിന്താവിഷയമാക്കേണ്ടതാണ്.

ക്കാരുടെ ഏററം വലിയ ശത്രുക്കൾ. യൂലിയനിസ്തരുടെ ഗബ്രിയേൽ പാത്രിയർക്കീസും യാക്കോബായക്കാരുടെ കുര്യാക്കോസു പാത്രിയർക്കീസും തമ്മിൽ നടന്ന ഒരു രാജിയുടമ്പടി വളരെ രസാവഹമാണ്. യാക്കോബായക്കാർ യൂലിയനിസ്തരുടെ പ്രാരംഭോപദേഷ്ടാവായ യൂലിയനെ ശപിക്കരുതെന്നും സെവേരൂസിന്റെ നാമം പ്രസംഗിക്കരുതെന്നും രണ്ടു പേരിൽ അപരനെ അതിജീവിക്കുന്നയാൾ ഇരുകൂട്ടരുടേയും പാത്രിയർക്കീസായി തീരേണ്ടതാണെന്നും ഗബ്രിയേൽ കുര്യാക്കോസിനോടു ആവശ്യപ്പെട്ടു. കുര്യാക്കോസ് ഗബ്രിയേലിനെ തന്റെ ഐക്യത്തിൽ ഈ വ്യവസ്ഥയിൽ സ്വീകരിച്ചെങ്കിലും യാക്കോബായ മെത്രാന്മാർ യൂലിയനെ ശപിക്കേണ്ടതു ന്യായമാണെന്നു തീരുമാനിച്ചു! (11) എട്ടാം ശതാബ്ദത്തോടു കൂടി യൂലിയനിസ്തർ നാമാവശേഷമായിത്തീർന്നു.

യാക്കോബു ബുർദ്ദ് ആയാ സ്ഥാപിച്ച സഭയിലെ പാത്രിയർക്കീസിന്റെ ശേഷം 53_ാമത്തെ പാത്രിയർക്കീസായ അഗ്നാത്തിയൂസ് (1292_1333) പാത്രിയർക്കാ സിംഹാസനം മർദ്ദീനിൽ സ്ഥാപിച്ചു. (12)

## മല്ക്കായാ മാറോനായ എന്ന അന്തിയോക്കിയാ പാത്രിയർക്കീസുമാർ.

അന്തിയോക്കിയാ യാക്കോബായ പാത്രിയർക്കീസിന്റെ ഉത്ഭവകാലത്തു് അന്തിയോക്കിയായിൽ കത്തോലിക്കരായ പാത്രിയർക്കീസുമാർ ഭരണം നടത്തിയിരുന്നു. രാജകക്ഷി എന്നർത്ഥമുള്ള മല്ക്കായർ എന്നു് അവർ വിളിക്കപ്പെട്ടിരുന്നു. അവർ ഗ്രീക്കുറീത്താണു് സ്വീകരിച്ചിരുന്നതു്. 11_ാം ശതാബ്ദത്തിൽ ഗ്രീക്കു ശീസ്മ പ്രബലപ്പെട്ടതുവരെ കത്തോലിക്കരായ മല്ക്കായാ പാത്രിയർക്കീസുമാരുടെ പിന്തുടർച്ച മിക്കവാറും ഇടമുറിയാതെ അന്തിയോക്കിയായിൽ ഉണ്ടായിരുന്നു. ഇടക്കു് അവർ ഏകചിത്തവാദം(monothelitism) എന്ന പാഷണ്ഡതയിൽ നിപതിച്ചെങ്കിലും 68_ൽ നടന്ന ആറാം സാർവത്രിക സൂനഹദോസിനോടു കൂടി ആ പാഷണ്ഡത അവർ ഉപേക്ഷിച്ചു. അന്നു് പാത്രിയർക്കീസായിരുന്ന മക്കാരിയൂസ് ഈ പാഷണ്ഡത നിമിത്തം സ്ഥാനഭ്രംശം ചെയ്യപ്പെട്ടു.

ഏകചിത്തവാദം പ്രബലപ്പെട്ട കാലത്തോടടുത്താണു് അന്തിയോക്കിയാ മാറോനായ പാത്രിയർക്കീസിന്റെ ആവിർഭാവം. ഈ പാഷണ്ഡതയിൽ നിപതിക്കാതെ നിന്നവരാണു് തങ്ങൾ എന്നു് മാറോനായക്കാർ

(11) Assemani B. O., II pp. 341—342.
(12) Ibid. p. 479 sqq.

വാദിക്കുന്നു. ഏകചിത്തവാദം സ്വീകരിച്ചശേഷം പിന്നീടു കത്തോലിക്കരായ യാക്കോബായ സുറിയാനിക്കാരാണു് മാറോനായക്കാർ എന്നു പറയുന്നവരും ഉണ്ടു്. (13)

## ആറ. അന്തിയോക്കിയാ പാത്രിയക്കീസന്മാർ.

മല്ക്കായാ പാത്രിയക്കീസുമാർ ഗ്രീക്കുശീസ്മയിൽ നിപതിച്ചെങ്കിലും പിന്നീടു അവരിൽനിന്നു മാനസാന്തരപ്പെട്ട കത്തോലിക്കാ മല്ക്കായ പാത്രിയക്കീസു് ഇപ്പോഴും ഉണ്ടു്. യാക്കോബായക്കാരിൽനിന്നു കത്തോലിക്കരായവർ ഇപ്പോഴും വേറൊരു അന്തിയോക്കിയാ (സുറിയാനി) പാത്രിയക്കീസിന്റെ കീഴിൽ നില്ക്കുന്നു. കുരിശുയുദ്ധത്തോടെ ഒരു അന്തിയോക്കിയാ ലത്തീൻ പാത്രിയക്കീസും സ്ഥാപിക്കപ്പെട്ടു. ഇങ്ങനെ അന്തിയോക്കിയാ പാത്രിയക്കീസുമാരുടെ സംഖ്യ ഇന്നു് ആറാണു്.—മല്ക്കായാ മാറോനായാ, ലത്തീൻ, സുറിയാനി, ഗ്രീക്കു്, യാക്കോബായ—ഇവരിൽ ആദ്യത്തെ നാലുപേരും കത്തോലിക്കരാകുന്നു: ആരും അന്തിയോക്കിയായിൽ നിവസിക്കുന്നുമില്ല!

## യാക്കോബായ കത്തോലിക്കാ അഥവാ മപ്രിയാൻ.

അന്തിയോക്കിയായിൽ കത്തോലിക്കരായ ഒരു പാത്രിയക്കീസുണ്ടായിരുന്നപ്പോഴാണല്ലോ യാക്കോബു് ബുർദ്ദ്ആയാ അന്തിയോക്കിയാ യാക്കോബായ പാത്രിയക്കീസിനെ സ്വാന്തഗാമികൾക്കായി സൃഷ്ടിക്കയുണ്ടായതു്. അതുകൊണ്ടും യാക്കോബു തൃപ്തനായില്ലത്രെ. അന്തിയോക്കിയാ പാത്രിയക്കീസിന്റെ കീഴിൽ ഒരു പൌരസ്ത്യ കാതോലിക്കാ ഉണ്ടായിരുന്നതായി സെലൂക്കിയാ സഭയുടെ ചരിത്രത്തിൽ പ്രസ്താവിച്ച സംഗതി വായനക്കാർ ഓർമ്മിക്കുന്നുണ്ടായിരിക്കുമല്ലോ. സെലൂക്കിയായിലെ പൌരസ്ത്യസുറിയാനിസഭയുടെ അദ്ധ്യക്ഷനാണല്ലോ ഈ കാതോലിക്കാ. ഈ കാതോലിക്കായുടെ സ്ഥാനത്തു് യാക്കോബായക്കാരനായ ഒരു പൌരസ്ത്യ കാതോലിക്കായെ യാക്കോബു് ബുർദ്ദ്ആയാ സ്വാന്തഗാമികൾക്കായി അഭിഷേചിച്ചിട്ടുണ്ടത്രെ. യാക്കോബായ കാതോലിക്കാ മപ്രിയാൻ എന്നും അറിയപ്പെടുന്നു. മപ്രിയാൻ എന്ന ശബ്ദത്തിന്റെ അർത്ഥം ഫലം പുറപ്പെടുവിക്കുന്നവൻ എന്നാണു്. ടീഗ്രിസു ദേശത്തു് യാക്കോബായ വിശ്വാസം ഫലപുഷ്ടമാക്കിത്തീർത്തതു് യാക്കോബായ കാതോലിക്കാ ആകയാൽ അദ്ദേഹം മപ്രിയാൻ എന്നു വിളിക്കപ്പെട്ടു

---

(13) അന്തിയോക്യാപാത്രിയക്കീസു്, P. 138, 141.

യാക്കോബായ സഭയിലെ കാതോലിക്കാ സ്ഥാപനം ആരംഭംമുതൽ തന്നെ കലഹസമ്പൂർണ്ണമായ ഒന്നായിട്ടാണ് ചരിത്രത്തിൽ പ്രത്യക്ഷപ്പെടുന്നത്. സുപ്രസിദ്ധ യാക്കോബായ കാതോലിക്കാ അഥവാ മപ്രിയാനായ ബാർ എബ്രായയുടെ നാളാഗമത്തിൽ ചേർത്തിരിക്കുന്ന ചരിത്രം തന്നെ ചുരുക്കമായി ഇവിടെ വിവരിക്കാം. (14)

അഹൂദ്മ എന്നൊരാൾ യാക്കോബ് ബുർദ് ആയാൽ 558-ൽ കിഴക്കിന്റെ മെത്രാപ്പോലീത്താ ആയി അവരോധിക്കപ്പെട്ടു. (15) പേഷ്യാ സാമ്രാജ്യവും റോമ്മാ സാമ്രാജ്യവും തമ്മിൽ യുദ്ധം നടന്നിരുന്ന ആ കാലത്ത് അഹൂദ്മാ ഠീഗ്രീസിൽ അനേകം മന്ത്രവാദികളെ മാനസാന്തരപ്പെടുത്തി. ഇങ്ങനെയാണ് ഠീഗ്രീസിൽ യാക്കോബായക്കാർക്ക് പ്രവേശനം ലഭിച്ചത്. അഹൂദ്മായുടെ മരണശേഷം മൂന്നുകൊല്ലം കഴിഞ്ഞ് കമ്മാ അദ്ദേഹത്തിന്റെ പിൻഗാമിയായി പ്രത്യക്ഷപ്പെട്ടു. കമ്മാ പല മെത്രാന്മാരെയും നെസ്തോറിയൻകാർക്കെതിരായി അഭിഷേചിച്ചു. കമ്മായുടെ പിൻഗാമി ശമുയേലും, ശമുയേലിന്റെ പിൻഗാമി മാറൂസായും ആയിരുന്നു. മാറൂസായത്രെ ഠീഗ്രീസിൽ കാതോലിക്കായുടെ ആസ്ഥാനമുറപ്പിച്ചത്. ഈ സംഭവങ്ങളെല്ലാം പേഷ്യാ സാമ്രാജ്യത്തിൽ നടന്നിരുന്നു. യാക്കോബായ പാത്രിയക്കീസ് റോമ്മാ സാമ്രാജ്യത്തിൽ വസിച്ചിരുന്നതിനാലും ഇരുസാമ്രാജ്യങ്ങളും തമ്മിൽ യുദ്ധം നടന്നിരുന്നതിനാലും കാതോലിക്കായുടെ പ്രവൃത്തികളെപ്പററി എന്തെങ്കിലും ചെയ്യുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. യുദ്ധമവസാനിച്ചശേഷം 628-ൽ

---

(14) cf. Assemani, B. O. II. 387—463.

(15) അഹൂദ്മായുടെ മുൻഗാമികൾ ആരാണ്? സെലൂക്കിയാ സഭയിലെ കാതോലിക്കാമാരെ അഹൂദ്മായുടെ മുൻഗാമികളായി യാക്കോബായക്കാർ കരുതുകയും ഒന്നാമത്തെ കാതോലിക്കാ തോമ്മാശ്ലീഹാ ആണെന്നു വിശ്വസിക്കുകയും ചെയ്യുന്നു. പക്ഷേ നെസ്തോറിയൻകാരും അതേ ആളുകളെ തങ്ങളുടെ കാതോലിക്കാമാരായി കരുതുന്നു — Assemani B. O. II. 388, 389-യാക്കോബായ കാതോലിക്കാ പൌരസ്ത്യ കാതോലിക്കാ എന്നോ മപ്രിയാൻ എന്നോ അല്ലാതെ സെലൂക്കിയാ കാതോലിക്കാ എന്നു് ചരിത്രത്തിൽ അറിയപ്പെടുന്നില്ല. സെലൂക്കിയാ സിംഹാസനത്തിൽ അദ്ദേഹം ആരോഹണം ചെയ്തിട്ടുമില്ല.

അന്നത്തെ യാക്കോബായ പാത്രിയക്കീസായിരുന്ന അത്തനാസിയൂസ് യോഹന്നാൻ എന്ന ഒരു ശമ്മാശിനെ കിഴക്കോട്ട (പേർഷ്യാസാമ്രാജ്യത്തിലേക്കു്) അയച്ചു. ശമ്മാശ് മാർ മത്തായി ആശ്രമത്തിൽ വച്ചു് കാതോലിക്കായും അനുചരന്മാരും പാത്രിയക്കീസ്സിനോടും പാശ്ചാത്യരോടും (റോമ്മാ സാമ്രാജ്യത്തിലുള്ളവർ) യോജിച്ചു പ്രവർത്തിക്കണമെന്നു് അവരോടു യാചിച്ചു. മാർ മത്തായി ആശ്രമത്തിന്റെ അധിപന്മാരായിരുന്ന ക്രിസ്തോഫോറൂസ് മെത്രാപ്പോലീത്തായും അട്ടായി എന്ന മറാധിപനും സമീപസ്ഥന്മാരായ സീഗാറായിലെ ഗ്രീഗോറിയൂസ്, നൂഹാദ്രായിലെ ദാനിയേൽ, ബേസ്റാമനിലെ ഗ്രീഗോറിയൂസ്, ശ്യാഹർസൂളിലെ യസ്ദേഫാൻ എന്ന നാലു മെത്രാന്മാരോടു, ആശ്രമസ്ഥന്മാരിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട മൂന്നു സന്യാസിമാരോടും കൂടി പാത്രിയക്കീസിനെ സമീപിച്ചു. "പൌരസ്ത്യർ തങ്ങളുടെ മെത്രാപ്പോലീത്തായെ അഭിഷേചിച്ചു കൊള്ളട്ടെ: അദ്ദേഹം വലിയ മെത്രാപ്പോലീത്ത, (കാതോലിക്കാ) എന്നു വിളിക്കപ്പെടണം" എന്ന നിക്കിയായിലെ എന്നു പറയുന്ന കാനോനായെ അടിസ്ഥാനപ്പെടുത്തി കാതോലിക്കായെ അഭിഷേചിക്കുവാൻ തങ്ങൾക്കു അധികാരം കിട്ടേണ്ടതാണെന്നു് അവർ പാത്രിക്കീസിന്റെ പക്കൽ വാദം നടത്തി. (16) പാത്രിയക്കീസു സമ്മതം നൽകാഞ്ഞതിനാൽ അവർ മാറൂസായെ തിരിഞ്ഞെടുത്തു് കാതോലി

(16) സെലൂക്കിയാ മെത്രാപ്പോലീത്താ കാതോലിക്കാ ആയതു് ഈ കാനോനാ പ്രകാരമാണെന്നു് തത്സഭാംഗങ്ങളിൽ ചിലർ (നെസ്തോറിയൻ പാഷണ്ഡതയിൽ നിപതിക്കുന്നതിനു മുമ്പു, അതിന്റെ ശേഷവും) വിശ്വസിച്ചിരുന്നു. ഇതു പാശ്ചാത്യ പിതാക്കന്മാരുടെ തീരുമാനമാണെന്നും ഈ ആശയം തന്നെ പശ്ചാത്യ പിതാക്കന്മാർ രണ്ടു ലേഖനങ്ങളിൽ രേഖപ്പെടുത്തി തങ്ങൾക്കയച്ചിട്ടുള്ളതാണെന്നും പൊതുവെ അവർ കരുതി പോന്നിരുന്നു. എന്നാൽ പൌരസ്ത്യ സുറിയാനിക്കാരായ സെലൂക്കിയാ സഭാംഗങ്ങളുടെ ധാരണ പ്രകാരം, യാക്കോബായ കാതോലിക്കാ വാഴിക്കപ്പെടേണ്ടതല്ലെന്നു യാക്കോബായ പാത്രിയക്കീസു ശഠിക്കുന്നു.

ക്കാ അഥവാ മപ്രിയാൻ ആയി ഥിഗ്രീസിൽ സ്ഥാപിച്ചു. (17) മാർ മത്തായി ആശ്രമത്തിലെ മെത്രാപ്പോലീത്തായെ അഭിഷേചിക്കുവാനുള്ള അധികാരവും അവർ കതോലിക്കായിക്കു നൽകി. ഈ മെത്രാപ്പോലീത്തായിക്കു കാതോലിക്കായുടേതു കഴിഞ്ഞിട്ടുള്ള സ്ഥാനം നിശ്ചയിക്കപ്പെട്ടു. അതിന്റെ ശേഷം അവർ കിഴക്കോട്ടു പുറപ്പെട്ടു് കാതോലിക്കായുടെ കിഴിൽ പന്ത്രണ്ടു മെത്രാസനങ്ങൾ സൃഷ്ടിച്ചു. അദറബ്യ, സീഗാറാ, മാഅൽത്താ, അർസുനുത്തു്, ഗുമാൽ, ബെസ്റാമൻ, കർമാ, കർദ്ദക്കിലെ ഗാസത്താ, നൂഹാദ്രാ, പേറോസ്ശാപോർ, ശ്യാഹദ്രാ, ശനീത്തിലെ താഅൽബുദൈ ആറാബു് എന്നിവയായിരുന്നു ആ പന്ത്രണ്ടു മെത്രാസനങ്ങൾ. നിനിവാ മാത്രമേ മാർ മത്തായി ആശ്രമത്തിലെ മെത്രാപ്പോലീത്തായ്ക്കായി അവർ വിട്ടുകൊടുത്തുള്ളു.

മാറൂസായുടെ പിൻഗാമി ദെനഹാ ആയിരുന്നു. അംബിസ്സീനിയാ മെത്രാപ്പോലീത്തായെ അലക്സാന്ത്രിയാ പാത്രിയക്കീസു് അഭിഷേചിച്ചിരുന്നതുപോലെ കാതോലിക്കായെ അഭിഷേചിക്കുവാൻ തനിക്കധികാരമുണ്ടായിരിക്കേണ്ടതാണെന്നു് തെഓദോറോസു് എന്ന പാത്രിയക്കീസു് ആവശ്യപ്പെട്ടു. പൌരസ്ത്യർ ഈ വാദം സ്വീകരിക്കുകയാൽ ദെനഹാ പാത്രിയക്കീസിനാൽ അഭിഷിക്തനായി.

തെഓദോറോസും ദെനഹായും ഒരേസമയത്തു തന്നെ മരിക്കയാൽ പുതിയ പാത്രിയക്കീസു തിരിഞ്ഞെടുക്കപ്പെടുന്നതിനുമുമ്പു് പാത്രിയക്കീസില്ലെന്നുള്ള കാരണത്തിൽ പൌരസ്ത്യർ ദാവീദിനെ പുതിയ കാതോലിക്കാ ആയി അഭിഷേചിച്ചു. ദാവീദിന്റെ മരണശേഷം വേറൊരാളെ കാതോലിക്കാ ആയി അഭിഷേചിക്കണമെന്നു് പൌരസ്ത്യർ മാർ മത്തായി ആശ്രമത്തിലെ യോഹന്നാൻസാബായോടു് ആവശ്യപ്പെട്ടു. തനി

---

(17) ഈ കാതോലിക്കാ സെലൂക്കിയാ കാതോലിക്കാ എന്നു് ഒരിക്കലും വിളിക്കപ്പെട്ടിട്ടില്ല. സെലൂക്കിയായിലെ "നെസ്തോറിയൻ" പാത്രിയക്കീസിന്റെ സ്ഥാനമുള്ളവൻ (ആതായത്തു് അന്തിയോക്കിയായോടു ബന്ധമുള്ളവൻ) എന്ന അർത്ഥത്തിൽ യാക്കോബായക്കാരും യാക്കോബുബർദ ആയി തന്നെയും ഈ സ്ഥാനിയെ കരുതിയെങ്കിലും പൌരസ്ത്യ കാതോലിക്കാ അഥവാ മപ്രിയാൻ എന്നല്ലാതെ സെലൂക്കിയാ കാതോലിക്കാ എന്നു് ഇദ്ദേഹം ഒരിക്കലും വിളിക്കപ്പെട്ടിട്ടില്ല. ബർഎബ്രായയുടെ ഹൂദായ കാനോനിലും സെലൂക്കിയാ എന്ന വിശേഷണം കാണപ്പെടുന്നില്ല.

ക്കധികാരമില്ലെന്നു് യോഹന്നാൻസാബാ പറയുകയാൽ, യോഹന്നാൻസാബാ സ്ഥാനം രാജിവല്ലെന്നും തന്നിമിത്തം മാർ മത്തായി ആശ്രമത്തിലേക്കു് വേറൊരാളെ മെത്രാപ്പോലീത്താ ആയി നിശ്ചയിക്കണമെന്നും പൌരസ്ത്യർ പാത്രിയക്കീസിനെ ബോധിപ്പിച്ചു! പാത്രിയക്കീസു് ഒരു മെത്രാപ്പോലീത്തായെ നിശ്ചയിച്ചെങ്കിലും ആ മെത്രാപ്പോലീത്താ പക്ഷവ്യാധി നിമിത്തം പാത്രിയക്കീസിന്റെ പക്കൽ തന്നെ താമസിക്കേണ്ടതായി വന്നു. അതിങ്കൽ ബോസ്ഫുർഖാ ആശ്രമത്തിൽ വസിച്ചിരുന്ന യോഹന്നാൻസാബായെ പൌരസ്ത്യർ കാതോലിക്കാ ആയി ഉയർത്തി

യോഹന്നാൻസാബായുടെ പിൻഗാമിയായ ദെനഹായും പൌരസ്ത്യർ തന്നെയാണു് അഭിഷേചിച്ചതു്. എന്നാൽ അന്നത്തെ പാത്രിയക്കീസായിരുന്ന യൂഹിയന്റെ ശ്രമത്താൽ ഈ ശീസ്മ അവസാനിക്കുകയും അടുത്ത കാതോലിക്കാ ആയ പൌലോസു്, പാത്രിയക്കീസിനാൽ അഭിഷിക്തനാകുകയും ചെയ്തു. ഇതിന്റെ ശേഷം കാതോലിക്കാമാരെല്ലാം പാത്രിയക്കീസിനാൽ അഭിഷേചിക്കപ്പെട്ടുപോന്നിരുന്നു. ശെമഓൻ എന്ന ഒരു കാതോലിക്കായെ കുര്യാക്കോസു് പാത്രിയക്കീസു് സ്ഥാനഭ്രംശം ചെയ്യുകകൂടി ഉണ്ടായിട്ടുണ്ടു്

847_ൽ യോഹന്നാൻ പാത്രിയക്കീസു് രണ്ടാം ബസേലീസിനെ കാതോലിക്കാ ആയി അവരോധിച്ചു. പത്തു കൊല്ലം കഴിഞ്ഞപ്പോൾ ഒരു വലിയ ശീസ്മ ഉണ്ടായി. മിഗ്രീസുകാർ പാത്രിയക്കീസിന്റെ നാമം കുർബാനയിൽ നിന്നു നീക്കം ചെയ്തു. കതോലിക്കാ തന്നെയും, കല്ലിനീക്കാ, ഹാറാൻ, റേശിനാ എന്ന സ്ഥലങ്ങളിലേക്കു് പാത്രിയക്കീസു നിശ്ചയിച്ച മെത്രാന്മാൎക്കു പകരം വേറെ മൂന്നു മെത്രാന്മാരെ നിയമിച്ചു. ഇരുകക്ഷിയും സുന്നഹദോസുകൾ കൂട്ടി പരസ്പരം മഹറോനും ചൊല്ലി എന്നാൽ മഹമ്മദീയഭരണാധികാരിയായ കാലിഫിന്റെ വിധി പാത്രിയക്കീസിനു് അനുകൂലമായിരുന്നതിനാൽ പാത്രിയക്കീസു് മൽക്കിസെദെക്കു് എന്നൊരാളെ രഹസ്യമായി കാതോലിക്കാ ആക്കി. പാത്രിയക്കീസിന്റെ വിരോധികളായി പടിഞ്ഞാറുണ്ടായിരുന്ന മെത്രാന്മാരുടെ സഹായത്തോടെ വേറൊരു പാത്രിയക്കീസിനെ സ്ഥാപിക്കുവാൻ ശ്രമിക്കവേ ബസ്സേലീസു് മരണം പ്രാപിച്ചു (868) പാത്രിയക്കീസു വാഴിച്ച മൽക്കിസെദെക്കായിരുന്നു അടുത്ത കാതോലിക്കാ. കാതോലിക്കായുടെ ആസ്ഥാനം കിഴക്കുനിന്നു മാറ്റുവാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരുന്നപ്പോൾ പാത്രിയക്കീസും കാതോലിക്കായും മരണമടഞ്ഞു. അടുത്ത പാത്രിയക്കീസു കിഴക്കരുടെയും പടിഞ്ഞാറുകാരുടെയും ഒരു സുന്നഹദോസു വി

ളിച്ചുകൂട്ടി സമാധാനസ്ഥാപനത്തിനായി എട്ടു കാനോനാകൾ ഏർപ്പെടുത്തി. ബർ-എബ്രായായുടെ ഹൂദായ് കാനോനിൽ നിന്നു് ഇവയുടെ സംഗ്രഹം താഴെ ചേർക്കുന്നു.

മാർ മത്തായി ആശ്രമത്തിലെ മെത്രാന്മാരും സന്യാസിമാരും മപ്രിയാനു കീഴ്പ്പെട്ടിരിക്കേണ്ടതാണു്— ഭരണത്തിനായി പാത്രിയർക്കീസു് ഥീഗ്രീസു് സംസ്ഥാനത്തു് (ഏപ്പർക്കിയാ) അവിടെ ഭരണാധികാരിയുള്ളപ്പോൾ വിളിക്കപ്പെടാതെ പ്രവേശിക്കേണ്ടതല്ല— പാത്രിയർക്കീസിന്റെകൂടെ മപ്രിയാൻ പ്രത്യക്ഷനാകുമ്പോൾ പാത്രിയർക്കീസിന്റെ വലത്തുവശത്തു ഒന്നാമനായി ഇരിക്കുകയും, പാത്രിയർക്കീസിന്റെ പേരിനുശേഷം അദ്ദേഹത്തിന്റെ പേരു പ്രസിദ്ധമാക്കപ്പെടുകയും, പാത്രിയർക്കീസു കഴിഞ്ഞു വി. കുർബാന അനുഭവിക്കുകയും വേണം— മപ്രിയാനാണെങ്കിൽ അദ്ദേഹത്തിന്റെ സമ്മതം കൂടാതെ പാത്രിയർക്കീസിനെ അഭിഷേചിച്ചുകൂടാ. എന്നാൽ പൌരസ്ത്യർ തന്നെ മപ്രിയാനെ വാഴിക്കുവാൻ പാടുള്ളതാണു്— കർദോ, ബേസ്നഹ്രൈൻ എന്ന പ്രദേശങ്ങളും മഹറുമ്മീയർ സമ്മതിക്കുമെങ്കിൽ നെഗറാനായരുടെയും മാദായരുടെയും (16b) പ്രദേശവും, ഥീഗ്രീസിന്റെ കീഴിൽ ഉൾപ്പെടണം— പൌരസ്ത്യരും പാശ്ചാത്യരും തമ്മിലുണ്ടായ ശാപങ്ങൾ നിവൃത്തലാക്കണം—(ഏഴാമതത്തു മപ്രിയാൻ നിയമിച്ച മൂന്നു മെത്രാന്മാരെപ്പററിയാണു്)—മപ്രിയാനാൽ മുടക്കപ്പെട്ട മെത്രാൻ പാത്രിയർക്കീസിനാലും മുടക്കപ്പെട്ടിരിക്കണം. (17)

൮൬൯-ൽ നടന്ന ഈ തീരുമാനങ്ങൾ പാത്രിയർക്കീസും കാതോലിക്കായും തമ്മിലുള്ള ബന്ധത്തെ നിയന്ത്രിക്കുന്നവയായി യാക്കോബായക്കാരാൽ ഇന്നും കരുതപ്പെട്ടുപോരുന്നു. ഈ തീരുമാനങ്ങൾ ലംഘിക്കപ്പെട്ടു എന്നും മററുമുള്ള കാരണങ്ങളാൽ ഇരുഭാഗത്തും തക്കങ്ങളും ശാപങ്ങ

---

(16b) മാദായർ = സെലൂക്കിയ പ്രദേശത്തിലുള്ളവർ— സെലൂക്കിയാ, ക്ടെസിഫോൻ എന്ന ഇരു നഗരങ്ങളെ ഉദ്ദേശിച്ചു് അറബിയിൽ മാദായെ എന്നാണു് പറഞ്ഞിരുന്നതു്. നഗരങ്ങൾ എന്നത്രെ ഈ പദത്തിന്റെ അർത്ഥം. നോക്കുക! മപ്രിയാന്റെ കീഴ് സെലൂക്കിയാപ്രദേശം ഇരിക്കണമെന്നും മപ്രിയാന്റെ ആസ്ഥാനം ഥീഗ്രീസാണെന്നും ഇവിടെ കാണുന്നു. യാക്കോബായമപ്രിയാനു് സെലൂക്കിയാ കാതോലിക്കാ എന്ന നാമമുണ്ടായിരുന്നെന്നു ചിലർ പറയുന്നതു ശരിയല്ല.

(17) Bar Heraeas, Nomo. Canon VII. 2.

ളും, സ്വാതന്ത്ര്യപ്രഖ്യാപനങ്ങളും ഉണ്ടായിട്ടുണ്ട്. അവയൊന്നും ഇവിടെ വിസ്തരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ചുരുക്കി പറഞ്ഞാൽ അധികാരത്തോടുകൂടി കാതോലിക്കാ ഉണ്ടായിരുന്നപ്പോഴെല്ലാം പാത്രിയക്കീസും കാതോലിക്കായും തമ്മിൽ സ്വരച്ചേർച്ചയില്ലായിരുന്നു. മിശ്രീസുകാർ തന്നെയും ചിലപ്പോൾ കാതോലിക്കായുടെ നാമം കുർബാനയിൽ ചൊല്ലാതെയിരുന്നിട്ടുണ്ട്.

നിരവധി തർക്കങ്ങളുടേയും, മൊൻഗോളിയരുടെ ആക്രമണത്തിന്റേയും ഫലമായി യാക്കോബായസഭയുടെ ശക്തി ക്ഷയിച്ചതോടെ 14-ാം ശതാബ്ദത്തിൽ കാതോലിക്കാസ്ഥാനം നാമാവശേഷമായിതീൎന്നു. കാതോലിക്കാ നാമധാരിയായി ഒർഹൊയിലെ മെത്രാപ്പോലീത്താ എന്ന പേരോടെ പാത്രിയക്കീസിന്റെ വികാരി ജെനറാൾ എന്ന നിലയിൽ കഴിച്ചുകൂട്ടുന്ന ഒരാളാണത്രെ ഇപ്പോഴത്തെ കാതോലിക്കാ! (18) ഈ നാമമാത്ര കാതോലിക്കായെ വാഴിക്കുന്നതു് പാത്രിയക്കീസാണ്. പാത്രിയക്കീസിന്റെ മരണശേഷം നാമമാത്രകാതോലിക്കാ പാത്രിയക്കീസായി തീരാറുമുണ്ട്. (19) ഈ നടപ്പു വന്നതോടെ പാത്രിയക്കീസിന്റെ അഭിഷേചനത്തിൽ കാതോലിക്കാ ഇല്ലാതായി. 1077 മുതൽ പാത്രിയക്കീസിനെ കാതോലിക്കായും കാതോലിക്കായെ പാത്രിയക്കീസും അഭിഷേചിച്ചിരുന്നു. (20)

കേരളത്തിൽ കാതോലിക്കാസ്ഥാനം സ്ഥാപിച്ചു നിലനിറുത്തുവാനുള്ള മെത്രാൻകക്ഷിയുടെ ശ്രമം (21) ബാവാകക്ഷി തടയുകയാണല്ലൊ ഇപ്പോൾ ചെയ്യുന്നതു്.

### വളൎച്ചയും അധഃപതനവും.

കാതോലിക്കാസ്ഥാനം പൌരസ്ത്യദിക്കിൽ ഉറച്ചശേഷം യാക്കോബായക്കാർ വളരെ പ്രബലപ്പെട്ടു. ശത്രുക്കളായിരുന്ന നെസ്തോറിയൻകാരുപോലും അവരോടു പിന്നീടു മൈത്രിയിൽ വൎത്തിക്കുവാൻ നിർബന്ധിക്കപ്പെട്ടുപോയിട്ടുണ്ട്. മദ്ധ്യശതകങ്ങളിൽ പാത്രിയക്കീസിന്റെ കീഴിൽ 20 മെത്രാന്മാരും കാതോലിക്കായുടെ കീഴിൽ 18 മെത്രാന്മാരും ഉണ്ടായിരുന്നു. കുസ്തന്തിനോപ്പോളീസ്, സിറിയാ, എജിപ്തു് എന്നീ സ്ഥല

---

(18) Fortescue. p. 340
(19) Ibid. p. 337
(20) Ibidem.
(21) മെത്രാൻകക്ഷി ഓർത്തഡോക്സ്കക്ഷി എന്നു് ഇപ്പോൾ സ്വയം വിളിച്ചു തുടങ്ങിയിരിക്കുന്നു.

അതിൽ അവക്ക ആളുകളും സ്ഥാപനങ്ങളും ഉണ്ടായിരുന്നു. (22) എന്നാൽ 14-ാം ശതാബ്ദത്തോടെ യാക്കോബായസഭയുടെ ശക്തി ക്ഷയിച്ചു. ഉദയംപേരൂർ സൂനഹദോസിന്റെ കാലത്തു് ആ നിലയിൽ തന്നെ അതു നിന്നിരുന്നു എന്നും പ്രസ്താവ്യമാണു്.

---

# ഒമ്പതാം അദ്ധ്യായം.

## യാക്കോബായസഭയും റോമ്മാ അധികാരവും.

---

സഭാഘടന സംബന്ധിച്ച് യാക്കോബായസഭ എന്തു വിശ്വസിച്ചിരുന്നു എന്നു് ഇനി പ്രസ്താവിക്കാം. ഉദയമ്പേരൂർ സൂനഹദോസിന്റെ കാലത്തിനു മുമ്പുള്ള യാക്കോബായസഭയാണു് നമ്മുടെ പ്രതിപാദ്യവിഷയം.

### വി. പത്രോസിന്റെ പരമാധികാരം.

യാക്കോബായസഭ പത്രോസിന്റെ പരമാധികാരം പരിപൂർണ്ണമായി വിശ്വസിച്ചിരുന്നു. ഇതിൽ യാതൊരു സംശയവുമില്ല. ആ സഭയുടെ ഔദ്യോഗിക ഗ്രന്ഥങ്ങളിൽ നിന്നു ചില ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടു് ഇതു വിശദമാക്കാം.

"ഹേ, സഭയെ നിന്റെ അടിസ്ഥാനം (ശെത്തൈക്ക്) കൊന്നോറിയപ്പെട്ടവനായ ശിമയോൻ ആകുന്നു" (1)

"തിരുസഭയെ, നിന്റെ വാതുക്കൽ കാവൽക്കാർ നിൽക്കുന്നു. രാത്രിയും പകലും ദുഷ്ടനിൽ നിന്നു് അവർ അതിനെ കാക്കുന്നു. ശിമയോനാണു് അതിന്റെ അടിസ്ഥാനം. പൌലോസു് അതിന്റെ ശില്പി...." (2)

"സഭ പറയുന്നു:—ശിമയോൻ കീഫാ മേൽ ഞാൻ പണിയപ്പെട്ടിരിക്കുന്നു. എഴുപതിരണ്ടു് അറിയിപ്പുകാർ എന്റെ തൂണുകളാകുന്നു" (3)

---

(22) Fortescue, o. c.p. 332.
(1) ശുബ്ഹോ നമസ്കാരം p. 140.
(2) Ibid p. 151.
(3) Ibid. p. 166.

"സഭ പറയുന്നു:—ശിഷ്യന്മാരുടെ തലവനായ ശിമയോൻ കീഫാ മേൽ ഞാൻ പണിയപ്പെട്ടിരിക്കുന്നതിനാൽ ഞാൻ ഭയപ്പെടുകയില്ല. ശപിക്കപ്പെട്ടവനായ നെസ്തോറിസ് എന്നോടു യുദ്ധം ചെയ്തു എന്നാൽ അവൻ വീണുപോയി." (4)

"യോനായുടെ പുത്രനായ ശിമയോൻ ഉയരത്തിന്റെയും ആഴത്തിന്റെയും താക്കോലുകളെ കൈക്കൊണ്ടപ്പോൾ ഇടയന്മാരുടെ തലവൻ അവനോടു് അരുൾചെയ്തു:—ശിമയോനെ നീ എന്തുചെയ്യുന്നു എന്നു കരുതിക്കൊള്ളണം. ആട്ടിൻകൂട്ടം നിനക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്നു. എന്റെ കുഞ്ഞാടുകളെയും പെണ്ണാടുകളെയും എനിക്കായി നീ മേയിച്ചുകൊള്ളുക. മുഖപക്ഷം നോക്കാത്തതായ ദൈവസിംഹാസനത്തിങ്കൽ നീ കണക്കുബോധിപ്പിക്കേണ്ടിവരും." (5)

"ശ്ലീഹന്മാരുടെ തലവനായ ശിമയോനു വലിയ ഭാഗ്യം. അവനെ നമ്മുടെ രക്ഷകൻ സഭയുടെ അടിസ്ഥാനമാക്കി സ്ഥാപിച്ചു എന്റെ ആടുകളെയും കുഞ്ഞാടുകളെയും പെണ്ണാടുകളെയും മേയിക്ക എന്നു് അവനോടു് പറയുകയും ചെയ്തു" (6)

യാക്കോബായ സഭയുടെ ഔദ്യോഗികഗ്രന്ഥങ്ങളിൽ കാണുന്ന ഈ ആശയം തന്നെ ആ സഭയിലെ പ്രമാണഗ്രന്ഥകാരന്മാരും വേദശാസ്ത്രജ്ഞന്മാരും സ്വന്തമാക്കിയിട്ടുണ്ടു്.

മൂശെബർകീഫാ പറയുന്നു:—"ശ്ലീഹന്മാർ ഓരോരുത്തനും "കൈവെപ്പു" സ്വീകരിച്ചു അവരെല്ലാവരും മെത്രാന്മാരാക്കപ്പെട്ടു എന്നാൽ ഭരണം നടത്തുവാൻ ശിമയോൻ തലവനായി നിയമിക്കപ്പെട്ടു" (7)

യൂഹാനോൻ ബർവഹബൂൻ എന്ന പാത്രിയർക്കീസിന്റെ വാക്യങ്ങൾ ഇങ്ങനെയാണു്. "കൈവെപ്പിലും, പരിശുദ്ധാത്മാവിനെ സ്വീകരിച്ചതിലും, മെത്രാനുദ്യോഗത്തിലും പാത്രിയർക്കീസുമാരും, മെത്രാപ്പോലീത്താമാരും, മെത്രാന്മാരും സമന്മാരാണു്. പത്രോസും അദ്ദേഹത്തിന്റെ കൂട്ടുകാരായ ശ്ലീഹന്മാരും പരിശുദ്ധാത്മാവിന്റെ ദാനങ്ങളും പട്ടസ്ഥാനവും ഒന്നുപോലെയാണല്ലോ സ്വീകരിച്ചതു്. എന്നാൽ ഭരണം നടത്തേണ്ടതിനായി പത്രോസുമാത്രം അദ്ദേഹത്തിന്റെ കൂട്ടുകാരുടെ തലവനായി നിയമിക്കപ്പെട്ടു." (8)

---

(4) Ibid. p. 174.
(5) മേല്പട്ടസ്ഥാനാഭിഷേകക്രമം.
(6) പത്രോസ്പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ നമസ്കാരം.
(7) De Sacerdooit IV. 6. Codex de Prop. Fide. p. 124.
(8) In Expos. Sacrament. C. 29. art 15. Cod de Prop. Fide Sharfian (Syr). p. 4-11.

"അദ്ദേഹത്തോടു പറയപ്പെട്ടു ......മാനസാന്തരശേഷം ആ സ്ഥിതിയിൽ നിൽക്കണമെന്നുതന്നേയല്ല, തന്റെ കൂട്ടുകാരുടെ ഗുരുവും തലവനും കൂടി ആകണം. അതുമല്ല, അദ്ദേഹം എല്ലാ മനുഷ്യരുടേയും ഗുരു ആകണം. മനുഷ്യരുടെ ഗുരുക്കന്മാരേയും പ്രബോധകന്മാരേയും അദ്ദേഹം ഉറപ്പിക്കണം" ഇവ എട്ടാംശതാബ്ദത്തിൽ യാക്കോബായ സഭാഭരണം നടത്തിയ ഗീവറുഗീസു പാത്രിയർക്കീസിന്റെ വാക്യങ്ങളാകുന്നു. (9)

പത്രോസിന്റെ പരമാധികാരം സംബന്ധിച്ചു് ഇതിൽ കൂടുതലായി എന്തെങ്കിലും പ്രസ്താവിക്കണമെന്നു തോന്നുന്നില്ല.

## വി. പത്രോസ് റോമ്മായിൽ

വി. പത്രോസു് റോമ്മായിൽ പോയിട്ടുണ്ടെന്നാണു് യാക്കോബായ സഭയുടെ ഔദ്യോഗിക വിശ്വാസം.

"വീശുന്നവനായ ശിമയോനെ മ്ശിഹാ വീശിയെടുത്തു. മീനിനു പകരം മനുഷ്യരെ ജീവങ്കലേക്കു വീശിയെടുക്കുവാൻ തന്നെ. അദ്ദേഹം തന്റെ വല റോമ്മായിൽ വിരിച്ചു. അതിന്റെ (റോമ്മായുടെ) ക്രൂരത നീക്കി അതിന്റെ സിംഹപ്രകൃതിയെ കുഞ്ഞാടുപോലെ ആക്കി അതിനെ തിരുസഭയിൽ പ്രവേശിപ്പിച്ചു" എന്നു് പെങ്കീസാ പ്രാർത്ഥനയിൽ കാണുന്നു.

യാക്കോബായ സുറിയാനി ക്രമത്തിൽ ഇങ്ങനെ കാണുന്നു: "ശ്ലീഹന്മാർ സുവിശേഷം പ്രസംഗിക്കുവാൻ പുറപ്പെട്ടപ്പോൾ ചീട്ടിയിട്ടു. അ അതിൻപ്രകാരം നാലുഭാഗത്തേക്കും പുറപ്പെട്ടു. ശിമയോൻ റോമ്മായിലെത്തി. തോമ്മാശ്ലീഹാ ഇൻഡ്യായിലും........"

പെന്തിക്കോസ്തിയുടെ ലെലിയോ രണ്ടാം കൌമ്മാ പറയുന്നു: "ശിമയോൻ റോമ്മായിലേക്കു് അയയ്ക്കപ്പെട്ടു: യൂഹാനോൻ എഫേസൂസിലേക്കും. തോമ്മാ ഇൻഡ്യായിലേക്കും........"

## അന്തിയോക്കിയായിൽ പരമാധികാരം സ്ഥാപിക്കുന്നില്ല.

ചില ആധുനിക യാക്കോബായക്കാർ പത്രോസിന്റെ പരമാധികാരം അന്തിയോക്കിയായിലാണെന്നു പറയുന്നുണ്ടെങ്കിലും യാക്കോബായസഭ ഔദ്യോഗികമായി അങ്ങനെ വിശ്വസിക്കുന്നില്ല. സാർവ്വത്രികസഭയിൽ തനിക്കു പരമാധികാരമുണ്ടെന്നു് അന്തിയോക്കിയാ യാക്കോബായ പാത്രിയർക്കീസു് ഒരു കാലത്തും വാദിച്ചിട്ടില്ല. "അന്തിയോക്കിയായുടേയും കിഴക്കു് ഒക്കെയുടേയും പാത്രിയർക്കീസു്" എന്നാണു് അദ്ദേഹം ഔദ്യോഗികമായി സ്വീകരിച്ചിരിക്കുന്ന നാമധേയം സാർവ്വ

(9) Cod. Vat. Syr. 154. p. 224.

ത്രികസഭയുടെ പരമാദ്ധ്യക്ഷൻ താനാണെന്നുള്ള ബോധം അദ്ദേഹത്തിന് ഒരിക്കലും ഇല്ലായിരുന്നു. കൂടാതെയും, ഈഗുപ്തായ, അൎമ്മേനിയൻ പാത്രിയക്കീസുമാരെ തന്റെ സഹോദരന്മാരായും, ഈഗുപ്തായ പാത്രിയക്കീസിനെ സമന്മാരിൽ മുമ്പനായും യാക്കോബായ പാത്രിയക്കീസു കരുതിവരുന്നു. സാൎവ്വത്രികസഭയിൽ പത്രോസിന്റെ പരമാധികാരം പ്രാപിച്ചിരിക്കുന്ന ഒരാൾ ഇങ്ങനെയല്ലല്ലോ പ്രവൎത്തിക്കേണ്ടതു്.

## പലരിൽ പരമാധികാരമോ?

പാത്രിയക്കീസുമാരുടെ സമൂഹത്തിലോ സാൎവ്വത്രിക സുന്നഹദോസിലോ മാത്രമേ പത്രോസിന്റെ പരമാധികാരമുള്ളു എന്നൊരു ഭാവം ചില യാക്കോബായക്കാൎക്കുള്ളതായി കരുതാൻ ചില കാരണങ്ങൾ കാണുന്നുണ്ടു്. യാക്കോബായസഭയുടെ ഔദ്യോഗികവിശ്വാസം ഇതാണെങ്കിൽ, സഭാഘടന സംബന്ധിച്ചുള്ള വിശ്വാസത്തിൽ ആ സഭ കത്തോലിക്കാസഭയിൽ നിന്നു് വളരെ ദൂരെ സ്ഥിതിചെയ്യുന്നു. കൂടാതെയും പത്രോസിൽ പരമാധികാരമുണ്ടെന്നു സമ്മതിക്കയും ആ പരമാധികാരം പലരിലായി നിക്ഷേപിക്കയും ചെയ്യുക മ്ശിഹാ സഭയ്ക്കു പ്രദാനം ചെയ്ത ഭരണഘടനയെ വ്യത്യാസപ്പെടുത്തുകയാകുന്നു.

## റോമ്മാ മാൎപ്പാപ്പായുടെ പരമാധികാരം.

റോമ്മാ മാൎപ്പാപ്പായുടെ പരമാധികാരം—പത്രോസിന്റെ പിൻഗാമി എന്ന നിലയിലുള്ള പരമാധികാരം—യാക്കോബായസഭ സ്വീകരിക്കുന്നുണ്ടോ?

റോമ്മായിലെ ലെഓൻ മാൎപ്പാപ്പായെ യാക്കോബായസഭ ഔദ്യോഗികമായി ശപിക്കുന്നു. കൽക്കിദോനിയാ സുന്നഹദോസിനേയും എവുത്തീക്കിയൂസിനേയും ശപിക്കുന്നതുപോലെതന്നെ ലെഓൻ മാൎപ്പാപ്പായേയും യാക്കോബായക്കാർ ശപിക്കുന്നുണ്ടു്. റോമ്മായിൽ പരമാധികാരമുണ്ടെന്നു സമ്മതിക്കുന്നവർ റോമ്മാ മാൎപ്പാപ്പാമാരിൽ ആരേയും ശപിക്കേണ്ടതല്ല. ലെഓൻമാൎപ്പാപ്പായിക്കു തെറ്റുവന്നു എന്നല്ലാതെ അദ്ദേഹത്തിനു പരമാധികാരമില്ലെന്നു് ഈ ശാപത്തിൽനിന്നു അൎത്ഥമാക്കേണ്ടതില്ലെന്നു വല്ലവരും വാദിച്ചേക്കാം. ഇങ്ങനെ വാദിക്കുന്നവരുടെ ദൃഷ്ടിയിൽ മാൎപ്പാപ്പായുടെ അപ്രമാദിത്വമല്ലാതെ പരമാധികാരം യാക്കോബായക്കാരാൽ നിഷേധിക്കപ്പെടുന്നില്ല. അപ്രമാദിത്വം ഒരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്യുന്നതിനുമുമ്പു് അതു നിഷേധിച്ചിരുന്നവർ ആ കാരണത്താൽ പരമാധികാരം നിഷേധിക്കുന്നവരായി പരിഗണിക്കപ്പെടേണ്ടതല്ലെന്നും വാദമുണ്ടായേക്കാം. ദിയസ്ക്കോറോസു്

ലെഓൻ മാർപ്പാപ്പായെപ്പററി പറഞ്ഞതു് ഈ വാദത്തെ ആദരിക്കുന്നതാകാം. ദിയസ്കോറോസിന്റെ വാക്യങ്ങൾ: "സാത്താനും മാലാഖാമാരിൽ ഏററം വലിയവനായിരുന്നു. എന്നാൽ അവൻ ദൈവത്തോടു മത്സരിച്ച ക്ഷണത്തിൽ അധഃപതിച്ചു് പിശാചായിതീൎന്നു. ലെഓന്റെ കാൎയ്യത്തിലും ഇപ്രകാരം തന്നെ. അവൻ സത്യവിശ്വാസം അനുസരിക്കുകയും അതിനു വിധേയനാണെന്നു കാണിക്കുകയും ചെയ്താൽ, സംശയമെന്യേ അവൻ ഏററം വലിയവനും ഏററം ഉന്നതനും ഏററം വിശേഷതയുള്ളവനും ആയിരിക്കും." (10) പക്ഷെ ഒരു പരമാധികാരിയെ ശപിക്കുക കുറെ കടന്ന ഒരു പ്രവൃത്തിയാണു്. ചക്രവൎത്തിയായ വലന്തീനിയാനൂസിന്റേയും ചക്രവൎത്തിനിയായ പുൾക്കേറിയായുടേയും പ്രാൎത്ഥനകളും കണ്ണുനീരും ഹേതുവാൽ ബലഹീനനായ ലെഓൻമാർപ്പാപ്പാ ഏകസ്വഭാവവാദം ശപിക്കുവാനും കൽക്കിദോനിയാസൂനഹദോസു നടത്തുവാനും നിർബന്ധിക്കപ്പെട്ടുപോയി എന്നാണു് ബർ എബ്രായാ പറയുന്നതു് (10[2]) എന്നാൽ പരമാധികാരിയെ ശപിക്കുക അദ്ദേഹത്തെക്കാൾ കൂടുതൽ അധികാരമുണ്ടെന്നു ഭാവിക്കുകയും തദ്വാരാ അദ്ദേഹത്തിന്റെ പരമാധികാരം നിഷേധിക്കുകയും അത്രെ ആകുന്നു.

സെവേരൂസിനേയും അദ്ദേഹത്തിന്റെ അനുഗാമികളേയും റോമ്മായിലെ സിമ്മക്കൂസുമാർപ്പാപ്പാ മഹറോൻ ചൊല്ലിയിട്ടുണ്ടെന്നു് ഈ സന്ദർഭത്തിൽ പ്രത്യേകം പ്രസ്താവ്യമാണു്. (11) യാക്കോബായക്കാർ സെവേരൂസുകക്ഷിയായ ഏകസ്വഭാവവാദികളാണല്ലൊ.

യാക്കോബായക്കാർ ആരംഭത്തിൽ റോമ്മാമാർപ്പാപ്പായുടെ പരമാധികാരം സ്പഷ്ടമായി നിഷേധിച്ചു എന്നു പറയാവുന്നതല്ല. ആ അധികാരത്തെപ്പററി പ്രസ്താവിക്കുന്ന നിക്കിയാ അഥവാ അറബി കാനോനാകൾ 84-ം അവരുടെ കൈവശമുണ്ടായിരുന്നു. അവർ അവയെ സ്വീകരിക്കുകയും ചെയ്തിരുന്നു.

പ്രസ്തുത കാനോനാകളിൽ എട്ടാമത്തേതു പറയുന്നു: "ഒരു പാത്രിയൎക്കീസിനു് തന്റെ അധികാരത്തിനു കീഴുള്ളവരുടെമേൽ ന്യായപ്രകാരം ഇഷ്ടമുള്ളവയെല്ലാം പ്രവൎത്തിക്കുവാൻ അധികാരമുള്ളതുപോലെ, എല്ലാ പാത്രിയൎക്കീസുമാരുടെമേലും റോമ്മായിലെ (പാത്രിയൎക്കീസിനു്)

---

(10) Muccaffa Severus, History of the Comcil of Chalcedon. Codex Valican (garsiucnie) 159. p. 129.

(10[2]) Chronicon-codex vat. syr. 166. pp. 261 sqq, cf Joseph David, Antiqua Ecclesiae syro chal. Traditio...p.65 note.

(11) Amrus Mathai. Codex de Prop. Fide (Arabic) 45, p. 8.

അധികാരമുണ്ടു്. ഭാഗ്യപ്പെട്ട പത്രോസിനു് പൊതുവിൽ എന്ന പോലെ" (12)

ഹൂദായകാനോൻ ഏഴാം കേപ്പാലേയൂൻ ഒന്നാം പാസൂക്കോയിൽ ബർ എബ്രായ പറയുന്നു: "ലോകത്തിൻെറ നാലുഭാഗങ്ങളുടെ എണ്ണത്തിനൊത്തപോലെ നാലു പാത്രിയക്കീസുമാർ ഉണ്ടാകണം. അവരുടെ എല്ലാവരുടേയും വലിയ തലവൻ (റീശോ റാബോ ദ്കുൽഹോൻ) റോമ്മായിലെ (പാത്രിയക്കീസു്) ആകുന്നു. അദ്ദേഹത്തിൻെറക്കൂടെ കു ന്തി നോപ്പോളീസിലെ (പാത്രിയക്കീസും)........" (12b)

ഇതും "നിക്കിയായിലെ" കാനോനാ ആയിട്ടത്രെ ബർ എബ്രായ ഉദ്ധരിക്കുന്നതു്. "നിക്കിയായിലെ" എട്ടാം കാനോനായിൽ നിന്നു് ഇവിടെ പറഞ്ഞിരിക്കുന്ന "വലിയ തലവൻ" ഏതത്ഥത്തിൽ ഗ്രഹിക്കണമെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. പാത്രിയക്കീസുമാരുടെ എല്ലാവരുടേയും വലിയതലവൻ—അധികാരസമന്വിതമായ വലിയ തലസ്ഥാനമുള്ളവൻ—റോമ്മാ പാത്രിയക്കീസാകുന്നു എന്നു എന്നു് എട്ടാം കാനോനാ വിശദീകരിക്കുന്നു. ഈ സ്ഥിതിക്കു് പാത്രിയക്കീസുമാർ എല്ലാവരും എല്ലാവരുടേയും (എല്ലാ വിശ്വാസികളുടേയും അഥവാ എല്ലാ പാത്രിയക്കീസുമാരുടേയും!) വലിയ തലവന്മാരാകുന്നു എന്നാണു് "വലിയതലവൻ" എന്നതിനു് ഇവിടെ അത്ഥം കല്പിക്കേണ്ടതെന്നു് ചിലർ പറയുന്നതു് കേവലം ബാലിശമെന്നേ വിചാരിക്കേണ്ടതുള്ളു—ഇങ്ങനെയൊക്കെ ഇരുന്നാലും ലെഓൻ മാർപ്പാപ്പായെ ശപിച്ചതോടെ മാർപ്പാപ്പായുടെ പരമാധികാരം ത്യജിച്ചുകൊണ്ടുള്ള ഒരു പ്രവൃത്തിപദ്ധതിയിൽ യാക്കോബായക്കാർ ഉൾപ്പെട്ടുപോയി. മാർപ്പാപ്പാ സെവേരുസിനെയും അനുഗാമികളെയും ശപിച്ചതോടെ അവരുടെ നില പൂർവ്വാധികം മാർപ്പാപ്പായുടെ പരമാധികാരത്തിനു വിരുദ്ധമായ ഒന്നായിതീന്നു.

**പുനരൈക്യശ്രമങ്ങൾ.**

കുരിശുയുദ്ധങ്ങളുടെ കാലത്തു പാശ്ചാത്യരുമായി യാക്കോബായക്കാർ വളരെ സ്നേഹപൂർവ്വം വർത്തിച്ചിരുന്നു. അതിൻെറ പ്രതിധ്വനി ബർ എബ്രായയുടെ വ്യാപാരങ്ങളിലെല്ലാം കാണുന്നുണ്ടു്.

---

(12) Ccdex de Prop. Fide (Syr). 27. p. 10.

(12b) "അവരുടെ എല്ലാവരുടേയും വലിയ തലവൻ" എന്നതു് ബാവാകക്ഷി ഹാജരാക്കിയ 18 അക്കം കാനോനിൽ ഇല്ലത്രെ. ഈ 18 അക്കത്തെപ്പററി അടുത്തയദ്ധ്യായത്തിൽ പറഞ്ഞുകൊള്ളാം. എന്നാൽ ഇപ്പോഴത്തെ ബാവാകക്ഷിയിലെ ഒരു റമ്പാനും പ

പാശ്ചാത്യരോട്ടുള്ള വേഴ്ച നിമിത്തം റോമ്മായെ സമീപിക്കുവാനുള്ള ശ്രമം യാക്കോബായക്കാരിൽ നിന്നു തന്നെ വെളിപ്പെട്ടു തുടങ്ങി. 1127-ൽ ഈ പരിശ്രമം ആരംഭിച്ചു. അന്ത്രയോസ് എന്നൊരാളെ മാ

---

ണ്ഡിതനും ആയ ഫാദർ കെ. ജെ. ഗീവറുഗീസ് അവർകൾ ഈ ഭാഗം സംബന്ധിച്ചു പറയുന്നു: "ഈ ഉദ്ധരണത്തിൽ സുറിയാനിമൂലഗ്രന്ഥത്തിലേതിനോട് പറയത്തക്ക വ്യത്യാസമില്ലായിരിക്കാം." "എല്ലാവരുടെയും ശ്രേഷ്ഠതലവൻ" എന്നതു് നാലു പാത്രിയക്കീസുമാരുടെയും വിശേഷണമാക്കുവാനാണ് ബ. റമ്പാച്ചന്റെ ശ്രമം. ഇതിൽ നിന്നും ആ ഭാഗം സുറിയാനിമൂലത്തിലുണ്ടെന്നു അദ്ദേഹം സമ്മതിക്കുന്നു.

എത്രയും സാരവത്തായ ഒരു എഴുത്തുപുസ്തകം പു. 103.

പക്ഷെ, ഇപ്പോഴത്തെ ബാവാകക്ഷികളിൽ ചിലരുടെ കൈവശമിരിക്കുന്ന കാനോൻ പ്രതികളിൽ ഏഴാം കെപ്പാലേയോൻ ഒന്നാം പാസുക്കാ വേറെവിധത്തിൽ കാണപ്പെടുന്നു. അതിപ്രകാരമാണ്. "7-ാം അദ്ധ്യായം: പട്ടത്വത്തെക്കുറിച്ചു നിഖ്യാസുന്നഹദോസു നാലു പാത്രിയക്കീസുമാരെ നിശ്ചയിച്ചു. അവരിൽ അന്ത്യോഖ്യാ പാത്രിയക്കീസിനു കിഴക്കൊക്കെയിലും അധികാരമുണ്ട്. ഓറശ്ലേമിന്റെ മെത്രാപ്പോലീത്തായെ അഞ്ചാമത്തെ പാത്രിയക്കീസ് എന്നു് അവർ വിളിച്ചിരിക്കുന്നു. കിഴക്കെ കാസോലിക്കാ ബാവാ അന്ത്യാഖ്യാപാത്രിയക്കീസു ബാവായുടെ കീഴാകുന്നു. എങ്കിലും അദ്ദേഹത്തിനു മെത്രാന്മാരേയും എപ്പിസ്കോപ്പന്മാരെയും പട്ടംകൊടുപ്പാനധികാരമുണ്ട്. എല്ലാ പള്ളികളിലും അദ്ദേഹത്തിന്റെ പേരുകൂടി ഓക്കണം"

വടക്കൻപറവൂർ ഈരാളിൽ ബ. മാത്തുക്കത്തനാരുടെ കൈവശമിരുന്ന കാനോന്റെ മലയാള തർജ്ജമയിൽ ആണു് എഴുത്തുകാരൻ ഈ ഭാഗം കണ്ടതു്. 89 വയസ്സു പ്രായമുണ്ടായിരുന്ന ആ യാക്കോബായ ബാവാകക്ഷി വൈദികൻ ഈ ഭാഗം കുറിച്ചെടുക്കുന്നതിനു് എഴുത്തുകാരനു് അനുമതിനൽകി. (4-4-1938) 18 അക്കം കാനോനിൽ നിന്നു് ഇതെത്ര വ്യത്യസ്തം! എന്നാൽ ഇതു കേരളീയസഭയുടെ കാനോനായി വെളിക്കുവന്നിട്ടില്ല. (?) വേറെ ചിലരുടെ കൈവശവും ഇതിന്റെ പകർപ്പും സുറിയാനിപ്പാഠവും ഉള്ളതായി അറിവുണ്ട്. മാർ കുറിലോസു മുഖേന ഇതു ലഭിച്ചു എന്നു കേൾക്കുന്നു. അതായതു 1876 നു് കുറെ മുമ്പ്. ഇതു സംബന്ധമായി അടുത്ത അദ്ധ്യായത്തിൽ.

പ്പാപ്പാ തന്റെ പ്രതിപുരുഷനാക്കി ഒരു ലേഖനവും കൊടുത്തു അഗാത്തിയൂസ് പാത്രിയർക്കീസിന്റെ പക്കലേക്ക് അയച്ചു. 1247-ൽ പാത്രിയർക്കീസ് നാലാം ഇന്നസെന്റിയൂസ് മാർപ്പാപ്പായുടെ പേർക്കു ഒരു വിശ്വാസസത്യവും ലേഖനവും അയച്ചു കൊടുത്തു. ആ ലേഖനത്തിൽ ഇങ്ങനെ പറയുന്നു:

"....പിതാക്കന്മാരുടെ പിതാവിന്, ശ്ലീഹന്മാരുടെ പ്രഭുവായ വി. പത്രോസിന്റെ സിംഹാസനത്തിൽ ഇരിക്കുന്ന ഇന്നസെന്റിയൂസിന്........ (അങ്ങേ ലേഖനം) ഞാൻ ഞങ്ങളുടെ (നമ്മുടെ-എന്റെ) തലക്കുമീതെ ഉയർത്തി പിടിച്ച് മ്ശീഹായുടെ പ്രതിമയിൽ നിന്നെന്നപോലെ അതിൽ നിന്ന് ആശീർവാദം പ്രാപിച്ചു.... പരിശുദ്ധ റോമ്മാസഭ എല്ലാ സഭകളുടേയും മാതാവും തലയും ആണെന്നും വിശുദ്ധന്മാരായ പത്രോസിന്റെയും പൌലോസിന്റെയും ശരീരങ്ങൾ അവിടെ (റോമ്മായിൽ) സംസ്കരിക്കപ്പെട്ടിരിക്കുന്നു എന്നും ഞങ്ങൾ വിശ്വസിക്കുന്നു...." (13)

അഗാത്തിയൂസ് എന്ന വേറൊരു പാത്രിയർക്കീസ് മാർപ്പാപ്പായിക്ക് എഴുതിയതിങ്ങനെയാണു: "അവൻ സഭയുടെ അടിസ്ഥാനമാണെന്ന് ഏററു പറയുന്നതിൽ ഞങ്ങൾ വാസ്തവത്തിൽ വി. പത്രോസിനോടു യോജിക്കുന്നു........ ആകയാൽ അവന്റെ ശരീരം വച്ചപ്പെട്ടിരിക്കുന്ന സഭ ലോകം മുഴുവനിലുമുള്ള സഭകളുടെ മാതാവാകുന്നു. മററു വിളക്കുകളെല്ലാം ഏതു വിളക്കിൽ നിന്നു കത്തിക്കപ്പെടുന്നുവോ ആ ശോഭയുള്ള വിളക്കു അവളാകുന്നു എന്ന് ഞങ്ങൾ പറയുകയും പ്രഖ്യാപനം ചെയ്യുകയും ചെയ്യുന്നു." (14)

1438-ൽ ആരംഭിച്ച ഫ്ലോറൻസു സൂനഹദോസിന്റെ അവസാന കൂടിയാലോചന ഗ്രീക്കർ ഒഴിച്ചുള്ള മററു പൌരസ്ത്യരുടെയിടയിൽ പുനരൈക്യം പുലർത്തുന്നതിനായി വിനിയോഗിക്കപ്പെട്ടു. (15) ഈ ആലോചന 1443 മുതൽ ലാറററാനിൽ തുടർന്നു കൊണ്ടിരുന്നു. അതിന്റെ ഫലമാണ് മുകളിൽ പ്രസ്താവിച്ച എഴുത്തുകുത്തുകൾ. [16b]

---

(13) C. B. Benni, The Tradition of the Syriac Church of Antioch, pp. 98, 110, 80

(14) Ibid. p. 80.

(15) The Catholic Encyclopedia, Florence, Council of.

(16b) ഈഗുപ്തായ, അർമ്മേനിയൻ ആദിയായ സഭകൾ തമ്മിലും പുനരൈക്യാലോചന അന്നു തുടങ്ങിയിരുന്നു.

ഓരോരോഅവസരം പിടിച്ചുകൊണ്ടു് മാപ്പാപ്പാമാർ പാത്രിയക്കീസുമാക്കു് ലേഖനങ്ങൾ അയച്ചിരുന്നു. പാത്രിയക്കീസുമാരും സന്തോഷപൂർവ്വം മറുപടി കൊടുത്തിരുന്നതായിട്ടാണു് കാണുന്നതു്. 17-ാമത്തെ അഗ്നാത്തിയൂസു് പാത്രിയക്കീസു് 1551-ൽ മൂന്നാം യൂലിയൂസു് പ്പാപ്പായിക്കു് ഇങ്ങനെ എഴുതി: "നിർമ്മലനായ പിതാവേ....പത്രോസിന്റെ സിംഹാസനത്തിലിരിക്കുവാൻ ദൈവതിരുമനസ്സാലും കൃപയാലും തെരഞ്ഞെടുക്കപ്പെട്ടവനേ....അങ്ങേ പാദങ്ങൾക്കടിയിലുള്ള ഭൂമിയെ ഞാൻ ചുംബിക്കുന്നു ....പിതാക്കന്മാരുടെ പിതാവേ, ഏററം വിശുദ്ധനായ ഇടയാ, പുരോഹിതന്മാരുടെ ശിരസ്സേ, ആടുകളുടെ ഇടയാ, ദൈവവചനത്തിന്റെ പ്രതിപുരുഷാ........മേല്പട്ടക്കാരിൽ ഏററം താഴ്ന്നവനും അയോഗ്യനും ആയ അഗ്നാത്തിയൂസു് എന്ന ഞാൻ........പിതാക്കന്മാരുടെ പിതാവും........നമ്മുടെ പിതാവായ പത്രോസിന്റെ പിൻഗാമിയും, റോമ്മായിലെ പാത്രിയക്കീസുമാരുടേയും, മ്ശിഹായെ അനുഗമിക്കുന്നവരായി ലോകത്തിലുള്ള പാത്രിയക്കീസുമാരുടെയും തലവനായ എന്റെ സ്നേഹപിതാവിന്റെ മുമ്പിൽ ബഹുമാനപുരസ്സരം രണ്ടു്, അല്ല, മൂന്നു പ്രാവശ്യം ഞാൻ കുമ്പിടുന്നു........എന്റെ ഏററം വലിയ പിതാവിന്റെ പരിശുദ്ധതയിൽ നിന്നു് ഞാൻ യാചിക്കുന്നതു് ഉറപ്പുള്ള സത്യവിശ്വാസമാകുന്നു....അങ്ങു് ഞങ്ങളുടെ വിശ്വാസത്തെ സത്യത്തിൽ ഉറപ്പിക്കണമെ....ദൈവികോപദേശങ്ങളാൽ ഞങ്ങളുടെ ആത്മാക്കളെ സഹായിക്കണമെ...." (17)

## സൌഹാർദ്ദം പുനരൈക്യമാണോ?

ലെഓൻമാപ്പാപ്പായെ ശപിച്ചിരുന്നെങ്കിലും മാപ്പാപ്പാമാരുടെ പരമാധികാരത്തോടു് വലിയ ഒരു വിദ്വേഷഭാവത്തിലല്ല യാക്കോബായക്കാർ വർത്തിച്ചിരുന്നതെന്നു് ഈ രേഖകളെല്ലാം വിശദീകരിക്കുന്നില്ലയോ? എങ്കിലും അവരുടെ നില നിയമദൃഷ്ട്യാ റോമ്മായുടെ അധികാരത്തോടുള്ള മാത്സര്യത്തിൽ ഉറച്ചിരുന്നു. നെസേ്താറിൻകാരുടെ കാര്യത്തിലെന്നപോലെ യാക്കോബായക്കാരുടെ കാര്യത്തിലും ഗതാഗതസൌകര്യക്കുറവും, അധികാരകേന്ദ്രവൽക്കരണം ഇന്നത്തേപ്പോലെ ഇല്ലായിരുന്നതിനാലുള്ള വിഷമതകളും റോമ്മായെ സമീപിക്കുന്നതിൽ ഉണ്ടായിരുന്നു എന്നു സമ്മതിക്കേണ്ടതാണു. യാക്കോബായക്കാർ എഫേസൂസു സൂനഹദോസു സ്വീകരിക്കുന്നവരാണെന്നും ആ സൂനഹദോസിൽ

---

(17) cf. C. B. Benni, o. c. pp. 111, 132, 136.

മാർപ്പാപ്പായുടെ പരമാധികാരം അതിവിശേഷമായ രീതിയിൽ പ്രയോഗിക്കപ്പെട്ട എന്നും ഈ അവസരത്തിൽ സ്മർത്തവ്യമത്രെ. കത്തോലിക്കാസഭ ശപിക്കുന്ന ഡിയസ്കോറോസ്, സെവേരൂസ് ആദിയായവരെ വണങ്ങുകയും, കൽക്കിദോനിയാ ആദിയായ സൂനഹദോസുകൾ സ്വീകരിക്കാതിരിക്കുകയും, വിശ്വാസത്തിൽ ചില ന്യൂനതകൾ കൈവരിച്ചിരിക്കുകയും ചെയ്തിട്ടുള്ള യാക്കോബായക്കാരുടെ കാര്യത്തിൽ ഉത്തമവിശ്വാസത്തിൽ സംഭവിച്ചു എന്നു വരുവാൻ പാടില്ലാത്തതല്ല. എന്നാൽ ഇവിടെയെല്ലാം അവരുടെ പൂർവനിലയ്ക്കു യാതൊരു വ്യത്യാസവും സംഭവിക്കുന്നില്ല.

പുനരൈക്യം.

യാക്കോബായ പാത്രിയർക്കീസുമാരുടെ സൌഹാർദ്ദം 1583_ൽ വീണ്ടും പ്രത്യക്ഷപ്പെട്ടു. നമത്തള്ളാ എന്ന പാത്രിയർക്കീസിൻെറ അഭീഷ്ടാനുസരണം പതിമൂന്നാം ഗ്രീഗോറിയൂസു മാർപ്പാപ്പാ അലെപ്പോയിക്കു ഒരു പ്രതിപുരുഷനെ അയച്ചു. അതേ തുടന്നു കപ്പൂച്ചിൻ സന്യാസികളും ഈശോസഭാംഗങ്ങളും അവിടെ താമസവും തുടങ്ങി കത്തോലിക്കാ വിശ്വാസം സ്വീകരിച്ച യാക്കോബായക്കാരുടെ സംഖ്യ അടിക്കടി വർദ്ധിച്ചു വന്നിരുന്നു. ഇങ്ങനെ അലെപ്പോയിലെ യാക്കോബായ മെത്രാൻ മരിച്ചപ്പോൾ അന്ത്രയോസു് എന്ന ഒരു കത്തോലിക്കനെ 1656_ൽ അവിടുത്തെ കത്തോലിക്കാ മെത്രാനായി തിരിഞ്ഞെടുക്കുവാൻ പുനരൈക്യപ്പെട്ടവർക്കു സാധിച്ചു. അഞ്ചുകൊല്ലങ്ങളുടെ ശേഷം ഈ മെത്രാൻ പുനരൈക്യപ്പെട്ടവരുടെ പാത്രിയർക്കീസായിതീൎന്നു. ഓർശ്ലെമത്തെ യാക്കോബായ മെത്രാനായിരുന്ന പത്രോസു് കത്തോലിക്കനാകുകയും അന്ത്രയോസു പാത്രിയർക്കീസിൻെറ പിൻഗാമിയായിതീരുകയും ചെയ്തു. പത്രോസിനു വിരോധമായി യാക്കോബായക്കാർ ഒരു പാത്രിയർക്കീസിനെ തന്നെ സ്ഥാപിച്ചുകൊണ്ടു, അന്ത്രയോസിൻെറ കാലത്തു ആരംഭിച്ച മർദ്ദനം ഏകദേശം ഒരു ശതാബ്ദത്തേക്കു തുടൎന്നുകൊണ്ടിരുന്നു. പത്രോസും ഒരു മെത്രാപ്പോലീത്തായും പലതു പട്ടക്കാരും തടവിൽ ഇടപ്പെട്ടു. തുർക്കിഗവമ്മെണ്ടിൽ യാക്കോബായക്കാർക്കുണ്ടായിരുന്ന സ്വാധീനശക്തിയാണു് ഈ മതപീഡനത്തിനു കാരണമായിതീൎന്നതു്. പത്രോസും മെത്രാപ്പോലീത്തായും തടവിൽ കിടന്നു മരിച്ചു. ഇതിൻെറ ശേഷം ഏകദേശം എഴുപതു്, എഴുപത്തഞ്ചു് കൊല്ലത്തേക്കു് പുനരൈക്യപ്പെട്ടവർ നാഥനില്ലാതെ അലഞ്ഞു കഷ്ടപ്പെടേണ്ടതായി വന്നു. (18)

---

(18) Attwater, The Catholic Eastern Churches, p. 164.

1781ൽ അലെപ്പോയിലെ യാക്കോബായ മെത്രാനായിരുന്ന മിഖായേൽ ഗിയാർവെ യാക്കോബായ പാത്രിയക്കീസായി തിരിഞ്ഞെടുക്കപ്പെട്ടു. 1783-ൽ മരണം പ്രാപിച്ച യാക്കോബായ പാത്രിയക്കീസുതന്നെയാണ് ഈ തിരിഞ്ഞെടുപ്പു നടത്തിയതു്. (19) മിഖായേൽ ഗിയാർവെ അഗ്നാത്തീസ് ഗിയാർവെ എന്ന നാമം സ്വീകരിച്ച് പാത്രിയാക്കാധികാരപ്രാപ്തനാകുവാൻ മർട്ടീനിലെത്തി. പക്ഷെ അദ്ദേഹം കുറെ മുമ്പുതന്നെ കത്തോലിക്കനായി കഴിഞ്ഞിരുന്നു! യാക്കോബായക്കാർ വേറൊരു പാത്രിയക്കീസിനെ തിരിഞ്ഞെടുക്കുകയും ഗിയാർവെയെ തടവിലിടുവിക്കുകയും ചെയ്തു. തടവിൽ നിന്നു രക്ഷപെട്ട് ലെബ്നാനിൽ അദ്ദേഹം തന്റെ ആസ്ഥാനമുറപ്പിച്ചു. അദ്ദേഹത്തിന്റെ കാലംമുതൽ പുനരൈക്യപ്പെട്ട യാക്കോബായക്കാർക്ക് ഇടമുറിയാതെ പാത്രിയക്കീസുമാർ ഉണ്ടായിക്കൊണ്ടാണ് ഇരുന്നിട്ടുള്ളതു്. പുനരൈക്യപ്പെട്ടവർ സുറിയാനിക്കാർ, പശ്ചിമസുറിയാനിക്കാർ, അന്തിയോക്കിയാസുറിയാനിക്കാർ എന്നെല്ലാം വിളിക്കപ്പെടുന്നു. അവരുടെ പാത്രിയക്കീസും അന്തിയോക്കിയാ പാത്രിയക്കീസു തന്നെ.

### ആധുനിക യാക്കോബായ മനഃസ്ഥിതി.

അന്ത്രയോസു പാത്രിയക്കീസിന്റെ കാലത്തു (1656) തുടങ്ങിയ മതപീഡനം മുതൽ യാക്കോബായക്കാർ മാർപ്പാപ്പായുടെ പരമാധികാരത്തോടു വലിയ വിദ്വേഷഭാവം പ്രദർശിപ്പിക്കുന്നവരായിതീർന്നു. അതുവരെ അവർ ലെഓൻ മാർപ്പാപ്പായെ ശപിക്കുക മാത്രമെ ചെയ്തിരുന്നുള്ളു. ഉദയംപേരൂർസൂനഹദോസിന്റെ കാലത്തു് റോമ്മാ അധികാരത്തോട് പ്രസ്തുത വിദ്വേഷം യാക്കോബായക്കാർക്കില്ലായിരുന്നു എന്നു് പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ആധുനിക യാക്കോബായക്കാരുടെയിടയിൽ ഈ വിദ്വേഷം വർദ്ധിച്ചു് പ്രസ്പഷ്ടമായ പരമാധികാരനിഷേധത്തിൽ പരിണമിച്ചിരിക്കുന്നു. എന്നാൽ മേലുദ്ധരിച്ച രേഖകളെല്ലാം അവരുടെ കൈവശമുണ്ടുതാനും. ഇതാണ് പുരാതന യാക്കോബായക്കാരും ആധുനിക യാക്കോബായക്കാരും തമ്മിലുള്ള ഒരു പ്രധാന വ്യത്യാസം

ഇനി കേരളീയസഭയിലേക്കു പ്രവേശിക്കാം.

(19) Ibidem. p. 165.

# പത്താം അദ്ധ്യായം.

## കേരളീയസഭ-പരദേശബന്ധം-കത്തോലിക്കാഐക്യം.

(൧൬-ാം ശതാബ്ദത്തിനുമുമ്പ്)

**ഉത്ഭവം.**

കേരളീയസഭയുടെ സംസ്ഥാപകൻ മാർത്തോമ്മാശ്ലീഹായാണെന്നുള്ള നമ്മുടെ വിശ്വാസം അഭംഗമായി ഇരുന്നുകൊള്ളട്ടെ. ആ വിഷയം നമ്മുടെ പരിശോധനക്കു വിഷയീഭവിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. പരദേശസുറിയാനിക്കാരായ കുറെ ആളുകൾ ക്നായിത്തൊമ്മായുടെ നേതൃത്വത്തിൽ മാർ യൌസേപ്പ് എന്ന ഒരു മെത്രാനോടും കുറെ വൈദികരോടുംകൂടി ൪-ാം ശതാബ്ദത്തിൽ കേരളത്തിൽ കുടികയറി താമസിച്ചതായി ഐതിഹ്യം ഘോഷിക്കുന്നുണ്ട്. ക്നായിത്തൊമ്മായുടെ ചെപ്പേട്, നസ്രാണികളുടെ ഉന്നതസ്ഥാനമാനങ്ങൾ മുതലായവ നമ്മുടെ വിഷയത്തിൽ പെട്ടവയല്ല.

**റീത്ത്.**

കേരളീയസഭയുടെ ആരാധനക്രമം ആരംഭം മുതൽ പൌരസ്ത്യസുറിയാനിഭാഷയിൽ നടത്തപ്പെട്ടിരുന്നു എന്നു വിചാരിക്കുവാൻ ന്യായങ്ങളില്ലാതില്ല. ആദിമശതാബ്ദങ്ങളിലെ പൌരസ്ത്യപ്രദേശങ്ങളിൽ ഏറ്റം പ്രചാരവും പരിഷ്കാരവും സിദ്ധിച്ച ഭാഷ (lingua franca) യായിരുന്നു പൌരസ്ത്യസുറിയാനിഭാഷ. പൌരസ്ത്യസുറിയാനിക്കാരുമായുള്ള കച്ചവ

---

(1) മ്ശിഹാ സ്ഥാപിച്ച ഏകസത്യസഭ റോമ്മാമാർപ്പാപ്പാ അദ്ധ്യക്ഷനായ കത്തോലിക്കാസഭ മാത്രമാണെന്നുള്ള സങ്കല്പത്തിലാണ് ഈ പുസ്തകം രചിച്ചിരിക്കുന്നത്. ഇത് "തിരുസ്സഭയും മാർപ്പാപ്പായും" എന്ന പുസ്തകത്തിൽ തെളിയിച്ചിട്ടുള്ളതാണ്. ആകയാൽ മാർത്തോമ്മാശ്ലീഹാ കേരളത്തിൽ സ്ഥാപിച്ചതു കത്തോലിക്കാസഭ മാത്രമായിരുന്നു.

ടം നിമിത്തം ഇൻഡ്യയിൽ ഈ ഭാഷ വേണ്ടവിധം അറിയപ്പെട്ടിരുന്നു എന്നു കരുതാവുന്നതാണ്. ഈ ഭാഷ സംസാരിച്ചിരുന്ന യഹൂദന്മാരും അന്ന് കേരളത്തിൽ ഉണ്ടായിരുന്നു. മാർ തോമ്മായുടെ സംസാരഭാഷയും ഇതുതന്നെയായിരുന്നു. ഇതിനും പുറമെ പൌരസ്ത്യസുറിയാനിഭാഷയിലല്ലാത്ത വേറെ യാതൊരു ആരാധനക്രമത്തിൻേറയും യാതൊരു അവശിഷ്ടവും കേരളത്തിൽ കാണപ്പെടുന്നില്ല. ആകയാൽ ദ്രാവിഡഭാഷയിലോ മറ്റോ ഉള്ള ഒരു ആരാധനക്രമം കേരളത്തിൽ പ്രചരിച്ചിരുന്നു എന്നതു് അസംഭവ്യമല്ലാത്ത ഒരു ഊഹമായി മാത്രമേ പരിഗണിച്ചുകൂടു. (1b)

ഇനി ഭരണക്രമത്തിലേക്കു കടക്കാം.

## ഭരണം.

### എ) അന്തിയോക്കിയാ.

പൌരസ്ത്യദിക്കിലെ സഭകളുടെയെല്ലാം മാതൃസ്ഥാനം വഹിച്ചിരുന്നതു് അന്തിയോക്കിയാ ആയിരുന്നു. ഈ കാരണത്താൽ കേരളീയസഭ അന്തിയോക്കിയായുടെ കീഴായിരുന്നു എന്നതിൽ സംശയമില്ല. അന്തിയോക്കിയാ എന്നു കേൾക്കുമ്പോൾ അതു് യാക്കോബായ അധികാരത്തെ മാത്രം സൂചിപ്പിക്കുന്നു എന്നുള്ള ധാരണ അബദ്ധമാണെന്നു് മുൻഅദ്ധ്യായങ്ങളിൽ വിശദമാക്കിയിട്ടുള്ളതാണ്.

കേരളം അന്തിയോക്കിയായിക്കു വിധേയയായതു് എന്നാണെന്നും എങ്ങനെയാണെന്നും ക്ലിപ്തമായി പറയുവാൻ തക്ക രേഖകളൊന്നും നമ്മുടെ കൈവശമില്ല. ഇൻഡ്യാസഭ പേർഷ്യായിക്കും, പേർഷ്യാ സെലൂക്കിയാ മുഖേനയും അല്ലാതെയും അന്തിയോക്കിയായിക്കും കിഴ്പെട്ടിരുന്നെന്നു കാണിക്കാവുന്നതാണ്. കേരളത്തെ ഇൻഡ്യായുടെ ഒരു ഭാഗമായി വേണമല്ലൊ പരിഗണിക്കുവാൻ. പുരാതനകാലത്തു്അന്തിയോക്കിയാ റോമ്മായുടെ കീഴായിരുന്നു എന്നു ധരിച്ചിരിക്കണം. (2)

എന്നാൽ അന്തിയോക്കിയാസഭയുടേയോ, സെലുക്കിയാസഭയുടേയോ, പേർഷ്യാസഭയുടേയോ ഒരു വിഭാഗമല്ലായിരുന്നു കേരളീയസഭ. കേ

---

(1b) Giamil, Genuinae Relationes, p. 564 sq.
മാർത്തോമ്മാക്രിസ്ത്യാനികൾ, I. 6
(2) cf. അന്തിയോക്കിയാ പാത്രിയർക്കീസ്.
തിരുസ്സഭയും മാർപ്പാപ്പായും.

രളീയസഭയ്ക്കു് തികഞ്ഞ ഒരു പ്രാദേശികസഭയുടെ സ്ഥാനവും ഒരു ശ്ലീഹാ യാൽ സ്ഥാപിക്കപ്പെട്ടു എന്ന വിശേഷതയും ഉണ്ടായിരുന്നു.

ഫ) പേർഷ്യാ.

"പല്ലവിലിഖിതങ്ങൾ" ഉള്ളവയും ഇല്ലാത്തവയും ആയ പേർഷ്യൻ കുരിശുകൾ കേരളത്തിലുള്ള പുരാതന പള്ളികളിൽ ഇന്നും കാണപ്പെടുന്നുണ്ടു്. ആലങ്ങാട്ടു്, മുട്ടുചിറ, കോട്ടയം, കടമററം മുതലായ സ്ഥലങ്ങളിൽ ഈ കുരിശുകൾ പൂജ്യമായിവച്ചു സൂക്ഷിച്ചിരിക്കുന്നതു് എല്ലാവക്കും കാണാവുന്നതാണു്. ഒമ്പതാം ശതാബ്ദത്തിലേതെന്നു ചിലരാൽ കരുതപ്പെടുന്ന കൊല്ലം ചെപ്പേടിൽ ഒമ്പതു പേർഷ്യൻ നാമങ്ങൾ കാണപ്പെടുന്നു. പേർഷ്യായിലെ വർദശീർ (Riwardashir) മെത്രാപ്പോലീത്താ ആയ ശെമഓൻ (Simon of Yakut) സെലൂക്കിയാസഭയോടു മത്സരിക്കുക ഹേതുവാൽ പേർഷ്യാ മുതൽ "കാലാഹാ" (Kalah) വരെ 1200 പർസാഗ് നീളത്തിൽ കിടക്കുന്ന ഇന്ദ്ധ്യയുടെ പ്രദേശങ്ങളിൽ മെത്രാന്മാരില്ലാതായിതീർന്നു എന്നു് സെലൂക്കിയായിലെ ഈശോയബ്ബ് പാത്രിയക്കിസ്സ് ഏഴാം ശതാബ്ദത്തിൽ (650—660) പ്രസ്താവിക്കുകയുണ്ടായി. (3) 535_ൽ കോസ്മോസ്സ് എന്ന ദേശസഞ്ചാരി കുരുമുളകു വിളയുന്ന "മാലെ" യിലും (മലയാളം ?) "തപ്രൊബാനെ" (സിലോൺ?) ദ്വീപിലും ക്രിസ്ത്യാനികളേയും, ഇൻഡ്യായിലെ "കല്യാണാ"യിലും "ദിയോദേസ്ക്കാർ" (സൊകോട്രാ) ദ്വീപിലും പേർഷ്യാ അധികാരത്താൽ നിയമിക്കപ്പെട്ട മെത്രാന്മാരേയും കണ്ടു. (4) വർദശീർ മെത്രാപ്പോലീത്തായായ മ്ആനാ 470_ൽ വൈദികപ്രസംഗങ്ങളും ഗാനങ്ങളും, തിയദോറിന്റേയും ദിയദോറിന്റേയും കൃതികളുടെ ഒരു സുറിയാനി വിവൎത്തനവും ഇൻഡ്യയിലേക്കു് അയച്ചുകൊടുത്തു (5) റോമ്മാക്കാൎക്കുള്ള വി പൌലോസിന്റെ ലേഖനത്തിനു വ്യാഖ്യാനമെഴുതിയ ഈശോദദ് പറയുന്നു: "ഇൻഡ്യാക്കാരനായദാനിയേൽ പട്ടക്കാരന്റെ സഹായത്തോടെ മാർ കോമായാൽ ഈ ലേഖനം ഗ്രീക്കിൽനിന്നു് സുറിയാനിയിലേക്കു് വിവൎത്തനം ചെയ്യപ്പെട്ടു." മിൻഗനായുടെ അഭിപ്രായത്തിൽ ഈ ദാനിയേൽ 425_ാം മാണ്ടിനടുത്തു ജീവിച്ചിരുന്നു. (6) ബ്രസ്രാമെത്രാനായ ദുദി (ദാവീദ്) (295—300) ഇൻഡ്യയിലെത്തി അ

---

3) Mingana, The Early Spread of Christianity in India, p. 31.
4) Ibid. p. 30.
5) Ibid p. 31.
6) Ibid. p. 31-32. (nota)

നേകരെ മാനസാന്തരപ്പെടുത്തി. (7) എന്നാൽ അറേബ്യായുടെ തെക്കേഭാഗമാണ് ദൂതി സന്ദർശിച്ച ഇൻഡ്യാ എന്നു പറയുന്നവരുണ്ട്. (8) പേർഷ്യായുടേയും വലിയ ഇൻഡ്യായുടേയും മെത്രാപ്പോലീത്താ ആയ ഒരു യോഹന്നാൻ 325-ൽ നടന്ന നിക്കിയാസൂനഹദോസിൽ സംബന്ധിച്ചു. (9) പക്ഷെ പേർഷ്യാ എന്നിവിടെ പറയുന്നതു് ബേസ്പർസായെ എന്ന സുറിയാനിനാമത്തെ അടിസ്ഥാനപ്പെടുത്തിയാണെന്നും, അതു് പേറാ എന്നതു തെറ്റിധരിച്ചുണ്ടായ സുറിയാനി നാമമാണെന്നും പറയുന്നവരുണ്ട്. (10)

ഈദൃശരേഖകളെ അടിസ്ഥാനപ്പെടുത്തി കേരളീയസഭ പേർഷ്യാസഭക്കു വിധേയയായിരുന്നു എന്നു് വിചാരിക്കാവുന്നതാണ്.

൩) സെല്യൂക്കിയാ.

സെലൂക്കിയാസഭ അന്തിയോക്കിയായിക്കു കീഴായിരുന്നെന്നും "വലിയ മെത്രാപ്പോലീത്താ" യെ അഥവാ കാതോലിക്കായെ വാഴിച്ചുകൊണ്ടുള്ള ഒരു തരം സ്വയംഭരണം അന്തിയോക്കിയായിൽ നിന്നു ആ സഭക്കു് അനുവദിക്കപ്പെട്ടിരുന്നെന്നും മുമ്പു് പ്രസ്താവിച്ചിട്ടുള്ളതാണ്. അന്തിയോക്കിയായുടെ കീഴിൽ പേർഷ്യായിക്കും ഇപ്രകാരമൊരു നിലയുണ്ടായിരുന്നതായി ചില ചരിത്രകാരന്മാർ പ്രസ്താവിക്കുന്നു. (11) പേർഷ്യായെ അടിപ്പെടുത്തുവാനായിരുന്നു സെലൂക്കിയായുടെ ശ്രമം. 410-ൽ സെലൂക്കിയായിൽ നടന്ന സൂനഹദോസിൽവച്ചു് പേർഷ്യാസഭ സെലൂക്കിയാസഭയുടെ മേധാവിത്വം സ്വീകരിച്ചു. (12) ഇതോടെ കേരളവും സെലൂക്കിയായിക്കു് അധീനപ്പെട്ടതായി കരുതാവുന്നതാണ്. പക്ഷെ, ഇൻഡ്യാസഭ (കേരളീയസഭ) പേർഷ്യായിക്കു കീഴ്പെട്ടതു് 410-നു ശേഷമാണെന്നും വരാവുന്നതത്രെ.

൪) സെല്യൂക്കിയായും അന്തിയോക്കിയായും.

424-ൽ സെലൂക്കിയായിലെ ദാദീശോ മർക്കാബ്ത്തായിൽ നടത്തിയ സൂനഹദോസിൽവച്ചു് സെലൂക്കിയാസഭ അന്തിയോക്കിയാ മേധാ

---

7) Chronicon de Seert, Patrologia Orientalis, IV. pp- 236, 292.
8) Tisserant, Dict. Theol. Cath. XI, c. 198.
9) Paulinus, India Orintalis Chirstiana, p. 7,
10) Labourt, p. 32. n. 2.
(11) J. A. Assemani, O. C. P. LVI.
12) Fortescue, O. C. P. 51.
13) Ibid. P. 50-50.

വിതം പരിത്യജിച്ചു. (13) അതേ തുടന്ന് സെലൂക്കിയായുടെ കാതോലിക്കാ, "പാത്രിയക്കീസ്" എന്ന സംജ്ഞ സ്വീകരിക്കുകയും ആ സഭ "നെസ്തോറിയത്വ" ത്തിനു വശഗയാകുകയും ചെയ്തു.

എന്നാൽ നെസ്തോറീസിനെ ആദരിക്കാതെ എഫേസൂസ്സൂന്നഹദോസിനോട് അനുഭാവം പ്രദർശിപ്പിച്ചിരുന്ന കുറെപ്പേർ സെലൂക്കിയാസഭാതിർത്തിയിലുണ്ടായിരുന്നു ഇവർ (ഇവരിൽ ചിലരെങ്കിലും) അന്തിയോക്കിയായുടെ അധികാരം അംഗീകരിച്ചിരുന്നതായി കാണുന്നുണ്ട്. അന്തിയോക്കിയാപാത്രിയക്കീസിന്റെ കീഴിൽ ഒരു "കാതോലിക്കാ" നെസ്തോറിയൻകാർ അധിവസിച്ചിരുന്ന സ്ഥലങ്ങളിൽ ചുററിനടന്ന് തന്റെ ഭരണസീമയിൽപെട്ട പ്രദേശങ്ങളിലേക്ക് രഹസ്യമായി രാത്രിസമയത്തു് മെത്രാന്മാരെ അഭിഷേപിച്ചിരുന്നു. 911-ാം മാണ്ടിൽ ഇങ്ങനെയൊരു സംഭവം നടന്നപ്പോഠ അന്നത്തെ നെസ്തോറിയൻപാത്രിയക്കീസ് അബ്രഹാം മൂന്നാമൻ മഹമ്മദീയഭരണാധികാരിയായ കാലിഫിന്റെ പക്കൽ വിവരമറിയിക്കുകയും കാലിഫ് ആ കാതോലിക്കായേയും അഭിഷിക്തരേയും തടവിലിട്ടുകയും ചെയ്തു (14) ഈ കാതോലിക്കാ, നെസ്തോറീസിന്റെ ആദരിക്കാതെ എഫേസൂസ്സൂന്നഹദോസു സ്വീകരിച്ചിരുന്നവരുടെ നേതാവായിരുന്നെന്നും ഇദ്ദേഹത്തിന്റെ ഭരണീയർ അന്തിയോക്കിയായുടെ കീഴായിരുന്നു എന്നു, ഇതിൽ നിന്നു് നമുക്കനുമാനിക്കാവുന്നതാണ്. ഈ കാതോലിക്കാ യാക്കോബായ കാതോലിക്കായൊ, പാത്രിയക്കീസ് അന്തിയോക്കിയാ യാക്കോബായപാത്രിയക്കീസോ അല്ലായിരുന്നു എന്നു് സാഹചര്യങ്ങളിൽ നിന്നു തന്നെ വിശദമാകുന്നുണ്ട്. 911-ാം മാണ്ടിടക്ക് രാത്രിസമയത്തു് രഹസ്യമായി മെത്രാൻമാരെ അഭിഷേചിക്കത്തക്കവണ്ണം അത്രഅജ്ഞാതനോ ശക്തിഹീനനോ അല്ലായിരുന്നു യാക്കോബായ കാതോലിക്കാ കാലിഫിന്റെ പക്കൽ അന്നു് യാക്കോബായ കാതോലിക്കായിക്കു അന്യാദൃശമായ സ്വാധീനബലവും ഉണ്ടായിരുന്നു. ആകയാൽ മേൽ പ്രസ്താവിച്ച കാതോലിക്കാ അന്തിയോക്കിയാ മൽക്കായപാത്രിയക്കീസിന്റെ കീഴിൽ നിന്നിരുന്ന ഒരാളായിരുന്നു എന്നു സിദ്ധിക്കുന്നു. അന്തിയോക്ക്യായിലെ മാറാനായ പാത്രിയക്കീസ് പൌരസ്ത്യദിക്കിൽ യാതൊരധികാരവും നടത്തിയിട്ടില്ലാത്തതിനാൽ പ്രതിപാദ്യപാത്രിയക്കീസ് അന്തിയോക്ക്യായിലെ മൽക്കായ പാത്രിയക്കീസാകുവാനേതരമുള്ളു. തഴെഇതു കുറേക്കൂടിവിശദമാക്കികൊള്ളാം.

---

13) Ibid, p. 50-51.
14) Le Quien II. 1086-1088

### ങ) സെലൂക്ക്യായും പേർഷ്യായും.

410_ൽ പേർഷ്യാ സെലൂക്ക്യായിക്കു കീഴ്പെട്ടെങ്കിലും അവസരം പോലെ സെലൂക്ക്യായോടു മത്സരിച്ചുകൊണ്ടാണു് ഇരുന്നതു്. എട്ടാം ശതാബ്ദംവരെ പേർഷ്യ (Fars) മെത്രാന്മാർ വെള്ളയങ്കിധരിക്കുകയും. മാംസംഭക്ഷിക്കുകയും. വിവാഹംകഴിക്കുകയും പൊതുവെ സെലൂക്ക്യായിക്കു വിധേയരാകാതെനില്ക്കുകയും ചെയ്തിരുന്നു. ഞങ്ങടെ തോമ്മാശ്ലീഹായിൽനിന്നു് സുവിശേഷം സ്വീകരിച്ചവരാണു്: മാറിയുടെ സിംഹാസനവുമായി (സെലൂക്ക്യാ) ഞങ്ങൾക്കു കാര്യമൊന്നുമില്ല എന്നു് അവർ പറഞ്ഞിരുന്നു. (15) ഈശോയബു് എന്ന സെലൂക്ക്യായാ പാത്രിയക്കീസിൻെറ കാലത്തു് (650_660) പേർഷ്യയിലുള്ള വർദശീറിലെ മെത്രാപ്പോലീത്തായായ ശെമഓൻെറ (Simon of Yakut) മത്സരംഹേതുവാൽ പേർഷ്യമുതൽ കാലഹാ (Kalah=Colon(?) = കൊല്ലം(?) മലാക്ക (?) വരെനീണ്ടുകിടക്കുന്ന ഇൻഡ്യായിൽ മെത്രാൻന്മാരില്ലാതായിതീർന്നുഎന്നു് മുകളിൽ പ്രസ്താവിച്ചതാണല്ലൊ. പേർഷ്യാ മെത്രാന്മാരെ കീഴ്പെടുത്തുവാനായി എട്ടാംശതാബ്ദത്തിൽ തീമതെഓസ് എന്ന സെലൂക്ക്യാപാത്രിയാക്കീസ് പേഷ്യാമെത്രാപ്പോലിത്തായിക്കു് അദ്ദേഹത്തിൻെറ കീഴുള്ള മെത്രാൻമാരെ അഭിഷേചിക്കുവാനുള്ള അധികാരംനൽകി. അതോടുകൂടിതന്നെ മാംസംഭക്ഷിക്കരുതെന്നും വിവാഹം കഴിക്കരുതെന്നും വെള്ളഅങ്കി രോമംകൊണ്ടുള്ളതു മാത്രമേധരിക്കാവൂഎന്നും തീമാതെഓസ് ആ മെത്രാപ്പോലീത്തായോടു് ആജ്ഞാപിച്ചു. ഇങ്ങനെ പേർഷ്യാ സെലൂക്ക്യായുമായി എട്ടാം ശതാബ്ദത്തിൽ രമ്യപ്പെട്ടു. (16) മൊൻഗോളിയരുടെ ആക്രമണങ്ങളാൽ പേർഷ്യാ സ്മനാമാവശേഷമായിത്തീർന്നതുവരെ ഈനിലപാലിക്കപ്പെട്ടിരുന്നു എന്നു വിചാരിക്കാവുന്നതാണു്. തൻെറ കാലം വരെ ("ഈദിവസംവരെ") പേർഷ്യായും സെലൂക്ക്യായും ഈരീതിയിൽ പരസ്പരം വർത്തിച്ചിരുന്നു എന്നു് പതിമൂന്നാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന ബർ എബ്രായ എന്ന യാക്കോബായ മിപ്രിയാൻ (1286_ൽ മരണം പ്രാപിച്ചു) സ്വകൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. (17)

സെലൂക്ക്യായുമായുള്ള മത്സരം നിമിത്തം പേർഷ്യായിക്കു ഇൻഡ്യായിലുണ്ടായിരുന്ന അധികാരത്തിനു സാരമായഹാനിതട്ടുവാൻ ഇടവന്നു.

---

(15) Mingana, o. c. p. 33.
(16) J. A. Assemani, o. c. p. 78.
(17) Assemani B. O. II. p. 433.

## (൯) സെലൂക്ക്യായും ഇന്ത്യായും.

പേർഷ്യയുടെ മത്സരം നിമിത്തം സെലൂക്ക്യാപാത്രിക്കീസായിരുന്ന സ്ലീബാസ്കാ (714_728) ഇൻഡ്യൻ സഭക്കു മെത്രാപ്പോലീത്തൻ സ്ഥാനം പ്രദാനം ചെയ്തു. ആറു കൊല്ലത്തിലൊരിക്കൽ ഐക്യലേഖനവും തലവരിപ്പണവും അയച്ചുകൊടുക്കണം എന്ന വ്യവസ്ഥയിൽ സെലൂക്ക്യയിലെ തെയോദോസിയൂസ് പാത്രിയർക്കീസ് (852_858) സ്ലീബാസ്കായുടെ തിരുമാനത്തെ പുഷ്ടിപ്പെടുത്തി. ഇവയെല്ലാം പ്രാരംഭമായി മുൻപറഞ്ഞ തിമൊതെയൊസ് പാത്രിയർക്കീസ് (650_660) ഇൻഡ്യാസഭ സെലൂക്ക്യാ പാത്രിയർക്കീസിനുമാത്രം വിധേയമായാൽ മതിയെന്ന് തിരുമാനിച്ചിട്ടുണ്ടായിരുന്നു. (18) ഇപ്രകാരം നിയമിക്കപ്പെട്ട ഇന്ത്യാമെത്രാപ്പോലീത്താ ഏകനായിരുന്നു. "അകിലെഇന്ത്യമെത്രാപ്പോലീത്തയുംവാതലും (മെത്രാപ്പോലീത്താ ഉസറത്തദ്കൊല്ലാഹെൻദോ) എന്നായിരുന്നു അദ്ദേഹത്തിന്റെ സ്ഥാനസംജ്ഞ. (19) 635മുതൽ ഇൻഡ്യായിലേക്കു മെത്രാൻമാരെ അയച്ച പതിമൂന്നു സെലൂക്ക്യാ പാത്രിക്കീസുമാരുടെ പേരുകൾ റെനൌഡറ് എടുത്തു കാണിക്കുന്നു. (19) സെലൂക്ക്യപാത്രിയർക്കീസ് ഇപ്രകാരം ഇൻഡ്യയിൽ അധികാരം നടത്തിയസമയത്തുതന്നെ (20) അന്തിയോക്ക്യാ മല്പ്പായാ പാത്രിയർക്കീസും ഇൻഡ്യായെ അവകാശപ്പെട്ടിരുന്നു.

## ൧൦. അന്തിയോക്ക്യായും ഇന്ത്യായും.

നെസ്തോറിയൻകാർ അധിവസിച്ചിരുന്ന സ്ഥലങ്ങളിൽ ചുററിനടന്ന് തന്റെ ഭരണിയക്കായി അന്തിയോക്ക്യായുടെ കീഴുള്ള ഒരു കാതോലിക്കാഹസ്യമായി മെത്രാന്മാരെ അഭിഷേചിച്ചിരുന്നു എന്നു മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ കാതോലിക്കായുടെ ഭരണസീമയിൽ ഇൻഡ്യാ ഉൾപ്പെടുന്നുണ്ട്. എന്തുകൊണ്ടെന്നാൽ അന്തിയോക്ക്യാ പാത്രിയർക്കീസ് ഇൻഡ്യയിൽ അധികാരം അവകാശപ്പെട്ടിരുന്നു എന്ന് അല്ലാസിയുസിന്റെ (Allatius) വാക്യമായി റെനൌഡറ്, ഏഷ്യായും ഇൻഡ്യയും അന്തിയോക്ക്യാ പത്രിയർക്കീസിന്റെ കീഴായിരുന്നെങ്കിലും അദ്ദേഹം അവിടക്കു മെത്രാൻമാരെ അയച്ചിരുന്നില്ലെന്ന് നിലൂസ് ഡൊക്സൊപ്പാ

---

(18) Assemani- II. B. O. P. 433.
Bar Hebraeus, Chronicon Eccl. II, 172.
(19) Paulinus, India Orientalis Christiana. p. 88.
(20) Ibidem. p. 26 nota.

ത്രിയൂസും (Nilus Doxopatrius 1043) പ്രസ്താവിക്കുന്നു (21) കൂടാതെയും അന്തിയോക്യായിലെ ഗ്രീക്കു (മല്ക്കായാ) പാത്രിയക്കീസായ പത്രോസ് അദ്ദേഹം റോമ്മാ ഐക്യത്തിൽ ഇരുന്ന 1050-ൽ, ഗ്രാദൂസിലേയും അക്വിലേയായിലേയും പാത്രിയക്കീസായ ദൊമ്മിനിക്കൂസിനു് (Dominic of Gradus and Aquileia) അയച്ച ഒരു ലേഖനത്തിൽ തന്റെ അധികാരം ബാബിലോണും (സെലൂക്ക്യാ) റൊമജീറീസും (Rmaogyris or Chorassan) പൗരസ്ത്യദിക്കിലെ മററു പ്രദേശങ്ങളും ഉൾപ്പെടെ വ്യാപിച്ചിരുന്നെന്നും താൻ അനേകം മെത്രാന്മാർ കീഴ്പ്പെട്ടിരുന്ന മെത്രാപ്പോലീത്തമാരെ അഭിഷേചിക്കുന്നതിനു് കാതോലിക്കമാരെയും ശ്രേഷ്ഠമെത്രാന്മാരേയും ആ പ്രദേശങ്ങളിലേക്കു് അയച്ചിരുന്നെന്നും അകുന്നു പറയുന്നതു്. (22) വീണ്ടും 12-ാം ശതാബ്ദത്തിനുശേഷം പതിനഞ്ചു പ്രദേശങ്ങളിൽ ചിതറികിടന്ന കത്തോലിക്കരെ അന്തിയോക്യാപാത്രിയക്കീസു് രണ്ടു കാതോലിക്കാമാർ മുഖേനഭരിച്ചിരുന്നെന്നു. ഇവരിൽ ബാഗ്ദാദിലെ (സെലൂക്ക്യായിലെ?) കാതോലിക്കായാണു് ഇൻഡ്യായിലെക്കുമെത്രാൻമാരെ അയച്ചിരുന്നതെന്നും റൌളിൻ പ്രസ്താവിക്കുന്നുണ്ടു്. (23) അന്തിയോക്യാ പാത്രിയക്കീസു് എന്നിവടെ പറഞ്ഞതു് അന്തിയോക്യാ യാക്കോബായ പാത്രിയക്കീസല്ലാ അന്തിയോക്കിയാ മൽക്കായാ പാത്രിയക്കീസാണെന്നു വ്യക്തമാണല്ലോ.

ഒമ്പതാം ശതാബ്ദത്തിലോ പത്താം ശതാബ്ദത്തിലോ ശാബോർ പ്രോത്തു് എന്ന രണ്ടു മെത്രാന്മാർ കേരളത്തിൽവന്നു. അവരുടെ സമകാലീനനായ സെലൂക്കിയായിലെ നെസ്തോറിയൻ പാത്രിയക്കീസു് ഇൻഡ്യയിലേക്കയച്ച മെത്രാന്മാരുടെ പട്ടികയിൽ ശാബോറിന്റേയും പ്രോത്തിന്റേയും നാമങ്ങൾ കാണപ്പെടുന്നില്ല. (23 b) ആകയാൽ അവർ അന്തിയോക്കിയാ മല്ക്കായാ പാത്രിയക്കീസിന്റെ അധികാരത്താൽ കേരളത്തിൽ വന്നു എന്നു വിചാരിക്കാവുന്നതാണു്.

ഇൻഡ്യായിലെ മെത്രാപ്പോലീത്താ ആയ ഒരു മാർ യോഹന്നാൻ 1122-ൽ കുസ്തന്തീനോപ്പോലീസുവഴി യാത്രചെയ്തു് അവിടെയുണ്ടായിരുന്ന മാർപാപ്പായുടെ പ്രതിനിധികളോടൊരുമിച്ചു് റോമ്മായിലെത്തുകയും രണ്ടാം കല്ലിസ്റ്റോസു മാർപ്പാപ്പായിൽനിന്നു് "പാല്ലിയം" സ്വീകരി

---

(21) Ibidem. pp. 25, 94.

(22) Patrologia Graeca T. 12, c. 760.

(23) Raulin, Histor. Eccl. Malab, cum Synod. Diamp. p. 425.

(23b) Assemani, B. O. III. 2. pp 442—444; Thomas Marga Historia Monast. Lib. V. c. 7.

ഷേകം ചെയ്തു എന്നു് ചില ചരിത്രകാരന്മാർ പറയുന്നു (24) ഈ മാർ യോഹന്നാൻ കത്തോലിക്കനായ മേൽ പ്രസ്താവിച്ച കാതോലിക്കായാൽ നിയുക്തനാണെന്നും അന്തിയോക്കിയാ അന്നു് ഗ്രീക്കു ശീസ്മയിൽ അധഃപതിച്ചിരുന്നതിനാലാണു് അദ്ദേഹം മാർപാപ്പായുടെ പ്രതിനിധികളോടു കൂടി റോമ്മായിലെത്തി റോമ്മായിൽനിന്നു് "പാല്ലിയം" സ്വീകരിച്ചതെന്നും വിചാരിക്കാവുന്നതാണു്. അന്തിയോക്കിയായിക്കു കീഴുള്ള കാതോലിക്കായെ അന്തിയോക്കിയാപാത്രിയക്കീസുതന്നെ അഭിഷേചിച്ചിരിക്കണമെന്നില്ല. കാതോലിക്കായുടെ കീഴുള്ള മെത്രാപ്പോലീത്താമാർക്കോ മെത്രാന്മാർക്കോ ഈ കർമ്മം നിർവഹിക്കാവുന്നതാണു്. സെലൂക്കിയായിലെ കാതോലിക്കായുടെ അഭിഷേചനം ഈ വിധത്തിലാണല്ലോ നടന്നിരുന്നതു്. ഈ കാരണത്താൽ അന്തിയോക്കിയാ ഗ്രീക്കുശീസ്മയിൽ അധഃപതിച്ചശേഷവും അന്തിയോക്കിയായുടെ കീഴ്നിന്നിരുന്ന കത്തോലിക്കരായ കാതോലിക്കാമാരുടെ പരമ്പര കത്തോലിക്കാവിശ്വാസത്തിൽ നിലനിന്നിരിക്കുവാൻ പാടുണ്ടു്. ഇപ്രകാരമുള്ള കാതോലിക്കായാൽ അഭിഷിക്തനാണു് അഥവാ നിയമിതനാണു് മേൽ പ്രസ്താവിച്ച മാർ യോഹന്നാൻ എന്നു വരാവുന്നതാണല്ലോ. ഈ മാർ യോഹന്നാൻ തോമ്മാശ്ലീഹായുടെ കബറിടത്തിൽ നടന്നിരുന്ന സംഭവങ്ങളെ റോമ്മായിൽവച്ചു് വിവരിച്ചതിൽനിന്നു് കേരളവുമായി അദ്ദേഹത്തിനു് ബന്ധമുണ്ടായിരുന്നെന്നു നമുക്കു് ഊഹിക്കാം. (24 b)

കത്തോലിക്കാ ഐക്യം.

ഇൻഡ്യാസഭയുടെ വിദേശബന്ധത്തെപ്പററിയാണല്ലോ മുകളിൽ പ്രസ്താവിച്ചതു്. അതിൽനിന്നു് കേരളീയസഭയുടെ നില ഏറെക്കുറെ നമുക്കു ഗ്രഹിക്കാവുന്നതാണു്. എന്നാൽ ഇൻഡ്യാസഭ വളരെ വ്യാപ്തിയുള്ള ഒന്നാകയാൽ ചില സന്ദർഭങ്ങളിൽ കേരളം അതിൽ പെട്ടില്ലെന്നു വരാം.

14-ാം ശതാബ്ദത്തിനു മുമ്പുള്ള സംഗതികളാണു് നാമിപ്പോൾ പ്രതിപാദിച്ചു കഴിഞ്ഞതു്. കേരളീയസഭ സെലൂക്കിയായിലെ നെസ്തോറിയൻ പാത്രിയക്കീസിനു് വിധേയമായിരുന്നു എന്നു ഖണ്ഡിച്ചു പറയത്ത

---

(24) Raulin o. c. p, 435.

(24 b) ഒമ്പതാം ശതാബ്ദത്തിലോമററോ പേർഷ്യായിൽനിന്നു (?) ണ്ടായ കുടികയററം, ഇരവികോർത്തന്റേയുംമററും ചെപ്പേടുകൾ ഇവ മുതലായവ നമ്മുടെ വിഷയത്തെ യാതൊരു വിധത്തിലും സ്പർശിക്കാത്തവയാകയാൽ ഇവിടെ വിട്ടുകളഞ്ഞിരിക്കുന്നു,

ക്ക യാതൊരു രേഖയും നമ്മുടെ കൈവശമില്ല. ഇൻഡ്യാസഭ അദ്ദേഹത്തിന്ന വിധേയമായിരുന്നെങ്കിലും ഇൻഡ്യാസഭയുടെ എല്ലാ ഭാഗവും വിധേയമായിരുന്നിരിക്കണമെന്നില്ലല്ലോ. ഇതു നിമിത്തമാണ് കേരളീയസഭ അദ്ദേഹത്തിന്ന വിധേയമായിരുന്നു എന്നു ഖണ്ഡിച്ചുപറയത്തക്ക യാതൊരു രേഖയും നമ്മുടെ കൈവശമില്ലെന്നു പറയുന്നതു്. സെലൂക്കിയായിലെ നെസ്തോറിയൻ പാത്രിയക്കീസിന്റെ പ്രതിയോഗിയായി അന്തിയോക്കിയാമല്ക്കായാ പാത്രിയക്കീസിന്റെ കീഴനിന്നിരുന്ന കാതോലിക്കാമാരാൽ കേരളീയസഭ ഭരിക്കപ്പെട്ടിരുന്നു എന്നു വരാവുന്നതാണു്. പ്രമാണചരിത്രകാരന്മാരിൽ ഈ അഭിപ്രായം സ്വീകരിച്ചിരിക്കുന്നവരുണ്ടു്.

എട്ടാം ശതാബ്ദംവരെ പേർഷ്യാസഭ സെലൂക്കിയായോടു മത്സരിച്ചിരുന്നതിനാൽ പേർഷ്യായെ ആശ്രയിച്ചിരുന്ന ഇൻഡ്യാ സെലൂക്കിയായിക്കു് പരിപൂർണ്ണമായി അധീനപ്പെട്ടിരിക്കുവാൻ വഴികാണുന്നില്ല. (25) സെലൂക്കിയാ പാത്രിയക്കീസുമാർ ഇൻഡ്യാസഭക്കു മെത്രാപ്പോലീത്തായെ കൊടുത്തു് അതിനെ തങ്ങളുടെ അധികാരത്തിന്ന നേരിട്ടു കീഴ്പെടുത്തിയ അവസരത്തിൽ അന്തിയോക്കിയായുടെ കിഴനിന്നിരുന്ന കത്തോലിക്കനായ ഒരു കാതോലിക്കാ ഇൻഡ്യാസഭമേൽ അധികാരം പ്രയോഗിച്ചിരുന്നതായി നാം കണ്ടു. കേരളീയസഭ ഈ കാതോലിക്കായെ സ്വീകരിച്ചിരുന്നു എന്നു വിചാരിക്കുവാൻ മേൽ പ്രസ്താവിച്ച മാർ യോഹന്നാൻ മെത്രാപ്പോലീത്തായെപ്പോലെയുള്ളവരുടെ ചരിത്രം കാരണമായിതീരുന്നുണ്ടു്. ഇതു് 14-ാം ശതാബ്ദത്തിന്നു മുമ്പു് കേരളീയസഭക്കു് കത്തോലിക്കാ ഐക്യമുണ്ടായിരുന്നു എന്നാണല്ലോ പ്രദ്യോതിപ്പിക്കുന്നതു്.

14-ാം ശതാബ്ദത്തിന്നു മുമ്പു് കേരളീയസഭ സെലൂക്കിയായിലെ നെസ്തോറിയൻ പാത്രിയക്കീസിന്ന വിധേയമായി എന്നിരിക്കട്ടെ. എന്നാ

---

(25) പേർഷ്യാസഭ സെലൂക്കിയായോടു മത്സരിച്ചു എന്നതു് ശീസ്മപരമായ ഒന്നായി അക്കാലത്തെ സാഹചര്യങ്ങളിൽ പരിഗണിച്ചുകൂടാ. വിശ്വാസം സംബന്ധിച്ചുള്ള പേർഷ്യാസഭയുടെ നില പൊതുവെ സെലൂക്കിയായുടേതു തന്നെയായിരുന്നു. ആരംഭത്തിൽ സെലൂക്കിയായോടുള്ള മത്സരം നിമിത്തം നെസ്തോറിയത്വം അതിൽ പ്രവേശിച്ചില്ലെന്നു വരാം. ഏതായാലും റോമ്മാമാർപ്പാപ്പായുടെ പരമാധികാരം സംബന്ധിച്ചു സെലൂക്കിയായുടേതിൽ നിന്നു ഭിന്നമായ ഒരു ധാരണ പേർഷ്യായിക്കുണ്ടായിരിക്കുവാൻ പാടുള്ളതല്ലായിരുന്നു.

ൽ അന്നത്തെ നെസ്തോറിയൻ സഭ റോമ്മാമാർപ്പാപ്പായുടെ അധികാരം അനുസരിക്കയും ആ അധികാരത്തിനു് സ്വയം കീഴ്പെട്ടിരുന്നു എന്നു വിചാരിക്കയും ചെയ്തിരുന്നതിനാൽ കേരളീയസഭയ്ക്കു ആ ധാരണ മാത്രമേ ഉണ്ടായിരിക്കുവാൻ പാടുള്ളു. അതേ, റോമ്മായുടെ കീഴാണെന്നുള്ള ബോധമേ സെലൂക്കിയായുടെ കീഴിൽകേരളത്തിനുണ്ടാകുവാൻ പാടുണ്ടായിരുന്നുള്ളു നെസ്തോറിയത്വം സ്വീകരിക്കുവാനോ റോമ്മായോടു മത്സരഭാവം പ്രദർശിപ്പിക്കുവാനോ അല്ല, പ്രത്യുത, ഭരണവിഷയകമായി മാത്രമായിരുന്നു കേരളീയസഭ സെലൂക്കിയായെ ആശ്രയിച്ചിരുന്നതു്. ഒരു പ്രാദേശികസഭ എന്നുള്ളനിലയിൽ കേരളീയസഭ സെലൂക്കിയായുടെയോ മററു പൌരസ്ത്യസഭകളുടെയോ വിഭാഗമല്ലായിരുന്നു. സെലൂക്കിയായേയോ വേറെ ഏതെങ്കിലും പൌരസ്ത്യസഭയേയോ ആശ്രയിച്ചുമല്ലായിരുന്നു അതിൻെറ ഉത്ഭവം. സ്നേഹഭാവത്തോടും മേലധികാരി എന്ന നിലയിലും സെലൂക്കിയാസഭ റോമ്മായെ വീക്ഷിച്ചിരുന്നതിനാൽ ഭരണവിഷയകമായി കേരളം അതിനെ ആശ്രയിച്ചതുകൊണ്ടു് കേരളത്തിൽ റോമ്മാഐക്യം പ്രബലപ്പെടുവാനായിരുന്നു എളുപ്പം. സെലൂക്കിയാസഭയുടെ പ്രത്യേകതരം നെസ്തോറിയത്വം ആ സഭയിൽ പല തെററിധാരണകൾക്കിടയിലാണു് നുഴഞ്ഞുകയറിയതു്. ഇതു് കേരളം അറിഞ്ഞിരിക്കാൻ ഇടയില്ല അതേസമയം തന്നെ സെലൂക്കിയാ റോമ്മായുടെ പരമാധികാരത്തിനു സ്വയം വിധേയയാണെന്നു് ഔദ്യോഗികമായി പ്രസ്താവിക്കുകയും ചെയ്തിരുന്നു. ആകയാൽ പരിപൂർണ്ണമായ പ്രാദേശികത്വം പരിപാലിച്ചിരുന്ന കേരളീയസഭ മേൽ പറഞ്ഞപ്രകാരം സെലൂക്കിയായെ ആശ്രയിച്ചതുകൊണ്ടു് കേരളസഭയിൽ പാഷണ്ഡതാപരമായ ഒരു മനഃസ്ഥിതിയോ സെലൂക്കിയാ പാഷണ്ഡതയിലാണെന്നുള്ള സംശയമോ ഉണ്ടാകുവാൻ സ്ഥാനമില്ലായിരുന്നു. പാഷണ്ഡസഭകൾക്കു സ്വന്തമായ ഏതെങ്കിലുമൊരു പ്രത്യേകത കേരളീയസഭയ്ക്കു സ്വന്തമായി ഉണ്ടായിരുന്നുമില്ല ആ സഭ ആവിധത്തിൽ അറിയപ്പെട്ടിരുന്നുമില്ല. റോമ്മായുടെ ഐക്യത്തിൽ നിന്നിരുന്ന സഭകളോടു യോജിച്ചു പ്രവർത്തിക്കുവാനുള്ള സന്നദ്ധത ആ സഭയ്ക്കു് ഇല്ലായിരുന്നു എന്നും വരാവുന്നതല്ല. സെലൂക്കിയായുടെ അബദ്ധങ്ങൾ കേരളത്തിൽ കടന്നുകൂടുവാൻ ഇടയായിട്ടുണ്ടെങ്കിൽ പാഷണ്ഡതാപരമായ മനഃസ്ഥിതിയോ പാഷണ്ഡതയെപ്പററിയുള്ള അറിവോ കേരളത്തിലില്ലായിരുന്നു എന്നു നാം മനസ്സിലാക്കണം. അതോടുകൂടി റോമ്മായുടെ കീഴിൽ സ്ഥിതിചെയ്യുന്നു എന്നുള്ള ധാരണ സെലൂക്കിയായിൽനിന്നു കേരളത്തിലേക്കു വ്യാപിച്ചുമിരുന്നു. ഈ കാരണങ്ങളാൽ സ്വന്തം പ്രാദേശികത്വം പാലിച്ചിരുന്ന കേരളീയസഭ സെലൂക്കിയായോടു ബന്ധപ്പെട്ടിരുന്നപ്പോഴും കത്തോലിക്കാ ഐക്യത്തിൽനിലനിന്നിരുന്നു എന്നുവേണം പറയുവാൻ. ഈ സ്ഥിതിക്കു് കേരളീയസഭയി
നെസ്റ്റോറിയത്വമുണ്ടായിരുന്നെങ്കിൽ ആ നെസ്റ്റോറിയത്വം ഉത്തമ

വിശ്വാസത്തിലുള്ളതും ക്ഷന്തവ്യമായതും ആയിരുന്നു. കേരളീയർ അറിഞ്ഞുകൊണ്ടു ക്ഷണിച്ചുവരുത്തിയതല്ലായിരുന്നു അതു്. ഒരു പ്രത്യേകതരം നെസ്തോറിയത്വം, സെലൂക്കിയായിക്കു സ്വന്തമായിതീൎന്നതിനെപ്പററിയുള്ള അറിവുപോലും കേരളത്തിൽ ഉണ്ടാകുവാൻ ഇടയില്ലായിരുന്നു. കേരളത്തിനു് അതു് സ്വന്തമായിതീൎന്നുമില്ല. കേരളം അതിന്റെ പ്രാദേശികത്വത്തിൽ അന്നും അഭിമാനിച്ചിരുന്നു. ആകയാൽ പ്രസ്താവിത നെസ്തോറിത്വവും കേരളീയസഭയുടെ കതോലിക്കാ ഐക്യത്തെ ഭഞ്ജിക്കുവാൻ പൎയ്യാപ്തമായിരുന്നില്ല. അതിവിദൂരമായ കേരളീയസഭക്കു് 14-ാം ശതാബ്ദത്തിനു മുമ്പു് മാർപ്പാപ്പായുടെ കീഴാണെന്നുള്ള ധാരണയുണ്ടാകുകയല്ലാതെ തദനുയോജ്യമായ കത്തിടപാടുകൾ നടത്തുക അസാദ്ധ്യമായിരുന്നു. തന്നിമിത്തം ധാരാളം അബദ്ധങ്ങൾ അതിൽ നുഴഞ്ഞുകയറുക എന്നതും അസംഭവ്യമല്ല. ആകയാൽ 14-ാം ശതാബ്ദത്തിനുമുമ്പു് കേരളീയസഭ നെസ്തോറിയൻ പാത്രിയക്കീസിനെ അനുസരിച്ചിരുന്നു എന്നു വന്നാൽതന്നെയും, ആ കാരണത്താൽ ആ സഭ റോമ്മാഐക്യത്തിൽ നിന്നു ഭിന്നമായിരുന്നു എന്നു സിദ്ധിക്കുന്നതല്ല.

മശീഹാ സ്ഥാപിച്ച ഏകസത്യസഭ, റോമ്മാമാർപ്പാപ്പാ അദ്ധ്യക്ഷനായിരിക്കുന്ന കത്തോലിക്കാസഭ മാത്രമാകയാൽ ("തിരുസ്സഭയും മാർപ്പാപ്പായും" എന്ന പുസ്തകം നോക്കുക) മാർതോമ്മാശ്ലീഹാ കേരളത്തിൽ സ്ഥാപിച്ച കേരളീയസുറിയാനിസഭ ആരംഭം മുതൽ തന്നെ വി. പത്രോസിന്റേയും പിൻഗാമികളായ റോമ്മാമാർപ്പാപ്പാമാരുടേയും പരമാധികാരം സ്വീകരിച്ചിരുന്നു എന്നു് തീൎത്തുപറയാതെ ഗത്യന്തരമില്ല. റോമ്മാമാർപ്പാപ്പായുടെ പരമാധികാരം സ്വീകരിച്ചിരുന്ന കേരളീയസഭ, അതേ പരമാധികാരത്തിനു സ്വയം വിധേയയാണെന്നു കരുതിയിരുന്ന സെലൂക്കിയാസഭയെ ഭരണവിഷയകമായി ആശ്രയിച്ചതുകൊണ്ടു്, റോമ്മായോടു് കേരളീയസഭയുണ്ടായിരുന്ന വിധേയത്വം ശക്തിപ്പെടുകയേ ചെയ്തിട്ടുള്ളു. സെലൂക്കിയായുടെ നെസ്തോറിയത്വം സ്വീകരിച്ചുകൊണ്ടു് സ്വതന്ത്രയാകുവാനല്ലല്ലൊ കേരളം സെലൂക്കിയായെ ആശ്രയിച്ചതു്.

പതിനാലാം ശതാബ്ദത്തിനു മുമ്പും അതിന്റെ ശേഷവും കേരളസഭയെ ഭരിച്ചിരുന്ന മെത്രാന്മാരുടെ അനുസ്യൂതമായ ഒരു പാരമ്പരയെ എടുത്തുകാണിക്കുവാൻ നമുക്കു സാധിക്കുന്നതല്ല. പലപ്പോഴും ദീർഘകാലത്തേക്കു് കേരളത്തിൽ മെത്രാന്മാരാരും ഇല്ലായിരുന്നു. 14-ാം ശതാബ്ദത്തിനുമുമ്പു് ഇൻഡ്യാസഭയെ ഭരിച്ചിരുന്ന കുറെ മെത്രാന്മാരുടെ പേരുകൾ നമ്മുടെ കൈവശമുണ്ടു്. അവരിൽ ചിലർ ഇൻഡ്യായിൽ വന്നതു് ഏതധികാരത്താലാണെന്നു് ഖണ്ഡിച്ചുപറയുക സാദ്ധ്യമല്ലെന്നു് മുക

ളിൽ പറഞ്ഞവയിൽ നിന്നു വിശദമായിട്ടുണ്ടല്ലോ. അവരെല്ലാവരും സെലൂക്കിയായിലെ നെസ്റ്റോറിയൻ പാത്രിയർക്കീസുമാരാൽ അയയ്ക്കപ്പെട്ടവരാണെന്നുള്ള ചില ചരിത്രകാരന്മാരുടെ പ്രസ്താവന നിസ്സംശയം സ്വീകരിക്കത്തക്കതാണെന്നു തോന്നുന്നില്ല. ഇൻഡ്യായിലെ മെത്രാന്മാരായി കാണുന്നവരെല്ലാം കേരളത്തിൽ അധികാരം നടത്തിയിരുന്നു എന്നു വിചാരിക്കുന്നതും ശരിയായിരിക്കണമെന്നില്ല—ഏതായാലും മെത്രാന്മാരുടെ അഭാവത്താൽ പല അബദ്ധങ്ങളും ക്രസ്തീയ ചൈതന്യവിഹീനതയും കേരളത്തിൽ ഉണ്ടായിരുന്നു എന്നു സമ്മതിക്കണം. എന്നാൽ അവ കത്തോലിക്കാ ഐക്യത്തെ നശിപ്പിച്ചിരിക്കണമെന്നു് പറയാവുന്നതല്ല.

## യാക്കോബായ ബന്ധമില്ലായിരുന്നു.

പതിന്നാലാം ശതാബ്ദത്തിനുമുമ്പും അതിന്റെ ശേഷവും കേരളീയസഭക്കു വിദേശത്തെ യാക്കോബായസഭയുമായി ബന്ധമുണ്ടായിരുന്നു എന്നു് ചിലർവാദിക്കുന്നതു് സ്വീകാര്യമല്ല. ഇൻഡ്യയിൽ അധികാരമുണ്ടെന്നു് വാദിച്ചിരുന്ന അന്തിയോക്കിയാപാത്രിയർക്കീസ് യാക്കോബായപാത്രിയർക്കീസാണെന്നു് യാതൊരു തെളിവുമില്ല. പ്രത്യുത, അതു് മല്ക്കായപാത്രിയർക്കീസാണെന്നു് മുകളിൽ എടുത്തുകാണിച്ചിട്ടുണ്ടു്. (25b) പതിന്നാലാം ശതാബ്ദത്തിനുമുമ്പു് ഇൻഡ്യാസഭയുടെമേൽ സെലൂക്കിയാപാത്രിയർക്കീസ് അധികാരം നടത്തിയിരുന്നെന്നും യാക്കോബായപാത്രിയർക്കീസിനോ മഫ്രിയാനോ (കാതോലിക്കായിക്കോ) തദധികാരമില്ലായിരുന്നെന്നും യാക്കോബായമഫ്രിയാനും 1286-ൽ മരണമടഞ്ഞ ദേഹവുമായ ബർഹെബ്രായയുടെ കൃതിയിൽനിന്നു് അനുമാനിക്കാവുന്നതാണു്. യാക്കോബായമഫ്രിയാന്റെ ഭരണസീമയിൽപെട്ട 12 പ്രദേശങ്ങളിൽ അദ്ദേഹം ഇൻഡ്യായെ ഉൾപ്പെടുത്തുന്നില്ല. അദ്ദേഹം തന്നെയാണു് സെലൂക്കിയാപാത്രിയർക്കീസ് ഇൻഡ്യാസഭയെ നേരിട്ടു കീഴ്പെടുത്തി ഭരിച്ചിരുന്നു എന്നു് രേഖപ്പെടുത്തിയിരിക്കുന്നതും. (26) ആകയാൽ ബർഹെബ്രായയുടെ കാലമായ 13-ാം ശതാബ്ദത്തിൽ ഇൻഡ്യാസഭമേൽ യാക്കോബാ

---

(25b) അന്തിയോക്കിയാ എന്നു കേട്ടുകൊണ്ടു് യാക്കോബായ എന്നു് അനുമാനിക്കുന്നതിൽ യുക്തിഭംഗമുണ്ടെന്നും അറിഞ്ഞിരിക്കണം. കാരണം ഒന്നിലധികം അന്തിയോക്കിയാപാത്രിയർക്കീസുമാർ വാദവിഷയമായ കാലഘട്ടത്തിൽ ഉണ്ടായിരുന്നു.

(26) Chronicl. Eccl. II. 172

യപാത്രിയക്കീസിനോ മപ്രിയാനോ അധികാരമില്ലായിരുന്നു എന്നു് അദ്ദേഹത്തിന്റെ കൃതികളിൽ നിന്നു് അനുമാനിക്കുവാൻ നമുക്കു സാധിക്കുന്നു.

എന്നാൽ കേരളീയസഭയുടെ കാനോൻ എന്നു പറഞ്ഞു് 18 അക്കമായി ഇന്നത്തെ ബാവാകക്ഷിക്കാർ കോടതിയിൽ ഹാജരാക്കിയ ബർഎബ്രായയുടെ ഹൂദായകാനോനിൽ ഏഴാം കേപ്പാ ലേയൂൻ ഒന്നാം പാസൂക്കോയിൽ ഇങ്ങനെ കാണുന്നു: "അപ്രകാരം തന്നെ അന്തിയോക്കിയായുടെ അധികാരത്തിനു കീഴ്പ്പെട്ടിരിക്കുന്ന ഇൻഡ്യായിലെ ആളുകൾക്കു് സ്വന്തമായി ഒരു പാത്രിയക്കീസിനെ അഭിഷേചിക്കുവാനുള്ള അധികാരം നൽകപ്പെട്ടിട്ടില്ല. അവരുടെ പാത്രിയക്കീസ് അഥവാ അദ്ദേഹത്തിന്റെ അധികാരത്തിനു കീഴ്പട്ടിരിക്കുന്ന പൌരസ്ത്യകാതോലിക്കാ അവക്കു് മെത്രാപ്പോലീത്തായെ അഭിഷേചിച്ചുകൊടുക്കേണ്ടതാണു്." (27) യാക്കോബായപാത്രിയക്കീസിനോ മപ്രിയാനോ 13_ാം ശതാബ്ദത്തിനുമുമ്പു് കേരളത്തിൽ അധികാരമില്ലായിരുന്നു എന്നു മുകളിൽ പ്രസ്താവിച്ചതിനെ ബർഎബ്രായയുടെ കാനോനിൽ നിന്നുള്ള ഈ ഭാഗം ഖണ്ഡിക്കുന്നതായി തോന്നിയേക്കാം. പക്ഷെ ബർഎബ്രായ തന്റെ കാനോനിൽ ഈ ഭാഗം എഴുതിയിട്ടുണ്ടോ എന്നാണു് നാം അറിയേണ്ടതു്. അസ്സെമാനിയുടെ പട്ടികപ്രകാരം വത്തിക്കാൻ കയ്യെഴുത്തുപ്രതികളിൽ 133_ാമത്തേതും, കർട്ടിനാൾ മായിയുടെ കൃതികളിൽ അഞ്ചാമത്തേതിന്റെ അനുബന്ധത്തിൽ കാണിച്ചിരിക്കുന്ന 353, 356, 357, 358, 359 എന്നീ അക്കങ്ങളുള്ള കയ്യെഴുത്തുപ്രതികളും മററു പല കയ്യെഴുത്തുപ്രതികളും ബർഎബ്രായയുടെ (സുറിയാനിയിലുള്ള) ഹൂദാ

---

(27) The Travancore Law Journal. XLI. pp. 35—47.
Likewise the people of India who are subject to the authority of Aetioch have not been given power to consecrate a Patrianch for themselves. But their Patriarch or Catholicos of the East who is subject ts his (Patriarch's) authority shall consecrate a Matropolitn for them" Exhibit 18, Ceaptor VII 1st Passoca,
ഇന്നത്തെ ബാവാക്കക്ഷികളിൽ ചിലരുടെ കൈവശമുള്ളതായി മുമ്പു് പറഞ്ഞ (ഒമ്പതാം അദ്ധ്യായം. നോട്ട 12b) കാനോനും ഇതും തമ്മിൽ വ്യത്യാസമുണ്ടല്ലൊ_അതിലും കാതോലിക്കാ പാത്രിയക്കീസിനുകീഴാണു്. എന്നാൽ ഇൻഡ്യാക്കാക്കു അതിൽ സ്ഥാനമില്ല.

യകാനോന്റെ പകർപ്പുകളാകുന്നു. അവയിലൊന്നും വിവാദഭാഗം കാണപ്പെടുന്നില്ല. (27b) ബെജാൻ പാരീസിൽ അടിപ്പിച്ച ഹൂദായകാനോനിലും, കർദ്ദിനാൾ മായിയുടേയും ജോസഫ് റിച്ചിയോത്തിയുടേയും തർജ്ജമകളിലും വിവാദഭാഗമില്ല തന്നെ.

കൂടാതെയും, ഏഴാം കേപ്പാലെയൂൻ ഒന്നാം പാസ്സുക്കോയിൻ തന്നെ പാത്രിയക്കീസിന്റേയും മപ്രിയാനേറയും അധികാരനിർണ്ണയം ചെയ്ത സൂന്നഹദോസിന്റെ എട്ടു കാനോനാകളെ ബർഎബ്രായ ഉദ്ധരിച്ചിട്ടുണ്ട്. അതിൻപ്രകാരം മപ്രിയാന്റെ ഥീഗ്രീസ് സംസ്ഥാനത്തു് അവിടെ അധികാരിയുള്ളപ്പോൾ പാത്രിയക്കീസോ പാത്രിയക്കീസിന്റെ സംസ്ഥാനത്തു് മപ്രിയാനോ പ്രവേശിച്ചുകൂടാ എന്നു വിധിച്ചിരിക്കുന്നു. ഥീഗ്രീസിനു പുറമെ മപ്രിയാനു് എവിടെയെല്ലാം അധികാരമുണ്ടെന്നും അവിടെ തന്നെ പ്രസ്താവിച്ചിട്ടുണ്ട്. ആ പ്രസ്താവനകളിലൊന്നിലും ഇൻഡ്യാ കാണുന്നില്ല. (28) നിക്കിയായുടെ എന്നു പറഞ്ഞു (ദ്നിക്കിയോ) ബർഎബ്രായാ ഉദ്ധരിക്കുന്നകാനോൻഭാഗത്താണല്ലോ ഇൻഡ്യയെപ്പററിയുള്ള വിവാദഭാഗം കാണപ്പെടുന്നതു്. ഇപ്പോൾ പ്രസ്താവിച്ച സൂന്നഹദോസ് 868_ൽ നടന്നതാകയാൽ അതിനുമുമ്പുണ്ടായ നിക്കിയായുടെ കാനോനിൽ ഇൻഡ്യായെപ്പററി വിവാദഭാഗമുണ്ടായിരുന്നെങ്കിൽ പ്രസ്തുത സൂന്നഹദോസ് ഇൻഡ്യയിൽ കാതോലിക്കായിക്കുള്ള അധികാരം ക്ലിപ്തപ്പെടുത്തേണ്ടതായിരുന്നു. എന്തുകൊണ്ടെന്നാൽ പ്രസ്തുത സൂന്നഹദോസ് പാത്രിയക്കീസിന്റേയും മപ്രിയാനേറയും അധികാരം ക്ലിപ്തപ്പെടുത്തുവാൻ കൂടിയതാണ്. വിവാദഭാഗത്താകട്ടെ "അവരുടെ പാത്രിയക്കീസ് അഥവാ അദ്ദേഹത്തിന്റെ അധികാരത്തിനു കീഴ്പട്ടിരിക്കുന്ന പൌരസ്ത്യകാതോലിക്കാ അവക്ക് (ഇൻഡ്യയിലെ ആളുകൾക്ക്) മെത്രാപ്പോലീത്തായെ അഭിഷേചിച്ചുകൊടുക്കേണ്ടതാണ്" എന്നു കാണുന്നതിൽ നിന്നു് പാത്രിയക്കീസിനോ അഥവാ കാതോലിക്കായിക്കോ ഇൻഡ്യായിൽ അധികാരമുണ്ടെന്നു് ക്ലിപ്തമല്ലാതെ പദപ്രയോഗം കാണപ്പെടുന്നു. ക്ലിപ്തമല്ലാതെ കിടക്കുന്ന ഈ ഭാഗം ക്ലിപ്തപ്പെടുത്തേണ്ട ഭാരമാണ് സൂന്നഹദോസിനുണ്ടായിരുന്നതു്. ആകയാൽ നിക്കിയായുടെ എന്നു പറഞ്ഞു ബർഎബ്രാ

---

(27b) Cf. Bedjan's edition of Hoodaya Kanon.

(28) ഈ സൂന്നഹദോസു നിശ്ചയങ്ങൾ എട്ടാം അദ്ധ്യായത്തിൽ കാണുക.

യ ഉദ്ധരിക്കുന്ന കാനോനിൽ അന്നു് വിവാദഭാഗം ഇല്ലായിരുന്നു എന്നു പറയേണ്ടതാണു്.

വീണ്ടും, വിവാദഭാഗത്തു് കാതോലിക്കാ പാത്രിയർക്കീസിന്റെ "അധികാരത്തിനു കീഴ്പെട്ടിരിക്കുന്നു" എന്നു കാണുന്നു. പ്രസ്തുത സൂന്നഹദോസിന്റെശേഷവും, ബർഎബ്രായായുടെ കാലത്തും അതു കഴിഞ്ഞു കുറെനാളത്തേക്കും കാതോലിക്കാസ്ഥാനി പാത്രിയർക്കീസിന്റെ അധികാരത്തിന്റെ കീഴ്പെട്ടിരുന്നില്ല. പ്രസ്തുത സൂന്നഹദോസിന്റെ നിശ്ചയങ്ങളിൽ നിന്നു തന്നെ ഇതു വിശദമാകുന്നുണ്ടു്. ആകയാൽ വിവാദഭാഗം അന്നു് നിക്കിയായുടെ എന്നു പറയുന്ന കാനോനിലുണ്ടായിരുന്നെങ്കിൽ സൂന്നഹദോസു് അതിനെപ്പററി നിശ്ചയമായും പ്രസ്താവന നടത്തുമായിരുന്നു. സൂന്നഹദോസിന്റെശേഷം ബർഎബ്രായകാനോൻ എഴുതിയ നാൾവരെയും അതിന്റെ ശേഷം കുറെ കാലത്തേക്കും കാതോലിക്കാ പാത്രിയർക്കീസിന്റെ അധികാരത്തിനു കീഴല്ലായിരുന്നതിനാൽ ആ കാലയളവിൽ വിവാദഭാഗം കാനോനിൽ സ്ഥലം പിടിച്ചിരിക്കുവാനും വഴിയില്ല. ആകയാൽ കാതോലിക്കാ പാത്രിയർക്കീസിന്റെ അധികാരത്തിനു കീഴ്പെട്ടശേഷം മാത്രമാണു് വിവാദഭാഗം കാനോനിൽ ചേർക്കപ്പെട്ടതെന്നു് സിദ്ധിക്കുന്നു. ഇതു് 13-ാം ശതാബ്ദത്തിനും ബർഎബ്രായയുടെ മരണത്തിനും ശേഷമാകുന്നു. അതെ, ബർഎബ്രായ എഴുതിയ ഹുദായ കാനോനിൽ വിവാദഭാഗം അദ്ദേഹം എഴുതിച്ചേർത്തില്ല. 13-ാം ശതാബ്ദത്തിനുശേഷം ഇൻഡ്യയിലെ ആവശ്യത്തിനായി അതു ചേർത്തതാകണം (29) ഉദയംപേരൂർ സൂന്നഹദോസിനു മുമ്പു് ഇങ്ങനെ നടന്നിരിക്കാൻ കാരണം കാണുന്നില്ല. എന്തുകൊണ്ടെന്നാൽ 13-ാം ശ

---

(29) ന്യായമായോ അല്ലാതെയോ അതു കൂട്ടിച്ചേർക്കപ്പെട്ടതാകാം. ഈ വിഷയത്തിലേക്കു നമുക്കു പ്രവേശിക്കേണ്ട കാര്യമില്ല. കളവായി കൂട്ടിച്ചേർത്തതാണെന്നു് ഓർത്തഡോക്സു് എന്നു് സ്വയം വിളിച്ചുതുടങ്ങിയിരിക്കുന്ന ഇന്നത്തെ മെത്രാൻ കക്ഷിക്കാരും, മാർത്തോമ്മാക്കാരെന്നു് സ്വയംവിളിക്കുന്ന പഴയമെത്രാൻ കക്ഷിക്കാരും വാദിച്ചിട്ടുണ്ടു്. ഇതല്ല നമ്മുടെ വാദവിഷയം. ഇന്നത്തെ ബാവാകക്ഷികളിൽ ചിലരുടെ കൈവശമുള്ളതായി മുമ്പു പറഞ്ഞതും ഇന്നുവരെ പ്രസിദ്ധീകൃതമല്ലാതെകിടക്കുന്നതും ആയ കാനോൻ ഭാഗത്തെപ്പററിയും ഇതുതന്നെ പറയേണ്ടിയിരിക്കുന്നു.

താബ്ദത്തിന്റെ ശേഷവും (ഉദയമ്പേരൂർ സൂനഹദോസിനു മുമ്പ്) യാക്കോബായ അധികാരം കേരളത്തിലുണ്ടായിരുന്നതായി യാതൊരു രേഖയുമില്ല. പ്രത്യുത, സെലൂക്കിയായിലെ അധികാരം 1301-ൽ ഇവിടെയുണ്ടായിരുന്നതായി തെളിയിക്കുന്ന ധാരാളം രേഖകളുണ്ട്. അവയിലൊന്ന് താഴെ ചേർക്കുന്നു:

1301-ൽ കൊടുങ്ങല്ലൂർ വച്ച് എഴുതി തീർത്തതും ഇപ്പോൾ വത്തിക്കാൻ ഗ്രന്ഥശാലയിൽ ഇരിക്കുന്നതുമായ ഒരു പൌരസ്ത്യ (കൽദായ) സുറിയാനിപ്പുസ്തകത്തിൽ കാണുന്നതിപ്രകാരമാണ്:

“.. ഈ വിശുദ്ധപുസ്തകം.....മലബാറിലെ....ശെങ്ങല (കൊടുങ്ങല്ലൂർ) നഗരത്തിൽവച്ച് എഴുതപ്പെട്ടു. പൌരസ്ത്യദിക്കിലെ കത്തോലിക്കാസഭയുടെ ഭരണം സ്വീകരിച്ചിരിക്കുന്ന....യബാലാഹാ അഞ്ചാമൻ (മൂന്നാമൻ)....കാതോലിക്കാപാത്രിയർക്കീസായിരിക്കയിൽ....വി. തോമ്മാശ്ലീഹാടെ വിശുദ്ധസിംഹാസനത്തിന്റെ....ഭരണകർത്താവ്, അതായത് നമ്മുടെയും ഇൻഡ്യായിലെ ക്രിസ്ത്യാനികളുടെ സഭ മുഴുവന്റെയും ഭരണകർത്താവ് മാർ യാക്കോബ് അപ്പസ്ക്കോപ്പാ മെത്രാപ്പോലീത്താ ആയിരിക്കയിൽ (ഇതെഴുതപ്പെട്ടു).... ഈ പുസ്തകം ഗ്രീക്കുവർഷം 1612-ൽ (1301) ഹസീറാൻമാസത്തിലെ (ജൂൺ) ഒരു ബുധനാഴ്ചദിവസം....സ്കറിയായുടെ പുത്രനായ യൌസേപ്പിന്റെ പുത്രനായ ആറാം പട്ടക്കാരൻ സ്കറിയായാൽ....എഴുതപ്പെട്ടു....” (30)

ഞായറാഴ്ചകളും തിരുനാൾകളും കുർബാനായിൽ വായിക്കേണ്ട “ശ്ലീഹാ” ഭാഗങ്ങളാണ് (31) ഇതിലെ ഉള്ളടക്കം. ഇതിലെ പഞ്ചാംഗം “നെസ്തോറിയൻ” അഥവാ പൌരസ്ത്യ സുറിയാനി റീത്തനുസരിച്ചുള്ളതാണ്. ഇതിൽ പറയുന്ന പാത്രിയർക്കീസ് 1304-ൽ റോമ്മായിലേക്കു വിശ്വാസസത്യമയച്ചതായി മുന്നൊരദ്ധ്യായത്തിൽ പ്രസ്താവിച്ച മാർ യബാലാഹായാകുന്നു. (32) ഇതിൽനിന്ന് 1301-ൽ കേരളീയസഭ യാക്കോബായ അധികാരത്തിനു വിധേയമല്ലായിരുന്നു എന്ന് വ്യക്തമാണല്ലോ. ബർ എബ്രായയുടെ മരണം കഴിഞ്ഞിട്ട് 1301-ൽ 15 കൊല്ലങ്ങൾ മാത്രമേ കഴിഞ്ഞിരുന്നുള്ളു. 13-ാം ശതാബ്ദത്തിനുമുമ്പ് കേരളത്തിൽ യാക്കോബായ അധികാരം പ്രയോഗിക്കപ്പെട്ടിരുന്നില്ല എന്നു മുകളിൽ

(30) Codax Vatican, Syr. 22 p. 93

(31) വി. പൌലോസിന്റെ ലേഖനങ്ങളിൽനിന്നുള്ള വായനകൾ.

(32) പുസ്തകത്തിന്റെ 93-ാം പുറത്തു യബാലാഹാ ജാതിയിൽ തുർക്കൻ (തുർക്കായാ) ആയിരുന്നു എന്നു പറയുന്നു. അദ്ദേഹം ചൈനായിലാണ് ജനിച്ചത്. "He was a Sino- Turk born in Pekin" D. Attwater The Catholic Eastern Churches p. 228, note. 1.

സ്ഥാപിച്ചതു് ഇതിൽനിന്നു് കൂടുതൽ വിശദമാകുന്നുണ്ടു്. 13-ാം ശതാബ്ദത്തിന്റെ ശേഷവും കേരളത്തിൽ യാക്കോബായ അധികാരമില്ലായിരുന്നു എന്നു കാണിക്കുവാൻ ഇപ്പോൾ ഉദ്ധരിച്ചു കഴിഞ്ഞ ഏതദ്ദേശീയ രേഖ ധാരാളം മതിയാകുന്നതാണു്. വേറെ ചില രേഖകൾ കൂടി അടുത്ത ഒരദ്ധ്യായത്തിൽ ഹാജരാക്കിക്കൊള്ളാം.

## അലക്സാന്ത്രിയാബന്ധം.

കേരളത്തിൽ യാക്കോബായ അധികാരം 13-ാം ശതാബ്ദത്തിനു മുമ്പുണ്ടായിരുന്നു എന്നു സ്ഥാപിക്കുവാൻ അലക്സാന്ത്രിയായുമായി ബന്ധമുള്ള ഒന്നുരണ്ടു സംഗതികളെ ചിലർ ആശ്രയിക്കാറുണ്ടു്.

696 നോടു അടുത്തു് (about) ഏകസ്വഭാവവാദിയായ ഒരു മെത്രാൻ അലക്സാന്ത്രിയായിൽ നിന്നു് കേരളത്തിൽ വന്നെന്നു് ഡേ എന്ന ചരിത്രകാരനും (33) ആറാം ശതാബ്ദത്തിൽ കേരളീയർ ഏകസ്വഭാവവാദികളെ സമീപിച്ചെന്നു് ജെമ്മനും (34) ഏഴാം ശതാബ്ദത്തിൽ ഇൻഡ്യാക്കാരനായ ഒരു പട്ടക്കാരന്റെ അപേക്ഷപ്രകാരം തെഒദോറൂസ് എന്ന അലക്സാന്ത്രിയാ പാത്രിയർക്കീസ് ഒരു മെത്രാനേയും രണ്ടു പട്ടക്കാരേയും ഇൻഡ്യായിലേക്കയച്ചെങ്കിലും അവർ എജിപ്തിൽവച്ചു് മഹമ്മദീയ ഭരണാധികാരികളാൽ അംഗഭംഗമേൽപ്പിക്കപ്പെട്ടെന്നു് റെനൌഡൌററ് ആദിയായവരും (35) പ്രസ്താവിക്കുന്നു. ഈ സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തി കേരളത്തിൽ ഏകസ്വഭാവവാദികളും തദ്വാരാ യാക്കോബായ അധികാരവും ഉണ്ടായിരുന്നെന്നു ചിലർ വിചാരിക്കുന്നുണ്ടു്.

എന്നാൽ ഈ പ്രസ്താവനകളെല്ലാം ഒരേ ഒരു സംഭവത്തെ അടിസ്ഥാനപ്പെടുത്തി ആകുവാൻ പാടുണ്ടു്. തെഒദോറൂസ് എന്ന അലക്സാന്ത്രിയാപാത്രിയർക്കീസ് മെത്രാനെ അയച്ച ഇൻഡ്യാ നമ്മുടെ ഇൻഡ്യാ അല്ല, എത്തിയോപ്പിയാ ആണു് എന്നു് റെനൌഡൌററിനെ ഖണ്ഡിച്ചുകൊണ്ടു് അസ്സെമാനി സ്ഥാപിച്ചുപറയുന്നു. (36) ഡെയും ജമ്മനും റെനൌഡൌററിന്റെ ഇൻഡ്യായെ കേരളമായി തെററിദ്ധരിച്ചു എന്നു വരാം. ഏകസ്വഭാവവാദികളായ മെത്രാന്മാർ ഒന്നോ ഒററയോ ആയി കേരള

---

(33) The Land of Perumals, p. 216
(34) Germann, p. 148, 149.
(35) Fortescue, o. c. p. 360--361
(36) B. O. III. 2. p. 453 sq.

ത്തിൽ വരുകയോ കൊണ്ടുവരപ്പെടുകയോ ഉണ്ടായിട്ടുണ്ടെങ്കിൽ തന്നെയും, അതിൽ നിന്നു് കേരളീയസഭ യാക്കോബായ ആയിരുന്നു എന്നു് അനുമാനിക്കാവുന്നതല്ല. കേരളിയരിൽ ചിലർ ഏകസ്വഭാവവാദികളായ മെത്രാന്മാരെ കൊണ്ടുവരുവാൻ ശ്രമിച്ചിട്ടുണ്ടായിരിക്കാം. അല്ലെങ്കിൽ ഏകസ്വഭാവികളായ ചില മെത്രാന്മാർ കേരളത്തിൽ വന്നിട്ടുണ്ടെന്നുവരാം. പക്ഷെ ഇതിനെ അടിസ്ഥാനപ്പെടുത്തി കേരളീയസഭ യാക്കോബായ ആയിരുന്നു എന്നു സ്ഥാപിച്ചു പറയുക വിചിത്രം തന്നെ. അതും, മുകളിൽ ഹാജരാക്കിയ എതിരുതെളിവുകൾ അനിഷേധ്യങ്ങളായിരിക്കെ! "ഏകസ്വഭാവവാദി", "അലക്സാന്ത്രിയ" "ഇൻഡ്യാ" എന്നെല്ലാം കണ്ടുകൊണ്ടു് അന്തിയോക്കിയ യാക്കോബായ പാത്രിയർക്കീസിന്റെ അധികാരത്തിൽ കേരളത്തെ ഉൾപ്പെടുത്തുന്നതിൽ യുക്തിഭംഗവും ഉണ്ടു്.

പുരാതനമായി കേരളത്തിലുണ്ടായിരുന്ന വിശ്വാസവും ഭരണവും യാക്കോബായ ആയിരുന്നു എന്നുള്ളവാദം സ്വീകാര്യമല്ലെന്നു് ഇത്രയും പ്രസ്ഥാവിച്ചവ ധാരാളം വിശദമാക്കിയിട്ടുണ്ടു്. (37) എന്നാൽ ഈ വാദത്തെ സാധൂകരിക്കുവാൻ യാക്കോബായ ഭാഗത്തു നിന്നു് ഹാജരാക്കിയിട്ടുള്ള എല്ലാവാദമുഖങ്ങളേയും കൂലങ്കഷമായി പരിശോധിക്കുക എന്നതാണു് അടുത്ത രണ്ടദ്ധ്യായങ്ങളിലെ പ്രതിപാദ്യവിഷയം.

---

(37) അഭിഷേചനാവസരത്തിൽ യാക്കോബായ മെത്രാന്മാർ സ്വീകരിക്കുന്ന പേരുകൾ ഗ്രീഗോറിയൂസ്, ഈവാനിയൂസ്, ബസീലിയൂസ്, അത്താനാസിയൂസ്, ദിവന്നാസിയൂസ്, തോമ്മാ, കൂറിലോസ്. പിലെക്സേനൂസ്, ദിയസ്ക്കോറോസ്, യൂലിയൂസ്, അന്ത്രേയോസ്, യൌസേപ്പു്, സെവേറിയൂസ്, എന്നിപ്രകാരമുള്ളവയാണു്. 16-ാം ശതാബ്ദത്തിനുമുൻമ്പു് കേരളത്തിൽ വന്നിട്ടുള്ള മെത്രാന്മാരിൽ ആർക്കും യാക്കോബായ മെത്രാന്മാരുടെയിടയിൽ സർവ്വസാധാരണങ്ങളായ ഗ്രീഗോറിയൂസ്, അത്തനാസിയൂസ്, ദിവന്നാസിയൂസ്, കൂറിലോസ് ആദിയായ പേരുകൾ ഇല്ലായിരുന്നു കൂടാതെയും അവരിൽ ചിലരുടെ പേരുകൾ യാക്കോബായ മെത്രാന്മാർ ഒരിക്കലും സ്വീകരിച്ചിട്ടില്ലാത്തവയും ആണു്.
Cf. Agur, Church History of Travancore, Part I, p. 74

# പതിനൊന്നാം അദ്ധ്യായം

## കേരളീയസഭയും യാക്കോബായ ബന്ധവും.

### (കൂനൻകുരിശിനുമുമ്പ്)

### (എ)

കൂനൻകുരിശിനുമുമ്പ് കേരളീയസഭ യാക്കോബായ അല്ലായിരുന്നു എന്നു് കഴിഞ്ഞയദ്ധ്യായത്തിൽ പ്രസ്താവിച്ചുകഴിഞ്ഞല്ലോ. യാക്കോബായ ആയിരുന്നു എന്നു കാണിക്കുവാൻ ഹാജരാക്കാറുള്ള ന്യായങ്ങളിൽ പ്രാധാന്യമർഹിക്കുന്നവ കഴിഞ്ഞയദ്ധ്യായത്തിൽ പരിശോധിക്കപ്പെട്ടു. എന്നാൽ കുറെ നാളുകളായി ഈ വാദം കേരളീയ യാക്കോബായക്കാരുടെ ഇടയിൽ പ്രത്യക്ഷപ്പെട്ടതിന്റെ ഫലമായി വേറേയും ചില ന്യായങ്ങൾ ഇതു സംബന്ധിച്ചു കേൾക്കാറുണ്ടു്. ഒന്നാമതായി അവയ്ക്കു പ്രാധാന്യം നൽകിയതു് ദിവ്യശ്രീ പി. റ്റി. ഗീവറുഗീസു (പണിക്കർ) ശെമ്മാശ് (ഇപ്പോൾ തിരുവനന്തപുരം മെത്രാപ്പോലീത്താ മാർ ഈവാനിയൂസു് തിരുമനസ്സുകൊണ്ടു്) അവർകളാണു്. (1) മദ്രാസു് സർവ്വകലാശാലയിൽ നിന്നു് എം. എ. ബിരുദം പ്രാപിക്കേണ്ടതിനു് Were The Syrian Chirstians Nestorians? എന്ന അഭിധാനത്തിൽ അദ്ദേഹം തയ്യാറാക്കിയ പ്രബന്ധത്തിൽ അവ ചുരുക്കമായി കാണപ്പെടുന്നുണ്ടു്. 1907-ൽ മി. സി. പി. തരകൻ പ്രസ്തുത പ്രബന്ധം മലയാളത്തിലേക്കു വിവർത്തനം ചെയ്യുകയും, മലയാള മനോരമ അച്ചുകൂടത്തിൽനിന്നു് അതു് പ്രസിദ്ധീകരിക്കപ്പെടുകയും ഉണ്ടായി. ഈ പ്രബന്ധത്തിലുള്ള വാദങ്ങളിൽ രണ്ടുമൂന്നൊഴിച്ചു് ശേഷമുള്ളവയും, വേറെ ചിലവയും ഇടവഴിക്കൽ മി. ഇ. എം. പീലിപ്പോസ് തന്റെ "മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻസഭ" എന്ന പുസ്തകത്തിൽ

---

(1) 1930 സെപ്റ്റംബർ 20-ാംനു- ഇദ്ദേഹം കത്തോലിക്കനായല്ലോ. മാർപ്പാപ്പായാൽ ഇദ്ദേഹം തിരുവനന്തപുരം മെത്രാപ്പോലീത്താ ആക്കപ്പെട്ടു.

ചെയ്തിട്ടുണ്ട്. (2) ആകയാൽ മി. പീലിപ്പോസിന്റെ വാദങ്ങളാണ് പ്രധാനമായി നമ്മുടെ പരിശോധനയ്ക്കു വിഷയീഭവിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതു്. 15-ാം ശതാബ്ദത്തിന്റെ അവസാനഘട്ടം വരെ കേരളീയസഭ യാക്കോബായ ആയിരുന്നെന്നു 16-ാം ശതാബ്ദത്തിൽ നെസ്തോറിയ ആയെന്നും, 17-ാം ശതാബ്ദത്തിൽ കത്തോലിക്കാ യാകാൻ നിർബന്ധയായെന്നും കൂനൻകുരിശിന്റെ ശേഷം യാക്കോബായ ആയി പുനരുദ്ധരിക്കപ്പെട്ടു എന്നും ആണ് മി. പീലിപ്പോസിന്റെയും മറ്റും വാദങ്ങൾ. വാദങ്ങൾ ഓരോന്നും പരിശോധിക്കുകതന്നെ.

1. കോസ്മോസ്. 522-ൽ കേരളം സന്ദർശിച്ച (3) കോസ്മോസ് പറയുന്നു: "സഭ ക്ഷയോന്മുഖമായിട്ടില്ല, എന്നാലോ നാനാഭാഗങ്ങളിലും വിസ്തീർണ്ണതപ്പെട്ടു വ്യാപിച്ചും ഭൂമിമുഴുവനും ക്രിസ്തീയ തത്വങ്ങളാൽ നിറഞ്ഞും അവ ദിനംപ്രതി എന്നവണ്ണം അഭിവൃദ്ധിപ്രാപിച്ചും സുവിശേഷം ലോകമെങ്ങും പ്രസംഗിക്കപ്പെട്ടും വരുന്നതായി ഞങ്ങൾ കണ്ടിരിക്കുന്നു............കുരുമുളകു വിളയുന്ന മെയിൽ (4) (മലബാർ) രാജ്യത്തും ക്രൈസ്തവസഭയുണ്ട്. എന്നു മാത്രമല്ല കല്യാണ എന്ന സ്ഥലത്തു് പേർഷ്യായിൽ അഭിഷേകം ചെയ്യപ്പെട്ട ഒരു മെത്രാനുണ്ട്".

കോസ്മോസ് ഇപ്രകാരം സ്തുതിച്ചുപറയുന്ന മലബാറിലെ വിശ്വാസം താൻ അനുസരിച്ചിരുന്ന വിശ്വാസമാണെന്നും അതു യാക്കോബായ ആണെന്നും അതിനുള്ള കാരണം അദ്ദേഹം യാക്കോബായക്കാരനായിരുന്നെന്നും അത്രെ വാദം. അദ്ദേഹം യാക്കോബായക്കാരനായിരുന്നു എന്നുള്ളതിനുള്ള ന്യായങ്ങൾ: 1) അദ്ദേഹം എജിപ്തുകാരനും

---

(2) മി. പീലിപ്പോസ് The Indian Church of St. Thomas എന്ന പേരിൽ ഇംഗ്ലീഷിൽ എഴുതിയതും ഇംഗ്ലീഷിൽ ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടില്ലാത്തതും ആയ പുസ്തകത്തിന്റെ മലയാള വിവർത്തനമാണ് "മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യൻസഭ"-പരേതനായ ഗ്രന്ഥകാരന്റെ പുത്രൻ മി. ഇ. പി. മാത്യു ആണ് വിവർത്തകൻ. 1929-ൽ വിവർത്തനം പ്രസിദ്ധീകരിക്കപ്പെട്ടു.

മി. പീലിപ്പോസിന്റെ പുസ്തകം ഇംഗ്ലീഷിൽ വായിച്ചശേഷമാണ് ബാ. പി. റ്റി. ഗീവറുഗീസു ശെമ്മാശൻ തന്റെ പ്രബന്ധം തയാറാക്കിയതെന്ന്, മി. തങ്കന്റെ തർജ്ജമയ്ക്കുള്ള പ്രസ്താവനയിൽ ബാ. ശെമ്മാശൻ പറയുന്നുണ്ട്.

വി. ക്രൂറിലോസിന്റെ അനുയായികളിൽ ഒരാളുടെ പുത്രനും ആയിരുന്നു. അലക്സാന്ത്രിയായിൽ നെസ്തോറിയൻകാർ ഇല്ലായിരുന്നതിനാലും വി. ക്രൂറിലോസ് നെസ്തോറിയുസിന്റെ വിരോധിയായതിനാലും അദ്ദേഹം നെസ്തോറിയനല്ല: ആകയാൽ ഏക സ്വഭാവവാദി അഥവാ യാക്കോബ്യൻ ആയിരിക്കണം. 2) അദ്ദേഹം ലൌകിക കോലാഹലങ്ങളെ ത്യജിച്ച് അവിവാഹിതനായിതീൎന്ന ഒരാളാണ്. അന്നത്തെ നെസ്തോറിയൻകാർ അവിവാഹിതജീവിതത്തെ കുറ്റപ്പെടുത്തിയിരുന്നു. ആകയാൽ അദ്ദേഹം നെസ്തോറിയനല്ല. നെസ്തോറിയനല്ലെങ്കിൽ യാക്കോബ്യൻ ആണ്. 3) അദ്ദേഹം പ. കന്യകമറിയത്തെ "ദൈവമാതാവു്" എന്നു് അഭിസംബോധനം ചെയ്തിട്ടുള്ളതിനാൽ നെസ്തോറിയനല്ല. ആകയാൽ യാക്കോബ്യനത്രെ.

ഉത്തരം. ഈ വാദരീതി സ്വീകാൎയ്യമല്ല. എന്തുകൊണ്ടെന്നാൽ അലക്സാന്ത്രിയായിൽ അന്നു് വി. ക്രൂറിലോസിനെ അനുഗമിച്ചിരുന്നവരും അവിവാഹിജീവിതത്തെ കാൎയ്യമായി മതിച്ചിരുന്നവരും, സന്യാസജീവിതം അനുഷ്ഠിച്ചിരുന്നവരും, പ. കന്യകമറിയത്തെ "ദൈവമാതാവു്" എന്നു വിളിച്ചിരുന്നവരും ആയ നെസ്തോറിയൻകാരോ ഏക സ്വഭാവവാദികളോ യാക്കോബായക്കാരോ അല്ലാത്ത കത്തോലിക്കർ ഉണ്ടായിരുന്നു. കത്തോലിക്കരും ഏക സ്വഭാവവാദികളും അലക്സാന്ത്രിയാസിംഹാസനം മാറി മാറി കൈവശം വച്ചുകൊണ്ടിരുന്നെന്നും പിന്നീട് രണ്ടുകൂട്ടൎക്കും പാത്രിയൎക്കീസുമാരുണ്ടായിരുന്നെന്നും മുകളിൽ പ്രസ്താവിച്ചതാണ് _ആകയാൽ കോസ്മോസിന്റെ സാക്ഷ്യം യാക്കോബായവാദത്തെ അനുകൂലിക്കുകയോ പ്രതികൂലിക്കുകയോ ചെയ്യുന്നില്ല! പക്ഷെ അതു് കേരളീയസഭ അന്നു കത്തോലിക്കയായിരുന്നു എന്നു സ്ഥാപിക്കുവാൻ സഹായകമാണ്. കോസ്മോസ് നെസ്തോറിയനല്ലായിരുന്നെന്നു് യാക്കോബായപക്ഷക്കാർ സമ്മതിക്കുന്നു. അദ്ദേഹത്തിന്റെ കാലത്തു് യാക്കോബായപക്ഷക്കർ പേർഷ്യയിൽ പ്രവേശിച്ചില്ലെന്നു് മുകളിൽ നാം കണ്ടതാണ്. ആകയാൽ അദ്ദേഹം കണ്ട (പേർഷ്യായിൽ നിന്നുള്ള) മെത്രാനും വിശ്വാസവും യാക്കോബായ അല്ലായിരുന്നു. അദ്ദേഹം നെസ്തോറിയനല്ലെങ്കിൽ, ആ മെത്രാനും വിശ്വാസവും കത്തോലിക്കമായിരുന്നു! പേർഷ്യാസഭ "നെസ്തോറിയൻ" സെലൂക്കിയായോടു മത്സരിച്ചിരുന്ന കാലഘട്ടമായിരുന്നു അതെന്നും നാം ധരിച്ചിരിക്കണം!

---

(3) കോസ്മോസിന്റെ സന്ദർശനം 522_ൽ ആണെന്നു തീൎത്തുപറയാവുന്നതല്ല. 522_നും 535_നും മദ്ധ്യേ ആണ്.

(4) കോസ്മോസ് Male എന്നാണ് പറയുന്നതു്.

1) അലക്സാന്ത്രിയായിലേക്കു ഇൻഡ്യായിൽനിന്നു മെത്രാനെ കൊണ്ടുവരുവാൻപോയതും, ഏഴാം ശതാബ്ദത്തിൽ ഏക സ്വഭാവവാദിയായ ഒരു മെത്രാൻ കേരളത്തിൽ വന്നെന്നു് ഡേ പറയുന്നതും.
ഇതിനു സമാധാനം കഴിഞ്ഞയദ്ധ്യായത്തിൽ പറഞ്ഞുകഴിഞ്ഞു.

3) ഈശോയബു് എന്ന "നെസ്തോറിയൻ" പാത്രിയർക്കീസു് പേർഷ്യാ മെത്രാപ്പോലീത്തായിക്കെഴുതിയ എഴുത്തിൽ നിന്നു്, പേർഷ്യായുടെ മത്സരം നിമിത്തം ഇൻഡ്യായിൽ മെത്രാന്മാരും ഈശോയബിന്റെ വിശ്വാസമുള്ളവരും ഇല്ലായിരുന്നെന്നു സിദ്ധിക്കുന്നു. ഈശോയബ് നെസ്തോറിയൻ വിശ്വാസമുള്ളവനായിരുന്നതിനാൽ ഇൻഡ്യായിൽ (കേരളത്തിൽ) ആ വിശ്വാസമില്ലായിരുന്നു. ആകയാൽ അവിടെ യാക്കോബായ വിശ്വാസമാണു് ഉണ്ടായിരുന്നതു്.

ഉത്തരം— നെസ്തോറിയൻ വിശ്വാസമില്ലാത്തിടത്തു് യാക്കോബായ വിശ്വാസമാണു് ഉണ്ടായിരിക്കേണ്ടതു് എന്നുള്ള വാദം സ്വീകാര്യമല്ല. കത്തോലിക്കാ വിശ്വാസത്തിനും പ്രസ്താവിതസ്ഥലങ്ങളിൽ സ്ഥാനമുണ്ടെന്നു നാം മനസ്സിലാക്കിയാൽ ഈ വാദരീതി ഉപേക്ഷിക്കുതന്നെ ചെയ്യും.

4) മൈലാപ്പൂരും കോട്ടയത്തു വലിയപള്ളിയിലും സൂക്ഷിക്കപ്പെട്ടിരിക്കുന്ന കൽക്കുരിശുകളിൽ "സത്യക്രിസ്തുവും മേലിന്നടുത്ത ദൈവവും എന്നേക്കും പരിശുദ്ധവഴികാട്ടിയുമായ ഈ ഏകന്റെ കഷ്ടത കുരിശിന്മേലുള്ള ശിക്ഷയായിരുന്നു" എന്ന ലിഖിതം കാണപ്പെടുന്നു. "ദൈവം കഷ്ടതയും കുരിശുമരണവും" അനുഭവിച്ചു എന്നാണു് ലിഖിതത്തിന്റെ സാരം. "ദൈവം കഷ്ടതയനുഭവിച്ചു മരിച്ചു" എന്നു് നെസ്തോറിയൻകാർ പറയുകയില്ല. ആകയാൽ കോട്ടയത്തെ ലിഖിതത്തിന്റെ കാലമായ പത്താം ശതാബ്ദത്തിൽ (?) കേരളീയസഭ നെസ്തോറിയ അല്ലായിരുന്നു. (2b) നെസ്തോറിയ അല്ലെങ്കിൽ യാക്കോബായ ആയിരിക്കണം—മൈലാപ്പൂരിലെ കുരിശു് പേർഷ്യായിലോ പേർഷ്യാക്കാരാലോ ഉണ്ടാക്കപ്പെട്ടതിനാൽ പേർഷ്യായിലും അതിന്റെ നിർമ്മാണകാലമായ എട്ടാം ശതാബ്ദത്തിൽ (?) യാക്കോബായ വിശ്വാസമുണ്ടായിരുന്നു.

---

(2b) കോട്ടയത്തു രണ്ടു കുരിശുകളുണ്ടു്. മ്ശിഹാ ദൈവമാകുന്നു എന്നുള്ള ആശയത്തിൽ രണ്ടിലുമുള്ള ലിഖിതങ്ങൾ യോജിക്കുന്നതായി ചിലർ അഭിപ്രായപ്പെടുന്നു. മ്ശിഹാ ദൈവമാണെന്നും, ദൈവം മരിച്ചെന്നും മററും നെസ്തോറിയൻകാര പറയുകയില്ല എന്നതിനെ അടിസ്ഥാനപ്പെടുത്തിയാണു് മി. പീലിപ്പോസിന്റെ വാദം.

ഉത്തരം. "ദൈവം കഷ്ടതയനുഭവിച്ചു മരിച്ചു" എന്നു് കത്തോലിക്കരും വിശ്വസിക്കയും പറകയും ചെയ്യുന്നുണ്ടെന്നുള്ള വാസ്തവം മനസ്സിലാക്കിയിരിക്കുന്നവർക്കു് മേലുദ്ധരിച്ച വാദരീതി സ്വീകാര്യമായിരിക്കയില്ല. മനുഷ്യാവതാരത്തെപ്പററി ഒരു സഭ നെസ്തോറിയൻ വിശ്വാസമുള്ളതല്ലെങ്കിൽ യാക്കോബായ വിശ്വാസമുള്ളതായിരിക്കണം എന്നുള്ളതാണു് ഈദൃശയുക്തിവാദങ്ങളിലെല്ലാം അന്തർഭവിച്ചിരിക്കുന്ന സങ്കല്പം. എന്നാൽ ഈ രണ്ടുവിശ്വാസങ്ങളുടേയും മദ്ധ്യേ കത്തോലിക്കാവിശ്വാസംകൂടിയുണ്ടെന്നു് മനസ്സിലാക്കി വാദംനടത്തേണ്ടതാണു്.

മേല്പറഞ്ഞ ലിഖിതങ്ങളുടെ കാലനിർണ്ണയം സംബന്ധിച്ചും അവയുടെ പരിഭാഷ സംബന്ധിച്ചും പണ്ഡിതന്മാരുടെയിടയിൽ വലിയ വാദമുണ്ടെന്നും ഗ്രഹിച്ചിരിക്കേണ്ടതാണു്.

5) ഒമ്പതാം ശതാബ്ദത്തിൽ സാബോർ (ശാബോർ) പേരോസ് (പ്രോത്തു്) എന്നു രണ്ടു മെത്രാന്മാർ കേരളത്തിൽവന്നു. അവർ നെസ്തോറിയൻകാരായിരുന്നെന്നു പലരും പറയുന്നുണ്ടെങ്കിലും, അന്നത്തെ തിമൊത്തെയോസ് എന്ന നെസ്തോറിയൻ പാത്രിയർക്കീസ് കേരളത്തിലേക്കു് (ഇൻഡ്യായിലേക്കു്) അയച്ച മെത്രാന്മാരുടെ ഒരു പട്ടിക അസ്സെമാനി ആദിയായ ഗ്രന്ഥകാരന്മാർ സ്വകൃതികളിൽ കൊടുത്തിട്ടുള്ളതിൽ അവരുടെ നാമങ്ങൾ കാണുന്നില്ല. ആ കാലത്തു് യാക്കോബായക്കാർ പേർഷ്യായിൽ പൂർവ്വാധികം ശക്തിപ്രാപിച്ചു് കിഴക്കിന്റെ മേൽക്കോയ്മയ്ക്കു് നെസ്തോറിയൻകാരുമായി സമരം നടത്തിയിരുന്നു. ആകയാൽ സാബോറും പേരോസും യാക്കോബായക്കാരായിരുന്നു.

ഉത്തരം. യാക്കോബായനോ, നെസ്തോറിയനൊ ആകാതെ കത്തോലിക്കനായ ഒരു പൌരസ്ത്യ കാത്തോലിക്കാ അന്തിയോക്കിയാ മല്ക്കായ പാത്രിയർക്കീസിന്റെ കീഴിൽ പൌരസ്ത്യദിക്കിൽ അക്കാലത്തുണ്ടായിരുന്നു എന്നു് നാം കണ്ടതാണു്. അന്തിയോക്കിയാ മല്ക്കായാ പാത്രിയർക്കീസ് ഇൻഡ്യായെ അവകാശപ്പെട്ടിരുന്നതായും നാം കണ്ടു. ആകയാൽ സാബോറിന്റേയും പേരോസിന്റേയും നാമങ്ങൾ നെസ്തോറിയൻ പട്ടികയിൽ ഇല്ലെന്നുള്ള കാരണത്താൽ അവർ യാക്കോബായക്കാരായിരുന്നു എന്നു് അനുമാനിക്കാവുന്നതല്ല. അവർ കത്തോലിക്കരാകാമായിരുന്നു. യാക്കോബായസഭ പേർഷ്യായിൽ അക്കാലത്തു് പ്രാബല്യത്തിൽ ഇരുന്നിരുന്നു എന്നതു് യാക്കോബായവാദത്തെ സാധൂകരിക്കണമെന്നില്ല.

6. കൊല്ലം രാജാവിന്റെ പ്രജകളായ നസ്രാണികൾ 9_ാം ശതാബ്ദത്തിൽ "തരിസാ ക്രിസ്ത്യാനികൾ" എന്നു് ചെപ്പേടിൽ വിളിക്കപ്പെട്ടിരിക്കുന്നു. "തരീസാ" എന്നതിനു് നേരെ, ചൊവ്വായ എന്നൊ

ല്ലാമാണ് സുറിയാനിയിൽ അൎത്ഥം. യാക്കോബായക്കാർ തങ്ങളുടെ സഭയെ സൂചിപ്പിക്കുവാൻ ഈ പദം ഉപയോഗിക്കുന്നുണ്ട്. ആകയാൽ അന്നു് കേരളത്തിൽ യാക്കോബായ വിശ്വാസമാണ് ഉണ്ടായിരുന്നതു്.

ഉത്തരം. കത്തോലിക്കരായ പഴയ കൂറ്റുസുറിയാനിക്കാരും സുറിയാനി "ത്രീസാ" യുടെ തത്ഭവരൂപമായ "തരീസാ" ശബ്ദം "സത്യവിശ്വാസമുള്ള" എന്ന അൎത്ഥത്തിൽ തങ്ങളുടെ സഭയേയും വിശ്വാസത്തേയുംപററി ഉപയോഗിക്കാറുണ്ട്. ഹൈമ്മാനൂസാ ത്രീസ ദസ്ശുബ്ഹാ (സ്തുതിചൊല്ലപ്പെട്ട—സത്യ—വിശ്വാസം) എന്ന തങ്ങളുടെ വിശ്വാസത്തെപ്പററി അവർ തങ്ങളുടെ കാനോനികജപത്തിൽ ദിവസവും ചൊല്ലുന്നു.

7) "അന്ത്യോഖ്യായിലെ യാക്കോബായ പാത്രിയക്കീസ് ഇൻഡ്യയുടെമേലുള്ള അധികാരം അവകാശപ്പെടുന്നു എന്നും, അന്ത്യോഖ്യായുടെ അധികാരം ഏഷ്യായിലും കിഴക്കൻ പ്രദേശങ്ങളിലും ഇൻഡ്യൻ ദ്വീപുകളിലും വ്യാപിച്ചിരുന്നു എന്നും നീലാസ് ഡോക്സോ പാത്രിയക്കീസ് ക്രി. പി. 1043-ൽ ഉറപ്പുപറയുന്നു എന്നും പവോലി എന്ന റോമൻ കത്തോലിക്ക ഗ്രന്ഥകാരൻെറ പുസ്തകത്തിൽ പ്രസ്താവിച്ചു കാണുന്നു. Paoli, India Orient. Christ. pp. 25 & 94."

ഉത്തരം. (പൌളീനൂസ് എന്ന പേരിൽ ഈ പുസ്തകത്തിൽ പല സ്ഥലങ്ങളിലും കാണുന്ന ഗ്രന്ഥകാരനാണ് പവോലി എന്നിവിടെ പേര പറയപ്പെട്ടിരിക്കുന്നതു്. നീലാസ് ഡോക്സോ പാത്രിയക്കീസ് അല്ല, നീലാസ് (നീലൂസ്) ഡൊക്സോ പാത്രിയൂസ് (Nilus Doxopatrius) ആണു്. അദ്ദേഹം പാത്രിയക്കീസല്ല.)

വാദത്തിൽ ഉദ്ധരിച്ചിരിക്കുന്ന പവോലിയുടെ (പൌളീനൂസിൻെറ) കൃതിയിൽ അന്തിയോക്കിയാ പാത്രിയക്കീസിനെപ്പററിയാണ് പറഞ്ഞിരിക്കുന്നതു്. യാക്കോബായ എന്ന വിശേഷണം അതിൽ അന്തിയോക്കിയായോടു ചേൎത്തിട്ടില്ല! കൂടാതെയും അതേ കൃതിയിൽ തന്നെ 17-ാം ശതാബ്ദത്തിനുമുമ്പ് യാക്കോബായക്കാൎക്ക് കേരളത്തിൽ അധികാരമില്ലായിരുന്നു എന്നു് പവോലി (പൌളീനൂസ്) വ്യക്തമായി പ്രസ്താവിക്കുന്നുമുണ്ട്. അദ്ദേഹം പ്രസ്താവിക്കുന്നു: Verum, ad annum usque 1665 nullus Jacobitarum Praesulum in Malabaria comparuit' (5)

ആകയാൽ അദ്ദേഹം യാക്കോബായ പാത്രിയക്കീസിനെയല്ല, ഗ്രീക്കു മല്ക്കായാ പാത്രിയക്കീസിനെയാണ് ഉദ്ദേശിക്കുന്നതെന്നു സ്പഷ്ടം.

---

(5) India Orientalis Christiana, p, 25 nota, 1.

(8) പന്ത്രണ്ടുമുതലുള്ള ശതാബ്ദങ്ങളിൽ കേരളീയസഭ യാക്കോബായ ആയിരുന്നു എന്നുള്ളതിനു പ്രബലമായ ഒരു തെളിവു്, അല്ല, ഏക തെളിവു്, ബുക്കാനനു് കേരളത്തിൽനിന്നു് 1807-ൽ സമ്മാനിക്കപ്പെട്ട സുറിയാനി വേദപുസ്തകമാണു്. ഈ പുസ്തകം സമ്മാനിച്ച യാക്കോബായ മെത്രാൻ ബുക്കാനനോടു് ഇങ്ങനെ പറഞ്ഞു: "ഇതു ഞങ്ങളുടെ കൈയ്യിൽ ഇരിക്കുന്നതിനേക്കാൾ നിങ്ങളുടെ കൈവശം ഇരിക്കുന്നതു് കൂടുതൽ ഉറപ്പായിരിക്കും. ഒരായിരം സംവത്സരങ്ങളായി ഇതു ഞങ്ങളുടെ കൈവശം ഇരിക്കുന്നു എന്നാണു് ചിലർ വിചാരിക്കുന്നതു്." "1400 വർഷങ്ങൾക്കു മേലായി തങ്ങൾക്കു സത്യവേദപുസ്തകം മലയാളത്തെ മലമ്പ്രദേശങ്ങളിൽ ഇരിപ്പുണ്ടെന്നു് മാവേലിക്കര സുറിയാനിക്കാർ ഡോക്ടർ ബുക്കാനനോടു് പറകയുണ്ടായി" "ഞങ്ങളുടെ ചില പ്രതികൾ വളരെ പുരാതനമാണു്" എന്നവർ പറഞ്ഞു.

ഈ പുസ്തകത്തിൽ യാക്കോബായക്കാരുടെ തിരുനാൾ കുറിപ്പുകൾ അടങ്ങിയിരിക്കുന്നതിനാൽ ഇതു് യാക്കോബായക്കാരുടേതാണു്. ഇതു് 1665-നു ശേഷം കേരളത്തിൽ കൊണ്ടുവരപ്പെട്ടതാണെങ്കിൽ ആ സംഗതി രഹസ്യമായിരിക്കയില്ലാ പരസ്യമായിരിക്കണം. പരസ്യമാണെങ്കിൽ, "ഒരായിരം സംവത്സരങ്ങളായി ഇതു ഞങ്ങളുടെ കൈവശം ഇരിക്കുന്നു എന്നാണു് ചിലർ വിചാരിക്കുന്നതു്" എന്നു് 1729-ൽ ജനിച്ച വയോവൃദ്ധനായ ആ മെത്രാപ്പോലീത്താ പറകയില്ലായിരുന്നു. 1665-നു ശേഷം യാക്കോബായക്കാർ കൊണ്ടുവന്ന പുതിയനിയമത്തിന്റെ ഓരോ കൈയ്യെഴുത്തുപ്രതിയെപ്പററിയും മററു സാധനങ്ങളെപ്പററിയും അവ ആരു കൊണ്ടുവന്നു എന്നും എന്നു കൊണ്ടുവന്നു എന്നും നിശ്ചയമുണ്ടു്.

ഉത്തരം. ഈ വാദരീതി എന്തെങ്കിലും ഒന്നു സ്ഥാപിക്കുവാൻ പര്യാപ്തമല്ല. പുസ്തകം യാക്കോബായക്കാരുടെ ആണെന്നും അതിന്റെ പഴക്കം "ചിലർ വിചാരിക്കുന്നതുപോലെ" വളരെ അധികമാണെന്നും ഇരിക്കട്ടെ. യാക്കോബായക്കാരുടെ ഒരു വേദപുസ്തകം അച്ചടിയില്ലായിരുന്ന അക്കാലത്തു് ഏതു സഭാംഗങ്ങൾക്കും വിലപിടിച്ച ഒരു നിക്ഷേപമായിരുന്നു. യാക്കോബ്യമായി അതിലുള്ള ഭാഗങ്ങളിൽ ശ്രദ്ധിക്കാതെ മററു ഭാഗങ്ങൾ വേണ്ടവിധത്തിൽ എല്ലാവർക്കും ഉപയോഗിക്കാവുന്നതാണു്. പ്രോട്ടസ്റ്റൻറുകാർ ലണ്ടനിലും അമേരിക്കയിലും സുറിയാനിയിൽ അച്ചടിച്ച വേദപുസ്തകം കത്തോലിക്കാസുറിയാനിക്കാർ ഈ വിധം ഇന്നും ഉപയോഗിക്കുന്നുണ്ടു്. ഇതിൽ നിന്നു് ഇന്നത്തെ കത്തോലിക്കാസുറിയാനിക്കാർ ഇന്നു് പ്രോട്ടസ്റ്റൻറുകാരായിരുന്നെന്നു് ഒരായിരം കൊല്ലങ്ങളുടെ ശേഷം ആരെങ്കിലും അനുമാനിച്ചാൽ, അതേപ്പററി അന്നു നാം ജീവിച്ചിരിക്കുന്നെങ്കിൽ എന്തു പറയും? പ്രോട്ടസ്റ്റൻറുകാരുടെ പുസ്തകങ്ങൾ ആരു വരുത്തി എന്നും എന്നു വരുത്തി എന്നും നാ

മൊഴിച്ചു് വേറെ ആൎക്കും അന്നു നിശ്ചയമില്ലായിരിക്കും. വേറെ ചില പ്രൊട്ടസ്റ്റന്റു പുസ്തകങ്ങളെപ്പററി അന്നുള്ളവൎക്കു് ഈ ദുൎജ്ഞാനം ഉണ്ടായിരിക്കുന്നതും ആണു്! മേൽപ്രസ്താവിച്ച പ്രൊട്ടസ്റ്റന്റു വേദപുസ്തകത്തെ അന്നുള്ളവർ വളരെ കാൎയ്യമായി സൂക്ഷിച്ചെന്നും വരാം. ഒരു പക്ഷേ ഇന്നത്തെ കത്തോലിക്കാസുറിയാനിക്കാരുടെ സന്താനങ്ങൾ പ്രൊട്ടസ്റ്റന്റിൽ നിപതിച്ചവരായിരിക്കും അവർ എന്നും വന്നു കഴിഞ്ഞാൽ പ്രസ്തുത പുസ്തകങ്ങളോടു് അവർ എത്രയധികം പ്രതിപത്തി കാണിക്കുമെന്നു് ഊഹ്യമാണല്ലോ_ഇതിൽ നിന്നു് ആരെങ്കിലും ഇന്നത്തെ കത്തോലിക്കാസുറിയാനിക്കാർ ഇന്നു് പ്രൊട്ടസ്റ്റന്റുകാരായിരുന്നെന്നു് അന്നു് ശരിയായി അനുമാനിക്കുമോ? ഇതാണു് മേലുദ്ധരിച്ച വാദരീതി!

കൂടാതെയും "ഒരായിരം സംവത്സരങ്ങളായി ഇതു ഞങ്ങളുടെ കൈവശം ഇരിക്കുന്നു" എന്നു് ചിലർ വിചാരിക്കുന്നതായി മാത്രമേ വയോവൃദ്ധനായ മെത്രാൻ പ്രസ്താവിച്ചുള്ളു. മെത്രാനു് ആ വിഷയത്തിൽ സംശയമില്ലായിരുന്നെങ്കിൽ "ചിലർ വിചാരിക്കുന്നതു്" എന്നു പറയേണ്ട ആവശ്യമില്ലായിരുന്നു. ചിലരുടെ വിചാരം ശരിയാണോ എന്നു തീൎച്ചപ്പെടുത്താതെ വാദത്തിലേക്കു് പ്രവേശിച്ചതും ശരിയായില്ല. കുറെ അധികം സംവത്സരങ്ങളെ "ചിലർ" ഒരായിരമാക്കിയെന്നുവരാം. മററു പുസ്തകങ്ങളുടെ കാൎയ്യത്തിലുള്ളതുപോലെ ഇതിന്റെ കാൎയ്യത്തിൽ ക്ലിപ്തമായ ജ്ഞാനമില്ലാത്തതുകൊണ്ടു് ഇതിനു് ആയിരമോ രണ്ടായിരമോ കൊല്ലം കേരളത്തിൽ പഴക്കമുണ്ടെന്നു വരണമെന്നില്ല. ഇങ്ങനെ പല ന്യൂനതകളും മേലുദ്ധരിച്ച വാദരീതിയിൽ കാണപ്പെടുന്നുണ്ടു്.

എന്നാൽ പ്രസ്തുത വേദപുസ്തകം വളരെ പുരാതനമെങ്കിലും 1665_നു ശേഷം കേരളത്തിൽ വന്ന ഒരു മാർ യോഹന്നാനൊ ഒരു മാർ ഗ്രീഗോറിയൂസോ മുളന്തുരുത്തിൽ കൊണ്ടുവന്നെന്നും കൈമറിഞ്ഞു് പുന്നത്രമെത്രാന്റെ പക്കൽ അതു ചെന്നെത്തിയെന്നും അദ്ദേഹം അതു് ബുക്കാനാനു് സമ്മാനിച്ചെന്നും എഴുത്തുകാരൻ പറഞ്ഞു കേട്ടിട്ടുണ്ടു്.

9. "കൊടുങ്ങല്ലൂർവച്ചു് യാക്കോബു് എന്ന നെസ്തോറിയൻ മെത്രാൻ 1510 മീനം 6_ാംനു- ബുധനാഴ്ച സുറിയാനിയിലേക്കു തൎജ്ജമ ചെയ്തതെന്നു പറയപ്പെടുന്ന ഒരു പുതിയ നിയമം വത്തിക്കാൻ പുസ്തകശാലയിൽ സൂക്ഷിച്ചിട്ടുണ്ടു്. (Commentary of Joseph Aloysius Asseman. 212) ബാബിലോൻ സഭയിലും മലങ്കരസഭയിലും വളരെ മുമ്പുതന്നെ വേദപുസ്തകം സുറിയാനിയിലേക്കു അധികാരികൾ തൎജ്ജമചെയ്തിട്ടുള്ളതിനാൽ ഇപ്രകാരമൊരു പുതിയ തൎജ്ജമക്കു ആവശ്യമി

ല്ലായിരുന്നു ഈ പ്രയാസമേറിയ ജോലി നിൎവ്വഹിക്കത്തക്കവണ്ണം മാർ യാക്കോബ് ഒരു ഗ്രീക്കു പണ്ഡിതനായിരുന്നു എന്നു ആരും തെളിയിച്ചിട്ടുമില്ല. ആകയാൽ തർജ്ജമ ചെയ്തു എന്നു പറയുന്നതു മലങ്കരെയുണ്ടായിരുന്ന പുതിയനിയമത്തിൽ യാക്കോബായ പഞ്ചാംഗവും വാഖനയും ഉണ്ടായിരുന്ന കുറിപ്പുകൾ വളരെയുണ്ടായിരുന്നതിനാൽ അവയെ നെസ്തോർ സഭയ്ക്കു യോജിക്കത്തക്കവണ്ണം മാറിയെഴുതുകയോ പരിഷ്കരിക്കയോ ചെയ്തതിനെ ഉദ്ദേശിച്ചായിരുന്നു എന്നു വിചാരിക്കേണ്ടതാണു്.

ഉത്തരം. വേദപുസ്തകത്തിന്റെ പ്രതികൾ കുറച്ചുമാത്രമുണ്ടായിരുന്ന അക്കാലത്തു് സ്വദേശത്തുനിന്നുകൊണ്ടുവന്ന ഒരു "നെസ്തോറിയൻ" വേദപുസ്തകംതന്നെ മാർ യാക്കോബ് പകൎത്തിയെഴുതിയതാണെന്നു വരാവുന്നതല്ലയോ? ഈ സ്ഥിതിക്കു് യാക്കോബായ വാദരീതി സ്വീകാൎയ്യമാകുന്നതെങ്ങിനെ? യാക്കോബായ വേദപുസ്തകം തന്നെയാണു് മാർ യാക്കോബ് "നെസ്തോറിയൻരീതിയിൽ" പകൎത്തിയതെന്നും, അതിനുമുമ്പു് കേരളീയസഭയിൽ ആ യാക്കോബായ വേദപുസ്തകം ഉപയോഗിച്ചിരുന്നു എന്നും വന്നാലും കേരളീയസഭ യാക്കോബായ ആയിരുന്നെന്നു് അതിൽനിന്നു് അനുമാനിക്കാവുന്നതല്ലെന്നു മുമ്പു വിശദീകരിച്ചതാണു്. മാർ യാക്കോബ് യാക്കോബായ വേദപുസ്തകത്തെ മാററി എഴുതിയെങ്കിൽ, അതു് അന്യസഭക്കാരുടെ വേദപുസ്തകം ഉപയോഗപ്പെട്ടത്തേണ്ടതെങ്ങനെയെന്നു നന്നെ ധരിപ്പിക്കയത്രെ ചെയ്യുന്നതു്. മാർ യാക്കോബ് തർജ്ജമ ചെയ്യുകയാണോ മാറി എഴുതുകയാണോ ചെയ്തതു് എന്നുള്ള വിഷയത്തിലേക്കു പ്രവേശിക്കേണ്ട ആവശ്യമില്ല.

മാർ യാക്കോബു് കത്തോലിക്കനായിരുന്നെന്നു് മുമ്പു പ്രസ്താവിച്ചിട്ടുള്ളതിലേക്കു വായനക്കാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

10. തെയദോറോസിന്റെ പേരിൽ ഒരു കുർബാനതക്സാ "ചില ദിവസങ്ങളിൽ" കേരളത്തിൽ ഉപയോഗിച്ചിരുന്നതായി ഉദയംപേരൂർ സൂനഹദോസു പ്രസ്താവിക്കുന്നു. നെസ്തോറിയരുടെയിടയിൽ ഈ തക്സാ സാധാരണമാണു്. എന്നാൽ യാക്കോബായക്കാർ റമ്പാൻ തെയദോറോസു് എന്ന അവരുടെ ഒരു സിദ്ധന്റെ പേരിലുള്ള ഒരു തക്സാ ഉപയോഗിക്കുന്നുണ്ടു്. തെയദോറോസിന്റെ പേരിലുള്ളതെന്നു് ഉദയംപേരൂർ സൂനഹദോസു പറയുന്നതു് "ചിലദിവസങ്ങളിൽ" മാത്രം കേരളീയ സഭ ഉപയോഗിച്ചിരുന്നതിനാലും നെസ്തോറിയൻകാൎക്കു് തെയദോറോസിന്റേതു് സാധാരണമാകയാലും കേരളത്തിലുണ്ടായിരുന്നതു് നെസ്തോറിയൻ തെയദോറോസിന്റേതല്ല, യാക്കോബായ തെയദോറോസിന്റേതാണു്. കേരളീയസഭ യാക്കോബായ ആയിരുന്നതിന്റെ അവശേഷമാണു് ഇതു്.

ഉത്തരം. തെഒദോറോസിൻെറ പേരിൽ അറിയപ്പെടുന്ന ഒരു തക്സാ നെസ്തോറിയൻകാരും കത്തോലിക്കരായ കൽദയക്കാരും ഇന്നും ഉപയോഗിക്കുന്നുണ്ടു്. എന്നാൽ എല്ലാദിവസവും (സാധാരണമായി) ഉപയോഗിക്കേണ്ട ഒന്നല്ല അതു്, ആണ്ടിൽ ചിലദിവസങ്ങളിൽ മാത്രമേ അതുപയോഗിക്കുവാൻ പാടുള്ളു. നെസ്തോറിയൻകാൎക്കു അതു "സാധാരണ"മാണു് എന്നു പറയുക ശരിയല്ല. അപ്രകാരംതന്നെ കൽദായക്കാൎക്കും അതു "സാധാരണ"മല്ല. "ചിലദിവസങ്ങളിൽ" എന്നു് ഉദയമ്പേരൂർ സൂനഹദോസു് പറയുന്നതു് അതിനെപ്പററി ഗ്രഹിക്കുവാൻ പാടുള്ള സ്ഥിതിക്കു്, യാക്കോബായനായ തെഒദോറോസിൻെറ തക്സായും യാക്കോബായ വിശ്വാസത്തിൻെറ അവശേഷവും സൂനഹദോസിൻെറ പ്രസ്താവനയിൽ കണ്ടെത്തുന്നു എന്നു സമൎത്ഥിക്കുക അബദ്ധമാണു്.

ഉദയമ്പേരൂർ സൂനഹദോസു പ്രസ്താവിക്കുന്ന തെഒദോറോസിൻെറ തക്സായെ ചിലർ ദീയസ്ക്കോറോസിൻെറ തക്സാ ആക്കിക്കൊണ്ടു് യാക്കോബായ വാദം പ്രബലപ്പെടുത്തുവാൻ ശ്രമിക്കുന്നുണ്ടു്. സൂനഹദോസു ദീയസ്ക്കോറോസു് എന്നു പ്രസ്താവിക്കുന്നു എന്നായിരിക്കാം ഈ കൂട്ടരുടെ ധാരണ!

11. കേരളീയരുടെ കുർബാനാനുഷ്ഠാനത്തിൽ നടന്നിരുന്ന ഒരു പ്രത്യേക കൎമ്മത്തെ മെനേസിസു് (6) കുററപ്പെടുത്തുന്നതു് ഇങ്ങനെയാണത്രെ: "ഈ മെത്രാസനഇടവകയിലെ കുർബാനകളിൽ ഭക്തികെട്ടതും ദൈവദൂഷണകരവും ആയ ഒരു കൎമ്മമുണ്ടു്. അതു് ഇതാണു്. പട്ടക്കാരൻ അപ്പം വീഞ്ഞിൽ മുക്കി അതിനെ മുറിച്ചു് ഒരു കഷണം വലത്തുകൈയിൽ പിടിച്ചു് അതുകൊണ്ടു് പീലാസായിൽ ഇരിക്കുന്ന മറേറ കഷണത്തിന്മേൽ ഒരു കുരിശടയാളംവരച്ചു് അതിനെ അയാളുടെ വലത്തുതള്ളവിരലിൻെറ നഖം കൊണ്ടു് കുത്തിമുറിക്കുന്നു. രക്തം ശരിരത്തിൽ പ്രവേശിച്ചു് ശരീരവും രക്തവും ഒന്നായിത്തീരുന്നതിനാണത്രെ ഇങ്ങനെ ചെയ്യുന്നതു്. ('ഉദ. സൂന. അഞ്ചാം സെഷ്യൻ മൂന്നാം ഡിക്രി') നെസ്തോറിയൻകാർ ഇങ്ങനെ ചെയ്യുന്നില്ല. യാക്കോബായക്കാർ ഇങ്ങനെ തന്നെ ചെയ്യുന്നു. ആകയാൽ യാക്കോബായമതം അന്നുണ്ടായിരുന്നു. മുമ്പുണ്ടായിരുന്ന യാക്കോബായ വിശ്വാസത്തിൻെറ അവശേഷണമാണിതു്. ഇതു് യാക്കോബായക്കാരനായ തെഒദോറോസിൻെറ തക്സായിലെ ക്രമമായിരിക്കണം.

---

6) ഉദയമ്പേരൂർസൂനഹദോസുവിളിച്ചുകൂട്ടിയ ഗോവമെത്രാപ്പോലീത്താ.

ഉത്തരം. ഉദയംപേരൂർ സൂനഹദോസിൻെറ വാക്യങ്ങളുടെ തർജ്ജമ വാദഭാഗത്തു കൊട്ടത്തിരിക്കുന്നതു് ശരിയല്ല. സൂനഹദോസു പറയുന്നതിപ്രാകാരമാണു്: "........പട്ടക്കാരൻ അപ്പം മുറിച്ചശേഷം രക്തം പുരട്ടപ്പെട്ട (രക്തത്തിൽ മുക്കപ്പെട്ട) അംശം വലത്തുകൈയിൽ പിടിച്ചുകൊണ്ടു് നനക്കപ്പെട്ട ഭാഗംകൊണ്ടു് പീലാസായിൽ ഇരിക്കുന്ന മറേറ അംശത്തിൽ കുരിശടയാളം വരച്ചു് അതിനെ വലത്തുകൈയുടെ നഖം കൊണ്ടു് "കുത്തിമുറിക്കുന്നു" (മടക്കുന്നു)........"—Sacerdos tenens dextera manu post fractionem. Hostiae particulam sanguine imbutam dum ea intincta signum crucis facit, super aliam existentem in patena, dexteri pollicis ungue findat illam...."—തർജ്ജമ തമ്മിൽ എത്ര വ്യത്യാസമുണ്ടെന്നു സൂക്ഷിച്ചാലും!

കേരളത്തിലെ പഴയകൂററു സുറിയാനിക്കാരും, കത്തോലിക്കരായ കൽദായക്കാരും, നെസേ്താറിയൻകാരും ഇന്നും ഇങ്ങനെ തന്നെ ചെയ്യുന്നു. ഇതിൽ നിന്നു് കൽദായസഭയും, നെസേ്ാറിയൻസഭയും യാക്കോബായ ആയിരുന്നെന്നു് ആരെങ്കിലും വിധിക്കുമോ! ഈ ആചാരം തന്നേയാണു് ഉദയമ്പേരൂർസൂനഹദോസിനു മുമ്പു് കേരളീയസഭ അനുഷ്ഠിച്ചിരുന്നതെന്നു് സൂനഹദോസിൻെറ യഥാൎത്ഥ വാക്യങ്ങളിൽ നിന്നു വിശദമാകുന്നു. ആകയാൽ ഇതിനെ യാക്കോബായ അവശേഷമാക്കുന്നതെങ്ങിനെ? മെനേസീസ് അബദ്ധമായി ഈ ക്രമത്തെ അബദ്ധമാക്കി എന്നതു വാസ്തം തന്നെ.

തെററായ തർജ്ജമയെ അവലംബിച്ചുകൊണ്ടു് മി. ഇ. എം. പിലിപ്പോസു നടത്തുന്ന വാദത്തിലേക്കു് ഇനി നമുക്കു പ്രവേശിക്കാം. നെസേ്താറിയൻകാരുടെ ക്രമം ഗ്രന്ഥകാരൻ ഇങ്ങനെ വിവരിക്കുന്നു. "തൻെറ കൈകളിലുള്ള അപ്പത്തെ രണ്ടു കഷണങ്ങളായി മുറിച്ചു് ഇടത്തെ കൈയിലുള്ള കഷണത്തെ യഥാസ്ഥാനത്തു വെയ്ക്കണം. എന്നാൽ മുമ്പിലത്തെ സ്ഥിതിയിലല്ല, പിന്നയോ മുറിക്കപ്പെട്ട കഷണം കാസായുടെ മുമ്പിലായിട്ടത്രെ വെയ്ക്കേണ്ടതു്. വലത്തുകൈയിലുള്ള കഷണംകൊണ്ടു് കാസായിലുള്ള രക്തത്തിന്മേൽ കിഴക്കു നിന്നു് പടിഞ്ഞാട്ടും വലത്തുനിന്നു് ഇടത്തോട്ടും വരയ്ക്കുകയും അതിൻെറ മൂന്നിലൊരു ഭാഗം കാസായിൽ മുക്കി നനയ്ക്കുകയും വേണം." ശേഷമുള്ള ഭാഗം വിട്ടുകളഞ്ഞിരിക്കുന്നു.

"....രക്തം പുരട്ടപ്പെട്ട (രക്തത്തിൽ മുക്കപ്പെട്ട) അംശം വലത്തു കൈയിൽ പിടിച്ചുകൊണ്ടു്...." എന്നു് ഉദയംപേരൂർ സൂന്നഹദോസു് ചുരുക്കിപ്പറയുന്നതാണു് (മുകളിൽ കൊടുത്തിരിക്കുന്ന യഥാൎത്ഥ തർജ്ജമ നോക്കുക) "വലത്തുകൈയിലുള്ള കഷണംകൊണ്ടു് കാസായിലുള്ള രക്തത്തിന്മേൽ...." എന്നു് നെസ്തോറിയൻ ക്രമത്തിന്റെ മേലെഴുതിയ തർജ്ജമയിൽ കാണുന്നതു്. "നനയ്ക്കപ്പെട്ട ഭാഗംകൊണ്ടു് പീലാസായിൽ ഇരിക്കുന്ന മറേറ അംശത്തിൽ കുരിശടയാളം വരച്ചു്...." എന്നിങ്ങനെ ഉദയംപേരൂർ സൂന്നഹദോസു് പറയുന്ന ക്രമം (മുകളിൽ കൊടുത്തിരിക്കുന്ന യഥാൎത്ഥ തർജ്ജമ നോക്കുക)—അതായതു് അപ്പത്തിന്മേൽ കുരിശടയാളം വരക്കുന്ന ക്രമം—നെസ്തോറിയൻകാൎക്കുമുണ്ടു്. പക്ഷെ നെസ്തോറിയൻ ക്രമം ഉദ്ധരിയ്ക്കയിൽ മി. പീലിപ്പോസു് ആ ഭാഗം വിട്ടുകളഞ്ഞു. (7) (മുകളിൽ നോക്കുക). ഇങ്ങനെയൊരു ഭാഗം വിട്ടുകളഞ്ഞശേഷം അദ്ദേഹം വാദിക്കുന്നു: "നെസ്തോറിയക്കാർ വലത്തു കൈയിൽ പിടിച്ചിരിക്കുന്ന കഷണംകൊണ്ടു് രക്തത്തിൽ കുരിശടയാളം വരയ്ക്കുന്നു. എന്നാൽ മലങ്കരസുറിയാനിക്കാർ വലത്തുകൈയിൽ പിടിച്ചിരിക്കുന്ന കഷണംകൊണ്ടു് പീലാസായിൽ ഇരിക്കുന്ന മറേറ പകുതിയിക്കഷണത്തിന്മേൽ കുരിശടയാളം വരയ്ക്കുന്നു". നോക്കുക! സംഗതി എത്ര വ്യത്യാസപ്പെട്ടു!

മി. പീലിപ്പോസു് വീണ്ടും വാദിക്കുന്നു: "നെസ്തോറിയക്കാർ ആദ്യം വീഞ്ഞിൽ കുരിശടയാളം വരച്ചിട്ടു് പിന്നീടു് അതിൽ അപ്പം മുക്കുന്നു. എന്നാൽ സുറിയാനിക്കാർ (8) ആദ്യമേ അപ്പ

---

(7) ഈ ക്രമം നെസ്തോറിയൻകാൎക്കും, കത്തോലിക്കരായ കൽദായക്കാൎക്കും ഒന്നുതന്നേയാകയാൽ നെസ്തോറിയൻക്രമമാണെന്നു് മി. പീലിപ്പോസു് പറയുന്നതു് "നെസ്തോറിയൻ" വിശേഷണത്തെപ്പററി വിമർശിക്കാതെ നെസ്തോറിയൻ തന്നേയായി ഇവിടെ സ്വീകരിച്ചിരിക്കുന്നു. ഇതിൽ നിന്നു് കേരളീയസഭ അന്നു് നെസ്തോറിയത്വം സ്വീകരിച്ചു് ശീസ്മയിൽ അധഃപതിച്ചിരുന്നു എന്നു സമ്മതിക്കുന്നതായി ആരും അൎത്ഥമാക്കരുതു്.

(8) സുറിയാനിക്കാർ, മലങ്കരസുറിയാനിക്കാർ എന്നെല്ലാം മി. പീലിപ്പോസു പറയുമ്പോൾ അദ്ദേഹം പഴയക്കൂററു സുറിയാനിക്കാരെ ഉദ്ദേശിക്കുന്നില്ല. അവരും സുറിയാനിക്കാരും, മലങ്കരസുറിയാനിക്കാരും ആയിട്ടാണു് കേരളത്തിൽ എന്നും അറിയപ്പെട്ടിരിക്കുന്നതു്.

ത്തിന്റെ ഒരു കഷണം വീഞ്ഞിൽ മുക്കിയിട്ട് പിന്നീട മറേറ പകുതി അപ്പത്തിന്മേൽ കുരിശടയാളം വരയ്ക്കുകയായിരുന്നു." ആദ്യമേ രക്തത്തിൽ കുരിശടയാളം വരയ്ക്കുന്നില്ല എന്നർത്ഥത്തിൽ മി. പീലിഫോസ് ഇങ്ങനെ പ്രസ്താവിക്കുന്നതു് തെററായ അദ്ദേഹത്തിന്റെ തർജ്ജമയേയും (മുകളിൽ നോക്കുക) നെസ്തോറിയൻ ക്രമത്തിന്റെ അപൂർണ്ണമായ വിവരണത്തെയും (മുകളിൽ അദ്ദേഹം കൊടുക്കുന്ന അപൂർണ്ണവിവരണം നോക്കുക) അടിസ്ഥാനപ്പെടുത്തി മാത്രമാണ്! ശരിയായ തർജ്ജമയിൽ ആദ്യമെ വീഞ്ഞിൽ കുരിശടയാളം വരയ്ക്കുന്നു എന്നല്ലതു് സ്പഷ്ടമായി പറഞ്ഞിട്ടില്ല എന്നേയുള്ളൂ. പക്ഷേ മുക്കുമ്പോൾ അതോടെ കുരിശടയാളം വരച്ചിരുന്നു (ആദ്യമേ) എന്നു് അന്നത്തെ കുർബാനയുടെ തർജ്ജമ റോളിൻ തന്റെ കൃതിയിൽ ചേർത്തിരിക്കുന്നതിൽ നിന്നു മനസ്സിലാക്കാം. അതിപ്രകാരമാണ്: "പട്ടക്കാരൻ ഇടത്തുകൈയിൽ പിടിച്ചിരിക്കുന്ന അപ്പക്കഷണം പീലാസായിൽ വെയ്ക്കുന്നു മറേറതു രക്തത്തിൽ പകുതിവരെ മുക്കുന്നു. അപ്പോൾ പറയുന്നു: വിലപിടിച്ച രക്തം നമ്മുടെ കർത്താവു് ഈശോമ്ശിഹായുടെവിശുദ്ധശരീരത്താൽ പിതാവിന്റേയുംപുത്രന്റേയുംപരിശുദ്ധാത്മാവിന്റേയും നാമത്തിൽ റശ്മാ(Signetur) ചെയ്യപ്പെടുന്നു. അതിന്റെശേഷം രക്തം പുരണ്ട ഭാഗംകൊണ്ടു് മറേറക്കഷണത്തെ റശ്മാചെയ്തു് അതിനെ പീലാസായിൽ വെയ്ക്കുന്നു. അപ്പോൾ പറയുന്നു: വിശുദ്ധശരീരം നമ്മുടെ കർത്താവു് ഈശോമ്ശിഹായുടെ ജീവിപ്പിക്കുന്നരക്തത്താൽ പിതാവിന്റേയും പുത്രന്റേയുംപരിശുദ്ധാത്മാവിന്റേയും നാമത്തിൽ റശ്മാ (Signetur) ചെയ്യപ്പെടുന്നു." (9) ഈ റശ്മായെ ആണ് കുരിശടയാളം എന്നു് ഉദയമ്പേരൂർ സൂനഹദോസു വിളിക്കുന്നതു്. റശ്മാ രണ്ടുസ്ഥലത്തുമുള്ളതിനാൽ കേരളീയർ ആദ്യമേ രക്തത്തിൽ കുരിശടയാളം വരച്ചിരുന്നു എന്നു തെളിയുന്നു കുരിശടയാളം വരച്ചശേഷമല്ല കേരളീയർ രക്തത്തിൽ അപ്പം മുക്കിയിരുന്നതു്. മുക്കുന്നതും വരയ്ക്കുന്നതും ഒരുമിച്ചായിരുന്നു എന്നു് റോളിന്റെ വാക്യങ്ങൾ സാക്ഷ്യം വഹിക്കുന്നു. പഴയകൂററുകാർ ഇന്നും ഇങ്ങനെ ചെയ്യുന്നു.

ആകയാൽ സുറിയാനിക്കാർ (ഉദയമ്പേരൂർ സൂനഹദോസിനു മുമ്പുള്ള കേരളീയസുറിയാനിക്കാർ) ആദ്യമേ കാസായിൽ അപ്പംമുക്കിയശേഷം

---

(9) Raulin, o. c. p. 321.

കുരിശുവരച്ചിരുന്നു എന്നുപറഞ്ഞുകൊണ്ടു് ആദ്യമേ കുരിശുവര അപ്പത്തിലാണു് രക്തത്തിലല്ല നടന്നിയിരുന്നതു് എന്നു ധ്വനിപ്പിക്കുന്നതു ശരിയല്ലതന്നെ. അപ്രകാരംതന്നെ വീഞ്ഞിൽ അപ്പം മുക്കുമ്പോൾ അതോടെ കേരളീയർ കുരിശുവരച്ചിരുന്നില്ല എന്നു് നെസ്തോറിയൻ ക്രമവിവരണത്തെ (ആ അപൂർണ്ണവിവരണം മുകളിൽകാണുക) അടിസ്ഥാനപ്പെടുത്തി വാദിക്കുന്നതും ശരിയല്ല. നെസ്തോറിയൻ ക്രമവിവരണത്തിൽ "രക്തത്തിന്മേൽ കിഴക്കുനിന്നു് പടിഞ്ഞാട്ടും വലത്തുനിന്നു് ഇടത്തോട്ടും വരയ്ക്കുകയും (10) അതിന്റെ മൂന്നിലൊരുഭാഗം കാസായിൽ മുക്കി നനയ്ക്കുകയും ചെയ്യുന്നു" എന്നുള്ളതിൽ വരയ്ക്കുന്നതോടുകൂടിതന്നെ മുക്കിനനക്കുന്നു എന്ന അർത്ഥം വരാം. പക്ഷെ ഇതു പ്രസ്താവിക്കാതെ മി. പീലിപ്പോസിന്റെ വ്യാഖ്യാനത്തിൽ "കുരിശടയാളം വരച്ചിട്ടു് പിന്നീടു് അതിൽ അപ്പം മുക്കുന്നു" എന്നു് തിരുത്തിപറയുന്നു; പിന്നീടു് എന്നതു് കൂട്ടിച്ചേർത്തതോടെ അദ്ദേഹത്തിന്റെ അഭിപ്രായത്തിനു് ഇല്ലാത്ത പ്രാബല്യംസിദ്ധിച്ചിരിക്കുന്നു! അതു കൂട്ടിച്ചേർക്കുവാനുള്ള ആധാരമെന്തു്?

ആകയാൽ യാക്കോബായ വിശ്വാസത്തിന്റെ അവശേഷമോ യാക്കോബായനായ തെഒദോറോസിന്റെ തക്സായോ കേരളത്തിലുണ്ടായിരുന്നെന്നു സ്ഥാപിക്കുവാൻ ഈ വാദം പര്യാപ്തമല്ലതന്നെ. പ്രത്യുത ഇവയ്ക്കുരണ്ടിനും നേരേ വിപരീതങ്ങളായ അനുമാനങ്ങളിലേക്കാണു് സംഗതികളുടെ യാഥാർത്ഥ്യം നമുക്കു വഴിതെളിക്കുന്നതു്!

യാക്കോബായക്രമം എന്തെന്നോ, യാക്കോബായനായ തെഒദോറോസിന്റെ തക്സായിലെ ക്രമത്തിനു് സാധാരണ യാക്കോബായക്രമത്തിൽനിന്നു വ്യത്യാസമുണ്ടോ എന്നോ ഒന്നും ഇവിടെ ആലോചിക്കേണ്ട ആവശ്യമില്ല.

12) ഉദയംപേരൂർസൂനഹദോസിനു മുമ്പു് കേരളത്തിൽ മാമ്മോദീസാ വിവിധവിധത്തിൽ നടന്നിരുന്നു. അവയിൽ "പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഇന്നാരു് മാമ്മോ

---

(10) സുറിയാനിയിൽ വരയ്ക്കു എന്നതിനു് റാശേം അഥവാ രശ്മാ ചെയ്യുക എന്ന പദമാണു്

ദീസാ മുഴകി (11) പൂർണ്ണമാക്കപ്പെടുന്നു" എന്നുള്ളതു് നെസ്തോറിയൻ കാരുടേതാണു്. ആകയാൽ ചില സ്ഥലങ്ങളിൽ മാത്രമേ നെസ്തോറിയൻരീതി നടപ്പായിരുന്നുള്ളൂ. ഇതിന്റെ അർത്ഥം മററു സ്ഥലങ്ങളിൽ യാക്കോബായരീതിയായിരുന്നു എന്നാണു്.

ഉത്തരം. നെസ്തോറിയൻകാരുടേതെന്നു മി. പീലിപ്പോസു് പറയുന്നരീതി "വളരെ പട്ടക്കാർ" (Plures Cassanarios) (12) ഉപയോഗിച്ചിരുന്നു എന്നാണു് ഉദയംപേരൂർസുനഹദോസു പറയുന്നതു്! മി. പീലിപ്പോസാകട്ടെ "വളരെ" എന്നുള്ളതു് "ചില പള്ളികളിലും ചില പട്ടക്കാരാലും മാത്രമേ" എന്നാക്കി!

സുനഹദോസു സൂചിപ്പിക്കുന്ന വേറൊരു രീതി ഗ്രീക്കുകാരുടേതു പോലെയാണെന്നു് സുനഹദോസു തന്നെ പ്രസ്താവിക്കുന്നുണ്ടു്. അതി ങ്ങനെയാണു്. "മശിഹായുടെ ദാസൻ, ഇന്നാർ, മുക്കപ്പെടുന്നു. പിതാവിന്റെയും ആമ്മേൻ—പുത്രന്റേയും —ആമ്മേൻ—പരിശുദ്ധാത്മാവിന്റേയും—ആമ്മേൻ—നാമത്തിൽ" ഇതു് യാക്കോബായരീതിയിൽ നിന്നു വ്യത്യാസമാണു്. ഈ രണ്ടു രീതിയോ, സുനഹദോസു് അംഗീകരിക്കുന്നതൊഴിച്ചുള്ള വേറെ ഏതെങ്കിലും രീതിയോ ഉപയോഗിക്കരുതെന്നും, വേറെയുള്ളവ പുസ്തകങ്ങളിൽ നിന്നു നീക്കം ചെയ്യണമെന്നും സുനഹദോസു കല്പിക്കുന്നു. വേറെയുള്ളവ ഏവയെന്നറിയാതെ യാക്കോബായരുതെന്നു് മി. പീലിപ്പോസു് എങ്ങനെ വിധിച്ചു? നെസ്തോറിയമല്ലാത്തതു് യാക്കോബായ ആകണം എന്നുള്ള യുക്തിഭംഗവും വാദത്തിൽ കാണപ്പെടുന്നുണ്ടു്.

സാരാംശത്തിൽ ഒന്നുതന്നേയായ പല രീതികൾ നെസ്തോറിയൻ സഭയിലും, കൽദായസഭയിലും, യാക്കോബായ സഭയിലും പണ്ടുണ്ടായിരുന്നു. ഉദാ. ഥൂർ അബ്ദീനിൽ ഉപയോഗിക്കുന്ന യാക്കോബായ രീതിയല്ല യാക്കോബായക്കാർ മററു ചില സ്ഥലങ്ങളിൽ ഉപയോഗിക്കുന്നതു്. വത്തിക്കാൻ ഗ്രന്ഥശാലയിലുള്ള ഒരു യാക്കോബായ കയ്യെഴുത്തു പുസ്തകത്തിൽ (Codox Vatic Syriac. 57.) കാണുന്ന

---

(11) സുറിയാനിയിൽ ആമേദ് ഈ തർജ്ജമയെപ്പററി സംശയിക്കേണ്ടിയിരിക്കുന്നു.

(12) Synod. Diamp. Actio IV de Bapt. 2.

രീതിയും (13) ഇന്നു യാക്കോബായക്കാർ കേരളത്തിലുപയോഗിക്കുന്ന രീതിയും (13b) തമ്മിൽ വ്യത്യാസമുണ്ടു്. എന്തിനു്? ഇന്നു് മാമ്മോദീസാശുശ്രൂഷ മലയാളത്തിൽ നടത്തുമ്പോൾ കേരളത്തിലെ ഓരോ യാക്കോബായ പട്ടക്കാരനും ഓരോ തരത്തിലുള്ള വിവൎത്തനമല്ലയോ ഉപയോഗിക്കുന്നതു്? (14) ഈ രീതിവ്യത്യാസത്തിൽ നിന്നു് അവയിൽ ചിലവ യാക്കോബായ അല്ലന്നു് ആരെങ്കിലും വാദിക്കുമോ? ആകയാൽ വിവിധരീതി എന്നു കേട്ടുകൊണ്ടു് അവ വിവിധസഭകളുടെ ആണെന്നു് അനുമാനിക്കുക അബദ്ധമാണു്.

13) രണ്ടാം കെട്ടു നടത്തിയവരും, വിധവകളെ കെട്ടിയവരും, കുൎബാനപ്പട്ടമേററശേഷം കെട്ടിയവരും, ഇങ്ങനെ ചെയ്തശേഷം വൈദികവൃത്തി നടത്തിയിരുന്നവരും ആയ പട്ടക്കാർ കേരളത്തിൽ ഉദയംപേരൂർ സുന്നഹദോസിന്റെ കാലത്തുണ്ടായിരുന്നു. ചിലർ "രണ്ടാം വിവാഹത്തിന്റെശേഷം പട്ടക്കാൎക്കടുത്ത ശുശ്രൂഷകളും കൎമ്മങ്ങളും അനുഷ്ഠിക്കാതെ ഒഴിഞ്ഞിരിക്കയും ചെയ്തിരുന്നു. ആദ്യഭാൎയ്യയുടെ മരണശേഷം വിവാഹം കഴിപ്പാൻ പാടില്ലായിരുന്നു എന്നാണു് കേരളീയരുടെ നിയമം". എന്നാൽ നെസ്തോറിയൻ പട്ടക്കാൎക്കു ഈ വക നിബന്ധനയൊന്നുമില്ല. 497-ൽ ബാബായി എന്ന നെസ്തോറിയൻപാത്രിയൎക്കീസു് എല്ലാ തരം വിവാഹവും പട്ടക്കാൎക്കനുവദിച്ചു. യാക്കോബായ

---

(13) അതിലെ രീതി: ഓമേദ്_പ്ലോൻ_ദ്നിഹവെ_എമറോ_ബഗ്സോറോ_മ്ശീഹോ_ബശ്മോ_ ദാബോ_ഉദബ്രോ_വദറൂഹോ_ഹായോ_ഉകാദീശോ_ലഹായെ_ദല്ഓലം_ഒൽമീൻ_

സലഹായ മെത്രാപ്പോലീത്താ ആയ ഹാബീബ് ആണു് ഈ പുസ്തകം എഴുതിയതു്. ഈ രീതി സെവേരുസ് (സെവാറാ)സഭയിൽ ഏൎപ്പെടുത്തി (മോർ_സേവേറാ_തക്സെ_ബീഥാ_കാദീശ്ത്താ) എന്നാണു് എഴുത്തുകാരൻ പറയുന്നതു്.

(13b) ഇന്നത്തെ രീതി: ഓമേദ്_പ്ലോൻ അൽ_സബ്റോ_ദ്ഹായെ ഉശ്ശുബ്ക്കോനോ_ദഹത്തോഹേ_ബശ്മാ_ദാബോ_ഉദബ്രോ_വദ്റൂഹോ_ഹായോ_ഉകാദീശോ_ലഹായെ_ദല്ഓലാം-ഓൽമീൻ

(14) മാമ്മോദീസാ സ്വീകരിക്കുന്നു, മുങ്ങുന്നു, മുഴുകുന്നു മുങ്ങപ്പെടുന്നു എന്നിങ്ങനെ പല വിവൎത്തനങ്ങൾ "ഓമേദ്" എന്ന സുറിയാനി ശബ്ദത്തിനു നൽകിവരുന്നു.

ക്കാരുടെയിടയിലാകട്ടെ രണ്ടു കെട്ടുന്നതോ, വിധവയെ കെട്ടുന്നതോ, കർബ്ബാനപ്പട്ടമേററശേഷം കെട്ടുന്നതോ, ഇങ്ങനെ ചെയ്തശേഷം വൈദികവൃത്തി നടത്തുന്നതോ നിഷിദ്ധമാണു്. ഈ നിയമമായിരുന്നു കേരളത്തിലെ നിയമം. ആകയാൽ പുനർവിവാഹശേഷം വൈദികവൃത്തി നടത്താതെയിരുന്ന പട്ടക്കാർ യാക്കോബായ മുറയനുസരിച്ചിരുന്നവരത്രെ. പുരാതനമായി കേരളത്തിലുണ്ടായിരുന്ന യാക്കോബായ വിശ്വാസത്തിന്റെ അവശേഷമാകുന്നു ഇതു്.

ഉത്തരം. കേരളത്തിലേതെന്നു മി. പീലീപ്പോസു പറയുന്ന നിയമം മിക്ക പൌരസ്ത്യസഭകൾക്കും പൊതുവായ നിയമമാണു്! ആകയാൽ മി. പീലിപ്പോസിന്റെ വാദത്തിൽ നിന്നു് എന്തെങ്കിലും തെളിയുമെങ്കിൽ അതു് ഒരു പക്ഷെ കേരളീയസഭ അദ്ദേഹം പറയുന്നപോലെ നെസ്തോറിയ അല്ലായിരുന്നു എന്നു മാത്രമാണു്. അതിൽ നിന്നു് യാക്കോബായ ആയിരിക്കണമെന്നു ധ്വനിക്കുകയില്ല തന്നെ

നെസ്തോറിയൻകാരുടെയിടയിൽ ബാബായി (?) (15a) പുനർവിവാഹംപോലും പട്ടക്കാർക്കനുവദിച്ചു എന്നു പറയുന്നതു് വാസ്തവമാണു്. എന്നാൽ നെസ്തോറിയൻ സഭയുടെ അംഗീകൃതനിയമം അതല്ല. നെസ്തോറിയൻ സഭയുടെ ഔദ്യോഗികകാനോൻ നിയമസംഹിതയായ സ്ബോറിലെഅവുദീശോയുടെ കൃതിയിൽ ഇങ്ങനെ വിധിച്ചിരിക്കുന്നു: മാമ്മോദീസായിക്കുശേഷം രണ്ടു കെട്ടുകയോ, വെപ്പാട്ടിയെ സ്വീകരിക്കുകയോ ചെയ്യുന്നവൻ മെത്രാനോ, പട്ടക്കാരനോ, ആറാംപട്ടക്കാരനോ, പട്ടക്കാരന്റെ പട്ടത്വത്തിന്റെ ഏതെങ്കിലുമുള്ളവനോ ആയിക്കൂടാ.” (5) ഇപ്പോഴുള്ള നെസ്തോറിയങ്കാർ ഇതിൽ നിന്നു വ്യതിചലിച്ചു് കുറെ സ്വാതന്ത്ര്യങ്ങൾ അനുഭവിക്കുന്നുണ്ടു്. ആകയാൽ നെസ്തോറിയൻകാരെപ്പററി മി. പീലിപോസു പ്രസ്താവിച്ചിരിക്കുന്നതും അതേപടി തന്നെ സ്വീകരിക്കാവുന്നതല്ല. എട്ടാംശതാബ്ദത്തിൽ ഭരണം നടത്തിയ മഹാനായ തി

---

(15a) 496-ൽ മരിച്ച അക്കാക്കിയുസു് ഇതു ചെയ്തിട്ടുണ്ടു്.

(15) Collectio Canonum Synodicorum d' Ebedjesus de Nisibe- J. M. Voste, o. P. Vatican '1931' p. 49.

മാതെഓസ് പാത്രിയക്കീസ് നെസ്തോറിയൻസഭയിൽ ബാബായി വരുത്തിയ അഴിമതികളെ നിവൃത്തലാക്കിയതായി പറയപ്പെടുന്നു (15b)

പൌരസ്ത്യരുടെ പൊതുവായ നിയമത്തിൽ നിന്നു് ഉദയമ്പേരൂർസുന്നഹദോസിന്റെ കാലത്തു് ചില കേരളീയപട്ടക്കാർ വ്യതിചലിച്ചിരുന്നു എന്നല്ലാതെ മേലുദ്ധരിച്ച സംഗതികളാൽ കേരളീയസഭയുടെ പുരാതന യാക്കോബ്യത്വം സ്ഥാപിക്കപ്പെടുന്നു എന്നു സമർത്ഥിക്കാവുന്നതല്ല. പുനർവിവാഹശേഷം വൈദികവൃത്തിയിൽ നിന്നു വിരമിച്ചിരുന്ന പട്ടക്കാർ പൊതുവായ പൌരസ്ത്യനടപടി പാലിച്ചിരുന്ന കത്തോലിക്കരായ കൽദായക്കാരോ മറ്റോ ആകാം. അവർ യാക്കോബായമയമുള്ളവരായിരുന്നു എന്നു സമർത്ഥിക്കുക യുക്തിഭംഗമാണു്.

അടുത്തയദ്ധ്യായത്തിലും ഇതേ വിഷയം തന്നെ തുടരുന്നതാണു്.

---

# പന്ത്രണ്ടാം അദ്ധ്യായം.

---

## കേരളീയസഭയും യാക്കോബായബന്ധവും

---

### (ക്രൂനൻകുരിശിനുമുമ്പ്) (൨)

കഴിഞ്ഞയദ്ധ്യായത്തിലെ വാദങ്ങൾ തന്നെ ഇതിലും തുടർന്നുകൊണ്ടുപോകാം.

14) സാഖാ, റാബാൻസാഫോർ, അസിയാ, അബ്ദാ, അഹറോൻ, ബുല്ലാത്തിക്സോ, റാബാൻ തെയൊദോറസ്, അബ്രാഹം, ദാനിയേൽ, സീനോ, മെത്രാൻഇസഹാ, സൊകിക്ക്സൊ എന്നിവരെ വിശുദ്ധന്മാരായി യാക്കോബായസഭ കരുതുന്നു. ഇവരെ കേരളീയർ വണങ്ങിയിരിന്നെന്നു് ഉദയമ്പേരൂർസുന്നഹദോസു പ്രസ്താവിക്കുന്നു. (1)

---

(15b) Fortescue, The Lesser Eastern Churches, p. 95.
1) Sess. III Decrees 9. 14.

"ഈ പരിശുദ്ധന്മാരുടെ പേരുകൾ നെസ്തോർസഭയിലെ പഞ്ചാംഗത്തിൽ കാണുന്നില്ല." യാക്കോബായപഞ്ചാംഗത്തിൽ ചിലതുണ്ടു്. ആകയാൽ അന്നു് കേരളത്തിൽ യാക്കോബായമതം ഉണ്ടായിരുന്നു. അതു മുമ്പുണ്ടായിരുന്നതിൻെറ അവശേഷമാണു്-

ഉത്തരം. യാക്കോബായക്കാരും, നെസ്തോറിയൻകാരും, കത്തോലിക്കരായ കൽദായക്കാരും ഒന്നുപോലെ വണങ്ങുന്ന വിശുദ്ധന്മാരുണ്ടു്. യാക്കോബായക്കാർ മാത്രം വണങ്ങുന്ന ആളുകളുടെ പേരുള്ള വേറെ ആളുകളെ നെസ്തോറിയൻകാരും കത്തോലിക്കരായ കൽദായക്കാരും വണങ്ങുന്നുണ്ടു്. യാക്കോബായക്കാരുടേയോ, നെസ്തോറിയൻകാരുടേയോ, കത്തോലിക്കരായ കൽദായക്കാരുടേയോ പഞ്ചാംഗങ്ങളിൽ അവർ വിശുദ്ധന്മാരായി വണങ്ങുന്നവരുടെ എല്ലാം പേരുകൾ ഇല്ല. ആകയാൽ മേൽപ്രസ്താവിച്ചവർ യാക്കോബായക്കാരാണെന്നും, യാക്കോബായക്കാരെന്ന നിലയിൽ അവരെ കേരളീയർ വണങ്ങിയിരുന്നതുകൊണ്ടാണു് ഉദയമ്പേരൂർസൂനഹദോസിൻെറ കാലത്തും ആ വണക്കം നിണ്ടുനിന്നിരുന്നതെന്നും തീരുമാനിക്കാവുന്നതല്ല.

എന്നാൽ ഈ ആളുകളെയെല്ലാം നെസ്തോറിയൻകാർ വണങ്ങിയിരുന്നെന്നു് മാർഗായിലെ തോമ്മാ, അസ്സെമാനി, സ്ബോനിലെ അവുദീശോ എന്നവരുടെ കൃതികളിൽ നിന്നു് റോളിൻ തെളിയിച്ചിട്ടുണ്ടു് (2) ആകയാൽ മി. പീലിപ്പോസിൻെറ വാദം അശേഷം ശക്തിയില്ലാത്തതായി ഭവിക്കുന്നു.

സെറീക്ക്സോയെപ്പററി മി. പീലിപ്പോസു പറയുന്നതു ശ്രദ്ധേയമാണു്. "യാക്കോബായവിശ്വാസത്തെ മുറുകെ പിടിച്ചിരുന്നതിനാൽ പീഡകൾ അനുഭവിക്കേണ്ടിവന്ന സെറിക്ക്സൊ (യോഹന്നാൻ സറിറൊ ക്രി. വി. 964_985) എന്നയാളിനേയും മലയാളത്തു് ഓക്കപ്പെട്ടിരുന്ന പരിശുദ്ധന്മാരുടെ കൂട്ടത്തിൽ പേരുപറഞ്ഞുകാണുന്നുണ്ടു്" എന്നു് അദ്ദേഹം പറയുന്നു. എന്നാൽ ഉദയമ്പേരൂർസൂനഹദോസു് ക്സറീക്ക്സാ (Xarixo) എന്നേ പറഞ്ഞിട്ടുള്ളു. അതിൻെറ വിശേഷണമായി "യാക്കോബായവിശ്വാസത്തെ മുറുകെ പിടിച്ചിരുന്നതിനാൽ പീഡകൾ അനുഭവിക്കേണ്ടിവന്നു" എന്നും, അതിൻെറ വ്യാഖ്യാനമായി "യോഹന്നാൻ സറീറൊ ക്രി. പി. 964-985" എന്നും കൂട്ടിച്ചേർത്തു

2) Raulin o. c Synod. Diamp. III. 9. 14.

കൊണ്ടാണു് മി. പീലിപ്പോസ്സ് ക്ലൂറീസ്സോയെ യാക്കോബായക്കാരനായ സറീറോാ ആക്കുന്നതു്! ഇപ്രകാരം ഉദയമ്പേരൂർസൂനഹദോസു് പേരുകൾ മാത്രം പറഞ്ഞിരിക്കുന്നവരോടു് മി. പീലിപ്പോസ്സ് സ്വന്തമായി ഓരോ വിശേഷണങ്ങൾ ചേർത്തുകൊണ്ടു് അവരെ യാക്കോബായക്കാരാക്കുവാൻ ശ്രമിക്കുന്നുണ്ടു്.

15) ത്രിത്വം മ്ശിഹായിൽ അവതരിച്ചതായി കേരളീയർ വിശ്വസിച്ചിരുന്നെന്നു് ഉദയമ്പേരൂർസൂനഹദോസു് തെററായി പ്രസ്താവിക്കുന്നുണ്ടു്. ഇങ്ങനെ പ്രസ്താവിക്കുവാൻ കാരണം അന്നത്തെ ത്രിശുദ്ധസ്തുതിയായിരിക്കണം. "ദൈവമേ നീ ശുദ്ധമുള്ളവനാകുന്നു, ബലവാനേ നീ ശുദ്ധമുള്ളവനാകുന്നു. മരണമില്ലാത്തവനേ നീ ശുദ്ധമുള്ളവനാകുന്നു. ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ" എന്ന ത്രിശുദ്ധസ്തുതിയാണു് കേരളീയർ അന്നു ചൊല്ലിയിരുന്നതു്. നെസ്തോറിയൻകാരുടെ ത്രിശുദ്ധസ്തുതി ഇപ്രകാരമാകുന്നു: "വിശുദ്ധനും മഹത്വമുള്ളവനും ബലവാനും അമൃത്യനും ശുദ്ധതകളിൽ വസിക്കയും അവയിൽ ഇഷ്ടപ്പെടുകയും ചെയ്യുന്നവനുമായ കർത്താവേ, നീ സകലത്തിലും എല്ലാവരുടേയും സഹായക്കാരൻ ആകയാൽ ഞങ്ങളെ കടാക്ഷിച്ചു് ദയവുതോന്നി ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമേ". കേരളീയർ ഉപയോഗിച്ചിരുന്നതായി പറഞ്ഞ ത്രിശുദ്ധസ്തുതിയോടുകൂടി "ഞങ്ങൾക്കുവേണ്ടി കുരിശിൽ തൂങ്ങപ്പെട്ടവനെ ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ" എന്നു് പത്രോസ്ഫുള്ളോ കൂട്ടിച്ചേർത്തതാണു് യാക്കോബായക്കാരുടെ ത്രിശുദ്ധസ്തുതി. കൂട്ടിച്ചേർത്ത ഈ ഭാഗത്തിൽ നിന്നു് ത്രിത്വം മ്ശിഹായിൽ അവതരിച്ചു എന്നും മററും വിരോധികൾ വ്യാഖ്യാനം ചെയ്തിട്ടുണ്ടു്. (3) ആകയാൽ ത്രിത്വം മ്ശിഹായിൽ അവതരിച്ചു എന്ന വിശ്വാസത്തെപ്പററി ഉദയമ്പേരൂർസൂനഹദോസു പ്രസ്താവിക്കുന്നതു് പത്രോസ്ഫുള്ളോ കൂട്ടിച്ചേർത്ത ഭാഗത്തോടുകൂടി ത്രിശുദ്ധസ്തുതി കേരളത്തിൽ കണ്ടതുകൊണ്ടായിരിക്കണം.

ഉത്തരം. മി. പീലിപ്പോസ്സ് ഉദ്ധരിക്കുന്നതല്ല നെസ്തോറിയൻകാരുടെ ത്രിശുദ്ധസ്തുതി. ആ ത്രിശുദ്ധസ്തുതിയോടു തൊട്ടുകിടക്കുന്ന ഒരു പ്രാർത്ഥനയാണു് ത്രിശുദ്ധസ്തുതിയായി അദ്ദേഹം സ്വീകരിച്ചിരിക്കുന്നതു്!

---

(3) പത്രോസ്ഫുള്ളോ ഈ ആശയമുള്ളവനായിരുന്നു എന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ.

അതിപുരാതനങ്ങളും വത്തിക്കാൻഗ്രന്ഥശാലയിൽ ഇരിക്കുന്നവയും ഇന്നും നെസ്തോറിയൻകാർ ഉപയോഗിക്കുന്നവയും ആയ നിരവധി പുസ്തകങ്ങൾ ഇതിനു സാക്ഷ്യം വഹിക്കുന്നു. നെസ്തോറിയൻകാരുടേയും കത്തോലിക്കരായ കൽദായക്കാരുടേയും ത്രിശുദ്ധസ്തുതി ഒന്നു തന്നേയാണ്. അതുതന്നേയാണ് കേരളത്തിലുമുണ്ടായിരുന്നതായി മി. പീലീപ്പോസ് സമ്മതിക്കുന്നതു്.

ത്രിത്വം മ്ശിഹായിൽ അവതരിച്ചു എന്ന വിശ്വാസത്തെപ്പററി ഉദയമ്പേരൂർസൂനഹദോസു പറയുന്നതിനുള്ള കാരണം കേരളത്തിൽ കണ്ടുകിട്ടിയ ചില പുസ്തകങ്ങളാകുന്നു എന്നു് ആ സൂനഹദോസു തന്നെ പ്രസ്താവിക്കുന്നു. (4) ഹൂദറാ, ഗസ്സാ എന്ന നമസ്കാരങ്ങളെപ്പററി പറയുന്നിടത്താണ് ത്രിത്വത്തിൻെറ മനുഷ്യാവതാരത്തെപ്പററി സൂനഹദോസു പ്രസ്താവന നടത്തുന്നതു്. ഈ നമസ്കാരങ്ങൾ യാക്കോബായ സഭയിലില്ല. സൂനഹദോസിനു് പതിമൂന്നോ പതിന്നാലോ കൊല്ലം മുമ്പ് ഫാദർ റോസ് എഴുതിയ ഒരു പ്രബന്ധത്തിൽ ഈ വിശ്വാസം ദ്യോതിപ്പിക്കുന്ന ഒരു ഭാഗം മാതാവിൻെറ ജനനതിരുനാളിനുള്ള നമസ്കാരത്തിൽ ഉണ്ടായിരുന്നതായി അദ്ദേഹം പറയുന്നു. "പിതാവു് ഇറങ്ങി നമ്മിൽ നിന്നു് നമ്മുടെ ശരീരമെടുത്തു" (ആബാ എത്താഹത്തി വൻസവു്പഗറൻമെന്നൻ) എന്നതാണ് ആ ഭാഗം. അതിൻെറ വ്യാഖ്യാനമായി ത്രിത്വം മനുഷ്യാവതാരം ചെയ്തു എന്നു് ഫാദർ റോസ് പ്രസ്താവിക്കുന്നുമുണ്ടു്. (5) ഉദയമ്പേരൂർ സൂനഹദോസിൻെറ നിയമങ്ങൾ സൃഷ്ടിച്ചവരിൽ പ്രധാനനായിരുന്നു ഫാദർ റോസ്! ഇതിൽ നിന്നു് ത്രിത്വം മനുഷ്യാവതാരം ചെയ്തു എന്ന വിശ്വാസത്തെപ്പററി ഉദയമ്പേരൂർസൂനഹദോസു പ്രസ്താവിക്കുവാനുണ്ടായ കാരണം വ്യക്തമായല്ലൊ. ത്രിത്വശുദ്ധസ്തുതിയിൽ നിന്നുള്ള യാക്കോബായവാദം സാധുവാണെന്നു് എങ്ങനെ പറയും?

16) 50 നോമ്പു്, 25 നോമ്പു്, 15 നോമ്പു്, ശ്ലീഹാനോമ്പു്, 3 നോമ്പു്, ഇങ്ങനെ അഞ്ചു നോമ്പുകളെപ്പററി ഉദയമ്പേരൂർ സൂനഹദോസു് പ്രസ്താവിക്കുന്നുണ്ടു്. ഇവ യാക്കോബായക്കാർക്കുമുണ്ടു്. ഇവ കൂടാതെ നെസ്തോറിയൻകാർക്കു് മാർ സെയ്യായുടെ മൂന്നു ദിവസ

---

(4) Sessio III, Decree, 15.
(5) De Erroribus Nestorianorum qui in hac Iadia Orientali versantur, p. 24,

ത്തെ നോമ്പ്, കന്യകമാരുടെ മൂന്നു ദിവസത്തെ നോമ്പ്, ഏലിയായുടെ ഏഴ് ആഴ്ചത്തെ നോമ്പ്, മൂശെയുടെ ഒരാഴ്ച മുതൽ നാലാഴ്ചവരെയുള്ള നോമ്പ് എന്നീ നോമ്പുകളുമുണ്ട്. ഇവയെപ്പററി ഉദയമ്പേരൂർ സൂനഹദോസ് യാതൊന്നും പറയുന്നില്ല ആകയാൽ നോമ്പുവിഷയത്തിലും കേരളീയസഭ യാക്കോബായരീതി അനുസരിച്ചിരുന്നു.

ഉത്തരം. മേലിൽ പഴയവയിൽ നിന്നെടുത്തവയും (ex antiquis) പുതുതായി ചേർത്തവയും ആയി ഏതെല്ലാം നോമ്പുകളാണ് കേരളത്തിൽ നടപ്പാക്കേണ്ടതെന്നു നിശ്ചയിച്ചുകൊണ്ട് അവയെ വിവരിക്കയിൽ ഉദയമ്പേരൂർസൂനഹദോസ് 50 നോമ്പ്, 25 നോമ്പ്, 3 നോമ്പ് ഇവയെ പഴയവയിൽ പെടുത്തുന്നു; സ്ലീഹാനോമ്പ്, 15 നോമ്പ്, 8 നോമ്പ് ഇങ്ങനെ പഴയവയായി ഉണ്ടായിരുന്നവയെ നിർബന്ധമാക്കുന്നില്ല. (6) ഇതിൽ നിന്നു് നെസ്തോറിയൻകാരോ കത്തോലിക്കരായ കൽദായക്കാരോ ആചരിച്ചിരുന്ന വേറെ നോമ്പുകൾ അന്നു കേരളത്തിൽ ഇല്ലായിരുന്നു എന്നു സിദ്ധിക്കുന്നില്ല. പഴയനോമ്പുകളിൽ ചിലവയെ കടപ്പെടുത്തുകയും, വേറെ ചിലവയെ കടപ്പെടുത്താതിരിക്കുകയും ചെയ്യുന്നതിൽ നിന്നു് പഴയവയായി വേറെയില്ലായിരുന്നു എന്നു അനുമാനിക്കാവുന്നതല്ല. നോമ്പു സംബന്ധിച്ചു് പല സംശയങ്ങൾ (Varias dubietates) ഉണ്ടായിരുന്നതിനാലാണ് ഇങ്ങനെയൊരു തീരുമാനം ഉണ്ടാക്കുന്നതെന്നും സൂനഹദോസു പ്രസ്താവിക്കുന്നുണ്ട്. പഴയനോമ്പുകൾ എത്രയെന്നും അവ ഏവയെന്നും സൂനഹദോസു ഖണ്ഡിച്ചു പറയുന്നുമില്ല. ഈ സ്ഥിതിക്കു് യാക്കോബായവാദം എങ്ങനെ സാധൂകരിക്കാം!

17. കേരളത്തിൽ നിന്നു് ഒരു സഹായമെത്രാനെ സൊക്കോട്രായിലേക്കു് അയച്ചിരുന്നതായി അങ്കമാലി രേഖകളെ അടിസ്ഥാനമാക്കി ഗോവെയാ സാക്ഷിക്കുന്നു. സൊക്കോട്രായിലെ ക്രിസ്ത്യാനികൾ യാക്കോബായവിശ്വാസമുള്ളവരായിരുന്നു എന്നു് തെളിവുണ്ട്. യാക്കോബായക്കാരെ ഭരിക്കുവാൻ അയക്കുന്ന മെത്രാൻ യാക്കോബായക്കാരനാകണം.

ഉത്തരം. സൊക്കോട്രായിൽ യാക്കോബായക്കാർ ഉണ്ടായിരുന്നിരിക്കാം. എന്നാൽ അവിടെയുണ്ടായിരുന്ന ക്രിസ്ത്യാനികളെല്ലാം യാ

---

(6) Actio VIII. 10.

ക്കോബായക്കാരായിരിക്കണമെന്നില്ല ആകയാൽ കേരളത്തിൽ നിന്നയക്കപ്പെട്ട മെത്രാൻ യാക്കോബായക്കാരനാണെന്നു തീർത്തുപറയാവുന്നതല്ലല്ലൊ.

സെലൂക്കിയായിലെ മൂന്നാം സബാറീശോ എന്ന "നെസ്തോറിയൻ" പാത്രിയക്കീസു് (1057—1072) സൊക്കോട്രോയിലേക്കു് ഒരു മെത്രാനെ അഭിഷേചിച്ചിട്ടുണ്ടു്. (7) ബാഗ്ദാദിലെ പാത്രിയക്കീസിന്റെ വിധേയനായിരുന്ന ഒരു മെത്രാൻ സൊക്കൊട്രായിലുണ്ടായിരുന്നെന്നു് പതിമൂന്നാം ശതാബ്ദത്തിൽ മാർക്കോപോളൊ പ്രസ്താവിക്കുന്നു. (8) മൂന്നാംയബാലാഹാ എന്ന "നെസ്തോറിയൻ" പാത്രിയക്കീസിന്റെ അഭിഷേചനത്തിൽ സംബന്ധിക്കുവാൻ 1282-ൽ കുറിയാക്കോസു് എന്ന ഒരു മെത്രാൻ സൊക്കോട്രായിൽ നിന്നു് ബാഗ്ദാദിലെത്തിയിരുന്നു. (9) ഇതിൽ നിന്നു് സൊക്കോട്രായിൽ യാക്കോബായരല്ലാത്ത ക്രിസ്ത്യാനികളുണ്ടായിരുന്നു എന്നു തെളിയുന്നു. കോസ്മോസു് അവിടെ കണ്ട ക്രിസ്ത്യാനികളുടെ പിൻഗാമികളായിരുന്നു ഇവർ എന്നു് വിചാരിക്കാവുന്നതാണു്. 880-ന്റെ ശേഷം ബാബേൽപാത്രിയക്കീസു് മാർ ദുവാ (Dua) എന്നൊരാളെ സൊക്കോട്രാമെത്രാനാക്കിയെന്നു കാണുന്നതിൽ നിന്നു് (10) കോസ്മോസു് കണ്ട ക്രിസ്ത്യാനികളുടെ പിൻഗാമികളായി അവിടെയുണ്ടായിരുന്നവർ (കുറഞ്ഞപക്ഷം അവരിൽ കുറെപ്പേരെങ്കിലും) യാക്കോബായക്കാരല്ലായിരുന്നു എന്നു തെളിയുന്നു. കോസ്മോസിന്റെ വിശ്വാസം യാക്കോബായ ആയിരുന്നെന്നുള്ള അനുമാനത്തിൽ യുക്തിഭംഗമുണ്ടെന്നു് കഴിഞ്ഞയദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ടല്ലൊ. വിശുദ്ധ ശൗര്യാർ ഭാരതത്തിലേക്കു പ്രയാണം ചെയ്യുകയിൽ സൊക്കോട്രാദ്വീപിൽ കുറെ താമസിക്കുകയും, തദ്ദേശവാസികളായ ക്രിസ്ത്യാനികളുടെ അപേക്ഷപ്രകാരം അവരുടെ കുട്ടികളിൽ പലക്കും മാമ്മോദീസാ നൽകുകയും, അദ്ദേഹം അവിടം വിട്ടപ്പോൾ ആ കുട്ടികളെ അവരുടെ മാതാപിതാക്കന്മാരെ ഭരമേല്പിക്കുകയും ചെയ്തു. (11) 1490-ൽ കേരളത്തിലേയ്ക്കയക്കപ്പെട്ട മെത്രാന്മാരുടെകൂടെ സോക്കോട്രായിലേക്കും "ബാബേലിൽ" നിന്നു് ഒരു മെത്രാൻ അയയ്ക്കപ്പെട്ടു.

---

(7) Le Quien II. 1141.
(8) Fortescue o. c. p. 105
(9) Avril, La Chaldee Chretienne, p. 16.
10) Giamil, o. c. p. 585.
11) Letter, of St. Francis, Travancore State Manual II p. 155

ഇതു് പതിനാറാം ശതാബ്ദത്തിലെ രണ്ടു സംഭവങ്ങളാണു്. ഈ സംഭവം സൊക്കോട്ടാക്രിസ്ത്യാനികളുടെ വിശ്വാസം എപ്രകാരമുള്ളതായിരുന്നെന്നു് ഏറെക്കുറെ വെളിപ്പെടുത്തുന്നുണ്ടു്.

ഇത്രയും പ്രസ്താവിച്ചതിൽ നിന്നു് അങ്കമാലിൽ നിന്നയയ്ക്കപ്പെട്ടിരുന്ന മെത്രാന്മാർ (അങ്ങനെ അയയ്ക്കപ്പെട്ടിരുന്നെങ്കിൽ) യാക്കോബായക്കാരായിരുന്നു എന്നു വിധിക്കാവുന്നതല്ലെന്നു വ്യക്തമാണല്ലോ. സൊക്കൊട്ടായിൽ യാക്കോബായക്കാരുണ്ടായിരുന്നെന്നുള്ള പ്രസ്താവന വാദത്തിൻവേണ്ടിമാത്രമേ ഇവിടെ സ്വീകരിച്ചിട്ടുള്ളു.

18. പോർട്ടുഗീസുകാരും കേരളീയരും തമ്മിൽ– ആദ്യം കണ്ടപ്പോൾ "ഉണ്ടായി എന്നു പറയുന്ന ഒരു സംഭാഷണത്തെ ഡോക്ടർ ക്ലോഡിയസ്സ് ബുക്കാനാൻ ഇപ്രകാരം വിവരിക്കുന്നു: 'ഈ പള്ളികൾ പാപ്പായുടെ വകയാണു്" എന്നു പോർട്ടുഗീസുകാർ പറഞ്ഞപ്പോൾ, 'പാപ്പാ ആരാണു്? ഞങ്ങൾ അദ്ദേഹത്തെപ്പറ്റി കേട്ടിട്ടുപോലും ഇല്ല' എന്നു നാട്ടുക്രിസ്ത്യാനികൾ മറുപടി പറകയുണ്ടായി........'പാശ്ചാത്യരായ നിങ്ങളുടെ വിശ്വാസം എന്തുതന്നെയായിരുന്നാലും ഞങ്ങൾ സത്യവിശ്വാസികളാണു്. എന്തുകൊണ്ടെന്നാൽ ക്രിസ്തുവിന്റെ പിൻഗാമികളെ ക്രിസ്ത്യാനികളെന്നു് ആദ്യം വിളിച്ച സ്ഥലത്തുനിന്നാണു് ഞങ്ങൾ വന്നിരിക്കുന്നതു്,' എന്നു് നാട്ടുകാർ പറകയുണ്ടായി."

ഉത്തരം- ആഖ്യായികയെഴുതുന്ന രീതിയിൽ മനോധർമ്മം പ്രയോഗിച്ചുകൊണ്ടു നടത്തിയിരിക്കുന്ന ഒരു വെറും വർണ്ണനമാത്രമാണു് ബുക്കാനാൻ തന്റെ കൃതിയിൽ ചേർത്തിരിക്കുന്നതു്. (12) ഈ കാരണത്താലായിരിക്കണമല്ലോ അദ്ദേഹം ഈ ഉദ്ധരണിക്കു യാതൊരു സാക്ഷ്യവും തന്റെ കൃതിയിൽ നൽകാതിരിക്കുന്നതു്! ബുക്കാനാന്റെ ഈ മനഃസ്ഥിതിയെപ്പറ്റി മി. പീലിപ്പോസിനു തന്നെയും ബോധമുണ്ടു്. മി. പീലിപ്പോസ് സ്വകൃതിയുടെ മുഖവുരയിൽ പറയുന്നു: "വിഷർ, ബുക്കാനാൻ, ഹഫ് മുതലായ അനേകർ മലയാളത്തുകൂടി ഓടി കടന്നുപോയപ്പോൾ ലഭിച്ച വിവരണങ്ങൾ ചേർത്താണു് ചരിത്രമെഴുതിയതു്"! അതെ, ചില യാക്കോബായക്കാർ പറഞ്ഞതുകേട്ടു് ബുക്കാനാൻ ഇങ്ങനെ എഴുതി പിടിപ്പിച്ചതിനെ ആരും കഥയായി കരുതേണ്ടതില്ല. ഇന്നും യാക്കോ

---

12) Chirstian Researches in Asia, pp. 105. 106.

ബായക്കാർ ഇങ്ങനെ തന്നെ പല സംഭവങ്ങളെപ്പററി യാഥാത്ഥ്യത്തിനു വിരോധമായി പറയുന്നതു കേൾക്കാറുണ്ടു്.

കേരളീയർ പാപ്പായെപ്പററി ധാരാളം കേട്ടിരുന്നവരാണെന്നു് ഈ പുസ്തകത്തിൽ പല സ്ഥലങ്ങളിലായി കൊടുത്തിരിക്കുന്ന രേഖകളിൽ നിന്നു മനസ്സിലാക്കാവുന്നതാണു്. ആകയാൽ ബുക്കാനാന്റെ പ്രസ്താവം പൊതുവായി കേരളീയരെ സംബന്ധിച്ചിടത്തോളം തികച്ചും അടിസ്ഥാനരഹിതമാണു്.

ക്രിസ്തുവിന്റെ പിൻഗാമികളെ ആദ്യം ക്രിസ്ത്യാനികളെന്നു വിളിച്ച സ്ഥലത്തുനിന്നു് അഥവാ അന്തിയോക്കിയായിൽ നിന്നു് വന്നവരാണു് തങ്ങൾ എന്നു് കേരളീയർ പറഞ്ഞെന്നു കാണുന്നതു് ഏതർത്ഥത്തിലാണെന്നു് വിശദമാകുന്നില്ല. കുറെ പരദേശസുറിയാനിക്കാർ കേരളത്തിൽ കുടിയേറിപാർത്തിട്ടുണ്ടു്. അവരെയുദ്ദേശിച്ചാണു് ഈ പറയുന്നതെങ്കിൽ അവരുടെ സന്തതികളെന്നു വിചാരിച്ചിരുന്ന ചിലർ—പോർട്ടുഗീസുകാരോടു സംഭാഷണം നടത്തിയവരിൽ ചിലർ—പാപ്പായെപ്പററി കേട്ടിരുന്നില്ലെന്നു വരാം. ഇതിൽ നിന്നു് കേരളീയർ പൊതുവേ അവരെപ്പോലെയായിരുന്നെന്നു സിദ്ധിക്കുന്നില്ല. അന്തിയോക്കിയായിൽ നിന്നു കേരളത്തിലേക്കു കുടിയേററം നടന്നതായി പാരമ്പര്യമില്ലെന്നുകൂടി പ്രസ്താവിക്കേണ്ടതായിട്ടുണ്ടു്.

19. 15-ാം ശതാബ്ദത്തിന്റെ അവസാനഘട്ടത്തിൽ (1490) യാക്കോബായ സംരക്ഷണം ലഭിക്കാതെവന്നപ്പോഴാണു് കേരളീയർ നെസ്തോറിയൻ പാത്രിയക്കീസിനെ ആശ്രയിച്ചതു്. അന്നു് അവരുടെ വിചാരം നെസ്തോറിയൻ പാത്രിയക്കീസു് അന്തിയോക്കിയാ പാത്രിയക്കീസിന്റെ പ്രതിപുരുഷനായിരുന്നു എന്നാണു്. ഇതിനുലക്ഷ്യം അന്നു മെത്രാന്മാരെ കൊണ്ടുവരുവാൻപോയ യൗസേപ്പിന്റെ വാക്യങ്ങളാണു്. കേരളത്തിൽ നെസ്തോറിയൻ പാത്രിയക്കീസിനുള്ള അധികാരത്തെപ്പററി ചോദിക്കപ്പെട്ടപ്പോൾ യൗസേപ്പു് ഉത്തരിച്ചു: "പത്രോസ്സ്ലീഹാ ആദ്യം അന്ത്യോക്യാസഭയെ സ്ഥാപിച്ചു. എന്നാൽ റോമ്മാസഭയിൽ സൈമൻ മാഗസിന്റെ കഠോരശിസ്മ ഉണ്ടായപ്പോൾ സൈമനെ തോല്പിക്കുന്നതിനും അവിടെ സങ്കടപ്പെടുന്ന ക്രിസ്ത്യാനികളെ സഹായിക്കുന്നതിനുമായി പത്രോസു് അങ്ങോട്ടു വിളിക്കപ്പെട്ടു. എങ്കിലും പത്രോസു് അന്ത്യോക്യാവിടുന്നതിനുമുമ്പു് അവിടെ ഒരു പ്രതിപുരുഷനെ നിയമിക്കയുണ്ടായി. അയാളുടെ പിൻഗാമിയാണു് ഇപ്പോഴത്തെ പാത്രിയക്കീസു്". യൗസേപ്പു് തന്റെ സഭയിലുണ്ടെന്നു പറയുന്ന പാത്രിയക്കീസുമാർ അന്തിയോക്കിയാ യാക്കോബായ പാത്രി

യക്കീസുമാരാണ്. ആകയാൽ "ബാബേൽ" (സെലൂക്കിയാ) പാത്രിയക്കീസ് അന്തിയോക്കിയാ യാക്കോബായ പാത്രിയക്കീസിന്റെ പ്രതിനിധിയാണെന്നു യൌസേപ്പു വിശ്വസിച്ചിരുന്നു.

ഉത്തരം. 15-ാം ശതാബ്ദാവസാനംവരെ യാക്കോബായ പാത്രിയക്കീസു കേരളീയസഭയെ ഭരിച്ചിരുന്നു എന്നതു് വെറും ഊഹം മാത്രമാണ്. അങ്ങനെ സംഭവിക്കാനിടയില്ലെന്നു് മുന്നൊരദ്ധ്യായത്തിൽ സകാരണം തെളിയിച്ചതുമാണ്. ആകയാൽ യാക്കോബായസംരക്ഷണം ലഭിക്കാതെ വന്നപ്പോൾ "നസ്തോറിയൻ" പാത്രിയക്കീസിനെ കേരളീയർ സമീപിച്ചു എന്നു പറയുക തികച്ചും അടിസ്ഥാനരഹിതമത്രെ.

"നെസ്തോറിയൻ" പാത്രിയക്കീസിനെ കേരളീയർ സമീപിച്ചതു് തെററിദ്ധാരണയോടെയാണെന്നുള്ള രണ്ടാമത്തെ പ്രസ്താവന വാസ്തവമാകണമെങ്കിൽ, അതിനുമുമ്പു് യാക്കോബായപാത്രിയക്കീസിനെയാണ് അവർ ആശ്രയിച്ചിരുന്നതെന്നുള്ള പ്രസ്താവന വാസ്തവമാകണം. പക്ഷെ ഇതു വാസ്തവമല്ലെന്നു നാം കണ്ടതാണ്.

വീണ്ടും, "തെററിദ്ധാരണ" യെ സ്ഥാപിക്കുവാൻ കേരളീയനായ യൌസേപ്പിന്റെ വാക്യങ്ങളെ മി. പീലിപ്പോസു് ആശ്രയിക്കുന്നു. യൌസേപ്പിന്റെ ദൃഷ്ടിയിൽ "നെസ്തോറിയൻ" പാത്രിയക്കീസു് അന്തിയോക്കിയാപാത്രിയക്കീസിന്റെ പ്രതിപുരുഷനാണെന്നത്രെ മി. പലിപ്പോസു് അനുമാനിക്കുന്നതു്. പക്ഷെ യൌസേപ്പിന്റെ വാക്യങ്ങളനുസരിച്ചു് അദ്ദേഹത്തിന്റെ പാത്രിയക്കീസു് (സെലൂക്കിയായിലെ "നെസ്തോറിയൻ" പാത്രിയക്കീസു്) അന്തിയോക്കിയായിൽ പത്രോസു സ്ഥാപിച്ച പ്രതിപുരുഷന്റെ പിൻഗാമിയാണ്; അഥവാ പത്രോസിന്റെ പ്രതിപുരുഷനാണ്; അല്ലാതെ അന്തിയോക്കിയാപാത്രിയക്കീസിന്റെ പ്രതിപുരുഷനല്ല. ഇതിൽ യൌസേപ്പിനു തെററു വന്നിട്ടുണ്ടെന്നു സമ്മതിക്കണം. എന്തുകൊണ്ടെന്നാൽ സെലൂക്കിയാപാത്രിയക്കീസു് അന്തിയോക്കിയാപാത്രിയക്കീസിന്റെ മുറക്കുള്ള പിൻഗാമിയല്ല.

എങ്കിലും നമുക്കു മി. പീലിപ്പോസിന്റെ അനുമാനത്തെപ്പററി തന്നെ വിചിന്തനം ചെയ്യാം. സെലൂക്കിയാപാത്രിയക്കീസു് ഒരർത്ഥത്തിൽ അന്തിയോക്കിയാപാത്രിയക്കീസിന്റെ പ്രതിപുരുഷനാണ്. (13)

---

(13) പ്രതിപുരുഷനും പിൻഗാമിയും ഒരേ ഉദ്യോഗമുള്ളവരല്ല. പിൻഗാമി പ്രതിപുരുഷനേക്കാൾ കൂടുതൽ അധികാരമുള്ളവനാണ്.

പക്ഷെ അന്തിയോക്കിയാ യാക്കോബായപാത്രിയക്കീസിന്റെ പ്രതിപുരുഷനല്ല അദ്ദേഹം. അന്തിയോക്കിയായാക്കോബായപാത്രിയക്കീസുണ്ടാകുന്നതിനു മുമ്പ് സാക്ഷാത്തായ അന്തിയോക്കിയാപാത്രിയക്കീസിനു കിഴ്പെട്ടുനിന്നിരുന്ന ഒരാളാണ് നെസ്തോറിയൻ എന്നറിയപ്പെടുന്ന സെലൂക്കിയാപാത്രിയക്കീസ്. പിന്നീടു അദ്ദേഹം അന്തിയോക്കിയാ ബന്ധം ത്യജിച്ചു് പാത്രിയക്കാനാമം സ്വീകരിച്ചതു് പാശ്ചാത്യപിതാക്കന്മാരുടെ (സാക്ഷാത്തായ അന്തിയോക്കിയാപാത്രിയക്കീസുൾപ്പെടെയുള്ള പാശ്ചാത്യപിതാക്കന്മാരുടെ) സമ്മതപ്രകാരമാണെന്നു് സെലൂക്കിയാസഭ ബലമായി വിശ്വസിച്ചിരുന്നു. (14) ഈ വിശ്വാസം ഹേതുവാൽ വെറും പാത്രിയക്കീസ് എന്നല്ല കാതോലിക്കാപാത്രിയക്കീസ് എന്നാണ് സെലൂക്കിയാപാത്രിയക്കീസ് ഇന്നും സ്വയം നാമകരണം ചെയ്യുന്നതു്. അതായതു് സാക്ഷാത്തായ അന്തിയോക്കിയാപാത്രിയക്കീസിന്റെ കീഴിൽ കാതോലിക്കാ ആയിരുന്ന ആൾ ഇപ്പോൾ പാത്രിയക്കീസാണത്രെ. ആകയാൽ ഈ അർത്ഥത്തിൽ സെലൂക്കിയാപാത്രിയക്കീസ് അന്തിയോക്കിയാപാത്രിയക്കീസിന്റെ പ്രതിനിധിയാണെന്നു് യൌസേപ്പു ധരിച്ചെങ്കിൽ അതു വാസ്തവമാണ്. ഇതാണ് കാനോനികമായി സെലൂക്കിയാപാത്രിയക്കീസിനുള്ള സ്ഥാനം. ഈ സ്ഥാനം അന്തിയോക്കിയായിലെ പുരാതനപാത്രിയക്കീസില്ലെങ്കിലും, അദ്ദേഹത്തോടുള്ള ബന്ധം അവസാനിച്ചെങ്കിലും, കാനോനികമായി എന്നും നില്ക്കുന്നതാണ്. ആകയാൽ യൌസേപ്പിന്റെ അന്തിയോക്കിയാ പാത്രിയക്കീസ് അന്തിയോക്കിയാ യാക്കോബായ പാത്രിയക്കീസാണെന്നു പറയുന്നതും "നെസ്തോറിയൻ" പാത്രിയക്കീസ് യാക്കോബായ പാത്രിയക്കീസിന്റെ പ്രതിനിധിയാണെന്നു് കേരളീയർ തെററിധരിച്ചെന്നു വരുത്തുന്നതും ശരിയല്ല. 'അന്തിയോക്കിയാ പാത്രിയക്കീസ്" എന്നു കേട്ടാലുടൻ അതു് യാക്കോബായ പാത്രിയക്കീസാണെന്നു് അനുമാനിക്കുന്നതാണ് ഈദൃശവാദങ്ങൾക്കെല്ലാം നിദാനം! പക്ഷെ അന്തിയോക്കിയാ പാത്രിയക്കീസ് എന്ന നാമധേയം ഒന്നിലധികം സഭാദ്ധ്യക്ഷന്മാർക്കുണ്ടെന്നു നാം മനസ്സിലാക്കണം.

തന്റെ കാതോലിക്കായെ അഥവാ പാത്രിയക്കീസിനെ (സെലൂക്കിയാ പാത്രിയക്കീസിനെ) വാഴിക്കുന്നതു് 12 പേരാണെന്നും അങ്ങനെ

---

(14) ഇതു സംബന്ധമായി മുമ്പു പ്രസ്താവിച്ചിട്ടുള്ളതാണ്.

ചെയ്യുവാൻ "അവക്കു് റോമ്മാ മാർപ്പാപ്പാ അധികാരം കൊടുത്തു എന്നു് അവർ പറയുന്നു" എന്നും യൌസേപ്പു പ്രസ്താവിക്കുന്നതു് (14b) മി. പീലിപ്പോസു് വിട്ടുകളഞ്ഞു!

യൌസേപ്പിൻെറ കാലത്തെ "നെസ്തോറിയൻ" പാത്രിയക്കിസിൻേറയും യൌസേപ്പിൻേറയും കത്തോലിക്കാ ഐക്യത്തെപ്പററി അന്യത്ര പ്രസ്താവിച്ചിട്ടുണ്ടു്.

1599_ൽ കേരളീയരുടെ അക്ക്ദിയാക്കോനായിരുന്ന ഗീവറുഗീസു് ഒരായിരത്തിൽപരം കൊല്ലങ്ങളായി കേരളീയസഭ "ബാബേൽ" (സെലൂക്കിയാ) പാത്രിയക്കീസിനു വിധേയമായിരുന്നു എന്നു മെനേസീസു മെത്രാപ്പോലീത്തായോടു പ്രസ്താവിക്കയുണ്ടായി. (14c) സെലൂക്കിയാ പാത്രിയക്കീസിനെ തെററിധാരണ നിമിത്തം 15_ാം ശതാബ്ദത്തിൽ കേരളീയർ സ്വീകരിച്ചു എന്നുള്ള വാദം ഇതാലെ ദുർബലമാകുന്നു.

20) ക്രിസ്തീയപ്രമാണം അശേഷം നശിച്ചുപോകാതിരിപ്പാൻ മലയാളക്രിസ്ത്യാനികൾ "അലക്സാന്ത്രിയായിലെ യാക്കോബായ പാത്രിയക്കീസിൻെറ അടുക്കൽ" 14_ാം ശതാബ്ദത്തിൻെറ മദ്ധ്യത്തിൽ അപേക്ഷിച്ചു എന്നും തദനുസരണം പാത്രിയക്കീസു് ഒരു യാക്കോബായ സുറിയാനി മെത്രാപ്പോലിത്തായെ അയച്ചുകൊടുത്തുവെന്നും ലെക്വിൻ പറയുന്നു" (Quoted in La Bas' Life of Bishop Middleton, p. 272 from Orient. Christian. Vol. II P. 1275)

ഉത്തരം. കേരളത്തിൽനിന്നു് ചിലർ ഇപ്രകാരം അപേക്ഷിച്ചെന്നും അതിൻപ്രകാരം ഒരു യാക്കോബായ മെത്രാപ്പോലിത്താ കേരളത്തിൽ വന്നെന്നും പറയുന്നതു് വാസ്തവമാണെങ്കിൽ തന്നെയും അതു് കേരളീയസഭയെ യാക്കോബായ യാക്കുവാൻ പര്യാപ്തമായ ഒന്നല്ല. 14_ാം ശതാബ്ദത്തിൻെറ ആരംഭത്തിൽ (1301) അഞ്ചാം (മൂന്നാം) യബ്ആലാഹാ എന്ന സെലൂക്കിയാ പാത്രിയർക്കീസിൻെറ കീഴിൽ പൌരസ്ത്യസുറിയാനി റീത്തനുസരിച്ചു് മാർ യാക്കോബ് എന്ന മെത്രാൻ കേരളത്തിൽ മാർത്തോമ്മാ ശ്ലീഹായുടെ സഭയെ ഭരിച്ചിരുന്നു എന്നു് അന്നു് കൊടുങ്ങല്ലൂർ വച്ചു് എഴുതിയതും ഇപ്പോൾ വത്തിക്കാൻ ഗ്രന്ഥശാലയിൽ ഇരി

---

(14b) Schurhammer, The Malabar Church and Rome, p. 30.
(14c) Rauxni, Historia Eccl Mal. cum Synodo Diamp. p. 20.

ക്കുന്നതും ആയ ഒരു പുസ്തകത്തിൽനിന്നു് നാം മുകളിൽ തെളിയിച്ചിട്ടുള്ളതാണു്.

തന്റെ വിശ്വാസം രേഖപ്പെടുത്തി റോമ്മായിലേക്കു് അയച്ചിട്ടുള്ള ഒരാളാകുന്നു ബായബു്ആലാഹാ പാത്രിയർക്കീസ്. യബു്ആലാഹായുടെ പിൻഗാമികൾ കേരളത്തെ തുടർന്നു ഭരിച്ചിരുന്നതിന്റെ ഫലമായിട്ടല്ലയോ 1490-ൽ യൌസേപ്പ് മുതലായ കേരളീയർ മെത്രാന്മാരെ കൊണ്ടുവരുന്നതിനായി "ബാബേലിലേക്കു" പുറപ്പെട്ടതു്? ഇങ്ങനെയിരിക്കുമ്പോൾ വല്ലവരും അതൃപ്തിഹേതുവാലോ, തൽക്കാലം മെത്രാനെ ലഭിക്കാതെ വന്നതിനാലോ ഒരു യാക്കോബായ മെത്രാനെ കൊണ്ടുവന്നു എന്നുവരുവാൻ പാടില്ലാത്തതല്ല. (വാദത്തിനു മാത്രം ഇങ്ങനെ സമ്മതിക്കുന്നതാണു്.) എന്നാൽ അതു് കേരളീയസഭയെ യാക്കോബായ ആക്കി പകൎത്തുന്ന ഒരു സംഭവമായി എങ്ങനെ കരുതാം?

എന്നാൽ 13-ാം ശതാബ്ദത്തിന്റെ ശേഷം കേരളത്തിൽ യാക്കോബായ മെത്രാന്മാർ വന്നിട്ടില്ലെന്നു മി. പീലിപ്പോസുതന്നെ സമ്മതിച്ചു പറഞ്ഞ ഭാഗം താഴെ ഉദ്ധരിച്ചുകൊള്ളാം.! (24-ാം വാദത്തിന്റെ ശേഷം)

21) കേരളീയസഭ യാക്കോബായ ആയിരുന്നെന്നു കാണിക്കുവാൻ ഹഫിന്റെ ഒരു സാക്ഷ്യം മി. പീലിപ്പോസു് ഉദ്ധരിക്കുന്നു. "കഴിഞ്ഞ അനേകം ശതാബ്ദങ്ങളായി കേരളീയരുടെ വിശ്വാസം യാക്കോബായരുടേതിനോടു യോജിച്ചിരിക്കുന്നെന്നും സെലൂഷ്യായിലെ അവരുടെ പാത്രിയർക്കീസു് യാക്കോബായ വിശ്വാസം സ്വീകരിച്ച കാലത്താണു് അങ്ങനെ വ്യത്യാസപ്പെടുത്തിയതെന്നുള്ള കാൎയ്യത്തിനു് സംശയമില്ലെന്നും" ഹഫ് പറയുന്നു.

ഉത്തരം. മി. പീലിപ്പോസുതന്നെ അവതാരികയിൽ പറയുന്നു: "....ഹഫ് മുതലായ അനേകർ മലയാളത്തുകൂടി ഓടികടന്നു പോയപ്പോൾ ലഭിച്ച വിവരങ്ങൾ ചേർത്താണു് ചരിത്രം എഴുതിയതു്,.... ഈ ഗ്രന്ഥകാരന്മാരിൽ പലരും ഓരോ പ്രത്യേക ഉദ്ദേശങ്ങളുള്ള ആളുകളിൽ നിന്നു കിട്ടിയ തെററായ അറിവുകളാൽ ഏറെക്കുറെ പക്ഷപാതികളായി

ത്തിൻ്റെ പോയി എൻ്റെ അറിവിൽ പെട്ടിടത്തോളം ഇവരിൽ ഒരുത്തം തന്നെ ചരിത്രത്തെ തുടർച്ചയായി എഴുതുകയോ ഈ പുരാതനസഭയെ സംബന്ധിച്ച കിട്ടാവുന്ന എല്ലാവിവരങ്ങളും ശേഖരിക്കയോ ചെയ്യിട്ടില്ല." ഹഫിൻ്റെ സാക്ഷ്യത്തെ മി. പീലിപ്പോസുതന്നെ ഇങ്ങനെ ദുർബലമാക്കിയിരിക്കുന്നു!

സെലൂഷ്യായിൽ (സെലൂക്കിയായിൽ) യാക്കോബായക്കാക്കു പാത്രിയക്കീസേയില്ല. സെലൂഷ്യ (സെലൂക്കിയാ) പാത്രിയക്കീസു് നെസ്തോറിയൻ വിശ്വാസമല്ലാതെ യാക്കോബായവിശ്വാസം സ്വീകരിച്ചിട്ടുമില്ല. (14 b) ഈ സ്ഥിതിക്കു് ഹഫിൻ്റെ സാക്ഷ്യത്തിനു് എന്തുവിലയാണു് ഉള്ളതു്?

ഈ ഹഫിൻ്റെ തന്നെ സാക്ഷ്യമായി യാക്കോബായ പാത്രിയക്കീസിൻ്റെ അധികാരം ഒമ്പതും പത്തും ശതാബ്ദങ്ങളിൽ "കേരളം വരെയും" വ്യാപിച്ചിരുന്നു എന്നു് തൻ്റെ കൃതിയുടെ 86-ാം പുറത്തും മി. പീലിപ്പോസു പറയുന്നുണ്ടു്!

22) നെസ്തോറിയൻകാർ "പല നൂററാണ്ടുകളായി ഇൻഡ്യയിൽ വളരെ ബലമുള്ളവരാണു്. അസ്സിമാൻ പറയുന്നതു് നെസ്തോറിയൻകാരെ കൂടാതെ മോനോഫിസായാക്കാരും ഇൻഡ്യയിൽ വന്നുചേൎന്നിട്ടുണ്ടു് എന്നാണു്" എന്നു് എതെറിഡ്ജ് പ്രസ്താവിക്കുന്നു. (Etheridge, The Syrian Churches, p. 156)

ഉത്തരം. മോനോഫിസായാക്കാർ 17-ാം ശതാബ്ദത്തിനു മുമ്പു് ഇൻഡ്യൻസഭയുടെ അധിപന്മാരായിരുന്നെന്നു അസ്സിമാൻ (അസ്സെമാനി) പറയുന്നില്ല. 1653-നു മുമ്പു് യാക്കോബായക്കാർ ഇൻഡ്യയിൽ

---

(14 b) തൻ്റെ കൃതിയുടെ 79-ാം പുറത്തു് മി പീലിപ്പോസു് "സെലൂഷ്യായിലെ യാക്കോബായ കാതോലിക്കായും നെസ്തോറിയകാതോലിക്കായും മലങ്കരസഭയെ അവരവക്കു വിധേയവും അധീനവുമാണെന്നു് അവകാശപ്പെടുകയും ഇരുവരും ഇടയ്ക്കിടെ മെത്രാന്മാരെ മലബാറിലേക്കു അയക്കുകയും ചെയ്തിരുന്നു" എന്നു പറയുന്നുണ്ടു്. മെത്രാന്മാരെ യാക്കോബായ കാതോലിക്കാ അയച്ചിരുന്നു എന്നുള്ള പ്രസ്താവന സ്വീകാര്യമല്ലെന്നു് ഇതേവരെ പ്രസ്താവിച്ചവ തെളിയിക്കുന്നു. സെലൂക്കിയായിലെ യാക്കോബായ കാതോലിക്കാ എന്നുപറയുന്നതു് വലിയ അബദ്ധമാണു്. അങ്ങനെയൊരു കാതോലിക്കാ ഉണ്ടായിട്ടേയില്ല. യാക്കോബായ മപ്രിയാനെപ്പററിയുള്ള ഭാഗം നോക്കുക.

ആധിപത്യം നടത്തിയിരുന്നില്ലെന്നു് അസ്സിമാൻ എടുത്തുകാണിക്കുന്നുണ്ടു് (Bo. IV, 461; 463.) എത്തെറിഡ്ജിൻെറ വാക്യത്തിലും അവർ ഇൻഡ്യായിൽ വന്നതെന്നാണെന്നു് അസ്സെമാനി പറയുന്നതായി കാണുന്നില്ലല്ലോ. ആകയാൽ ക്രൂനൻകുരിശിനു മുമ്പു് കേരളീയസഭ യാക്കോബായ ആയിരുന്നു എന്നു സ്ഥാപിക്കുവാൻ ഈ സാക്ഷ്യം സ്വീകരിക്കാവുന്നതല്ല. മോനോഫിസായിക്കാർ ഇൻഡ്യയിൽ വന്നുചേൎന്നിട്ടുണ്ടു് എന്നു പറയുന്നതിൽ നിന്നു് അവർ എന്നെങ്കിലും ഇൻഡ്യാസഭയെ ഭരിച്ചിരുന്നു എന്നു് അനുമാനിക്കേണ്ടതല്ലല്ലോ.

23) ആറാം ശതാബ്ദം മുതൽ "മലയാളത്തുള്ള സുറിയാനിക്കാർ പൌരസ്ത്യദേശങ്ങളിൽ ഏറ്റവും ശക്തനായിരുന്ന എവുത്തക്കായാപാത്രിയർക്കീസിൻെറ മേലധികാരത്തെ സ്വീകരിക്കയും തന്നിമിത്തം അവർ എവുത്തക്കായാക്കാരോ അഥവാ യാക്കോബു് അൽബർദായിയുടെ പേരിൻപ്രകാരം യാക്കോബായക്കാരോ ആയിത്തീരുകയും ചെയ്തു എന്നുള്ളതിനെപ്പററി അധികം സംശയം ഉണ്ടാകുവാൻ വഴിയില്ല" എന്നു് സുറിയാനിക്രിസ്ത്യാനികളുടെയിടയിൽ അനേകവർഷംതാമസിച്ചു ജോലിചെയ്തിട്ടുള്ള" സി. എം. എസ്. മിഷ്യനറി കോല്ലിൻസ് പ്രസ്താവിക്കുന്നു" (Missionary Enterprize in the East. p. 76).

ഉത്തരം. മലയാളത്തുള്ളവർ ആറാം ശതാബ്ദംമുതൽ യാക്കോബായക്കാരായിതീൎന്നു എന്നുള്ളതിനെപ്പററി അധികം സംശയമുണ്ടാകുവാൻ വഴിയില്ല എന്നതു് കോല്ലിൻസിൻെറ അഭിപ്രായം മാത്രമാണു്. മലയാളത്തുള്ളവർ ആറാംശതാബ്ദംമുതൽ യാക്കോബായക്കാരായിതീൎന്നിട്ടില്ല എന്നതിൽ ഒട്ടും സംശയമില്ലെന്നു് അന്യത്ര നാം തെളിയിച്ചിട്ടുണ്ടു്. ബർഎബ്രായയുടെ സാക്ഷ്യങ്ങളിൽ നിന്നും മററും ഇതു നാം സ്ഥാപിച്ചിട്ടുള്ളതാണു്. ആകയാൽ കോല്ലിൻസിൻെറ അഭിപ്രായം "ഓരോ പ്രത്യേക ഉദ്ദേശങ്ങളുള്ള ആളുകളിൽ നിന്നു കിട്ടിയ തെററായ അറിവുകളാൽ" ഉണ്ടായിട്ടുള്ളതു മാത്രമാകുന്നു.

യാക്കോബായക്കാർ എവുത്തിക്കീസിനെ ശപിക്കുന്നവരും എവുത്തക്കായക്കാർ എന്നുവിളിക്കപ്പെടുന്നതിൽ അസുഖം പ്രദർശിപ്പിക്കുന്നവരുമാണു്. "സുറിയാനിക്രിസ്ത്യാനികളുടെയിടയിൽ (കേരളീയയാക്കോബായക്കാരുടെയിടയിൽ?) അനേകവർഷം താമസിച്ചു ജോലിനോക്കിയിട്ടുള്ള" അദ്ദേഹം യാക്കോബായക്കാരെ എവുത്തക്കായക്കാരെന്നു് വിളിച്ചിരിക്കു

ന്നതിൽ നിന്നു്, യാക്കോബായ ചരിത്രത്തെപ്പററി അദ്ദേഹത്തിനു ശരിയായ ജ്ഞാനമില്ലായിരുന്നു എന്നു സിദ്ധിക്കുന്നു

24) കേരളീയർ 15-ാം ശതാബ്ദത്തിൽ നെസ്തോറിയൻ മെത്രാനെ സ്വീകരിച്ചതു് സെലൂക്കിയാ കാതോലിക്കാ അന്തിയോക്കിയാ പാത്രിയൎക്കീസിൻെറ പ്രതിനിധിയാണെന്നുള്ള തെററായ ധാരണയാലാകുന്നു. മ്ശീഹായുടെ സ്വഭാവത്തെപ്പററിയുള്ള വാദങ്ങറം ഗ്രഹിക്കത്തക്ക ജ്ഞാനം കേരളീയൎക്കില്ലായിരുന്നു. യാക്കോബായക്കാരുടേയും നെസ്തോറിയൻകാരുടേയും വിശ്വാസ പ്രമാണം ഒന്നു തന്നെയായിരുന്നു "ഇരു സമുദായങ്ങളുടേയും വൈദിക കർമ്മാനുഷ്ഠാനങ്ങറം ഏക രീതിയിലായിരുന്നു. പ്രതിമകളെ ആരാധനക്കുപയോഗിക്കുന്നതിൽ രണ്ടുകൂട്ടൎക്കും വെറുപ്പായിരുന്നു. പുരാതന കൽദായ സുറിയാനിഭാഷ രണ്ടുസഭകളും തങ്ങളുടെ ആരാധനയിൽ ഉപയോഗിച്ചിരുന്നു. ആകയാൽ നെസ്തോർ മെത്രാന്മാരുടെ വരവുകൊണ്ടു് സഭയുടെ ബാഹ്യാചാരങ്ങളിൽ വലിയ ഭേദഗതിയൊന്നും ഉണ്ടാകാനില്ലായിരുന്നു—" ഇങ്ങനെയാണു് യാക്കോബായ മെത്രാന്മാരില്ലാതെവന്നപ്പോറം 15-ാം ശതാബ്ദം മുതൽ നെസ്തോറിയൻ മെത്രാന്മാരെ കേരളീയർ സ്വീകരിക്കുവാനിടയായതു്.

ഉത്തരം. സെലൂക്കിയാ കാതോലിക്കായെ അന്തിയോക്കിയായുടെ പ്രതിനിധിയായി കേരളീയർ കരുതിയെങ്കിൽ അതെങ്ങിനെയാകാമായിരുന്നു എന്നു് മുകളിൽ പ്രസ്താവിച്ചതാണല്ലൊ. എന്നാൽ അന്തിയോക്കിയാ യാക്കോബായ പാത്രിയൎക്കീസിനു് ഇവിടെ യാതൊരു സ്ഥാനവും കല്പിക്കാവുന്നതല്ല.

യാക്കോബായക്കാരും നെസ്തോറിയൻകാരും തമ്മിൽ നടന്നിട്ടുള്ളവയും നടക്കുന്നവയും ആയ വഴക്കുകളുടെ സ്വഭാവം, ഇരുകൂട്ടരും ഉപയോഗിക്കുന്ന സുറിയാനിഭാഷ, ഇരുകൂട്ടരുടേയും ആരാധനക്രമം എന്നിതുകളെപ്പററി സ്വല്പമെങ്കിലും ഗ്രഹിച്ചിട്ടുള്ളവർ മേലുദ്ധരിച്ച രീതിയിൽ വാദം നടത്തുകയില്ല. ഇരുകൂട്ടരുടേയും വിശ്വാസപ്രമാണം ഒന്നു തന്നേയെങ്കിലും, ഇരുകൂട്ടരും പ്രതിമയുപയോഗിക്കുവാൻ വിമുഖരാണെങ്കിലും ഇരുകൂട്ടരും തമ്മിൽ എന്നുംതന്നെ മത്സരമാണു് നടന്നിട്ടുള്ളതു്. യാക്കോബായസഭ പ്രാബല്യത്തിൽ വന്നശേഷം പ്രാബല്യത്തിലിരുന്നിടത്തെല്ലാം ആരാധനക്രമത്തിൽ 'മാറാനായ' എന്നു ചിലർ തെററിച്ചുപറയുന്ന പശ്ചിമസുറിയാനിഭാഷയാണു് ഉപയോഗിച്ചി

ട്ടുള്ളതു് നെസ്തോറിയന്മാരും, കത്തോലിക്കരായ കൽദായക്കാരും ഈ ഭാഷ ഒരിക്കലും ഉപയോഗിച്ചിട്ടില്ല. അവർ പൌരസ്ത്യസുറിയാനിഭാഷ മാത്രമാണു് ആരാധനാക്രമത്തിൽ ഉപയോഗിച്ചിട്ടുള്ളതു്. ഇവ രണ്ടും എഴുത്തിലും ഉച്ചാരണത്തിലും വ്യത്യസ്തങ്ങളും ആണു്. (15) പൌരസ്ത്യ സുറിയാനിഭാഷ നെസ്തോറിയൻ സുറിയാനിയെന്നും അതുപയോഗിച്ചിരുന്നവർ നെസ്തോറിയൻകാരെന്നും വിളിക്കപ്പെട്ടിരുന്നു. ഈ സ്ഥിതിക്കു് യാക്കോബായസഭ, പ്രത്യേകം അതിന്റെ പ്രാബല്യദശയിൽ, പൌരസ്ത്യ സുറിയാനി അഥവാ കൽദായ സുറിയാനി ഭാഷ ആരാധനക്രമത്തിൽ ഉപയോഗിച്ചിരുന്നു എന്നു പറഞ്ഞാൽ വിവരമുള്ളവർ വല്ലവരും അതു വിശ്വസിക്കുമോ?

17-ാം ശതാബ്ദത്തിന്റെ ശേഷം കേരളീയരിൽ ഒരു വിഭാഗത്തിൽ യാക്കോബായഭരണം പ്രബലപ്പെട്ടതോടെ പശ്ചിമസുറിയാനി ഭാഷയും അവരുടെയിടയിൽ പ്രചരിച്ചു എന്നു് നമുക്കറിയാവുന്നതാണു്. അതുവരെ കേരളീയ യാക്കോബായക്കാർ കൽദായഭാഷയുപയോഗിച്ചിരുന്നു എന്നുള്ളതിനു് എഴുത്തുകാരന്റെ കൈവശമുള്ള പല യാക്കോബായ പുസ്തകങ്ങളും സാക്ഷ്യം വഹിക്കുന്നു. വിദേശയാക്കോബായക്കാരുടെ, പ്രത്യേകം 19-ാം ശതാബ്ദത്തിന്റെ മദ്ധ്യത്തിൽ വന്ന മാർ ക്കുറിലോസിന്റെ, പരിശ്രമഫലമായിട്ടാണു് പശ്ചിമസുറിയാനി കേരളത്തിൽ പ്രവേശിച്ചതു്. അന്നു് യാക്കോബായപാത്രിയർക്കീസിന്റെ അധികാരം കേരളത്തിൽ ഉറപ്പിക്കപ്പെട്ടതാണു് ഇതിനു കാരണം. ഈ സ്ഥിതിക്കു് യാക്കോബായപാത്രിയർക്കീസിന്റെ അധികാരം കൂനൻകുരിശിനു് മുമ്പു് കേരളത്തിൽ പ്രബലപ്പെട്ടിരുന്നിട്ടും ഇവിടെ കൽദായസുറിയാനി ഭാഷ നടപ്പായിരുന്നു എന്നു ആരു വിശ്വസിക്കും? അല്ലാ, നെസ്തോറിയൻകാരധിവസിച്ചിരുന്ന സ്ഥലങ്ങളിൽപോലും യാക്കോബായസഭയുടെ പ്രാബല്യദശയിൽ നെസ്തോറിയൻ എന്നറിയപ്പെടുന്ന കൽദായ സുറിയാനിഭാഷ യാക്കോബായക്കാർ ഉപയോഗിച്ചിരുന്നെന്നാകൂടി നാം വിശ്വസിക്കണമത്രെ!

17-ാം ശതാബ്ദത്തിനു മുമ്പു് യാക്കോബായസഭ കേരളത്തിൽ പ്രബലപ്പെട്ടിരുന്നെങ്കിൽ ഇവിടെ പശ്ചിമസുറിയാനി നിശ്ചയമായും

---

(15) ഇരുകൂട്ടർക്കും പൊതുവായി എസ്ത്രൻഗേലാലിപികളുണ്ടെങ്കിലും, ഉച്ചാരണത്തിൽ അതിലും രണ്ടുകൂട്ടരും വ്യത്യാസം വരുത്തുന്നു.

ഉണ്ടാകുമായിരുന്നു എന്നതു് അനിഷേധ്യമാണു്. എന്നാൽ 17-ാം ശതാബ്ദത്തിന്റെശേഷം മാത്രമേ ഇവിടെ പശ്ചിമസുറിയാനി കാലൂകുത്തിയിട്ടുള്ളു എന്നതു് മി. ഫിലിപ്പോസിനു നിഷേധിക്കുവാൻ സാധിക്കയില്ല. എന്നാൽ മുമ്പിനാൽ തന്നെ ഇവിടെ യാക്കോബായവിശ്വാസമുണ്ടായിരുന്നെന്നു് എങ്ങനെയെങ്കിലും അദ്ദേഹത്തിനു സ്ഥാപിക്കയും വേണം. ഇതിനുവേണ്ടി മാത്രമല്ലയോ യാക്കോബായക്കാർപോലും കൽദായസുറിയാനിഭാഷ ആരാധനക്രമത്തിൽ ഉപയോഗിച്ചിരുന്നു എന്നു് അദ്ദേഹം പ്രസ്താവിക്കുന്നതു്! അതും അവരുടെ പ്രാബല്യദശയിൽ!

നെസ്തോറിയൻകാരുടേയും (കത്തോലിക്കരായ കൽദായക്കാരുടേയും) യാക്കോബായക്കാരുടേയും ആരാധനക്രമം ഏകരീതിയിലായിരുന്നെന്നും കാര്യവിവരമുള്ളവർ പറയുകയില്ല. തിരുശരീരം മുറിക്കുന്ന കാര്യത്തിൽ മി. ഫിലിപ്പോസു് തന്നെ യാക്കോബായരീതി നെസ്താറിയൻ രീതിയിൽ നിന്നു വ്യത്യസ്തമാണെന്നു സ്ഥാപിക്കുവാൻ വളരെ പണിപ്പെട്ടിരുന്നതായി നാം കണ്ടു! ഇവിടെയാകട്ടെ "വൈദികകർമ്മാനുഷ്ഠാനങ്ങൾ" "ഏകരീതിയിലാ"ക്കണമത്രെ!

യാക്കോബായക്കാരിൽ നിന്നും നെസ്തോറിയൻകാരിൽ നിന്നും കത്തോലിക്കരാകുന്നവരെ മൂസൽ സെമിനാരിയിൽ ഡൊമിനിക്കൻ സന്യാസികൾ പഠിപ്പിക്കുന്നുണ്ടു്. കത്തോലിക്കാസഭക്കു വെളിയിൽ വച്ചു് ഈ രണ്ടു കൂട്ടരും തമ്മിൽ നടക്കുന്ന വഴക്കുകൾ കത്തോലിക്കാസഭയ്ക്കകത്തു വച്ചു് ആവർത്തിക്കപ്പെടാതിരിക്കുവാൻ, അന്തിയോക്കിസുറിയാനി കുർബാനയ്ക്കു് കൽദായക്കാരനും കൽദായസുറിയാനി കുർബാനയ്ക്കു് അന്തിയോക്കിയാസുറിയാനിക്കാരനും കൂടണമെന്നു് അവിടെ ഒരു നിയമമുണ്ടു്. ഒരു ദിവസം അന്തിയോക്കിയാസുറിയാനി കുർബാനയും പിറ്റേ ദിവസം കൽദായസുറിയാനി കുർബാനയും ആണു് എല്ലാവരും കാണേണ്ടതും. ഇതിൽ നിന്നു് "വൈദികകർമ്മാനുഷ്ഠാനത്തി"ലുണ്ടെന്നു പറയുന്ന "ഏകരീതിയും" ഇരുകൂട്ടരും വൈദികകർമ്മങ്ങളിൽ കൽദായസുറിയാനിഭാഷ ഉപയോഗിക്കുന്നു എന്നുള്ള പ്രസ്താവനയും എപ്രകാരമാണു് സ്വീകരിക്കപ്പെടേണ്ടതെന്നു വ്യക്തമാകുന്നുണ്ടല്ലൊ.

മ്ശിഹായുടെ സ്വഭാവം സംബന്ധിച്ചുള്ള വാദങ്ങൾ ഗ്രഹിക്കുവാൻ കേരളീയർക്കു ശക്തിയില്ലായിരുന്നു എന്നുവന്നാലും "നെസ്തോറിയൻകാർ" യാക്കോബായക്കാരുടെ പരമശത്രുക്കളാണെന്നും ആ ശത്രുത്വത്തിന്റെ "നെസ്തോറിയൻ" കേന്ദ്രം "ബാബേൽ" ആയിരുന്നെന്നും,

യാക്കോബായക്കാർ കൽദായസുറിയാനി 15-ാം ശതാബ്ദത്തിൽ ഉപയോഗിച്ചിരുന്നില്ലെന്നും മനസ്സിലാക്കുവാൻ മാത്രം അറിവു കേരളീയർക്കുണ്ടായിരുന്നു. അന്നു മെത്രാനെ കൊണ്ടുവരുവാൻ പോയ യൌസേപ്പ് വേണ്ട അറിവുള്ളവനായിരുന്നതിനാൽ സെലൂക്കിയാപാത്രിയർക്കീസിൽ നിന്നു് കശീശാപ്പട്ടം സ്വീകരിച്ചു എന്നു കൂടെയും നാം അറിഞ്ഞിരിക്കണം. (16) ഇങ്ങനെയുള്ള ഒരാൾക്കു് "നെസ്തോറിയൻ" പാത്രിയർക്കീസിനെ യാക്കോബായപാത്രിയർക്കീസിൽ നിന്നോ അദ്ദേഹത്തിന്റെ പ്രതിനിധിയിൽ നിന്നോ തിരിച്ചറിയുവാൻ ശക്തിയില്ലായിരുന്നുപോൽ!!

"പോർട്ടുഗീസുകാരുടെ ആഗമനത്തിനു വളരെ മുൻപുതന്നെ യാക്കോബായ വിശ്വാസവും ആചാരങ്ങളും മലങ്കരസഭയിൽ നടപ്പായിരുന്നു" എന്നും "റിനോഡോട്ടിന്റെ അഭിപ്രായാനുസരണം മലങ്കരസഭ യാക്കോബായവിശ്വാസം ആദ്യമായി സ്വീകരിച്ചതു് 696-ൽ ആകുന്നു" എന്നും മി. പീലിപ്പോസു പ്രസ്താവിക്കുന്നതു് (17) യാതൊരു വിധത്തിലും സ്വീകരിക്കുവാൻ പാടില്ലെന്നു് ഈ മൂന്നദ്ധ്യായങ്ങളിലായി നാം തെളിയിച്ചു. എന്നാൽ റിനോഡോട്ട് (റെനൌഡാറ്) പറയുന്ന ഇൻഡ്യാ എത്തിയോപ്പിയാ ആണു് നമ്മുടെ ഇൻഡ്യയോ കേരളമോ അല്ല എന്നു് അസ്സെമാനി തെളിയിച്ചിട്ടുള്ള സംഗതി മുകളിൽ പ്രസ്താവിച്ചതാണു്. കൂടാതെയും യാക്കോബായ വിശ്വാസവും ആചാരങ്ങളും കേരളത്തിൽ ഉദയമ്പേരൂർ സൂനഹദോസിനു മുമ്പുണ്ടായിരുന്നു എന്നു സ്ഥാപിക്കുവാൻ മി. പീലിപ്പോസു് ഹാജരാക്കുന്ന ന്യായങ്ങളൊന്നും ആ അനുമാനത്തെ ജനിപ്പിക്കുവാൻ പര്യാപ്തങ്ങളല്ലെന്നു് ഇതുവരെ നടത്തിയ പരിശോധനയിൽ നിന്നു വ്യക്തമായിട്ടുണ്ടു്. ബർഎബ്രായയെപ്പോലെയുള്ള യാക്കോബായ ചരിത്രകാരന്മാരുടെ വാക്യങ്ങളെ അടിസ്ഥാനപ്പെടുത്തി 13-ാം ശതാബ്ദത്തിനു മുമ്പു് കേരളം യാക്കോബായ അധികാരത്തിനു വിധേയമായിരുന്നില്ലഎന്നും നാം കണ്ടുകഴിഞ്ഞു. 13-ാം ശതാബ്ദത്തിന്റെ ശേഷം — യാക്കോബായസഭയുടെ പ്രാബല്യം നഷ്ടപ്പെട്ട ആ ഘട്ടത്തിൽ—കേരളത്തിൽ ആ സഭക്കു് അധികാരം ലഭിച്ചു എന്നു വിചാരിക്കുകതന്നെ അസാദ്ധ്യം. മി. പീലിപ്പോസിനു പോലും ഇതു സമ്മത

---

(16) Schurhammer. The Malabar Church and Rome. p. 26.
(17) p. 153.

മാണ്. അദ്ദേഹം പറയുന്നു: "പതിമൂന്നാം ശതാബ്ദത്തോടുകൂടി യാക്കോബായ സഭയുടെ സുവർണ്ണകാലം സമാപിച്ചു. അന്ത്യോഖ്യായിലെ പാത്രിയർക്കാ സിംഹാസനത്തിന്മേൽ അശക്തന്മാരും ഏറസബുദ്ധികളും ആയ ആളുകൾ ആരോഹണം ചെയ്യപ്പെട്ടു. സത്യവിശ്വാസികളും പരമഭക്തന്മാരുമായിരുന്ന പൂർവമെത്രാന്മാരുടെ സ്ഥാനങ്ങളിൽ സ്വാത്ഥബുദ്ധികളും ജഡികന്മാരുമായ ആളുകൾ ആസനസ്ഥരായി. "ലൌകികസുഖങ്ങൾ സന്യാസിയുടെ ആശ്രമത്തിലും മെത്രാന്റെ അരമനയിലും ഒന്നുപോലെ സ്ഥലം പിടിച്ചു." (18 1) അഭ്യന്തരകലഹങ്ങൾ സഭയെ ക്ഷീണിപ്പിക്കുന്നതിനു ആരംഭിച്ചു. വളരെഅകലത്തിൽ സ്ഥിതിചെയ്തിരുന്ന മലങ്കരസഭ അഗണ്യമായി തിരസ്കരിക്കപ്പെട്ടു. പുരോഹിതന്മാരും അൽമായക്കാരും ആത്മാവിൽ ക്ഷയിച്ചവരായി ഭവിച്ചു. മേൽ പ്രസ്താവിച്ച സംഭവങ്ങളുടെ ഫലമായി മലങ്കരസഭക്കു എപ്പിസ്കോപ്പന്‍ പിന്തുടച്ച ലഭിക്കുക സുകരമല്ലാതായിത്തീന്നു. ഇടവകകൾ വൈധവ്യം ഭവിച്ചു. പല പള്ളികളും സ്ഥലകാല ഭേദാദികളനുസരിച്ചു നശിക്കുന്നതിനു തുടങ്ങി. പ്രസ്താവസ്ഥിതിഹേതുവായി മലങ്കര സഭ മെത്രാന്മാർക്കുവേണ്ടി പൌരസ്ത്യ പാത്രിയർക്കാ സിംഹാസനങ്ങളിലേക്കെല്ലാം അപേക്ഷിക്കേണ്ടിവന്നു. (19) പക്ഷേ ഫലം പൂജ്യമായിരുന്നു. ഒടുവിൽ ഏതെങ്കിലും ഒരു പുരാതന സിംഹാസനത്തിൽനിന്നു ഒരു മെത്രാനെ കൊണ്ടുവരേണ്ടതിനു വിശ്വസ്തന്മാരായ മൂന്നു സഭാംഗങ്ങൾ നിയോഗിക്കപ്പെട്ടു. 1490_ൽ ഈ സംഘം ഇവിടെനിന്നു യാത്ര ആരംഭിച്ചു. വഴിമദ്ധ്യേ മൂവരിൽ ഒരാൾ ചരമം പ്രാപിച്ചു. ബാക്കിയുണ്ടായിരുന്നവർ (ജോസഫും ജ്യോർജ്ജും) നെസ്തോറിയ പാത്രിയർക്കീസായിരുന്ന മാര് ശെമഓന്റെ അടുക്കൽ എത്തി." (20)

നോക്കുക! 13_ാം ശതാബ്ദത്തിന്റെ ശേഷം കേരളം യാക്കോബായ പാത്രിയർക്കീസിനാൽ തിരസ്കരിക്കപ്പെട്ടു എന്നു മി. പീലിപ്പോസു സമ്മതിക്കുന്നു! അതിനുമുമ്പ് 7_ാം ശതാബ്ദം മുതൽ കേരളം യാക്കോബാ

---

(18) ഈ വാക്യം മി. പീലിപ്പോസ് ഗിബൺ പറഞ്ഞതിനെ സ്വന്തമാക്കുന്നതാണ്.

(19) ഇതു വെറം ഊഹമാണ്.

(20) PP. 87, 88. ഇവരിൽയൌസേപ്പു റോമ്മായുടെ അധികാരം സ്വീകരിച്ചിരുന്നെന്നു മുകളിൽ കാണിച്ചിട്ടുണ്ടല്ലോ!

യ അധികാരത്തിനു വിധേയമായിരുന്നെന്നുള്ള അദ്ദേഹത്തിന്റെ വാദം സ്വീകരിക്കത്തക്കതല്ലെന്നു് നാം തെളിയിച്ചതാണു്. ആകയാൽ കൂനൻകുരിശിനു മുമ്പു് കേരളം യാക്കോബായ അധികാരത്തിനു കീഴ്പെട്ടിരുന്നു എന്നുള്ള വാദം തിരസ്കരിക്കതന്നെ വേണം

1490-ൽ ആദ്യമായി കേരളം സെലൂക്കിയാ ("നെസ്തോറിയൻ") പാത്രിയക്കീസിനെ സമീപിച്ചു എന്നു് മി. പീലിപ്പോസു പറയുന്നതും സ്വീകാര്യമല്ല. 1301-ൽ കൊടുങ്ങല്ലൂർവച്ചെഴുതിയ ഒരു കയ്യെഴുത്തു കൽദായസുറിയാനി പുസ്തകത്തിൽ നിന്നു് അന്നു കേരളം സെലൂക്കിയാ പാത്രിയക്കീസിനു വിധേയമായിരുന്നെന്നു നാം കണ്ടതാണു്. മി. പീലിപ്പോസുതന്നെയും 1490-നു മുമ്പു് കേരളത്തിൽ "നെസ്തോറിയൻ" പാത്രിയക്കീസിന്റെ അധികാരം സ്വീകരിക്കപ്പെട്ടിരുന്നു എന്നു സമ്മതിക്കുന്നു. അദ്ദേഹം പറയുന്നു. "നാട്ടുക്രിസ്ത്യാനികൾ അന്ത്യോഖ്യായിക്കു അധീനരായ യാക്കോബായ മെത്രാന്മാരെയും ബാബിലോണിലെ നെസ്തോറിയ മെത്രാന്മാരെയും ശങ്കകൂടാതെ ഒരുപോലെ സ്വീകരിക്കുകയും വേർതിരിവുകൂടാതെ ഇരുകൂട്ടരെയും അവരുടെ ന്യായമായ മേലധികാരികളായി വിചാരിക്കയും ചെയ്തു. . .എന്നാൽ പോർട്ടുഗീസുകാരുടെ ആഗമനത്തിനു കുറെ സംവത്സരങ്ങൾക്കു മുമ്പുവരെ അതു് (നെസ്തോറിയവിശ്വാസം) ഇവിടെ വേരുറയ്ക്കുകയുണ്ടായില്ല."—(21) നോക്കുക, യാക്കോബായ മെത്രാന്മാരെയും "നെസ്തോറിയൻ മെത്രാന്മാരെയും കേരളീയർ "ശങ്കകൂടാതെ ഒരുപോലെ സ്വീകരിക്കുകയും വേർതിരിവുകൂടാതെ ഇരുകൂട്ടരെയും അവരുടെ ന്യായമായ മേലധികാരികളായി വിചാരിക്കയും" ചെയ്തിരുന്നു! എങ്കിലും യാക്കോബായ വിശ്വാസം മാത്രമെ ഇവിടെ വേരുറച്ചുള്ളു അത്രെ!! അതിനുള്ള തെളിവു് ഏതു്? ഈ വിധത്തിലുള്ള വാദരീതിയെപ്പററി എന്തു പറയാനാണു്! എങ്കിലും 1490-ൽ മാത്രമാണു് കേരളീയർ ആദ്യമായി സെലൂക്കിയാ ("നെസ്തോറിയൻ") പാത്രിയക്കീസിനെ സ്വീകരിച്ചതു്!!

ഇതുവരെ പരിശോധിക്കപ്പെട്ട വാദങ്ങൾക്കു പുറമെ വേറെ രണ്ടു മൂന്നു വാദങ്ങൾകൂടി നമ്മുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടവയാണു്. അവയും താഴെ ചേർക്കുന്നു. (21b)

(21) P. 80
(21 b) ഈ വാദങ്ങൾ ബ. ശെമ്മാശന്റെയാണു്.

a) എസ്തേറിന്റെ പുസ്തകവും, സ്ലോമോന്റെ ബോധജ്ഞാനം എന്ന പുസ്തകവും കേരളത്തിൽ ഇല്ലായിരുന്നു എന്നു് ഉദയംപേരൂർ സൂനഹദോസു പറയുന്നുണ്ടു്. ഈ പുസ്തകങ്ങൾ യാക്കോബായ സഭ സ്വീകരിക്കുന്നവയല്ല. ആകയാൽ ഈ സംഗതിയിൽ നിന്നു് പുരാതനമായി ഇവിടെ യാക്കോബായ വിശ്വാസം ഉണ്ടായിരുന്നു എന്നു് അനുമാനിക്കാവുന്നതാണു്.

ഉത്തരം. യാക്കോബായ സഭയിലെ ഔദ്യോഗിക കാനൻ നിയമസംഹിതയായ ഹൂദായ കാനോൻ ഏഴാം കേപ്പാലേയൂൻ ഒമ്പതാം പാസൂക്കായിൽ എല്ലാ വൈദികർക്കും അൽമായർക്കും ഉണ്ടായിരിക്കേണ്ടവയായി എണ്ണിപ്പറഞ്ഞിരിക്കുന്ന വേദപുസ്തകഭാഗങ്ങളിൽ, യാക്കോബായ പണ്ഡിതനായ ബർ എബ്രായ പ്രസ്തുത പുസ്തകങ്ങൾ രണ്ടും ഉൾപ്പെടുത്തിയിരിക്കുന്നു! അദ്ദേഹം പറയുന്നു: നിഹവ്വൂൻ ദിൽ–ല്കൽഹൂൻ– ക്ലേറീക്കാ– ഉഓൽമോയെ–ക്താബൈ– കാദിശെ–ഹോലീൻ– ദ്യോതീക്കാ– ആത്തിക്കേത്ത..........ഹാദ്–ദെസ്തേര........ഹമ്ശാ– ദസ്ലേമൂൻ........

അതായതു്: "എല്ലാ വൈദികർക്കും അൽമായർക്കും പഴയനിയമത്തിലെ ഈ പുസ്തകങ്ങൾ ഉണ്ടായിരിക്കണം........എസ്തേറിന്റെ ഒന്നു്.... സ്ലോമോന്റെ അഞ്ചു്...."

സ്ലോമോന്റെ അഞ്ചു പുസ്തകങ്ങളിൽ ഒന്നാണല്ലോ ബോധജ്ഞാനം! ആകയാൽ എസ്തേറിന്റെ പുസ്തകവും സ്ലോമോന്റെ ബോധജ്ഞാനം എന്ന പുസ്തകവും യാക്കോബായ സഭ സ്വീകരിക്കുന്നു എന്നു സിദ്ധിക്കുന്നു. യാക്കോബായ വാദം എങ്ങനെ നിൽക്കും?

b) 852-ൽ അലക്സാന്ത്രിയായിലെ മുഹമ്മദീയഭരണാധികാരിയായിരുന്ന എമിർ വീഞ്ഞുണ്ടാക്കുന്ന ഏർപ്പാട മുടക്കുകനിമിത്തം ഈജിപ്തായക്കാർ മുന്തിരിങ്ങാ പിഴിഞ്ഞെടുത്ത ചാറുപയോഗിച്ചു് കുർബാന ചൊല്ലിയിരുന്നു. കേരളത്തിൽ ഇങ്ങനെ നടന്നിരുന്നു എന്നു് 1514-ൽ ചരിത്രമെഴുതിയ ഒരു പോർട്ടുഗീസു ഗ്രന്ഥകാരൻ പറയുന്നു. നെസ്തോറിയൻകാർക്കു ഇതു പാടുള്ളതല്ല വീഞ്ഞു വാങ്ങിക്കുവാൻ സൌകര്യമുള്ള ഇന്നുപോലും കേരളത്തിലെ യാക്കോബായക്കാർ മുന്തിരിങ്ങാച്ചാർ ഉപയോഗിക്കുന്നു ആകയാൽ കേരളത്തിലെയും അലക്സാന്ത്രിയായിലെയും വിശ്വാസം ഒന്നായിരുന്നു. അതു യാക്കോബായ ആയിരുന്നു.

ഉത്തരം. ഇതിൽ അശേഷം യുക്തിയില്ല. കൂടാതെയും എന്തുകൊണ്ടാണ് ഈഗുപ്പായക്കാർ മുന്തിരിങ്ങാ പിഴിഞ്ഞുതുടങ്ങിയതു- അവർ യാക്കോബായ വിശ്വാസമുണ്ടായിരുന്നവരായതുകൊണ്ടോ എമീറിന്റെ മുടക്കുകൊണ്ടോ? എമീറിന്റെ മുടക്കുകൊണ്ടെന്നാണല്ലോ ഉത്തരം. ആകയാൽ മുന്തിരിങ്ങാച്ചാറുപയോഗിക്കുക യാക്കോബായത്വത്തിന്റെ ഒരു ലക്ഷണമല്ല. വീഞ്ഞുണ്ടാക്കുവാനോ വാങ്ങിക്കുവാനോ പ്രയാസമുള്ള സ്ഥലങ്ങളിൽ മുന്തിരിങ്ങാച്ചാറുപയോഗിച്ചു കുർബാന ചൊല്ലുന്നവർ യാക്കോബായക്കാരെന്നു വിധിക്കപ്പെടുന്നപക്ഷം ചില കത്തോലിക്കാവിഭാഗങ്ങളും യാക്കോബായ ആയിതീരുന്നതാണ്! എമീറിന്റെ മുടക്കോ ഈഗുപ്പായ യാക്കോബായ ബന്ധമോ ഇല്ലാത്ത പല കത്തോലിക്കാവിഭാഗങ്ങളും ഈ അടുത്ത കാലത്തും മുന്തിരിങ്ങാച്ചാറുപയോഗിച്ചു് കുർബാന ചൊല്ലിയിരുന്നതായി പല രേഖകളും ഉണ്ടു്. ആകയാൽ കേരളത്തിൽ നടന്നിരുന്നതും ഇന്നു കേരളീയയാക്കോബായക്കാർ സ്വീകരിച്ചിരിക്കുന്നതും ആയ നടപ്പിൽ നിന്നു് കേരളീയസഭ പുരാതനകാലത്തു യാക്കോബായ ആയിരുന്നു എന്നു് അനുമാനിക്കാവുന്നതല്ല. നെസ്തോറിയൻകാൎക്കു് ഇതു നിഷിദ്ധമാണെങ്കിൽ, കേരളീയസഭ നെസ്തോറിയ അല്ലായിരുന്നു എന്നേ നമുക്കനുമിച്ചുകൂടു. നെസ്തോറിയ അല്ലാത്തതു് യാക്കോബായ ആകണമെന്നില്ലല്ലോ. സുറിയായിലും പേരഷ്യായിലും ഉള്ള യാക്കോബായക്കാർ വീഞ്ഞു തന്നെ ഉപയോഗിക്കുന്നുണ്ടല്ലോ. അവരോടായിരുന്നല്ലോ കേരളീയസഭയ്ക്കു് അതു് യാക്കോബായ ആയിരുന്നെങ്കിൽ കൂടുതൽ ബന്ധമുണ്ടാകേണ്ടിയിരുന്നതു്. ആ സ്ഥിതിക്കു് കേരളീയസഭ ഈഗുപ്പായസഭയെ അനുകരിച്ചതെന്തിനു്? ഇന്നും വീഞ്ഞുണ്ടാക്കുവാനോ വാങ്ങിക്കുവാനോ പ്രയാസം നേരിട്ടാൽ കത്തോലിക്കർ മുന്തിരിങ്ങാച്ചാറു് വേണ്ടവിധത്തിൽ ഉപയോഗിക്കുന്നതായിരിക്കും. പുരാതനകാലത്തു് കേരളീയർ മുന്തിരിങ്ങാച്ചാറുപയോഗിച്ചിരുന്നതു് വീഞ്ഞു കിട്ടുവാനുള്ള പ്രയാസം നിമിത്തമായിരുന്നു. ഇന്നു കേരളീയയാക്കോബായക്കാർ അങ്ങനെ ചെയ്യുന്നതു് യാക്കോബായത്വത്തോടുള്ള പ്രതിപത്തികൊണ്ടല്ല വേറെ ചില കാരണങ്ങൾകൊണ്ടാണെന്നു് എല്ലാവൎക്കും അറിയാവുന്നതാണല്ലോ.

c) 1665_ൽ കേരളത്തിൽ വന്ന യാക്കോബ്യനായ മാർ ഗ്രിഗോറിയൂസു് അദ്ദേഹത്തിന്റെ ഒരെഴുത്തിൽ കേരളത്തിൽ സുറിയാനി വിശ്വാ

സമാണ് ഉണ്ടായിരുന്നതെന്നു പ്രസ്താവിച്ചിരിക്കുന്നു. ആകയാൽ അദ്ദേഹവും കേരളത്തിൽ യാക്കോബായ വിശ്വാസം പണ്ടുണ്ടായിരുന്നതായി വിശ്വസിച്ചിരുന്നു.

ഉത്തരം. തന്റെ വിശ്വാസം കേരളത്തിൽ പ്രചരിപ്പിക്കുവാൻ, കേരളത്തെ സംബന്ധിച്ചിടത്തോളം ആ വിശ്വാസം പുരാതനമാണെന്നു മാത്രമേ മാർ ഗ്രീഗോറിയൂസു പറയുകയുള്ളൂ. ഇതിനും പുറമെ അദ്ദേഹത്തിന്റെ ധാരണപ്രകാരം ഒരു പക്ഷെ യാക്കോബായ വിശ്വാസമായിരുന്നിരിക്കാം ഏററം പുരാതനമായ വിശ്വാസം. തന്നിമിത്തം ശ്ലൈഹികസഭയായ കേരളീയസഭയിലും അതുതന്നേ പുരാതനകാലത്തു പ്രചരിച്ചിരുന്നു എന്നു് അദ്ദേഹം കരുതിയെന്നുവരാം. എന്നാൽ ഇതിൽനിന്നു യാക്കോബായവാദം സാധൂകരിക്കുവാൻ പാടുള്ളതല്ലല്ലൊ.

മാർ ഗ്രീഗോറിയൂസു വന്നപ്പോൾ ഇവിടെയുണ്ടായിരുന്ന ഒരു ഈശോസഭക്കാരൻ വൈദികൻ അദ്ദേഹത്തെപ്പററി രേഖപ്പെടുത്തിയ ഒരു സംഭവം അറിഞ്ഞിരിക്കുക വളരെ പ്രയോജനകരമാണ്. അദ്ദേഹം അന്തിയോക്കിയാ യാക്കോബായ റീത്തുപ്രകാരം കുർബ്ബാന ചൊല്ലുന്നതു കണ്ടപ്പോൾ ജനങ്ങൾ ക്ഷോഭിച്ചു്, അദ്ദേഹം റോമ്മായിൽ നിന്നുവന്നതല്ലെന്നു മനസ്സിലാക്കി അദ്ദേഹത്തെ സ്വീകരിക്കുവാൻ വിമുഖരായിതീൎന്നു. തൻനിമിത്തം തോമ്മാ അൎക്കദിയാക്കോന്റെ ഗൂഢാലോചനയുടെ ഫലമായി റീത്തിൽ പല ഭേദഗതികളും വരുത്തി ജനങ്ങൾക്കു് അതു് കൽദായ റീത്താണെന്നു തോന്നത്തക്കവിധം അദ്ദേഹം ലത്തീൻ കുപ്പായങ്ങളുപയോഗിച്ചു് കുർബ്ബാനചൊല്ലിയിരുന്നു. പുളിച്ചയപ്പംമാത്രം മാററിയില്ല.

പ്രസ്തുത ഈശോസഭാ വൈദികന്റെ രേഖയെ ഫാദർ ഹീറാസ് എസ്. ജെ. ഇങ്ങനെ പരാവൎത്തനം ചെയ്യുന്നു:

"........Moreover the people were scandalized at the way of his saying mass. He did not use any vestments and they noticed that the ceremonies of his mass were not like the ceremonies of their *Catanars* nor like those of the Jesuits. His mass only took 15 minutes. Rumours therefore grew that he did not come from Rome. The differences in the celebration of the mass were so much

talked about that the Archdeacon fearing the conseq. uences persuaded the Archbishop to use the same vestments and to keep the same ceremonies as those prevailing in Malabar. To all this he willingly agreed, except the use of unleavened bread". (22)

ഇപ്രകാരം പ്രവർത്തിച്ച മാർ ഗ്രീഗോറിയൂസ് "സുറിയാനി വിശ്വാസം" പുരാതനമാണെന്നല്ലാതെ മറിച്ച് പറയുമായിരുന്നോ?

കേരളത്തിൽ യാക്കോബായ വിശ്വാസവും അന്തിയോക്കിയാ യാക്കോബായ സുറിയാനിറീത്തും കയറിപ്പററിയതു് എന്നാണെന്നും എങ്ങനെയാണെന്നും ഈ സംഭവത്തിൽ നിന്നു നിഷ്പക്ഷബുദ്ധികൾക്കു ശരിയായി മനസ്സിലാക്കാവുന്നതാണു്.

---

# പതിമൂന്നാം അദ്ധ്യായം

---

## കേരളീയസഭ—വിദേശബന്ധം
## കത്തോലിക്കാ ഐക്യം

---

(൰൩-ാം ശതാബ്ദത്തിനു മുമ്പ്.)

സെലൂക്കിയാമാത്രം.

14-ാം ശതാബ്ദത്തിനു മുമ്പു കേരളീയസഭയുടെ നിലയും കത്തോലിക്കാ ഐക്യവും എങ്ങനെയുള്ളവയായിരുന്നെന്നു പത്താം അദ്ധ്യായത്തിൽ വിവരിച്ചുകഴിഞ്ഞു. 14-ാം ശതാബ്ദം മുതൽ 16-ാം ശതാബ്ദം വരെയുള്ള സംഗതികളാണു് ഈ അദ്ധ്യായത്തിലെ പ്രതിപാദ്യവിഷയം.

13-ാം ശതാബ്ദത്തിനുശേഷം കേരളീയസഭ സെലൂക്കിയാപാത്രിയാർക്കീസിനുമാത്രം (?) കീഴ്പ്പെട്ടിരുന്നതായിട്ടാണു് കാണുന്നതു്. 1301-ൽ കൊടുങ്ങല്ലൂരിൽ വച്ചു് എഴുതപ്പെട്ടതും വത്തിക്കാൻ ഗ്രന്ഥശാലയിൽ

---

(22) Heras, S. J. The Examiner, May 14, 1938, P, 294.

ഇരിക്കുന്നതും ആയ മേലുദ്ധരിച്ച കയ്യെഴുത്തു കൽദായസുറിയാനി പുസ്തകം ഇതിനൊരു ലക്ഷ്യമാണു്. സെലൂക്കിയായുമായി മാത്രമുള്ള ഈ ബന്ധം നിമിത്തം അവിടത്തെ വിശ്വാസവും ആരാധനക്രമങ്ങളുടങ്ങിയ പുസ്തകങ്ങളും കേരളത്തിൽ പൂർവ്വാധികം പ്രചാരത്തിൽ വരുവാൻ ഇടയായിട്ടുണ്ടു്. എന്നാൽ അന്നത്തെ സെലൂക്കിയാസഭയുടെ ("നെസ്തോറിയൻ" സഭയുടെ) നില എന്തായിരുന്നു? കുരിശുയുദ്ധാരംഭത്തോടെ നെസ്തോറിയൻപാത്രിയർക്കീസുമാർ റോമ്മായുമായി കത്തിടപാടുകൾ നടത്തിത്തുടങ്ങി. ആ കത്തുകളിൽ നിന്നു് റോമ്മായുടെ അധികാരം സംബന്ധിച്ചുള്ള അവരുടെ വിശ്വാസമെന്തായിരുന്നെന്നു് മൂകളിൽ വിശദീകരിച്ചിട്ടുള്ളതാണു്. മാർ ആറായുടെ കാലം മുതൽ മൂന്നുരു കൊല്ലത്തേക്കു് റോമ്മായുമായി കത്തിടപാടുകൾ നടത്താതിരുന്നതു് മഹമ്മദീയ ശല്യം നിമിത്തമാണെന്നു് 1552-ൽ സൂലാക്കായെ മാർപ്പാപ്പായുടെ പക്കലയച്ച "നെസ്തോറിയൻകാർ" പ്രസ്താവിച്ചിരിക്കുന്നതായി നാം കണ്ടതാണല്ലോ. സൂലാക്കായുടെ മുൻഗാമികളുടെ ദൃഷ്ടിയിൽ റോമ്മായിൽ നിന്നു ഭിന്നമായ ഒരു നിലയല്ല തങ്ങൾ സ്വീകരിച്ചിരുന്നതെന്നും മൂകളിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്. ഇപ്രകാരം സെലൂക്കിയർ റോമ്മായുടെ അനുസരണത്തിൽ നിന്നിരുന്നവർ എന്നു് സ്വയം കരുതുകയും "നെസ്തോറിയൻകാർ" എന്നു വിളിക്കുകയും, സെലൂക്കിയാസഭയ്ക്കു പ്രത്യേകമായ നെസ്തോറിയത്വത്തെ വച്ചു സൂക്ഷിക്കുകയും ചെയ്തിരുന്നു എന്നതു് ഒരു വിശേഷമാണു്. ഈ സ്ഥിതിക്കു ഒരു പ്രാദേശികസഭയും സെലൂക്കിയായുടെ വിഭാഗമല്ലാത്തതും ആയ കേരളീയസഭയുടെ കത്തോലിക്കാ ഐക്യത്തെപ്പററി പ്രത്യേകമൊന്നും പറയേണ്ട ആവശ്യമില്ല.

"നെസ്തോറിയൻ" എന്ന സംജ്ഞയും, സെലൂക്കിയാസഭയുടെ പ്രത്യേകതരം നെസ്തോറിയത്വവും, അതിന്റെ പൌരസ്ത്യ സുറിയാനിരീതിയും പാശ്ചാത്യരിൽ പലരേയും വഴിപിഴപ്പിക്കുകയും സെലൂക്കിയാസഭാംഗങ്ങൾ റോമ്മായുടെ അധികാരം സ്വീകരിക്കാതിരുന്നവരാണെന്നു ധരിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. ചില പൌരസ്ത്യാചാരങ്ങളും, വൈദികവിഷയങ്ങളിൽ പൌരസ്ത്യർക്കുണ്ടായിരുന്ന അജ്ഞതയും പാശ്ചാത്യരുടെ ഈ ധാരണയെ സ്ഥിരീകരിച്ചിട്ടുമുണ്ടു്. ഇതിനും പുറമെ ചില ദുരാചാരങ്ങളും അബദ്ധധാരണകളുംകൂടി പൌരസ്ത്യരെ ബാധിച്ചിരുന്നു. ഈ സംഗതികളെല്ലാം മനസ്സിലാക്കിയശേഷം മാത്രമേ കേരളീയരെപ്പററി ചില വിദേശസഞ്ചാരികൾ ചെയ്തിരിക്കുന്ന പ്രസ്താവനകളെപ്പററി വിധിപറയാവൂ എന്നു പ്രത്യേകം എടുത്തുപറയേണ്ടതായിട്ടുണ്ടു്.

വിദേശസഞ്ചാരികൾ.

ക്നായിതോമ്മായുടെ വരവിനേയും കോസ്മോസിന്റെ ഇൻഡ്യാ സന്ദർശനത്തേയുംപററി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഇൻഡ്യാക്കാരനായ ഒരു തിയോഫിലസ് 354-ൽ കൊൺസ്ററാൻസിയൂസ് എന്ന റോമ്മാചക്രവത്തിൽടെ കല്പനപ്രകാരം ഇൻഡ്യാസഭയെ സന്ദർശിച്ച് ചില ദുരാചാരാങ്ങൾ നീക്കം ചെയ്യതായി നാം വായിക്കുന്നുണ്ട് (1) എന്നാൽ ഈ ദുരാചാരങ്ങൾ വിശ്വാസത്തെ സ്പർശിക്കുന്നവയാണെന്നു തീർത്തു പറയാവുന്നതല്ല. ഇതിനു കുറെ മുമ്പ് (?) മാണിക്കവാചകർ എന്ന ക്ഷുദ്രപ്രയോഗി കുറെ ക്രിസ്ത്യാനികളെ വഴിതെററിച്ചതായി ഐതിഹ്യമുണ്ട്. (2) തയ്യായിക്കാർ മാണിഗ്രാമക്കാർ എന്നിങ്ങനെ അറിയപ്പെടുന്നവരുടെ യഥാത്ഥചരിത്രത്തിലേക്കു പ്രവേശിക്കേണ്ട ആവശ്യം നമുക്കില്ല.

590-ൽ ഫ്രാൻസിൽ നിന്നു് തിയഡോർ ഇൻഡ്യയിൽ തോമ്മാശ്ലീഹായുടെ കബറിടം സന്ദർശിച്ചു. (2 b) 883-ൽ ഇംഗ്ലണ്ടിലെ ആൽഫ്രഡ് തോമ്മാശ്ലീഹായുടെ കബറിടത്തിൽ നേർച്ചകാഴ്ചകൾ സമപ്പിച്ചു. (3) ഒഡോറിക്കൂസ് വിത്താലിസ് എന്ന ചരിത്രകാരൻ 1145-നു മുമ്പ് എഴുതിയ ചരിത്രത്തിൽ തോമ്മാശ്ലീഹായെപ്പററി ഒരു ഭാഗമുണ്ട്. തോമ്മാശ്ലീഹാ ഒരു അത്ഭുതം പ്രവത്തിച്ചുകൊണ്ട് കടലിൽ നിന്നും ഒരു വലിയ തടി കരയ്ക്കു വലിച്ചുകയററിയ സംഭവം വിവരിച്ച ശേഷം, അദ്ദേഹം സ്ഥാപിച്ച സഭയെപ്പററി ഒഡോറിക്കൂസു പറയുന്നു. "....അവിടെ തോമ്മാശ്ലീഹായുടെ സിംഹാസനം ഉണ്ട്. ഇന്നുവരെ കത്തോലിക്കാവിശ്വാസവും (അവിടെയുണ്ട്)"Ibi Sedes est Thomae Apostoli, fidesque Catholica usque ad hodiernam diem." (3 b) 1292-ൽ ഇൻഡ്യാ സന്ദർശിച്ച കത്തോലിക്കനായ

---

(1) Medlycott, India and the Apostle Thomas, p. 188.

(2) മാണിക്കവാചകർ മനിക്കിയൻപാഷണ്ഡതയുടെ കത്താവോ അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ ഒരാളോ ആണെന്നു സംശയിക്കുന്നവരും ഉണ്ടത്രെ.

(2b) Medlycott. o. c. p. 71.

(3) Medlycott. o. c. p. 80.

(3b) Mgr. Zaleski, Saints of India, p. 144.

യോഹന്നാൻ ദെമൊന്തെകൊർവീനോ (John de Monte Corvino) ഒരു നൂറോളം പേർക്ക് മാർമ്മോദീസാ നൽകിയതായി നാം വായിക്കുന്നു. (4) മാർക്കോപോളൊ എന്ന വെനീഷ്യൻ ദേശസഞ്ചാരി 1295_ൽ തോമ്മാ ക്രിസ്ത്യാനികളെ സന്ദർശിക്കുകയുണ്ടായി. തോമ്മാശ്ലീഹായുടെ കബറിടത്തിൽ 1287_ൽ നടന്ന ഒരത്ഭുതത്തെ അദ്ദേഹം സ്വകൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (5) 1300_ൽ ഇൻഡ്യാ സന്ദർശിച്ച കത്തോലിക്കനായ ഹിയത്തോനൂസിന്റെ (Hyathonus) ദൃഷ്ടിയിൽ "നമ്മുടെ വിശ്വാസം". തോമ്മാശ്ലീഹാ മതം പ്രസംഗിച്ചിടത്ത് വളരെ ക്ഷയിച്ചിരുന്നു (ibi fides nostra est multum diminuta) മൈലാപ്പൂർ (Mappur) ഭാഗത്തെപ്പറ്റിയാണ് അദ്ദേഹം ഇങ്ങനെ പ്രസ്താവിക്കുന്നതെന്നു തോന്നുന്നു. കൽദായഭാഗത്തെപ്പറ്റി പ്രസ്താവിക്കയിൽ അവിടെയുള്ളവർ നെസ്തോറിയൻകാരാണെന്നും നെസ്തോറിയൻ അബദ്ധത്തിൽ നിപതിച്ചവരാണെന്നും എടുത്തു പറയുന്ന ഹിയത്തോനൂസ് ഇൻഡ്യാക്കാരെപ്പറ്റിയുള്ള പ്രസ്താവനയിൽ "നമ്മുടെ വിശ്വാസം" അവരുടെയിടയിൽ വളരെ ക്ഷയിച്ചിരിക്കുന്നു എന്നു മാത്രമേ സൂചിപ്പിക്കുന്നുള്ളു. (6) തോമ്മാശ്ലീഹായുടെ കബറിനടുത്ത് പാഷണ്ഡരായ നെസ്തോറിയൻകാരുടെ പതിനഞ്ചു കുടുംബങ്ങളുണ്ടായിരുന്നെന്ന് അനുഗൃഹീതനായ ഓഡേരിക്ക് (Bl. Oderic) 1324 ൽ പ്രസ്താവിച്ചിരിക്കുന്നു (7) 1322_ൽ കേരളം സന്ദർശിച്ച ഒരാളാണ് ജോർദ്ദാനൂസ്. ഭാരതഭൂമിയിൽ ക്രിസ്ത്യാനികൾ അങ്ങുമിങ്ങും മാത്രമേ ഉള്ളു എന്നും, അവർക്കു മാമ്മോദീസായില്ലെന്നും, വിശ്വാസസംബന്ധമായ പല അജ്ഞതകൾ ഉണ്ടെന്നും, മശിഹായെക്കാൾ തോമ്മാശ്ലീഹായെ അവർ കാര്യമായി കരുതുന്നെന്നും ജോർദ്ദാനൂസ് പ്രസ്താവിക്കുന്നു. (8) ജോർദ്ദാനൂസിന്റെ ഈ പ്രസ്താവന കേരളീയരെ സംബന്ധിച്ചിടത്തോളം മുഴുവനും ശരിയല്ലെന്ന് പ്രഥമദൃഷ്ടിയിൽ തന്നെ വിശദമാണ്. മാർമ്മാദീസാ സ്വീകരിക്കാതിരുന്ന ചിലർ കേരളത്തിൽ ചില സ്ഥലങ്ങളിൽ ഉണ്ടായിരുന്നു എന്നല്ലാതെ കേരളീയരെല്ലാവരും അങ്ങനെയുള്ളവരായി

---

(4) Ibid. p. 89.
(5) Raulin o. c. p. 383.
(6) Ibid. p. 384.
(7) Medlycott. o. c. p. 92.
(8) The Travancore State Manual, p. 145. 146.

രുന്നു എന്നു പറയാവുന്നതല്ല. വിശ്വാസം സംബന്ധിച്ചു് പല അബദ്ധധാരണകളും അവരിൽ ഉണ്ടായിരുന്നിരിക്കുവാൻ പാടുള്ളതാണു്. മശിഹായെക്കാൾ അവർ തോമ്മാശ്ലീഹായെ ഉയർത്തിയതു് ഏതർത്ഥത്തിലാണെന്നു വിശദമാകുന്നില്ല. തോമ്മാശ്ലീഹാ മശിഹായുടെ ശിഷ്യൻ മാത്രമാണെന്നുള്ള ധാരണ അവർക്കില്ലായിരുന്നു എന്നു വിചാരിക്കാവുന്നതല്ല. കേരളീയരെപ്പററി ഇത്ര കടത്തിപറഞ്ഞിരിക്കുന്ന ജൊർദ്ദാനൂസിനു് അവരുടെ നില ഗ്രഹിക്കുന്നവണ്ണം അവരുടെ ഭാഷ അറിയാമായിരുന്നോ എന്നാണു് ഫാദർ ഫെറൊളി എസ്സ്. ജെ. ചോദിക്കുന്നതു്. (8b)

ജൊർദ്ദാനൂസ് തിരിച്ചുപോകുകയും 1328-ൽ കൊല്ലത്തെ ലത്തീൻ മെത്രാനായി വാഴിക്കപ്പെടുകയും ചെയ്തു. ജൊർദ്ദാനൂസിനെ ആദരവോടെ സ്വീകരിക്കണമെന്നു് 22-ാം യോഹന്നാൻ മാപ്പാപ്പാ നസ്രാണികളുടെ നേതാവിനോടു് തദവസരത്തിൽ ആവശ്യപ്പെട്ടു. മാമ്മോദീസാ മുഖേന മശിഹായിൽ വീണ്ടും ജനിച്ചിരിക്കുന്നവർ റോമ്മാ മാപ്പാപ്പായോടുള്ള ഐക്യത്തിൽ ഒന്നായിരിക്കണമെന്നും, ജൊർദ്ദാനൂസിൽ നിന്നു് സത്യോപദേശം സ്വീകരിക്കണമെന്നും “ശീസ്മയുടെ എല്ലാ തെററുകളും നീക്കി” അങ്ങനെ പ്രവർത്തിക്കണമെന്നും മററും മാപ്പാപ്പാ നസ്രാണികളുടെ നേതാവിനെ അറിയിച്ചു. ഇതിൽനിന്നു് നസ്രാണികൾ അന്നു് കത്തോലിക്കാ ഐക്യമില്ലായിരുന്ന ശീസ്മക്കാരായിരുന്നു എന്നു് ചിലർ അനുമാനിക്കുന്നുണ്ടു്. എന്നാൽ ഈ അനുമാനം ശരിയാകണമെന്നില്ല. നസ്രാണികൾ ശീസ്മക്കാരാണെന്നു ജൊർദ്ദാനൂസ് മാപ്പാപ്പായെ ധരിപ്പിച്ചതിനാൽ മാപ്പാപ്പാ ഈ വിധത്തിൽ എഴുതി എന്നു വരാം. കൂടാതെയും ‘ശീസ്മയുടെ എല്ലാ തെററുകളും നീക്കി” എന്നുള്ള പ്രയോഗം Quorumlibet schismatum pulsi serroribus) മൂലഭാഷയായ ലത്തീനിൽ വർത്തമാനകാലത്തുള്ളതോ ഭാവികാലത്തുണ്ടായേക്കാവുന്നതോ ആയ ശീസ്മയേയും അബദ്ധങ്ങളേയും സൂചിപ്പിക്കുന്ന ഒന്നാണു്. ആകയാൽ മാപ്പാപ്പായുടെ ലേഖനമെഴുതപ്പെട്ടകാലത്തു് നസ്രാണികൾ ശീസ്മക്കാരായിരുന്നു എന്നു് മേലുദ്ധരിച്ച വാചകത്തെ ആസ്പദമാക്കി അനുമാനിക്കുക ശരിയായിരിക്കയില്ലല്ലൊ. അപ്രകാരം തന്നെ റോമ്മാമാപ്പാപ്പായോടു് ഐക്യപ്പെട്ടിരിക്കുന്നവരോടു് ആ നിലയിൽ അവർ ഐക്യം പാലിക്കേണ്ടതാണെന്നു് വീണ്ടും വീണ്ടും പറയാവുന്നതാണു്. സുറിയാനിക്കാരായ നസ്രാണികളുടെ മദ്ധ്യേ ഒരു ലത്തീൻ മെത്രാൻ പ്രത്യക്ഷപ്പെട്ടാൽ അതു് ഒരു പക്ഷേ ശീസ്മയ്ക്കു കാരണമായേക്കാമെന്ന ഭയവും മാപ്പാപ്പായിക്കുണ്ടായിരുന്നു എന്നു വരാം. ആകയാൽ മേലുദ്ധരിച്ച വാചകത്തിൽ നിന്നു് നസ്രാണികൾ റോമ്മാഐക്യമില്ലാത്തവരായിരുന്നു എന്നു അനുമാനിക്കാവു

(8b) "Friar Jordan's strictures about the Malabar Christians are strong. But did he know the language sufficiently to understand them?" Ferroli, S. J. The Jesuits in Malabar p. 82.

ന്നതല്ല നസ്രാണികൾ റോമ്മായുമായി നേരിട്ട് യാതൊരിടപാടും നട ത്താതിരുന്ന ഒരു കാലഘട്ടമായിരുന്നു അതെന്നും നാം ഓർമ്മിക്കേണ്ട താണ്. ജൊർദ്ദാനൂസ് കേരളത്തിൽ തിരിച്ചെത്തിയതായി യാതൊരു രേഖയുമില്ല

ചൈനായിൽ മാർപ്പാപ്പായുടെ പ്രതിപുരുഷനായിരുന്ന യോഹ ന്നാൻ മരിഞ്ഞോളി (John de Marignoli) കൊല്ലത്തു 14 മാസം താ മസിച്ചു. 1348-ൽ ആണ് അദ്ദേഹം കൊല്ലം വിട്ടതു്. മാർതോമ്മാ ക്രിസ്ത്യാനികൾ കുരുമുളകിന്റെ ഉടമസ്ഥന്മാരാണെന്നും, അവർ ഉടമ സ്ഥന്മാരായിരുന്ന ആപ്പീസിൽ നിന്നു് മാർപ്പാപ്പായുടെ പ്രതിപുരുഷൻ എന്ന തന്റെ ഉദ്യോഗത്തിനുള്ള ചെലവായി ("as perquisite of my office as Papal legate") പ്രതിമാസം നൂറു പൊൻപണവും ആ സ്ഥലം വിട്ടപ്പോൾ ആയിരം പൊൻപണവും അവർ തനിക്കു പ്ര ദാനം ചെയ്തു എന്നും അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. (9) കൊ ല്ലത്തു് ലത്തീൻകാരുടേയും സുറിയാനിക്കാരുടേയും ഓരോ പള്ളിയു ണ്ടായിരുന്നെന്നും താൻ ലത്തീൻപള്ളിയിൽ താമസിച്ചിരുന്നെന്നും മററും അവിടെയുള്ള ക്രിസ്ത്യാനികളെപ്പററി പറയുന്ന മരിഞ്ഞോളി രണ്ടു റീത്തുകാരേയും ഒന്നുപോലെയാണു് പരിഗണിക്കുന്നതു്. വിശ്വാസസം ബന്ധമായി സുറിയാനിക്കാർ ശിസ്മക്കാരായിരുന്നെങ്കിൽ ആ സംഗതി പ്രത്യേകം എടുത്തു പറയേണ്ട ഒരവസരമാണു് അദ്ദേഹത്തിനുണ്ടായിരു ന്നതു്. പക്ഷെ അദ്ദേഹം അതു സംബന്ധിച്ചു് യാതൊന്നും പ്രസ്താവി ക്കുന്നില്ല.

1430-നു മുമ്പു് ഇൻഡ്യാ സന്ദർശിച്ച നിക്കോളെ ദെകോന്തി (Nicolo de Conti) താൻ തോമ്മാശ്ലീഹായുടെ കബറിടത്തിനു സ മീപം ആയിരത്തോളം നെസ്തോറിയൻകാരെ കണ്ടു എന്നു പ്രസ്താവി ക്കുന്നു. യൂദന്മാർ യൂറോപ്പിലെന്നപോലെ നെസ്തോറിയൻകാർ ഇ ൻഡ്യായിൽ ചിതറിക്കിടക്കുന്നു എന്നാണു് ദെകോന്തിയുടെ പ്ര സ്താവന. (10)

1439-ൽ ആൽബെർട്ടു് ദെസർസിയാനോ (Albert de Sartiano) എന്ന തന്റെ പ്രതിപുരുഷനെ നാലാം എവുജേനിയൂസ് മാർപ്പാപ്പാ ന

(6) Mackenzie, Christianity in Travaucore, p. 9.
(10) Medlycott. o. c. p. 95.

സ്രാണികളുടെ തോമ്മാ രാജാവിൻെറ സംരക്ഷണത്തിനു ഭരമേല്പിച്ചു. രാജാവും അദ്ദേഹത്തിൻെറ പ്രജകളും സത്യക്രിസ്ത്യാനികളാണെന്നുള്ള നിരന്തരമായ ശ്രുതി താൻ കേട്ടിരിക്കുന്നു എന്നാണു് മാർപ്പാപ്പാ തോമ്മാരാജാവിനു് എഴുതിയിരിക്കുന്നതു്. ("There has often reached us a constant rumour that your serenity and all those who are subjects of your kidgdom are true Christians") (11)

1493-ൽ ലൂയി കഡമുസ്തു് (Aloysius Cadamust) എന്ന വെനിഷ്യൻ ദേശസഞ്ചാരി കോഴിക്കോടു സന്ദർശിച്ചു. ക്രിസ്ത്യാനികൾ ആനപ്പുറത്തു സഞ്ചരിച്ചിരുന്നെന്നും, കന്യകമറിയത്തിൽ നിന്നു് മ്ശിഹാ ജനിച്ചു് യാതൊരു പാപവുമില്ലാത്തവനായി യൂദന്മാരാൽ കുരിശിൽ തറയ്ക്കപ്പെട്ടു് മരിച്ചു് ഓർശ്ലെത്തു് സംസ്ക്കരിക്കപ്പെട്ടു എന്നു് അവർ വിശ്വസിച്ചിരുന്നെന്നും അദ്ദേഹം പ്രസ്താവിക്കുന്നു. മാർപ്പാപ്പാ റോമ്മായിൽ വസിച്ചിരുന്നു എന്നു് അവർക്കറിയാമായിരുന്നു എങ്കിലും വി. റോമ്മാസഭയെപ്പററി വേറെ യാതൊരറിവും അവർക്കില്ലായിരുന്നു എന്നും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ടു്. അന്നു് കോഴിക്കോട്ടുണ്ടായിരുന്നവർ

---

(11) L. Wadding, *Annales Minorum*, no. 71. XIV. ed. 3.

കേരളീയ നസ്രാണികളുടെ നേതാവായി ഒരു ക്രിസ്തീയ രാജാവുണ്ടായിരുന്നു എന്നുള്ളതു് ചരിത്രപ്രസിദ്ധമായ ഒരു സംഗതിയാണു്. ഇന്നും ഉദയമ്പേരൂർ പള്ളിക്കു സമീപം രാജകൊട്ടാരം ഇരുന്ന സ്ഥലവും (കോലോത്തും വെളി) രാജാവിൻെറ കുളവും (കോലോത്തുംകുളം) കാണുവാനുണ്ടു്. ചേന്നമംഗലത്തും കൊട്ടാരമിരുന്നസ്ഥലം കാണുന്നുണ്ടു്. ഉദയമ്പേരൂർ പള്ളിയുടെ ചമയപ്പുരയുടെ വടക്കെ ഭിത്തിയിൽ പതിച്ചിരിക്കുന്ന ഒരു കല്ലിൽ ഇങ്ങനെ പഴയ മലയാള ലിപികളിൽ കാണുന്നു. "ചെന്നൊങ്ങലത്ത പാറത്ത വില്ലാർവട്ടം തൊമ്മാരാചാവു നാടുനീങ്ങി 1500 ക 2 നു-" ഈ ലിഖിതത്തിൻെറ വിശ്വാസ്യതയെപ്പററി യാതൊന്നും ഇവിടെ പറയുന്നില്ല. നസ്രാണികളുടെ രാജാവിൻെറ പേരു് വില്ലാർവട്ടം എന്നായിരുന്നു. പല യൂറോപ്യൻ ചരിത്രകാരന്മാരും ഈ രാജാവിനെപ്പററി പ്രതിപാദിച്ചിട്ടുണ്ടു്.

ഒരു നദിയിലാണത്രെ മാമ്മോദീസാ മുക്കിയിരുന്നതു്; മൂന്നുകൊല്ലത്തിൽ ഒരിക്കൽ മാത്രമേ ആ കർമ്മം നടന്നിരുന്നുള്ളു. പട്ടക്കാരുടെ അഭാവമാണു് ഇതിനുകാരണം. ദിവ്യപൂജയും ഈ കാരണത്താൽ അവിടെ ഇല്ലായിരുന്നു എന്നുതന്നെ പറയാം. (12)

വേറെയും ചിലർ മദ്ധ്യശതകങ്ങളിലും അതിനുശേഷവും 16_ാം ശതാബ്ദത്തിനുമുമ്പു് കേരളം സന്ദർശിച്ചിട്ടുണ്ടു്. എന്നാൽ അവരുടെ പ്രസ്താവനകൾ നമ്മുടെ വിഷയത്തെ സ്പർശിക്കുന്നവയല്ലാത്തതിനാൽ അവ ഇവിടെ വിട്ടുകളയുന്നു.

കത്തോലിക്കാ ഐക്യം.

ഇപ്പോൾ ഉദ്ധരിച്ച രേഖകളിൽനിന്നു മാത്രമേ പതിനാറാം ശതാബ്ദത്തിനുമുമ്പു് കേരളീയസഭ കത്തോലിക്കാ ഐക്യം സംബന്ധിച്ച സ്വീകരിച്ചിരുന്ന നിലയെപ്പററി എന്തെങ്കിലും ഗ്രഹിക്കുവാൻ സാധിക്കുകയുള്ളു. "നെസ്തോറിയൻ" എന്നു ചില രേഖകളിൽ കാണുന്നതിനെ അടിസ്ഥാനപ്പെടുത്തി ആ സഭ ശീസ്മയിൽ അധഃപതിച്ചിരുന്നു എന്നു് അനുമാനിക്കാവുന്നതല്ലെന്നു് മുമ്പു പ്രസ്താവിച്ചതാണു്. അപ്രകാരം തന്നെ "തെററുകാർ" "ശിസ്മ" ഇങ്ങനെയുള്ള പദങ്ങളും ആ സഭയുടെ കത്തോലിക്കാഐക്യത്തെ ഭഞ്ജിക്കത്തക്കവയല്ലെന്നു നാം കണ്ടു. എന്നാൽ അതിൽനിന്നു ആ സഭ കത്തോലിക്കാ ഐക്യമുള്ളവളായിരുന്നു എന്നു് അനുമാനിക്കുന്നതും ശരിയായിരിക്കയില്ല. ചില രേഖകൾ കത്തോലിക്കാ ഐക്യത്തെ അനുകൂലിക്കുന്നവയായി കരുതപ്പെടാവുന്നവയാണു്. മരിഞ്ഞോലിയുടെ വാക്യങ്ങൾ ഇങ്ങനെയുള്ളവയിൽപെടുന്നു. എങ്കിലും ഇപ്രകാരമുള്ള രേഖകൾ മാത്രം ആധാരമാക്കി ഈ വിഷയത്തിൽ ഖണ്ഡിതമായി എന്തെങ്കിലും പറയാമോ എന്നു സംശയിക്കുന്നു

ഈ സംഗതികളെല്ലാം മുമ്പിൽ വച്ചുകൊണ്ടു് വേറൊരു വഴിക്കു് നമുക്കു് പര്യാലോചനനടത്താം. സെലൂക്കിയാസഭ പതിനാറാംശതാബ്ദത്തിനുമുമ്പു റോമ്മായുടെ പരമാധികാരം നിഷേധിക്കാതിരിക്ക മാത്രമല്ല പല പ്രാവശ്യം ഔദ്യോഗികമായി ഏററുപറകകൂടി ചെയ്തിട്ടുണ്ടു്. കേരളീയ സഭയുടെ വിദേശബന്ധം എങ്ങനെയുള്ളതുതന്നേയായിരുന്നാ

---

(12) Raulin o. c. p. 385.

ലും റോമ്മായുടെ പരമാധികാരം നിഷേധിക്കത്തക്ക ഒരവസ്ഥയിൽ അവർ എത്തിച്ചേർന്നിട്ടില്ല എന്നു സ്പഷ്ടമാണ്. അവർ സെലൂക്കിയാ സഭയോടും, പേർഷ്യാസഭയോടും അന്തിയോക്കിയാ സഭയോടും ബന്ധപ്പെട്ടിരുന്നതായി നാം കണ്ടു. അവർ പേർഷ്യാസഭയോടു ബന്ധപ്പെട്ടിരുന്നകാലത്തു് റോമ്മായുടെ പരമാധികാരം സംബന്ധിച്ചു് സെലൂക്കിയാസഭയുടേതിൽ നിന്നു വിഭിന്നമായ ഒരു വിശ്വാസമല്ല പേർഷ്യാസഭ സ്വീകരിച്ചിരുന്നതു്. സെലൂക്കിയാസഭ നെസ്തോറിയത്വത്തിൽ നിപതിച്ചപ്പോൾ അന്തിയോക്കിയായുടെ കീഴിൽ ഒരു "സെലൂക്കിയാ" കാതോലിക്കാ ഉണ്ടായിരുന്നു. ആ കാതോലിക്കായോടു കേരളീയസഭയ്ക്കു ബന്ധമുണ്ടാകുവാൻ പാടുണ്ടായിരുന്നു എന്നു സമ്മതിക്കണം; ബന്ധമുണ്ടായിരുന്നതായി ചില രേഖകൾ പ്രസ്താവിക്കുകയും ചെയ്യുന്നുണ്ടു്. കേരളീയസഭയുടെ ബന്ധം ഒരുപക്ഷേ സെലൂക്കിയായിലെ നെസ്തോറിയൻ കാതോലിക്കാ (പാത്രിയർക്കീസു്) യോടു് മാത്രമായിരുന്നു എന്നുവന്നാൽ തന്നെയും അതു നിമിത്തം അവർ റോമ്മായുടെ പരമാധികാരം നിഷേധിച്ചിരിക്കുവാൻ യാതൊരു മാർഗ്ഗവുമില്ല. പ്രത്യുത, അവരും ആ പരമാധികാരം സ്വീകരിച്ചിരിക്കുവാനേ പാടുള്ളു. അന്തിയോക്കിയാബന്ധത്താൽ യാക്കോബാബന്ധം മനസ്സിലാക്കേണ്ടതല്ലെന്നു് സവിസ്തരം നാം തെളിയിച്ചു. അന്തിയോക്കിയാ മല്ക്കായബന്ധമാണു് മനസ്സിലാക്കേണ്ടതു്. അന്തിയോക്കിയാമല്ക്കായ പാത്രിയർക്കീസുമാർ കേരളത്തിൽ അധികാരം നടത്തിയിട്ടുണ്ടെങ്കിൽ, (നടത്തിയിട്ടുള്ളതായി ചില രേഖകൾ പ്രസ്താവിക്കുന്നുണ്ടു്) നെസ്തോറിയൻ പാത്രിയർക്കീസിനു വിരോധമായി നിന്നിരുന്ന കാതോലിക്കാമാർ മുഖേനയേ അങ്ങനെ ചെയ്തിട്ടുള്ളു. മല്ക്കായ പാത്രിയർക്കീസുമാർ ചിലപ്പോൾ ചില തെറ്റുകളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ആ തെറ്റുകൾ കാതോലിക്കാമാരെ ബാധിക്കുക അത്ര എളുപ്പമല്ലായിരുന്നു. മല്ക്കായ പാത്രിയർക്കീസു ഗ്രീക്കു ശീസ്മയിൽ വീണശേഷവും 15 പ്രദേശങ്ങളിൽ ചിതറിക്കിടന്ന കത്തോലിക്കാസഭയുടെ അവശിഷ്ടങ്ങളെ അന്തിയോക്കിയാ പാത്രിയർക്കീസിന്റെ കീഴുണ്ടായിരുന്ന രണ്ടു കാതോലിക്കാമാർ ഭരിച്ചിരുന്നു എന്നു് റോളിൻ പ്രസ്താവിക്കുന്നതു് (13) ഈ അർത്ഥത്തിൽ ഗ്രഹിക്കാവുന്നതാണു്.

---

(13) o. c. p, 425.

ഇങ്ങനെ ഏതുവിധത്തിൽ നോക്കുന്നതായാലും കേരളീയസഭ റോമ്മായുടെ പരമാധികാരം സ്വീകരിക്കാതിരിക്കയോ സ്വീകരിച്ചുശേഷം നിഷേധിക്കയോ ചെയ്തതായി കരുതാവുന്നതല്ല. സെലൂക്കിയാ സഭയുടെ ഈ വിഷയത്തിലുള്ള നില കേരളവും സ്വീകരിച്ചിരുന്നു എന്നുതന്നെണു പറയേണ്ടതു്. അക്കാലത്തു് റോമ്മായുമായി കേരളീയസഭയ്ക്കു് നേരിട്ടു് ഇടപാടുകൾ ഒന്നുംതന്നെയില്ലായിരുന്നു. റോമ്മായിക്കു് എല്ലാ സഭകളുടെമേലും ഉണ്ടായിരിക്കുന്ന പരമാധികാരം യഥേഷ്ടം ഒരോ രീതിയിൽ പ്രയോഗിക്കപ്പെടാം എന്നതു് ഈ അവസരത്തിൽ നാം ഓർക്കേണ്ടതാണു്. ഗതാഗതസൗകര്യമില്ലായിരുന്ന നാളുകളിൽ ചില പ്രാദേശിക സഭകൾ യാതൊന്നിലും നേരിട്ടു് റോമ്മായെ സമീപിച്ചിരുന്നില്ല. എങ്കിലും കത്തോലിക്കാ ഐക്യത്തിനു് റോമ്മായുടെ കീഴാണെന്നുള്ള ധാരണയും അവസരോചിതം തദനുസരണമായ പ്രവൃത്തിയും ആ സഭകളിൽ ഉണ്ടായിരിക്കേണ്ടതാണു്. എന്നാൽ ഈ ധാരണ വ്യക്തങ്ങളും ഖണ്ഡിതങ്ങളും ആയ വാക്കുകളിൽ പ്രകടിപ്പിക്കപ്പെടണമെന്നില്ല. പരമാധികാരം നിഷേധിക്കേണ്ട അവസരം വന്നിട്ടും നിഷേധിക്കാതിരുന്നു എന്നു വന്നാൽ ധാരാളം മതിയാകുന്നതാണു്. പുരാതനകാലങ്ങളിൽ ചില പ്രാദേശികസഭകളെ സംബന്ധിച്ചിടത്തോളം ഇത്രമാത്രമേ ഈ വിഷയത്തിൽ അവയിൽ നിന്നു് പ്രതീക്ഷിക്കുവാൻ പാടുണ്ടായിരുന്നുള്ളൂ. ഇതു സംബന്ധിച്ചു് വിശ്വവിശ്രുതനായ കാർഡിനാൾ ന്യൂമാൻ പറയുന്നതു് ഇവിടെ ഉദ്ധരിക്കുക വളരെ പ്രയോജനകരമായിരിക്കും. അദ്ദേഹം പറയുന്നു:

"Whether Communion with the Pope was necessary for Catholicity would not and could not be debated till a suspension of that Communion has actually occured. It is not a great difficulty that St. Ignatius doos not write to the Asian greeks about Popes than that St. Paul does not write to the Corinthians about Bishops, and it is a less difficulty that the Papal Supremacy was not formally acknowledged in the second century than that there was no formal acknowledgement on the part of the Church of the doctrine of tne Holy Trinity till the

fourth. No doctrine is defined till it is violated" (14) വീണ്ടും: "Reality and permanence of inward knowledge are distinct from explicit confession. The absence or partial absence or incompleteness of dogmatic statements is no proof of the absence of impressions or implicit judgements, in the mind of the Church. Even centuries might pass without the formal expression of a truth which had been all along the secret life of millions of souls." (15)

ഈ സംഗതി മനസ്സിലാക്കാതെ, റോമ്മായുമായുള്ള ബന്ധം ഇന്നത്തേപ്പോലെ എന്നും ഉണ്ടായിരുന്നാൽ മാത്രമേ പ്രാദേശികസഭകൾക്ക് കത്തോലിക്കാഐക്യം ഉണ്ടെന്നു പറയുവാൻ പാടുള്ളൂ എന്ന ധാരണ പലരേയും വഴിതെറ്റിക്കുന്നുണ്ട്. ഇന്നത്തെ സ്ഥിതിഗതികൾ വളരെ വ്യത്യസ്തങ്ങളാണെന്നും പരമാധികാരസിദ്ധാന്തവും പരമാധികാരപ്രയോഗവും തമ്മിൽ വ്യത്യാസപ്പെട്ടുതന്നെതാണെന്നും നല്ലവണ്ണം ഗ്രഹിച്ചിരിക്കേണ്ടതാണ്. (ഒന്നാം അദ്ധ്യായം നോക്കുക)

ഇപ്രകാരം 16–ാം ശതാബ്ദത്തിനു മുമ്പുള്ള കേരളീയസഭയെ വീക്ഷിക്കുന്നതായാൽ അതിനു കത്തോലിക്കാഐക്യം ഇല്ലായിരുന്നു എന്നു പറയാവുന്നതല്ലെന്നു വിശദമാകുന്നതാണ്. റോമ്മായുടെ പരമാധികാരത്തിൽ സെലൂക്കിയാസഭയ്ക്കുണ്ടായിരുന്ന ദൃഢവിശ്വാസം—പല അവസരങ്ങളിലും പ്രസ്പഷ്ടമായി പ്രകടിപ്പിക്കപ്പെട്ടിട്ടുള്ള ആ വിശ്വാസം—കേരളീയസഭയുടേയും വിശ്വാസമായിരുന്നു എന്നു സമ്മതിക്കതന്നേ വേണം. അവസരം ലഭിച്ചപ്പോൾ കേരളീയസഭ ഈ വിശ്വാസം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 1122–ൽ റോമ്മായിലെത്തി "പാല്ലിയം" സ്വീകരിച്ച മാർ യോഹന്നാന്റെ ചരിത്രം (16) വിശ്വസനീയമാണെങ്കിൽ അതു് റോമ്മായുടെ പരമാധികാരത്തിൽ കേരളീയസഭയ്ക്കുണ്ടായിരുന്ന വിശ്വാസം ആ സഭ ബാഹ്യമായി പ്രകടിപ്പിച്ച ഒരു സംഭവമായി വിചാരിക്കാവുന്നതാണ്. എന്നാൽ മരിഞ്ഞോളിയെ മാപ്പാപ്പായുടെ

---

(14) *Development* Ch. IV. sect. III
(15) *Oxford University Sermons* (1903) 323.
(16) Raulin o. c. p. 435.

പ്രതിപുരുഷൻ എന്ന നിലയിൽ മാത്തോമ്മാക്രിസ്ത്യാനികൾ സ്വീകരിച്ചതും ആ നിലയിൽ അദ്ദേഹത്തിന്റെ ചെലവു വഹിച്ചതും അവസരം ലഭിച്ചപ്പോൾ മാർപ്പാപ്പായുടെ പരമാധികാരത്തിലുള്ള വിശ്വാസം കേരളീയർ ബാഹ്യമായി പ്രകടിപ്പിച്ചിരുന്നു എന്നുള്ളതിനു് ലക്ഷ്യങ്ങളായി പരിഗണിക്കേണ്ടതല്ലയോ? 1490_ൽ "ബാബേലിൽ" നിന്നു് മെത്രാന്മാരെ കൊണ്ടുവരുവാൻ പോകുകയും അവിടെവച്ചു് പട്ടം സ്വീകരിക്കുകയും ചെയ്ത കേരളീയനായ യൌസേപ്പു് 1501_ൽ തന്റെ അധികാരിയായ കാതോലിക്കാ (പാത്രിയർക്കീസു്) റോമ്മായിൽ നിന്നുള്ള അധികാരത്താൽ അഭിഷേചിക്കപ്പെടുന്നു എന്നു പ്രസ്താവിച്ചതും ഇതിനൊരു തെളിവാണല്ലോ (17) ഗതാഗതസൌകര്യം അശേഷമില്ലായിരുന്ന ആ കാലത്തു് വേറൊരു പ്രാദേശികസഭയുടെ കീഴിൽ സ്ഥിതിചെയ്തിരുന്ന അതിവിദൂരമായ ഒരു പൌരസ്ത്യസഭയിൽ നിന്നു് കത്തോലിക്കാ ഐക്യത്തെ പ്രദ്യോതിപ്പിക്കുന്നതിനു് ഇതിനേക്കാൾ കൂടുതൽ ശക്തിയുള്ള വേറെ ലക്ഷ്യങ്ങൾ പ്രതീക്ഷിക്കുവാനില്ല തന്നെ.

പതിനാറാം ശതാബ്ദത്തിൽ പോർട്ടുഗീസുകാരുടെ ആഗമനത്തോടെയാണു് കേരളീയസഭയ്ക്കു റോമ്മായുമായി നേരിട്ടു ഇടപാടുകൾ നടത്തുവാനുള്ള അവസരം ലഭിയ്ക്കുകയുണ്ടായതു്. അപ്പോൾ ആ സഭ ഏതുവിധത്തിലാണു് റോമ്മായുടെ പരമാധികാരം സംബന്ധിച്ചു വർത്തിച്ചിരുന്നതെന്നു് പരിശോധിച്ചാൽ അതിനു മുമ്പു് ആ സഭ ആ വിഷയത്തിൽ ഏതു മനഃസ്ഥിതിയോടുകൂടി സ്ഥിതിചെയ്തിരുന്നു എന്നു സ്പഷ്ടമാകുന്നതാണു്. റോമ്മായുടെ പരമാധികാരം അനുസരിച്ചു പായുന്നതിനും അതിൽ ആശ്രയിക്കുന്നതിനും അവസരം ലഭിച്ച ആ കാലത്തു് കേരളീയസഭ എപ്രകാരം പ്രവർത്തിച്ചു എന്നു കാണുന്നപക്ഷം അതിനു മുമ്പും ആ സഭയുടെ വിശ്വാസം അതുതന്നെയായിരുന്നു എന്നു തെളിയുന്നതത്രെ. ആ വിശ്വാസം സ്വീകരിക്കാതിരുന്ന ഒന്നായിരുന്നു കേരളീയസഭയെങ്കിൽ പതിനാറാം ശതാബ്ദത്തിൽ കത്തോലിക്കാപരമായ ഒരു മനഃസ്ഥിതി അതിൽ പ്രത്യക്ഷപ്പെടുകയില്ല തന്നെ. പതിനാറാം ശതാബ്ദത്തിൽ നൂതനമായി അതു റോമ്മാ ഐക്യം പ്രാപിച്ചതാണെങ്കിൽ പോർട്ടുഗീസുകാരുടെയും ആ സഭാംഗങ്ങളുടേയും പ്രവൃത്തികളിൽ നിന്നു് ആ സംഗതി

---

(17) Schurhammer, o. c. p. 30.

വിശദമാകാതിരിക്കയില്ല. ഉത്തമ കത്തോലിക്കരായിരുന്ന പോർട്ടുഗീസുകാരുടെ അതിരു കടന്ന മതതീക്ഷ്ണതയെപ്പററിയുള്ള ചിന്തയാണ് ഈ വിഷയത്തിൽ നമുക്കു സഹായകമായി തീരേണ്ടതു്. ആകയാൽ പതിനാറാം ശതാബ്ദത്തിലേക്കു പ്രവേശിക്കാം.

---

# പതിനാലാം അദ്ധ്യായം

---

## കേരളീയസഭയും കത്തോലിക്കാഐക്യവും.

---

### പതിനാറാം ശതാബ്ദം (൧.)

**പോർട്ടുഗീസുകാർ.**

പതിനാറാംശതാബ്ദത്തിൽ പോർട്ടുഗീസുകാരും കേരളീയ നസ്രാണികളും തമ്മിലുള്ള ചരിത്രപ്രസിദ്ധമായ ആ ബന്ധം സമാരംഭിച്ചു. ക്രിസ്തീയ വിശ്വാസത്തെ സംരക്ഷിക്കുവാനായി മൂർജാതിക്കാരോടു നടത്തിയ യുദ്ധങ്ങളുടെ ഫലമായിട്ടാണ് പോർട്ടുഗൽ രാജ്യം ആവിർഭവിച്ചതു്. ൧൬-ാം ശതാബ്ദത്തിൽ യൂറോപ്പിന്റെ ചില ഭാഗങ്ങളിൽ ഉണ്ടായ മതവിപ്ലവവും പ്രോട്ടസ്റ്റന്റു പ്രസ്ഥാനവും കത്തോലിക്കാരാജ്യമായ പോർട്ടുഗലിനെ അശേഷം സ്പർശിച്ചില്ല. അകത്തോലിക്കരോടു പോർട്ടുഗീസുകാര പ്രദർശിപ്പിച്ചിരുന്ന ശത്രുത്വം ചരിത്രപ്രസിദ്ധവുമാണ്: പോർട്ടുഗീസുകാർ ജയിച്ചടക്കിയവയും കച്ചവടത്തിനു പോയവയും ആയ സ്ഥലങ്ങളിലെല്ലാം വേദപ്രചാരണം നടത്തുന്നതിൽ അവർ വളരെ ഉത്സുകരായിരുന്നു.

**പോർട്ടുഗീസുമൈത്രി (൧൫൦൦-൧൬൫൩)**

പതിനാറാം ശതാബ്ദത്തിന്റെ ആദിമഘട്ടത്തിൽ പോർട്ടുഗീസുകാരും കേരളീയനസ്രാണികളും ഒരേ വിശ്വാസം സ്വീകരിച്ചിരിക്കുന്ന ക്രിസ്ത്യാനികളെപ്പോലെയാണ് പരസ്പരം വർത്തിച്ചിട്ടുള്ളതു്. 1501_

ൽ പോർട്ടുഗീസു നേതാവായ കബ്രാൾ കേരളത്തിലെത്തിയപ്പോൾ, 1490_ൽ "ബാബേലിലേക്കു" മെത്രാന്മാരെ കൊണ്ടുവരുവാൻ പോകകയും അവിടെവച്ചു് പട്ടം സ്വീകരിക്കുകയും ചെയ്ത കേരളീയനായ യൌസേപ്പും അദ്ദേഹത്തിന്റെ സഹോദരനുംകൂടി (1) കബ്രാളിന്റെകൂടെ ലിസ്ബൺ, റോമ്മാ മുതലായ സ്ഥലങ്ങളിലേക്കു് തീർത്ഥയാത്രചെയ്തു പോയി. യൌസേപ്പിന്റെ സഹോദരൻ വഴിയിൽവച്ചു മരിച്ചു. യൌസേപ്പു് റോമ്മായിൽചെന്നു് ആറാം അലക്സാണ്ടർ മാർപ്പാപ്പായെ മുഖം കാണിക്കയും റോമ്മായുടെ പരമാധികാരത്തിൽ തനിക്കുള്ള വിശ്വാസത്തെ പ്രകടിപ്പിക്കയും ചെയ്തു. (1b) 1502_ൽ വാസ്കോഡിഗാമയെ നസ്രാണികൾ കാണുകയും പോർട്ടുഗൽ രാജാവിന്റെ സംരക്ഷണത്തിൽ തങ്ങളെ സ്വീകരിക്കണമെന്നു് യാചിക്കയും ചെയ്തപ്പോൾ അദ്ദേഹം സസന്തോഷം അങ്ങനെ പ്രവർത്തിച്ചു. അപ്പോൾ അവർ തങ്ങളുടെ രാജാവിന്റെ ചെങ്കോൽ വാസ്കോഡിഗാമായെ ഏല്പിച്ചു (2) ക്രിസ്തീയ രാജകുടുംബം അന്നു് അന്യംനിന്നുപോയിരുന്നു.) 1503_ൽ നാലു (അഞ്ചു്?) മെത്രാന്മാർ "ബാബേലിൽ" നിന്നു് കേരളത്തിലെത്തി. അവർ രണ്ടുമാസക്കാലം കണ്ണൂരിൽ പോർട്ടുഗീസുകാരുടെകൂടെ താമസിച്ചു മെത്രാന്മാർ ക്രിസ്ത്യാനികളാണെന്നും ഏറ്റുതാക്കാരാണെന്നും (അയിരുന്നായുസൻ) മനസ്സിലാക്കിയശേഷം പോർട്ടുഗീസുകാർ അവരെ ഒരു ദിവസം കുർബാന ചൊല്ലിക്കുകയും മിശിഹായെപ്രതി തങ്ങളുടെ ശക്തിക്കുമേലായി അവരെ സല്ക്കരിച്ചു് അവർക്കു് വിലയേറിയ സമ്മാനങ്ങൾ

---

(1) യൌസേപ്പും സഹോദരനും തെക്കുംഭാഗം സമുദായത്തിൽപെട്ടവരായിരുന്നു എന്നു് ചിലർ പറയുന്നുണ്ടു്. കാണാത്തപക്ഷം ഇതു് നിശ്ചയമില്ലാത്ത ഒന്നായി മാത്രമേ കരുതുവാൻ പാടുള്ളൂ.

(1b) Schurhammer, O. G. P. 8-9.

(2) Ibidem.

കൊടുക്കുകയും ചെയ്തു. (3) ഈ മെത്രാന്മാരിൽ ഒരാളാണ് 47 കൊല്ലം നസ്രാണികളെ ഭരിച്ചശേഷം ഫ്രാൻസീസ്ക്കൻ സന്യാസികളുടെ അതിഥിയും വി. ശൌര്യാരിന്റെ ആപ്തമിത്രവും ആയി കാലംചെയ്ത മാർ യാക്കോബ് തിരുമനസ്സുകൊണ്ട്. വാസ്ക്കോഡിഗാമാ രണ്ടാംപ്രാവശ്യം ഇൻഡ്യയിൽ വന്നപ്പോൾ അദ്ദേഹത്തിന്റെകൂടെയുണ്ടായിരുന്ന ഒരാൾ "കോഴിക്കോട്ടേക്കുള്ള കടൽയാത്ര" (Voyage to Calcoen) എന്ന തന്റെ കൃതിയിൽ കേരളീയ ക്രിസ്ത്യാനികളെപ്പറ്റി ഇങ്ങനെ പറഞ്ഞിരിക്കുന്നു. "ക്രിസ്ത്യാനികൾക്കു മററുള്ളവരുമായി യാതൊരു ഇടപാടുമില്ല: അവർ നല്ല ക്രിസ്ത്യാനികളാണ്. വിശുദ്ധ ദിവസങ്ങളിൽ അവർ യാതൊന്നും വില്ക്കുകയോ വാങ്ങുകയോ ചെയ്യുന്നില്ല. ക്രിസ്ത്യാനികളുടെ കൂടെയല്ലാതെ വേറെ ആരുടെകൂടെയും അവർ തിന്നുകയോ കുടിക്കുകയോ ചെയ്യുന്നില്ല. അവർ കോഴികളും ആടുകളുംകൊണ്ട് ഞങ്ങളുടെ കപ്പലുകളിലേക്ക് സസന്തോഷം വരുകയും ഞങ്ങളെ സന്തോഷിപ്പിക്കുകയും ചെയ്തു. സത്യവിശ്വാസം അറിയുന്നതിലേക്ക് അവർ റോമ്മാ മാർപ്പാപ്പായുടെ പക്കലേക്ക് പട്ടക്കാരെ അയച്ചു കഴിഞ്ഞിരുന്നു...." (4[1]) നസ്രാണികൾക്കു റോമ്മായോടുള്ള മനോഭാവം എന്തായിരുന്നു എന്നു സൂക്ഷിച്ചാലും! യൌസേപ്പിന്റേയും സഹോദരന്റേയും യാത്രയുടെ ഉദ്ദേശ്യം എന്തായിരുന്നു എന്ന് ഇതിൽ നിന്നു നമുക്കു മനസ്സിലാകുന്നുണ്ട്. പോർട്ടുഗീസുകാർ നസ്രാണികളുടെ ദേവാലയങ്ങൾക്ക് അക്കാലത്തു് വലിയ സഹായങ്ങൾ ചെയ്തുകൊടുത്തിരുന്നു. പള്ളികൾ നന്നാക്കുന്നതിനായി 1510_ൽ അൽബുക്കെർക്ക് സുറിയാനി മെത്രാന്മാർക്ക് 1000 പണം ദാനംചെയ്തു: കൊല്ലത്തെ റാണിപോർട്ടു

---

(3) Giamil O. C. P. 593-600—പൌരസ്ത്യ സഭകളിലെ രീതിയനുസരിച്ച് അക്കാലത്തു് കത്തോലിക്കരായ പൌരസ്ത്യർ ദിവസവും കുർബാനചൊല്ലിയിരുന്നില്ല. ഞായറാഴ്ചകളിൽപോലും ചിലപ്പോൾ ഒരു പള്ളിയിൽ ഒരു കുർബാനയേ ഉണ്ടായിരുന്നുള്ളു. വൈദികരെല്ലാവരും അതിൽ സംബന്ധിക്കുക പതിവായിരുന്നു. ആകയാൽ രണ്ടരമാസത്തിനിടക്ക് പ്രസ്തുത മെത്രാന്മാർ ഒരിക്കൽ മാത്രമേ കുർബാനചൊല്ലിയുള്ളു എന്നതിൽ നിന്ന് അവർ അകത്തോലിക്കരായിരുന്നു എന്നു അനുമാനിക്കേണ്ടതല്ല

(4) Schurhammr O. C. P. 9.

(4[1]) Ferroli, S. J., The Jesuits in Malabar (1939) P. 99.

ഗീസുകാരുമായി 1516_ൽ ചെയ്ത ഉടമ്പടിയിലെ ഒരു വ്യവസ്ഥ അവിടെ നസ്രാണികൾക്കുണ്ടായിരുന്ന ദേവാലയത്തിന്റെ കേടുപാടുകൾ തീർത്തു കൊള്ളാമെന്നായിരുന്നു. (4) 1517_മുതൽ പോർട്ടുഗീസുകാർ തീർത്ഥ യാത്രക്കാരായ നസ്രാണികളെ തോമ്മാശ്ലീഹായുടെ കബറിടത്തിലേക്കു കൊണ്ടുപോയിരുന്നു. (5) വേദപ്രചാരണജോലിയിൽ 1548_നു മുമ്പു തന്നെ പോർട്ടുഗീസുകാർ സുറിയാനി വൈദികരേയും സഹകരിപ്പിച്ചിരുന്നു. (6) പോർട്ടുഗീസു വൈദികർ സുറിയാനിക്കാരെ പഠിപ്പിക്കുകയും അവരുടെ പള്ളികളിൽ പ്രസംഗിക്കുകയും കുർബാന ചൊല്ലുകയും, അവരുടെ പള്ളികളെ പൊളിച്ചുപണിയിക്കുകയും മററും ചെയ്തിരുന്നതായി പറയുന്ന ഈ കാലഘട്ടത്തിലെ അനവധി രേഖകൾ നമ്മുടെ കൈവശമുണ്ടു്. എല്ലാവക്കും പൊതുവായി ആത്മികാഭിവൃദ്ധിക്കുതകത്തക്കവണ്ണം പൊതുവായി വൈദിക ശുശ്രൂഷകൾ ആഘോഷമായി ഒരേ പള്ളിയിൽതന്നെ രണ്ടു റീത്തുകളിലും നടത്തപ്പെട്ടുകൂടെ ചെയ്തിരുന്നു എന്നാണു് ഫാദർ കാസ്റെററസ് ഇതു സംബന്ധമായി പ്രസ്താവിക്കുന്നതു്—"Common solemn religious services in both rites were even performed in the same church to the common edification of all" (7)

---

(5) Schurhammer, Ibidem.

(6) 1548_ൽ വി. ശൌര്യാർ കന്യാകുമാരിയിൽ ജോലി ചെയ്തിരുന്ന പോർട്ടുഗീസുകാരായ ഈശോസഭാംഗങ്ങൾക്കയച്ച ഒരെഴുത്തിൽനിന്നാണു് ഇതു നാം മനസ്സിലാക്കുന്നതു് സുറിയാനിപ്പട്ടക്കാർ എന്നല്ല കോളീയപട്ടക്കാർ (Malabar Priests) എന്നാണു് വി. ശ്രുദ്ധന്റെ ലേഖനത്തിൽ കാണുന്നതു്. എന്നാൽ അടുത്തടുത്തു (often) കുർബാന ചൊല്ലുവാനും ക്ലിപ്തസമയത്തു (regularly) കുമ്പസാരിക്കുവാനും ആ പട്ടക്കാരോടാവശ്യപ്പെടണമെന്നാണു് വി. ശൌര്യാർ എഴുതുന്നതു്. ലത്തീൻറീത്തനുസരിക്കുന്നപട്ടക്കാർ അക്കാലത്തു പ്രതിദിനം കുർബാനചൊല്ലിയിരുന്നു. ആകയാൽ ഇവിടെഉദ്ദേശിക്കപ്പെടുന്നതു് ലത്തീൻറീത്തനുസരിച്ചു പട്ടം സ്വീകരിച്ച സുറിയാനിക്കാരല്ല, സാക്ഷാൽ സുറിയാനിക്കാർ തന്നെയാണെന്നുതെളിയുന്നു.

7) The Examiner, 1922, p. 203.

മാർ യോഹന്നാൻ, മാർ തോമ്മാ (മാർ യബ്ബ് ആലാഹാ, മാർ ദെനഹാ?) മാർ യാക്കോബ് എന്നിവരായിരുന്നു അന്നത്തെ കേരളീയ സുറിയാനിമെത്രാന്മാർ (8) ഇവരിൽ മാർ യോഹന്നാനും മാർ തോമ്മായും, 1490-ൽ കേരളീയനായ യൌസേപ്പിന്റെ കൂടെയാണു് കേരളത്തിൽ വന്നതു്. മാർ തോമ്മാ തിരിച്ചുപോകുകയും 1503-ൽ മററു മൂന്നുപേരുടെ ഒരുമിച്ചു് കേരളത്തിലേക്കു വീണ്ടും വരുകയും ചെയ്തു

1518-ാമാണ്ടിടക്കു് തന്റെ സഭയെ സംബന്ധിച്ചു് ചില പ്രസ്താവനകൾ മാർതോമ്മാ ചെയ്തതായി കാണുന്നുണ്ടു്. എന്നാൽ അദ്ദേഹത്തെക്കൊണ്ടു് വലിയ പ്രയോജനമില്ലായിരുന്നെന്നും "പാഷണ്ഡതകൾ" പഠിപ്പിച്ചില്ലെങ്കിലും അനുതപിച്ചു് കുമ്പസാരവും വി. കുർബാനയും സ്വീകരിച്ചു എന്നും ആണു് 1537-ൽ അദ്ദേഹത്തെപ്പററി നാം കേൾക്കുന്നതു്. (9)

മാർ യാക്കോബു് ഒഴിച്ചു മററുള്ളവരെല്ലാം (?) അധികം കഴിയുന്നതിനു മുമ്പു് മരണം പ്രാപിച്ചു. മാർ യാക്കോബാകട്ടെ പോർട്ടുഗീസുകാരുടെ, പ്രത്യേകം വി. ശൌര്യാരിന്റെ, വലിയ സ്നേഹിതനായിരുന്നു. പോർട്ടുഗീസുവൈദികരുടെ കൂടി അദ്ദേഹം കേരളത്തിൽ സഞ്ചരിച്ചു് നസ്രാണികളോടു പ്രസംഗിക്കുകയും അവർക്കു് മാമ്മോദീസാ നൽകുകയും ചെയ്തിരുന്നു. കൊല്ലം തോറും 20 മിൽറെ നാണയവും മാസം തോറും പോർട്ടുഗീസു വൈദികർക്കുണ്ടായിരുന്ന വരുമാനവും അദ്ദേഹം പോർട്ടുഗീസു രാജാവിൽനിന്നു സ്വീകരിച്ചിരുന്നു. എന്നാൽ മാമ്മോദീസാ പരികർമ്മംചെയ്യുന്ന രീതിയിൽ അദ്ദേഹവും പോർട്ടുഗീസുവൈദികരും തമ്മിൽ അഭിപ്രായ വ്യത്യാസമാണു് ഉണ്ടായിരുന്നതു്. അദ്ദേഹം ജീവിച്ചിരുന്നപ്പോൾ പോർട്ടുഗീസു വൈദികർ മാമ്മോദീസാ നൽകേണ്ടതല്ലെന്നായിരുന്നു കേരളീയരുടെ മനഃസ്ഥിതി. ഈ സംഗതികളെല്ലാം മാർയാക്കോബുതന്നെ 1523 ലും 1530-ലും പോർട്ടുഗീസു രാജാവിനു് എഴുതി

(8) മുട്ടുചിറയുള്ള 1528-ലെ ഒരു ശിലാലിഖിതത്തിൽ മാർ യാനാ മാർ ആബു എന്ന രണ്ടു പേരുകൾ കാണുന്നുണ്ടു്. ഇവയിൽ മാർ യാനാ മാർദെനഹാ ആയിരിക്കാം. മാർ ആബു് ആരാണു്? അംബ്രോസിയസ് എന്നൊരു ഡൊമിനിക്കൻ നസ്രാണികളുടെ മെത്രാനായിരുന്നെന്നും അദ്ദേഹം അനേകരെ "റോമ്മായുടെ അനുസരണത്തിലേക്കു ചേർത്തു"വെന്നു് ചില രേഖകളിൽ കാണുന്നുണ്ടു്. അംബ്രോസിയസാണോ ആബു്? "റോമ്മായുടെ അനുസരണത്തിൽ ചേർക്കുക" എന്നതിന്റെ അർത്ഥത്തെപ്പററി പിന്നീടു പറഞ്ഞുകൊള്ളാം.

9) Schurhammer, o. c. p. 10.

യ എഴുത്തുകളിൽ നിന്നാണു് നാം മനസ്സിലാക്കുന്നതു്. (10) പോർട്ടുഗീസുകാർ നടത്തിയിരുന്ന സമ്പ്രദായത്തിലുള്ള രഹസ്യകുമ്പസാരം (auricular confession) സംബന്ധിച്ചുള്ള രീതി മാർ യാക്കോബാണു് കേരളത്തിൽ പ്രചാരത്തിൽ വരുത്തിയതു് (11) അതിനുമുമ്പു പരസ്യകുമ്പസാരം കേരളത്തിലുണ്ടായിരുന്നു (12) പരസ്യകുമ്പസാരവും രഹസ്യകുമ്പസാരം പോലെതന്നെ കൂദാശയാണെന്നു നാം മനസ്സിലാക്കണം. പരസ്യകുമ്പസാരം കൂദാശയല്ലെന്നു ചില അകത്തോലിക്കർ വിചാരിക്കുന്നതു ശരിയല്ല. (12 b)

1541_ഓടു് അടുത്തു് ഫ്രാൻസിസ്കൻ സന്യാസിയായ ഫാദർ വിൻസെൻറു് കൊടുങ്ങല്ലൂരിൽ ഒരു സെമിനാരി സ്ഥാപിച്ചു 1549_ൽ സുറിയാനിക്കാരുടെ മാന്യകുടുംബങ്ങളിൽപെട്ട ഒരു നൂറോളം യുവാക്കന്മാർ അവിടെ വൈദികവൃത്തിക്കായി അഭ്യസിപ്പിക്കപ്പെട്ടിരുന്നു. വി. ശൌര്യർ തരുന്നതാണു് ഈ രേഖപ്പെടുത്തിയിരിക്കുന്നതു്. (13) കൊടുങ്ങല്ലൂർ സെമിനാരിയിൽ അദ്ധ്യയനം നടത്തിയിരുന്നവർ മാർ യാക്കോബിൻെറ അധികാരത്തിൽ പെട്ടവരായിരുന്നു എന്നതിനു സംശയമില്ലല്ലോ. തൻെറ വാർദ്ധക്യദശയിൽ മാർ യാക്കോബു് ഫ്രാൻസീസ്കൻ സന്യാസികളുടെ കൊച്ചിയിലുണ്ടായിരുന്ന ആശ്രമത്തി

---

10) Ibid. p. 16—19.
മാർ യാക്കോബു് സുറിയാനിറീത്തിലാണു് മാമ്മോദീസാ നൽകിയിരുന്നതെന്നു് ഇതിൽ നിന്നു വ്യക്തമാകുന്നു. അദ്ദേഹം പോർട്ടുഗീസുകാരുടെ സ്നേഹിതരായിരുന്നിട്ടും മാമ്മോദീസാ നൽകുന്ന രീതിയിൽ വ്യത്യാസം വരുത്തുവാൻ വിമുഖനായിരുന്നു!

11) Ibidem, p. 22, 37.

12) Synod of Diamper IX Raulin, p. 274

(12 b) രഹസ്യകുമ്പസാരത്തെപ്പററിയുള്ള ശരിയായ ധാരണ അക്കാലത്തു കേരളീയരിൽ ഇല്ലായിരുന്നു എന്നു വരാം. തന്നിമിത്തം ഒരു പക്ഷേ അവരിൽ ചിലർ അതിനെ അവഗണിച്ചിരുന്നു എന്നും വരാവുന്നതാണു്. നസ്രാണികൾക്കു് കുമ്പസാരത്തോടും പ്രായശ്ചിത്തത്തോടും പൊതുവേ വെറുപ്പായിരുന്നു എന്നു് ഗോവെയായെപ്പോലെയുള്ള പോർട്ടുഗീസുകാർ പ്രസ്താവിക്കുന്നതു് ഇതുനിമിത്തമാകുവാൻ പാടുണ്ടു്.

(13) Monumenta Xaveriana, Matriti, 1900 I. 480—481.

ലാണ് വിശ്രമിച്ചിരുന്നതു്. 45 സംവത്സരം മാർ തോമ്മാ ക്രിസ്ത്യാനികളുടെ ആത്മീയാഭിവൃദ്ധിക്കായി ബുദ്ധിമുട്ടിയിട്ടുള്ള ദേഹമാണ് മാർ യാക്കോബെന്നും ഇൻഡ്യയിൽ (ഏതെങ്കിലും അധികാരമുള്ളവർ) എല്ലാവരും അദ്ദേഹത്തെ ഉപേക്ഷിച്ചിട്ടിരിക്കുന്നെന്നും 'ഫ്രാൻസിസ്കൻ സന്യാസികൾ മാത്രമാണ് അദ്ദേഹത്തെ ഉപചരിക്കുന്നതെന്നും ആകയാൽ പോർട്ടുഗീസു രാജാവു് അദ്ദേഹത്തിന്റെ കാര്യം വിചാരിക്കണമെന്നും മറ്റും മാർ യാക്കോബിന്റെ പുണ്യയോഗ്യതകളെ സ്തുതിച്ചുകൊണ്ടു് 1549_ൽ വി. ശൌര്യാർ പോർട്ടുഗാൾ രാജാവിന്റെ പേൎക്കു് ഒരു ലേഖനമയച്ചു. തന്റെ വാർദ്ധക്യത്തിലും റോമ്മാസഭയുടെ ആചാരങ്ങളോടു് വളരെ അനുസരണമുള്ളവനാണ് മാർ യാക്കോബു് എന്നു് വി. ശൌര്യാർ ആ ലേഖനത്തിൽ പ്രസ്താവിക്കുന്നു. (14) "വി. തോമ്മാ മാനസാന്തരപ്പെടുത്തിയവരുടെ സന്തതികളായ നാട്ടുകാരുടെ ഭക്തിയെ വർദ്ധമാനമാക്കുവാൻ" 1549_ൽ രണ്ടു പള്ളികൾക്കായി വി. ശൌര്യാർ ബന്ധവിമോചനം ആവശ്യപ്പെടുകയുണ്ടായി. (15)

പോർട്ടുഗീസുകാർ ഉത്തമ കത്തോലിക്കരും മതതീക്ഷ്ണതയിൽ സുപ്രസിദ്ധിനേടിയിട്ടുള്ളവരും ആയിരുന്നു. ഈ സ്ഥിതിക്കു് അകത്തോലിക്കരുമായി ഇതുവരെ പ്രസ്താവിച്ചരീതിയിൽ, വൈദികങ്ങളിൽ അവർ സംസർഗ്ഗം ചെയ്യുകയില്ലായിരുന്നു എന്നതിൽ യാതൊരു സംശയവുമില്ല. കേരളീയരും പോർട്ടുഗീസുകാരും ഒരേ ഒരു സഭയുടെ അംഗങ്ങളാണെന്നുള്ള ധാരണ ഇരുകൂട്ടർക്കും ഉണ്ടായിരുന്നു എന്നാണ് ഇവയിൽ നിന്നെല്ലാം വിശദമാകുന്നതു്. കേരളീയസഭ റോമ്മായിൽ നിന്നു ഭിന്നിച്ചിരുന്ന ഒരു നിലയാണു് അവലംബിച്ചിരുന്നതെന്നു് ഏതെങ്കിലുമൊരു കക്ഷിക്കു വല്ല ധാരണയുമുണ്ടായിരുന്നെങ്കിൽ സംഗതികൾ ഇങ്ങനെയൊന്നും നടക്കുകയില്ലായിരുന്നു. കേരളീയരുടെയിടയിൽ അബദ്ധങ്ങളോ, വിശ്വാസവിഷയകമായ അജ്ഞതയോ ഇല്ലായിരുന്നു എന്നല്ല ഈ പറഞ്ഞതിന്റെ അർത്ഥം. കത്തോലിക്കാ ഐക്യത്തിനു് അവരെ സംബന്ധിച്ചിടത്തോളം അവശ്യം വേണ്ടിയിരുന്നതേതോ, അതു് അവർക്കുണ്ടായിരുന്നു—അതായതു് റോമ്മായുടെ കീഴായിരിക്കണമെന്നു,

---

(14) Ibidem I: 511. "അനുസരണമുള്ളവനാണ്" എന്നല്ലാതെ ചിലർ വിചാരിക്കുന്നതുപോലെ "അനുസരണമുള്ളവനായിത്തീരുന്നു" എന്നല്ല മൂലത്തിന്റെ അർത്ഥം.

(15) Coleridge, Life and Letters of St. Francis Xavier. P. 73-74.

ആരെന്നും ഉള്ള ധാരണയും തദനുസരണം ആവശ്യോചിതമായ പ്രവൃത്തിയും റോമ്മായെ അനുസരിക്കുന്നവരോട് സഹകരിക്കുവാനുള്ള സന്നദ്ധതയും. ഈ രീതിയിൽ "നെസ്തോറിയത്വം" തന്നെയും അവരിൽ ഉണ്ടായിരുന്നുകൊള്ളട്ടെ: ആ നെസ്തോറിയത്വം ഉത്തമ വിശ്വാസത്തിലുള്ളതും കത്തോലിക്കാ ഐക്യത്തെ ശിഥിലീകരിപ്പിക്കാത്തതും ആകുവാനേ തരമുള്ളു. ആ നെസ്തോറിയത്വം കേരളീയസഭയുടെ ഒരു പ്രത്യേകതയല്ലായിരുന്നു: ആ നെസ്തോറിയത്വത്തെ മുറുകെ പിടിക്കുകയോ, അതിനുവേണ്ടി സെലൂക്കിയാ സഭയെ സമീപിക്കുകയോ ഏതെങ്കിലുമൊരു പ്രാദേശികസഭയുടെ വിഭാഗമായി ഉത്ഭവിക്കുകയോ നിലകൊള്ളുകയോ ചെയ്തിട്ടില്ലാത്ത ഒരു പ്രാദേശികസഭയാണ് കേരളീയസഭ എന്ന് നാം പ്രത്യേകം മനസ്സിലാക്കിയിരിക്കണം. കേരളീയ സഭയുടെ അബദ്ധങ്ങളെയും, അജ്ഞതയെയും നെസ്തോറിയത്വത്തെയും പററി പ്രസ്താവിത കാലത്തു ജീവിച്ചിരുന്ന അനേകം പോർട്ടുഗീസുകാർ എഴുതിയിട്ടുണ്ട്. അവയിൽ പലതും പൌരസ്ത്യസഭകളിലെ പ്രത്യേകതകൾ മാത്രമേ ആയിരുന്നുള്ളു. സാക്ഷാൽ അബദ്ധങ്ങൾ ഉത്തമ വിശ്വാസത്തിലുള്ളവയല്ലെന്നോ, കേരളീയർ റോമ്മായുടെ പരമാധികാരം നിഷേധിക്കയോ സ്വീകരിക്കാതിരിക്കയോ ചെയ്തിരുന്നെന്നോ പോർട്ടുഗീസുകാർ ധരിച്ചിരുന്നെങ്കിൽ കേരളീയരുമായി മേൽ പ്രസ്താവിച്ച വിധത്തിൽ വൈദികങ്ങളിൽ അവർ സംസർഗ്ഗം ചെയ്യുകയില്ലായിരുന്നു.

പോർട്ടുഗീസുകാരും കേരളീയരും തമ്മിലുള്ള ബന്ധം വിവിധങ്ങളായ ആധുനിക അകത്തോലിക്കാ വിഭാഗങ്ങളിൽ പെട്ടവർ തമ്മിലുള്ള ബന്ധംപോലെ മാത്രമാണെന്ന് ചിലർ വിചാരിക്കാറുണ്ട്. എന്നാൽ കത്തോലിക്കാ മതസിദ്ധാന്തപ്രകാരം പോർട്ടുഗീസുകാർ ചെയ്തതുപോലെ, കത്തോലിക്കർ അകത്തോലിക്കരുമായി സംസർഗ്ഗം ചെയ്യാവുന്നതല്ല. പോർട്ടുഗീസുകാരാകട്ടെ മതനിഷ്കർഷയിൽ എല്ലാ രാജ്യക്കാരെയും അതിശയിച്ചിരുന്നവരാണെന്ന് ചരിത്രപ്രസിദ്ധവും ആണ്.

പോർട്ടുഗീസുകാരും കേരളീയരും തമ്മിലുണ്ടായിരുന്ന പ്രസ്തുത ബന്ധം ഇരുകൂട്ടരും തമ്മിൽ ആദ്യമായി കണ്ടുമുട്ടിയ ക്ഷണത്തിൽ ആരംഭിച്ച് അടിക്കടി ദൃഢീകൃതമായിതീർന്ന ഒന്നാകുന്നു. പോർട്ടുഗീസുകാർ റോമ്മായുടെ പരമാധികാരം പരിപൂർണ്ണമായി സ്വീകരിച്ചിരുന്നവരാണെന്ന് കേരളീയർക്കറിയാമായിരുന്നു. തങ്ങളുടെ വിശ്വാസം തന്നെയുള്ളവരെന്നുള്ള ഭാവത്തിലാണ് കേരളീയർ ആരംഭംമുതൽ പോർട്ടുഗീസു

കാരോട്ട വർത്തിച്ചിട്ടുള്ളതു്. പോർത്തുഗീസുകാരും ആ വിധത്തിൽ കേരളീയരോട്ട വർത്തിച്ചു. നോക്കുക, അവസരം ലഭിച്ചപ്പോഴും കേരളീയർ റോമ്മായുമായുള്ള അവരുടെ ഐക്യം സ്വീകരിക്കാതിരിക്കയോ നിഷേധിക്കുകയോ അല്ല, പ്രത്യുത അതിനനുസരണമായി പ്രവർത്തിക്കയത്രെ ചെയ്യുന്നതു്. അവരുടെ ഈ മനഃസ്ഥിതി പോർത്തുഗീസുകാരുടെ വരവോടെയോ അതിനു ശേഷമോ അവർ സ്വീകരിച്ച ഒന്നല്ല. അതിനു മുമ്പും അവർക്കുണ്ടായിരുന്നു എന്നു ഭാവന യാതൊരു നവീനതാവും അതിൽ വരുത്താതെ അവർ പ്രവർത്തിച്ചുതുടങ്ങി. പോർത്തുഗീസുകാരും ആ നിലയിൽ അവരെ മനസ്സിലാക്കിയതിന്റെ ഫലമായി വൈദികങ്ങളിൽപോലും അവരുമായി സംസർഗ്ഗം ചെയ്തു. പുരാതന കാലംമുതൽ തന്നെ കേരളീയർക്കുണ്ടായിരുന്ന മനഃസ്ഥിതിയാണു് ഇവിടെ നാം കാണുന്നതു്. ആകയാൽ കേരളീയ സഭ പോർത്തുഗീസുകാരുടെ വരവിനുമുമ്പും കത്തോലിക്കാ ഐക്യമുള്ള ഒരു സഭയായിരുന്നു. അക്കാലത്തു് അതിനനുസരണമായി പ്രവർത്തിക്കുവാൻ അവസരങ്ങൾ കുറവായിരുന്നു. എങ്കിലും ചില സന്ദർഭങ്ങളിൽ അവളുടെ പ്രവൃത്തി അതിനെ ദ്യോതിപ്പിക്കുന്നതായി കാണപ്പെടുന്നുണ്ടു്. എന്നാൽ പോർത്തുഗീസുകാരുടെ ആഗമനത്തോടെ കേരളീയ സഭയ്ക്കു് അവളുടെ വിശ്വാസം ബാഹ്യമായി പ്രകടിപ്പിക്കുവാൻ തക്ക അവസരം ലഭിച്ചു. അവൾ അതു് ഫലിപ്പിക്കുകയും ചെയ്തു. തുടർന്നുള്ള ചരിത്രവും ഇതു തന്നെയാണു് നമ്മെ പഠിപ്പിക്കുന്നതു്. കാർഡിനൽ ന്യൂമാന്റെ മേലുദ്ധരിച്ച വാക്യങ്ങളിലേക്കും (കഴിഞ്ഞ അദ്ധ്യായം) പരമാധികാരപ്രയോഗത്തെപ്പററി ഒന്നാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്ന സംഗതികളിലേക്കും വായനക്കാരുടെ ശ്രദ്ധയെ ഒന്നുകൂടി ക്ഷണിച്ചുകൊള്ളുന്നു.

ഇൻഡ്യയുടെ തെക്കുപടിഞ്ഞാറേ കോണിൽ സ്ഥിതിചെയ്യുന്ന ഒന്നാണു് കേരളീയസഭ. സെലൂക്കിയാസഭയുടെ അധീശത്വത്തിൽ അന്നത്തെ കാനോൻ നിയമപ്രകാരം കേരളീയസഭയ്ക്കു റോമ്മായുമായി യാതൊരിടപാടും നേരിട്ടില്ലായിരുന്നു. ഗതാഗതസൗകര്യക്കുറവുനിമിത്തം റോമ്മായുമായി യാതൊരിടപാടും നടത്തുവാൻ ആ സഭയ്ക്കു സാധിക്കയുമില്ലായിരുന്നു. സെലൂക്കിയാ സഭയ്ക്കു തന്നെയും റോമ്മായെ സമീപിക്കുക അത്ര എളുപ്പമല്ലായിരുന്നല്ലൊ. സെലൂക്കിയാ സഭയുമായുള്ള ബന്ധം മെത്രാന്മാരുടെ അഭാവത്താൽ പലപ്പോഴും നാമമാത്രമായിരുന്നു. ഇങ്ങനെയെല്ലാമായിരുന്നിട്ടും മേൽ പ്രസ്താവിച്ച തരത്തിലുള്ള വിശ്വാസവും പ്രവൃത്തിയും റോമ്മായുടെ പരമാധികാരം സംബന്ധിച്ചു് കേരളീയസഭയിൽ കാണ

പ്പെട്ടതിൽ നിന്നു് ആ വിശ്വാസം സെലൂക്കിയാ സഭയിലും കേരളീയസഭയിലും രൂഢമൂലമായിരുന്നു എന്നു വിശദമാകുന്നുണ്ടു്.

മാർ യാക്കോബു് 1550_നോട്ടു് അടുത്തു് മരണം പ്രാപിച്ചു.

## പോർട്ടുഗീസു നയവും മതാ:സഹിഷ്ണുതയും.

ഇൻഡ്യയിൽ വന്നുടനെ തന്നെ പോർട്ടുഗീസുകാർ വേദപ്രചാരണജോലി ആരംഭിച്ചു. അവർ അനേകം അക്രൈസ്തവരെ മാനസാന്തരപ്പെടുത്തുകയും 1533_ൽ ഗോവ മെത്രാസനം സ്ഥാപിക്കപ്പെടുകയും ചെയ്തു. പോർട്ടുഗീസുകാർ മാനസാന്തരപ്പെടുത്തിയവരെല്ലാവരും ഗോവ മെത്രാന്റെ കീഴായിരുന്നതിനാൽ ഗോവമെത്രാന്റെ അധികാരം വളരെ വിപുലമായിരുന്നു. ഇങ്ങനെ കേരളത്തിലും ഗോവ അധികാരം പ്രയോഗിക്കപ്പെടുവാൻ ഇടയായി. കേരളത്തിലുള്ളു് അനേകം അക്രൈസ്തവർ സത്യവിശ്വാസം സ്വീകരിച്ചതാണു് ഇതിനുകാരണം. വി. ഫ്രാൻസീസ് സേവ്യർ മുതലായ മതപ്രസംഗകന്മാരുടെ തീക്ഷ്ണത അനേകായിരങ്ങളെ സത്യവിശ്വാസത്തിലേക്കു ആനയിച്ചിരുന്നു. ഗോവ മെത്രാസനം സ്ഥാപിക്കപ്പെടുന്നതിനുമുമ്പു് തോമാർ (Thomar) വികാരി അപ്പസ്തോലിക്കയുടെയും ഫുൻകൽ മെത്രാന്റേയും കീഴായിരുന്നു. ഇൻഡ്യയിൽ മാനസാന്തരപ്പെട്ട ക്രിസ്ത്യാനികളായവർ സ്ഥിതി ചെയ്തിരുന്നതു്. തോമാർ ആ സ്ഥാനമാക്കി. "ക്രിസ്തുസ്സഓർഡർ" എന്ന സ്ഥാപനം പോർട്ടുഗൽ കണ്ടുപിടിച്ച രാജ്യങ്ങളിൽ അധികാരം നടത്തിയിരുന്നു. 1514_ൽ തോമാർ നിവർത്തലാക്കപ്പെടുകയും തൽസ്ഥാനത്തു ഫുൻകൽ (Funchal) രൂപത സ്ഥാപിക്കപ്പെടുകയും ചെയ്തു (15b)

ഗോവ അധികാരത്തിൽ നിന്നിരുന്നവരെല്ലാം ലത്തീൻ റീത്താണു് സ്വീകരിച്ചിരുന്നതു്. (15c) 1328_ൽ കൊല്ലത്തെ ലത്തീൻ മെത്രാനായി അഭിഷേചിക്കപ്പെട്ട ജോർദ്ദാനൂസിന്റെ കാലത്തിനു കുറെ മുമ്പാണു് കേരളത്തിലെ ലത്തീൻ റീത്തിൽപെട്ട കത്തോലിക്കരുടെ ആരംഭം. പോർട്ടുഗീസുകാരുടെ വരവോടെ ലത്തീൻ റീത്തും ഭരണവും കേരളത്തിൽ വേരൂന്നിപിടിച്ചു കേരളത്തിലെ ലത്തീൻ കത്തോലിക്കർക്കായി 1558-ൽ കൊച്ചിരൂപത സ്ഥാപിക്കപ്പെട്ട അതോടെ ഗോവ അതി മെത്രാസനമായി ഉയർത്തപ്പെടുകയാണുണ്ടായതു്.

---

(15b) Ferroli o. c, p. 114.

(15c) കേരളീയസുറിയാനിസഭയും തന്റെ കീഴാണെന്നു ഗോവമെത്രാൻ വിചാരിക്കുകയും തദനുസരണം പ്രവർത്തിക്കുകയും ചെയ്തിരുന്നു. 1518_ൽ ഗോവമെത്രാൻ (?) കൊച്ചിയിൽ വന്നു് തോമ്മാക്രിസ്ത്യാനികളെ സന്ദർശിച്ചു എന്നു ചില രേഖകളിൽ കാണുന്നു. ഈ തോമ്മാക്രിസ്ത്യാനികൾ ലത്തീൻ റീത്തു സ്വീകരിച്ച സുറിയാനിക്കാരാണെന്നു ചിലർ പറയുന്നതു ശരിയാകണമെന്നില്ല. സുറിയാനിക്കാർ തന്റെ കീഴാണെന്നു കരുതി അവരെ അദ്ദേഹം സന്ദർശിച്ചതാകാം ഈ സംഭവം.

സുറിയാനിക്കാരെ ലത്തീൻ റീത്തിൽ ചേൎക്കണമെന്നുകൂടി പോർട്ടുഗീസുകാർ ഉദ്ദേശിച്ചു പ്രവൎത്തിച്ചിരുന്നു. അതിനായി അവർ കൊടുങ്ങല്ലൂർ സെമിനാരിയിൽ പഠിച്ചിരുന്ന സുറിയാനിക്കാരായ ചില യുവാക്കന്മാൎക്കു ലത്തീൻ റീത്തനുസരിച്ചു പട്ടം കൊടുത്തു. (16) കേരളീയരായ യുവാക്കന്മാരെ പോർട്ടുഗലിലെ കോയിമ്പ്രായിൽ വിട്ടു പഠിപ്പിച്ചു വൈദികരാക്കി. (17) എന്നാൽ ലത്തീൻ റീത്തനുസരിച്ചു പട്ടം സ്വീകരിച്ച വൈദികരെ സുറിയാനിക്കാർ അവജ്ഞയോടെയാണു വീക്ഷിച്ചിരുന്നതു. കൊച്ചിയിലും അയൽ പ്രദേശങ്ങളിലും മാത്രമേ അവൎക്കു ലത്തീനിൽ കുർബാന ചൊല്ലുവാൻ സാധിച്ചിരുന്നുള്ളു. മറ്റു സ്ഥലങ്ങളിൽ അവൎക്കു സുറിയാനിയിൽ തന്നെ കുർബാന ചൊല്ലേണ്ടതായിവന്നു. (18) പോർട്ടുഗീസുചരിത്രകാരനായ ഗോവെയാ 1606-ൽ പ്രസിദ്ധം ചെയ്ത തന്റെ കൃതിയിൽ ഇതു സംബന്ധമായി ഇങ്ങനെ പറയുന്നു: "എന്നാൽ തങ്ങളുടെ പുത്രന്മാരുടെ വിദ്യാഭ്യാസത്തിൽ നിന്നാകട്ടെ, അതല്ലെങ്കിൽ അവരുടെ വിശുദ്ധ ഉദ്യോഗങ്ങളിൽ നിന്നാകട്ടെ എന്തെങ്കിലും ഒരു പ്രയോജനം സിദ്ധമാകണമെന്നുള്ള ആഗ്രഹമോ മനസ്സോ അവൎക്കുണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ ലത്തീൻ റീതി അനുസരിച്ചു ഈ പാഠശാലയിൽ (കൊടുങ്ങല്ലൂർ സെമിനാരിയിൽ) വളൎത്തി പഠിപ്പിക്കപ്പെട്ടവർ അവരുടെ (സുറിയാനിക്കാരുടെ) പള്ളികളിൽ കൎമ്മങ്ങൾ നടത്തുവാനോ അഥവാ അവിടെ പാൎപ്പാനായിട്ടുപോലുമോ [അവരുടെ സ്വജനങ്ങളാൽ] അനുവദിക്കപ്പെട്ടിരുന്നില്ല........ഈ സംഗതിയിൽ ആ ദൈവഭൃത്യനു [വിൻസെൻറു പാദ്രിക്കു] അയാളുടെ ശരിയായ ലാക്കിൽ എത്തുവാൻ സാധിച്ചിരുന്നില്ല" (19) പോർട്ടുഗലിൽ പോയി ലത്തീൻറീത്തിൽ പട്ടമേററ പാവൂർക്കാരായ രണ്ടു പേരെപ്പററി (1572-1585) ഗോവെയാ വീണ്ടും പറയുന്നു: "(മാൎപ്പാപ്പാ) അവരെ വലിയ ബഹുമാനത്തോടെ സ്വീകരിച്ചു അവരുടെ പള്ളിക്കു പല ദണ്ഡവിമോചനങ്ങളും അതിൽ ഒരു "സ്വയം വരപീഠവും" (Privileged Altar) അനുവദിച്ചുകൊടുത്തു. എന്നാൽ ജനങ്ങൾ ദണ്ഡവിമോചനങ്ങളും

---

(16) Gouvea, JORNADA. p. 6 Col. 4.
(17) Schurbammer, o. c. p. 22 note 67 a.
(18) D' Souza, Oriente Conquistado II. 71.
(19) Gouvea, Jornada, p. 6, Col 4. ([illegible] വിരോധികരണങ്ങൾ എന്ന പുസ്തകം പു. 8-ൽ നിന്നാണു ഈ തൎജ്ജമ.)

"സ്വയം വരപ്പീഠവും" തിരസ്കരിച്ചു. ആ പട്ടക്കാർ നാട്ടിലെ ഏററം മാന്യന്മാരായിരുന്നെങ്കിലും തങ്ങളുടെ പള്ളിയിൽ കർമ്മങ്ങൾ നടത്തുവാൻ അവർ സമ്മതിച്ചില്ല. അവരുടെ സഹോദരന്മാരും സംബന്ധക്കാരും തന്നെ അവരെ വളരെ അധികം ഉപദ്രവിക്കുകയും വിഷമിപ്പിക്കുകയും ചെയ്തുകൊണ്ടു് അവരെ ദൂരത്താക്കുകയാണു് ചെയ്തതു്. തന്നിമിത്തം അവർ കൊടുങ്ങല്ലൂരിൽ പോയി പാർക്കുകയും വി. യോഹന്നാന്റെ നാമത്തിൽ ഒരു പള്ളി പണിയിക്കയും ചെയ്തു. അവിടെ അവർ നാടു കടത്തപ്പെട്ടവരെപ്പോലെ ജീവിച്ചു...." (19b) ഇവർ പോർട്ടുഗലിൽവച്ചു് ഡോൺ ജോർജ് ഡക്രൂസ് (D. Jorge da Quz) എന്നും, ഡോൺ ജോൺ ഡക്രൂസ് (D. Joao da Cuz) എന്നും പേരുകൾ സ്വീകരിച്ചു. ഇവരിൽ ഡോൺ ജോൺ 1598-ൽ മാത്രമാണു് മരണം പ്രാപിച്ചതു്! (19c) പറവൂർക്കാർ ഭണ്ഡവിരോധവും, മാറവും സ്വീകരിക്കാഞ്ഞതു് അവർ കൊണ്ടുവന്നവരോടുള്ള ദ്വേഷം കൊണ്ടാകാം: അവർ അകത്തോലിക്കരായിരുന്നതാണു് അതിനു കാരണമെന്നു തീർത്തുപറയാവുന്നതല്ല. ഗോവെയായും മററും ഈ സംഭവവും അവരുടെ അകത്തോലിക്കത്വത്തിന്റെ ഫലമായി കരുതുന്നവരാണു്.

സുറിയാനിക്കാരെ മാർമ്മാദീസാ മുക്കുവാൻ പോർട്ടുഗീസുകാർ പരിശ്രമങ്ങൾ നടത്തി. മാർ യാക്കോബു് അതിനു കുറെയെല്ലാം സമ്മതിച്ചെങ്കിലും മാർ യാക്കോബു ജീവിച്ചിരുന്നകാലത്തു് അദ്ദേഹം തന്നെ തങ്ങളെ മുക്കിയാൽ മതിയെന്നായിരുന്നു കേരളീയരുടെ ആഗ്രഹം. (20) മാർ യാക്കോബും പോർട്ടുഗീസുകാരും തമ്മിലുണ്ടായിരുന്ന മൈത്രി നിമിത്തം "റോമ്മാസഭയുടെ നടപടി സ്വീകരിക്കുവാൻ മനസ്സ

---

(19b) Gouvea, Ibid, liv. I. c. 10.

(19c) Ibid സുറിയാനിക്കാർക്കു ലത്തീൻ റീത്തുപ്രകാരം പട്ടംകൊടുത്തതിൽ അങ്ങനെ ചെയ്ത മെത്രാൻ വേറൊരു മെത്രാന്റെ അധികാരത്തിൽ പെട്ടവർക്കു പട്ടം കൊടുക്കയത്രെ ചെയ്തതു്. ഇതു കാനൻനിയമത്തിനു വിരോധമാണു്. ഗോവായിൽ 1585-ൽ കൂടിയ പ്രാദേശിക സൂനഹദോസു് ഒരു മെത്രാൻ വേറൊരു മെത്രാന്റെ ആളുകൾക്കു പട്ടം കൊടുക്കേണ്ടതല്ലെന്നു തീർമാനിച്ചിരുന്നു (Sess. III. decree 5) കാരണം ഇതായിരിക്കണമെന്നു തോന്നുന്നു.

(20) തന്റെ മരണശേഷം പോർട്ടുഗീസുകാർ മുക്കിക്കൊള്ളുവാൻ മാർ യാക്കോബു സമ്മതിച്ചു്, അതിലേക്കായി പരിശ്രമം നടത്തിയിരുന്നു (Schurham mer op. c. p. 17) എന്നാൽ മാർ യാക്കോബിന്റെ പിൻഗാമികൾ ഇതിനു ബദ്ധവൈരികളായിരുന്നു.

ണ്ടായിരുന്നു ചിലർ ഉണ്ടായിരുന്നെങ്കിലും ശത്രുഭയം നിമിത്തം അവർ അങ്ങനെ ചെയ്യാതിരുന്നു എന്നു് മാർ യാക്കോബു 1530-ൽ പ്രസ്താവിക്കുന്നു. (20b) ലത്തീൻ രീതി പ്രകാരമല്ലാതെ കാണപ്പെട്ടവ മിക്കതും പാഷണ്ഡതയും മൂഢതയും ആണെന്നു് പോർട്ടുഗീസുകാർ വിധിച്ചു. ഇതു സംബന്ധിച്ചു് സുറിയാനിക്കാരുടെ ഒന്നാമത്തെ ലത്തീൻ മെത്രാപ്പോലീത്താ ആയ ഫ്രാൻസീസു് റോസു് 1601-ൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: There were "also religious who did not understand anything at all that was not of the Latin Rite and declared everything else at once as heresy and superstition forcing them to eat fish and drink wine in Lent against their Rite though this fasting is more in conformity with the holy canons and the fasting of the original Church (21) ഇങ്ങനെ നോയമ്പുകാലത്തു മത്സ്യം ഭക്ഷിക്കുവാനും മറ്റും നിർബന്ധിച്ചുകൊണ്ടു് പോർട്ടുഗീസുകാരും അവർ പഠിപ്പിച്ച നാട്ടുകാരായ ലത്തീൻ വൈദികരും സുറിയാനിക്കാരെ ലത്തീൻ റീത്തിൽ ചേർക്കുവാൻ ശ്രമിച്ചതുനിമിത്തം, പോർട്ടുഗീസുകാരുടെ മൈത്രിക്കായി അവരെ സമീപിച്ചിരുന്ന സുറിയാനിക്കാർ മലകളിലേക്കു് ഓടി രക്ഷപെട്ടു എന്നു് പോർട്ടുഗീസു ചരിത്രകാരനായ ഡിസൂസായും (22) സുറി

---

(20b) Schurhammer, o. c. p. 18– റോമ്മാസഭയുടെ നടപടി (to go over to the usagesof the Church of Rome) സ്വീകരിക്കുക എന്നിവിടെ പറഞ്ഞിരിക്കുന്നതു റീത്തു മാറ്റമാകണമെന്നില്ല. പള്ളിയുടെ വാതുക്കൽവച്ചു കല്യാണം നടത്തുക മുതലായി ചില നടപടികൾ (റോമ്മാസഭയുടെ നടപടികൾ) ചില സുറിയാനിക്കാർ അന്നു സ്വീകരിച്ചതായി മാർ യാക്കോബു പറയുന്നു (Ibid) ഇതു് റീത്തുമാറ്റമാകണമെന്നില്ല. എന്നാൽ ഇതിനെ റീത്തുമാറ്റമായി ഫാദർ ഷൂർഹാമ്മർ വിചാരിച്ചിരിക്കുന്നു (Ibid p. 19.) പക്ഷേ അദ്ദേഹത്തിന്റെ അനുമാനം ശരിയായിരിക്കണമെന്നില്ല. മാർ യാക്കോബിന്റെ കാലത്തുതന്നെ ജനാങ്ങാ പെൻറെയാദൊ എന്ന ഒരു പോർട്ടുഗീസു വൈദികനെ ദേഷിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ "അവർ ലത്തീൻ റീത്തും അതിന്റെ എല്ലാ ആചാരങ്ങളും സ്വീകരിക്കണമെന്നു്" അദ്ദേഹം ആവശ്യപ്പെട്ടിരുന്നു" (Schurhammer, op. c. p. 20). പെൻറെയാദോയുടെ ഒരു ലേഖനത്തിൽ നിന്നു് ഫാദർ ഷൂർഹാമർ തന്നെ ഇങ്ങനെ അനുമാനിക്കുന്നു.

(21) Ibidem, p. 22.

(22) Oriente Conquistado II. p. 70.

യാത്രക്കാരുടെ ആദ്യത്തെ ലത്തീൻ മെത്രാനായ റോസും പ്രസ്താവിക്കുന്നു. (22b)

മാർ യാക്കോബിന്റെ രീത്തുമാററത്തിനു് പോർട്ടുഗീസുകാർ ശ്രമിക്കാതിരുന്നില്ല. വി. ശൌര്യാർ അദ്ദേഹത്തെക്കുറിച്ചു പറയുന്നതു് "അദ്ദേഹത്തിന്റെ വാർദ്ധക്യകാലമായ ഇപ്പോഴും അദ്ദേഹം വിശുദ്ധമാതാവായ റോമ്മാസഭയുടെ ആചാരങ്ങളോടു് വളരെ അനുസരണമുള്ളവനാകുന്നു" എന്നത്രെ — "and now in his old age he is very obedient to the customs of the Holy Mother the Church of Rome" (23) ഇതിൽ നിന്നു് മാർ യാക്കോബു് ലത്തീൻ രീത്തു സ്വീകരിച്ചു എന്നു് ചിലർ വിചാരിക്കുന്നുണ്ടു്. ഫാദർ ഷൂർഹാമർ ഈ അഭിപ്രായത്തോടു് ഏകദേശം യോജിപ്പുള്ളവനായി കാണപ്പെട്ടിരുന്നെങ്കിലും, മാർ യാക്കോബു് ലത്തീൻ രീത്തു എത്രമാത്രം സ്വീകരിച്ചു എന്നു് അറിയുവാൻ പാടില്ല എന്നാണു് പിന്നീടു് അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതു് — How far Mar Jacob went in accepting the Roman Rite we do not know" (24) റോമ്മാസഭയുടെ ആചാരങ്ങളോടു് വളരെ അനുസരണമുള്ളവനാണു് മാർ യാക്കോബു് എന്നു് വി. ശൌര്യാർ പറയുന്നതിൽ നിന്നു് മാർ യാക്കോബു് ലത്തീൻ കാരനായി എന്നു് അനുമാനിക്കാവുന്നതല്ല. (25) ലത്തീൻ സഭയുടെ ആചാരപ്രകാരം നോയമ്പുകൾ, ഉപവാസങ്ങൾ ആദിയായവ അനുഷ്ഠിക്കുന്നവരെപ്പററി അവർ ലത്തീൻകാരല്ലെങ്കിലും ലത്തീൻ ആചാരങ്ങളോടു അനുസരണമുള്ളവരാണെന്നു പറയാവുന്നതാണു്. ഫ്രാൻസിസ്കൻ സന്യാസികളുടെ ആതിഥ്യം സ്വീകരിച്ചു ജീവിച്ചിരുന്ന മാർ യാക്കോബു്

---

(22b) Schurhammer, o, c, p, 22.
(23) Schurhammer, o, c, p. 21.
(24) Ibidem, p. 37.
(25) കേരളത്തിലും ലോകത്തിൽ പല സ്ഥലങ്ങളിലും ഉപയോഗിക്കുന്ന ലത്തീൻ റീത്തിനു് മുറയ്ക്കുള്ള പേരു് "റോമൻ റീത്തു്" എന്നാണു്, റോമൻ റീത്തല്ലാത്ത വേറെ ലത്തീൻ റീത്തുകൾ കത്തോലിക്കാസഭയിലുണ്ടു്. അവ ഓരോ പ്രദേശത്തേക്കു പ്രത്യേകമുള്ളവയാണു്. റോമൻ റീത്തും ഇപ്രകാരം റോമ്മാ പ്രദേശത്തേക്കുള്ളതായിരുന്നു. എന്നാൽ കാലാന്തരത്തിൽ മററു ലത്തീൻ റീത്തുകാർ പലരും ഇതു സ്വീകരിച്ചു. റോമൻ റീത്തു സ്വീകരിച്ചിരുന്നവർ മതപ്രസംഗം ചെയ്ത സ്ഥലങ്ങളിലെല്ലാം ആ റീത്തു് നടപ്പിൽ വരുത്തി. പുരാതനങ്ങളായ പ്രാദേശിക സഭകളാകട്ടെ പുരാതനങ്ങളായ അവയുടെ റീത്തുകളിൽ അഭിമാനം പ്രദർശിപ്പിക്കുന്നവയാണു്.

സ്വന്തറീത്തുമാററാതെ അപ്രകാരം ചെയ്തിരിക്കുവാൻ പാടുണ്ടു്. ഇതേ ആശയംതന്നെ ഫാദർ ഹെറാസ് എസ്. ജെ. ഇപ്രകാരം പ്രകടിപ്പിക്കുന്നു: "St. Francis never says that Mar gacob *became* very obedient, but he only states that he was very obedient in his old days, when on account of his age, infirmities and labours in the field of the Lord such a faithful observance was still more edifying. Nor does St. Francis say anything of the Rites of the Church of Rame, but he only speaks of the "customs" or usages For instance, it is a custom of ihe Church of Rome that the fast law does nor apply to those persons who are touching the 60th year of their age. Yet a person may continue fasting after the 60th year even when the law does not bind. This strict adherence to the Church of Rome would be highly praiseworthy. The phrase of St. Francis Xavier cannot be under stood but in this or a similar sense." (25)

ഇപ്രകാരമൊരു മനഃസ്ഥിതി സുറിയാനിക്കാരിൽ ചിലരിൽ വന്നിരിക്കുവാൻ പാടുണ്ടു്. ഒരു മെത്രാനും അദ്ദേഹത്തിന്റെ ജനങ്ങളും ഫ്രാൻസിസ്കൻ സന്യാസികളാൽ അവരുടെ ആചാരങ്ങളിൽ നിന്നു് (existing practices) മാററപ്പെട്ടു (27) എന്നു് ചില പോർട്ടുഗീസു രേഖകളിൽ കാണുന്നതു് മാർ യാക്കോബും അദ്ദേഹത്തിന്റെ ആളുകളുമാണെന്നു് വിചാരിക്കുവാൻ വഴികാണുന്നുണ്ടു്

ഈ മാററം പരിപൂർണ്ണമായ റീത്തുമാററമായി വ്യാഖ്യാനിക്കപ്പെടുവാൻ പാടുള്ളതാണെന്നു തോന്നുന്നില്ല. റോമ്മാസഭയുടെ നടപടികൾ സ്വീകരിച്ച സുറിയാനിക്കാരെപ്പററിയും ഇതുതന്നെ പറയേണ്ട

---

(26) The Examiner, May, 12, 1934, p 221.

(27) Fernando de Soledade, Historia da Sacrificia de Orden de San Francisco na Provincia da Portugal, 1705. എന്നാൽ മാർ യാക്കോബിന്റെ കാലത്തുതന്നെ കേരളത്തിലുണ്ടായിരുന്ന വേറൊരു മെത്രാനാണു് ഇതെന്നും വരാം. അക്കാലത്തുണ്ടായിരുന്ന രണ്ടു മെത്രാന്മാരെപ്പററി പ്രസ്താവിക്കുന്ന ചില രേഖകൾ കാണപ്പെടുന്നുണ്ടു്. മുട്ടച്ചിറ ലിഖിതത്തിൽ കാണപ്പെടുന്നവരിൽ ആരെങ്കിലുമോ തുടർന്നു പറയുവാനിരിക്കുന്ന യൂനാബ്ബുസ് യൌസേപ്പോ, വേറെ ആരെങ്കിലുമോ ആണോ ഈ മെത്രാൻ?

താണു്. സുറിയാനിക്കാർ പൊതുവേ റീത്തുമാററത്തിനു വിരോധികളായിരുന്നു. ലത്തീൻ റീത്തിൽ പട്ടമേററവരെക്കൊണ്ടു് സുറിയാനിയിൽ മാത്രമേ അവർ തങ്ങളുടെ പള്ളികളിൽ കുർബാന ചൊല്ലിച്ചിരുന്നുള്ളു എന്നു നാം കണ്ടതാണു്. മാന്യ കുടുംബത്തിൽപെട്ട പറവൂർക്കാരായ പട്ടക്കാരോടു് അവർ വർത്തിച്ചതെങ്ങനെ എന്നും നാം കണ്ടു. ആ പട്ടക്കാരെ ഈ വിധത്തിൽ തടഞ്ഞുനിറുത്തിയവർ അവരുടെ സ്വന്തം ആളുകൾ തന്നെയാണെന്നും നാം കണ്ടു. ഈ സ്ഥിതിക്കു സുറിയാനിക്കാരുടെ പൊതുവേയുള്ള മനഃസ്ഥിതി എപ്രകാരമുള്ളതായിരുന്നെന്നു ശരിയായി നമുക്കു മനസ്സിലാക്കാവുന്നതാണല്ലോ. റീത്തുമാററത്തെ ഭയന്നു് നിസ്സഹായരായ അവരിൽ ചിലർ മലകളിലേക്കു ഓടി രക്ഷപെടുകകൂടി ചെയ്തു. ആകയാൽ അവരുടെ മെത്രാനായ മാർ യാക്കോബും അവരിൽ നല്ല ഒരു ഭാഗവും ലത്തീൻകാരായി എന്നു വിചാരിക്കുക അസാദ്ധ്യമാണു്. എന്നാൽ എല്ലാ സ്ഥലത്തും എല്ലാക്കാലത്തും സംഭവിക്കുന്നതുപോലെ സുറിയാനിക്കാരിൽ ചിലർ അന്നു് ലത്തീൻ റീത്തു സ്വീകരിച്ചു എന്നു വരാം. അവരുടെ സംഖ്യ അന്നു് (ഉദയംപേരൂർ സൂനഹദോസു് മുമ്പു്) വളരെ തുച്ഛമായിരിക്കുവാനേ തരമുള്ളു. അവർ കേരളത്തിലെ ഇതര ലത്തീൻ സഹോദരങ്ങളിൽ ലയിച്ചു് ആദ്യം ഗോവ രൂപതയുടെകീഴും പിന്നീടു കൊച്ചിരൂപതയുടെ കീഴും ചെന്നു ചേർന്നിരിക്കണം. ഇങ്ങനെ റീത്തു മാറിയവരെ സുറിയാനിക്കാർ പൊതുവേ അവജ്ഞയോടെ വീക്ഷിക്കുവാനേ തരമുണ്ടായിരുന്നുള്ളു. പോർട്ടുഗലിൽ പട്ടമേററവർ കൊടുങ്ങല്ലൂരിൽപോയി നാട്ടുകടത്തപ്പെട്ടവരെപ്പോലെ താമസിച്ച സംഗതിയും ഇവിടെ നമുക്കു ചിന്താവിഷയമാകേണ്ടതാണു്. അവരിൽ ഒരാൾ 1598 വരെ, അതായതു് ഉദയംപേരൂർ സൂനഹദോസുവരെ ആ നിലയിൽ താമസിക്കേണ്ടിവന്നില്ലേയോ? മാന്യ കുടുംബങ്ങളിലെ അംഗങ്ങളുടെ അനുഭവമായിരുന്നു ഇതു്!

പോർട്ടുഗീസുകാരുടെ ഈ ശ്രമത്തിൽ നിന്നു് സുറിയാനിക്കാർ അന്നു് കത്തോലിക്കരായിരുന്നു എന്നു" നമുക്കനുമാനിക്കാം. ലത്തീൻ റീത്തിൽ അവർ പട്ടംകൊടുത്ത സുറിയാനി യുവാക്കന്മാർ കത്തോലിക്കരായിരുന്നു എന്നതിൽ സംശയമില്ലല്ലോ. ഈ യുവവൈദികന്മാരാണു് സുറിയാനിക്കാരുടെ പള്ളികളിൽ സുറിയാനിയിലും കൊച്ചിയിൽ ലത്തീനിലും കുർബാന ചൊല്ലിയിരുന്നതു്". ലത്തീൻ കുർബാനയിൽ നീരസം പ്രദർശിപ്പിച്ചിരുന്ന സുറിയാനിക്കാരുടെ പള്ളികളിൽ കത്തോലിക്കരായ ഈ യുവവൈദികന്മാർ കുർബാന ചൊല്ലിയതിൽ നിന്നു് സുറിയാനിക്കാർ കത്തോലിക്കരായിരുന്നു എന്നു സിദ്ധിക്കുന്നു.

തന്റെ വാർദ്ധക്യകാലത്തു് മാർ യാക്കോബു് റോമാസഭയുടെ ആചാരങ്ങളോടു വളരെ അനുഭാവമുള്ളവനായിരുന്നു എന്നു വി. ശൌര്യാർ

പ്രസ്താവിക്കുന്നതിനെ അടിസ്ഥാനപ്പെടുത്തി മാർ യാക്കോബു് വാർദ്ധക്യകാലത്താണു് റോമ്മാ വിശ്വാസം സ്വീകരിച്ചു് കത്തോലിക്കനായതെന്നു് ചിലർ വാദിക്കുന്നു. എന്നാൽ മാർ യാക്കോബിന്റെ കേരളത്തിലുള്ള ജീവിതം മുഴുവനും ഈ അനുമാനത്തെ ഖണ്ഡിക്കുന്ന ഒന്നാണു്. 1549-ൽ ആണു് വി. ശൌര്യാർ അദ്ദേഹത്തെപ്പററി മേൽ പ്രസ്താവിച്ച പ്രകാരം പറഞ്ഞിരിക്കുന്നതു്. 45 കൊല്ലം മാർ യാക്കോബു് സ്തുത്യർഹമായി മാർത്തോമ്മാക്രിസ്ത്യാനികളുടെയിടയിൽ ജോലി ചെയ്തു ദൈവത്തെയും പോർട്ടുഗീസുരാജാവിനേയും സേവിച്ചിരിക്കുന്നു എന്നാണു് വി. ശൌര്യാർ അതേ ലേഖനത്തിൽ തന്നെ പ്രസ്താവിക്കുന്നതു്. നാല്പത്തഞ്ചു കൊല്ലം, എന്നതു് മാർ യാക്കോബിന്റെ ആഗമനകാലമായ 1503 (1) മുതൽ 1549 വരെയുള്ള കാലഘട്ടമാണു്. ഈ കാലഘട്ടം മുഴുവനും ദൈവത്തിനും പോർട്ടുഗൽരാജാവിനും അദ്ദേഹം ചെയ്ത സേവനം അകത്തോലിക്കൻ എന്ന നിലയിലായിരുന്നെങ്കിൽ വി. ശൌര്യാർ ഈ വിധം അദ്ദേഹത്തെ സ്തുതിക്കുമായിരുന്നില്ല. കൂടാതെയും റോമ്മാസഭയുടെ ആചാരങ്ങൾ (Customs) എന്നല്ലാതെ "റോമ്മാസഭയുടെ വിശ്വാസം" എന്നു് വി. ശൌര്യാർ പ്രസ്താവിക്കുന്നില്ല. ഇതിനും പുറമെ 1500 മുതൽ 1550 വരെ കേരളീയസഭ റോമ്മാ ഐക്യത്തെപ്പററി എന്തു വിശ്വസിച്ചിരുന്നു എന്നു നാം കണ്ടതാണു്. മാർ യാക്കോബു് കേരളീയസഭയിലെ മെത്രാനും കേരളീയരെപ്പോലെ തന്നെ തന്റെ ആഗമനസമയം മുതൽ പോർട്ടുഗീസുകാരുമായി വൈദികങ്ങളിൽ സംസർഗ്ഗം ചെയ്തിരുന്നവനും ആകുന്നു. ആകയാൽ മാർ യാക്കോബിൽ മതപരിവർത്തനം നടന്നതായി യാതൊരു വിധത്തിലും അനുമാനിക്കാവുന്നതല്ല.

"ഇൻഡ്യയിൽ [ഏതെങ്കിലും അധികാരമുള്ളവരാൽ] എല്ലാവരാലും ....മാർ യാക്കോബു് ഉപേക്ഷിക്കപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്തിരിക്കയാൽ" പോർട്ടുഗീസുരാജാവു് അദ്ദേഹത്തെ കാര്യമായി മതിക്കണമെന്നു് വി. ശൌര്യാർ പ്രസ്താവിത ലേഖനത്തിൽ രാജാവിനോടു് അഭ്യർത്ഥിക്കുന്നുണ്ടു്. [28] ഇതിൽ നിന്നു് മാർ യാക്കോബിനെ ഉപേക്ഷിച്ചതും അവഗണിച്ചതും സുറിയാനിക്കാരും അദ്ദേഹത്തിന്റെ പാത്രിയർക്കീസും ആയിരുന്നെന്നും അതു് അദ്ദേഹം വാർദ്ധക്യദശയിൽ കത്തോലിക്കനായതുകൊണ്ടാണെന്നും ചിലർ വാദിക്കുന്നു. എന്നാൽ [ഇൻഡ്യയിൽ അധികാരമുള്ളവരായിരുന്ന] പോർട്ടുഗീസുകാർ മാർ യാക്കോബിനെ ഉപേക്ഷിച്ചു് അവഗണിച്ചിരുന്നു എന്നാണു് വി. ശൌര്യാർ പ്രസ്താവിക്കുന്നതു്. കൂടാതെയും സുറിയാനിക്കാർ മാർ യാക്കോബിനെ ഉപേക്ഷിച്ചിരുന്നെങ്കിൽ തങ്ങളുടെ കുട്ടികളെ മാർ യാക്കോബിന്റെ സ്നേഹിതന്മാ

(28) Coleridge, o. c. II, p. 82-83.

രായിരുന്ന ഫ്രാൻസിസ്കൻ സന്യാസികൾ നടത്തിയിരുന്ന സെമിനാരിയിൽ പഠിക്കുവാൻ അവർ അയയ്ക്കുമായിരുന്നോ? മാർ യാക്കോബു് കത്തോലിക്കനായതുകൊണ്ടു് ഒരു അകത്തോലിക്കാ പാത്രിയർക്കീസും, ഒരു അകത്തോലിക്കാ ജനസമൂഹവും അദ്ദേഹത്തെ ഉപേക്ഷിച്ചെന്നും അവഗണിച്ചെന്നും വി. ശൌര്യാർ പോർട്ടുഗൽ രാജാവിന്റെ പക്കൽ ആവലാധി ബോധിപ്പിക്കുന്നതെങ്ങിനെ? അകത്തോലിക്കാഭാഗത്തുനിന്നു് കത്തോലിക്കരാകുന്നവരെ അകത്തോലിക്കർ ഉപേക്ഷിക്കാതെ ബുല്ലുമാട്ടിക്കുമെന്നായിരുന്നു വി. ശൌര്യാരിന്റെ ധാരണയെങ്കിൽ അദ്ദേഹം ആവലാധിപ്പെടുന്നതിൽ അർത്ഥമുണ്ടു്. പക്ഷെ ഈ ധാരണ ഏതു കത്തോലിക്കനാണു് ഉണ്ടാകുക?

മാർ യാക്കോബു് 1550-നോടു അടുത്തു മരണം പ്രാപിച്ചു. അദ്ദേഹത്തിന്റെ മരണത്തിനു ശേഷം മൂന്നു് യൂനാബൃസ് ബൌദ്രപ്പു് എന്നൊരു മെത്രാൻ കേരളത്തിൽ വന്നതായി ചില ചരിത്രകാരന്മാർ പറയുന്നു.

സുറിയാനിക്കാരെ ലത്തീൻകാരാക്കണമെന്നുദ്ദേശിച്ചതിനും പുറമെ ഗോവമെത്രാൻ കേരളത്തിന്റെയും ഇൻഡ്യ മുഴുവന്റെയും മെത്രാൻകൂടി ആയിരിക്കണമെന്നും ആണെന്നും പോർട്ടുഗീസുകാർ വിചാരിച്ചിരുന്നു. അന്തോനിയോ ദൊപോർത്തോ (Fr Antonio do Porto) എന്ന പോർട്ടുഗീസു വൈദികൻ 1557-ൽ എഴുതിയ ഒരെഴുത്തിൽ ഈ ആശയം പ്രകടിപ്പിച്ചിട്ടുണ്ടു്.— O bispo de Guova era bispo de Mallavar e de toda a India (29)— 1558-ൽ ഗോവ അതിമെത്രാസനമായതോടെ പോർട്ടുഗീസുകാരുടെ ഈ ആഗ്രഹം കൂടുതൽ ശക്തിപ്രാപിച്ചു. ഗോവാമെത്രാപ്പോലീത്താ ആയിരുന്ന മെനേസിസ് 1597-ൽ ഓർശ്ലെത്തെ ലത്തീൻ പാത്രിയർക്കീസിനയച്ച ഒരു കത്തിൽ സുറിയാനിക്കാരുടെ മെത്രാൻ, കൊച്ചിമെത്രാനെപ്പോലെ ഗോവമെത്രാപ്പോലീത്തായുടെ ഉപമെത്രാനായിരിക്കേണ്ടതാണെന്നു പ്രസ്താവിച്ചിട്ടുണ്ടു്. (30)

---

29) Beltrami La Chiesa Caldea nel Secolo dell' unione, p. 40-43. note 9.
(ഗോവാ മെത്രാൻ കേരളത്തിലെയും ഇൻഡ്യാ മുഴുവനിലേയും മെത്രാനാണു്) ഈ ധാരണയോടെ സുറിയാനിക്കാരായ മാർ തോമ്മാ ക്രിസ്ത്യാനികളെ 1548-ൽ ഗോവമെത്രാൻ സന്ദർശിച്ചെന്നു വരാം. ആകയാൽ അദ്ദേഹം സന്ദർശിച്ച മാർ തോമ്മാക്രിസ്ത്യാനികൾ ലത്തീൻറീത്തു സ്വീകരിച്ച സുറിയാനിക്കാരായിരുന്നു എന്നു ചിലർ സമർത്ഥിക്കുന്നതു് ശരിയായിരിക്കണമെന്നില്ല.

30) Bernard, Brief Sketch of the Hisrory of The St. Thomas Christians, p 52—54.

ഇതു നിമിത്തമാണു് പുണ്യശ്ലോകനായ മാർ യാക്കോബു് വാർദ്ധക്യദശയിൽ ഇൻഡ്യയിൽ (അധികാരമുണ്ടായിരുന്ന) എല്ലാവരാലും ഉപേക്ഷിക്കപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്തതു്!

സംഗതികൾ ഈ നിലയിൽ എത്തിച്ചേർന്നപ്പോഴാണു് 1552_ൽ സുലാക്കാപാത്രിയർക്കീസും അധികം കഴിയുന്നതിനു മുമ്പു് അവുദിശോപാത്രിയർക്കീസും കേരളീയരുടെമേൽ തങ്ങൾക്കുണ്ടായിരുന്ന അധികാരം മാർപ്പാപ്പായിൽ നിന്നു് ഉറപ്പിച്ചു വാങ്ങിച്ചതു്. (മുകളിൽ നോക്കുക) കൽദായപാത്രിയർക്കീസിനു വിരോധമായി ട്രെൻറ സൂനഹദോസിൽ വച്ചു് പോർട്ടുഗീസു പ്രതിനിധി (Orator) കേരളത്തിലെ ചില സ്ഥാനങ്ങളിൽ ഗോവ മെത്രാനാണു് അധികാരമുണ്ടായിരിക്കേണ്ടതെന്നു വാദിച്ചതായും നാം കാണുന്നു.

കേരളീയരിലും അവരുടെ മെത്രാന്മാരിലും നെസ്തോറിയനിസമുണ്ടെന്നുള്ള സംശയം ഈ അവസരത്തിൽ പോർട്ടുഗീസുകാരിൽ പ്രബലപ്പെട്ടു. കേരളത്തിൽ അബദ്ധങ്ങളും നെസ്തോറിയത്വം തന്നെയും അടങ്ങിയിരുന്ന പുസ്തകങ്ങൾ ഉണ്ടായിരുന്നു. സെലൂക്കിയാസഭയുടെ സ്വന്തമായ പ്രത്യേകതരം നെസ്തോറിയത്വത്തിന്റെ ലക്ഷണങ്ങൾ ഒരു പക്ഷേ കേരളീയരുടെ മെത്രാന്മാരിലും കാണപ്പെട്ടിരിക്കാം. സുറിയാനിക്കാരുടെ ഒന്നാമത്തെ ലത്തീൻ മെത്രാനായ ഫാദർ ഫ്റാൻസിസ് റോസ് 1586_ലോ 1587_ലോ പ്രസ്താവിച്ചതു് ഇങ്ങനെയാണ്: "കിഴക്കേ ഇൻഡ്യയെ അധിവസിക്കുന്ന നെസ്തോറിയൻകാർ കത്തോലിക്കാ റോമ്മാവിശ്വാസമുള്ളവരാണെങ്കിലും അവരുടെ പുസ്തകങ്ങൾ നെസ്തോറിയുസിന്റെയും താർസൂസിലെ ദിയദോറിന്റെയും, മപ്സുഏസ്തിയായിലെ തിയദോറിന്റെയും സിദ്ധാന്തങ്ങൾകൊണ്ടു നിറഞ്ഞിരിക്കുന്നു." (31) Nistoriani qui Indiam Orientalem degunt, quanvis Romanam fidem catholicam fuerint professi, ipsorum tamen libri Nestorii, Diodori Tarsensis et Theodori Mopsuestini dogmatibus scatent" —

നോക്കുക, കത്തോലിക്കാ റോമ്മാ വിശ്വാസമുള്ള കേരളീയ സുറിയാനിക്കാർ "നെസ്തോറിയൻകാർ" എന്നു വിളിക്കപ്പെടുന്നു! ആകയാൽ "നെസ്തോറിയൻ" എന്ന സംജ്ഞയിൽ നിന്നു് കേരളീയ സുറിയാനിക്കാർ കത്തോലിക്കാ ഐക്യമില്ലാത്തവരായിരുന്നു എന്നു് അനുമാനി

---

(31) De Erroribus Nestorianorum....Orientalia Christiana, Vol XI. Num. 40. p. 15

ക്കേണ്ടതല്ലെന്നു സിദ്ധിക്കുന്നു. അതേ, കേരളീയരുടെയിടയിൽ അജ്ഞതയും അബദ്ധവും നെസ്തോറിയത്വം തന്നെയും ഉണ്ടായിരുന്നിരിക്കാം. പക്ഷെ അവർ "കത്തോലിക്കാ റോമ്മാ വിശ്വാസമുള്ളവർ" അഥവാ കത്തോലിക്കാ ഐക്യമുള്ളവർ ആയിരുന്നു. റോമ്മാ മാർപ്പാപ്പായുടെ പരമാധികാരം സ്വീകരിക്കാതെ ഈ ഐക്യം അശേഷം ഉണ്ടാകുന്നതല്ലതന്നെ.

ഉദയമ്പേരൂർ സൂന്നഹദോസിനു കുറെ മുമ്പു ഫാദർ റോസ് പ്രകടിപ്പിച്ച പ്രസ്തുത ആശയംതന്നെ 1552-ലും പോർട്ടുഗീസു രേഖകളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. കേരളീയ സുറിയാനിക്കാരെപ്പറ്റി അന്തോനി ദെ എരേദിയാ എസ്. ജെ. (Fr. Ant. de Eredia S. J.) എന്ന വൈദികൻ 1552-ൽ ഇങ്ങനെ എഴുതിയിരിക്കുന്നു: 'അവക്കു പല അബദ്ധങ്ങളും ഉണ്ട്. എന്തുകൊണ്ടെന്നാൽ പെറസ്ത്തെ (?)യിൽ നിന്നു വന്ന രണ്ടു മെത്രാന്മാരാണ് അവരെ പഠിപ്പിച്ചിരുന്നതു്. അവക്കു വളരെ നല്ല പള്ളികളുണ്ട്. അവരുടെ വളരെ കുട്ടികൾ പരേതനായ വിൻസെൻറ് പാദ്രിയുടെ കോളേജിൽ (സെമിനാരിയിൽ) ഉണ്ട്. ഞാൻ അവരുടെ രണ്ടു ഗ്രാമങ്ങൾ സന്ദർശിച്ചു. അവർ എല്ലാക്കാര്യത്തിലും റോമ്മാസഭയെ അനുസരിക്കുന്നു. കോയിമ്പ്രായിൽ പഠിച്ച രണ്ടു മലയാളികളായ വൈദികരാൽ അവർ പഠിപ്പിക്കപ്പെടുന്നു" (32) എന്നാൽ, ഈ പ്രസ്താവനയുടെ അവസാനഭാഗം ലത്തീൻ റീത്തു സ്വീകരിച്ച സുറിയാനിക്കാരെപ്പറ്റി മാത്രം ആകുവാൻ പാടുണ്ട്. ഒരു പക്ഷെ, കോയിമ്പ്രായിൽ പഠിച്ച രണ്ടു വൈദികർ സുറിയാനിയിൽ കുർബാന ചൊല്ലിക്കൊണ്ട് സുറിയാനിക്കാരെ പഠിപ്പിച്ചിരുന്നു എന്നും വരാം. ഗോവെയാ പറയുന്ന പറവൂർക്കാരാണ് ഈ വൈദികരെങ്കിൽ ഈ അഭിപ്രായം സ്വീകാര്യമാണെന്നു തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ അവർ നാടുകടത്തപ്പെട്ടവരെപ്പോലെ കൊടുങ്ങല്ലൂരിൽ മരണംവരെ താമസിക്കയാണ് ചെയ്തതു്.

അബദ്ധങ്ങൾ എന്നു പോർട്ടുഗീസുകാർ പറയുന്നവ എല്ലാം അബദ്ധങ്ങളല്ല. റീത്തു സംബന്ധമായ പ്രത്യേകതകൾ പോലും അബദ്ധങ്ങളായിട്ടാണ് അവർ ധരിച്ചുവച്ചിരുന്നതെന്നു നാം കണ്ടതാണ്. അവർ

---

(32) Schurhammer o. c. p. 22, note—രണ്ടു മെത്രാന്മാരെപ്പറ്റി പറയുന്നതു സൂക്ഷിച്ചാൽ ഒന്നു മാർ യാക്കോബായിരുന്നു (?) മറേതോ? യൂഹാന്യസ് യൌസേപ്പ് എന്ന പേരിൽ ചില രേഖകളിൽ പ്രത്യക്ഷപ്പെടുന്ന മെത്രാനാണോ മറേറതു്?

പഠിപ്പിച്ചു് പട്ടമേല്പിച്ച കേരളീയരും ഈ ധാരണതന്നെയുള്ളവരായിരുന്നു (?) എന്നു് അവരിൽ ഒരാൾ (Matheus Diaz) 1550, ജനുവരി 22-ൽ പോർഗൽ രാജാവിനു് അയച്ച ഒരു എഴുത്തിൽ നിന്നു് സ്ഫുരിക്കുന്നുണ്ടു്(?). (32b) എങ്കിലും ആ എഴുത്തിൽ അദ്ദേഹം പറയുന്നതു്, ബാബേലിൽ നിന്നു കേരളത്തിൽ വന്നിരുന്ന മെത്രാന്മാർ മാർത്തോമ്മാ ക്രിസ്ത്യാനികളെ കത്തോലിക്കാ വിശ്വാസം പഠിപ്പിക്കുവാൻ വന്നിരുന്നു എന്നാകുന്നു. (....There came men from Babylon as bishops, to instruct them in the *Catholic faith*....) അങ്ങനെ വന്നവർ ചില തെറ്റുകൾ കൂടാതെയല്ല കത്തോലിക്കാ വിശ്വാസം പഠിപ്പിച്ചിരുന്നതെന്നത്രെ അദ്ദേഹം പറയുന്നതു്. ഇതിൽ നിന്നു് ആ മെത്രാന്മാർ കത്തോലിക്കരായിരുന്നു എന്നു് അനുമാനിക്കാവുന്നതാണു്. പോർട്ടുഗീസുകാരുടെ ഈ തെറ്റുധാരണ ശക്തി പ്രാപിച്ചുവന്ന അവസരത്തിൽ സൂലാക്കായുടെ പ്രതിയോഗിയായ പാത്രിയർക്കീസിന്റെ പക്കൽ നിന്നു പുറപ്പെട്ട ചില ആളുകൾ കേരളത്തിൽ വന്നിരുന്നു. (33)

16-ാം ശതാബ്ദത്തിന്റെ ഉത്തരാർദ്ധം മുതൽ പോർട്ടുഗീസുകാരുടെ നയത്തിൽ സാരമായ വ്യത്യാസം വരുത്തിയ കാരണങ്ങളാണു് ഇതുവരെ നാം പ്രസ്താവിക്കയുണ്ടായതു്. കേരളീയ സുറിയാനിസഭയെ അബദ്ധങ്ങളിൽ നിന്നു സംരക്ഷിക്കുന്നതിനുള്ള ഏകമാർഗ്ഗം അതിനെ പാടേ പോലെ ലത്തീനായി പകർത്തുകയാണെന്നു തദവസരത്തിൽ അവർ ധരിച്ചുവശായി. ലത്തീനായി പകർത്തുക എന്നതിൽ അടങ്ങിയിരിക്കുന്ന സംഗതികൾ ഇവയാണു്: 1) ആരാധനക്രമം നിവൃത്തിയുള്ളിടത്തോളം ലത്തീൻ ആരാധനക്രമം തന്നെയാക്കുക. 2) കേരളീയസഭയെ ഗോവമെത്രാപ്പോലീത്തായുടെ കീഴാക്കുക. 3) പോർട്ടുഗീസുരാജാവിന്റെ സംരക്ഷണം (Padroado = Patronage) കേരളീയസഭയ്ക്കും നൽകുക.

എന്നാൽ തങ്ങളുടെ പുരാതനരീതി മുറുകെ പിടിച്ചുകൊണ്ടു് തങ്ങളുടെ പാത്രിയർക്കീസിനോടു ചേർന്നു നില്ക്കുവാൻ കേരളീയസുറിയാനിക്കാർ അത്യധികം ആഗ്രഹിച്ചിരുന്നതിനാൽ പോർട്ടുഗീസുകാരുടെ നയ

---

(32b) Schurhammer, o. c. p. 21. ഇദ്ദേഹം പോർട്ടുഗലിലാണു് പട്ടമേറ്റതു്.

(33) Beltrami, o. c. p- 49—50.
ഏലിയാ പാത്രിയർക്കീസു് അഞ്ചാം പൌലോസു് മാർപ്പാപ്പായ്ക്കയച്ച ലേഖനത്തിൽ ഈ പ്രകാരം അയയ്ക്കപ്പെട്ടവരെപ്പറ്റി പ്രസ്താവിച്ചിരിക്കുന്നതു് നാം കണ്ടതാണല്ലോ. ഏലിയാ പാത്രിയർക്കീസു് സൂലാക്കായുടെ പ്രതിയോഗിയുടെ ഒരു പിൻഗാമിയായിരുന്നു.

ദ്ദേശ്യം ദുരുദ്ദേശ്യമായി അവരാൽ വ്യാഖ്യാനിക്കപ്പെട്ടു. പോർട്ടുഗീസുകാരുടെ ഉദ്ദേശ്യം മുഴുവനും നിർമ്മലമായിരുന്നെന്നു പറയാവുന്നതുമല്ല. അന്നത്തെ മുറയനുസരിച്ചു് സുറിയാനിമെത്രാന്മാരുടെനേരെ മർദ്ദനനയവും അവർ സ്വീകരിച്ചു. പോർട്ടുഗീസുകാരുടെ പരിശ്രമം മുഴുവനും "റോമ്മാസഭയുടെ അനുസരണത്തിലേക്കു സുറിയാനിക്കാരെകൊണ്ടുവരുവാനായിരുന്നു"— to ruduce the Syrians to the obedience of the Church of Rome—

കേരളീയസുറിയാനിക്കാരെ സംബന്ധിച്ചു പോർട്ടുഗീസുകാർ ഉപയോഗിച്ചിരിക്കുന്ന ഈ പ്രയോഗവും (റോമ്മായുടെ അനുസരണത്തിലേക്കു കൊണ്ടുവരുക എന്ന പ്രയോഗം) പാഷണ്ഡത, അബദ്ധങ്ങൾ എന്നീ പദങ്ങളും നിമിത്തം കേരളീയക്രിസ്ത്യാനികൾ കത്തോലിക്കാഐക്യമില്ലാത്ത ശീസ്മക്കാരായിരുന്നു എന്നു് പലരും ധരിക്കുവാൻ ഇടയായിട്ടുണ്ടു്. എന്നാൽ അക്കാലത്തെ പോർട്ടുഗീസുകാർ ഇത്രയ്ക്കു ഉദ്ദേശിച്ചല്ല പ്രസ്തുത പ്രയോഗവും പദങ്ങളും സുറിയാനിക്കാരെപ്പററി ഉപയോഗിച്ചിരിന്നതു് എന്തുകൊണ്ടെന്നാൽ ആ കാലയളവിലെല്ലാം അതിനു മുമ്പു ചെയ്തിരുന്നതുപോലെ സുറിയാനിക്കാരോടു അവർ വൈദികങ്ങളിൽ സംസർഗ്ഗം ചെയ്തിരുന്നു.. (33b) ഫാദർ റോസു തന്നെയും, സുറിയാനിക്കാരുടെ പുസ്തകങ്ങളിൽ അബദ്ധങ്ങളുണ്ടെങ്കിലും അവർ കത്തോലിക്കാ റോമ്മാവിശ്വാസമുള്ളവരാണെന്നാണു് പ്രസ്താവിച്ചിരിക്കുന്നതു്. കൂടാതെയും, അന്നു കേരളീയസുറിയാനിക്കാർ റോമ്മായുമായി നേരിട്ടു ഇടപെടുകയും റോമ്മായുടെ കല്പനപ്രകാരം വർത്തിക്കുകയും ചെയ്തിരുന്നതായി അടുത്ത അദ്ധ്യായത്തിൽ കാണാവുന്നതാണു്. ആകയാൽ "റോമ്മായുടെ അനുസരണത്തിലേക്കു കൊണ്ടുവരുക" എന്ന പ്രയോഗത്തിനു പോർട്ടുഗീസുകാരും അവരെപ്പോലെയുള്ളവരും അക്കാലത്തു കൊടുത്തിരുന്ന അർത്ഥം ഇന്നു നാം അതിനു കൊടുക്കുന്ന അർത്ഥം മാത്രമല്ലെന്നു വിശദമാകുന്നു. അബദ്ധങ്ങൾ നീക്കുക, കൂദാശകൾ പരികർമ്മം ചെയ്യുന്നതിലും കുർബാന ചൊല്ലുന്നതിലും ലത്തീൻരീതി നടപ്പിലാക്കുക, കൽദായപാത്രിയർക്കീസിന്റെ അധികാരത്തിൽ നിന്നു വിടുതലാക്കി മാർപ്പാപ്പാ നേരിട്ടു നിശ്ചയിക്കുന്ന ഒരു മെത്രാന്റെ കീഴിൽ കേരളീയസുറിയാനിസഭയെ ആക്കിത്തീർക്കുക, ലത്തീൻ കാനോൻ നിയമം

---

(33b) സുറിയാനിക്കാരിലുണ്ടായിരുന്ന അജ്ഞതയുടെ ആധിക്യം ഹേതുവാൽ അവർ ഏതു തരക്കാരായിരുന്നു എന്നു മനസ്സിലാക്കാതെയാണു് ആരംഭത്തിൽ അവരോടു പോർട്ടുഗീസുകാർ സ്നേഹഭാവത്തിൽ വർത്തിച്ചതെന്നു ചിലർ പറയുന്നതു് സ്വീകാര്യമല്ലെന്നു ഇതിൽ നിന്നു തെളിയുന്നു

നടപ്പിൽ വരുത്തുക ഇതെല്ലാമാണ് "റോമ്മായുടെ അനുസരണത്തിലേക്കു കൊണ്ടുവരുക" എന്ന പ്രയോഗത്തിനു പോർട്ടുഗീസുകാർ കല്പിച്ചിരുന്ന അർത്ഥം. (34) അടുത്ത അദ്ധ്യായങ്ങളിൽ നിന്ന് ഇതു കൂടുതൽ വിശദമാകുന്നതാണ്.

റീത്തുമാററത്തിലും പാത്രിയക്കീസിനെ വിട്ടുപേക്ഷിക്കുന്നതിലും സുറിയാനിക്കാർ പ്രദർശിപ്പിച്ച വൈമനസ്യം കൂടുതൽ തെററിധാരണ പോർട്ടുഗീസുകാരിൽ ഉളവാക്കിയിട്ടുണ്ട്.

"പട്ടക്കാരുടെ പ്രഭുക്കളുടെ പ്രഭുവിന്റെ പ്രഭു: പിതാക്കന്മാരുടെ പിതാവ്: ഞങ്ങളുടെ അനുഗൃഹീതനും വിശുദ്ധനും ആയ പിതാവ്: നാട്ടുകളുടെ തലയായ കിഴക്കിന്റെ പാത്രിയക്കീസ്" എന്നാണ് സുറിയാനിക്കാർ തങ്ങളുടെ പാത്രിയക്കീസിനെ അഭിസംബോധനം ചെയ്തിരുന്നതു്. (35) മാപ്പാപ്പായുടെ പരമാധികാരം ഈ സ്ഥാനസംജ്ഞകളാൽ നിഷേധിക്കപ്പെട്ടിരുന്നു എന്നാണ് പോർട്ടുഗീസുകാർ ധരിച്ചുവശായതു്. എന്നാൽ കിഴക്കിന്റെ എന്ന വിശേഷണത്താൽ പാത്രിയക്കീസിന്റെ ഔന്നത്യമത്രയും കിഴക്കാണ്, സാർവ്വത്രികസഭയിലല്ല എന്ന് അവർക്കു മനസ്സിലാക്കാമായിരുന്നു. കിഴക്കിനെ അഥവാ മെസൊപ്പൊത്താമ്യായെ നാട്ടുകളുടെ തലയായിട്ടാണ് തദ്ദേശവാസികൾ പരിഗണിച്ചുവരാറുള്ളതു്. വേദപുസ്തകത്തിലും രാഷ്ട്രീയചരിത്രത്തിലും ഇങ്ങനെയൊരു സ്ഥാനം മെസൊപ്പൊത്താമ്യായിക്കുണ്ടുതാനും. എന്നാൽ ഈ സ്ഥാനം സഭാധികാരത്തെ സ്പർശിക്കുന്ന ഒന്നല്ല. ആകയാൽ മേൽപ്രസ്താവിച്ച സ്ഥാനസംജ്ഞകൾ ഹേതുവാൽ പോർട്ടുഗീസുകാരിൽ തെററിധാരണയുണ്ടാകേണ്ട ആവശ്യമുണ്ടായിരുന്നില്ല. കൂടാതെയും താദൃശസ്ഥാനസംജ്ഞകൾ മാപ്പാപ്പായുടെ പരമാധികാരത്തെ നിഷേധിക്കുന്നവയാണെങ്കിൽ കത്തോലിക്കക്ക് വേറെയാരെയും സംബന്ധിച്ചു

34) റീത്തുമാററം സംബന്ധിച്ച് ഇന്നുള്ളപോലെയുള്ള കർശനങ്ങളായ നിയമങ്ങൾ അന്നില്ലായിരുന്നു. കൂദാശകൾ പരികർമ്മം ചെയ്യുക മുതലായ സാരമായ കാര്യങ്ങളിൽ ലത്തീൻ റീത്തനുസരിച്ചു ചെയ്യുകയാണ് നല്ലതെന്നുള്ള ഒരു ധ്വനി നാലാം പീയൂസു മാപ്പാപ്പാ കൽദായപാത്രിയക്കീസായ അബ്ദീശോയിക്കു 1565-ൽ എഴുതിയ ഒരെഴുത്തിൽ ഇല്ലാതില്ല. ഈ അർത്ഥത്തിലും "റോമ്മായുടെ അനുസരണത്തിലേക്കു കൊണ്ടുവരുക" എന്ന പ്രയോഗം മാപ്പാപ്പാമാരുടെ പ്രസ്താവനകളിലും കടന്നുകൂടിയിട്ടുണ്ടാകാം.
(Fr Bernard, T. O. C. D. Brief Sketch ..pp. 23-24)

(35) Roz, De Erroribus......p..33.

അവയുപയോഗിക്കുവാൻ പാടില്ലാത്തതാണ്. പക്ഷെ കത്തോലിക്കനായ ഗ്രീക്കുമെല്ക്കായ പാത്രിയർക്കീസിനെ ചില സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ ഭരണിയർ ഔദ്യോഗികമായി സംജ്ഞാകരണം ചെയ്യുന്നതു് ഇപ്രകാരമാണ്: "ഏററം അനുഗൃഹീതനും, വിശുദ്ധനും വന്ദനീയനും നേതാവും ആയ തലവൻ: വലിയ നഗരങ്ങളായ അന്തിയോക്കിയായുടേയും അലക്സാന്ത്രിയായുടേയും ഓർശ്ലേത്തിന്റേയും, കീലിക്കിയായുടേയും സൂറിയായുടേയും ഐബീറിയായുടേയും അറേബ്യായുടേയും മെസൊപ്പൊത്താമ്യയുടേയും പെൻററാപോളിസിന്റേയും എത്തിയോപ്പിയായുടേയും ഏജിപ്തിന്റേയും കിഴക്കൊക്കെയുടേയും പാത്രിയർക്കീസായ നാഥൻ (ഇന്നാർ): പിതാക്കന്മാരുടെ പിതാവു്: ഇടയന്മാരുടെ ഇടയൻ: മേല്പട്ടക്കാരുടെ മേല്പട്ടക്കാരൻ: പതിമ്മൂന്നാമത്തെ ശ്ലീഹാ." (36)

പിതാക്കന്മാരുടെ പിതാവു്, ഇടയന്മാരുടെ ഇടയൻ, മേല്പട്ടക്കാരുടെ മേല്പട്ടക്കാരൻ എന്ന പ്രയോഗങ്ങളെ സൂക്ഷിച്ചാലും! അവ മാർപ്പാപ്പായുടെ പരമാധികാരം നിഷേധിക്കുന്നവയായി ആരാലും കരുതപ്പെടുന്നില്ലല്ലൊ!

ഇതിനും പുറമെ പാത്രിയർക്കീസിനെ "കാതോലിക്കാ പാത്രിയർക്കീസ്" എന്നാണ് കേരളീയസുറിയാനിക്കാർ വിളിച്ചിരുന്നതു്. മെത്രാപ്പോലീത്തായുടെ മുകളിലും പാത്രിയർക്കീസിന്റെ താഴെയും ഉള്ള ഒരാളാണല്ലൊ കാതോലിക്കാ. സെലൂക്കിയാപാത്രിയർക്കീസു ഇപ്രകാരമുള്ള ഒരു കാതോലിക്കായായിരുന്നു. പിന്നീട് അദ്ദേഹം പാത്രിയർക്കീസ് എന്ന നാമധേയം സ്വീകരിച്ചപ്പോൾ താൻ മുമ്പ് കാതോലിക്കാ ആയിരുന്നു എന്നു കാണിക്കുവാൻവേണ്ടി കാതോലിക്കാപാത്രിയർക്കീസ് എന്നു് സ്വയം അഭിസംബോധനം ചെയ്തുതുടങ്ങി. തങ്ങളുടെ പാത്രിയ

---

(36) Atwatter, The Catholic Eastern Churches, p. 110, note, 32.
മാർ യാക്കോബും മററും അവരുടെ പാത്രിയർക്കീസിനയച്ച ലേഖനത്തിൽ, പാത്രിയർക്കീസനെ പത്രോസിന്റെ വടികൊണ്ടു് മശിഹായുടെ ആട്ടിൻകൂട്ടത്തെ മേയിക്കുവാൻ, സ്വർഗ്ഗത്തിലും ഭൂമിയിലും അധികാരം പ്രാപിച്ചിട്ടുള്ളവൻ എന്നും, കിഴക്കിനെ ലോകത്തിന്റെ മാതാവു് എന്നും വിളിച്ചിരിക്കുന്നു. ഈ പ്രയോഗങ്ങളും മേൽപറഞ്ഞ അർത്ഥത്തിൽ ഗ്രഹിക്കാവുന്നതാണ്. പാത്രിയർക്കീസിനെ വേറൊരു പത്രോസ് എന്നു് സെലൂക്കിയർ വിളിച്ചിരുന്നതു് എങ്ങനെയാണെന്നു് മുമ്പു പ്രസ്താവിച്ചിട്ടുള്ളതാണല്ലൊ. ഇതിൽ നിന്നു് പത്രോസിന്റെ വടി എന്നും മററുമുള്ള പ്രയോഗങ്ങളുടെ അർത്ഥം വിശദമാകുന്നുണ്ടു്.

ക്കാസ്ഥാനം തങ്ങൾ അപഹരിച്ചെടുത്തതല്ല പാശ്ചാത്യപിതാക്കന്മാരാൽ തങ്ങൾക്കു നൽകപ്പെട്ടതാണെന്നു് അവർ വിശ്വസിച്ചിരുന്നു. റോമ്മാ തന്നെയാണു് ആ സ്ഥാനം ഏർപ്പെടുത്തിയതെന്നുപോലും അവരിൽ ചിലർ പ്രസ്താവിച്ചിട്ടുണ്ടു്. ഇവയെല്ലാം മുൻഅദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ. ആകയാൻ കാതോലിക്ക എന്നതു് തങ്ങളുടെ പൂർവ്വസ്ഥിതിയെ—താഴ്ന്നസ്ഥിതിയെ—ദ്യോതിപ്പിക്കുവാനാണു് അവർ ഉപയോഗിച്ചിരുന്നതു്. എന്നാൽ കാതോലിക്ക എന്നതിനു് സാർവ്വത്രികം എന്ന അർത്ഥമാണു് പോർട്ടുഗീസുകാർ കല്പിച്ചതു്! ഇങ്ങനെ അവരുടെ ദൃഷ്ടിയിൽ കൽദായപാത്രിയർക്കീസു് സ്വയം സാർവ്വത്രികപാത്രിയർക്കീസാകുന്നതായി കാണപ്പെട്ടു!! (36 b)

എന്നാൽ ഈദൃശതെറ്റിദ്ധാരണകളെല്ലാം പോർട്ടുഗീസുകാരിൽ ഉണ്ടായിരുന്നെങ്കിലും, അവർ കേരളീയസുറിയാനിക്കാരുമായി വൈദികങ്ങളിൽ സംസർഗ്ഗം ചെയ്തിരുന്നു. ആകയാൽ അബദ്ധങ്ങൾ ഉണ്ടായിരുന്നവരെങ്കിലും കേരളീയസുറിയാനിക്കാർ കത്തോലിക്കാഐക്യമുള്ളവരാണെന്നു് പോർട്ടുഗീസുകാർ വിചാരിച്ചു പ്രവർത്തിക്കയല്ലയോ ചെയ്തിട്ടുള്ളതു്?

ഈ സംഗതികളെല്ലാം മുമ്പിൽ വച്ചുകൊണ്ടു് 1550 മുതലുള്ള ചരിത്രം നമുക്കു തുടരാം.

---

(36b) Synood. Diamp. Actio III. Decret. 8.

# പതിനഞ്ചാം അദ്ധ്യായം.

## കേരളീയസഭയും കത്തോലിക്കാ ഐക്യവും.

### പതിനാറാം ശതാബ്ദം. (൨)

**മാർ യൌസേപ്പും സഹചരന്മാരും.**

പോർട്ടുഗീസുകാരുടെ അഭിഷ്ടത്തിനും പരിശ്രമത്തിനും എതിരായി മാർപ്പാപ്പായിൽ നിന്നു് കേരളത്തിൽ അധികാരം ഉറപ്പിച്ചു വാങ്ങിച്ച അവുദീശൊ പാത്രിയർക്കീസു് സൂലാക്കാ പാത്രിയർക്കീസിന്റെ സഹോദരനായ മാർ യൌസേപ്പിനെ 1554_ൽ കേരളത്തിലേയ്ക്കയച്ചു. ഏകദേശം അതേ സമയത്തുതന്നെ കൽദായക്കാരായ മാർ ഏലിയായും വേറെ രണ്ടു അൽമായക്കാരും, ഡൊമിനിക്കൻ സഭാംഗങ്ങളായ അംബ്രോസീസുമെത്രാനും അന്തൊനീനൂസു് വൈദികനും കേരളത്തിലേക്കു തിരിച്ചു. മാർ ഏലിയാ പാത്രിയർക്കീസിന്റെ പ്രതിപുരുഷനായിരുന്നു. അംബ്രോസീസു മെത്രാനും കേരളം സന്ദർശിക്കുവാനാണു് പുറപ്പെട്ടതു്. അദ്ദേഹം മാർപ്പാപ്പായുടെ പ്രതിപുരുഷനായിരുന്നു.

ഇവരെല്ലാവരേയും 18 മാസത്തേക്കു് പോർട്ടുഗീസുകാർ തടഞ്ഞു നിറുത്തി. ആ കാലത്തു് മാർ യൌസേപ്പു മുതലായവർ അത്യന്തം മാതൃകാപരമായ ജീവിതമാണു് നയിച്ചിരുന്നതെന്നു് ദൃഗ്സാക്ഷിയായ അന്തോനിയൊ ദൊപോത്തോ എന്ന പോർട്ടുഗീസു വൈദികൻ സാക്ഷിപ്പെടുത്തിയിരിക്കുന്നു (1) അവരുടെ വിശ്വാസം പരിപൂർണ്ണമായ കത്തോലിക്കാ വിശ്വാസം തന്നെയാണെന്നാണു് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നതു്. സകലത്തിലും ഐക്യരൂപ്യം ഉണ്ടാക്കേണ്ടതിനു് അദ്ദേഹം അവരെ ലത്തീൻ പഠിപ്പിച്ചു് ലത്തീനിൽ കുർബാനചൊല്ലിക്കുകൂടി ചെയ്തു. (2)

ഗോവയിലെ മെത്രാൻ ഇൻഡ്യ മുഴുവന്റേയും കേരളത്തിന്റേയും

---

(1) Letter 20 Nov. 1557 Beltrami o. c. p. 40-43.
(2) Ibidem.

മെത്രാനാകയാൽ അദ്ദേഹത്തിന്റെ സമ്മതം കൂടാതെ കേരളത്തിൽ യാതൊരധികാരവും പ്രയോഗിച്ചുകൂടാ എന്നു് ധരിപ്പിച്ചുകൊണ്ടു് 18 മാസങ്ങളുടെ ശേഷം കേരളത്തിലേക്കു പോകുവാൻ പോർട്ടുഗീസുകാർ അവരെ അനുവദിച്ചു. (3) റോമ്മായിൽ അംഗീകരിച്ച കൽദായ അധികാരത്തിനു വിരോധമായി പോർട്ടുഗീസുകാർ കേരളീയ സുറിയാനിസഭയിൽ കൈകടത്തുന്നതു സൂക്ഷിച്ചാലും (ഉത്തമവിശ്വാസത്തിലായിരിക്കാം അവർ അതു ചെയ്തതു്)

മാർ യൌസേപ്പും അന്തൊനീസ്സൂസും.

അംബ്രോസീസുമെത്രാൻ കൊച്ചിയിൽവച്ചു് (?) കഥാവശേഷനായി. മാർ ഏലിയ ഉടൻതന്നെ തന്റെ പാത്രിയക്കീസിന്റെ പക്കലേക്കു തിരിച്ചു. മാർ യൌസേപ്പും അദ്ദേഹത്തിന്റെ സ്നേഹിതനായ അന്തൊനീനൂസും കേരളത്തിൽ താമസിച്ചു ജോലിചെയ്തു തുടങ്ങി

അന്തൊനീനൂസു് പല സംഗതികളും കേരളത്തിൽ നടപ്പിലാക്കി. കുമ്പസാരം, ഒട്ടവിലത്തെ ഒപ്രുശുമാ ആദിയായവ കേരളീയരുടെയിടയിൽ അദ്ദേഹം നടപ്പിൽ വരുത്തിയതായും പല ദുരാചാരങ്ങളെ നീക്കിയതായും, പാഷണ്ഡനായ ഒരു മെത്രാനെ അദ്ദേഹത്തിന്റെ നാട്ടി

---

(3) Ibidem—1533-ൽ ഗോവ മെത്രാസനം സ്ഥാപിക്കപ്പെട്ടപ്പോൾ അവിടത്തെ മെത്രാന്റെ അധികാരം ആഫ്റിക്കായുടെ തെക്കേ അററംമുതൽ(Cape of Good Hope) ചൈനാവരെ ആയിരുന്നു വ്യാപിച്ചിരുന്നതു്. ഈ കാരണം നിമിത്തം കേരളീയ സുറിയാനിസഭയും ഈ അധികാരസീമയിൽ ഉൾപ്പെട്ടതാണെന്നു് പോർട്ടുഗീസുകാർ വിചാരിക്കയും വാദിക്കയും ചെയ്തിരിക്കണം. എന്നാൽ ഗോവാ മെത്രാസനം സ്ഥാപിക്കപ്പെട്ടശേഷം കൽദായ പാത്രിയക്കീസിനു് കേരളത്തിൽ അധികാരമുണ്ടെന്നു് റോമ്മായിൽ നിന്നു പലപ്പോഴും പ്രസ്താവിച്ചുകൊണ്ടു് അദ്ദേഹത്തിനു് കേരളത്തിൽ അധികാരം നൽകിയ സ്ഥിതിക്കു് പോർട്ടുഗീസുകാർ തങ്ങളുടെ ധാരണ മാറേറണ്ടതായിരുന്നു. കൊച്ചിരൂപത സ്ഥാപിക്കപ്പെട്ടതോടേ കണ്ണൂർ മുതൽ തെക്കോട്ടുള്ള സ്ഥലങ്ങളിൽ ഗോവയ്ക്കു അധികാരമില്ലെന്നായി. അവ കൊച്ചിക്കു കീഴായിതീന്നു. ആ സ്ഥലങ്ങളിലാണു് സുറിയാനിക്കാർ നിവസിച്ചിരുന്നതു് ഈ സ്ഥിതിക്കു് കൊച്ചിരൂപതയുടെ സ്ഥാപനാശേഷം ഗോവ മെത്രാണു് ഇൻഡ്യ മുഴുവനും അധികാരമുണ്ടായിരുന്നു എന്നു പറയുന്നതിലും അബദ്ധമുണ്ടു്.

ലേക്കു തിരിച്ചയച്ചതായും, വേറൊരാളെ തൽസ്ഥാനത്തുയർത്തിയതായും, മാർത്തോമ്മാ ക്രിസ്ത്യാനികളെ മാർപ്പാപ്പായുടെ അനുസരണത്തിൽ സ്ഥിരപ്പെടുത്തിയതായും അദ്ദേഹം റോമ്മായിൽ സമർപ്പിച്ച ഒരു റിപ്പോർട്ടിൽ കാണുന്നുണ്ടു്. (4)

രഹസ്യ കമ്പസാരമായിരിക്കണം അന്തൊനീനൂസു് ഏർപ്പെടുത്തിയതു്. അജ്ഞതനിമിത്തവും പട്ടക്കാരുടെ അഭാവം ഹേതുവാലും ഒട്ടവിലത്തെ ഒപ്രുശുമാ മുതലായവ ചില സ്ഥലങ്ങളിൽ നൽകപ്പെട്ടിരുന്നില്ല എന്നു സമ്മതിക്കേണ്ടതാണു്. അതേ കാരണത്താൽ തന്നെ പല ദുരാചാരങ്ങളും സുറിയാനിക്കാരുടെയിടയിൽ കടന്നുകൂടിയിട്ടുണ്ടായിരുന്നു. എന്നാൽ അവയൊന്നും അവരുടെ കത്തോലിക്കാ ഐക്യത്തെ ഭഞ്ജിക്കത്തക്കവയാണെന്നു പറയാവുന്നതല്ല. ഒട്ടവിലത്തെ ഒപ്രുശുമാ ആദിയായവ നടപ്പിലാക്കി എന്നതിൽ നിന്നു് അവ കേരളീയസഭ ഒരു കാലത്തും സ്വീകരിച്ചിരുന്നില്ല എന്നു് അനുമാനിക്കുക അബദ്ധമാണു്. സ്വീകരിക്കപ്പെട്ടശേഷം, സാഹചര്യങ്ങളുടെ പ്രാതികൂല്യം നിമിത്തം അവ പ്രചാരത്തിലില്ലാതായി എന്നു വരാവുന്നതാണു്.

അന്തൊനീനൂസു് കേരളത്തിൽ നിന്നു പറഞ്ഞയച്ച പാഷണ്ഡമെത്രാൻ സുലാക്കായുടെ പ്രതിയോഗിയാൽ അയയ്ക്കപ്പെട്ടവനായിരുന്നു എന്നതിൽ സംശയമില്ല

ഇൻഡ്യയിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പക്കൽ നിന്നു റോമ്മായിൽ എത്തിയിരുന്ന കബിലെൻ (Cabilen) എന്ന ഒരു മെത്രാനെ മഹറോനിലും മറ്റു ശിക്ഷകളിലും നിന്നു് 1581 (1885)-ൽ വിമോചിച്ചതായി ആ കൊല്ലത്തെ "കൊൺസിസ്റ്റോറി" സംഘനടപടികളിൽ കാണുന്നു. (4b) അന്തൊനീനൂസു പറഞ്ഞയച്ച മെത്രാനാണോ കബിലെൻ?

രണ്ടുപേരും റോമ്മായിൽ.

അധികം കഴിയുന്നതിനുമുമ്പു് മാർ യൗസേപ്പിന്റെ മേൽ പോർട്ടുഗീസുകാർ നെസ്തോറിയൻ പതിതത്വം ആരോപിച്ചു് അദ്ദേഹത്തെ പോർട്ടുഗലിലേക്കു കൊണ്ടുപോയി. കർണെയിറോ എന്ന ഒരു ഈശോസഭാ വൈദികനാണു് മാർ യൗസേപ്പിന്റെ മേൽ ഈ കുറ്റം ആരോപിച്ചതു് (4c) അതേ സമയത്തുതന്നെ അന്തൊനീനൂസു് റോമ്മായിലേക്കു് മാർപ്പാപ്പായാൽ തിരിച്ചു വിളിക്കപ്പെട്ടു. ഉടൻതന്നെ റോ

(4) Beltrami o. c. p. *passim*.
(4b) Beltrami, op. c. p. 236: (4c) Ferroli, o. c. p. 154.

മ്മായിൽ എത്തിക്കൊള്ളണമെന്നുള്ള കർശനമായ ഒരു കല്പനയാണ് അദ്ദേഹത്തിനു നൽകപ്പെട്ടതു്. ആ കല്പനയിൽ തന്നെ അദ്ദേഹത്തിന്റെ ജോലിയെപ്പററി മാർപ്പാപ്പാ വളരെ സ്തുതിച്ചുപറയുന്നുമുണ്ട്. പിന്നീട് അദ്ദേഹം നേപ്പിൾസിനടുത്ത ഒരു സ്ഥലത്തെ മെത്രാനാക്കപ്പെട്ടു. (5)

പോർട്ടുഗലിൽ നടന്ന വിസ്താരത്തിൽ മാർ യൌസേപ്പു നിരപരാധിയായി കാണപ്പെടുകയാൽ 1563_ൽ കേരളത്തിലേക്കു തിരിച്ചയക്കപ്പെട്ടു (6) കേരളീയരെ "റോമ്മായുടെ അനുസരണത്തിലേക്കു കൊണ്ടുവരണമെന്ന" കല്പനയോടെ മാത്രമേ അദ്ദേഹത്തെ കേരളത്തിലേക്കു അവർ തിരിച്ചുവിട്ടുള്ളു. മാൎഗ്ഗമദ്ധ്യേ മാർ യൌസേപ്പ് റോമ്മായിലെത്തി നാലാം പീയൂസു മാർപ്പാപ്പായെ സന്ദർശിച്ചു അന്തൊനീനൂസ് അപ്പോൾ അവിടെയുണ്ടായിരുന്നു. മാർ യൌസേപ്പിന്റെ വിശ്വാസവും ഭക്തിയും കണ്ടു് തൃപ്തനായി *Devotionem tuam* എന്നാരംഭിക്കുന്ന ഒരു തിരുവെഴുത്തോടുകൂടി മാർപ്പാപ്പാ അദ്ദേഹത്തെ കേരളത്തിലേയ്ക്കയച്ചു (7) നിനിവെ മെത്രാപ്പോലീത്തായും കേരളത്തിന്റെ സന്ദർശകനും എന്നാണ് മാർപ്പാപ്പാ മാർ യൌസേപ്പിനെ ആ തിരുവെഴുത്തിൽ വിളിച്ചിരിക്കുന്നതു്. അവിഭക്ത പാത്രിയക്കീസിന്റെ വിശ്വാസം അഭംഗംകൂടാതെ മുറുകെ പിടിക്കുവാൻ കേരളീയരെ ഉപദേശിക്കണമെന്ന് ആ തിരുവെഴുത്തിൽ മാർപ്പാപ്പാ മാർ യൌസേപ്പിനോടു ആവശ്യപ്പെടുകയുണ്ടായി. നോക്കുക, തിരുവെഴുത്തിന്റെ കാലമായ 1564_ൽ (June 27, 1564) കൽദായ പാത്രിയക്കീസിനു കേരളത്തിൽ അധികാരമുണ്ടായിരുന്നെന്നു മാർപ്പാപ്പാ പരോക്ഷമായിട്ടു സമ്മതിക്കുന്നു.

എന്നാൽ മാർ യൌസേപ്പ് ഇൻഡ്യയിലെത്തിയപ്പോൾ കേരളത്തിലേക്കു പുറപ്പെടുവാൻ പോർട്ടുഗീസുകാർ അദ്ദേഹത്തെ അനുവദിച്ചില്ല. (8) മാർ യൌസേപ്പിനു തദവസരത്തിൽ യാതൊരു പ്രതിബന്ധവുമില്ലായിരുന്നു എന്നാണ് ബൈൾത്രാമി പറയുന്നതു്.

---

(5) Beltrami, op. c. pp. 50-56.

(6) ഗോവ മെത്രാന്റെ സമ്മതം കൂടാതെ മാർ യൌസേപ്പ് കേരളത്തിൽ പലതും പ്രവർത്തിച്ചതാണോ അദ്ദേഹത്തിനുണ്ടായ അനുഭവത്തിന്റെ കാരണം? അന്തൊനീനൂസിനെ എജിപ്തിലേയ്ക്കയയ്ക്കുവാനാണ് തിരിച്ചുവിളിച്ചതെന്നു കാണുന്നു. Beltrami op, c.

(7) Beltrami, o. c. p. 89-90.

(8) Mackenzie, Christianity in Travaacore, p. 18.

## മാർ അബ്രാഹവും മാർ യൌസേപ്പും.

മാർ യൌസേപ്പ് തങ്ങളുടെയിടയിൽ നിന്നു നീക്കപ്പെട്ടപ്പോൾ കേരളീയ നസ്രാണികൾ ഒരു മെത്രാനെ ലഭിക്കുന്നതിനായി അവുദീശോ പാത്രിയക്കീസിന്റെ പക്കൽ അപേക്ഷയയച്ചു. (9) മാർ അബ്രാഹം എന്നൊരാൾ പോർട്ടുഗീസുകാരറിയാതെ കേരളത്തിലെത്തി സുറിയാനിക്കാരെ ഭരിക്കുവാൻ തുടങ്ങി. ഉടൻതന്നെ പോർട്ടുഗീസുകാർ മാർ യൌസേപ്പിനെ സ്വതന്ത്രനാക്കുകയാൽ സുറിയാനിക്കാർ രണ്ടു കക്ഷികളായി തിരിഞ്ഞു (മാർ യൌസേപ്പു മുമ്പതന്നെ സ്വതന്ത്രനായിരുന്നു എന്നു പറയുന്നവരുമുണ്ട്)

അധികം കഴിയുന്നതിനുമുമ്പ് പോർട്ടുഗീസുകാർ മാർ അബ്രാഹത്തെ ബന്ധിച്ച് പോർട്ടുഗലിലേയ്ക്കയച്ചു

## മാർ യൌസേപ്പ്: ലത്തീൻ റീത്ത്.

മാർ അബ്രാഹം കേരളത്തിൽ നിന്നു നീക്കപ്പെട്ടതോടെ മാർ യൌസേപ്പിന്റെ ഭരണം സുറിയാനിക്കാർ എല്ലാവരുടേമേലും സ്ഥാപിക്കപ്പെട്ടു. കുർബാന ചൊല്ലുന്നതിൽ ലത്തീൻ കുപ്പായവും പുളിക്കാത്ത അപ്പവും പോർട്ടുഗീസു വീഞ്ഞും മാർ യൌസേപ്പു സ്വീകരിച്ചു നടപ്പിൽ വരുത്തിയെന്നും കുർബാനയിലും കാനോൻജപത്തിലും ക്രമം വരുത്തിയെന്നും ഡിസൂസാ എന്ന പോർട്ടുഗീസുചരിത്രകാരൻ പറയുന്നു. (10) പോർട്ടുഗീസുകാരുടെ ആഗ്രഹവും നിർബന്ധവും നിമിത്തം അവരുടെ പക്കലായിരുന്നപ്പോൾ ലത്തീനിൽ കുർബാന ചൊല്ലുകകൂടെ ചെയ്ത ഒരാളാണ് മാർ യൌസേപ്പ്. എന്നാൽ ആ നിലയിൽ അദ്ദേഹം മുമ്പോട്ടു പോയിരുന്നെങ്കിൽ പോർട്ടുഗീസുകാർ അദ്ദേഹത്തെ വീണ്ടും ഒരു പക്ഷെ ബദ്ധനാക്കുകയും മററും ചെയ്യുകയില്ലായിരുന്നു ആകയാൽ ലത്തീൻറീത്തു നടപ്പിലാക്കുന്നതിൽ അദ്ദേഹം വിമുഖനായിരുന്നു എന്നു നമുക്ക് ഊഹിക്കാം. കൂടാതെയും അദ്ദേഹത്തിന്റെ പ്രവൃത്തിയെപ്പററി ഡിസൂസാ ശ്ലാഘിച്ചു പറയുന്നത് അദ്ദേഹം ലത്തീൻ കുപ്പായവും അപ്പവും വീഞ്ഞും ഉപയോഗിപ്പിച്ചു; കുർബാനയിലും കാനോൻ

---

(9) അവുദീശോയുടെ പക്കൽ തന്നെയാണ് അപേക്ഷയയച്ചതെന്ന് 1578_ൽ മാർപ്പാപ്പായിക്കയച്ച ഒരെഴുത്തിൽ അവർ തിരിച്ചു പറഞ്ഞിട്ടുണ്ട്—See doct. iu G: ɔ mil.

(10) Oriente Conquistado I. 86.—ഈ അവസരത്തിൽ തന്നെയാണ് ഈ വ്യത്യാസങ്ങൾ മാർ യൌസേപ്പ് നടപ്പിൽ വരുത്തിയതെന്നു തീർത്തുപറയാവുന്നതല്ല.

ജപത്തിലും ക്രമം വരുത്തി എന്നു മാത്രമാണു്. അദ്ദേഹം കുർബാനയിൽ നിന്നു പല തെററുകളും മാററി, ചില ശിക്ഷകൾ നിരർത്ഥകങ്ങളെന്നു പ്രഖ്യാപനം ചെയ്തു ലത്തീൻ വസ്ത്രങ്ങൾ നടപ്പിലാക്കി, കുമ്പസാരം നടത്തുവാൻ ഉപദേശിച്ചു, മററു പല അബദ്ധാഭിപ്രായങ്ങളും തിരുത്തി എന്നാണു് ഫാദർ വിൻസെൻറ് മാർ യൗസേപ്പിന്റെ പ്രവൃത്തികളെപ്പററി പറയുന്നതു്. (10b) ആകയാൽ മററു കാര്യങ്ങളിൽ അദ്ദേഹം സുറിയാനിക്കാരെ ലത്തീൻകാരാക്കിയില്ല എന്നു നമുക്കു കരുതാവുന്നതാണു്.

മാർ യൗസേപ്പിന്റെ സഹചരനായിരുന്ന മാർ ഏലിയ 1681 ൽ റോമ്മായിൽ സമർപ്പിച്ച റിപ്പോർട്ടിൽ കേരളീയരെപ്പററി പറയുന്നിടത്തു് അവർ കൽദായക്കാരാണെന്നും, പോർട്ടുഗീസുകാരോ ലത്തീൻകാരോ ആയ മെത്രാന്മാരാൽ ഭരിക്കപ്പെടുവാൻ അവർ ആഗ്രഹിക്കുന്നില്ലെന്നും പ്രസ്താവിച്ചിരിക്കുന്നു. (11) ഇതിൽ നിന്നു് ലത്തീൻ റീത്തു സ്വീകരിക്കുവാൻ മാർ യൗസേപ്പിന്റെ കാലത്തു കേരളീയ സുറിയാനിക്കാർ വിമുഖരായിരുന്നു എന്നു സിദ്ധിക്കുന്നു. ആ കാലത്തു് പോർട്ടുഗീസുകാർ മർദ്ദനനയം ആരംഭിച്ചുകഴിഞ്ഞിരുന്നു. പോർട്ടുഗീസുകാർ തങ്ങളുടേയും തങ്ങളുടെ മെത്രാന്മാരുടേയും മിത്രങ്ങളായിരുന്ന കാലത്തു് ലത്തീനിൽ പട്ടമേററ സുറിയാനി യുവാക്കന്മാരെ സ്വന്ത പള്ളികളിൽ കയററി ലത്തീനിൽ കുർബാന ചൊല്ലിക്കുക കൂടി ചെയ്തിരുന്ന സുറിയാനിക്കാർ, പോർട്ടുഗീസുകാർ മർദ്ദനനയം തുടങ്ങിയ അവസരത്തിൽ ലത്തീൻ റീത്തു സ്വീകരിക്കുന്നതിൽ എത്ര വൈമനസ്യം പ്രദർശിപ്പിച്ചിരിക്കണം എന്നു് ഏറെക്കുറെ ഊഹിക്കാവുന്നതാണു്. മാർ യൗസേപ്പിന്റെ കാലംമുതൽ പോർട്ടുഗീസുകാരോടു സുറിയാനിക്കാർക്കുണ്ടായിരുന്ന ശത്രുത അടിക്കടി വർദ്ധിച്ചുവരുകയാണു് ചെയ്തിരുന്നതു്. ഈ സ്ഥിതിക്കു്, ഉദയംപേരൂർ സൂനഹദോസിനു മുമ്പു് സുറിയാനിക്കാരിൽ നിന്നു ലത്തീൻ റീത്തു സ്വീകരിച്ച ഒരു പ്രബലസമുദായം കേരളത്തിലുണ്ടായിരുന്നു എന്നും അവരിൽ നിന്നാണു് ഇന്നത്തെ കേരളീയ ലത്തീൻസഭ ആരംഭിച്ചതെന്നും ചിലർ പറയുന്നതു് സാധൂകരിക്കാമെന്നു തോന്നുന്നില്ല. ഉദയംപേരൂർ സൂനഹദോസു നടന്നതിനു് ഒരു കൊല്ലം മുമ്പുവരെ, പോർട്ടുഗലിൽ പോയി ലത്തീൻ റീത്തിൽ പട്ടമേററ ഒരു സുറിയാനിക്കാരൻ നാടുകടത്തപ്പെട്ടവനെപ്പോലെ കൊടുങ്ങല്ലൂരിൽ താമസിക്കേണ്ടിവന്നതിൽ നിന്നുതന്നെ ഇതു കൂടുതൽ വിശദ

---

(10b) Viaggio. pp. 186–92. Cited by Ferroli, op. c. p. 161.

(11) Giamil, o. c. p. 95.

മാകുന്നുണ്ട്. അദ്ദേഹം ഒരു മാന്യകുടുംബത്തിലെ അംഗവും ആയിരുന്നല്ലോ. 1560-വരെ കൊച്ചീരാജ്യാതിർത്തിയിൽ മാനസാന്തര വേലനടത്തുന്നതിൽ പോർട്ടുഗീസുകാൎക്കു വലിയ പ്രതിബന്ധങ്ങളുണ്ടായിരുന്നു. മാനസാന്തരപ്പെട്ടവർ പല ക്ലേശങ്ങളും അനുഭവിക്കേണ്ടതും ഉണ്ടായിരുന്നു. എന്നാൽ 1560-ന്റെ ശേഷം ബ്രാഹ്മണരിൽ നിന്നും നായന്മാരിൽനിന്നും മാസംതോറും ശരാശരി നൂറുപേരോളം ക്രിസ്തുമതം സ്വീകരിച്ചിരുന്നതായി ഈശോസഭക്കാർ കൊച്ചിയിൽ നിന്നു് എഴുതിയ എഴുത്തുകളിൽ നിന്നു വിശദമാകുന്നുണ്ട്. (11b) ഈ സ്ഥിതിക്കു് താണജാതികളിൽ നിന്നു് അനേകർ മാനസാന്തരപ്പെട്ടിരുന്നു എന്നു പറയേണ്ടതില്ലല്ലോ. ആകയാൽ ഉദയംപേരൂർ സൂനഹദോസിനുമുമ്പ്, അക്രൈസ്തവരിൽ നിന്നു മാനസാന്തരപ്പെട്ട ലത്തീൻ റീത്തു സ്വീകരിച്ചവരുടെ സംഖ്യ കൊച്ചീരാജ്യാതിർത്തിയിൽ തുഛമായിരുന്നു എന്നു പറയുന്നതു സ്വീകാര്യമല്ല.

1624-നു മുമ്പു ചൈനാക്കാരനായ ഒരു അടിമയുടെ പുത്രൻ കൊടുങ്ങല്ലൂർ വികാരിയായിരുന്നതായി കാണുന്നു. (11c) പുതുതായി മാനസാന്തരപ്പെട്ടവരിൽ നിന്നുള്ള വികാരിമാർ സംഖ്യയിൽ കുറവല്ലായിരുന്നു എന്നു് 1613-ലെ ഒരു രേഖ പ്രസ്താവിക്കുന്നുണ്ട്. (11d) (Vicars, who, not rarely are new Converts themselves). ലത്തീൻ റീത്തു സ്വീകരിച്ചിരുന്നവരെ ലത്തീൻ റീത്തു സ്വീകരിച്ച സുറിയാനി പട്ടക്കാരാണു് വളരെ കാലത്തേക്കു ഭരിച്ചിരുന്നതെന്നുള്ള ചിലരുടെ വാദം ഈ രേഖകളാൽ ദുർബലമാക്കപ്പെടുന്നു

ഇങ്ങനെ പല സംഗതികളും ആലോചിക്കുന്നതായാൽ ഉദയംപേരൂർ സൂനഹദോസിനുമുമ്പു് സുറിയാനിക്കാരിൽ നിന്നു ലത്തീൻകാരായ ആളുകൾ ഒരു പ്രബലസമുദായമായിരുന്നു എന്നുള്ള വാദം സ്വീകാര്യമായി തോന്നുന്നില്ല. ഉദയംപേരൂർ സൂനഹദോസിനു മുമ്പു് ഏതെങ്കിലും സുറിയാനിപ്പള്ളി ലത്തീൻ ആയി എന്നും തോന്നുന്നില്ല പറവൂർക്കാരായ മാന്യ കുടുംബാംഗങ്ങൾക്കു് കൊടുങ്ങല്ലൂരിൽ ഒരു പുതിയ പള്ളി പണിതു താമസിക്കേണ്ടിവന്നു എന്നു നാം കണ്ടുവല്ലോ. കൊച്ചിയിലെ മട്ടാഞ്ചേരി പള്ളി കൂനൻകുരിശു സത്യത്തിനുശേഷമേ ലത്തീൻ ആയുള്ളൂ. കൊടുങ്ങല്ലൂരും കൊച്ചിയിലും സംഗതികൾ ഇങ്ങനെയായിരുന്നെങ്കിൽ മററു സ്ഥലങ്ങളിലേകാര്യം ഊഹ്യമാണു്. ആകയാൽ സുറിയാനിക്കാരിൽ കുറെ അധികം ആളുകൾ ലത്തീൻകാരായെന്നും സുറിയാനിക്കാരുടെ (?)

---

(11b) Fer:oli, op. c. p. 156.
(11c) Ibid, p 315.;(11d) Ibid; p. 375.;

ഉന്നതസ്ഥാനമാനങ്ങളുണ്ടായിരുന്ന ക്രിസ്ത്യാനികൾ ലത്തീൻകാരുടെ കൂടെയുണ്ടായിരുന്നെന്നും മററും പ്രസ്താവിക്കുന്ന രേഖകൾ ഉദയംപേരൂർ സൂനഹദോസിനുശേഷമുള്ള കാലഘട്ടത്തെ കുറിക്കുന്നവയാകുവാനേ തരമുള്ളു. എന്നാൽ, അവയിൽ കുറെയെല്ലാം അതിശയോക്തിക്കു സ്ഥാനമുണ്ടെന്നുള്ള സംഗതിയും വിസ്മരിക്കേണ്ടതല്ല. 1560-നു ശേഷം ബ്രാഹ്മണാദി ഉന്നതവംശജർ കൊച്ചിയിൽ ക്രിസ്ത്യാനികളായിരുന്നെങ്കിലും അന്നും (1613-നു മുമ്പ്) മാനസാന്തരപ്പെട്ടവർ വസ്തുനഷ്ടവും മററും സഹിക്കേണ്ടതുണ്ടായിരുന്നു. (11e)

## മാർ അബ്രാഹം.

മാർ അബ്രാഹത്തെ പോർട്ടുഗീസുകാർ ബന്ധനസ്ഥനാക്കി പോർട്ടുഗലിലേക്കു കൊണ്ടുപോയ കാര്യം മുമ്പു പ്രസ്താവിച്ചുവല്ലോ. മാർഗ്ഗമദ്ധ്യേ മൊസാംബിക്കിൽ വച്ച് മാർ അബ്രഹം കപ്പലിൽനിന്നു ചാടി പോർട്ടുഗീസുകാരുടെ പക്കൽ നിന്ന് ഓടി രക്ഷപെട്ടു. അദ്ദേഹം നേരിട്ട് അവുദീശോ പാത്രിയർക്കീസിനെ സമീപിക്കയും വേണ്ട പിടിമാനങ്ങളോടുകൂടി റോമ്മായിലെത്തുകയും ചെയ്തു.

മാർ അബ്രാഹം ഇൻഡ്യയിൽ സഹിച്ച കഷ്ടതകൾ ഭോത്തുവാൻ നാലാം പീയൂസു മാർപ്പാപ്പാ അത്യധികം വ്യസനിച്ചു. (12) കേരളം അബ്രാഹത്തിനും യൌസേപ്പിനും ഭാഗിച്ചുകൊടുക്കണമെന്നും അബ്രാഹത്തിന്റെ ആസ്ഥാനം അങ്കമാലിയായിരിക്കണമെന്നും മാർപ്പാപ്പാ പാത്രിയർക്കീസിനെഴുതി. (13) പാത്രിയർക്കീസ് അപ്രകാരം പ്രവർത്തിക്കുകയും ചെയ്തു. മാർപ്പാപ്പായുടെ കല്പനപ്രകാരവും മാർപ്പാപ്പായിൽ നിന്നു ലഭിച്ച അധികാരത്തോടും താൻ കേരളം രണ്ടുപക്ഷമായി വിഭജിക്കുന്നെന്നും മാർപ്പാപ്പായുടെ ആഗ്രഹപ്രകാരം അങ്കമാലി അബ്രാഹത്തിന് കൊടുക്കുന്നു എന്നും, ആ സിംഹാസനം മററ് സിംഹാസനങ്ങളുടെ എല്ലാം തലയായിരിക്കുമെന്നും, രണ്ടുപേരിൽ ആരെങ്കിലും മരിച്ചാൽ മറേറ ആൾ കേരളം മുഴുവനും ഭരിക്കേണ്ടതാണെന്നും കാണിച്ചുകൊണ്ട് പാത്രിയർക്കീസ് 1567-ആഗസ്റ്റ് 24-ാംനു- ഗോവ മെത്രാപ്പോലീത്തായെ സംഗതി വിശദമായി ബോധിപ്പിച്ചു. (13b) സ്നേഹത്തോടും ദയയോടും കൂടി അബ്രാഹത്തോടു വർത്തിക്കണമെന്നു ഗോവ, കൊ

---

(11e) Ibid

(12) പാത്രിയർക്കീസിന് മാർപ്പാപ്പാ അയച്ച ലേഖനം ഫെബ്രു. 23, 1565 — Giamil.

(13) Ibid.— (13b) പാത്രിയർക്കീസിന്റെ ലേഖനം പദാനുപദം ബെൽത്രാമി ഉദ്ധരിക്കുന്നുണ്ട്: Beltrami, op. c. p 98.

ച്ചി മെത്രാന്മാരോടു കല്പിക്കുന്ന ലേഖനങ്ങളും അവരുടെ പേർക്കു മാർ അബ്രാഹത്തിന്റെ പക്കൽ ഏല്പിച്ചുകൊണ്ടു് മാർപ്പാപ്പാ അബ്രാഹത്തെ കേരളത്തിലേക്കു തിരിച്ചയച്ചു. (14) മാർപ്പാപ്പാ കൽദായാധികാരത്തെ കേരളത്തിൽ അംഗീകരിച്ചുറപ്പിക്കുന്നതു സൂക്ഷിച്ചാലും..

അബ്രാഹം കേരളത്തിൽ ആദ്യം വന്നപ്പോൾ ഒരു വെറും നെസ്തോറിയൻ ശെമ്മാശ്ശുമാത്രമായിരുന്നെന്നും നെസ്തോറിയൻ പാത്രിയർക്കീസിന്റെ പക്കൽ നിന്നാണു് അദ്ദേഹം വന്നതെന്നും പോർട്ടുഗീസു ചരിത്രകാരന്മാർ പറയുന്നു. (15)

വാസ്തവത്തിൽ അബ്രാഹം നെസ്തോറിയനായിരുന്നോ? അബ്രാഹം കേരളത്തിൽ ആദ്യം വരുന്നതിനുമുമ്പ് നെസ്തോറിയനായിരുന്നു. സൂലാക്കായുടെ പ്രതിയോഗിയുടെ കക്ഷിയിൽ നിന്നു് അവ്ദീശോ മാനസാന്തരപ്പെടുത്തിയ ഒരാളാണു് അദ്ദേഹം. (16) എന്നാൽ മാനസാന്തരശേഷമാണു് പോർട്ടുഗീസുകാർ അറിയാതെ അദ്ദേഹം കേരളത്തിൽ ആദ്യം പ്രവേശിച്ചതു്. അവ്ദീശോ പാത്രിയർക്കീസിനു് 1565-ൽ അയച്ച തിരുവെഴുത്തിൽ അബ്രാഹം, ഇൻഡ്യയിൽ സഹിച്ച കഷ്ടതകൾ നിമിത്തം താൻ വ്യസനിക്കുന്നു എന്നും, അബ്രാഹത്തിന്റെ വിശ്വാസം സഫലമായ പരീക്ഷണത്താൽ പരിശോധിക്കപ്പെടുവാൻ ദൈവം ആ കഷ്ടതകൾ അദ്ദേഹത്തെ ബാധിക്കുവാൻ അനുവദിച്ചു എന്നും ആണു് മാർപ്പാപ്പാ പ്രസ്താവിക്കുന്നതു്. (17) ഒരു നെസ്തോറിയന്റെ വിശ്വാസം സഫലമായ പരീക്ഷണത്താൽ പരിശോധിക്കപ്പെടുവാൻ ദൈവമനുവദിച്ചു എന്നു് മാർപ്പാപ്പാ അന്നത്തെ സാഹചര്യങ്ങളിൽ പറയുകയില്ലല്ലോ. എന്തുകൊണ്ടെന്നാൽ നെസ്തോറിയൻ എന്ന കാരണം പറഞ്ഞുകൊണ്ടായിരുന്നു പോർട്ടുഗീസുകാർ അബ്രാഹത്തെ കഷ്ടതകൾ അനുഭവിപ്പിച്ചതു്. ആകയാൽ അബ്രാഹം ആദ്യമായി കേരളത്തിൽ വന്നപ്പോൾ തന്നെ കത്തോലിക്കനായിരുന്നു എന്നു സിദ്ധിക്കുന്നു. അദ്ദേഹത്തിനു ശെമ്മാശ്ശുപട്ടം മാത്രമേയുണ്ടായിരുന്നുള്ളു എന്നറിയാതെയാണു് പാത്രിയർക്കീസ് അദ്ദേഹത്തെ മെത്രാനായി അഭി

---

(14) മാർപ്പാപ്പായുടെ ലേഖനങ്ങൾ രണ്ടും 1565-ഫെബ്രു 23-ൽ എഴുതപ്പെട്ടു Giamil o. c. d

(15) The Catholic Ensyclopedia-Thomas Chistians,

(16) നാലാം പീയൂസ് മാർപ്പാപ്പാ അവ്ദീശോ പാത്രിയർക്കീസിനയച്ച ലേഖനത്തിൽ ഈ സംഗതി പ്രസ്താവിച്ചിട്ടുണ്ടു്. (Feb. 23. 1565)—Giamil.

(17) "We are grieved at the inconveniences he suffered in India. But we beleive that the Lord permitted it that his faith might be tested and that it might so happen with a trial of success."

ഷേധിച്ചതു് എന്നു് അദ്ദേഹം റോമ്മായിൽവച്ചു വെളിപ്പെടുത്തുകയാൽ, അവിടെവച്ചു കശ്ശീശാപ്പട്ടവും മെത്രാൻപട്ടവും രഹസ്യമായി അദ്ദേഹത്തിനു നൽകപ്പെട്ടു എന്നു് ചില ചരിത്രകാരന്മാർ പറയുന്നതു എത്രമാത്രം സ്വീകാര്യമാണെന്നു് അന്വേഷിക്കേണ്ട ആവശ്യം നമുക്കില്ല. റോമ്മായിൽവച്ചു് കത്തോലിക്കാവിശ്വാസം ശരിയായി പഠിക്കുവാൻ അബ്രാഹം പ്രത്യേകം ശ്രദ്ധപതിച്ചു.

**മാർ യൌസേപ്പ് വീണ്ടും തടവിൽ.**

മാർ അബ്രാഹം അപകടകരമായ യാത്ര കഴിച്ചുകൊണ്ടിരിക്കയിൽ മാർ യൌസേപ്പിനെ പോർട്ടുഗീസുകാർ തടവിലാക്കി. (18) അദ്ദേഹത്തിൻ്റെ വിശ്വാസം പരിശോധിക്കേണ്ടതിനു് അവർ റോമ്മായിൽനിന്നു് 1567_ൽ ഒരു തിരുവെഴുത്തു (Brief) വരുത്തി. ഗോവയിൽ 1567_ൽ സമ്മേളിച്ച പ്രാദേശികസൂനഹദോസിൽവച്ചു് അദ്ദേഹം പാഷണ്ഡത സമ്മതിച്ചു എന്നാണു് പോർട്ടുഗീസുകാർ പറയുന്നതു്. എന്നാൽ ഈ സൂനഹദോസിൻ്റെ നടപടികളിലെങ്ങും ഈ സംഗതി പ്രസ്താവിച്ചിട്ടുള്ളതായി കാണുന്നില്ല (19)

**മാർ അബ്രാഹം വീണ്ടും തടവിൽ.**

മാർ യൌസേപ്പു് ഗോവയിൽ തടവുകാരനായി ഈ പ്രാവശ്യം താമസിക്കയിൽ മാർപ്പാപ്പായുടെ ലേഖനങ്ങളുമായി മാർ അബ്രാഹം അവിടെ എത്തി. എന്നാൽ പോർട്ടുഗീസുകാർ അദ്ദേഹത്തേയും തടവി

---

18) ഈ പ്രാവശ്യമോ ഇതിനുമുമ്പോ മാർ യൌസേപ്പു നെസ്തോറിയത്വം പഠിപ്പിച്ചു എന്നുള്ള കുററം പോർട്ടുഗീസ്സുകാർ അദ്ദേഹത്തിൽ ആരോപിച്ചതു് വേലക്കാരായ രണ്ടു പോർട്ടുഗീസ്സു കുട്ടികളുടെ വാക്കുകളെ അടിസ്ഥാനപ്പെടുത്തിയാണു്. വേലക്കാരായ രണ്ടു കുട്ടികളുടെ വാക്കനുസരിച്ചു് ഒരു മെത്രാപ്പോലീത്തായിൽ പാഷണ്ഡതയെന്ന മഹാപരാധം ആരോപിച്ചു് അദ്ദേഹത്തെ തടവിലാക്കി നാടുകടത്തുവാൻ തുനിഞ്ഞ പോർട്ടുഗീസ്സുകാരുടെ മനഃസ്ഥിതിയെപ്പററി എന്തുപറയട്ടെ! പോർട്ടുഗീസ്സുകാരുടെ പരിശ്രമം മുഴുവനും സദുദ്ദേശ്യത്താൽ പ്രേരിതമല്ലായിരുന്നു എന്നു് ഇതിൽ നിന്നു് വിശദമാകുന്നുണ്ടു്.

(19 Bullarium Patronatus Portugalliae, Appendix pp. 33—34—Beltrami o. c. p. 91 note 11.

ലാക്കി. അദ്ദേഹം മാർപ്പാപ്പായെ വഞ്ചിച്ചു എന്നത്രെ അവർ പറയുന്നതു്.

## മാർ യൌസേപ്പ് റോമ്മായിൽ മരിക്കുന്നു.

മാർ യൌസേപ്പു റോമ്മായിലേക്കു കൊണ്ടുപോകപ്പെട്ടു. അന്തോനിയൂസ് പിൻറൊറ എന്നയാൾ റോമ്മായിൽ നിന്നു് 1569 ജനുവരി 10-ാംനു- പോർട്ടുഗൽരാജാവിനയച്ച എഴുത്തിൽ നിന്നും മാർ യൌസേപ്പു് കക്ശമായി പരിശോധിക്കപ്പെട്ടു എന്നു് നമുക്കു് അനുമാനിക്കാം. കുററക്കാരനാണെന്നുള്ള ബോധമുണ്ടെങ്കിൽ മാർ യൌസേപ്പു റോമ്മായിലെത്തുവാൻ ധൈര്യപ്പെടുകയില്ലെന്നാണു് ആ എഴുത്തിൽ അദ്ദേഹം പറയുന്നതു്. (20)

പരിശോധനയിൽ മാർ യൌസേപ്പു് നിരപരാധിയായി കാണപ്പെട്ടു. അദ്ദേഹത്തെ കർട്ടിനാൾ സ്ഥാനത്തേക്കുയർത്തുവാൻ മാർപ്പാപ്പാ തീരുമാനിച്ചെന്നുകൂടി പോർട്ടുഗീസു് ചരിത്രകാരനായ ഡിസൂസാ സമ്മതിച്ചു പറയുന്നു (21) മാർ യൌസേപ്പു റോമ്മാക്കച്ചേരിയിൽ വഞ്ചന പ്രയോഗിച്ചതിനാലത്രെ ഇങ്ങനെ സംഭവിച്ചതെന്നും കർട്ടിനാൾ സ്ഥാനം പ്രാപിക്കുന്നതിനു മുമ്പായി ദൈവം അദ്ദേഹത്തിൻെറ ജീവനു് അവസാനം വരുത്തി എന്നും ആണു് ഡിസൂസാ ഇതു സംബന്ധിച്ചു് പ്രസ്താവിക്കുന്നതു്. പക്ഷെ ഇതു് ഡിസൂസായുടെ വ്യക്തിപരമായ അഭിപ്രായം മാത്രമാണു്. സംഗതികളുടെ യാഥാർത്ഥ്യം ദൈവത്തിനു മാത്രമേ അറിയാവൂ. ഏതായാലും, പോർട്ടുഗീസുകാർ പാഷണ്ഡനാക്കിയ മാർ യൌസേപ്പു് കർട്ടിനാൾ സ്ഥാനത്തിനു യോഗ്യനായി മാർപ്പാപ്പായാൽ വിധിക്കപ്പെട്ടു എന്നു ഡിസൂസാപോലും സമ്മതിക്കുന്നുണ്ടു്. 1569—ൽ ആണു് മാർ യൌസേപ്പു മരണം പ്രാപിച്ചതു്.

## മാർ അബ്രാഹവും ൧൫൭൫-ലെ ഗോവസൂനഹദോസും.

മാർ അബ്രാഹം രാത്രിസമയം തടവുചാടി അങ്കമാലിലെത്തി ഭരണമാരംഭിച്ചു. ഈ അവസരത്തിൽ ഈശോസഭക്കാരുടെ സഹായം അദ്ദേഹത്തിനുണ്ടായിരുന്നു. കൊച്ചിമെത്രാനും അനുഭാവത്തോടെയാണു് അദ്ദേഹത്തോടു വർത്തിച്ചതു്. (22) ഗോവായിൽ സംശയിക്കപ്പെട്ട രോ

(20) Beltrami, o. c. p 92
(21) Oriente Conquistado. II 75.
(22) മാർപ്പാപ്പായുടെ കല്പനപ്രകാരം പാത്രിയർക്കീസു് അബ്രാഹത്തെ അങ്കമാലിൽ സ്ഥാപിച്ചു. യൌസേപ്പിനു നിശ്ചയിക്കപ്പെട്ട സ്ഥലം ഗമില (Gamila ?) ആയിരുന്നു.

ഖകരം കൊച്ചിയിൽ വിശ്വസിക്കപ്പെട്ടു! (22b) 1575_ൽ ഗോവയിൽ സമ്മേളിച്ച പ്രാദേശികസൂനഹദോസിൽ സംബന്ധിക്കുവാൻ പോർട്ടുഗീസുകാരാൽ അദ്ദേഹം ക്ഷണിക്കപ്പെട്ടു. മാർ അബ്രാഹം അതിൽ സംബന്ധിച്ചില്ല: അദ്ദേഹത്തിനു സംബന്ധിച്ചിട്ടു കാര്യവുമില്ലായിരുന്നു. താൻ മാർപ്പാപ്പായുടെ അനുസരണമുള്ള പുത്രനാണെന്നും, രണ്ടു പ്രാവശ്യം ഗോവയിൽ തടവിലിടപ്പെടുക നിമിത്തം മേലിൽ അങ്ങനെ വരുന്നതല്ലെന്നു് മാർപ്പാപ്പായിൽ നിന്നു ഉറപ്പു കിട്ടിയാൽ ഗോവയിലെ സൂനഹദോസിൽ സംബന്ധിക്കാമെന്നും മാർ അബ്രാഹം കൊച്ചീരാജാവുവഴിയായി മാർപ്പാപ്പായെ ബോധിപ്പിച്ചു. (1576) (23) അബ്രാഹത്തിന്റെ അർക്കദിയാക്കോനായിരുന്ന ഗീവറുഗീസു് "കരേററ മാതാവിന്റെ" (പരലോകമാതാവിന്റെ) നാമത്തിൽ പണിയിച്ച ഒരു പള്ളിക്കു് ദണ്ഡവിമോചനം നൽകണമെന്നുകൂടി കൊച്ചീരാജാവു് മാർപ്പാപ്പായോടു് തദവസരത്തിൽ അഭ്യർത്ഥിക്കയുണ്ടായി.

മാർ അബ്രാഹം ഗോവയിലെ സൂനഹദോസിൽ സംബന്ധിച്ചില്ലെങ്കിലും പോർട്ടുഗീസുകാർ അദ്ദേഹത്തിന്റെ അതിരൂപതയായ കേരളീയസഭയെ സാരമായി ബാധിക്കുന്ന നിശ്ചയങ്ങൾ ആ സൂനഹദോസിൽ വച്ചു് ഏർപ്പെടുത്തി. കൽദായപാത്രിയക്കീസു് നിയമിക്കുന്ന മെത്രാനല്ല, പോർട്ടുഗൽരാജാവു തിരിഞ്ഞെടുക്കുന്ന മെത്രാനാണു് കേരളീയസുറിയാനിസഭയെ ഭരിക്കേണ്ടതു് എന്നും അങ്കമാലി മെത്രാപ്പോലീത്താ ഗോവസൂനഹദോസുകളിൽ സംബന്ധിക്കണമെന്നും ആയിരുന്നു ആ നിശ്ചയങ്ങൾ (24) കേരളീയസഭയെ അതുൾപ്പെട്ടിരുന്ന ദുരാചാരങ്ങളിൽ നിന്നു് വളരെ എളുപ്പത്തിൽ രക്ഷിക്കുന്നതിനുവേണ്ടിയത്രെ പോർട്ടുഗീസുകാർ ഇങ്ങനെയുള്ള നിശ്ചയങ്ങൾ ചെയ്തതു്.

1577_ൽ മാർ അബ്രാഹം തന്റെ വിശ്വാസം രേഖപ്പെടുത്തി റോമായിലേയ്ക്കയച്ചു. അതു കത്തോലിക്കാവിശ്വാസമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. (25)

---

(22b) ഈ വിവരങ്ങളെല്ലാം കാണിച്ചു് 1578, ജനുവരി 3_ൽ മാർ അബ്രാഹം മാർപ്പാപ്പായിക്കു് ഒരു ലേഖനമയച്ചു. Beltrami, o. c p. 98.

23) 1576 ജനു. 2_ൽ കൊച്ചീരാജാവു് 13_ാം ഗ്രീഗോറിയൂസു മാർപ്പാപ്പായിക്കയച്ച എഴുത്തു്—Giamil.

(24) Sess. III. decree. 1.

(25) Bernard, Brief Sketch of the History of the St. Thomas Christians, p. 29

അബ്രാഹത്തെ ദയാപുരസ്സരം ഗോവസൂനഹദോസിൽ സ്വീകരിക്കണമെന്നു് പതിമ്മൂന്നാം ഗ്രിഗോറിയൂസു് മാർപ്പാപ്പാ 1578 നവംബർ 20-ാംനു- ഗോവമെത്രാപ്പോലീത്തായെ അറിയിച്ചു. അതേ കൊല്ലം തന്നെ നവംബർ 29-ാംനു- മാർ അബ്രാഹത്തിനു് മാർപ്പാപ്പാ അയച്ച ലേഖനത്തിൽ പറയുന്നതു്, മാർ അബ്രാഹം മേലിൽ ദയാപുരസ്സരം ഗോവയിൽ സ്വീകരിക്കപ്പെടുമെന്നും മുമ്പു് അദ്ദേഹത്തിനു നേരിട്ട കഷ്ടതകളെപ്പററി തനിക്കറിവില്ലെന്നും, അദ്ദേഹത്തിനു് ഉപമെത്രാനില്ലാത്തതിനാലും അദ്ദേഹത്തിൻെറ പാത്രിയർക്കീസു ദൂരെയായതിനാലും അദ്ദേഹം ഗോവസൂനഹദോസുകളിൽ സംബന്ധിക്കണമെന്നും ആകുന്നു. "വളരെ അസഹ്യപ്പെടുത്തപ്പെട്ട" മാർ അബ്രാഹത്തിനുവേണ്ടി അതേ കൊല്ലം ഡിസംബർ 3-ാംനു- അയച്ച ഒരു ലേഖനത്താൽ പോർട്ടുഗീസുരാജാവിനോടു മാർപ്പാപ്പാ ശുപാർശ പറയുകയും ചെയ്തു (26) ഗീവർഗീസു അർക്കദിയാക്കോൻെറ പള്ളിക്കു് ബന്ധവിമോചനവും മാർപ്പാപ്പാ അനുവദിച്ചുകൊടുത്തു. (27)

മാർപ്പാപ്പായുടെ കല്പനപ്രകാരം 1585-ലെ ഗോവസൂനഹദോസിൽ മാർ അബ്രാഹം സംബന്ധിച്ചു. ഈ സൂനഹദോസിനെപ്പററി പിന്നീടു പറഞ്ഞുകൊള്ളാം. ഗോവസൂനഹദോസിൽ സംബന്ധിക്കണമെന്നു് മാർപ്പാപ്പാ മാർ അബ്രാഹത്തോടു് ആവശ്യപ്പെട്ടതിൽ നിന്നു് ഗോവമെത്രാപ്പോലീത്തായിക്കു് മാർ അബ്രാഹത്തിൻെറമേൽ യാതൊരധികാരം കൊടുക്കപ്പെട്ടില്ല എന്നു് നാം പ്രത്യേകം ധരിച്ചിരിക്കണം.

ഈശോസഭക്കാർ.

1577-ൽ മാർ അബ്രാഹം ഈശോസഭക്കാരെ തൻെറ അതിരൂപതയിൽ വേലചെയ്യുവാൻ ക്ഷണിച്ചു. (28)

1519-നുമുമ്പു് ഈശോസഭക്കാർക്കു് കൊച്ചിയിൽ ഒരു സ്കൂളുണ്ടായിരുന്നു. അന്നു് 150 പോർട്ടുഗീസു കുട്ടികളോളം അതിൽ അഭ്യസനം നടത്തിയിരുന്നു. (28b) തെക്കോട്ടു് കൊല്ലത്തും കൊച്ചിരൂപതാതിർത്തിയിൽപെട്ട മററു സ്ഥലങ്ങളിലും അവരുടെ മാനസാന്തരജോലി വളരെ ഫലപ്രദമായിരുന്നു എന്നു പല രേഖകളിൽ നിന്നും തെളിയുന്നുണ്ടു്. ഈശോസഭാസന്യാസികളെ പരിശീലിപ്പിക്കുന്ന ഒരു സ്ഥാപ

---

26) Ibidem, pp. 34—37.
27) കൊച്ചിരാജാവിനുള്ള എഴുത്തു് 1576 Giamil.
28) Beltrami, o. c. p. 101 note.
28 b) Ferroli, o. c. p. 137.

നവും കാലാന്തരത്തിൽ കൊച്ചിയിൽ അവക്കുണ്ടായി. കൊച്ചിയിലെ സ്കൂൾ മുഖേന ഈശോസഭക്കാർ വളരെ സുറിയാനിക്കാരെ ലത്തീൻകാരാക്കി എന്നു ചിലർ പറയുന്നതിൽ അടിസ്ഥാനമുണ്ടെന്നു തോന്നുന്നില്ല. അതൊരു സ്കൂൾ മാത്രമേ ആയിരുന്നുള്ളു. പോർട്ടുഗീസുകാരിൽ നിന്നു താൻ വളരെ കഷ്ടതകൾ സഹിച്ചെന്നും തനിക്കു് അവരോടു് ഇഷ്ടമില്ലെന്നും, സത്യവിശ്വാസത്തിലേക്കും റോമ്മാസഭയുടെ അനുസരണത്തിലേക്കും ആചാരങ്ങളിലേക്കും തന്റെ അതിരൂപതയെ കൊണ്ടുവരുന്നതിൽ ഈശോസഭക്കാർ തന്നെ സഹായിക്കുന്നുണ്ടെന്നും മാർ അബ്രാഹം 1578 ജനുവരി 3-ാംനു- പതിമൂന്നാം ഗ്രീഗോരിയുസുമാർപ്പാപ്പായെ എഴുതിയറിയിച്ചു. (29) പോർട്ടുഗീസുകാരും ഈശോസഭക്കാരും തന്നെയും തന്റെ ആളുകളെയും ലത്തീൻ റീത്തു പ്രകാരം നടത്തുവാൻ ശ്രമിച്ചതിലുള്ള സങ്കടവും മാർ അബ്രാഹം മാർപ്പാപ്പായെ ബോധിപ്പിച്ചു. (30) ഈശോസഭക്കാരിൽ ഒരാൾ തദവസരത്തിൽ മാർ അബ്രാഹത്തിനു പള്ളിയും കൊടുക്കണമെന്നും അദ്ദേഹം ഹോർമിസിന്റെ നാമത്തിൽ പണിയിച്ച ഒരു പള്ളിക്കു് ബന്ധവിമോചനം അനുവദിക്കണമെന്നും കാണിച്ചു് റോമ്മായിലേക്കു് ഒരു അപേക്ഷ അയയ്ക്കുകയുണ്ടായി. (31) മാർപ്പാപ്പായിൽ നിന്നു് പാള്ളിയും അയച്ചു കൊടുക്കുക എന്നതു് മാർപ്പാപ്പാ നേരിട്ടു നിയമിക്കുന്ന മെത്രാപ്പോലീത്താമാരുടെ കാര്യത്തിൽ മാത്രമേ സംഭവിക്കാറുള്ളു. അബ്രാഹമാകട്ടെ കൽദായപാത്രിയർക്കീസിനാൽ നിയമിക്കപ്പെട്ടവനാകയാൽ അദ്ദേഹത്തിനു് പാള്ളിയത്തിനു് അവകാശമില്ലായിരുന്നു. തന്നിമിത്തം അതു നൽകപ്പെട്ടുമില്ല. (32) അങ്കമാലി അതിരൂപതയിൽ അദ്ധ്യക്ഷനില്ലാതെ വന്നാൽ അതിനെ ഭരിക്കുവാൻ തക്ക യോഗ്യതയുള്ളവനാണു് മാർ അബ്രാഹത്തിന്റെ അക്കദിയാക്കോനായ ഗീവറുഗീസെന്നും "മാർത്തോമ്മാക്രിസ്ത്യാനികളെ വിശുദ്ധ റോമ്മാസഭയുടെ അനുസരണത്തിലേക്കും, റീത്തുകളിലേക്കും കൊണ്ടുവരുക എന്നതു മെത്രാപ്പോലീത്തായുടെയും അക്കദിയാക്കോന്റെയും മനഃസ്ഥിതിയെ വളരെ ആശ്രയിച്ചിരിക്കുന്നു" എന്നും പാള്ളിയത്തിനും ബന്ധവിമോചനത്തിനുംവേണ്ടി എഴുതിയ അപേക്ഷയിൽ തന്നെ തൽകർത്താവായ ഈശോസഭക്കാരൻ പ്രസ്താവിച്ചിട്ടുണ്ടു. അതെ, ആർക്കുവേണ്ടി ബന്ധവിമോചനം അപേക്ഷിച്ചുവോ ആ മാർത്തോമ്മാക്രിസ്ത്യാനികൾ റോമ്മാസഭയുടെ അനുസരണത്തിലേക്കു കൊണ്ടുവരപ്പെടേണ്ടവരായിരുന്നു! എന്നാൽ റോമ്മാസഭയുടെ അനു

29) Beltrami. p. 98.
30) Giamil p. 74.
31) Brief Sketch, p. 43.
32) Beltrami o. c. p. 102—ഇതു് 1579-ൽ സംഭവിച്ചു.

സരണത്തിൽ നില്ക്കുന്നവൎക്കു മാത്രമേ ബന്ധവിമോചനം നൽകപ്പെടുകയുള്ളു. ആകയാൽ "റോമ്മാസഭയുടെ അനുസരണത്തിലേക്കു കൊണ്ടുവരുക" എന്ന പ്രയോഗത്താൽ കേരളീയനസ്രാണികളുടെ കത്തോലിക്കത്വം നിഷേധിക്കപ്പെടുന്നില്ല. ആ പ്രയോഗത്തിനു ഇന്നു നാം കല്പിക്കുന്ന അൎത്ഥം, മാത്രമല്ല അന്നു കല്പിക്കപ്പെട്ടിരുന്നതു് എന്നത്രേ ഇതിൽ നിന്നു നാം ഗ്രഹിക്കേണ്ടതു് (മുകളിൽ നോക്കുക) സത്യവിശ്വാസത്തിലേക്കും റോമ്മാസഭയുടെ അനുസരണത്തിലേക്കും ആചാരങ്ങളിലേക്കും അങ്കമാലി അതിരൂപതയെ കൊണ്ടുവരുന്നതിൽ ഈശോസഭക്കാർ തന്നെ സഹായിച്ചിരുന്നു എന്നു് മാർ അബ്രാഹം മാർപ്പാപ്പായിക്കു 1578-ൽ എഴുതിയതു് ഏതൎത്ഥത്തിലാണെന്നു് ഇതിൽ നിന്നു വിശദമാകുന്നുണ്ടു്. കേരളീയസഭയിൽ നുഴഞ്ഞു കയറിയിരുന്ന അബദ്ധങ്ങളെ നീക്കം ചെയ്യുന്നതും സത്യവിശ്വാസത്തിലേക്കും റോമ്മാസഭയുടെ അനുസരണത്തിലേക്കും ആ സഭയെ കൊണ്ടുവരുക ആയിരുന്നു. ഇതിൽ നിന്നു് കേരളീയ സഭയ്ക്കു കത്തോലിക്കാ ഐക്യമില്ലായിരുന്നു സിദ്ധിക്കുന്നില്ല.

## ബന്ധവിമോചനങ്ങൾ ആദിയായവ.

അബ്രാഹവും അക്കിദിയാക്കോനും പണിയിച്ച പള്ളികൾക്കായി ബന്ധവിമോചനങ്ങൾ റോമ്മായിൽ ആവശ്യപ്പെട്ട സംഗതി നാം കണ്ടു കഴിഞ്ഞു. 1575-ൽ മാർപ്പാപ്പാ പ്രഖ്യാപനം ചെയ്ത ജൂബിലി ബന്ധവിമോചനം തന്റെ അതിരൂപതയ്ക്കായി 1577-ൽ മാർ അബ്രാഹം മാർപ്പാപ്പായിൽ നിന്നു പ്രാപിച്ചു. (33) ഈ ബന്ധവിമോചനം നൽകിയതോടു കൂടി പതിമ്മൂന്നാം ഗ്രീഗോരിയൂസ് മാർപ്പാപ്പാ മാർ അബ്രാഹത്തിന്റെ പക്കൽ 15000 ജപമാലകളും വിശുദ്ധന്മാരുടെ "തിരുശേഷിപ്പു"കളും അയച്ചുകൊടുത്തു (34) 1578-ൽ അഞ്ചു മെത്രാന്മാരെ അയച്ചുതരണമെന്നു കാണിച്ചു് മാൎത്തോമ്മാ ക്രിസ്ത്യാനികൾ മാർപ്പാപ്പായുടെ പക്കൽ ഒരപേക്ഷ സമൎപ്പിച്ചു (35) കൂടുതൽ ലാഭമെടുത്തുകൊണ്ടു് നിശ്ചയമില്ലാത്ത ആളുടെ വസ്തുക്കൾ കൈവശം വച്ചുകൊണ്ടിരുന്ന ചിലരുടെ കാൎയ്യം 1579-ൽ മാർ അബ്രാഹം റോമ്മായിൽ ബോധിപ്പിക്കുകയും അതിനു് തീരുമാനമുണ്ടാക്കുകയും ചെയ്തു. (36) 1580-ൽ ഒരു പൂൎണ്ണ ബന്ധവിമോചനം അങ്കമാലി അതിരൂപതയ്ക്കും മാർപാപ്പായാൽ നൽകപ്പെട്ടു. [37] അബ്രാഹവും റോമ്മായുമായു

---

[33] Beltrami, o c. p. 194.
[34] Oriente Conquistado C. I. D. II. p 31.
[35] Bernard, Brief Sketch, pp. 33, 34.
[36] Beltrami, o. c. p. 98.
[37] Ibid. p. 232.

നടന്ന ഏടപാടുകൾ വേറെയുമുണ്ട്. അവ ഇവിടെ വിസ്തരിച്ചു പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല

മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് അന്ന് കത്തോലിക്കാ ഐക്യമില്ലായിരുന്നെന്ന് എങ്ങനെ പറയും? റോമ്മാസഭയുടെ അനുസരണത്തിലേക്കു അവരെ കൊണ്ടുവരേണ്ടതു് ഏതു തരത്തിലായിരുന്നു എന്ന് ഇതിൽ നിന്നു കൂടുതൽ വിശദമാകുന്നുണ്ടല്ലോ.

## അക്കദിയാക്കോൻ മെത്രാൻ.

1578_ൽ ഗീവറുഗീസ് അക്കദിയാക്കോന്റെ തീക്ഷ്ണതയും മാർപ്പാപ്പായോടുള്ള ഭക്തിയും മാർപ്പാപ്പായുടെ പ്രശംസയ്ക്കു പാത്രീഭവിച്ചു. [38] മാർ അബ്രാഹം ഗീവറുഗീസ് അക്കദിയാക്കോനെ പാലയൂർ മെത്രാനായി അഭിഷേചനം ചെയ്യുവാൻ പാത്രിയർക്കീസിൽ നിന്നും മാർപ്പാപ്പായിൽ നിന്നും അനുമതി ലഭിച്ചതാണ് ഈ കാലഘട്ടത്തിലെ ഏറ്റം പ്രധാനപ്പെട്ട ഒരു സംഭവം. 1579_ജനുവരി 3_ൽ അക്കദിയാക്കോന്റെ പേൎക്ക് മാർപ്പാപ്പാ ഒരു തിരുവെഴുത്തയച്ചു [Brief] അങ്കമാലി അതിരൂപതയിൽ അദ്ധ്യക്ഷനില്ലാതെ വരുന്നതായാൽ ആ അതിരൂപതയെ ഭരിച്ചുനടത്തണമെന്ന് അതിൽ മാർപ്പാപ്പാ അക്കദിയാക്കോനോട് ആവശ്യപ്പെട്ടിരുന്നു. 1580 മാർച്ച് 8-ാംനും 14-ാംനും എഴുതിയ തിരുവെഴുത്തുകളിൽ അക്കദിയാക്കോൻ മെത്രാഭിഷേകം സ്വീകരിച്ചുകഴിഞ്ഞു എന്ന ധാരണയാണ് മാർപ്പാപ്പാ പ്രദർശിപ്പിക്കുന്നതു [39] അക്കദിയാക്കോന്റെ വിനയത്തെപ്പററിയും മാർപ്പാപ്പാ സൂചിപ്പിക്കുന്നുണ്ട്. മെത്രാഭിഷേകം സ്വീകരിച്ചില്ലെങ്കിൽ കൽദായ പാത്രിയർക്കീസിനും മാർ അബ്രാഹത്തിനും കേരളത്തിലുള്ള അധികാരത്തിനു ഭംഗം വരാതെ അതു സ്വീകരിച്ചുകൊള്ളുവാൻ മാർപ്പാപ്പാ 1580 മാർച്ച് 4-ാംനു- അക്കദിയാക്കോന്റെ പേൎക്ക് എഴുതി [39b] 1581 ജനുവരി 10-ാംനു- എഴുതിയ തിരുവെഴുത്തുപ്രകാരം മരണാവസരത്തിൽ എല്ലാ പാപങ്ങളും വിമോചിക്കുവാനുള്ള അധികാരം മാർപ്പാപ്പാ അക്കദിയാക്കോനു പ്രദാനം ചെയ്തു. [39c]

---

[38] Ibid, p. 270.

39) See original documents is Belrtami, o. c. p. 195, 196; Bernard Briy Sketch. p. 38-

39b) Beltrami o' c, p, 197.

39c) "Facultas absolvendi in mortis articulo a quibusvis peccatis," Beltrami,o, c, p, 270, nota, 3.

## മാർ ശെമഓൻ.

1578-ൽ മാർ ശെമഓൻ എന്നൊരു മെത്രാൻ കേരളത്തിൽ പ്രത്യക്ഷപ്പെട്ടു. സുലാക്കായുടെ പ്രതിയോഗിയുടെ പിൻഗാമിയാൽ അയയ്ക്കപ്പെട്ടവനായിരിക്കണം ഈ മാർ ശെമഓൻ കടുത്തുരുത്തിയായിരുന്നു അദ്ദേഹത്തിന്റെ ആസ്ഥാനം. പോർട്ടുഗീസുകാരും മാർ അബ്രാഹവും ശെമഓനു വിരോധമായി യോജിച്ചു പ്രവർത്തിച്ചു. ശെമഓനെ സംബന്ധിച്ചു മാർ അബ്രാഹം ഗോവ മെത്രാപ്പോലീത്തായുടെ സഹായമഭ്യർത്ഥിച്ചപ്പോൾ ഗോവ മെത്രാപ്പോലീത്താ സംഗതി റോമായിൽ ബോധിപ്പിക്കുകയും, കേരളത്തിലേക്കു വരുന്ന മെത്രാന്മാരെ പരിശോധിക്കുവാനുള്ള അധികാരം റോമായിൽ നിന്നു പ്രാപിക്കുകയുമാണു് ചെയ്തതു്. [39d] ഗോവ മെത്രാപ്പോലീത്തായിക്കു കേരളീയ സഭമേൽ അധികാരമില്ലായിരുന്നു എന്നു് അദ്ദേഹം തന്നെ ഇവിടെ സമ്മതിക്കുന്നതായി നാം കാണുന്നു. മാർ ശെമഓന്റെ ആഗമനകാലത്തുതന്നെ അദ്ദേഹത്തെ കേരളത്തിൽ താമസിപ്പിക്കാതിരിക്കുവാൻ ശ്രമിക്കേണ്ടതാണെന്നു് മാർപ്പാപ്പാ ഗോവ മെത്രാപ്പോലീത്തായെ തെര്യപ്പെടുത്തി. "റോമാസഭയുടെ വിശ്വാസത്തിലേക്കും ഐക്യത്തിലേക്കും മാർത്തോമ്മാ ക്രിസ്ത്യാനികളെ കൊണ്ടുവരുന്ന വിഷയത്തിൽ പ്രതിബന്ധം വരുത്തിയിരുന്ന മാർ ശെമഓന്റെ പരിശ്രമങ്ങളെ" തടയേണ്ടതാണെന്നത്രെ 1580 മാർച്ച് 4-ൽ മാർപ്പാപ്പാ മാർ അബ്രാഹത്തിന്റെയും പാലയൂർ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ട അർക്കദിയാക്കോന്റെയും പേർക്കു് എഴുതിയതു്. [40] മാർ അബ്രാഹത്തിനും പാലയൂർ മെത്രാനായ ഗീവറുഗീസിനും കീഴ്പ്പെട്ടിരുന്നു കൊള്ളണമെന്നു് അതേവത്സരം മാർച്ച് 5-ാംനു- മാർപ്പാപ്പാ മാർത്തോമ്മാ ക്രിസ്ത്യാനികളോടും കല്പിച്ചു. (41) ഇതിൽ നിന്നു് മാർത്തോമ്മാ ക്രിസ്ത്യാനികൾ ഇന്നു നാം പറയുന്ന അർത്ഥത്തിൽ റോമായുടെ ഐക്യമില്ലാത്തവരല്ലായിരുന്നു എന്നു സിദ്ധിക്കുന്നു. "റോമായുടെ അനുസരണത്തിലേക്കു് അഥവാ ഐക്യത്തിലേക്കു് അഥവാ വിശ്വാസത്തിലേക്കു് കൊണ്ടുവരിക" എന്നതിനു് മാർപ്പാപ്പാമാർ പോലും അന്നു കല്പിച്ചിരുന്ന അർത്ഥം ഈ സംഭവങ്ങളിൽ നിന്നെല്ലാം ധാരാളം വിശദമാകുന്നുണ്ടു്. ഇന്നു നാം അതിനു നൽകുന്ന അർത്ഥം മുമ്പിൽ വച്ചു നോക്കുന്നതുകൊണ്ടാണു് നസ്രാണികൾ അന്നു് കത്തോലിക്കാ ഐക്യമില്ലായിരുന്ന ശീസ്മക്കാരായിരു

---

39d) Ferroli, o, c, p, 168.
(40) Beltrami, o. c. pp. 103, 104.
(41) See original document in Giamil.

ന്നെന്നു് പലരും വിചാരിച്ചുപോകുന്നതു്. കത്തോലിക്കാ ഐക്യമില്ലാത്ത ശീസ്മക്കാരോടു് മേല്പറഞ്ഞവിധത്തിൽ കല്പിക്കുകയും അവക്കു ബന്ധവിമോചനങ്ങളാദിയായവ നൽകുകയും സാദ്ധ്യമല്ലല്ലൊ. മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു് 1580 മാർച്ച് 5-ാംനു- അയച്ചു എന്നു് മുമ്പു പറഞ്ഞ തിരുവെഴുത്തിന്റെകൂടെ മാർപ്പാപ്പാ അവരുടെ ഉപയോഗത്തിനായി ഒരു "കുസ്താദിയും" (വി കുർബാന സൂക്ഷിക്കുവാനുള്ള പാത്രം) കുറെ "തിരുശ്ശേഷിപ്പു"കളുംകൂടി അയച്ചുകൊടുത്തു. ഇതും അവരുടെ കത്തോലിക്കൈക്യത്തിനു് ഒരു സാക്ഷ്യമായികരുതാം.

1584 ജനുവരി 13-ൽ നസ്രാണികൾ മാർപ്പാപ്പായുടെ പേക്കയച്ച എഴുത്തിൽ തങ്ങൾ തിരുമനസ്സിലെ കല്പനപ്രകാരം മാർ ശെമഓനെ കേരളത്തിൽ നിന്നു് വെളിക്കാക്കി എന്നു് പ്രസ്താവിച്ചിരിക്കുന്നു ഈ ഈ വിവരം മാർ അബ്രാഹവും മാർപ്പാപ്പായെ ബോധിപ്പിച്ചു [42] "റോമ്മായുടെ അനുസരണത്തിലേക്കു കൊണ്ടുവരപ്പെടേണ്ടിയിരുന്ന" നസ്രാണികളുടെ കത്തോലിക്കാ ഐക്യത്തെയല്ലയോ ഈ സംഭവങ്ങളെല്ലാം വിളിച്ചറിയിക്കുന്നതു്? [42b]

---

(42) Beltrami, o. c. p. 105.

[42b] 1579-ൽ എന്നപോലെ അതിനുമുമ്പു് മാർ അബ്രാഹത്തിന്റെ കീഴുണ്ടായിരുന്നവർ തിരുസിംഹാസനത്തിന്റെ അനുസരണത്തിൽ കൊണ്ടുവരപ്പെടാതിരുന്നതിനാൽ [non era ancora il suo populo assai avviato nella obedienza di questa S. Sede, come hoggi e. .] 15 9-നു മുമ്പു് ഒരു ജൂബിലി ബന്ധവിമോചനം പ്രാപിപ്പാൻ അവക്കു സാധിച്ചില്ലെന്നു് 1579 ഒക്ടോബർ 28-ൽ പേത്രുസ് ഫോൻസെക്കാ എന്ന മെത്രാൻ മാർപ്പാപ്പായിക്കു സമർപ്പിച്ച ഒരു റിപ്പോർട്ടിൽ കാണുന്നു. [Beltrami p. 194]. 157?-ൽ കേരളീയർ കത്തോലിക്കരായിരുന്നു എന്നു് ഇതിൽ നിന്നു് എല്ലാവരും സമ്മതിക്കണം. എന്നാൽ 1579 ന്റെ ശേഷവും അവർ റോമ്മായുടെ അനുസരണത്തിലേക്കു കൊണ്ടുവരപ്പെടേണ്ടവരായിരുന്നു എന്നു് പോർട്ടുഗീസുകാരും അനുയായികളും പറയുന്നു. ആകയാൽ 1579-നു മുമ്പു് അവർ തദനുസരണത്തിൽ കൊണ്ടുവരപ്പെടേണ്ടിയിരുന്നതു് എങ്ങനെയായിരുന്നു എന്നു് ഊഹിക്കാമല്ലൊ. 1579-നു മുമ്പും കേരളീയർ ബന്ധവിമോചനം പ്രാപിച്ചിട്ടുണ്ടു്!

മാർ ശെമഓൻ പോർട്ടുഗലിലേക്കു കൊണ്ടുപോകപ്പെട്ടു. അഞ്ചാം സിക്സ്തൂസു മാർപ്പാപ്പായുടെ കല്പനപ്രകാരം അദ്ദേഹത്തിന്റെ വിശ്വാസം പരിശോധിക്കപ്പെടുകയുണ്ടായി. ലിസ്ബണിലുള്ള ഒരു ഫ്രാൻസിസ്കൻ ആശ്രമത്തിൽവച്ചു് അദ്ദേഹം 1599-ൽ നിര്യാതനായി. (44)

എന്നാൽ യാക്കോബ് എന്ന ഒരു പട്ടക്കാരനെ വികാരി ജനറാൾ ആക്കിയശേഷമാണു് മാർ ശെമഓൻ കേരളം വിട്ടതു്. ഈ യാക്കോബു് പട്ടക്കാരൻ 1597-ാമാണ്ടിനോടു് അടുത്തു മരണം പ്രാപിച്ചു. കടുത്തുരുത്തി പള്ളിയിൽവന്നു് ഒരാൾ മാർപ്പാപ്പായുടെ പേരു പറഞ്ഞതിന്നു് ആ ആളെ അവിടുത്തുകാർ അടിച്ചു വെളിയിലാക്കിയെന്നും, പ. ക. മറിയത്തിന്റെ പ്രതിമ വണങ്ങുവാൻ അവർ വൈമനസ്യം പ്രദർശിപ്പിച്ചെന്നും, താൻ വി. കുർബാന ചൊല്ലിയപ്പോൾ കൂദാശ ചെയ്യപ്പെട്ട അപ്പത്തെ അവർ ആരാധിച്ചില്ലെന്നും ഫാദർ റോസു് 1599-നു മുമ്പു് താൻ കടുത്തുരുത്തിയിൽ നടത്തിയ ഒരു സന്ദർശനത്തിന്റെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു് മാർ ശെമഓന്റെയും യാക്കോബു പട്ടക്കാരന്റെയും പാർശ്വവർത്തികളുടെ പ്രവൃത്തികളെ ഉദ്ദേശിച്ചായിരിക്കാവുന്നതാണു്.

### അങ്കമാലി സൂനഹദോസു്.

മാർ ശെമഓൻ കേരളത്തിലായിരിക്കയിൽ മാർ അബ്രാഹം ഈശോസഭക്കാരുടെ സഹായത്തോടുകൂടി 1582-ൽ അങ്കമാലിൽ ഒരു സൂനഹദോസു നടത്തി. അതിൽവച്ചു് കേരളത്തിലുപയോഗിച്ചിരുന്ന പുസ്തകങ്ങളിലെ തെറ്റുകളെല്ലാം തിരുത്തപ്പെട്ടു. നെസ്തോറിയത്വം ശപിക്കുന്ന ഒരു വിശ്വാസസത്യം അവിടെവച്ചു ചെയ്യപ്പെട്ടതിനു പുറമെ, വൈദികരുടെ ഉപജീവനമാർഗ്ഗം, വസ്ത്രധാരണരീതി, കന്യാത്വം ആദിയായവ സംബന്ധിച്ചു നിയമങ്ങൾ നിർമ്മിക്കപ്പെടുകയുണ്ടായി. [44b] അംഗീകരണത്തിനായി ആ വിവരം അറിയിക്കയിൽ വൈദികവിദ്യാഭ്യാസത്തിനായി ഒരു സെമിനാരി സ്ഥാപിക്കേണ്ട ആവശ്യകതയെയും മാർ അബ്രാഹം മാർപ്പാപ്പായെ ബോധിപ്പിച്ചു. (45) തെറ്റുകൾ തിരുത്തുന്നതിൽ നസ്രാണികൾ വിമുഖരല്ലായിരുന്നു എന്നല്ലയൊ ഈ സംഭവം

---

44) The Orthodoxy of the St. Thomas Christians, p. 50, 51.
44b) Ferroli, op. c. p. 171.
45) Bernard, Brief Sketch, pp. 40-42.

വിളിച്ചറിയിക്കുന്നതു്? ഈ സംഭവം റോമ്മായുടെ അനുസരണത്തിൽ എത്തിച്ചേരുന്നതിനുള്ള ശ്രമമായി പോർട്ടുഗീസുകാർ കരുതുന്നു.

## സെമിനാരിയും സുറിയാനിഭാഷയും.

മാർ അബ്രാഹത്തിന്റെ ആഗ്രഹപ്രകാരം 1585_ൽ ചേന്നമംഗലം അഥവാ വൈപ്പിക്കോട്ട് എന്നു പറയുന്ന സ്ഥലത്തു് ഈശോസഭക്കാർ ഒരു സെമ്മിനാരി സ്ഥാപിച്ചു. എന്നാൽ സുറിയാനിക്കാരെ ലത്തീൻകാരാക്കണമെന്നായിരുന്നു ഈശോസഭക്കാരുടേയും ഉദ്ദേശ്യം. സുറിയാനിഭാഷ നിറുത്തലാക്കേണ്ടതല്ലയോ എന്നുകൂടി അവർ റോമ്മായിൽ ചോദിച്ചു. അങ്ങനെ ഒരിക്കലും ചെയ്യേണ്ടതല്ലെന്നും ആരാധനക്രമങ്ങളുടെ വൈവിധ്യം തിരുസഭയുടെ അലങ്കാരമാണെന്നും ആയിരുന്നു റോമ്മായുടെ ഉത്തരം! "Rome when this doubt was submitted answered that Syriac should absolutely be retained, the variety of liturgies being an adornment of the Church who is the Queen that stands......surrounded with variety." (46)

ഇതോടെ ലത്തീൻക്രമങ്ങൾ സുറിയാനിയിലേക്കു വിവർത്തനം ചെയ്യുവാനുള്ള ശ്രമമാണു് പോർട്ടുഗീസുകാരിൽ നാം കാണുന്നതു്. ഒരു റീത്തിന്റെ പ്രത്യേകത ഭാഷയിൽ മാത്രമാണെന്നുള്ള ധാരണയാണു് അവർക്കുണ്ടായിരുന്നതെന്നു തോന്നുന്നു ഭാഷയിലല്ല ഒരു റീത്തിന്റെ പ്രത്യേകതയും വിശേഷതയും പ്രധാനമായി അടങ്ങിയിരിക്കുന്നതെന്നു മനസ്സിലാക്കിയിട്ടില്ലാത്തവർ ഇക്കാലത്തും കാണപ്പെടുന്നതിൽ വ്യസനിക്കേണ്ടിയിരിക്കുന്നു റോമ്മായുടെ മേലുദ്ധരിച്ച ഉത്തരത്തോടുകൂടി സുറിയാനിക്കാർ ലത്തീൻറീത്തു് അതേ പടിയിൽ സ്വീകരിക്കണമെന്നു പോർട്ടുഗീസുകാർക്കുണ്ടായിരുന്ന ശാഠ്യം കുറെ ശമിച്ചു. സുറിയാനിക്കാരും അതൊരു ആശ്വാസമായി കരുതിയെന്നു തോന്നുന്നു. എന്തുകൊണ്ടെന്നാൽ ലത്തീൻ ക്രമങ്ങളുടെ സുറിയാനി വിവർത്തനത്തിൽ അവർ വലിയ നീരസം പ്രദർശിപ്പിച്ചതായി കാണുന്നില്ല.

## ൧൫൮൫-ലെ ഗോവ സൂനഹദോസു്.

പതിമൂന്നാം ഗ്രിഗോരിയൂസു മാർപ്പാപ്പായുടെ 1578 നവംബർ 29_ാംനു-യിലെ കല്പനയനുസരിച്ചു് മാർ അബ്രാഹം 1585_ൽ ഗോവ

---

46) Castetes S. J. The Examiner l. c. p. 204.

യിൽ സമ്മേളിച്ച പ്രാദേശിക സൂനഹദോസിൽ സംബന്ധിച്ചു. ഗോവ മെത്രാപ്പോലീത്തായുടെ ഉപമെത്രാൻ (Suffragan-Conprovincial) എന്ന നിലയിലല്ല അബ്രാഹം സൂനഹദോസിൽ സംബന്ധിച്ചതെന്നു് പ്രത്യേകം പ്രസ്താവിക്കേണ്ടതാണു്. പോർട്ടുഗീസുകാർ അദ്ദേഹത്തെ ആ നിലയിൽ കരുതിയതു അബദ്ധമായിപ്പോയി.

അബ്രാഹം മുമ്പു പ്രവർത്തിച്ചതുപോലെ കേരളത്തിലേക്കു വരുന്ന കൽദായ മെത്രാന്മാർ പാത്രിയക്കീസിന്റേയോ മാർപ്പാപ്പായുടെയോ നിയമനപത്രം ഗോവ മെത്രാപ്പോലീത്തായെ കാണിക്കേണ്ടതാണെന്നു സൂനഹദോസു തീരുമാനിച്ചു. ഈ തീരുമാനത്താൽ അബ്രാഹവും അദ്ദേഹത്തിന്റെ പാത്രിയക്കീസും കത്തോലിക്കരാണെന്നും പാത്രിയക്കീസിനു് കേരളീയസഭയിൽ അധികാരമുണ്ടെന്നും സൂനഹദോസു് പരോക്ഷമായി സമ്മതിക്കുകയത്രെ ചെയ്യുന്നതു്. നെസ്തോറിയമതത്തെ ശപിക്കുന്നതും തന്റെ ഭരണീയരെ അതിലടങ്ങിയ വിശ്വാസം പഠിപ്പിച്ചുകൊള്ളാമെന്നുള്ള വാഗ്ദാനമടങ്ങിയതും ആയ ഒരു വിശ്വാസസത്യം സൂനഹദോസിൽവച്ചു് അബ്രാഹത്തെക്കൊണ്ടു് അവർ ചെയ്യിച്ചു. കത്തോലിക്കനെന്നു് അവർ തന്നെ സമ്മതിച്ച ഒരാളെ കൊണ്ടാണു് ഈ വിശ്വാസസത്യം ചെയ്യിച്ചതെന്നു് നാം ഓർക്കണം. കൽദായ റീത്തനുസരിച്ചു അബ്രാഹം പട്ടംകൊടുത്തവർക്കു് ആവർത്തിച്ചു പട്ടം കൊടുക്കണമെന്നും പട്ടം കൊടുക്കുന്നതിനും മററു കൂദാശകൾ പരികർമ്മം ചെയ്യുന്നതിനും ലത്തീൻ സഭയിൽ ഉപയോഗിക്കുന്ന പുസ്തകങ്ങൾ [Pontifical and Ritual] കേരളീയ സുറിയാനിസഭയുടെ ഉപയോഗത്തിനായി സുറിയാനിയിലേക്കു വിവർത്തനം ചെയ്യേണ്ടതാണെന്നും സൂനഹദോസു് തീരുമാനം ചെയ്തു. ഇതിൽ മാർ അബ്രാഹത്തെ സഹായിക്കുവാൻ വൈപ്പിക്കോട്ട സെമിനാരിയദ്ധ്യക്ഷനായ ഫാദർ റോസു് (Francis Roz, S. J.) എസ്. ജെ. നിയമിതനും ആയി. അങ്കമാലി അതിരൂപതയെ ഗോവയിലെ വിശ്വാസപരിശോധന സംഘത്തിന്റെ (Inquisition) അധികാരത്തിൽ ഉൾപ്പെടുത്തുന്നതായിരുന്നു വേറൊരു നിയമം—സൂനഹദോസിന്റെ മൂന്നാം കൂടിയാലോചനയിലെ ആറാം നിയമമാണു് ഏററം സാരവത്തായതു്. 1567-ലും 1575-ലും ഗോവയിൽ നടന്ന സൂനഹദോസുകൾ അങ്കമാലി അതിരൂപതയെ സംബന്ധിച്ചു ചെയ്ത തീരുമാനങ്ങൾ ആ അതിരൂപതയിൽ നടപ്പിൽ വരുത്തണമെന്നതാണു് ആ നിയമം. 1575 ലെ ഗോവസൂനഹദോസിന്റെ മൂന്നാം കൂടിയാലോചനയിലെ ഒന്നാം തീരുമാനപ്രകാരം അങ്കമാലി അതിരൂപതയെ ഭരിക്കുന്ന മെത്രാൻ കൽദായപാത്രിയക്കീസിനാലല്ല പോർട്ടുഗൽ രാജാ

വിനാലാണു് തിരിഞ്ഞെടുക്കപ്പെടേണ്ടിയിരുന്നതു്! (47) ഇവിടെയും പാത്രിയാക്കീസിനു കേരളീയസഭയിലുള്ള അധികാരം സമ്മതിക്കപ്പെടുകയത്രെ ചെയ്യുന്നതു്.

മാർ അബ്രാഹം സൂനഹദോസിന്റെ നിയമങ്ങൾ സ്വീകരിച്ചു. എന്നാൽ അവയിലെ ഉള്ളക്കകൾ അദ്ദേഹത്തിനു മനസ്സിലായോ ആവോ!

ഗോവസൂനഹദോസിന്റെ ഈ നിയമങ്ങൾ മുഖേനയാണു് സുറിയാനിക്കാരെ റോമ്മായുടെ അനുസരണത്തിലേക്കു കൊണ്ടുവരേണ്ടിയിരുന്നതു്. ഈ നിയമങ്ങൾ നടപ്പിലാക്കുന്നതും റോമ്മായുടെ അനുസരണത്തിലേക്കു സുറിയാനിക്കാരെ കൊണ്ടുവരുന്നതും ഒന്നു തന്നെയായി അന്നു വിചാരിക്കപ്പെട്ടു എന്നു പിന്നീടു വിശദമാകുന്നതാണു്. എന്നാൽ ഈ നിയമങ്ങൾ സുറിയാനിക്കാരുടെ കത്തോലിക്കത്വത്തെ നിഷേധിക്കയല്ല സ്ഥാപിക്കയാണു് ചെയ്യുന്നതു് എന്നു് ഇതുവരെ പ്രസ്താവിച്ച സകല സംഭവങ്ങളും വിളിച്ചറിയിക്കുന്നു. ആകയാൽ "റോമ്മായുടെ അനുസരണത്തിലേക്കു കൊണ്ടുവരുക" എന്നതിനു് അന്നു നൽകപ്പെട്ടിരുന്ന അർത്ഥം ഇന്നു അതിനു നാം കല്പിക്കുന്ന അർത്ഥം മാത്രമല്ലായിരുന്നു.

## മാർ അബ്രാഹവും സൂനഹദോസു നിയമങ്ങളും.

മാർ അബ്രാഹം സൂനഹദോസു നിയമങ്ങൾ നടപ്പിൽ വരുത്തിയില്ല. അദ്ദേഹം ആവർത്തിച്ചു പട്ടം കൊടുത്തു എന്നു ചിലർ പറയുന്നുണ്ടു്. അദ്ദേഹത്തിനു് നെസ്തോറിയൻ പാത്രിയക്കീസുമായി രഹസ്യാലോചനകളുണ്ടായിരുന്നെന്നും ഒരു ചുററികപോലെ പോർട്ടുഗീസുകാർ തന്റെ തലയ്ക്കു മുകളിൽ നിന്നതിനാൽ താൻ സൂനഹദോസു നിയമങ്ങൾക്കു ഒപ്പു വച്ചതാണെന്നു് അദ്ദേഹം നെസ്തോറിയൻ പാത്രിയക്കീസിനു് രഹസ്യമായി എഴുതിയെന്നും പോർട്ടുഗീസുകാർ പറയുന്നു. (47b)

ഏതായാലും ഗോവസൂനഹദോസു നിയമങ്ങളിൽ അബ്രാഹം ഒപ്പു വച്ചതു് ഏതോ നിർബന്ധം നിമിത്തമാണെന്നു് ഇതിൽ നിന്നു സ്ഫുരിക്കുന്നുണ്ടു്. നെസ്തോറിയൻ പാത്രിയക്കീസുമായി അദ്ദേഹത്തിനു രഹസ്യാലോചനകളുണ്ടായിരുന്നെങ്കിൽ, അവ രഹസ്യമായിരുന്നു എന്നാ

---

47) Brief Sketch....pp. 45—48.

(47b) കത്തോലിക്കനായ പാത്രിയക്കീസിനെ നെസ്തോറിയൻ എന്നു് പലപ്പോഴും പോർട്ടുഗീസുകാർ വിളിച്ചിട്ടുണ്ടെന്നു നാം ഗ്രഹിക്കണം.

കാരണത്താൽ കേരളീയസുറിയാനിക്കാരുടെ കത്തോലിക്കാ ഐക്യത്തെ നശിപ്പിക്കുവാൻ പര്യാപ്തമല്ലായിരുന്നു. പോർട്ടുഗീസുകാരുടെ പല കൃതികളിലും കൽദായ പാത്രിയർക്കീസിനെ നെസ്തോറിയൻ പാത്രിയർക്കീസെന്നു വിളിച്ചിരിക്കുന്നതിൽ നിന്നു് അബ്രാഹം നെസ്തോറിയൻ പാത്രിയർക്കീസുമായി ആലോചന നടത്തിയെന്നു പറയുന്നതു വാസ്തവമോ എന്നു് സംശയിക്കേണ്ടതാണു്.

## നസ്രാണികളുടെ കത്തോലിക്കത്വം.

നെസ്തോറിയത്വം അടങ്ങിയ പുസ്തകങ്ങളുണ്ടെങ്കിലും ഇന്ത്യയെ അധിവസിക്കുന്ന "നെസ്തോറിയൻകാർ" കത്തോലിക്കാ റോമ്മാ വിശ്വാസമുള്ളവരാണെന്നു് ഈ അവസരത്തിലാണു് ഫാദർ റോസ് പ്രസ്താവിച്ചുണ്ടായതു്. (മുകളിൽ നോക്കുക) 1586_ലോ 1587_ലോ ആണു് ഫാദർ റോസ് ഇപ്രകാരമെഴുതിയതു്. (48) ഫാദർ റോസിന്റെ അഭിപ്രായത്തിൽ അബ്രാഹം മാത്രമേ ഈ വിഷയത്തിൽ തെറ്റുകാരനായിരുന്നുള്ളു. (49) കേരളത്തിലെ സുറിയാനിപ്പട്ടക്കാർ പ. ക. മറിയം ദൈവമാതാവാണെന്നു് (എമ്മെദാലാഹാ _ യാൽദസ് ആലാഹാ) പരസ്യമായി പ്രസംഗിച്ചിരുന്നെന്നും കാനോൻ ജപം ചൊല്ലുകയിൽ അവർ നെസ്തോറിസിന്റേയും ദീയദോറിന്റേയും തിയദോറിന്റേയും നാമങ്ങൾ വിട്ടുകളഞ്ഞിരുന്നു എന്നും ഫാദർ റോസ് അതേ രേഖയിൽ തന്നെ പ്രസ്താവിച്ചിട്ടുണ്ടു്! (50) നെസ്തോറിയത്വത്തെ കേരളീയർ അറിഞ്ഞുകൊണ്ടു് സ്വീകരിച്ചിരുന്നില്ല എന്നല്ലയൊ ഇതിന്റെ അർത്ഥം?

## മാർ അബ്രാഹത്തിന്റെ പേരിൽ കുറ്റാരോപണം.

മാർ അബ്രാഹം വലിയ കുറ്റക്കാരനാണെന്നു് പോർട്ടുഗീസുകാർ പറഞ്ഞുതുടങ്ങി. അദ്ദേഹം നെസ്തോറിയനാണു്, ഈശോസഭക്കാരെ ഉപദ്രവിക്കുന്നു, പുസ്തകങ്ങൾ തിരുത്തുന്നില്ല, നമ്മുടെ കർത്താവിന്റെ പീഡകളിന്മേലുള്ള ധ്യാനം ഫലശൂന്യമാണെന്നു പഠിപ്പിക്കുന്നു വിശുദ്ധ വസ്തുക്കൾ ക്രയവിക്രയം ചെയ്യുന്നു ഇത്യാദി നിരവധി കുറ്റങ്ങൾ അദ്ദേഹത്തിന്റെ മേൽ ആരോപിക്കപ്പെട്ടു. അബ്രാഹം ദി ജ്യോർജിയോ [Fr. Abraham di Giorgio, S. J.] എന്നൊരു ഈ

---

(48) De Erroribus..... p. 15.
(49) Ibidem.
(50) pp. 21, 32.

ശോസഭക്കാരൻ 1593 ഒക്ടോബർ 13_ൽ വെപ്പിക്കോട്ട സെമ്മാരിയിൽ നിന്നു് ഈശോസഭയുടെ അദ്ധ്യക്ഷന്നു് എഴുതിയ ഒരെഴുത്തിൽ ഈ സംഗതികളെല്ലാം സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്. (51) 1592-ലെ ഗോവ സൂനഹദോസിലേക്കു ക്ഷണിക്കപ്പെട്ടെങ്കിലും അബ്രാഹം പോയില്ല

ഇവയെല്ലാം എട്ടാം ക്ലെമിസ് മാർപ്പാപ്പാ അറിഞ്ഞു. മാർ അബ്രാഹത്തിന്റെയും അദ്ദേഹത്തിനു തുല്യരായി വല്ലവരുമുണ്ടെങ്കിൽ അവരുടേയും വിശ്വാസത്തെ പരിശോധിക്കണമെന്നും, അബ്രാഹം കുറക്കാരനാണെങ്കിൽ മാന്യനിലയിൽ അദ്ദേഹത്തെ തടവിൽ പാർപ്പിക്കണമെന്നും, അങ്ങനെ വരുന്നപക്ഷം അങ്കമാലി അതിരൂപത ആദ്ധ്യാത്മികങ്ങളിലും ലൌകികങ്ങളിലും നഷ്ടം സഹിക്കാതിരിക്കേണ്ടതിനു് ഒരു ലത്തീൻ വൈദികനെ (പാട്ടുണ്ടെങ്കിൽ സുറിയാനി അറിയാമായിരുന്ന ഒരാളെ) വികാരി അപ്പസ്തോലിക്കാ ആയി നിയമിക്കണമെന്നും, എന്നാൽ ഇങ്ങനെ നിയമിക്കപ്പെടുന്ന ആൾ പട്ടംകൊടുക്കേണ്ടതല്ലെന്നും അദ്ദേഹം മുഖേനയോ നേരിട്ടോ അബ്രാഹത്തെപ്പോലെയുള്ളവരുടെ വിശ്വാസം പരിശോധിക്കണമെന്നും, അബ്രാഹത്തിന്റെ കാര്യത്തിൽ നടത്തുന്ന വിസ്താരത്തിന്റെ റിപ്പോർട്ട് റോമ്മായിലേയ്ക്കയക്കണമെന്നും, അബ്രാഹം സ്വീകരിച്ച ഗോവ സൂനഹദോസു നിശ്ചയപ്രകാരം റോമ്മാ സിംഹാസനം (നേരിട്ടു) നിയമിക്കുന്ന ആളേയല്ലാതെ വേറെ ആരേയും അങ്കമാലി മെത്രാപ്പോലീത്താ ആയി സ്വീകരിക്കരുതെന്നും 1595 ജനുവരി 27_ൽ ഗോവ മെത്രാപ്പോലീത്തായുടെ പേക്കു് എട്ടാം ക്ലെമിസു മാർപ്പാപ്പാ ഒരു കല്പനകൊടുത്തു. ഇങ്ങനെ നിയമിക്ക

---

(51) See the Original, in Beltrami, o. c. pp. 114—115.

പ്പെടുന്ന വികാരി അപ്പസ്തോലിക്കായെ മാററുവാനും വേറൊരാളെ ആക്കുവാനും, ഇങ്ങനെ എത്ര പ്രാവശ്യമെങ്കിലും ചെയ്യുവാനും ഗോവ മെത്രാപ്പോലിത്തായിക്കു് അധികാരം നൽകപ്പെട്ടു. (52)

തന്റെ കീഴുള്ള ക്രിസ്ത്യാനികളെ റോമ്മായുടെ അനുസരണത്തിലേക്കു കൊണ്ടുവരാമെന്നും മററും അബ്രാഹം ഗോവ സൂനഹദോസിൽ ചെയ്ത വാഗ്ദാനം ലംഘിച്ചു എന്നു കേട്ടതിലുള്ള വ്യസനം പ്രകടിപ്പിച്ചുകൊണ്ടാണു് മാർപ്പാപ്പാ പ്രസ്തുത കല്പന ആരംഭിക്കുന്നതു്. "റോമ്മായുടെ അനുസരണത്തിലേക്കു കൊണ്ടുവരുക" എന്നതു് ഏതർത്ഥത്തിലാണു് ഗോവ സൂനഹദോസു് മനസ്സിലാക്കിയതെന്നു് നാം കണ്ടു. അതിൽ ചെയ്ത നിശ്ചയങ്ങൾ നടപ്പിലാക്കുന്നതും റോമ്മാ അനുസരണത്തിലേക്കു നസ്രാണികളെ കൊണ്ടുവരുന്നതും ഒന്നായിരുന്നു. അതിലെ നിശ്ചയങ്ങളിലാകട്ടെ നസ്രാണികളുടെ കത്തോലിക്കത്വം പരോക്ഷമായിട്ടെങ്കിലും ന്യൂനീകരിക്കപ്പെടുകയാണു ചെയ്തതു്. ആകയാൽ "റോമ്മായുടെ അനുസരണത്തിലേക്കു കൊണ്ടുവരുക" എന്നതു് നാം മുമ്പു പറഞ്ഞതുപോലെ കേരളീയ സുറിയാനിസഭയെ പാത്രിയർക്കീസിന്റെ കീഴിൽ നിന്നു മാററുക, അതിന്റെ ആരാധനക്രമം ലത്തീൻ രീതിയോടു യോജിപ്പുള്ളതാക്കുക, തെററുകൾ തിരുത്തുക മുതലായ അ

---

(52) Beltrami pp. 248—250.

ഈ കല്പനയിൽ ഗോവ മെത്രാപ്പോലീത്തായുടെ പേരുപറഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ വിശ്വാസം, നിർമ്മലത, കത്തോലിക്കാവിശ്വാസത്തിലുള്ള തീക്ഷ്ണത എന്നിതുകളിൽ ആശ്രയിച്ചുകൊണ്ടാണു് മാർപ്പാപ്പാ അദ്ദേഹത്തിനു ഈ കല്പന കൊടുത്തതു് (de tua fide, integritate ac catholicae fidei zelo plurimum in Domino confisi) ആകയാൽ ഇതു് ഒരാളുടെ വ്യക്തിവിശേഷത്തെ മുൻനിറുത്തി കൊടുത്ത ഒരു കല്പനയായി കരുതാവുന്നതാണു് (intuitu personae) അങ്ങനെയെങ്കിൽ, 1595 ഫെബ്രുവരി 13-ൽ മാത്രം ഗോവ മെത്രാനാക്കപ്പെട്ട മെനേസിസിനു് 1595 ജനുവരി 27-ൽ എഴുതിയ ഈ കല്പനയനുസരിച്ചു പ്രവർത്തിക്കാമോ എന്നു സംശയിക്കേണ്ടതാണു്. മെനേസിസിനെ ഗോവ മെത്രാപ്പോലീത്താ ആക്കുന്ന ബുള്ളിൽ 1595 ഫെബ്രുവരി 13 എന്ന തീയതിയാണു് കാണുന്നതു്. (Corpo diplomatico Portuguez XII. p. 62. Beltrami o. c. p. 116 note) എന്നാൽ മെനേസിസിനു് ഈ കല്പന നടപ്പിലാക്കാമായിരുന്നു എന്ന സങ്കല്പത്തിലാണു് തുടർന്നുള്ള നമ്മുടെ പ്രസ്താവനകൾ.

ത്ഥങ്ങളിൽ ഗ്രഹിക്കേണ്ടതാണു്. കേരളീയ സുറിയാനിസഭയ്ക്കു കത്തോലിക്കാ ഐക്യം ഇല്ലെന്നല്ല ഏതു സാഹചര്യത്തിലും അതിന്റെ അർത്ഥം എന്നു് ഇതിൽ നിന്നു പൂർവ്വാധികം വിശദമാകുന്നുണ്ടല്ലോ.

മാർ അബ്രാഹത്തെ വിസ്തരിച്ചെന്നും റിപ്പോർട്ടു റോമ്മായിയ്ക്കയച്ചെന്നും എന്നാൽ അദ്ദേഹം മലംപ്രദേശത്തു വസിച്ചിരുന്നതിനാൽ അദ്ദേഹത്തെ തടവുകാരനാക്കുവാൻ സാധിച്ചില്ലെന്നുമാണു് പോർട്ടുഗീസുകാർ പറയുന്നതു്. (53) കൽദായ മെത്രാന്മാർ കേരളത്തിൽ എത്താതിരിക്കുവാനുള്ള സകല ശ്രമവും പോർട്ടുഗീസുകാർ ഉടൻതന്നെ ചെയ്തുതീർത്തു

1597 ജനുവരി 21-ൽ അതേ മാർപ്പാപ്പാ തന്നെ ഗോവ മെത്രാപ്പോലീത്തായിക്കു വേറൊരു കല്പന കൊടുത്തു. അതിൽ മാർ അബ്രാഹത്തിന്റെ അബദ്ധങ്ങളെപ്പറ്റി യാതൊന്നും പറയുന്നില്ല. കാനോനികമായി മാർ അബ്രാഹത്തിനു് ഒരു പിൻഗാമി നിശ്ചയിക്കപ്പെടുന്നതുവരെ, മാർ അബ്രാഹത്തിന്റെ മരണശേഷമുള്ള കാലയളവിൽ അങ്കമാലി അതിരൂപത ആദ്ധ്യാത്മികങ്ങളിലും ലൗകികങ്ങളിലും യാതൊരു നഷ്ടവും സഹിക്കാതിരിക്കേണ്ടതിനു് ഒരു വികാരി അപ്പസ്തോലിക്കായെ നിശ്ചയിക്കണമെന്നാണു് ആ കല്പനയുടെ സാരം. (54) ഒന്നാമത്തെ കല്പനയുടെ ശേഷം, പോർട്ടുഗീസുകാർ അയച്ച റിപ്പോർട്ടിന്റെ ഫലമാണോ ഈ കല്പന?

ഈ രണ്ടു കല്പനകളിൽ നിന്നും കേരളീയ നസ്രാണികൾ കത്തോലിക്കരായിരുന്നു എന്നു മാത്രമാണു് ധ്വനിക്കുന്നതു്. അല്ലെങ്കിൽ അവരുടെ അതിരൂപതയെപ്പറ്റി ഇങ്ങനെയുള്ള തീരുമാനങ്ങൾ റോമ്മായിൽ നിന്നു ചെയ്യുന്നതല്ല. എന്നാലും അവർ "റോമ്മായുടെ അനുസരണത്തിലേക്കു" കൊണ്ടുവരപ്പെടേണ്ടവരാണത്രേ! അതേ, കത്തോലിക്കാ ഐക്യമില്ലാതിരുന്നവരെന്ന നിലയിലല്ല അവർ ഇങ്ങനെ കൊണ്ടുവരപ്പെടേണ്ടിയിരുന്നതു്.

മരണംവരെ മാർ അബ്രാഹം കേരളീയരെ ഭരിക്കുവാൻ മാർപ്പാപ്പാ സമ്മതിക്കുന്നതായി രണ്ടാം കല്പനയിൽ നാം കാണുന്നു. ആകയാൽ അബ്രാഹം മരിക്കുന്നതുവരെ നസ്രാണികൾ അദ്ദേഹത്തെ അനുസരിക്കുന്നതിൽ തെറ്റില്ല; അനുസരിക്കേണ്ടതുമാണു്. ഈ കാരണത്താൽ അബ്രാ

---

(53) Raulin, o. c. p. 17.
(54) Beltrami, o. c. pp. 252–253.

ഹത്തെ അദ്ദേഹത്തിന്റെ അവസാന കാലങ്ങളിൽ അനുസരിച്ചിരുന്നു എന്ന കാരണത്താൽ നസ്രാണികൾ അകത്തോലിക്കരായി പരിഗണിക്കപ്പെട്ടുകൂടാ.

അബ്റാഹത്തിനു് പിൻഗാമിയെ കൊടുക്കുവാൻ പല ആലോചനകളും ഈ അവസരത്തിൽ റോമ്മായിൽ നടന്നിരുന്നു. അദ്ദേഹം മരിച്ചില്ലെന്നുള്ള ധാരണയിൽ 1597 മേയ് 8 ൽ ഉണ്ടായ നിയമനം റദ്ദാക്കുകകൂടി ചെയ്തു (55) കേരളീയരെ ഭരിക്കുവാൻ നിയമിക്കപ്പെടുന്ന മെത്രാൻ നിവൃത്തിയുള്ള പക്ഷം ഈശോസഭാംഗവും, ഒരിക്കലും പോർട്ടുഗീസുകാരനും ആകരുതെന്നും, അദ്ദേഹം നല്ലതുപോലെ സുറിയാനി പരിചയമുള്ളവനായിരിക്കണമെന്നും അബ്റാഹം ദിജിഓർജിയോ 1593 ഡിസംബർ 15-ൽ റോമ്മായിലേക്കു് എഴുതിയിട്ടുണ്ടായിരുന്നു. (55b)

ഗോവ മെത്രാപ്പോലീത്തായിക്കു നൽകപ്പെട്ട കല്പനകൾ രണ്ടും കേരളത്തിൽ ശരിയായി അറിയപ്പെട്ടിരുന്നില്ല. അങ്കമാലി അതിരൂപതയിൽ അദ്ധ്യക്ഷനില്ലാതെ വരുമ്പോൾ ആ അതിരൂപതയെ അക്ദിയാക്കോൻ ഭരിക്കണമെന്നു് പതിമ്മൂന്നാം ഗ്രിഗോറിയൂസ് മാർപ്പാപ്പാ അദ്ദേഹത്തോടു കല്പിച്ചിരുന്നതു് ഈ രണ്ടു കല്പനകളാലും റദ്ദാക്കപ്പെട്ടു. പക്ഷെ അക്ദിയാക്കോൻ അതറിഞ്ഞിരിക്കുവാൻ ഇടയില്ല. 1599-ൽ ഗോവയിലെ മെനേസിസ് മെത്രാപ്പോലീത്ത, ഈ കല്പനകളെ അടിസ്ഥാനപ്പെടുത്തി നടത്തിയ ഉദയമ്പേരൂർ സൂനഹദോസിന്റെ അവസരത്തിലാണു് അവ മുറയ്ക്കു കേരളത്തിൽ അറിയപ്പെട്ടതു്.

പാഷണ്ഡൻ എന്നു സംശയിക്കപ്പെടുന്നവനായി ഒന്നാം കല്പനയിൽ പ്രത്യക്ഷപ്പെടുന്ന അബ്റാഹം, മരണംവരെ ഭരണം നടത്തുവാനാണു് രണ്ടാം കല്പനയിൽ മാർപ്പാപ്പാ സമ്മതിക്കുന്നതു്. ഒന്നാം കല്പനപ്രകാരമുള്ള റിപ്പോർട്ടു് പോർട്ടുഗീസുകാർ റോമ്മായിക്കയച്ച ശേഷമാണു് ഈ തിരുമാനം ഉണ്ടായിട്ടുള്ളതു് (?) ഏതായാലും അബ്റാഹത്തിന്റെ കത്തോലിക്കത്വം രണ്ടാം കല്പനയിൽ പ്രത്യക്ഷപ്പെടുന്നതായി കരുതാം. അദ്ദേഹം മരിച്ചില്ലെന്നു കരുതി പിൻഗാമി നിയമിക്കപ്പെടാതിരുന്നതു് ഈ അനുമാനത്തെ സ്ഥിരീകരിക്കുന്നു. രണ്ടാം കല്പന വന്നതോടെ ഒന്നാം കല്പനയുടെ ശക്തി ക്ഷയിച്ചതായും കരുതുവാൻ പാടുണ്ടു്. എന്നാൽ ഒന്നാം കല്പനക്കും ശക്തിയുണ്ടായിരുന്നു എന്ന ഭാവത്തിലാണു് തുടർന്നുള്ള നമ്മുടെ പ്രസ്താവനകൾ.

---

(55) Beltrami, p. 129; 240; 131.
(55b) Ibid. p. 129.
(57) Thesaurus Rerum Indicarum, I. pp. pp. 614—615.

## മാർ അബ്രാഹത്തിന്റെ മരണം.

1597_ൽ മാർ അബ്രാഹം മരണംപ്രാപിച്ചു; അങ്കമാലിൽ അദ്ദേഹം പണിയിച്ച കിഴക്കേ പള്ളിയിൽ സംസ്കരിക്കപ്പെട്ടു. അദ്ദേഹം നെസ്തോറിയനായി മരിച്ചെന്നത്രെ പോർട്ടുഗീസുകാർ പറയുന്നതു്. എന്നാൽ ഈശോസഭക്കാർക്കു സ്വജനത്തെ ഭരമേല്പിച്ചുകൊണ്ടു് ഉത്തമ കത്തോലിക്കനായി അദ്ദേഹം മരിച്ചെന്നു് പീററർ ജാറി എന്ന ഈശോസഭക്കാരൻ പ്രസ്താവിക്കുന്നു (57) രോഗശയ്യയിൽ വച്ചു് മാർ അബ്രാഹം മാനസാന്തരപ്പെട്ടെങ്കിലും രോഗശമനം വന്ന അവസരത്തിൽ അദ്ദേഹം പൂർവ്വസ്ഥിതിയെ പ്രാപിച്ചു് ആ നിലയിൽ മരിച്ചു എന്നും ആകയാൽ പീററർജാറി പറയുന്നതു് ഇടയ്ക്കുണ്ടായ മാനസാന്തരത്തെപ്പററിയാണെന്നും പോർട്ടുഗീസുകാർ പറയുന്നു. എന്നാൽ ഭാഗ്യസ്മരണാർഹനും റോമ്മാക്കടേച്ചരിക്കു പുറത്തുവച്ചു മരണം പ്രാപിച്ചവനും ആയ മാർ അബ്രാഹം ഹേതുവാൽ ഇടയനിൽ നിന്നുള്ള ആശ്വാസമില്ലാതായിതീന്ന അതിരൂപത" എന്നാണു് മാർ അബ്രാഹത്തിന്റെ മരണശേഷം മാർപ്പാപ്പാ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ രൂപതയെയുംപററി പറഞ്ഞിരിക്കുന്നതു് (57b) മാർ അബ്രാഹത്തിന്റെ സന്മരണത്തിനു് ഇതൊരു സാക്ഷ്യമാണു്. കൂടാതെയും അബ്രാഹം മരിച്ചില്ലെന്നുള്ള സംശയം നിമിത്തം, 1597 മേയ് 8 ാംനു- പിൻഗാമിയായി തിരിഞ്ഞെടുക്കപ്പെട്ട യോഹന്നാൻബാപ്റ്റിസ്ററ് എന്ന ദേഹത്തെ റോമ്മാ അംഗീകരിക്കാതിരുന്നു. [57c]

## നസ്രാണികളുടെ കത്തോലിക്കത്വം.

സംഗതി എങ്ങനെയെങ്കിലുമാകട്ടെ. മരണംവരെ ഭരണം നടത്തുവാൻ മാർപ്പാപ്പാ അബ്രാഹത്തിനു സമ്മതം നൽകിയിട്ടുണ്ടായിരുന്നു. മരണം വരെ പിൻഗാമി നിയമിതനായില്ല. അതുമല്ല, മരിച്ചില്ലെന്നുള്ള സംശയത്താൽ പിൻഗാമിയുടെനിയമനം മാററിവയ്ക്കപ്പെടുകകൂടെ ചെയ്തു. ആകയാൽ അബ്രാഹത്തിന്റെ മരണം വരെ നസ്രാണികൾ അദ്ദേഹത്തെ അനുസരിച്ചതിൽ അവർ തെററു ചെയ്തുകയോ അകത്തോലിക്കരായി വർത്തിക്കുകയോ ചെയ്തെന്നു പറയാവുന്നതല്ല. അബ്രാഹത്തെപ്പററിയുള്ള കുററാരോപണങ്ങൾ കേട്ടശേഷമാണു് മാർപ്പാപ്പാ ഇങ്ങനെ തീരുമാനം ചെയ്തതും.

---

57b ) Bullarium Patronatus Portugalliae I. p. 26.
57c ) Beltrami, o. c. pp. 240, 231.

ജൂബിലിബന്ധവിമോചനം.

നസ്രാണികളുടെ കത്തോലിക്കത്വത്തെ പ്രദ്യോതിപ്പിക്കുന്ന വേറൊരു സംഭവം പീററർജാറി പ്രസ്താവിക്കുന്നുണ്ടു്. 1596-ൽ ക്ലെമിസു മാർപ്പാപ്പായുടെ ജൂബിലി കേരളത്തിൽ പ്രഖ്യാപനം ചെയ്യപ്പെട്ടു. നസ്രാണികൾ അതു സ്വീകരിച്ച വിധത്തെപ്പററി പീററർജാറി ഇങ്ങനെ പറയുന്നു: "ഈ ജൂബിലി പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ ഈ ക്രിസ്തീയ ജനം അത്യന്തം സന്തുഷ്ടരാകുകയും മാർപ്പാപ്പായെ പുകഴ്ത്തുന്നതിനും പ്രശംസിക്കുന്നതിനും അവൎക്കു് ഇതൊരു കാരണമായി ഭവിക്കയും ചെയ്തു. പ്രസ്തുത ജൂബിലിയവസരത്തിൽ അവർ ഉപവസിച്ചിരുന്ന ദിവസങ്ങളിൽ സന്ധ്യവരെ യാതൊന്നും അനുഭവിക്കാതെ പകൽ മുഴുവൻ ദേവാലയത്തിൽ പ്രാൎത്ഥിച്ചുകൊണ്ടിരുന്നു. ജൂബിലി പ്രസിദ്ധീകരിക്കപ്പെട്ടതും അധികം ജനബാഹുല്യമുള്ളതും ആയ പട്ടണത്തിൽ രണ്ടായിരത്തിൽ പരം ആളുകൾ കുമ്പസാരിക്കുകയുണ്ടായി. ചിലർ കുമ്പസാരിക്കേണ്ടതിനായി പട്ടക്കാരന്റെ അടുക്കലേക്കു് അദ്ധരാത്രി മുതൽ വന്നുകൊണ്ടിരുന്നു. അതിനിടയ്ക്കു മററു സ്ഥലങ്ങളിലെ ജനങ്ങൾ ജൂബിലി പ്രസിദ്ധീകരിക്കപ്പെട്ട ദിക്കിലെ പട്ടക്കാരന്റെ അടുക്കൽ ചെന്നു് അവിടങ്ങളിലും അതു വിളംബരം ചെയ്യണമെന്നപേക്ഷിച്ചിരുന്നു. എന്നാൽ എല്ലാവരുടേയും ആഗ്രഹത്തെ അനുവദിക്കുവാൻ സാധിക്കാഞ്ഞതിനാൽ ചിലൎക്കു മാത്രമേ അതു ലഭിക്കുവാൻ സംഗതിയായുള്ളു" (58)

നസ്രാണികളുടെ കത്തോലിക്കത്വത്തിനു ഇതിനേക്കാൾ കൂടുതൽ പ്രാബല്യമുള്ള വേറെ തെളിവു് ആവശ്യമുണ്ടോ? ഇതു് 1596-ൽ നടന്നു. എങ്കിലും അന്നും അവർ "റോമ്മായുടെ അനുസരണത്തിലേക്കു" കൊണ്ടുവരപ്പെടേണ്ടവരായിരുന്നു! പൊതുവേ നസ്രാണികൾ കുമ്പസാരത്തെയും പ്രായശ്ചിത്തത്തെയും വെറുത്തിരുന്നു എന്നു ഗൂവെയാ പറയുന്നതു് ഏതൎത്ഥത്തിൽ ഗ്രഹിക്കണമെന്നു് ഇതിൽ നിന്നു വിശദമാകുന്നുണ്ടു്.

ജൂബിലി പ്രഖ്യാപനം ചെയ്യുന്നതിൽ അബ്രാഹം വിമുഖനായിരുന്നെന്നു മററും അദ്ദേഹത്തിന്റെ പേരിൽ കുററാരോപണമുണ്ടായിരുന്നു. എന്തുതന്നെ ആയാലും നസ്രാണികളുടെ കത്തോലിക്കാ ഐക്യത്തെ ഏററം വിശദമായി തെളിയിക്കുന്ന സംഭവങ്ങളാണു് 16-ാം ശതാബ്ദത്തിന്റെ ഉത്തരഘട്ടത്തിൽ നടന്നിട്ടുള്ളതെന്നു് സമ്മതിക്കാതെ തരമില്ല. അവരിൽ അബദ്ധങ്ങളോ ദുരാചാരങ്ങളോ അജ്ഞതയോ മത്സരബുദ്ധിയോ ഇല്ലായിരുന്നു എന്നല്ല ഇതിന്റെ അൎത്ഥം—ഒന്നാം അദ്ധ്യായം നോക്കുക.

---

(58) o. c. I. pp. 615—616.

സ്പെയിൻകാരനും ഒരു ഈശോസഭാംഗവും ആയ മോൺട് സെറാറ് (Montserrat) എന്ന വൈദികൻ കേരളത്തിലെ സ്ഥിതിഗതികൾ നല്ലവണ്ണം ഗ്രഹിച്ചശേഷം, നസ്രാണികളെ കൽദായപാത്രിയർക്കീസിന്റെ കീഴാക്കുകയോ, അഥവാ നേരിട്ടു മാർപ്പാപ്പായുടെ കീഴാക്കുകയോ, അഥവാ ഗോവമെത്രാപ്പോലീത്തായുടെ ഉപമെത്രാന്റെ കീഴാക്കുകയോ ഏതാണ് വേണ്ടത് എന്ന് തീരുമാനിക്കുവാൻ, മാർപ്പാപ്പാ ഒരു പ്രതിനിധിയെ അയക്കുന്നതു നല്ലതാണെന്നും പാടുണ്ടെങ്കിൽ അയാൾ പോർട്ടുഗീസുകാരനായിരിക്കരുതെന്നും അഭിപ്രായപ്പെടുകയുണ്ടായി (59) ഇത് 1579-ൽ നടന്നു എന്നു ചിലർ പറയുന്നത് ശരിയല്ലെന്നും, അതിനുശേഷം മാർ അബ്രാഹത്തിന്റെ മരണത്തിനു കുറെ മുമ്പാണ് നടന്നതെന്നും ബെർത്രാമി പ്രസ്താവിക്കുന്നു.

---

## പതിനാറാം അദ്ധ്യായം.

---

# ഉദയംപേരൂർ സൂനഹദോസിനു മുമ്പ് കേരളീയ സുറിയാനിക്കാരുടെ കത്തോലിക്കാ ഐക്യം.

---

### അർക്കദിയാക്കോന്റെ ഭരണം.

മാർ അബ്രാഹം നിര്യാതനായ ഉടനെ ഗീവറുഗീസു അർക്കദിയാക്കോൻ സഭാഭരണം സ്വീകരിച്ചു. പതിമ്മൂന്നാം ഗ്രിഗോറിയൂസ് മാർപ്പാപ്പാ അദ്ദേഹത്തെ ഇതിന് അധികാരപ്പെടുത്തിയിട്ടുണ്ടായിരുന്നു എന്നു നാം കണ്ടതാണ്. മെത്രാപ്പോലീത്തായുടെ അഭാവത്തിൽ അർക്കദിയാക്കോൻ സഭാഭരണം നടത്തുക എന്നതായിരുന്നു കേരളീയ സഭയിലെ നടപ്പ്. മാർ അബ്രാഹം ഈ വിഷയത്തിൽ അർക്കദിയാക്കോന് അധികാരം നൽകിയിട്ടുണ്ടായിരുന്നു. (1) അബ്രാഹത്തിന്റെ പിൻഗാമി നിയമിക്കപ്പെടുന്നതിനു മുമ്പ് അദ്ദേഹത്തിന്റെ

---

59) Brief Sketch... p. 48.
1) Raulin. o. c. p. 19.

മരണശേഷമുള്ള കാലങ്ങളവിടേലേക്കു് ഒരു വികാരി അപ്പസ്തോലിക്കായെ നിയമിക്കണമെന്നു് മാർപ്പാപ്പാ ഗോവാമെത്രാപ്പോലീത്തായിക്കു കൊടുത്തിരുന്ന കല്പന മുന്നളത്തിൽ അറിഞ്ഞിരുന്നില്ല. ആ കല്പന കിട്ടിയപ്പോഴം അബ്രാഹം മരിച്ചിരുന്നെന്നും അക്കദിയാക്കോൻ ഭരണം സ്വീകരിച്ചു കഴിഞ്ഞിരുന്നെന്നും ആണു് ഗോവയിലെ മെനേസിസു് മെത്രാപ്പോലീത്താ ഇതു സംബന്ധിച്ചു് ഓർശ്ലേമത്തെ ലത്തീൻപാത്രിയക്കീസിനു് എഴുതിയിരിക്കുന്നതു്. ആകയാൽ അക്കദിയാക്കോന്റെ പ്രവൃത്തിയെപ്പററി ദൂഷ്യവിമർശനം ചെയ്യാമെന്നു തോന്നുന്നില്ല.

## മേനേസീസിന്റെ ലേഖനം.

മാർ അബ്രാഹം മരിച്ചപ്പോൾ അലെക്സിയൂസു് മെനേസീസു് ആയിരുന്നു ഗോവയിലെ മെത്രാപ്പോലീത്താ. അദ്ദേഹം മാർ അബ്രാഹം മരിച്ചുടനെ തന്നെ, 1597 ഡിസംബർ 19-ാംനു- റോമ്മായിൽ വസിച്ചിരുന്ന ഓർശ്ലേമിലെ ലത്തീൻപാത്രിയക്കീസിനു് ഒരു ദീർഘലേഖനമയച്ചു. ആ ലേഖനം മെനേസിസിന്റെ മനസ്ഥിതിയും പിന്നീടു നടന്ന ഉദയമ്പേരൂർ സൂനഹദോസിന്റെ പ്രകൃതിയും ധാരാളം വെളിപ്പെടുത്തുന്നുണ്ടു്.

കേരളീയസുറിയാനിക്കാർ നെസ്തോറിയൻ അബദ്ധങ്ങളുള്ളവരും ശിസ്മക്കാരും ആണു്; റോമ്മായുടെ അനുസരണത്തിലേക്കു് അവരെ കൊണ്ടുവരുവാനുള്ള പോർട്ടുഗീസുകാരുടെ ശ്രമം അവർ നിഷ്ഫലമാക്കിയിരിക്കുന്നു; മാർപ്പാപ്പാ സുറിയാനിമെത്രാനെ നിയമിക്കുന്ന പക്ഷം ആ മെത്രാനെ സ്വീകരിച്ചുകൊള്ളാം, അല്ലാത്തപക്ഷം എന്തു ചെയ്യണമെന്നു് പിന്നീടു ആലോചിച്ചുകൊള്ളാം എന്നു് നസ്രാണികൾ ഒരു യോഗം കൂടി തീരുമാനിച്ചിരിക്കുന്നു; മാർപ്പാപ്പായുടെ നാമം ഒരാൾ കുർബാനായിൽ ഉച്ചരിച്ചതിനെ ഒരു വൈദികൻ തടഞ്ഞു; അതിനായി ആ വൈദികനെ ശിക്ഷിക്കുവാൻ താൻ അക്കദിയാക്കോനു് എഴുതിയിട്ടുണ്ടു്; ഈ ദൂഷ്യങ്ങളെല്ലാം പരിഹരിക്കുവാൻ വികാരി അപ്പസ്തോലിക്കായെ നിയമിക്കാതെ താൻ തന്നെ കേരളത്തിലെത്തി സുറിയാനിക്കാരുടെ എല്ലാ പള്ളികളും സന്ദർശിക്കുവാൻ കരുതിയിരിക്കയാണു; കേരളത്തിൽ തനിക്കു സ്നേഹിതന്മാരും സഹകാരികളും ഉള്ളതിനു പുറമെ അവിടെ താൻ സ്വശക്തിയാൽ രണ്ടാമത്തെ അധികാരികൂടെയാണു്; അക്രൈസ്തവരാജാവു് സ്വകാര്യലാഭത്തിനായി തന്നോടു സ്നേഹഭാവത്തിൽ വർത്തിക്കും; താൻ ഒരു സൂനഹദോസുകൂട്ടി റോമ്മാസഭയുടെ അനുസരണത്തിൽ കേരളീയരെ കൊണ്ടുവരുകയും, മാർപ്പാപ്പാ നിയമിക്കുന്ന മെത്രാനെ സ്വീകരിച്ചുകൊള്ളാമെന്നു് അവരെക്കൊണ്ടു് സമ്മതിപ്പിക്കുകയും പള്ളികൾ ശുദ്ധീകരിച്ചു് അബദ്ധങ്ങളടങ്ങിയ പുസ്തകങ്ങൾ അവരിൽ നിന്നു് നീക്കിക്കളയുകയും ചെയ്യും; മലയാളഭാഷ അറിയാവുന്നവ

രെയും ചില ഈശോസഭക്കാരെയും തന്റെകൂടെ കൊണ്ടുപോകുന്നതാണു്; ആറേഴു മാസം താൻ അവിടെ താമസിക്കും; ഒക്ടോബർ വരെ കേരളീയസഭയ്ക്കു ഒരു മെത്രാനെ താൻ പാർത്തിരിക്കും; മെത്രാൻ നിയമിതനായില്ലെങ്കിൽ, ഒരു ഈശോസഭക്കാരനാണു് മെത്രാനായി നിയമിതനാകേണ്ടതു്; സുറിയാനി നിറുത്തലാക്കണം; അതു് അബദ്ധങ്ങളൊഴുകി വരുന്ന ചാലാകുന്നു; വൈദികർ ലത്തീൻ പഠിക്കേണ്ടതാണു്; പുതിയ മെത്രാൻ ഈ വിഷയത്തിൽ ഉപദേശിക്കപ്പെടണം; സുറിയാനിക്കു പകരം ലത്തീൻ ഏർപ്പെടുത്തപ്പെടണം; അങ്ങനെ ചെയ്യുകയാണു് ഉത്തമ ഭരണാധികാരിയുടെ ധർമ്മം; പുതിയ മെത്രാൻ ഗോവമെത്രാപ്പോലീത്തായുടെ ഉപമെത്രാനായിരിക്കണമെന്നതാണു് "ഏററം പ്രധാനമായ സംഗതി"; ബാബേൽ പാത്രിയർക്കീസാണു് കേരളത്തിലേക്കു മെത്രാന്മാരെ അയയ്ക്കുന്നതു്; അയാൾ ആയിരം തെററുള്ളവനും തെററുകളുപേക്ഷിപ്പാൻ മനസ്സില്ലാത്തവനും ശീസ്മക്കാരനും ആണു്; മാർ അബ്രാഹം ഈ തരക്കാരനായിരുന്നു, ഇങ്ങനെ മരിക്കയും ചെയ്തു; താൻ പ്രസിദ്ധപ്പെടുത്തിയ ജൂബിലി അബ്രാഹം സ്വീകരിച്ചില്ലെങ്കിലും ഈശോസഭക്കാർ വഴിയായി ചില പള്ളികളിൽ ജനങ്ങൾ അതിനെ ഭക്തിപൂർവ്വം സ്വീകരിച്ചു, (2) എന്നെല്ലാമാണു് മെനേസിസു് പ്രസ്തുത ലേഖനത്തിൽ പ്രതിപാദിക്കുന്നതു്.

റോമ്മായുടെ അനുസരണത്തിലേക്കു കൊണ്ടുവരുവാനുള്ള പോർട്ടുഗീസുകാരുടെ ശ്രമത്തെ നിഷ്ഫലമാക്കിയവരും നെസ്തോറിയൻ അബദ്ധമുള്ളവരും ശീസ്മക്കാരും ആയിരുന്ന കേരളീയരിൽ ചിലർ ജൂബിലി ബന്ധവിമോചനം ഭക്തിപൂർവ്വം സ്വീകരിച്ചെന്നാണോ മെനേസിസു് പറയുന്നതു്! ശീസ്മക്കാരായ അകത്തോലിക്കർക്കു് ബന്ധവിമോചനം തിരുസഭ നൽകുന്നില്ലല്ലോ. സുറിയാനി മെത്രാനെ റോമ്മാപ്പാപ്പാ, നിയമിച്ചാൽ ആ മെത്രാനെ സ്വീകരിക്കണമെന്നു് കേരളീയർ തീരുമാനിച്ചതിൽ നിന്നു് അന്നവർ മാർപ്പാപ്പായുടെ കീഴായിരുന്നു എന്നു സിദ്ധിക്കുന്നു. ലത്തീൻ മെത്രാൻ നിയമിക്കപ്പെട്ടാൽ ആ മെത്രാനെ സ്വീകരിക്കരുതെന്നു് അവർ നിശ്ചയം ചെയ്തില്ല; പിന്നീടു എന്തു ചെയ്യണമെന്നു് ആലോചിക്കണമെന്നു മാത്രമായിരുന്നു അവരുടെ നിശ്ചയം. ഇതും അവരുടെ കത്തോലിക്കത്വത്തിനു വേറൊരു ലക്ഷ്യമാണു്. മാർപ്പാപ്പായുടെ നാമം കുർബാനയിൽ ഉച്ചരിച്ചതിനെ തടഞ്ഞ വൈദികനെ ശിക്ഷിക്കണമെന്നു് മെനേസിസു് അർക്കദിയാക്കോനോടു് ആവശ്യപ്പെട്ടതു് അതൊരു തെററായതുകൊണ്ടാണു്. കേരളീയരെല്ലാവരും ആ വൈദികനെപ്പോലെ ഈ വിഷയത്തിൽ തെററുകാരായിരു

---

(2) Brief Sketch. pp. 52—54.

ന്നൊങ്കിൽ തൊറുകാരനായ ആ ഒരു വൈദികനെ ശിക്ഷിക്കണമെന്നു് പ്രത്യേകമായി അക്കിദിയാക്കോനെ അറിയിക്കേണ്ടതില്ലായിരുന്നു. (3) കേരളത്തിലേക്കുള്ള തന്റെ യാത്രയേയും തന്റെ സ്വാധീനശക്തിയേയും സ്വസഹോദരനു കൂട്ടുവാനുള്ള തന്റെ നിശ്ചയത്തെയും അതിൽ ചെയ്യുവാൻ താനുദ്ദേശിക്കുന്ന കാര്യങ്ങളേയും മറ്റും സംബന്ധിച്ചു് മെനെസിസു മുൻകൂട്ടി പറയുന്നവ ശുദ്ധാബദ്ധങ്ങളാണു്. പറഞ്ഞതുപോലെ എല്ലാം അദ്ദേഹം പ്രവർത്തിച്ചു; അതു് "കരുതിക്കൂട്ടി"യുള്ള ഒരു പ്രവൃത്തിയായിരുന്നു. സുറിയാനിക്കാരുടെ പക്കൽ അബദ്ധങ്ങളടങ്ങിയ പുസ്തകങ്ങളുണ്ടായിരുന്നു. മാർപ്പാപ്പാ നിയമിക്കുന്ന മെത്രാൻ എന്നു മെനെസിസു പറയുന്നതിൽ നി° അതുവരെ കേരളത്തെ ഭരിച്ചിരുന്ന മെത്രാന്മാർ മാർപ്പാപ്പായാൽ നേരിട്ടു നിയമിക്കപ്പെട്ടവരല്ലായിരുന്നു എന്നു അർത്ഥമുള്ളു. മാർപ്പാപ്പായുടെ ഐക്യത്തിലുള്ള പാത്രിയർക്കീസിന്റെ നിയമനം കത്തോലിക്കാത്വത്തിനു ധാരാളം മതിയാകുന്നതാണു്. സുറിയാനിഭാഷ അബദ്ധങ്ങളൊഴുകുന്ന ചാലാണെന്നും ലത്തീൻ ഏർപ്പെടുത്തണമെന്നും മെനെസീസു പറയുന്നതിനെപ്പറ്റി എന്തു പറയട്ടെ! പുതിയ മെത്രാൻ ഈശോസഭക്കാരനാകുന്നതു നന്നാണു്; എന്നാൽ ആ മെത്രാൻ ഗോവ മെത്രാപ്പോലീത്തായുടെ ഉപമെത്രാനായിരിക്കണമെന്നുള്ളതാണു് സാരവത്തായ സംഗതി എന്നു പറകയിൽ മെനെസീസു് പോർട്ടുഗീസു മനഃസ്ഥിതി മുഴുവൻ വെളിപ്പെടുത്തുന്നുണ്ടു്. ഗോവ മെത്രാൻ ഇൻഡ്യ മുഴുവന്റേയും കേരളത്തിന്റേയും മെത്രാനായിരിക്കണമെന്നുള്ളതായിരുന്നല്ലോ പോർട്ടുഗീസുകാരുടെ ആഗ്രഹം. കേരളത്തിൽ അധികാരം കിട്ടുവാൻ അവർ ആരംഭം മുതൽ തന്നെ പരിശ്രമിച്ചുവരുന്നു. ആയിരം തൊറുകളുള്ളവനെന്നും ശീസ്മക്കാരനെന്നും മെനെസീസു പറയുന്ന പാത്രിയർക്കീസു് ദെനഹാ ശെമഓനാണു്. മാർപ്പാപ്പായിൽ നിന്നു പാള്ളിയം സ്വീകരിച്ചു ഒരാളാണു് ദെനഹാ ശെമഓൻ എന്നു നാം കണ്ടതാണല്ലോ. കല്ദായരോടെയാണു് കേരളീയർ ശെമഓൻ പാത്രിയർക്കീസിനെ ഉദയമ്പേരൂർവച്ചു് ഉപേക്ഷിച്ചതെന്നു് ഒരു ദൃക്സാക്ഷി പറയുന്നതിൽ നിന്നു് അന്നു കേരളത്തിൽ ദെനഹാ

---

(3) കത്തോലിക്കരെല്ലാവരും മാർപ്പാപ്പായുടെ നാമം കുർബാനയിലും മറ്റും ഉച്ചരിച്ചു പ്രാർത്ഥിക്കുക കത്തോലിക്കാത്വത്തിനു അവശ്യം വേണ്ടതായ ഒരു സംഗതിയല്ല. കത്തോലിക്കാ ഐക്യമുള്ള പലരും പുരാതനകാലത്തിൽ അങ്ങനെ ചെയ്തിരുന്നില്ല. ആകയാൽ, കേരളീയസഭ അന്നു ഇങ്ങനെ ചെയ്തിരുന്നില്ലെന്നു് ഈ സംഭവത്തിൽ നിന്നു അനുമാനിക്കുകയും ഈ അനുമാനത്തെ അടിസ്ഥാനപ്പെടുത്തി കേരളീയസഭ അന്നു കത്തോലിക്കാ അല്ലായിരുന്നെന്നു് ചിലർ വാദിക്കുകയും ചെയ്യുന്നതു ശരിയല്ല.

ശെമഓന്റെ അധികാരമാണു് ഉണ്ടായിരുന്നതെന്നു തെളിയുന്നു. (4) തൃശ്ശൂരുള്ള സുറായി മെത്രാൻ മാർ അബ്ദിമ്ലെകിന്റെ കൈവശം ഉദയമ്പേരൂർ സൂന്നഹദോസിനു കുറെ വർഷങ്ങൾക്കുമുമ്പു് എഴുതപ്പെട്ട ഒരു കൽദായ സുറിയാനി കാനോനൻ ജപപുസ്തകം ഇപ്പോഴും ഇരിപ്പുണ്ടു് കോതമംഗലം പള്ളിയിൽ വച്ചാണു് അതെഴുതപ്പെട്ടതു്. കേരളം അന്നു് ശെമഓൻ പാത്രിയർക്കീസിന്റെ കീഴായിരുന്നു എന്നു് അതിൽ കാണുന്നു. ഇതെഴുതുന്ന ആൾ ആ പുസ്തകം പരിശോധിച്ചിട്ടുള്ളതാണു്. ആകയാൽ അന്നു കേരളത്തിൽ ദെന്ഹാ ശെമഓന്റെ അധികാരമാണു് സ്വീകരിക്കപ്പെട്ടിരുന്നതെന്നു് വ്യക്തമാകുന്നു. അന്നത്തെ നെസ്തോറിയൻ പാത്രിയർക്കീസിന്റെ പേരു് ഏലിയാ എന്നായിരുന്നു എന്നും നാം കണ്ടതാണു്. അദ്ദേഹം അന്നു് റോമ്മായുമായി ഐക്യപ്പെടുവാൻ ശ്രമിച്ചുകൊണ്ടിരുന്നു എന്നും റോമ്മായുടെ പരമാധികാരത്തിൽ അദ്ദേഹം വിശ്വസിച്ചിരുന്നു എന്നും മുകളിൽ രേഖാമൂലം തെളിയിച്ചിട്ടുണ്ടു്. 1585_ലെ ഗോവ സൂന്നഹദോസിൽവച്ചു് അന്നു കേരളത്തെ ഭരിച്ചിരുന്ന പാത്രിയർക്കീസ് കത്തോലിക്കനായിരുന്നു എന്നു പോർട്ടുഗീസുകാർ സമ്മതിച്ചതാണു്. അന്നത്തെ പാത്രിയർക്കീസാകട്ടെ ഇപ്പോൾ പറഞ്ഞ ദെന്ഹാ ശെമഓനായിരുന്നു. സൂന്നഹദോസിന്റെ കാലമായ 1585_ൽ തന്നെയാണു് അദ്ദേഹം മാർപ്പാപ്പായുടെ പ്രതിപുരുഷനായ സിദോനിയായിലെ ലെയൊനാർദ് മെത്രാൻ മുഖേന പാലിയം സ്വീകരിച്ചതു്. എന്നാൽ മെനേസിസ് അദ്ദേഹത്തെ ആയിരം അബദ്ധങ്ങളുള്ള നെസ്തോറിയനും ശിസ്മക്കാരനും ആയി കരുതുന്നു. മാർ അബ്രാഹത്തെയും ആ തരത്തിൽ മെനേസിസ് ഉൾപ്പെടുത്തുന്നതു് മാർ അബ്രാഹം കത്തോലിക്കനായി മരിച്ചു എന്നു വാദിക്കുന്നവർക്കു് ആശ്വാസപ്രദമാണു്. അബ്രാഹം ജൂബിലി സ്വീകരിച്ചില്ലെങ്കിലും ഈശോസഭക്കാരുടെ ശ്രമത്താൽ അബ്രാഹത്തിന്റെ കീഴുണ്ടായിരുന്ന ചിലർ അതു സ്വീകരിച്ചെന്നു മെനേസിസ് സമ്മതിക്കുന്നുണ്ടു്. ജൂബിലി ബന്ധവിമോചനപ്രാപ്തി സംബന്ധിച്ചു് നസ്രാണികളുടെ പൊതുഭാവയുള്ള മനഃസ്ഥിതി പീറ്റർ ജാറിക്കിന്റെ മേലുദ്ധരിച്ച സാക്ഷ്യത്തിൽ നിന്നു വെളിപ്പെടുന്നുണ്ടു്. അവിടെ കത്തോലിക്കാ മനഃസ്ഥിതിയാണല്ലോ വെളിപ്പെട്ടു കാണുന്നതു്. പൊതുവായ ആ മനഃസ്ഥിതി കേരളീയ സഭയുടെ കത്തോലിക്കാ ഐക്യത്തെ അല്ലയോ ദ്യോതിപ്പിക്കുന്നതു്?

---

(4) Roz, De Erroribus...p. 6.
ഈ ദൃക്സാക്ഷി റോസുതന്നെയാണു്. See Ferroli, o. c. p. 309 1585_ൽ ഗോവയിൽ വച്ചു് അബ്രാഹത്തിന്റെ ജപപുസ്തകത്തിൽ നിന്നു് നെസ്തോറിസിനെപ്പറ്റിയുള്ള ഭാഗം രഹസ്യമായി താൻ നശിപ്പിച്ചു എന്നും റോസു് ഇവിടെ പ്രസ്താവിക്കുന്നു. എന്നാൽ അവിടെ വച്ചു് അബ്രാഹം കത്തോലിക്കനാണെന്നു് സമ്മതിക്കപ്പെട്ടു എന്നു് നാം കണ്ടതാണു്.

## റോസും അക്കദിയാക്കോനും നിയമിതരാകുന്നു.

കൽദായ മെത്രാന്മാർ കേരളത്തിൽ പ്രവേശിക്കാതിരിക്കുവാൻ ഓർമസിൽ കൂടിയുള്ള വഴി പോർട്ടുഗീസുകാർ കാലേകൂട്ടി തടഞ്ഞിരുന്നു. (5) മാർ ശെമഓൻ പോർട്ടുഗീസുകാരാൽ കൊണ്ടുപോകപ്പെട്ടുകഴിഞ്ഞു. അദ്ദേഹത്തിന്റെ വികാരി ജെനറാൾ യാക്കോബും മരിച്ചു. ആകയാൽ മാർ അബ്രാഹാമിന്റെ മരണത്തോടെ പോർട്ടുഗീസുകാർക്ക് കേരളീയസഭയുടെ ഉൾഭരണത്തിൽ പ്രവേശിക്കുവാൻ സാധിച്ചു.

മാർ അബ്രാഹാം മരിച്ചുടനെ തന്നെ രണ്ടാം തിരുവെഴുത്തിലെ താല്പര്യപ്രകാരം ഗോവമെത്രാപ്പോലീത്താ ആയ മെനേസ്സീസ് വികാരി അപ്പസ്തോലിക്കായെ നിശ്ചയിച്ചില്ല (?) നേരിട്ട് കേരളത്തിലെത്തി സകല അഴിമതികളും നീക്കം ചെയ്ത് ഒരു സൂനഹദോസു നടത്തുവാനത്രെ താൻ കരുതുന്നതെന്ന് അദ്ദേഹം തദവസരത്തിൽ ഓർശ്ലേമത്തെ ലത്തീൻ പാത്രിയർക്കീസിനെഴുതി. (6) എന്നാൽ കുറെ കഴിഞ്ഞശേഷം [അതോ ആദ്യം തന്നെയോ എന്നു നിശ്ചയമില്ല] മെനേസീസ് ഫാദർ ഫ്രാൻസീസ് റോസിനെ സുറിയാനിക്കാരുടെ വികാരി അപ്പസ്തോലിക്കാ ആയി നിയമിച്ചു. മാർപ്പാപ്പായുടെ മേല്പറഞ്ഞ രണ്ടാം തിരുവെഴുത്തനുസരിച്ചാണ് അദ്ദേഹം ഇങ്ങനെ ചെയ്തത്. എന്നാൽ അക്കദിയാക്കോൻ ഭരണം ആരംഭിച്ചു കഴിഞ്ഞിരുന്നതിനാൽ, കുഴപ്പങ്ങൾ ഭയന്ന് റോസിന്റെ നിയമനം റദ്ദാക്കിയശേഷം അക്കദിയാക്കോനെ തന്നെ വികാരി അപ്പസ്തോലിക്കാ ആക്കാമെന്ന് മെനേസീസ് നിശ്ചയിച്ചു. അങ്കമാലിൽ മെത്രാപ്പോലീത്താ ഇല്ലാതെ വരുന്ന സന്ദർഭത്തിൽ ആ അതിരൂപതയെ ഭരിക്കുവാനുള്ള അധികാരം 13-ാം ഗ്രിഗോറിയൂസ് മാർപ്പാപ്പാ അക്കദിയാക്കോനു കൊടുത്തിരുന്നതായി നാം കണ്ടു. വികാരി അപ്പസ്തോലിക്കായെ നിയമിക്കുവാനുള്ള മേല്പറഞ്ഞ രണ്ടാമത്തെ തിരുവെഴുത്ത് ഗോവയിൽ എത്തുന്നതിനു മുമ്പ് മാർ അബ്രാഹാം മരിക്കുകയും അക്കദിയാക്കോൻ ഭരണം സ്വീകരിക്കയും ചെയ്തുകഴിഞ്ഞിരുന്നു എന്ന് മെനേസീസ് ഓർശ്ലേം പാത്രിയർക്കീസിനുള്ള തന്റെ എഴുത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ആകയാൽ അക്കദിയാക്കോന്റെ പ്രവൃത്തി ന്യായപൂർവ്വമായിരുന്നു. രണ്ടാമത്തെ തിരുവെഴുത്തിനെപ്പറ്റി അറിഞ്ഞശേഷം, അദ്ദേഹം മത്സരബുദ്ധി പ്രദർശിപ്പിച്ചെങ്കിൽ അതു തെറ്റായിപ്പോയി.

---

5) Raulin, o. c. p. 19.
6) See his letter to the Latin Patriarch of Jerusalem, Dec. 17, 1597, Beltrami. p. 121.

ഫാദർ റോസും വൈപ്പിക്കോട്ട സെമ്മിനാരിയുടെ അദ്ധ്യക്ഷനും അൎക്കദിയാക്കോന്റെ ആലോചനക്കാരായിരിക്കണമെന്നും അവരുടെ മുമ്പിൽ പരസ്യമായി അൎക്കദിയാക്കോൻ ത്രെന്തോസു സൂനഹദോസും നാലാം പീയൂസു മാൎപ്പാപ്പായും ഏൎപ്പെടുത്തിയിട്ടുള്ള വിശ്വാസപ്രഖ്യാപനങ്ങൾ സ്വീകരിച്ചു് ഉച്ചരിക്കണമെന്നും മെനേസീസു് വ്യവസ്ഥ ചെയ്തു (7) അൎക്കദിയാക്കോൻ കേരളീയസഭയെ വിശ്വാസത്തിൽ വഴിതെററിക്കാതിരിക്കേണ്ടതിനു് മെനേസിസ് ഇങ്ങനെ ചെയ്തു എന്നാണു് പോൎട്ടുഗീസുകാർ പറയുന്നതു്. ഏതായാലും കത്തോലിക്കാ ഐക്യമില്ലാത്ത ഒരാളെ മെനേസീസു് ഈ വിധത്തിൽ വികാരി അപ്പസ്തോലിക്കാ ആയി നിയമിക്കുകയില്ലെന്നു നിശ്ചയമാണു്.

അൎക്കദിയാക്കോൻ ആലോചനക്കാരെ സ്വീകരിക്കുവാൻ വിമുഖനായിരുന്നതിനാൽ അവരുടെ നിയമനം പിൻവലിക്കപ്പെട്ടു. തനിക്കു മുമ്പുണ്ടായിരുന്നതു തന്നെ താൻ സ്വീകരിക്കുന്നു എന്നു പറഞ്ഞുകൊണ്ടു് അദ്ദേഹം കുറെ മടി കാണിച്ചശേഷം സ്ഥാനം സ്വീകരിച്ചു. (8) വിശ്വാസപ്രഖ്യാപനം പിന്നീടു ചെയ്തുകൊള്ളാമെന്നും അദ്ദേഹം പറഞ്ഞു നാലു മാസം കഴിഞ്ഞപ്പോൾ അൎക്കദിയാക്കോന്റെ ഭാവം മാറിയത്രെ. പത്രോസിന്റെയും റോമ്മായുടേയും നിയമങ്ങൾ രണ്ടും രണ്ടാണെന്നും താൻ തോമ്മായുടെ നിയമത്തെ കൈവിടുന്നതല്ലെന്നും തന്നിമിത്തം റോമ്മായുടെ അധികാരം സ്വീകരിക്കുന്നതല്ലെന്നും അൎക്കദിയാക്കോൻ പരസ്യമായി പ്രസ്താവിച്ചു അത്രെ. അങ്കമാലിൽ സുറിയാനിക്കാർ സമ്മേളിച്ചു് അൎക്കദിയാക്കോന്റെകൂടെ നില്ക്കേണ്ടതാണെന്നും, തോമ്മായുടെ നിയമം കൈവിടേണ്ടതല്ലെന്നും, "ബാബേലിൽ" നിന്നല്ലാത്ത മെത്രാനെ സ്വീകരിക്കേണ്ടതല്ലെന്നും ഒരു നിശ്ചയം തദവസരത്തിൽ ചെയ്തു. (9) മാർപ്പാപ്പാ സുറിയാനി മെത്രാനെ നിയമിക്കുന്ന പക്ഷം ആ മെത്രാനെ സ്വീകരിക്കണമെന്നും, അല്ലാത്ത പക്ഷം എന്തു ചെയ്യണമെന്നു് പിന്നീടു് ആലോചിക്കണമെന്നും അവരൊരു നിശ്ചയം ചെയ്തു എന്നു് മേനേസീസു് ഓർഗ്ലോം പാത്രിയൎക്കീസിനെഴുതിയ എഴുത്തിൽ പറഞ്ഞിരിക്കുന്ന നിശ്ചയം തന്നെയാണു് ഈ നിശ്ചയം എന്നു തോന്നുന്നു.

അതിനിടയ്ക്കു് അൎക്കദിയാക്കോനും കൂട്ടരും ലത്തീൻ പട്ടക്കാരെ കുർബാന ചൊല്ലിക്കാതെ അവരെ ഉപദ്രവിച്ചുതുടങ്ങി; വൈപ്പിക്കോട്ടുനിന്നു് അങ്കമാലിൽ പതിവുപോലെ പ്രസംഗിക്കുവാൻ ചെന്നിരുന്ന ഒരു ഈശോ സഭക്കാരനെ കൊല്ലുവാൻ ഉദ്യമിച്ചു; വേറൊരു

---

7) Raulin, o. c. p. 20.
8) Id accipio quod praehabebam, Raulin, Ibid.
(9) Ibid p. 20.

ഈശോ സഭക്കാരനും രണ്ടു ശെമ്മാശന്മാരും ഉറങ്ങിക്കിടന്നിടത്തു് അവർ മൂക്കൻപാമ്പുകളെ കയററിവിട്ടു, എന്നിങ്ങനെ പല കുററങ്ങളും പോർട്ടുഗിസുകാർ അക്കദിയാക്കോന്റെയും സുറിയാനിക്കാരുടെയുംമേൽ ആരോപിക്കുന്നുണ്ടു്. (10)

## വൈപ്പിലെ യോഗം.

ഇതെല്ലാം അറിഞ്ഞു് മെനേസീസ്സ് കേരളത്തിലേക്കു പുറപ്പെടുവാൻ നിശ്ചയിച്ചു. അങ്ങനെയിരിക്കുമ്പോൾ കൊച്ചിയിലെ പോർട്ടുഗീസു ഗവർണ്ണരും മററുദ്യോഗസ്ഥന്മാരും, അവിടത്തെ ഭദ്രാസന ദേവാലയത്തിലെ വൈദികരിൽ പ്രധാനന്മാരും വൈപ്പിൽ ഒരുമിച്ചുകൂടി. (10b) ഫ്രാൻസിസ്ക്കൻ സന്യാസികളാണു് ആ യോഗത്തിൽ മുന്നിട്ടു പ്രവത്തിച്ചതു്. അവിടെ കൂടിയവരിൽ ഒരു പ്രധാന വൈദികൻ അക്കദിയാക്കോനെ മററുള്ളവക്കു പരിചയപ്പെടുത്തിക്കൊടുത്തു. ചിലർ വിചാരിക്കുന്നതുപോലെ അക്കദിയാക്കോൻ ഒരു ശീസ്മക്കാരനല്ലെന്നും, പ്രത്യുത ഉത്തമ കത്തോലിക്കാവിശ്വാസമുള്ളവനാണെന്നും താൻ അദ്ദേഹത്തെ ശരിയായി പരിശോധിച്ചിട്ടുണ്ടെന്നും അദ്ദേഹം വിശ്വാസസത്യം ചെയ്യുവാൻ വന്നിരിക്കയാണെന്നും ആ വൈദികൻ പരസ്യമായി പ്രസ്താവിച്ചു. ഈശോസഭക്കാരുടെ മുമ്പിൽവച്ചല്ലാതെ വേറെ ആരുടെ മുമ്പിൽ വച്ചെങ്കിലും വിശ്വാസസത്യം ചെയ്യുവാനുള്ള സന്നദ്ധത അക്കദിയാക്കോൻ പ്രദർശിപ്പിച്ചിട്ടുമുണ്ടായിരുന്നു. ഒരു വിശ്വാസപ്രഖ്യാപനം പോർട്ടുഗീസുഭാഷയിൽ വായിക്കപ്പെട്ടതിനെ "ഉവ്വ്" എന്നു പറഞ്ഞു് അക്കദിയാക്കോൻ സ്വീകരിച്ചു. (11) മാർപ്പാപ്പായേയും മെനേസിസിനേയും സ്വീകരിക്കുന്നുവോ എന്നു ചോദിച്ചതിനു് സ്വീകരിക്കുന്നു എന്നു് അക്കദിയാക്കോൻ ഉത്തരിച്ചതായും പറയുന്നുണ്ടു്. എന്നാൽ ഇവയെല്ലാം അക്കദിയാക്കോന്റെ സൂത്രമായിരുന്നെന്നും മെനേസിസിന്റെ യാത്ര തടയുവാൻ അദ്ദേഹം പ്രയോഗിച്ച തന്ത്രമായിരുന്നെന്നും, പോർട്ടുഗീസു ഭാഷയിൽ വായിച്ച വിശ്വാസസത്യം മെനേസീസ്സ് നിശ്ചയിച്ചതല്ലായിരുന്നെന്നും, അത്ഥം ഗ്രഹിക്കാതെ അതിനു് "ഉവ്വ്" എന്നു് അക്കദിയാക്കോൻ സമ്മതം നൽകിയതാണെന്നും, മാർപ്പാപ്പായെയും മെനേസിസിനേയും റോമ്മാസഭയുടേയും ഇൻഡ്യയിലെ ലത്തീൻ സഭയുടേയും അല്ലാതെ കേരളീയസുറിയാനിസഭയുടെ അധികാരി

---

10) Ibid.
10b) ഇന്നത്തെ വൈപ്പു പള്ളിയല്ല ഇവിടെ ഉദ്ദേശിക്കപ്പെടുന്നതു്.
11) Mackenzie, o. c. pp. 68, 69.

ക്കളായി അദ്ദേഹം സ്വീകരിച്ചില്ലെന്നും പോർട്ടുഗീസുകാർ പ്രസ്താവിക്കുന്നു. (12)

ഒരു സംഗതി നാം ചിന്തിക്കേണ്ടതായുണ്ടു്. കൊലപാതകത്തിനു കൂടി ഉദ്യമിച്ചവനും പത്രോസിന്റേയും തോമ്മായുടേയും നിയമങ്ങൾ പരസ്പരബന്ധമില്ലാത്തവയാണെന്നു് പ്രസ്താവിച്ചവനും എന്നു് ചില പോർട്ടുഗീസുകാർ വിധിച്ച അൎക്കദിയാക്കോൻ ഉത്തമ കത്തോലിക്കനും ശീസ്മയിൽ ഉൾപ്പെടാത്തവനും ആണെന്നു് കേരളത്തിലെ പോർട്ടുഗീസു വൈദികപ്രമുഖന്മാർ പോലും വൈപ്പിലെ യോഗത്തിൽ പ്രഖ്യാപനം ചെയ്തു എന്നതു് നിഷേധിക്കാവുന്നതല്ല. ഈ സ്ഥിതിക്കു് പോർട്ടുഗീസുകാർ സുറിയാനിക്കാരെപ്പററി പറഞ്ഞിരിക്കുന്നവ കണ്ണടച്ചു് സ്വീകരിക്കുവാൻ നിർവ്വാഹമില്ല. വാശി വന്നാൽ എന്തും ചെയ്യുവാൻ മടിക്കാത്ത ഒരു ജാതിയാണു് സുറിയാനിക്കാരെന്നു് സമ്മതിക്കേണ്ടതുമാണു്.

കൊച്ചിമെത്രാൻ സിലോണിലായിരുന്നതിനാൽ വൈപ്പിലെ യോഗത്തിൽ സംബന്ധിച്ചില്ല. എന്നാൽ അദ്ദേഹത്തിന്റെ വികാരിജനറാൾ അതിൽ സംബന്ധിച്ചു. തന്റെ അഭാവത്തിൽ യോഗം കൂടിയതിൽ മെത്രാൻ അതൃപ്തി പ്രദർശിപ്പിക്കാതിരുന്നില്ല. വൈപ്പിലെ യോഗത്തിൽ നിന്നു ഈശോസഭക്കാർ മാററിനിറുത്തപ്പെടുകയാണു ചെയ്തതു്. വൈപ്പിൽ മുന്നിട്ടു പ്രവർത്തിച്ചവർ തെററു ചെയ്തു എന്നു് അവരെ കൊണ്ടു തന്നെ ഫാദർ റോസ് എസ്. ജെ. പിന്നീടു സമ്മതിപ്പിച്ചതായി പറയപ്പെടുന്നു

## മെനേസിസിന്റെ ആഗമനം.

വൈപ്പിൽ നടന്ന സംഗതികളെല്ലാം ഈശോസഭക്കാർ മെനേസിസിനെ അറിയിച്ചു. അദ്ദേഹം ഉടൻതന്നെ കേരളത്തിലേക്കു പുറപ്പെട്ടു; കൊച്ചിയിലെത്തിയശേഷം അൎക്കദിയാക്കോനെ കാണുവാൻ അദ്ദേഹത്തെ വിളിപ്പിച്ചു. ഭയംനിമിത്തം, അൎക്കദിയാക്കോൻ കൊച്ചിയിലെത്തുവാൻ താമസിച്ചെന്നും, യാതൊന്നും അദ്ദേഹത്തോടു ചെയ്യുന്നതല്ലെന്നു് മെനേസിസു ഉറപ്പുകൊടുത്തയുടനെ കൊച്ചിയിലെത്തിയെന്നും പോർട്ടുഗീസുകാർ പറയുന്നു. (13) അൎക്കദിയാക്കോനു് അംഗരക്ഷകന്മാരായി പതിവുപോലെ ആയുധപാണികളായ

12) Raulin, ibid. pp. 21. 22.
13) Raulin q. 22-23.

ആളുകൾ ഉണ്ടായിരുന്നു ഒരുപക്ഷെ "ബാബേലിൽ" നിന്നു മെത്രാൻ വന്നേക്കുമെന്നുള്ള പ്രതീക്ഷയോടെ ഒരു വിദേശമെത്രാനെപ്പോലെ മെനേസിസിനെ സ്വീകരിച്ചുകളയാമെന്ന് അർക്കദിയാക്കോനും കത്തനാരന്മാരുംകൂടി തീരുമാനിച്ചുവത്രെ.

## വൈപ്പിക്കോട്ടെ മഹറോൻ.

രണ്ടുപേരും തമ്മിൽ മുറയ്ക്കുള്ള കൂടിക്കാഴ്ചക്കു നിശ്ചയിച്ചസ്ഥലം വൈപ്പിക്കോട്ട സെമിനാരിയായിരുന്നു. ആയുധപാണികളായ അംഗരക്ഷകന്മാരോടുകൂടി അർക്കദിയാക്കോൻ അവിടെ എത്തി. മെനേസീസ് വൈപ്പിക്കോട്ടെത്തി അവിടത്തെ പള്ളിയിൽ ശീശ്മയെക്കുറിച്ചു ശക്തിയേറിയ ഒരു പ്രസംഗം നടത്തി.

കുർബാനയിലും കാനോൻ ജപത്തിലും കേരളീയർ ഈരണ്ടുപ്രാവശ്യം പാത്രിയർക്കീസിന്റെ പേരു ചൊല്ലുന്നതു കേട്ടുകൊണ്ട് അങ്ങനെ ചെയ്തുകൂടാ എന്ന് "മഹറോൻചൊല്ലി" മുടക്കുന്ന ഒരു കല്പന മെനേസിസ് തയാറാക്കി അർക്കദിയാക്കോനും കത്തനാരന്മാരും അതിൽ ഒപ്പുവയ്ക്കണമെന്ന് അവരെ നിർബന്ധിച്ചു. അർക്കദിയാക്കോന്റെ മുഖം പലവർണ്ണമായി പകർന്നുപോയി. എന്തിന്, അവർ ഒപ്പുവയ്ക്കുകതന്നെ ചെയ്തു! പാത്രിയർക്കീസിന്റെ പേരിനു പകരം മാർപ്പാപ്പായുടെ പേരു ചൊല്ലണമെന്നും കല്പനയിലുണ്ടായിരുന്നു. (14)

കത്തോലിക്കരല്ലാത്തവരോട് ഈ സാഹചര്യങ്ങളിൽ ആരെങ്കിലും "മഹറോൻചൊല്ലി" ഇങ്ങനെ കല്പിക്കുമോ? സഭാഭ്രഷ്ടാണ് മഹറോൻ.

## പള്ളിസന്ദർശനം.

വൈപ്പിക്കോട്ടുനിന്ന് മെനേസിസ് പറവൂരെത്തി. അവിടത്തെ പള്ളിയിൽവച്ച് തെറ്റുകൾ തിരുത്തേണ്ടതിനേയും കൂദാശകൾ സ്വീകരിക്കേണ്ടതിനേയും പറ്റിയാണ് അദ്ദേഹം പ്രസംഗിച്ചത്. മുമ്പിലത്തെ പൂശ്മായെ (മൂറോൻ) പ്പറ്റി പറയുവാൻ തുടങ്ങിയപ്പോൾ ജനങ്ങൾ വലിയ ബഹളമുണ്ടാക്കി. ചെവിടിൽ അടിച്ചുകൊണ്ടു നൽകപ്പെടുന്ന അതു് ഒരു കൂദാശയല്ലെന്നു അവർ വിളിച്ചുപറഞ്ഞു. സുറിയാനി റീത്തുപ്രകാരം മാമ്മോദിസായോടുകൂടെയാണ് മുമ്പിലത്തെ പൂശ്മാ പരികർമ്മം ചെയ്യുന്നത്. ചെവിടിൽ അടി ലത്തീൻ റീത്തി

---

14) Ibid 23—24.

ലെ ഒരു ക്രമമാണ്. ലത്തീൻ റീത്തിൽ മാർമ്മോദീസായുടെ ശേഷം വളരെ കഴിഞ്ഞു് കുട്ടികൾക്കു തിരിച്ചറിവു വരുമ്പോഴാണ് ഈ കൂദാശ പരികർമ്മം ചെയ്യപ്പെടുന്നതു്. ഇതായിരിക്കാം മെനേസിസു പ്രസംഗിച്ചതു് കൂദാശയല്ലെന്നു് സുറിയാനിക്കാർ മുറവിളികൂട്ടുവാനുള്ള കാരണം. (15) പക്ഷേ മെനേസിസ്സ് ആ കൂദാശ അവിടെ പരികർമ്മം ചെയ്തു. ശിസ്മക്കാരുടെ പള്ളിയിലോ? ശിസ്മക്കാരുടെ മക്കൾക്കോ? "സ്വയംവരപീഠം" Privileged Altar എന്ന ബന്ധവിമോചനം റോമ്മായിൽ നിന്നു അന്നു പ്രാപിച്ചിട്ടുണ്ടായിരുന്ന ഒന്നാണു് പറവൂർ പള്ളി. (15b)

പറവൂർ നിന്നു് മെനേസിസ്സ് ആലങ്ങാട്ടെത്തി. റോമ്മായും ബാബേലും തമ്മിൽ വിശ്വാസത്തിൽ വ്യത്യാസമില്ലെന്നും അഹങ്കാരം നിമിത്തം റോമ്മാസഭ മാത്രം സത്യസഭയാണെന്നു മെനേസിസു പ്രസംഗിക്കുന്നതല്ലയോ എന്നും ഒരു കത്തനാർ അവിടെവച്ചു മെനേസിസിനോടു ചോദിച്ചു. മെനേസിസിന്റെ ഉത്തരം കേട്ടുടനെ റോമ്മാസഭയെ തന്റെ മാതാവായി ആ കത്തനാർ സ്വീകരിച്ചുവത്രെ (16) റോമ്മായുടെ കീഴിൽ നില്ക്കുന്ന ആളുകളുടെയിടയിൽ ഈ കത്തനാരെപ്പോലെയുള്ളവർ ഇന്നും ഉണ്ടായെന്നുവരാം. സംഗതി വാസ്തവമാണെന്നുള്ള സങ്കല്പത്തിലത്രെ ഇങ്ങനെയിവിടെ പ്രസ്താവിക്കുന്നതു്.

ആലങ്ങാട്ടുവിട്ടു് ചെഗ്ഗുരേക്കാണ് (Chegure ചൊവ്വര?) മെനേസിസു പോയതു്. അതു കൊച്ചിരാജ്യാതിർത്തിയിലായിരുന്നു. അവിടെ വച്ചു് അർക്കദിയാക്കോനെ സ്നേഹപൂർവ്വം ക്ഷണിച്ചുകൊണ്ടു് മെനേസിസു അദ്ദേഹത്തിന്റെ പക്കൽ ഒരെഴുത്തയച്ചു.

ആയിരം കൊല്ലത്തിൽ കൂടുതലായി കേരളത്തിൽ നിലനിന്നിരുന്ന പാത്രിയർക്കീസിന്റെ അധികാരം ഉപേക്ഷിക്കുക ശരിയല്ലെന്നും, മനുഷ്യാവതാരത്തെപ്പറ്റി തനിക്കുണ്ടായിരുന്ന ധാരണ തെറ്റായിരുന്നെന്നും ശരിയായിട്ടുള്ള വിശ്വാസം താൻ സ്വീകരിക്കുന്നു എന്നും എന്നാൽ

---

15) സുറിയാനിറീത്തി ഗ്രഹിക്കാതെ മുമ്പിലത്തെ ഒപ്പുശ്മാ കേരളത്തിലില്ലായിരുന്നു എന്നു പോർട്ടുഗീസുകാർ പറയുന്നു. അതിനെ അടിസ്ഥാനപ്പെടുത്തി കേരളീയസഭ ഈ കൂദാശ സ്വീകരിച്ചിരുന്നില്ലെന്നു് നവീകരണക്കാരാദിയായവരും ഘോഷിക്കുന്നു! എന്നാൽ മാർ അബ്രാഹം ചെയ്ത വിശ്വാസസത്യങ്ങളിൽ ഈ കൂദാശയിലുള്ള വിശ്വാസം അനുസരിച്ചു പറഞ്ഞിട്ടുണ്ടു്.

15b) Raulin, o. c. p. 24 nota a.

16) Raulin o. c. p. 25.

റോമ്മാസഭയ്ക്കു വെളിയിലും റോമ്മാ മാർപ്പാപ്പായിക്കു കീഴ്പ്പെടാതെയും രക്ഷയില്ലെന്നുള്ളതു് സുവിശേഷത്തിലില്ലെന്നും, അതിനു നേരെമറിച്ചുള്ള ഉപദേശം ഏതൊ ഒരു തിരുവെഴുത്തിലും കായൂസു മാർപ്പാപ്പായുടെ ലേഖനത്തിലും ഉണ്ടെന്നും മററും അർക്കദിയാക്കോൻ മെനേസീസിനെ അറിയിച്ചു (17) മെനേസീസ് അവയെല്ലാം തക്ക സമാധാനം നല്കിയശേഷം ഒരു സുന്നഹദോസിൽവച്ചു് അവയെല്ലാം തെളിയിക്കേണ്ടതാണെന്നും അതുവരെ അധികാരപ്രവൃത്തികളൊന്നും നടത്താതെ ഒരു വിദേശമെത്രാനെപ്പോലെ പള്ളികളിൽ പ്രസംഗിക്കുന്നതിനും ആശിർവദിക്കുന്നതിനും മെനേസിസിനെ അനുവദിക്കാമെന്നും അർക്കദിയാക്കോൻ സമാധാനം പറഞ്ഞു. മെനേസീസ് അതു സമ്മതിച്ചു. ഇതിന്റെ ശേഷം മെനേസീസ് കാഞ്ഞൂരേക്കു പുറപ്പെടുകയും സന്തോഷപൂർവ്വം അവിടെ സ്വീകരിക്കപ്പെടുകയും ചെയ്തു. അവിടെ അദ്ദേഹം അധികാരപ്രവൃത്തികളൊന്നും നടത്തിയില്ല.

പാലയൂർ മെത്രാനായി നിയുക്തനും മാർപ്പാപ്പായാലും പല പോർട്ടുഗീസു വൈദികന്മാരാലും ശ്ലാഘിക്കപ്പെട്ടിട്ടുള്ള ആളും ആയ അർക്കദിയാക്കോൻ വിശ്വാസസംബന്ധമായി പുറപ്പെടുവിച്ചുവയെന്നു പോർട്ടുഗീസുകാർ പറയുന്ന സംശയങ്ങളെപ്പററി സംശയിക്കുവാൻ വഴിയുണ്ടെന്നു പ്രത്യേകം പ്രസ്താവിക്കേണ്ടതാണു്. ഒരുപക്ഷെ അർക്കദിയാക്കോന്റെ ധാരണ അങ്ങനെയായിരുന്നെന്നു വരുവാൻ പാടില്ലാത്തതുമല്ല. മാർപ്പാപ്പായുടെ പരമാധികാരത്തെപ്പററിയുള്ള ശരിയായ ധാരണ അദ്ദേഹത്തിനില്ലായിരുന്നെന്നുവരാം.

കാഞ്ഞൂരുനിന്നു് തെക്കൻ പള്ളികളെ സന്ദർശിക്കുവാനായി മെനേസിസു പുറപ്പെട്ടു് പുറക്കാട്ടും കായങ്കുളത്തും (Calecoulanum) കൊല്ലത്തും (Coulanum) എത്തി. ഒരു മെത്രാപ്പോലീത്തായും ഇൻഡ്യായുടെ പ്രിമാത്തുസും (18) എന്ന നിലയിൽ കൊല്ലത്തു് അദ്ദേഹം സ്വീകരിക്കപ്പെട്ടു.

കൊല്ലത്തു നിന്നു് കൊച്ചിയിലേക്കും കൊച്ചിയിൽ നിന്നു് വൈപ്പിലേക്കും അദ്ദേഹം യാത്ര തിരിച്ചു. വൈപ്പിൽ നിന്നു് മുളന്തുരുത്തിയിലേക്കാണു് പുറപ്പെട്ടതു്. ചില അധികാര പ്രവൃത്തികളും അദ്ദേഹം നടത്തി.

**അർക്കദിയാക്കോൻ മഹറോൻ ചൊല്ലുന്നു.**

---

17) Roulin o. c. p: 26.

18) മെത്രാപ്പോലീത്തായെക്കാൾ കൂടുതൽ ബഹുമാനാധികാരങ്ങളുള്ള ഒരു സ്ഥാനം.

മെനേസീസ് പള്ളി സന്ദർശനം മേല്പറഞ്ഞ വിധം നടത്തിക്കൊണ്ടിരിക്കയിൽ അൎക്കദിയാക്കോൻ അങ്കമാലിൽ നിന്നു് അദ്ദേഹത്തെ മഹറോൻ ചൊല്ലി. എന്നാൽ മെനേസീസ് മുളന്തുരുത്തിയിൽ വച്ചു് ഒരു മെത്രാന്റെ ഉദ്യോഗങ്ങളെല്ലാം പ്രവൎത്തിക്കയാണു് ചെയ്തതു്—Cuncta, ut libuit, Pontificis munera exercuit—(19) മെനേസീസ് ക്ഷോഭമുണ്ടാക്കുന്ന ആളാകയാൽ അദ്ദേഹത്തെ മാററി നിറുത്തേണ്ടതാണെന്നുള്ള അറിയിപ്പും അൎക്കദിയാക്കോൻ അടുത്ത രാജാക്കന്മാൎക്കു കൊടുത്തിരുന്നു. ഒരു സൂനഹദോസു കൂട്ടി സംഗതികൾ പറഞ്ഞു തീൎക്കുന്നതുവരെ യാതൊരധികാരവും നടത്തുകയില്ലെന്നു മെനേസീസ് ചെയ്ത ഉടമ്പടിയെ അദ്ദേഹം ലംഘിച്ചതിനെപ്പററി അൎക്കദിയാക്കോൻ ആവലാതി പറഞ്ഞപ്പോൾ സൂനഹദോസു കൂട്ടുവാൻ അൎക്കദിയാക്കോൻ താമസം വരുത്തിയതിനാൽ താൻ ഉടമ്പടി പാലിക്കുവാൻ കടപ്പെട്ടവനല്ലെന്നാണു് മെനേസീസ് സമാധാനം നൽകിയതു്.

## പൊതുവായ "പട്ടംകൊട".

മെനേസീസ് ഒരു പടികൂടി കടന്നു പ്രവൎത്തിക്കുവാൻ തുടങ്ങി. അങ്കമാലി അതിരൂപതയിൽ രണ്ടു കൊല്ലമായി മെത്രാനില്ലായിരുന്നതിനാൽ അവിടെ "പട്ടംകൊട" നടന്നില്ലെന്നു കാണിച്ചുകൊണ്ടു് അതിരൂപതയുടെ എല്ലാ ഭാഗത്തുമുള്ളവൎക്കു് ഉദയംപേരൂർ വച്ചു് പട്ടം കൊടുക്കുന്നതാണെന്നു് അദ്ദേഹം പ്രഖ്യാപനം ചെയ്തു. അൎക്കദിയാക്കോൻ വിസമ്മതിച്ചു. തനിക്കു് സമസ്താധികാരവുമുണ്ടെന്നും അതു മാൎപ്പാപ്പാ തനിക്കു നൽകിയതാണെന്നും തന്റെ നിശ്ചയത്തിൽ നിന്നു താൻ പിൻമാറുന്നതല്ലെന്നും മെനേസീസ് അൎക്കദിയാക്കോനറിവു കൊടുത്തു. ലത്തീൻകാൎക്കു മാത്രം പട്ടം കൊടുത്താൽ മതിയെന്നു് അൎക്കദിയാക്കോൻ ആവശ്യപ്പെട്ടതിനു്, ലത്തീൻകാരേയും സുറിയാനിക്കാരേയും ഒരു തൊഴുത്തിൽ ചേൎക്കുവാനാണു് തന്റെ ഉദ്യമം എന്നു് മെനേസീസ് ഉത്തരം പറഞ്ഞു. കൊച്ചി, അങ്കമാലി, ആലങ്ങാടു് എന്ന സ്ഥലങ്ങളിലെ രാജാക്കന്മാരും ജനങ്ങളും മെനേസീസിന്റെ പ്രവൃത്തിയെ തടയുവാൻ തക്കവണ്ണം അൎക്കദിയാക്കോൻ വേണ്ട ഏൎപ്പാടുകൾ ചെയ്തു. പട്ടമേല്ക്കുന്നവരും അവരുടെ മാതാപിതാക്കന്മാരും സംബന്ധികളും സഹായകന്മാരും "മഹറോൻ ചൊല്ലപ്പെട്ട"ന്നതാണെന്നും അൎക്കദിയാക്കോൻ വിളംബരം ചെയ്തു

കൊച്ചീരാജാവു് അൎക്കദിയാക്കോന്റെ ഭാഗത്തു ചേൎന്നു് മെനേ

19) Raulin, o. c. p. 28.

സീസിനെ തടയുവാൻ ശ്രമിച്ചു. അടുത്തുണ്ടായിരുന്ന നായന്മാരും ആയുധപാണികളായി ഉദയമ്പേരൂരെത്തി. എന്നാൽ ധൈര്യശാലിയായ മെനേസീസ് 38 പേർക്ക് ഉദയമ്പേരൂർ വച്ച് പട്ടം കൊടുത്തു. പട്ടമേററവരെല്ലാം വേണ്ടവണ്ണം സുറിയാനിഭാഷ അഭ്യസിച്ചിരുന്നവരായിരുന്നു (20) പട്ടമേററവർ ചെയ്ത വിശ്വാസസത്യത്തിൽ നെസ്തോറീസിനെയും മററും ശപിക്കുകയും റോമ്മാസിംഹാസനത്തിന്റെ അധികാരം സ്വീകരിച്ചു പറയുകയും ബാബേൽ അധികാരത്തെ ത്യജിക്കുകയും ചെയ്തു.

ഈ സംഭവങ്ങളെല്ലാം കേരളീയസുറിയാനിക്കാർ കത്തോലിക്കരായിരുന്നു എന്നല്ലയോ വിളിച്ചറിയിക്കുന്നതു്? അകത്തോലിക്കരുടെ ഒരു രൂപതയിൽ പ്രവേശിച്ചു് ഏതെങ്കിലും ഒരു കത്തോലിക്കാ മെത്രാൻ ഈ വിധം പ്രവർത്തിക്കുമോ? എന്നാൽ എല്ലായിടത്തും റോമ്മായിക്കു കീഴ്പ്പെടേണ്ടതിനെയും ബാബേൽ അധികാരം ത്യജിക്കേണ്ടതിനെയും നെസ്തോറിയൻ പാഷണ്ഡതയെ ശപിക്കേണ്ടതിനെയുംപററി മെനേസീസ് പ്രസംഗിച്ചിരുന്നു. പട്ടംകൊടുത്ത പ്രവൃത്തിക്കു എന്തെങ്കിലും അർത്ഥമുണ്ടെങ്കിൽ കേരളീയർ കത്തോലിക്കരായിരുന്നു എന്നു സമ്മതിക്കണം. കേരളീയരായ “അകത്തോലിക്കരോട്” മെനേസീസു ചെയ്ത വിധത്തിൽ ഒരു കത്തോലിക്കാമെത്രാൻ ചെയ്യുമോ? “റോമ്മായുടെ അനുസരണത്തിലേക്കു കൊണ്ടുവരേണ്ടതാണു്” എന്നുള്ള പ്രയോഗത്തിനു അക്കാലത്തുണ്ടായിരുന്ന അർത്ഥം മനസ്സിലാക്കിയാൽ ഈ സംഗതികളുടെ സ്വഭാവം എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണു്.

ഉദയമ്പേരൂർ വച്ചു് പൊതുവായ ഒരു “പട്ടംകൊട”യാണു് മെനേസീസ് നടത്തിയതു്. അതും രണ്ടുകൊല്ലമായിട്ട അവിടെ “പട്ടംകൊട” നടന്നിട്ടില്ല എന്ന കാരണത്താൽ ഒരു അകത്തോലിക്കാ രൂപതയെപ്പററി ഒരു കത്തോലിക്കാ മെത്രാന് ഇങ്ങനെ പറയുകയും പ്രവർത്തിക്കുകയും ചെയ്യാവുന്നതാണോ? ശീശ്മക്കാരായിരുന്നവരെ വിളിച്ചുകൂട്ടി സത്യവിശ്വാസപ്രഖ്യാപനം ചെയ്യിച്ചുകൊണ്ടു് ഉടൻതന്നെ അവർക്കു പട്ടംകൊടുക്കുന്ന സമ്പ്രദായം കത്തോലിക്കാസഭയിൽ നിഷിദ്ധമാണു്. അങ്കമാലി അതിരൂപതയിൽ പട്ടക്കാരുടെ സംഖ്യ വേണ്ടതിലധികമായിരിക്കുന്നു എന്നു് ഉദയമ്പേരൂർ സൂനഹദോസിൽവച്ചു പ്രസ്താവിച്ച മെനേസീസു മെത്രാപ്പോലീത്താതന്നെയാണു് ഇങ്ങനെ 38 പേർക്കു പട്ടം കൊടുത്തതു്!

കടുത്തുരുത്തിയിൽ.

---

20) Raulin, Ibid. p. 29.

ആ കൊല്ലത്തെ വലിയ ആഴ്ച (കഷ്ടാനുഭവ ആഴ്ച) കടുത്തുരുത്തിൽ കഴിക്കണമെന്നു് മെനേസീസ് തീരുമാനിച്ചു. അർക്കദിയാക്കോൻ പല പ്രതിബന്ധങ്ങളും ഉണ്ടാക്കിയെങ്കിലും ഓശാന ഞായറാഴ്ച അദ്ദേഹം കടുത്തുരുത്തിയിലെത്തി. അവിടത്തെ രാജ്ഞി ആരംഭത്തിൽ വിരോധഭാവം പ്രദർശിപ്പിച്ചെങ്കിലും കടുത്തുരുത്തിക്കാരായ ചിലരുടെ പരിശ്രമം ഹേതുവാൽ മെനേസീസിനു് അവിടെ സമാധാനത്തോടെ പ്രവേശിക്കുവാൻ സാധിച്ചു.

സുറിയാനിക്കാരും ലത്തീൻകാരും കാനോനാ ജപം ചൊല്ലുകയിൽ മെനേസീസ് രണ്ടിലും സംബന്ധിച്ചു് പ്രധാന സ്ഥാനത്തിരുന്നു തൈത്തുവെഞ്ചരിച്ചു് (മൂറോൻ കൂദാശ) വി. കുർബാനയുടെ രാത്രിയാരാധന, കാലുകഴുകൽ, ദുഃഖവെള്ളിയാഴ്ച ശുശ്രൂഷ മുതലായവ അദ്ദേഹം കടുത്തുരുത്തിയിൽ നടത്തി എല്ലാവരുടെയും പ്രീതി സമ്പാദിച്ചു.

റോമ്മാസഭയ്ക്കു പരിപൂർണ്ണമായി സ്വയം കീഴ്പ്പെടുത്തിയവരിൽ ഒന്നാമത്തവർ കടുത്തുരുത്തിക്കാരാണെന്നു് പോർട്ടുഗീസുകാർ പറയുന്നു. (21) "റോമ്മാസഭയ്ക്കു കീഴ്പ്പെടുക" എന്നതിന്റെ അർത്ഥമെന്താണെന്നുകൂടി ഈ അവസരത്തിൽ നാം മനസ്സിലാക്കിയിരിക്കണം.

കടുത്തുരുത്തിയിൽ വച്ചു് മെനേസിസിനു് ഒരു പ്രബലകക്ഷിയുണ്ടായി. ഇരുപതു ദിവസത്തിനകം കീഴ്പ്പെട്ടുകൊള്ളണമെന്നു് അദ്ദേഹം അർക്കദിയാക്കോനു് അറിവുകൊടുത്തു. അല്ലാത്തപക്ഷം അർക്കദിയാക്കോന്റെ സ്ഥാനത്തു് അദ്ദേഹത്തിന്റെ രക്തസംബന്ധിയായ തോമ്മാ കുര്യൻ കത്തനാർ നിയമിക്കപ്പെടുമെന്നും ആയി. ഈ തോമ്മാകുര്യൻ കത്തനാർ, അർക്കദിയാക്കോൻ സ്ഥാനത്തേക്കു തിരിഞ്ഞെടുക്കപ്പെടാതിരിക്ക ഹേതുവാൽ, ഗീവറുഗീസ് അർക്കദിയാക്കോന്റെ വിരോധിയായിരുന്നു എന്നു് റോളിൽ സൂചിപ്പിക്കുന്നുണ്ടു്. (21b)

## അർക്കദിയാക്കോൻ കീഴ്പ്പെടുന്നു.

മെനേസീസ് കടുത്തുരുത്തിയിൽ നിന്നു പുറപ്പെട്ടു് മുളന്തുരുത്തിയിലെത്തി. കൊച്ചിരാജാവിനെ ആ സന്ദർഭത്തിൽ അദ്ദേഹം ഭയപ്പെടുത്തുകയാൽ രാജാവു് അദ്ദേഹത്തോടു യോജിച്ചു. മുളന്തുരുത്തിയിൽ വച്ചു് അദ്ദേഹം രാജാവിന്റെ പ്രജകളിൽ പലരേയും മാമ്മോദീസാ മുക്കുകയും റോമ്മാസഭയ്ക്കു കീഴ്പ്പെട്ടു കൊള്ളാമെന്നു് വാഗ്ദാനം ചെയ്യിക്കുകയും ഉണ്ടായി. അതിന്റെ ശേഷം ഉദയമ്പേരൂരെത്തി രാജാവി

---

21) Ibid, p. 33.
21b) Ibid. p. 19 note b.

ന്റെ പ്രതിനിധിയെ വിളിച്ചു് കാര്യങ്ങൾ പറഞ്ഞുകൊണ്ടു് എല്ലാവരും തന്നെ (മെനേസീസിനെ) ആദരിച്ചുകൊള്ളണമെന്നു് അദ്ദേഹത്തെകൊണ്ടു് വിളംബരം ചെയ്യിച്ചു.

ഉടൻ തന്നെ മെത്രാന്റെ അധികാരങ്ങളെല്ലാം മെനേസീസു് ഉദയംപേരൂർ പള്ളിയിൽ നടത്തി. ശക്തിമേറിയ പ്രസംഗങ്ങളുടെ മദ്ധ്യേ അക്കദിയാക്കോനും അനുയായികളും "മാററോൻ ചൊല്ലപ്പെട്ടവ"രാണെന്നു് പ്രസിദ്ധം ചെയ്തു. നസ്രാണികളുടെ പ്രധാന സ്ഥാനങ്ങളായ മൂലന്തുരുത്തി, കടുത്തുരുത്തി, ഉദയംപേരൂർ എന്നിവ മെനേസീസിന്റെ അധീനതയിലായി. ആ സ്ഥലങ്ങളിലുണ്ടായിരുന്നവരെ "റോമ്മാക്കാരെന്നും" മററു സ്ഥലങ്ങളിൽ അവരോടു യോജിക്കാതെ നിന്നവരെ "ബാബേൽക്കാരെന്നും" ആണു് റോളിൽ വിളിച്ചിരിക്കുന്നതു്. (22) ഇന്നു് കേരളത്തിൽ അകത്തോലിക്കർ കത്തോലിക്കരെ "റോമ്മാക്കാർ" എന്നു വിളിക്കാറുണ്ടല്ലോ. പക്ഷെ, ഇന്നു റോമ്മാക്കാരല്ലാത്തവരിൽ നിന്നു് വളരെ വ്യത്യസ്തം റോമ്മായുടെ അധികാരത്തെ സ്വീകരിച്ചിരുന്നവരും ആയിരുന്നു "ശിസ്മക്കാരെന്നു്" പോർട്ടുഗീസുകാർ പറയുന്ന അന്നത്തെ "ബാബേൽക്കാർ". അന്നത്തെ "റോമ്മാക്കാർ" പോർട്ടുഗീസു മനഃസ്ഥിതിപ്രകാരം ചിലതു പ്രവർത്തിച്ചവരായിരുന്നു.

ഇത്രയുമായപ്പോൾ അക്കദിയാക്കോൻ മെനേസീസിനു വഴിപ്പെട്ടു. താൻ പരിശുദ്ധാത്മാവിനോടു മത്സരിക്കുന്നതല്ലെന്നും റോമ്മാസഭയെ സത്യസഭയായി സ്വീകരിച്ചുകൊള്ളാമെന്നും അക്കദിയാക്കോൻ മെനേസീസിനെ അറിയിച്ചുവത്രെ. ബാഹ്യമായിട്ടെങ്കിലും റോമ്മാസഭയെ സത്യസഭയായി അംഗീകരിക്കാതിരുന്ന ഒരാളാണു് അക്കദിയാക്കോനെങ്കിൽ, അദ്ദേഹത്തെ മാർപ്പാപ്പായുടെ കല്പനപ്രകാരം എങ്ങനെ വികാരി അപ്പസ്തോലിക്കാ ആയി മെനേസീസു് നിയമിച്ചു? ആകയാൽ പോർട്ടുഗീസുകാരുടെ ഈദൃശ പ്രസ്താവനകൾ കണ്ണടച്ചു് മുഴുവനായി സ്വീകരിക്കാവുന്നതല്ല.

ഉടൻതന്നെ പത്തു സംഗതികൾ സമ്മതിക്കണം എന്ന വ്യവസ്ഥയിൽ അക്കദിയാക്കോനെ സ്വീകരിക്കാമെന്നു് മെനേസീസ് ഉദയംപേരൂരിനടുത്തുള്ള "നാറമ്മ" (Narame തൃപ്പൂണിത്തുറ?) യിൽ നിന്നു അദ്ദേഹത്തെ അറിയിച്ചു. അവയിൽ ഏതെങ്കിലുമൊന്നു സമ്മതിക്കാത്തപക്ഷം താൻ അദ്ദേഹത്തെ സ്വീകരിക്കുന്നതല്ലെന്നും അക്കദിയാക്കോനെ അറിയിച്ചശേഷം മെനേസീസു് കൊച്ചിയിലെത്തി അക്കദിയാക്കോന്റെ

---

22) Ibid. p. 34, 35.

പ്രവൃത്തിയെ തടയരുതെന്നു് രാജാവിനെ അറിയിച്ചു. പിന്നീടു് അദ്ദേഹം കൊടുങ്ങല്ലൂരെക്കാണു് പോയതു്.

മെനേസീസിന്റെ വ്യവസ്ഥകൾ കണ്ടപ്പോൾ അക്കദിയാക്കോൻ കുറെ വിഷമതകൾ പ്രദർശിച്ചു. എല്ലാം സമ്മതിക്കാമെങ്കിലും തൽക്കാലം ആലങ്ങാട്ടു രാജാവിനെ കണ്ടിട്ടു ഒരു പ്രത്യേക കാര്യമുണ്ടെന്നു് മെനേസീസിനെ അദ്ദേഹം അറിയിച്ചു. അക്കദിയാക്കോനെ ഉടൻ തന്റെ പക്കൽ അയച്ചുകൊള്ളണമെന്നും അല്ലാത്തപക്ഷം പോർട്ടുഗീസു രാജാവിന്റെ പ്രീതി നഷ്ടപ്പെടുമെന്നും മെനേസീസു് ആലങ്ങാട്ടു രാജാവിനു് അറിവുകൊടുത്തു. എട്ടു ദിവസത്തെ അവധിയും അക്കദിയാക്കോനു് അനുവദിക്കപ്പെട്ടു

അതിനിടയ്ക്കു് കൊച്ചിരാജാവു് കൊടുങ്ങല്ലൂരെത്തി മെനേസീസിനെ സന്ദർശിച്ചു. അക്കദിയാക്കോന്റെ കാര്യത്തിൽ മെനേസീസിന്റെ ഇഷ്ടംപോലെ ചെയ്തുകൊള്ളാമെന്നു് രാജാവു് അവിടെവച്ചു വാഗ്ദാനം ചെയ്തു.

കൊടുങ്ങല്ലൂരെത്തുവാൻ അക്കദിയാക്കോനു വിസമ്മതമായിരുന്നതിനാൽ മെനേസീസു് അദ്ദേഹത്തെ സ്വീകരിക്കുവാൻ വൈപ്പിക്കോട്ടയ്ക്കു പുറപ്പെട്ടു. അവിടെവച്ചു "പിതാവെ സ്വർഗ്ഗത്തിനും നിനക്കും വിരോധമായി ഞാൻ പാപം ചെയ്തുപോയി; നിന്റെ പുത്രനെന്നു വിളിക്കപ്പെടുവാൻ ഇനി ഞാൻ യോഗ്യനല്ല; വലുതെന്നു ഞാൻ ഏററു പറയുന്ന കുററത്തിനു് മാപ്പു ചോദിക്കുന്നു" എന്നു പറഞ്ഞു അക്കദിയാക്കോൻ മെനേസീസിന്റെ പാദത്തിൽ വീണു! അതോടെ വിശ്വാസസത്യം ചെയ്യുകയും പത്തു സംഗതികളും സ്വീകരിച്ചുകൊള്ളാമെന്നു് വാഗ്ദാനം ചെയ്യുകയും ചെയ്തു. (22b)

പത്തു സംഗതികൾ.

മെനേസീസു് ആവശ്യപ്പെട്ട പത്തു സംഗതികൾക്കും അക്കദിയാക്കോൻ ഒപ്പുവച്ചുകൊടുത്തു. പത്തു സംഗതികൾ ഇവയാണു്:

1) നെസ്തോറിയസു്, ദിയദോർ, തിയദോർ എന്നിവരുടെ അബദ്ധങ്ങളെ ശപിക്കുകയും, അവർ പാഷണ്ഡരും നരകാഗ്നിയിൽ പീഡ സഹിക്കുന്നവരും ആണെന്നു അനുസരിച്ചു പറയുക; 2) തോമ്മായുടെയും പ

---

22b) Ferroli, o. c. p. 184.

ത്രോസിന്റെയും നിയമങ്ങളും തമ്മിൽ വ്യത്യാസമില്ലെന്നും സ്ലീഹന്മാരുടെ നിയമം ഒന്നാണെന്നും അനുസരിക്കുക, അപ്രകാരം മെനേസിസു പോകുന്നിടത്തെല്ലാം പ്രസംഗിക്കുക; 3) അബ്രാഹത്തിന്റെ മരണശേഷം ഭരണാധികാരിയായി അർക്കദിയാക്കോൻ മെനേസീസിനാൽ നിയമിക്കപ്പെട്ടിരിക്കയാൽ ഗോവയിൽ നിന്നാവശ്യപ്പെട്ടതുപോലെയുള്ള വിശ്വാസസത്യം മെനേസിസിന്റെ മുമ്പിൽ ചെയ്യുക; 4) എല്ലാ പുസ്തകങ്ങളും മെനേസീസിനെ ഏല്പിക്കുക, തിരുത്തുവാൻ പാടുള്ളവ തിരുത്തുക, അല്ലാത്തവ ദഹിപ്പിക്കുക; 5) മാർപ്പാപ്പായെ പരമാധികാരിയായി സ്വീകരിക്കുക, സത്യം ചെയ്ത് അദ്ദേഹത്തിനു കീഴ്പ്പെടുക, അങ്ങനെ ചെയ്യാതിരിക്കുക നിത്യരക്ഷയിൽനിന്നകലുകയാണെന്നു ഏറ്റുപറയുക; 6) നെസ്തോറിയൻ പാഷണ്ഡനും, ശിസ്മക്കാരനും, റോമ്മാസഭയോടു മത്സരിക്കുന്നവനും എന്ന നിലയിൽ “ബാബേൽ” പാത്രിയർക്കീസിനെ ശപിക്കുക, അദ്ദേഹത്തോടു യാതൊരിടപാടും നടത്തുകയില്ലെന്നു സത്യം ചെയ്യുക. 7) മാർപ്പാപ്പാ അയക്കുന്നവനും ഗോവാ മെത്രാപ്പോലീത്താ അംഗീകരിക്കുന്നവനും അല്ലാത്ത വേറെ യാതൊരു മെത്രാനെയും സ്വീകരിക്കയില്ലെന്നു സത്യം ചെയ്യുക; 8) ഗോവ മെത്രാപ്പോലീത്താ വാസ്തവത്തിൽ തന്റെ യഥാർത്ഥ മേലധികാരിയും, റോമ്മായിൽ നിന്നു ലഭിച്ച അധികാരമുള്ളവനും ആണെന്നും ഒരു മെത്രാൻ വരുന്നതുവരെ താൻ അദ്ദേഹത്തിന്റെ കല്പനകൾ അനുസരിക്കുന്നതാണെന്നും സത്യം ചെയ്യുക; 9) മെനേസിസ് നിശ്ചയിക്കുക സ്ഥലത്തു സൂനഹദോസു കൂടുവാൻ കല്പന അയക്കുക, എല്ലാ പട്ടക്കാരേയും ജനപ്രതിനിധികളേയും അവിടെ കൂട്ടുക, അവിടെ തീരുമാനിക്കുന്നവ സ്വീകരിച്ചുകൊള്ളാമെന്നു വാഗ്ദാനം ചെയ്യുക; 10) മെനേസിസിന്റെകൂടെ ആയുധപാണികളായ അംഗരക്ഷകന്മാരില്ലാതെ അതേ വാഹനത്തിൽ യാത്ര ചെയ്യുക, അദ്ദേഹം കയറുന്നിടത്തെല്ലാം കയറുക. 23)

### അർക്കദിയാക്കോനും കേരളീയരും.

അർക്കദിയാക്കോൻ എന്തുകൊണ്ടു മെനേസിസിനു വഴിപ്പെട്ടു എന്നതിൽ അഭിപ്രായവ്യത്യാസമുണ്ട്. ഭീരുത്വം നിമിത്തമെന്നാണ് അകത്തോലിക്കർ പൊതുവെ പറയുന്നതു്. ഉദ്യോഗം കൈവിടുവാനുള്ള വിസമ്മതം നിമിത്തം അദ്ദേഹം അങ്ങനെ ചെയ്തു എന്നാണ് പോർട്ടുഗീസുകാരുടെ അഭിപ്രായം. കേരളീയസുറിയാനിസഭയിൽ ശീസ്മയുണ്ടായി

---

23) Raulin pp. 36. 37.

ആ സഭ രണ്ടായി പിളൎന്നു പോകാതിരിക്കുവാൻ അൎക്കദിയാക്കോൻ ഇങ്ങനെ പ്രവൎത്തിച്ചു എന്നു് പറയുന്നതാണു് മൂന്നാമത്തെ അഭിപ്രായം.

പാലയൂർ മെത്രാനായി തിരിഞ്ഞെടുക്കപ്പെട്ട ആളാണു് അൎക്കദിയാക്കോൻ എന്നു നാം ധരിച്ചിരിക്കണം. ഉത്തമ കത്തോലിക്കനെന്നു് പോർട്ടുഗീസുകാരിൽ പ്രധാനന്മാർപോലും അദ്ദേഹത്തെപ്പററി സാക്ഷി നൽകിയിട്ടുണ്ടു്. എന്നാൽ മെനേസിസിന്റെ ആഗമനം മുതൽ അദ്ദേഹം ഒരു ശീസ്മക്കാരനും വഞ്ചകനും അകത്തോലിക്കനുമായിട്ടാണു് ചിത്രിക്കപ്പെട്ടു കാണുന്നതു്. ഒരു പക്ഷെ അദ്ദേഹം പൂർവവിശ്വാസത്തിൽനിന്നു വ്യതിചലിച്ചു എന്നു വരുവാൻ പാടില്ലാത്തതല്ല. പക്ഷെ പോർട്ടുഗീസുകാരെ ഈ വിഷയത്തിൽ മുഴുവനും വിശ്വസിക്കുവാനും പാടില്ല. "റോമ്മായുടെ അനുസരണത്തിലേക്കു കൊണ്ടുവരുക" എന്ന പ്രയോഗത്തിനു് അനുരഞ്ജനമായിരുന്നതു് ഇന്നതിനു നാം കല്പിക്കുന്ന അൎത്ഥം മാത്രമല്ല. ബാഹ്യമായിട്ടെങ്കിലും അൎക്കദിയാക്കോൻ കത്തോലിക്കനല്ലായിരുന്നെങ്കിൽ അദ്ദേഹത്തെ അങ്കമാലി അതിരൂപതയുടെ വികാരി അപ്പസ്തോലിക്കാ ആയി മെനേസിസു നിയമിക്കയില്ലായിരുന്നു. നസ്രാണികൾ കത്തോലിക്കരല്ലായിരുന്നെങ്കിൽ ഒരു കത്തോലിക്കാ മെത്രാനായ മെനേസിസ് അവരുടെ പള്ളികളിൽ, അവർ വിസമ്മതിച്ചിട്ടും കയറുകയോ കുർബാന ചൊല്ലുകയോ, കൂദാശകൾ കൊടുക്കുകയോ ഒന്നും ചെയ്യുകയില്ലായിരുന്നു.

ആകയാൽ ഈ സംഭവങ്ങളെല്ലാം നസ്രാണികളുടെ കത്തോലിക്കത്വത്തിനു ലക്ഷ്യങ്ങളാകുന്നു. അവരിൽ അപാകങ്ങളൊന്നുമില്ലായിരുന്നെന്നല്ല പറയുന്നതു്. ഈ സംഗതികളും മെനേസിസിന്റെ ആഗമനത്തിനുമുമ്പു് കേരളീയ സുറിയാനിസഭ റോമ്മായോടു എങ്ങനെ വൎത്തിച്ചിരുന്നു എന്ന സംഗതിയും ആലോചിക്കാതെയാണു് മെനേസിസ് ബലപ്രയോഗത്താൽ സുറിയാനിക്കാരെ റോമ്മാ മാർപ്പാപ്പായുടെ അധികാരം സ്വീകരിപ്പിച്ചു എന്നു് പലരും പറയുന്നതു്.

പോർട്ടുഗീസുകാർ അവരുടെ അഭീഷ്ടം മുഴുവനും സാധിക്കുവാൻ ബലപ്രയോഗംപോലും നടത്തിയ ആ അവസരത്തിൽ സുറിയാനിക്കാർ കത്തോലിക്കരല്ലായിരുന്നെങ്കിൽ എന്തെല്ലാം ചെയ്യുമായിരുന്നു എന്നാണു് നാം ഈ അവസരത്തിൽ ചിന്തിക്കേണ്ടതു്.

പത്തുസംഗതികൾ.

മെനേസീസ് അൎക്കദിയാക്കോനെക്കൊണ്ടു സമ്മതിപ്പിച്ച പത്തു സംഗതികളെപ്പറ്റി സ്വല്പം പറയേണ്ടതുണ്ടു.

1) നെസ്തോറിയതന്ത്രത്തെയും നെസ്തോറീസിനെയും മറ്റും ശപിക്കേണ്ടതു തന്നേയാണു. എന്നാൽ അൎക്കദിയാക്കോൻ അതുവരെ റോമ്മായുടെ വിധിക്കു വിരോധമായി ഇതിൽ പ്രവൎത്തിച്ചിരുന്നു എന്നു പറയാവുന്നതല്ല. കേരളീയ വൈദികർ കാനോൻ ജപത്തിൽ നെസ്തോറീസിന്റെയും മറ്റും നാമങ്ങൾ വിട്ടുകളഞ്ഞിരുന്നു എന്നു നാം കണ്ടതാണു. ആകയാൽ അൎക്കദിയാക്കോൻ അറിഞ്ഞുകൊണ്ടു നെസ്തോറീസിനെയും മറ്റും വണങ്ങിയിരുന്നതിനാൽ മെനേസീസ് ഈ വിധത്തിൽ ആവശ്യപ്പെട്ടു എന്നു അനുമാനിക്കാവുന്നതല്ല. കത്തോലിക്കനായിരിക്കുന്ന ഒരാൾ നെസ്തോറീസിനെയും മറ്റും ശപിക്കുന്നതിൽ വിഷമം വിചാരിക്കേണ്ട ആവശ്യമില്ല എങ്കിലും ആ സാഹചര്യങ്ങളിൽ, കത്തോലിക്കൻ എന്ന നിലയിൽ പോലും അങ്ങനെ ചെയ്യുന്നതു കുറെ വൈഷമ്യമുള്ള ഒരു കാൎയ്യമായിരുന്നു. കാരണം, ആ സാഹചര്യങ്ങളിൽ അങ്ങനെ ചെയ്യുന്നവർ തങ്ങൾ നെസ്തോറിയൻകാരാണെന്നുള്ള സംശയമെങ്കിലും അന്യരിൽ ഉളവാക്കാതിരിക്കുന്നതല്ല. നെസ്തോറീസു മുതലായവർ നരകാഗ്നിയിൽ കിടന്നു ശിക്ഷയനുഭവിക്കുന്നു എന്നു അൎക്കദിയാക്കോൻ എങ്ങനെ ഏറ്റുപറയും?

2. പത്രോസിന്റെയും തോമ്മായുടെയും നിയമങ്ങൾ എന്ന പ്രയോഗത്താൽ കേരളീയസഭ ഒരു സ്വതന്ത്ര സഭയാണെന്നുള്ള ധാരണയാണു സുറിയായിക്കാൎക്കുണ്ടായിരുന്നതെങ്കിൽ പോൎട്ടുഗീസുകാർ കേരളീയരുമായി വൈദികങ്ങളിൽ സംസൎഗ്ഗം ചെയ്യുകയില്ലായിരുന്നു. എന്നാൽ മെനേസീസു വന്നു അവരെ ക്ഷോഭിപ്പിച്ച അവസരത്തിൽപോലും അവരുടെ പള്ളികളിൽ പോൎട്ടുഗീസുകാർ വൈദികകൎമ്മങ്ങൾ അനുഷ്ഠിച്ചിരുന്നു. ആകയാൽ കേരളീയർ ലത്തീൻ റീത്തും സുറിയാനിറീത്തും മാത്രമേ ആ പ്രയോഗത്താൽ മനസ്സിലാക്കിയിരിക്കുവാൻ ഇടയുള്ളൂ. പ്രയോഗം കുറെ കടന്നതാണു. പക്ഷെ അതിനു നാം ഇന്നു വിചാരിക്കുന്ന

അത്ഥമല്ല ഉണ്ടായിരുന്നതു്. ആ അത്ഥമാണു് ഉണ്ടായിരുന്നതെങ്കിൽ കേരളീയസഭ ഖണ്ഡവിമോചനം പ്രാപിക്കുന്നകാൎയ്യത്തിലും മററും റോമ്മായെ ആശ്രയിക്കയില്ലായിരുന്നല്ലൊ. (24)

5. മെനേസീസു ആവശ്യപ്പെട്ടപോലെ അക്കദിയാക്കോൻ വിശ്വാസസത്യം ചെയ്യുന്നതിൽ വിഷമിച്ചിട്ടു കാൎയ്യമില്ലായിരുന്നു. പക്ഷെ, കേരളത്തിലേക്കു് ഒരു വികാരി അപ്പസ്തോലിക്കായെ നിയമിക്കുവാൻ റോമ്മായിൽ നിന്നു മെനേസീസിനു കിട്ടിയ അധികാരത്തെപ്പററി അക്കദിയാക്കോൻ ശരിയായി അറിഞ്ഞിട്ടില്ലായിരുന്നു എന്നുവരാം. അതിനും പുറമെ പതിമ്മൂന്നാം ഗ്രിഗോറിയൂസു മാൎപ്പാപ്പായുടെ കല്പനപ്രകാരം അക്കദിയാക്കോനു് മെനേസീസിന്റെ നിയമനംകൂടാതെ ഭരണം നടത്താമായിരുന്നു പക്ഷെ ആ കല്പന റദ്ദാക്കപ്പെ

---

24) പാലയൂർക്കാരും അവരെ അനുഗമിച്ചു് പറവൂർക്കാരും അടിനയിച്ചെന്നു പറയുന്ന ഒരു പ്രഹസനത്തെപ്പററി രണ്ടുവാക്കു പറയുന്നതു് രസാവഹമായിരിക്കും. തോമ്മാശ്ലീഹാ, വി. പത്രോസ്, വി. കുൎയ്യാക്കോസ് എന്നിവരുടെ ഭാഗങ്ങളാണത്രെ അടിനയിക്കപ്പെട്ടതു്. മെനേസീസു മുഖേന വി. പത്രോസ് തോമ്മായുടെ അനുഗാമികളുടെ വിശ്വാസം നശിപ്പിച്ചു എന്നാണു് തോമ്മാശ്ലീഹായുടെ ആവലാതി. ലോകമൊക്കയും തനിക്കധികാരമുണ്ടെന്നായിരുന്നു വി പത്രോസിന്റെ സമാധാനം. വി. കുൎയ്യാക്കോസ് (പാലയൂർ പള്ളിയുടെ മദ്ധ്യസ്ഥൻ) തോമ്മായിക്കനുകൂലമായി വിധി കല്പിച്ചത്രെ കേരളീയർ ബാബേൽ പാത്രിയക്കീസിനെയല്ലാതെ വി പത്രോസിനെ അനുഗമിക്കുന്നില്ലെന്നായിരുന്നു ആ വിധി. മെനേസീസു വേദവിപരീതിയാണെന്നും വിധി കല്പിക്കപ്പെട്ടു. (Whitehouse, pp. 31, 32). അകത്തോലിക്കരായ കേരളീയരുടെയിടയിലോ പോർട്ടുഗീസുകാരുടെയിടയിലോ മാത്രമേ ഈ സംഭവത്തെപ്പററി ഈ വിധത്തിലുള്ള പ്രസ്താവനകൾ കാണപ്പെടുന്നുള്ളു എന്നു് നാം മനസ്സിലാക്കണം. വി. പത്രോസിൽ നിന്നു് മാറി അദ്ദേഹത്തെ ആശ്രയിക്കാതെ നിന്നിരുന്ന ഒന്നായിരുന്നു കേരളീയ സഭയെങ്കിൽ 16-ാം ശതാബ്ദത്തിൽ ആ സഭയിൽ നടന്ന കത്തോലിക്ക പരങ്ങളായ സംഗതികൾ ആ വിധത്തിൽ നടക്കുകയില്ലായിരുന്നു എന്നതു് നിശ്ചയമാണു്. ആകയാൽ, ഈദൃശ സംഗതികളെല്ലാം കേൾക്കുന്നതുപോലെ വിശ്വസിക്കുവാൻ പാടുള്ളതല്ല.

ട്ടത്തു് അൎക്കദിയാക്കോൻ ശരിയായി അറിഞ്ഞിട്ടില്ലാഞ്ഞതിനാൽ വിശ്വാസസത്യം ചെയ്തു് അധികാരം മെനേസീസിൽ നിന്നു സ്വീകരിക്കുവാൻ അദ്ദേഹം വിമുഖനായിതീൎന്നു എന്നുവരാം.

4. പുസ്തകങ്ങൾ തിരുത്തുക ആവശ്യംതന്നെ. അങ്കമാലി സൂനഹദോസിൽവച്ചു് കേരളീയർ അങ്ങനെ ചെയ്തതാണു്. എന്നാൽ പുസ്തകങ്ങളിലെ തെറ്റുകളിൽ നിന്നു് കേരളീയർ അകത്തോലിക്കരായിരുന്നു എന്നു് അനുമാനിക്കേണ്ടതല്ല. ഫാദർ റൊസിന്റെ മേലുദ്ധരിച്ച സാക്ഷ്യത്തിൽ നിന്നു ഇതു തെളിയുന്നുണ്ടു്. പുസ്തകങ്ങൾ ചുട്ടുകളഞ്ഞിട്ടു് ആവശ്യമില്ലായിരുന്നു പക്ഷെ അന്നത്തെ നിലയ്ക്കു് അതു വലിയ ഒരു സാഹസകൃത്യമല്ലായിരുന്നു.

5. മാൎപ്പാപ്പായുടെ പരമാധികാരം സ്വീകരിക്കുന്നതും മററും അത്യന്താപേക്ഷിതങ്ങൾ തന്നെയാണു്. അൎക്കദിയാക്കോൻ അതിനു മുമ്പു് അതു സ്വീകരിച്ചിട്ടില്ലായിരുന്നെങ്കിൽ അദ്ദേഹത്തെ മെനേസീസ് വികാരി അപ്പസ്തോലിക്കാ ആക്കുമായിരുന്നോ? മാൎപ്പാപ്പാ അദ്ദേഹത്തെ മെത്രാനായി അംഗീകരിക്കുമായിരുന്നോ? ഏതായാലും ഇടക്കാലത്തു് അദ്ദേഹത്തിന്റെ പക്കൽ നിന്നു് മെനേസീസിന്റെ ബാല പ്രയോഗമദ്ധ്യേ വല്ലതും അവയ്ക്കു വിരോധമായി പുറപ്പെട്ടിട്ടുണ്ടായിരുന്നെങ്കിൽ അതു പരിഹരിക്കുവാൻ ഇതൊരു നല്ല മാൎഗ്ഗമാണു്. പക്ഷേ അതുകൊണ്ടു് കേരളീയ സുറിയാനിക്കാർ അകത്തോലിക്കരായിരുന്നു എന്നു വരുന്നതല്ല

6. പാത്രിയക്കീസിനെ ശീസ്മക്കാരനായി ശപിക്കുക പാടുള്ള ഒരു സംഗതിയല്ലായിരുന്നു അദ്ദേഹത്തിന്റെ അധികാരം വിട്ടുമാറുക വളരെ പ്രയാസമുള്ളതുമാണു്. എങ്കിലും മാൎപ്പാപ്പാ അയക്കുന്ന മെത്രാനെ സ്വീകരിക്കേണ്ടതത്രെ ("മാൎപ്പാപ്പാ നേരിട്ടു അയക്കുക" എന്നാണു് ഇവിടത്തെ അൎത്ഥം. ഉദയംപേരൂർവച്ചു് സുറിയാനിക്കാരെക്കൊണ്ടു ചെയ്യിച്ച വിശ്വാസസത്യത്തിൽ മെനേസീസ് ഇതു തെളിച്ചുപറഞ്ഞിട്ടുണ്ടു്) ഇതുവരെ റോമ്മായുടെ ഐക്യത്തിൽ നിന്നിരുന്ന പാത്രിയക്കീസാണു് മെത്രാനെ അയച്ചിരുന്നതു്. ഇപ്പോൾ റോമ്മാ നേരിട്ടയക്കുന്ന മെത്രാനെ സ്വീകരിക്കണമെന്നു പറയുന്നതും പാത്രിയക്കീസിനെ ഉപേക്ഷിക്കണമെന്നു പറയുന്നതും ഒന്നുതന്നെയാകാം. 1585-ലെ ഗോവ സൂനഹദോസിന്റെ നിശ്ചയപ്രകാരവും ഗോവ മെത്രാപ്പോലീത്തായിക്കു് മാർ അബ്രാഹത്തെ വിസ്തരിക്കുവാൻ മാൎപ്പാപ്പാ കൊടുത്ത കല്പനപ്രകാരവും മെനേസീസിനു് ഇതാവശ്യപ്പെടാമായിരുന്നു: ആവശ്യപ്പെടേണ്ടതുമായിരുന്നു. പക്ഷെ ആ സംഗതികൾ അൎക്കദിയാക്കോൻ അറിഞ്ഞിരുന്നു എന്നു വിചാരിക്കുക വിഷമമാണു്.

8. ഗോവ മെത്രാപ്പോലീത്തായിക്കു്, അങ്കമാലി അതിരൂപതാഭരണം നടത്തേണ്ടതിനു് ഒരു വികാരി അപ്പസ്തോലിക്കായെ നിയമിക്കാൻ റോമ്മായിൽ നിന്നു് അധികാരം ലഭിച്ചിരുന്നു. അങ്ങനെ ഒരാളെ നിശ്ചയിച്ചുകഴിയുന്നതോടെ നിശ്ചയിക്കപ്പെടുന്ന ആൾ "വികാരി അപ്പസ്തോലിക്കാ" എന്ന നിലയിൽ റോമ്മായുടെ കീഴിൽ നേരിട്ടു് ഇരിക്കുന്നതായിരിക്കും. ഗോവമെത്രാപ്പോലീത്തായിക്കു അങ്ങനെയുള്ളയാളെ തക്കകാരണം നിമിത്തം തനിക്കു ലഭിച്ച പ്രത്യേകാധികാരത്താൽ മാററി വേറൊരാളെ പകരം (ഇങ്ങനെ എത്ര പ്രാവശ്യമെങ്കിലും) നിശ്ചയിക്കാമായിരുന്നു എന്നു വന്നാലും, ആ ആൾ അധികാരത്തിലിരിക്കുമ്പോൾ താൻ അയാളുടെ മേലാവാണെന്നു് അദ്ദേഹത്തിനു പറയാമായിരുന്നില്ല. "വികാരിഅപ്പസ്തോലിക്കാ" മാർപ്പാപ്പായുടെ പ്രതിപുരുഷനാണു്: ഗോവാമെത്രാപ്പോലീത്തായുടെ പ്രതിപുരുഷനല്ല. അങ്കമാലി അതിരൂപത ഗോവയുടെ കീഴല്ലായിരുന്നതാനും.—

ഇങ്ങനെയുള്ള ഒരു പ്രതിപുരുഷനെ നിയമിക്കുവാനും മററുമുള്ള അധികാരത്താൽ മെനേസീസു് അർക്കദിയാക്കോന്റെമേൽ അധികാരം പ്രാപിച്ചു എന്നു പറയാവുന്നതല്ല.

എന്നാൽ ഗോവയുടെ മെത്രാപ്പോലീത്താ, ഇൻഡ്യയുടെ പ്രിമാസ്സു് എന്ന നിലകളിൽ അങ്കമാലി അതിരൂപത തന്റെ അധികാരത്തിൻകീഴിലാണെന്നുള്ള ഭാവത്തിലായിരുന്നു മെനേസീസിന്റെ പ്രവൃത്തികൾ. ഇതിൽ മെനേസീസു വലിയ ഒരു തെററു ചെയ്തു എന്നു പറയേണ്ടതാണു്. ഗോവയുടെ ഉപമെത്രാനല്ലായിരുന്നു അങ്കമാലി മെത്രാപ്പോലീത്താ. അങ്കമാലി അതിരൂപത കൽദായപാത്രിയർക്കീസിന്റെ കീഴായിരുന്നു മാർപ്പാപ്പാ നേരിട്ടു നിശ്ചയിക്കുന്ന മെത്രാൻ അങ്കമാലിയെ ഭരിക്കണമെന്നും മററും റോമ്മായിൽ തീരുമാനിച്ചെങ്കിലും ആ തീരുമാനം ഗോവാമെത്രാപ്പോലീത്തായിക്കു് അങ്കമാലി അതിരൂപതമേൽ മെത്രാപ്പോലീത്തൻ അഥവാ പ്രൈമാർഷ്യൽ അധികാരം ഒന്നും പ്രദാനം ചെയ്യുന്നതല്ലായിരുന്നു.

സൂനഹദോസു സംബന്ധിച്ചു് മെനേസീസു നിശ്ചയിക്കുന്നതെല്ലാം സ്വീകരിക്കുക കുറെ പ്രയാസമാണു്. അദ്ദേഹത്തിനു സൂനഹദോസു നടത്തുവാൻ അധികാരം ആരു കൊടുത്തു? അദ്ദേഹം സഞ്ചരിക്കുന്നിടത്തൊക്കെ അർക്കദിയാക്കോനും സഞ്ചരിച്ചുകൊള്ളണം! രാജശക്തി വശത്തായപ്പോഴാണു് മെനേസിസ് ഇങ്ങനെ ആവശ്യപ്പെട്ടതു്!

പത്തു സംഗതികൾ ഒന്നൊഴിയാതെ എല്ലാം സ്വീകരിക്കണമെന്നു മെനേസിസ് ആവശ്യപ്പെട്ടതിൽ ഏതോ സൂത്രമുണ്ടെന്ന് ഇത്രയും പറഞ്ഞതിൽ നിന്ന് ഊഹിക്കാവുന്നതാണ്. അവയിൽചിലവ അക്കിദിയാക്കോൻ ചെയ്യേണ്ടവയായിരുന്നു. മററുചിലവ ചെയ്യുവാൻ പാടുള്ളതേ അല്ലായിരുന്നു! വേറെചിലവ ചെയ്യാതിരിക്കാമായിരുന്നു.

സുറിയാനിക്കാരുടെ പള്ളികൾ സന്ദർശിച്ച് പുസ്തകങ്ങൾ ദഹിപ്പിച്ച് ഒരു സൂനഹദോസുകൂട്ടി ഇഷ്ടംപോലെ എല്ലാം അവരെക്കൊണ്ടു ചെയ്യിയ്ക്കുമെന്നും രാജശക്തി തനിക്കുണ്ടെന്നും മെനേസീസ് ഓർല്ലെയം പാത്രിയർക്കീസിനെഴുതിയ എഴുത്തിലെ താല്പര്യം ഇവിടെ സ്മർത്തവ്യമാണ്.

## ഉദയമ്പേരൂർ സൂനഹദോസിനുള്ള ഒരുക്കങ്ങൾ.

അക്കിദിയാക്കോൻ വഴിപ്പെട്ടുകഴിഞ്ഞതോടെ മെനേസീസിന് എന്തും നിർബാധം പ്രവർത്തിക്കാമെന്നായി. വളരെ പട്ടക്കാരെ വൈയ്പിക്കോട്ടു വിളിച്ചുകൂട്ടി സൂനഹദോസു നടത്തേണ്ടതിന്റെ ആവശ്യകതയെപ്പററിയും തെററുകൾ തിരുത്തേണ്ടതിനെപ്പററിയും അദ്ദേഹം അവരോടു വളരെസമയം പ്രസംഗിച്ചു. അദ്ദേഹത്തോടു മുമ്പേതന്നെ ചേർന്നിരുന്നവർ ഉടൻ അതിനു സമ്മതം നൽകി. മററുള്ളവരും സമ്മതം നൽകാതിരുന്നില്ല. സൂനഹദോസു കൂടേണ്ടത് അങ്കമാലിൽ വേണമെന്നായിരുന്നു ചിലരുടെ അഭിപ്രായം. "നെസ്തോറിയൻ ബാധയുടെ പ്രചാരകനാ"യ മാർ അബ്രാഹം അവിടെ താമസിച്ചിരുന്നതിനാൽ അവിടെ വേണ്ടെന്നു മെനേസീസു തീരുമാനിച്ചു. കൊച്ചിരാജാവിന്റെ അധികാരസീമയിൽപെട്ട ഉദയമ്പേരൂരാണ് പിന്നീടു തിരഞ്ഞെടുക്കപ്പെട്ടത്. യാത്രാസൌകര്യത്തിനും പുറമെ കൊച്ചിരാജാവിന്റെ സഹായവും അവിടെയുണ്ടായിരുന്നു (25) 1599 ജൂൺ 29-ാംനു- ആണ് സൂനഹദോസിന്റെ പ്രാരംഭദിവസമായി നിശ്ചയിക്കപ്പെട്ടത്. എല്ലാ പള്ളിയിൽനിന്നും നാലു അൽമായ പ്രതിപുരുഷന്മാർ സൂനഹദോസിൽ സംബന്ധിക്കേണ്ടതാണെന്നും തീരുമാനിക്കപ്പെട്ടു മെനേസീസും അക്കിദിയാക്കോനും ഒപ്പിട്ട ഓലകൾ എല്ലാ സ്ഥലങ്ങളിലേക്കും അയക്കപ്പെടുകയും ചെയ്തു. ഇതിനെപ്പററി അടുത്ത അദ്ധ്യായത്തിൽ കൂടുതൽ പ്രസ്താവിക്കുന്നതാണ്.

ഇതിന്റെ ശേഷം വൈയ്പിക്കോട്ടുനിന്ന് കൊടുങ്ങല്ലൂരെത്തി സൂനഹദോസിനു വേണ്ടവയെല്ലാം മെനേസീസ് തയാറാക്കി. സൂനഹദോ

---

25) Raulin o. c. p. 40.
അങ്കമാലിൽ അക്കദിയാക്കോനായിരുന്നു ശക്തി!

സിൽവച്ചു് എല്ലാ പള്ളികൾക്കും കൊടുക്കേണ്ടതിനായി കുർബാനക്കല്ലുകൾ പറവൂർ പള്ളിയിൽവച്ചു് അനേകം പട്ടക്കാരുടെ സഹകരണത്തോടെ അദ്ദേഹം കൂദാശചെയ്തു അവിടെവച്ചു് പലൎക്കും പട്ടവും കൊടുത്തു. മുമ്പു പട്ടംകൊടുത്തവരെക്കൊണ്ടു ചെയ്യിച്ച തരത്തിലുള്ള വിശ്വാസസത്യവും വാഗ്ദാനവും ഇവരെക്കൊണ്ടും ചെയ്യിച്ചു. അമ്പതുപേൎക്കാണു് അവിടെവച്ചു പട്ടംകൊടുത്തതു്! ഇങ്ങനെ സൂനഹദോസിന്റെ വിജയത്തിനു് ഒരു നല്ലകക്ഷിയെ അദ്ദേഹം തയാറാക്കി.

സൂനഹദോസുനിയമങ്ങൾ മലയാളത്തിലാക്കുന്നതിനും മററും കൊച്ചീരൂപതയിൽനിന്നു് കേരളീയവൈദികരേയും അദ്ദേഹം ഉദയംപേരൂരേക്കു ക്ഷണിച്ചു. ഈ വൈദികർ ഒരുപക്ഷേ ലത്തീൻറീത്തിൽ പട്ടമേററ സുറിയാനിക്കാരായിരുന്നിരിക്കാം. ഒരുപക്ഷെ സുറിയാനിപ്പള്ളിയിൽ ലത്തീൻകുർബാന ചൊല്ലുവാനുള്ള ഒരവസരം ഉദയംപേരൂർവച്ചായിരിക്കാം ഇവൎക്കു ആദ്യമായി ലഭിച്ചതു്.

---

## പതിനേഴാം അദ്ധ്യായം

---

## ഉദയംപേരൂർ സൂനഹദോസ്.

---

### എല്ലാവരും സൂനഹദോസിലേക്കു ക്ഷണിക്കപ്പെടുന്നു.

വൈപ്പിക്കോട്ടു നിന്നു് 1599 മേയ്മാസം 14-ാംനു- മെനേസിസ് എല്ലാ സുറിയാനിപ്പള്ളികളിലേക്കും അയച്ച പരസ്യക്കല്പനയാൽ തക്കകാരണം നിമിത്തം ഹാജരാകുവാൻ പാടില്ലാതിരുന്നവരൊഴിച്ചു് എല്ലാ സുറിയാനിപ്പട്ടക്കാരും “വിശ്വാസകാനോൻനിയമങ്ങൾക്കനുസരണമായി” ഉദയംപേരൂർ സമ്മേളിക്കുവാനിരുന്ന “രൂപതാസൂനഹദോസിലേക്കു്” (Diocesan synod) ക്ഷണിക്കപ്പെട്ടു. തക്കകാരണം നിമിത്തമല്ലാതെ സൂനഹദോസിൽ സംബന്ധിക്കാതിരിക്കുന്നവർ അതാലേതന്നെ മഹറോനിൽ ഉൾപ്പെട്ടുമെന്നു ഭയപ്പെടുത്തിക്കൊണ്ടു് വിശുദ്ധ അനുസരണത്തിന്റെ ശക്തിയാൽ അത്രെ മെനേസീസു് ഇങ്ങനെയൊരു കല്പനയയച്ചതു് —Insuper praecipimns in virtute Sanctae Obedie-

ntiae et sub poena excommunicationis latae sententiae.–1) സൂനഹദോസിൽവച്ചു് സുറിയാനിക്കാരെ മെനേസിസ്സ കത്തോലിക്കരാക്കി എന്നാണല്ലൊ പലരും പറയുന്നതു്. പക്ഷെ ഉദയമ്പേരൂർ സൂനഹദോസിനു കുറെ മുമ്പു് കേരളീയരെല്ലാവരും കത്തോലിക്കരായിരുന്നിരുന്നു എന്നാണു് പ്രസ്തുത പരസ്യകല്പനയിൽ മെനേസിസ്സ പറയുന്നതു്! അർക്കദിയാക്കോൻ കീഴടങ്ങിയ സംഭവത്തെയും അതിനുമുമ്പു നടന്ന സംഗതികളേയും കേരളീയരുടെ മാനസാന്തരമായിട്ടായിരിക്കാം അദ്ദേഹം കരുതുന്നതു്.

ഓരോ പള്ളികളിൽ നിന്നു് തിരിഞ്ഞെടുക്കപ്പെടുന്ന നാലു് അത്മായ പ്രതിപുരുഷന്മാരും സൂനഹദോസിൽ സംബന്ധിക്കണമെന്നു് മെനേസിസ്സ് കല്പിച്ചു.

## സൂനഹദോസു നടത്തുവാനുള്ള അധികാരം.

മാർ അബ്രാഹത്തിന്റെ പിൻഗാമി നിയമിക്കപ്പെടുന്നതുവരെയുള്ള കാലയളവിൽ അങ്കമാലിസഭയെ ഭരിക്കുവാൻ ഒരാളെ നിശ്ചയിക്കേണ്ട കടമ മാർപ്പാപ്പായുടെ തിരുവെഴുത്തുകൾ മുഖേന തനിക്കുണ്ടായിരുന്നെന്നും, അന്നുവരെ നടന്നിരുന്നതുപോലെ മേലിൽ "ബാബേലിൽ" നിന്നു് മെത്രാനെ സ്വീകരിക്കരുതെന്നു് മാർപ്പാപ്പാ തന്നോടു കല്പിച്ചിട്ടുണ്ടെന്നും, അതു് അവിടെയുള്ളവർ എല്ലാവരും നെസ്തോറിയൻ പാഷണ്ഡനായ "ബാബേൽ" പാത്രിയർക്കീസിന്റെ കീഴുള്ള ശിഷ്യന്മാരും, നെസ്തോറിയൻപാഷണ്ഡരും റോമ്മാസഭയുടെ അനുസരണത്തിനു വെളിക്കുള്ളവരും ആകയാൽ ആണെന്നും, മാർപ്പാപ്പായുടെ കല്പനയനുസരിച്ചു് താൻ പ്രവർത്തിച്ചെന്നും, എന്നാൽ അങ്ങനെ പ്രവർത്തിക്കുവാൻ വേറെ കാരണങ്ങളാൽ തനിക്കു പാടുണ്ടായിരുന്നെന്നും ആ കാരണങ്ങളിൽ ഒന്നാമത്തേതു് അങ്കമാലിസഭയെ മെത്രാപ്പോലീത്തായുടെ അഭാവത്തിൽ ഭരിക്കുവാൻ അവിടെ കാനോൻസംഘം ഇല്ല എന്നുള്ളതും, രണ്ടാമത്തേതു് താൻ ഇൻഡ്യായുടെ മെത്രാപ്പോലീത്തായും പൌരസ്ത്യദിക്കിലെ പ്രിമാസ്സും ആകയാൽ അങ്ങനെ ചെയ്യുവാൻ തനിക്കു് അധികാരമുണ്ടെന്നു കാണപ്പെടുന്നു എന്നുള്ളതും ആണെന്നും മെനേസിസ്സ് പ്രസ്തുത ലേഖനത്തിന്റെ ആരംഭത്തിൽ പ്രസ്താവിക്കുന്നു.

അങ്കമാലിസഭയെ ഭരിക്കുവാൻ ഒരു വികാരിഅപ്പസ്തോലിക്കായെ നിശ്ചയിക്കുവാൻ മെനേസിസിനു അധികാരമുണ്ടായിരുന്നു. എന്നാൽ

---

(1) Raulin. o. c. p. 62.

1) സൂനഹദോസിനു് എല്ലാവരേയും ക്ഷണിച്ചുകൊണ്ടു അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ പരസ്യലേഖനത്തിൽ ഇതു തുറന്നു പറഞ്ഞിട്ടുണ്ടു്.

അതിനു മുമ്പോ അതിനു ശേഷമോ ആ സഭയുടെ ഉരംഭരണത്തിൻ മുഴവനായി പ്രവേശിച്ചു് മുറക്കു് അതിൽ അധികാരം നടത്തി അവിടെ ഒരു രൂപതാസൂനഹദോസു (diocesan synod according to the sacerd canons) നടത്തുവാൻ അദ്ദേഹത്തിനു പാട്ടുണ്ടായിരുന്നെന്നു തോന്നുന്നില്ല. മാർപ്പാപ്പായുടെ 1595 ജന. 27–ലെ കല്പനപ്രകാരം അങ്കമാലി അതിരൂപതയിൽ അബദ്ധങ്ങൾ സ്വീകരിച്ചിരുന്നവരെ (labe erroris irretitos) വിസ്തരിക്കുവാനും അല്ലെങ്കിൽ വിസ്തരിപ്പിക്കുവാനും ബാബേൽകാരെ തടയുവാനും ഗോവാമെത്രാപ്പോലീത്തായിക്കു പാട്ടുണ്ടായിരുന്നു എന്നു വാദമുണ്ടായേക്കാം. എന്നാൽ ആ കല്പന ഗോവമെത്രാപ്പോലീത്തായുടെ വിശ്വാസം, നൈർമ്മല്യം, കത്തോലിക്കാവിശ്വാസത്തിലുള്ള തീക്ഷ്ണത ആദിയായവയിൽ ആശ്രയിച്ചുകൊണ്ടു് മാർപ്പാപ്പാ നൽകിയതാകയാൽ (de tua fide, integritate, Catholicae religionis zelo plurimum in Domino confisi) അതു് ഒരാളുടെ വ്യക്തിവിശേഷത്തെ മുൻനിറുത്തി (intuitu personae) നൽകിയതാണെന്നു കരുതാവുന്നതാണു്. മെനേസീസ് ഗോവമെത്രാനാക്കപ്പെട്ടതു് 1595 ഫെബ്രുവരി 13–ൽ (അദ്ദേഹത്തിന്റെ ബുള്ളയിലെ തീയതിയാണിതു്. Beltrami, op. c. p. 116 note) ആകയാൽ 1595 ജന. 27–ൽ വ്യക്തിവിശേഷത്തെ മുൻനിറുത്തി ഗോവമെത്രാപ്പോലീത്താ എന്നു് പേരു പറയാതെ എഴുതിയിരിക്കുന്ന കല്പനയെ അദ്ദേഹത്തിനു നടപ്പിൽ വരുത്താമോ എന്നു സംശയിക്കാവുന്നതാണു്. നടപ്പിൽ വരുത്താമെങ്കിൽ തന്നെയും കുറ്റക്കാരെ വിസ്തരിക്കാനും മറ്റുമല്ലാതെ വേറെ യാതൊന്നും അതിനാൽ ചെയ്യാവുന്നതല്ല. കുറ്റക്കാരെ വിസ്തരിക്കുവാനും മറ്റും ഒരു സൂനഹദോസിന്റെ ആവശ്യമെന്താണു്? അങ്കമാലി അതിരൂപത മുഴുവനും കുറ്റക്കാരെക്കൊണ്ടു നിറഞ്ഞിരുന്നതിനാൽ (മെനേസീസു ഇതു പറയുന്നില്ല) സൂനഹദോസു് ആവശ്യമായിരുന്നു എന്നു പറഞ്ഞേക്കാം. പക്ഷേ ഉദയമ്പേരൂർ നടന്നപോലെയുള്ള ഒരു രൂപതാസൂനഹദോസു് (diocesan synod) നടത്തുവാനോ എല്ലാ സംഗതികളെപ്പററിയും നിയമങ്ങൾ ഉണ്ടാക്കുവാനോ ഈ വിധത്തിലും പാട്ടുള്ളതല്ലായിരുന്നു.

“ബാബേലിൽ” നിന്നു വരുന്ന മെത്രാന്മാരെ സ്വീകരിക്കേണ്ടതല്ലെന്നു് എട്ടാം ക്ലെമിസുമാർപ്പാപ്പാ തന്റെ ഒന്നാമത്തെ തിരുവെഴുത്തിൽ (Brief) ഗോവമെത്രാപ്പോലീത്തായെ അറിയിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അതു് അവിടെയുള്ളവർ ശിസ്മക്കാരും, നെസ്തോറിയൻപാഷണ്ഡരും, റോമ്മാസഭയുടെ അനുസരണത്തിനു വെളിക്കുള്ളവരും ആയതിനാലാകുന്നു എന്നു് മാർപ്പാപ്പാ പ്രസ്താവിച്ചിട്ടില്ല. വാസ്തവം അങ്ങനെയല്ലായിരുന്നുതാനും. മാർപ്പാപ്പാ തന്റെ തിരുവെഴുത്തിൽ ഇപ്രകാരം പറഞ്ഞിട്ടുണ്ടെന്നാണു്. മെനേസീസു് പ്രസ്താവിക്കുന്നതെ

ങ്കിൽ മെനേസിസിന്റെ പ്രസ്താവന സ്വീകാര്യമല്ല. ഇങ്ങനെ അദ്ദേഹം പ്രസ്താവിക്കുന്നതായി വിചാരിക്കേണ്ടതില്ല. "ബാബേലിൽ" നിന്നുള്ള വരെ സ്വീകരിക്കേണ്ടതല്ലെന്നു മാർപ്പാപ്പാ പറയുന്നതിനുള്ള കാരണം അവർ മേല്പറഞ്ഞതരത്തിൽപെട്ടവരായതുകൊണ്ടാണ് എന്നു മെനേസീസ് തീരുമാനിച്ചെങ്കിൽ, അതിൽ മെനേസിസിനു തെറ്റു വന്നുപോയി എന്നു പറയേണ്ടതാണ്.

അങ്കമാലിസഭയെ മെത്രാന്റെ അഭാവത്തിൽ ഭരിക്കുവാൻ കാനൻ സംഘം ഇല്ലായിരുന്നു (സുറിയാനിക്കാർക്ക് ഈ ഏർപ്പാടില്ല) എന്ന കാരണത്താൽ അതിന്റെ മെത്രാപ്പോലീത്താ അല്ലായിരുന്ന മെനേസിസിനു അതിന്റെ ഭരണത്തിൽ കൈ കടത്തുവാൻ പാടുള്ളതല്ലായിരുന്നു—ഇൻഡ്യയുടെ മെത്രാപ്പോലീത്താ, പൌരസ്ത്യദിക്കിലെ പ്രിമാത്തൂസ് എന്നിങ്ങനെയുള്ള അദ്ദേഹത്തിന്റെ സ്ഥാനങ്ങൾ ഒരു സുറിയാനി സഭയായ അങ്കമാലി സഭമേൽ അദ്ദേഹത്തിനു യാതൊരധികാരവും നൽകുവാൻ പര്യാപ്തങ്ങളല്ല. ഗോവമെത്രാപ്പോലീത്തായിക്കു ഈദൃശസ്ഥാനങ്ങൾ ഉണ്ടായിരുന്നപ്പോൾ തന്നെയല്ലയോ കൽദായപാത്രിയർക്കീസിനു അങ്കമാലി സഭമേലുണ്ടായിരുന്ന അധികാരം മാർപ്പാപ്പാ അംഗീകരിച്ചുകൊടുത്തതു? അതുമല്ല, ഗോവമെത്രാപ്പോലീത്തായിക്കു അങ്കമാലിസഭയിൽ അധികാരമില്ലെന്നുള്ള ബോധം നിമിത്തമല്ലയോ അങ്കമാലിമെത്രാൻ ഗോവമെത്രാപ്പോലീത്തായുടെ ഉപമെത്രാനായിരിക്കേണ്ടതാണെന്നുള്ള തന്റെ ആഗ്രഹം മെനേസീസു തന്നെ ഓർശ്ലെംപാത്രിയർക്കീസിനു 1597-ൽ എഴുതിയറിച്ചതു? അല്ല, അങ്കമാലിയിടവക (Archdiocese) ഗോവയുടെ ഉപമെത്രാസനമായിരുന്നു എന്നിരിക്കട്ടെ. ഒരു ലത്തീൻ മെത്രാപ്പോലീത്തായിക്കു തന്റെ ഉപമെത്രാസനയിടവകയിൽ അതിന്റെ അദ്ധ്യക്ഷനില്ലാത്തപ്പോൾ രൂപതാസൂനഹദോസു കൂട്ടുക, പട്ടംകൊടുക്കുക മുതലായ അധികാരപ്രവൃത്തികൾ ചെയ്യുവാൻ പാടില്ലാത്തതാണ്.

സുറിയാനിപ്പള്ളികളെ ഔദ്യോഗികമായി സന്ദർശിച്ചു അവയിൽ സാക്ഷാത്തായ അധികാരം നടത്തിയതും വിശുദ്ധ കാനോനാകൾക്കനുസരണം (Juxta sacros Canones) ഒരു രൂപതാസൂനഹദോസു വിളിച്ചുകൂട്ടിയതും മെനേസിസിന്റെ ഭാഗത്തു നിന്നു കുറെ കടന്നുപോയി എന്നു പറയേണ്ടിയിരിക്കുന്നു. അർക്കദിയാക്കോൻ മെനേസിസിനെ സമീപിക്കാതെ മാറി നിന്നതിൽ അദ്ദേഹത്തെ വലിയ കുററക്കാരനും ശീസ്മക്കാരനും വഞ്ചകനും പാഷണ്ഡിയും ആക്കുന്നവർ മെനേസിസിന്റെ അധികാരത്തെയും പ്രവൃത്തികളെയുംപററി ചിന്തിക്കുന്നതായി സാധാരണ നാം കാണുന്നില്ല.

താൻ കേരളത്തിലെത്തിയ വിവരവും അവിടെ തനിക്കുണ്ടായ വിഷമതകളും എടുത്തുകാണിച്ചുകൊണ്ടു് ആ ശീശ്മയുടെ വേരുകൾ കേരളത്തിൽ ഉറച്ചിരുന്നതുകൊണ്ടാണെന്നും മററും മെനേസീസ് പ്രസ്തുത പരസ്യലേഖനത്തിൽ തുടൎന്നുപറയുന്നുണ്ടു്. തന്റെ ആഗമനമാകട്ടെ സുറിയാനിക്കാരെ വിശുദ്ധ റോമ്മാസഭയുടെ അനുസരണത്തിലേക്കു കൊണ്ടുവരുവാനും അവരുടെ തെററുകൾ നീക്കുവാനും ആയിരുന്നു എന്നും മെനേസിസു പ്രസ്താവിക്കുന്നു. റോമ്മാസഭയുടെ അനുസരണത്തിലേക്കു് കൊണ്ടുവരുക എന്നതു് ഏതൎത്ഥത്തിൽ ഗ്രഹിക്കണമെന്നു് മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ.

സൂനഹദോസു തുടങ്ങുന്നു.

കല്പനപ്രകാരം എല്ലാവരും ഉദയംപേരൂർ പള്ളിയിൽ സമ്മേളിച്ചു. 153 പട്ടക്കാരും 671 അത്മായക്കാരും അവിടെ ചെന്നുചേൎന്നു. പട്ടക്കാരിൽ നിന്നു് എട്ടുപേരെ മെനേസീസ് തിരിഞ്ഞെടുത്തു (2) അവരേയും അൎക്കദിയാക്കോനേയും തനിച്ചു വിളിച്ചു് സൂനഹദോസിൽ തീരുമാനിക്കുവാനിരുന്നവ വായിച്ചു കേൾപ്പിച്ചു. അവരോടു ആലോചിക്കുവാനും, അവരുടെ മനസ്സിൽ കാൎയ്യങ്ങൾ അഗാധമായി പതിക്കുവാനും, അവർ സംഗതികൾ സ്വീകരിക്കുന്നപക്ഷം അവർ മുഖേന അന്യരെ സമ്മതിപ്പിക്കുവാനും, അവരുടെ സംശയം തീൎക്കുവാനും മററുമാണു് അദ്ദേഹം ഇങ്ങനെ ചെയ്തതു്. എന്നാൽ സൂനഹദോസിൽ നിശ്ചയിക്കുന്നവയെല്ലാം സ്വീകരിച്ചുകൊള്ളാമെന്നു് അദ്ദേഹം അൎക്കദിയാക്കോനെക്കൊണ്ടു് മുമ്പെ തന്നെ സമ്മതിപ്പിച്ചിട്ടുണ്ടായിരു. മററു എട്ടു പട്ടക്കാരേയും അദ്ദേഹം തന്നെയാണു് തിരിഞ്ഞെടുത്തതു്. നാട്ടിലെ ആചാരങ്ങൾ സംബന്ധിച്ചു് ആലോചിക്കുവാൻ പ്രായംചെന്ന നാലു് അത്മായക്കാരേയുംഅദ്ദേഹം സ്വീകരിച്ചു. (3)

എല്ലാം ആലോചിച്ചശേഷം എല്ലാം - ഏററം വിശേഷമാണെന്നു് പൊതുവായി അംഗീകരിക്കപ്പെട്ടു. (4) മുമ്പു പറഞ്ഞ സാഹചൎയ്യങ്ങളെല്ലാം ആലോചിച്ചശേഷമേ ഈ വിഷയത്തിൽ എന്തെങ്കിലും വിധി പറയുവാൻ നാം ഒരുമ്പെടേണ്ടതുള്ളു.

ഒന്നാം യോഗം.

---

2) Raulin o. c. p. 42.
3) Ibid. p 43.
4) Ibidem.

സൂനഹദോസിൻ പ്രാരംഭമായി മെനെസീസ് ശീസ്മ നീക്കുവാനുള്ള (Missam ad tollendum schisma) കുർബാന സാഘോഷം ആരംഭിച്ചു പൂർത്തിയാക്കി. അതിൻ്റെ ശേഷം, സ്ഥാനവസ്ത്രങ്ങളണിഞ്ഞു സൂനഹദോസു നടത്തുവാൻ തനിക്കുള്ള അധികാരം എങ്ങനെ ലഭിച്ചു എന്നു എല്ലാവരേയും അറിയിച്ചു. (മുമ്പുപറഞ്ഞ സംഗതിതന്നെ) പിന്നീട് അങ്കമാലി അതിരൂപതയിൽപെട്ട പള്ളുരുത്തിക്കാരനായ യാക്കോബച്ചൻ ദ്വിഭാഷിയായി നിയമിക്കപ്പെട്ടു. ഫാദർ ഫ്രാൻസിസു റോസും ഫാദർ ആൻ്റനി ടൊസ്കാനോയും ഇതേ ഉദ്യോഗത്തിൽ യാക്കോബച്ചൻ്റെ സഹായകന്മാരായി നിശ്ചയിക്കപ്പെടുകയും ചെയ്തു.

തെറ്റുകൾ തീർക്കുവാനും, റോമ്മാസഭയുടെ കീഴിൽ സുറിയാനിസഭയെ ഉറപ്പിക്കുവാനും, പുസ്തകങ്ങൾ തിരുത്തുവാനും മറ്റും ഈ രൂപതാ സൂനഹദോസു നടത്തുന്നതിനു എല്ലാവർക്കും സമ്മതമാണോ എന്നു മെനേസീസ് ചോദിച്ചതിനു സമ്മതമാണെന്നു എല്ലാവരും ഉത്തരിച്ചു. (5) ആർക്കെങ്കിലും സംശയം വല്ലതുമുണ്ടെങ്കിൽ വെളിപ്പെടുത്താമെന്നും മറ്റും മെനേസീസ് അനുമതി നൽകാതിരുന്നില്ല

തൻ്റെ തിരിച്ചുള്ള അനുമതികൂടാതെ ആരും ഉദയമ്പേരൂർ വിട്ടു പുറത്തുപോകരുതെന്നു എല്ലാവരോടും, മെനേസിസു കല്പിച്ചു മറിച്ചു ചെയ്താൽ അതിനാൽതന്നെ മഹറോനിൽ വീഴുമെന്നായിരുന്നു കല്പന (6) എന്തെങ്കിലും നല്ലതെന്നു തോന്നുന്നതു വാക്കാലോ എഴുത്താലോ തന്നെ അറിയിക്കാമെന്നും മെനേസീസ് അറിയിച്ചു.

സൂനഹദോസു ശരിയായി നടക്കുവാൻ ദൈവാനുഗ്രഹം ഉണ്ടാകുന്നതിനായി അവിടെ കൂടിയിരുന്ന എല്ലാ വൈദികരും അൽമായക്കാരും തങ്ങളുടെ പാപങ്ങൾ മനസ്താപത്തോടെ കുമ്പസാരിക്കണമെന്നും പട്ടക്കാർ ആ ഉദ്ദേശ്യത്തിനായി കുർബാന ചൊല്ലണമെന്നും, പട്ടക്കാരല്ലാത്തവർ കുർബാന സ്വീകരിക്കണമെന്നും, അതേ ഉദ്ദേശ്യത്തിനുതന്നെയായി ദിവസവും ലത്തീനിലും സുറിയാനിയിലും എഴുമണിക്കുമുമ്പു പാട്ടുകുർബാനയുണ്ടാകേണ്ടതാണെന്നും, സന്ധ്യക്കു ദിവസവും പ. ക. മറിയത്തിൻ്റെ ലുത്തിനിയായും അതിൻ്റെ ശേഷമുള്ള പ്രാർത്ഥ

5) Actio I. Decree. 1.
6) Actio I. Decree. 2.

നകളും നടത്തണമെന്നും മെനേസീസ് എല്ലാവരോടും കല്പിച്ചു. (7)

---

7) Actio I. Decree. 4.

"എന്നാൽ കുമ്പസാരം സൂനഹദോസിൽവച്ച് തീരുമാനിക്കേണ്ട കാര്യമാണെന്ന് ആരെങ്കിലും വാദിക്കുന്നെങ്കിൽ അയാൾ കുർബാന കൈക്കൊള്ളേണ്ടാ" എന്ന് മെനേസീസിന്റെ യാത്രാവിവരണമെഴുതിയ ഗോവേയാ പറയുന്നുണ്ടത്രെ (Gouveas, I c. xx). ഗോവേയായുടെ ഈ പ്രസ്താവനയെ ആധാരമാക്കി അന്നു കേരളീയസഭ കുമ്പസാരം സ്വീകരിച്ചിരുന്നില്ലെന്നും, തന്നിമിത്തം ആ സഭ അന്നു കത്തോലിക്കമല്ലായിരുന്നെന്നും ചിലർ തീരുമാനിക്കുന്നുണ്ട്. എന്നാൽ ഒന്നാമതായി തന്നെ, മെനേസീസിന്റെ കല്പനയിൽ ഈ ഭാഗം ഇല്ല. മെനേസീസിന്റെ പ്രവൃത്തികളെ ആദരിച്ചു ഗ്രന്ഥരചന നടത്തിയ ഗോവേയാ ആണ് ഇങ്ങനെ പ്രസ്താവിക്കുന്നത്. ആകയാൽ മെനേസീസിന്റെ കല്പനയിലെ നഗ്നമായ അബദ്ധത്തെ മറയ്ക്കുവാൻ ഗോവെയാ ഇങ്ങനെ ചെയ്തു എന്നുവരാം. കുമ്പസാരത്തെയും പ്രായശ്ചിത്തത്തെയും നസ്രാണികൾ പൊതുവേ വെറുത്തിരുന്നു എന്നു ഗോവേയാതന്നേ വേറൊരു സ്ഥലത്തു പറയുന്നതും ഇതേ ഉദ്ദേശ്യത്തോടുകൂടിയാകാം. കുമ്പസാരത്തെയും പ്രായശ്ചിത്തത്തെയും കേരളീയസഭ മനഃപൂർവ്വം വെറുത്തിരുന്നെങ്കിൽ—അതായത് അവ കത്തോലിക്കാ സിദ്ധാന്തമാണെന്നറിഞ്ഞുകൊണ്ട് അവയെ വെറുത്തിരുന്നെങ്കിൽ—പോർട്ടുഗീസുകാർ ആരംഭംമുതൽ ആ സഭാംഗങ്ങളുമായി വൈദികങ്ങളിൽ സംസർഗ്ഗം ചെയ്യുകയില്ലായിരുന്നു. രണ്ടാമതായി, എല്ലാവരും കുമ്പസാരിക്കണമെന്നുള്ളതാണ് പൊതുവായ കല്പന. 'കുമ്പസാരം സൂനഹദോസിൽവച്ച് തീരുമാനിക്കേണ്ട കാര്യമാണെന്ന് ആരെങ്കിലും വാദിക്കുന്നെങ്കിൽ അയാൾ കുർബാന കൈക്കൊള്ളേണ്ടാ" എന്നതു് പൊതുവായ കല്പനയുടെ ഒരു അപവാദം മാത്രമാണ്. ഈ അപവാദത്തെ ആധാരമാക്കി കേരളീയ സഭ പൊതുവേ കുമ്പസാരം സ്വീകരിച്ചിരുന്നില്ലെന്ന് അനുമാനിക്കുക അബദ്ധം തന്നെ! ഈ അബദ്ധാനുമാനത്തെ ആധാരമാക്കി ആ സഭയുടെ കത്തോലിക്കത്വം നിഷേധിക്കുന്നതും അബദ്ധം തന്നെ. കുമ്പസാരത്തെക്കുറിച്ചു തർക്കമുള്ളവർ കുർബാന സ്വീകരിക്കേണ്ട എന്നു മാത്രമേ ഗോവേയാ പറയുന്നുള്ളു. പട്ടക്കാരെല്ലാവരും കുർബാന ചൊല്ലണമെന്നുള്ള കല്പനയെ ഗോവേയാതന്നേയും മയപ്പെടുത്തുന്നില്ല. ഇതിന്റെ അർത്ഥം അവിടെ കൂടിയ 153 പട്ടക്കാരും കത്തോലിക്കരായിരുന്നു എന്നാണ്. കേരളീയ സഭ അകത്തോലിക്കമായിരുന്നെങ്കിൽ, ആ സഭയുടെ എല്ലാ ഭാഗത്തുനിന്നും കൂടിയ 153 പട്ടക്കാർ എല്ലാവരും കത്തോലിക്കരായിരിക്കുമോ? അവിടെ കൂടാതിരുന്നവർ സുഖമില്ലാത്തവരും മററുമായി വളരെ കുറച്ചുപേർ മാത്രമായിരുന്നുതാനും.

സൂനഹദോസിൽ യാതൊന്നും തീരുമാനിക്കപ്പെടുന്നതിനുമുമ്പാണ് ഈ കല്പന നല്കപ്പെട്ടത്. ഉദയംപേരൂർ കൂടിയിരുന്നവർ കേരളത്തിന്റെ നാനാഭാഗത്തുനിന്നുമുള്ളവരായിരുന്നു. അത്മായക്കാർ ഓരോ പള്ളിയിൽ നിന്നും തിരിഞ്ഞെടുക്കപ്പെട്ടവരും ആയിരുന്നു. അവിടെ കൂടിയിരുന്നവർ മെനേസീസിന്റെ കക്ഷിയിൽ പെട്ടവരും പെടാത്തവരും ഉണ്ടായിരുന്നു. ഇങ്ങനെയുള്ളവരെല്ലാവരും കുമ്പസാരിക്കണമെന്നും, പട്ടക്കാർ കുർബാന ചൊല്ലുകയും അത്മായക്കാർ കുർബാന സ്വീകരിക്കയും ചെയ്യണമെന്നും ആണ് മെനേസീസിന്റെ കല്പന. ചിലർ പറയുന്നതുപോലെ അന്നുവരെ കത്തോലിക്കാ ഐക്യമില്ലാതെ, റോമ്മാ മാർപ്പാപ്പായിക്കു കീഴ്പ്പെടാതെ ശീസ്മക്കാരായി ഒരു സ്വതന്ത്രസഭയുടെ അംഗങ്ങൾ എന്ന നിലയിൽ നിന്നിരുന്നവരായിരുന്നു കേരളീയരെങ്കിൽ, സൂനഹദോസിന്റെ ഒന്നാം ദിവസം തന്നെ കത്തോലിക്കനായ മെനേസിസ് അവരോടു ഇങ്ങനെ കല്പിക്കുമായിരുന്നോ?

ബഹളങ്ങൾ ഉണ്ടാകാതിരിക്കേണ്ടതിന് സൂനഹദോസു നടക്കുന്ന സമയത്ത് സൂനഹദോസിനെയോ സുറിയാനിക്കാരെയോ സംബന്ധിച്ചു ആരും അനുവാദം കൂടാതെ കൂടിയാലോചന നടത്തേണ്ടതല്ലെന്നു മെനേസീസു കല്പിച്ചു. അതും മേൽപ്രസ്താവിച്ചപോലെ മഹറോൻ ശിക്ഷവിധിച്ചുകൊണ്ട് വിശുദ്ധ അനുസരണത്തിന്റെ ശക്തിയാലാണ് കല്പിച്ചത്. പൊതുവായി തീരുമാനിക്കപ്പെടേണ്ട സംഗതികൾ സംബന്ധിച്ച് ജനങ്ങൾ നടത്താറുണ്ടായിരുന്ന യോഗങ്ങളും മെനേസീസിന്റെ അനുമതിയോടെ നടത്തുവാൻ പാടുണ്ടായിരുന്ന സംഘങ്ങളും മുടക്കപ്പെട്ടില്ല. (8)

**രണ്ടാംയോഗം.**

രണ്ടാംയോഗത്തിൽ പരസ്യമായിട്ടുള്ള വിശ്വാസപ്രഖ്യാപനമാണ് നടന്നത്. "ശീസ്മക്കാരും പാഷണ്ഡരും വിതച്ച" തിന്മകളെ പരിഹരിക്കുവാൻ "കത്തോലിക്കാവിശ്വാസത്തിനു വിരോധമായി പല അഭിപ്രായങ്ങൾ മുളച്ചിരുന്നതിനാലും" മററും എല്ലാവരും സ്വന്തനാമത്തിലും എല്ലാവരുടെയും നാമത്തിലും വിശ്വാസസത്യം ചെയ്യേണ്ടതാണെന്ന് തീരുമാനിക്കപ്പെട്ടു. മററുള്ളവർ തന്റെ മാതൃകയാൽ പ്രേരിപ്പിക്കുവാനായി മെനേസീസു തന്നെ സാഘോഷം ആ കൃത്യം നടത്തി. നെസ്തോറീസിനെയും മററും ശപിക്കുക, മാർപ്പാപ്പായുടെ പരമാധികാരം ഏററുപറയുക, മാർപ്പാപ്പാ നേരിട്ടു നിശ്ചയിക്കുന്ന (immediate constitutus) മെത്രാ

---

(8) Actio I. Decres 5.

നെ മാത്രമേ സ്വീകരിക്കയുള്ളൂ (8 b) എന്നു വാഗ്ദാനം ചെയ്യുക, "ബാബേൽ" പാത്രിയക്കീസിനെ "നെസ്തോറിയൻ പാഷണ്ഡനും, ശീസ്മക്കാരനും, വിശുദ്ധ റോമാസഭയുടെ അനുസരണത്തിനു വെളിക്കുള്ളവനും" ആയി ഉപേക്ഷിച്ചു, ശപിച്ചു വിടുകയും മുതലായി പലതും ഈ വിശ്വാസസത്യപ്രഖ്യാപനത്താൽ സുറിയാനിക്കാർ ചെയ്യേണ്ടതായിട്ടുണ്ടായിരുന്നു എല്ലാം മെനേസീസ് ഒന്നാമനായി ചെയ്തു. മററുള്ളവർ തന്നെ അനുകരിക്കുവാൻ അദ്ദേഹം അവരെ ക്ഷണിച്ചപ്പോൾ അവരിൽനിന്ന് ഒരു സ്വരം പുറപ്പെട്ടു "ഞങ്ങളെന്തിനു പുതിയ ഒരു വിശ്വാസസത്യം ചെയ്യുന്നു; ഞങ്ങൾക്കു വിശ്വാസമുണ്ടല്ലോ; ഞങ്ങൾ ക്രിസ്ത്യാനികളാണല്ലോ; ആകയാൽ വൃഥാ അല്ലയോ ഞങ്ങളിൽനിന്ന് ഇതാവശ്യപ്പെടുന്നത്; തന്നെയുമല്ല ഞങ്ങൾക്കു അപമാനകരവുമാണ്" എന്നായിരുന്നു ആ സ്വരം. (9) നോക്കുക, അവിടെ മെനേസീസ് പ്രഖ്യാപനം ചെയ്ത വിശ്വാസം തങ്ങൾക്കുണ്ടെന്നാണ് സുറിയാനിക്കാരുടെ ഭാവം.

ന്യായപൂർവ്വം ആവശ്യപ്പെടുമ്പോഴും വിശ്വാസത്തെപ്പററി എന്തെങ്കിലും സംശയം ജനിക്കുമ്പോഴും വിശ്വാസസത്യം ചെയ്യുവാൻ എല്ലാവർക്കും കടമയുണ്ടെന്നും, അതു പുതുമയോ വിസ്മയാവഹമോ ആയ ഒന്നല്ലെന്നും താൻ തന്നെയും എല്ലാവരുടെയും പിതാവും, പൌരസ്ത്യദിക്കിലെ പുരോഹിതനും ആയിരുന്നിട്ടും എല്ലാവരിലും മുമ്പനായി വിശ്വാസസത്യം ചെയ്തല്ലോ എന്നും, വിശ്വാസസത്യത്തോടു സംഘടിപ്പിക്കപ്പെട്ടിരുന്നതും കത്തോലിക്കാ സഭയോടുള്ള അനുസരണത്തെ സംബന്ധിക്കുന്നതും ആയ വാഗ്ദാനം അത്യന്താപേക്ഷിതമാണെന്നും മെനേസീസ് അവരോടു പറഞ്ഞ് അവരെക്കൊണ്ട് ആ വിശ്വാസസത്യവും വാഗ്ദാനവും എല്ലാം ചെയ്യിച്ചു. (10)

സൂനഹദോസിൽ കൂടിയിരുന്ന വൈദികരും ഈ വിശ്വാസസത്യവും വാഗ്ദാനവും ചെയ്യേണ്ടതാണെന്ന് തീരുമാനിച്ചുകൊണ്ട് രണ്ടാം യോഗം അവസാനിപ്പിച്ചു. ആരെങ്കിലും ഈ വിശ്വാസസത്യം ചെയ്യാതിരുന്നാൽ അങ്ങിനെയുള്ളവൻ സഭയുടെ ഐക്യത്തിൽനിന്നു വേർപെടുത്തപ്പെടണമെന്നും (Excommunicatus declaretur) മെനേസീസ് ക

---

(8 b) ഈ പ്രയോഗം സൂക്ഷിച്ചാലും നേരിട്ടു നിശ്ചയിക്കുക എന്നതിന്റെ അർത്ഥം മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ.

(9) "Non esse cur professionem novam facerent; se fidem habere, atque Christianos esse; quapropter et gratis ab eis id exigi, imo et contumeliose, perinde ac si a fide defecissent" Raulin, o. c. p. 44.

(10) Ibid. pp. 44-45.

ല്ലിച്ചു (11) പ്രസ്തുത വിശ്വാസസത്യവും വാഗ്ദാനവും ആരെങ്കിലും ചെയ്യാതിരുന്നാൽ അവർ മഹറോൻ ചൊല്ലപ്പെടുകയും അപ്രകാരം എല്ലാവരാലും കരുതപ്പെടുകയും ചെയ്യേണ്ടതാണു് എന്നതിനും പുറമെ വിശ്വാസം സംബന്ധിച്ചു് വല്യതായ സംശയത്തിനു് ഇടം കൊടുക്കുന്നവനായി പോലും കരുതപ്പെടേണ്ടിയിരുന്നു— et tamquam vehementer suspectus ate fide (12) ഇതിൽനിന്നു അവിടെ കൂടാതിരുന്ന വൈദികർ തങ്ങളുടെ വിശ്വാസം സംബന്ധിച്ചു് സംശയത്തിനു് ഇടംകൊടുക്കാതിരിക്കുന്നതിനായിട്ടത്രെ പ്രസ്തുത വിശ്വാസസത്യവും വാഗ്ദാനവും ചെയ്യുന്നമെന്നു് സുന്നഹദോസു് ആവശ്യപ്പെട്ടതെന്നു ധ്വനിക്കുന്നില്ലയോ? സത്യവിശ്വാസമില്ലാതെ റോമ്മാസഭയുടെ വെളിക്കു നില്ക്കുന്നവരെപ്പററി ഇങ്ങിനെയല്ലല്ലോ പറയേണ്ടതു്. സുന്നഹദോസിൽ കൂടിയിരുന്നവർ തന്നെയും വിശ്വാസസത്യം ചെയ്യുവാൻ പ്രേരിപ്പിക്കപ്പെട്ട കാരണം എന്താണെന്നു സൂക്ഷിച്ചാലും. ന്യായപൂർവ്വം ആവശ്യപ്പെടുമ്പോഴും വിശ്വാസത്തെപ്പററി എന്തെങ്കിലും സംശയം ജനിക്കുമ്പോഴും വിശ്വാസസത്യം ചെയ്യേണ്ടതാണെന്നു പറഞ്ഞല്ലയോ മെനേസിസു് അവരെ അതിനു പ്രേരിപ്പിച്ചതു്? ആകയാൽ ഉദയമ്പേരൂർ വച്ചാണു് നസ്രാണികൾ കത്തോലിക്കരായതെന്നു പറയുന്നവരുടെ വാദം സ്വീകാര്യമല്ല. മെനേസീസു് ഇങ്ങനെ പറയുന്നില്ലെന്നു നാം കണ്ടതാണല്ലോ.

## മററു യോഗങ്ങൾ.

ഉദയമ്പേരൂർ സുന്നഹദോസിൽ എല്ലാംകൂടി ഒമ്പതു യോഗങ്ങളാണു് നടന്നതു്. രണ്ടുയോഗങ്ങളെപ്പററി പ്രസ്താവിച്ചു കഴിഞ്ഞല്ലോ. ശേഷമുള്ള ഏഴു യോഗങ്ങളിൽ വിശ്വാസം, കൂദാശകൾ, കുർബാന, കുർബാനതക്സാ, പള്ളിക്കാര്യങ്ങൾ, വിശ്വാസികളുടെ നടപടി ഇങ്ങനെ മിക്കവാറും എല്ലാസംഗതികളേയും ബാധിക്കുന്ന നിയമങ്ങൾ സൃഷ്ടിക്കപ്പെട്ടു. ഈ നിയമങ്ങൾ മാത്രം മുമ്പിൽവച്ചുകൊണ്ടു് ഒരാൾ കേരളീയസുറിയാനിസഭയുടെ അന്നത്തെ വിശ്വാസത്തെയും നടപടികളെയും പഠിക്കുന്നപക്ഷം അതു സഭ ഒന്നു കത്തോലിക്കാഐക്യമില്ലാതെ നെസ്തോറിയപാതത്തിലും മററു [illegible]ധീനബദ്ധാചാരങ്ങളിലും അജ്ഞതയിലും പരിപൂർണ്ണമായി നിമഗ്നമായിരുന്നു എന്നു് അനുമാനിച്ചുപോകുന്നതാണു്. ചിലനിയമങ്ങൾ വായിച്ചാൽ ക്രിസ്ത്യാനികൾ ഹിന്ദുക്കളിൽനിന്നു് വിശ്വാസത്തിൽ പോലും വ്യത്യസ്തരല്ലായിരുന്നു എന്നു തോന്നിപ്പോകും. എന്നാൽ സുന്നഹദോസു് പറയുന്നവമുഴുവനും അതേപ്രകാരം വിശ്വസിക്കുവാൻ പാടില്ലെന്നു് ഇത്രയും പ്ര

---

(11) Actio, II. Dicree. I.
(12) Ididem

സ്ഥാപിച്ചതിൽനിന്നു് വിശദമായിട്ടുണ്ടെന്നു കരുതുന്നു. പോർട്ടുഗീസുകാരുടെ അതിതീക്ഷ്ണതയും, പൌരസ്ത്യാചാരങ്ങൾ സംബന്ധിച്ചുള്ള അജ്ഞതയും ഈ വിഷയത്തിൽ പലതും കടത്തി പറയുവാൻ അവരെ പ്രേരിപ്പിച്ചിട്ടുണ്ടു്. തന്നെയുമല്ല, സൂനഹദോസുനിയമങ്ങളിൽ പൂർവ്വാപരവിരുദ്ധതയും കാണുന്നു. ഒന്നു രണ്ടുദാഹരണങ്ങൾ പറയാം: കുമ്പസാരത്തെപ്പററി ഒമ്പതാം നിയമത്തിൽ പറയുന്നതു ആ കൂദാശ കേരളീയസഭയിൽ വീണ്ടും ഏർപ്പെടുത്തപ്പെടേണ്ടതിനായി മെനേസീസു ചിലതെല്ലാം പ്രവർത്തിച്ചു എന്നാണു്. എന്നാൽ സൂനഹദോസിൽ കൂടിയവരെല്ലാവരും സൂനഹദോസു സഫലമാകുവാനായി കുമ്പസാരിക്കണമെന്നു് ഒന്നാം യോഗം 4-ാം നിയമത്തിൽ കാണുന്നു. കുമ്പസാരമില്ലായിരുന്ന ഒരു സഭയുടെ അംഗങ്ങൾ കുമ്പസാരിക്കുന്നതെങ്ങിനെ? കുമ്പസാരം നടത്തി ദണ്ഡവിമോചനംപോലും പ്രാപിച്ചിരുന്ന ജനങ്ങളെപ്പററിയാണു് കുമ്പസാരം അവരുടെയിടയിൽ നടപ്പില്ലായിരുന്നെന്നു് സൂനഹദോസു പറയുന്നതു്! കുർബാനയെപ്പററിയുള്ള 11-ാം നിയമത്തിൽ കാണുന്നതു് മരിച്ചവരുടെ ഓർമ്മ സുറിയാനിക്കാർ കൊണ്ടാടിയിരുന്നില്ലെന്നാണു്. എന്നാൽ അതേ സ്ഥലത്തു തന്നെ ഒന്നാം നിയമത്തിൽ മരിച്ചവരെ ഉയർപ്പിക്കണമെന്നു സുറിയാനികുർബാനയിൽ കാണുന്ന പ്രാർത്ഥന ഉദ്ധരിച്ചിട്ടുമുണ്ടു്!

വിശ്വാസംസംബന്ധമായി പല തെററുകളും കേരളത്തിലുണ്ടായിരുന്നെന്നു സൂനഹദോസു പ്രസ്താവിക്കുന്നു. മാർപ്പാപ്പായുടെ പരമാധികാരം, പരിശുദ്ധാത്മാവിന്റെ പുത്രനിൽ നിന്നുകൂടിയുള്ള പുറപ്പാടു്, വി. കുർബാനയിലെ വസ്തുഭേദം ആദിയായവ നിഷേധിക്കുന്ന പുസ്തകങ്ങൾ കേരളത്തിലുണ്ടായിരുന്നത്രെ. വൈദികരുപയോഗിച്ചിരുന്ന കാനോൻ ജപപുസ്തകത്തിൽ വി കുർബാനയിലെ വസ്തുഭേദത്തെ സംബന്ധിച്ചും മനുഷ്യാവതാരം സംബന്ധിച്ചും അബദ്ധോപദേശങ്ങൾ കാണപ്പെട്ടിരുന്നു; മുമ്പിലത്തെ ഒപ്പുശ്ശാദയോ ഒടുവിലത്തെ ഒപ്പുശ്മായോ കേരളത്തിൽ അറിയപ്പെട്ടിരുന്നേയില്ല, എന്നിങ്ങനെ, പലതും സൂനഹദോസു നിയമങ്ങളിൽ കാണുന്നുണ്ടു്. (12b) നെസ്തോറിസിന്റെയും മററും നാമങ്ങൾ ചില പുസ്തകങ്ങളിലും ചില കുർബാനതക്സായിലും ഉണ്ടായി

12b) പരിശുദ്ധാത്മാവു പുത്രനിൽ നിന്നുകൂടി പുറപ്പെടുന്നു എന്നു് കേരളീയസഭ വിശ്വസിച്ചിരുന്നെന്നും ഈ വിശ്വാസം വിശ്വാസപ്രമാണത്തിൽ ചേർത്തു ചൊല്ലിയിരുന്നെന്നും കുർബാനയെപ്പററി സൂനഹദോസു പ്രസ്താവിക്കുന്ന ഭാഗങ്ങളിൽ നിന്നു വിശദമാകുന്നുണ്ടു്. അപ്രകാരം തന്നെ വസ്തുഭേദത്തിലും കേരളീയർ വിശ്വസിച്ചിരുന്നു എന്നു് അനന്തരം കുർബാന വിളിച്ചുപറയുന്നു

രുന്നു ഒരു കുർബാന തിയദോറിന്റേയും മറ്റൊന്നു ദിയദോറിന്റേയും നാമത്തിലാണു് അറിയപ്പെട്ടിരുന്നതു്. കേരളീയർ ക്ഷൗരം ചെയ്യിക്കുക, മൂഢാചാരങ്ങൾ അനുഷ്ഠിക്കുക ആദിയായി പല അബദ്ധങ്ങളിലും ഉൾപ്പെട്ടവരായിരുന്നു. നെസ്തോറിയൻ ആശയപ്രകാരം വേദപുസ്തകത്തിൽപോലും തിരുത്തലുകളുണ്ടായിരുന്നത്രേ. (13) ഇങ്ങനെ കേരളീയരുടെ തെറ്റുകളെപ്പറ്റി ഉദയമ്പേരൂർ സൂനഹദോസു പ്രസ്താവിച്ചിരിക്കുന്നവയെല്ലാം ഇവിടെ എടുത്തു പറയുകയാണെങ്കിൽ സൂനഹദോസിന്റെ നിയമങ്ങളിൽ ഒരു നല്ല ഭാഗം ഇവിടെ പകർത്തേണ്ടതായിവരും. സാമുദായികാചാരങ്ങൾകൂടി അബദ്ധങ്ങളായി കരുതപ്പെട്ടു. അബദ്ധങ്ങൾ എന്നു സൂനഹദോസു വിധിക്കുന്ന ചില സംഗതികൾ കൽദായ സുറിയാനിറീത്തിലെ ചില ആചാരങ്ങൾ മാത്രമാണു് വി. കുർബാനയിൽ കൂദാശ ചെയ്ത അപ്പം ഭാഗിച്ചു് ഒരു ഭാഗം കാസായിൽ മുക്കി കുരിശടയാളം വരക്കുന്നതും ആ മുക്കിയ ഭാഗം കൊണ്ടു് മറ്റേ ഭാഗത്തിന്മേൽ കുരിശടയാളം വരക്കുന്നതും അബദ്ധമാണെന്നു് സൂനഹദോസു വിധിച്ചു. എന്നാൽ ഇന്നും കത്തോലിക്കർ ഇതുപോലെ തന്നെയാണു് കുർബാനയിൽ ചെയ്തുവരുന്നതു്. ഒരു വാക്കായി പറഞ്ഞാൽ ലത്തീൻ ക്രമങ്ങളോടു യോജിക്കാതെ കണ്ടവയെല്ലാം അബദ്ധങ്ങളും ശീസ്മയുടെ ഫലങ്ങളും ആയി വിധിക്കപ്പെട്ടു ഫാദർ റോസു് അവർകൾ 1604-ൽ എഴുതിയ ഒരു സംഗതി വീണ്ടും ഉദ്ധരിച്ചുകൊള്ളുന്നു: There were "also religious who did not understand anything at all that was not of the Latin Rite and declared everything else at once as heresy and superstition forcing them to eat fish and drink wine in Lent against their Rite though this fasting is more in conformity with holy canons and the fasting of original Church." (14)—1604-ൽ ഫാദർ റോസിനു് കാര്യങ്ങൾ കുറെക്കൂടി മനസ്സിലായതുകൊണ്ടു് അദ്ദേഹം ഇങ്ങനെ

13) നെസ്തോറിയൻകാർ തിരുത്തിയവയെന്നു പറഞ്ഞു സൂനഹദോസു് കുറെ വേദവാക്യങ്ങൾ എടുത്തു കാണിക്കുന്നുണ്ടു്. പക്ഷെ നെസ്തോറിയൻകാർ ഉണ്ടാകുന്നതിനു മുമ്പുള്ളതും ഇന്നും കത്തോലിക്കാസഭയിൽ ഉപയോഗിക്കുന്നതുമായ സുറിയാനി വേദപുസ്തകത്തിലെ വാക്യങ്ങളാണു് അവ.

14) Schurhammer, o. c. p. 22.

എഴുതി. (14b) എന്നാൽ ഉദയംപേരൂർ സൂനഹദോസിന്റെ നിയമങ്ങൾ സൃഷ്ടിച്ചതിൽ ഫാദർ റോസിന് ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനമാണ് ഉണ്ടായിരുന്നത്.

സൂനഹദോസിന്റെ നിയമങ്ങൾ വിശ്വസിക്കുന്നപക്ഷം "ബാബേൽ" പാത്രിയർക്കീസുമാരും അവരയച്ച മെത്രാന്മാരും പാഷണ്ഡരും ശീസ്മക്കാരും, കത്തോലിക്കാ ഐക്യമില്ലാത്തവരും, ദ്രവ്യാഗ്രഹികളും, വിശുദ്ധ വസ്തുക്കൾ ക്രയവിക്രയം ചെയ്തിരുന്നവരും ആണെന്ന് ആരും സമ്മതിച്ചുപോകും. എന്നാൽ "ബാബേൽ" പാത്രിയർക്കീസുമാരുടെ ചരിത്രം ഈ പുസ്തകത്തിന്റെ ആദ്യഭാഗത്തിൽ കൊടുത്തിരിക്കുന്നതിൽ നിന്ന് ഈദൃശപ്രസ്താവനകളുടെ യാഥാർത്ഥ്യം ഏറെക്കുറെ ആർക്കും ഗ്രഹിക്കാവുന്നതാണ്.

ഇത്രയും പറഞ്ഞവയിൽനിന്ന് നസ്രാണികളുടെയിടയിൽ അന്ധവിശ്വാസങ്ങളോ; അന്ധവിശ്വാസങ്ങളടങ്ങിയ പുസ്തകങ്ങളോ, ദുരാചാരങ്ങളോ, മതസംബന്ധമായ അജ്ഞതയോ ഇല്ലായിരുന്നു എന്ന് ആരും അർത്ഥമാക്കരുത്. അവരുടെ പുസ്തകങ്ങളിൽ അബദ്ധങ്ങൾ കടന്നുകയറിയിരുന്നു. അവരിൽ ചിലർ ക്ഷുദ്രപ്രയോഗം, ഹിന്ദുമതാചാരങ്ങൾ, അജ്ഞത ആദിയായവയിൽ ഉൾപ്പെട്ടിരുന്നവരാണ്. എന്നാൽ സൂനഹദോസിന്റെ നിയമങ്ങളിൽ കാണുന്ന ഒരു സ്ഥിതിയാണ് അന്നത്തെ ക്രിസ്ത്യാനികൾക്ക് പൊതുവേ ഉണ്ടായിരുന്നതെങ്കിൽ സൂനഹദോസിനു മുമ്പുണ്ടായിരുന്ന അവരുടെ സ്ഥിതിയെപ്പറ്റി നാം കാണുന്നവ അവ ശപിക്കേണ്ടതായി വരും. സൂനഹദോസിന്റെ ദൃഷ്ടിയിൽപെട്ടവയെല്ലാം അതിന്റെ നിയമങ്ങളിൽ കാണുന്നുണ്ട്. പോർട്ടുഗീസുകാർ അവയ്ക്കു കൊടുത്ത നിറത്തിലാണ് നിയമങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതും. ഓരോ ദുരാചാരത്തെയുംപറ്റി പ്രസ്താവിക്കുന്ന നിയമങ്ങ

---

14b) നസ്രാണികൾ കാതുകുത്തുക, കുടുമ വളർത്തുക മുതലായ പല സാമുദായികാചാരങ്ങളും അനുഷ്ഠിച്ചിരുന്നു. അവയെല്ലാം സൂനഹദോസു നിരുത്തലാക്കുകയാണ് ചെയ്തത്. അങ്ങനെ നിരുത്തലാക്കിയതിൽ പ്രമുഖന്മാർ മെനേസിസുമെത്രാപ്പോലീത്തായും ഫാദർ റോസും ആയിരുന്നു. എന്നാൽ ഈ രണ്ടാളുകൾ തന്നെ അധികം താമസിക്കുന്നതിനു മുമ്പ് പ്രസ്തുതാചാരങ്ങളനുഷ്ഠിച്ച് മതപ്രസംഗങ്ങൾ നടത്തിയ ഫാദർ റോബർട്ട് ഡിനൊബിലിയെ (മധുരമിഷ്യനിൽ പ്രവർത്തനം നടത്തിയ ഒരു മഹാനാണ് ഇദ്ദേഹം) അദ്ദേഹത്തിന്റെ ശത്രുക്കളായ മററു മിഷ്യനറിമാർക്കെതിരായി ആദരിക്കുകയും പ്രസ്തുതാചാരങ്ങൾ സ്വീകാര്യങ്ങളെന്നു വാദിക്കുകയും ചെയ്തിട്ടുണ്ട്! Ferroli, o. c p. 342

ളിൽ പലപ്പോഴും "ചില സ്ഥലങ്ങളിൽ" എന്നുകൂടി എടുത്തു പറയുന്നതു് ആശ്വാസപ്രദമാണു്. "ചില സ്ഥലങ്ങളിൽ" എന്നുള്ളതു സൂക്ഷിക്കാതെ കേരളസഭ മുഴുവനും ഉദയംപേരൂർ സൂനഹദോസു പറയുന്ന ദുരാചാരങ്ങളിൽ ആണ്ടുകിടന്നിരുന്നു എന്നു് ചിലർ പ്രസ്താവിക്കുന്നതു ശരിയല്ല.

സൂനഹദോസു പ്രസ്താവിക്കുന്ന തരത്തിലുള്ള ഒന്നായിരുന്നു അന്നത്തെ കേരളീയ സഭയെങ്കിൽ പോർട്ടുഗീസുകാരുടെ ആഗമനം മുതൽ സൂനഹദോസിന്റെ സമയംവരെ ആ സഭയിൽ നടന്നിരുന്ന കത്തോലിക്കാ പരങ്ങളായ സംഗതികളെപ്പററി നാമെന്തുപറയും? അതേ, കേരളീയ സുറിയാനിക്കാർ കത്തോലിക്കരായിരുന്നു. അല്ലാത്തപക്ഷം പോർട്ടുഗീസുകാർ ആരംഭംമുതൽ അവരോടു വൈദികങ്ങളിൽ സംസർഗ്ഗം ചെയ്യുകയില്ലായിരുന്നു. കേരളീയർ കത്തോലിക്കരായിരുന്നെങ്കിലും അവരുടെയിടയിൽ അനാചാരങ്ങളും, അബദ്ധങ്ങളടങ്ങിയ പുസ്തകങ്ങളും ദുരാചാരങ്ങളും ഉണ്ടായിരുന്നു. അവയെല്ലാം അവരിൽ നിന്നു നീക്കംചെയ്യേണ്ടവയായിരുന്നു. ഈ വിഷയത്തിൽ ഉദയംപേരൂർ സൂനഹദോസു് (വേണ്ടവിധത്തിലല്ലെങ്കിലും) ശ്ലാഘനീയമായി പ്രവർത്തിച്ചിട്ടുണ്ടു്. എന്നാൽ ഇതു ചെയ്യുവാൻ കേരളീയർ കത്തോലിക്കരല്ലായിരുന്നു എന്ന ധാരണ സൂനഹദോസു നിയമങ്ങളാം മുഖേനയും മററും അന്യരിൽ ഉളവാക്കേണ്ട ആവശ്യമില്ലായിരുന്നു. വാസ്തവത്തിൽ കേരളീയർ അകത്തോലിക്കരായിരുന്നു എന്നു ചിലപ്പോഴൊക്കെ പോർട്ടുഗീസുകാർ വിചാരിച്ചെന്നും അപ്രകാരം റോമ്മായിൽ അറിവു കൊടുത്തെന്നും വരാവുന്നതാണു്. പക്ഷെ, "റോമ്മാസഭയുടെ ഐക്യത്തിലേക്കും, വിശ്വാസത്തിലേക്കും അനുസരണത്തിലേക്കും കൊണ്ടുവരുക" എന്നതിനു അക്കാലത്തുണ്ടായിരുന്ന അർത്ഥം പോർട്ടുഗീസുകാരുടെ പ്രവൃത്തികളിൽനിന്നു മനസ്സിലാക്കുകയാണു് ഈ സന്ദർഭത്തിൽ നാം ചെയ്യേണ്ടതു്. എന്നാൽ ഇതിനു് കേരളീയസഭയുടെ പതിനാറാം ശതാബ്ദത്തിലെ ചരിത്രം മുഴുവനും കൂലങ്കഷമായി പഠിക്കേണ്ട ആവശ്യമുണ്ടു്. അതു് എല്ലാവർക്കും സാധിക്കാത്തതിനാൽ ഉദയംപേരൂർ സൂനഹദോസിൽ വച്ചാണു് കേരളീയസഭ കത്തോലിക്കാ ഐക്യം സ്വീകരിച്ചതെന്നു് ലോകം വിശ്വസിച്ചുപോയി! "റോമ്മായുടെ അനുസരണത്തിലേക്കു കൊണ്ടുവരുക" എന്നതിനു നാം പോർട്ടുഗീസു പ്രവൃത്തികളിൽ കണ്ട അർത്ഥമല്ല ഉദയംപേരൂർ സൂനഹദോസിന്റെ നിയമങ്ങളിലും അതിനു ശേഷമുള്ള ചില പോർട്ടുഗീസു രേഖകളിലും കാണുന്നതു്. റോമ്മായിലേക്കും പോർട്ടുഗീസുകാർ സൂനഹദോസിനെപ്പററി പലതും എഴുതിയയച്ചു തന്നിമിത്തം റോമ്മായുടെ ധാരണയും മാറിവീണു. റോമ്മായിൽ നിന്നുള്ള ചില പ്രസ്താവനകളിൽ ഉദയംപേരൂർ സൂനഹദോസിനേയും അവിടെ വച്ചു നടന്ന മാനസാന്തരത്തേയുംപററി ചില

സൂചനകൾ കാണുന്നതിനുള്ള കാരണം ഈ വിധത്തിലാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ ഉദയംപേരൂർ സൂനഹദോസിനെ റോമ്മാ മുറപ്രകാരം അംഗീകരിച്ചിട്ടില്ലതന്നെ. സൂനഹദോസു നിയമങ്ങൾ അംഗീകാരത്തിനായി അർക്കിദിയാക്കോൻ തന്നെ മാർപ്പാപ്പായുടെ പക്ക് അയച്ചെങ്കിലും മാർപ്പാപ്പാ അവയെ മുറപ്രകാരം അംഗീകരിച്ചില്ല. (14c)—

"ഇപ്രകാരം പോർട്ടുഗീസുകാർ റോമ്മായിലും അറിയിച്ചു! കേരളീയർ ഉദയംപേരൂർ സൂനഹദോസിൽവച്ച് കത്തോലിക്കാ വിശ്വാസത്തിലേക്കു കൊണ്ടുവരപ്പെട്ടു എന്ന പൊതുവായ ആ ചൊല്ല്— ഇന്നലെവരെ ആവർത്തിക്കപ്പെട്ട ആ ചൊല്ല്— അന്നു മുതൽ പ്രാബല്യത്തിൽ വന്നു!" എന്നാണ് മോൺസിഞ്ഞോർ ബെൽത്രാമി പോർട്ടുഗീസുകാരുടെ പ്രവൃത്തി സംബന്ധിച്ച് വിലപിക്കുന്നത്— Cosi i Portughesi informavano Roma! E intanto da allora invalse la formula convenzionale–formula ripetuta fino a ieri—che i Malabarici forono ridotti alla fede cattolica dal Sinodo di Diamper !! " (15)

ഇൻഡ്യയിലെ അക്രൈസ്തവരെ മാനസാന്തരപ്പെടുത്തുന്നതിൽ (in convertendis gentibus istis) മെനേസിസ് പ്രദർശിപ്പിച്ച തീക്ഷ്ണതയെ 1599 ഏപ്രിൽ 1-ാംനു- എഴുതിയ ഒരു തിരുവെഴുത്തിൽ മാർപ്പാപ്പാ ശ്ലാഘിച്ചുപറഞ്ഞിട്ടുണ്ട്. എന്നാൽ, "കേരളസഭയിലെ നെസ്തോറിയന്മാരെ" "കത്തോലിക്കാ വിശ്വാസത്തിലേക്കു" മാനസാന്തരപ്പെടുത്തുന്നതിൽ മെനേസിസു പ്രദർശിപ്പിച്ച തീക്ഷ്ണതയെപ്പറ്റിയാണ് മാർപ്പാപ്പാ അദ്ദേഹത്തെ ശ്ലാഘിച്ചതെന്നു പോർട്ടുഗീസുകാർ പ്രസ്താവിക്കുന്നു! (16)

ആകയാൽ ഉദയംപേരൂർ സൂനഹദോസിലെ നിയമങ്ങളും അവയുടെ ശേഷമുള്ള രേഖകളും, സൂനഹദോസിനു മുമ്പുള്ള ചരിത്രംകൂടി മനസ്സിലാക്കിയശേഷമേ നമ്മുടെ പഠനത്തിനു വിഷയീഭവിപ്പിക്കുവാൻ പാടുള്ളു. അല്ലാത്തപക്ഷം സംഗതികളുടെ യാഥാർത്ഥ്യം ഗ്രഹിക്കുവാൻ സാധാരണന്മാർക്കു സാധിക്കാതെ വരുന്നതാണ്.

---

14c ) Beltrami o. c. pp. 124—126, note.

15) Beltrami, o. c- p. 125.

16) Bullarium Patronatus Portugalliae I. p. 344.

## ഉദയമ്പേരൂർ സൂനഹദോസും സുറിയാനിക്കാരും.

സൂനഹദോസു നിയമങ്ങൾക്കെല്ലാം അക്കിദിയാക്കോനും സുറിയാനിക്കാരും ഒപ്പുവച്ചു. എല്ലാവരുടെയിടയിലും പൊതു സമ്മതവും തൃപ്തിയും ഉണ്ടായി എന്നാണു് പോർട്ടുഗിസുകാർ ഇതു സംബന്ധിച്ചു് എഴുതിയിരിക്കുന്നതു്. സുറിയാനിക്കാരുടേയും പ്രത്യേകം അക്കിദിയാക്കോന്റേയും സ്ഥിതി നോക്കിയാൽ അവർക്കു അങ്ങനെ ചെയ്യാതെ ഗത്യന്തരമില്ലായിരുന്നു എന്നു കാണാവുന്നതാണു്. രാജശക്തി മെനസീസിനു് അനുകൂലമായിരുന്നല്ലോ. പോരെങ്കിൽ തൊട്ടതിനൊക്കെ "മഹറോൻ" ആണു് അദ്ദേഹം ശിക്ഷ കല്പിച്ചിരുന്നതു്. എന്നാൽ തങ്ങളുടെ പൂർവ്വവിശ്വാസമുപേക്ഷിക്കയല്ല ഈ പ്രവൃത്തിയാൽ സുറിയാനിക്കാർ ചെയ്തതു്. ആ വിശ്വാസത്തിൽ ഉണ്ടായിരുന്ന പിശകുകൾ അവർ തിരുത്തുകയുള്ളു. പക്ഷേ അതിനു് ലത്തീൻറീതിയനുസരിച്ചു് ശുശ്രൂഷകൾ നടത്തുകയോ, കൽദായപാത്രിയർക്കീസിനെ ശീസ്മക്കാരനായി ശപിക്കുകയോ, സാമുദായികാചാരങ്ങൾ കൈവിടുകയോ ഒന്നും ചെയ്യേണ്ട ആവശ്യമില്ലായിരുന്നു. എന്നാൽ യാതൊന്നും സ്വന്തമായി ചെയ്യുവാൻ സാധിക്കാത്ത പതനത്തിലായിരുന്നു അവർ!

സൂനഹദോസു യോഗങ്ങൾ നടന്നിരുന്ന അവസരത്തിൽ കുറെപ്പേർ തോമ്മായുടെ നിയമം ഉപേക്ഷിക്കയില്ലെന്നും മാർപ്പാപ്പായുടെ പരമാധികാരം സ്വീകരിക്കയില്ലെന്നും ശഠിച്ചു് ഒരു വിപ്ലവമുണ്ടാക്കുവാൻ ഭാവിച്ചെങ്കിലും മെനസിസിന്റെ മുഖത്തു പ്രകാശിച്ച ദിവ്യത്വത്താൽ അവർ തങ്ങളുടെ ഉദ്യമത്തിൽനിന്നു വിരമിക്കേണ്ടിവന്നു എന്നു് പോർട്ടുഗീസുകാർ പറയുന്നുണ്ടു്. (16) സഹിക്കവയ്യാതെ വന്നപ്പോൾ ചിലർ "രണ്ടും കല്പിച്ചു്" അങ്ങനെ ചെയ്തിരിക്കുവാൻ പാടില്ലാത്തതല്ല. എന്നാൽ അതിൽനിന്നു് കേരളീയസഭ കത്തോലിക്കാ ഐക്യമില്ലാത്ത ഒന്നായിരുന്നു എന്നു് അനുമാനിക്കേണ്ടതല്ലല്ലോ.

പോർട്ടുഗീസുകാർ പറയുന്നവ മാത്രമേ ഉദയമ്പേരൂർ സൂനഹദോസിനെപ്പറ്റി നമുക്കറിവുള്ളൂ. അവരാകട്ടെ മുൻവിധിയും, പൌരസ്ത്യസംഗതികളിൽ അജ്ഞതയും അതിരുകടന്ന മതതീക്ഷ്ണതയും ഉള്ളവരായിരുന്നു. മെനേസീസു തന്നെ "ബാബേൽ" പാത്രിയർക്കീസിനെപ്പറ്റി പ്രസ്താവിച്ചിരിക്കുന്നതു് ഇതിനൊരുത്തമസാക്ഷ്യമാണു്. ഈ സ്ഥിതിക്കു് സുറിയാനിക്കാരിൽ നിന്നു് മറുവശം കൂടി കേൾക്കാതെ നമുക്കു് യാതൊരു വിധിയും പോർട്ടുഗീസുകാരുടെ പ്രസ്താവനകളെ മാത്രം ആശ്രയിച്ചു ശരിയായി ചെയ്യുവാൻ പാടുള്ളതല്ല. എന്നാൽ പോർട്ടുഗീസുകാ

---

(16) Rulin o. c. p. 48.

രുടെ പ്രവൃത്തികളിൽനിന്നും പൂർവ്വാപരവിരുദ്ധങ്ങളായ അവരുടെ പ്രസ്താവനകളിൽനിന്നും കേരളീയസഭ അന്നു കത്തോലിക്കൈക്യമുള്ള ഒന്നാകാതിരിക്കുവാൻ തരമില്ലായിരുന്നു എന്നു് നമുക്കു് അനുമാനിക്കാവുന്നതാണു്. കേരളീയരിൽനിന്നു ലഭിക്കുവാൻ പാടുള്ളവയിൽ കുറെയെല്ലാം പോർട്ടുഗീസുകാരിൽനിന്നു് ഈ വിധം നമുക്കു ലഭിക്കുന്നു. (16 b)

സൂനഹദോസു നിയമങ്ങൾ വായിക്കേണ്ട സമയം വന്നപ്പോൾ അവ പരസ്യമായി വായിക്കുന്നതു് തങ്ങൾക്കു് അവമാനകരമാണെന്നു് സുറിയാനിക്കാർ സങ്കടം പറഞ്ഞു. ജൂൺ 21-ാംനു- വി. യോഹന്നാൻമാംദാനായുടെ തിരുനാൾ ഘോഷത്തിനു് കൊച്ചിയിൽനിന്നു വന്ന പോർട്ടുഗീസുകാർ കൊച്ചിയിലേക്കു പോകുമായിരുന്നതിനാൽ അന്നു വായന നടത്തണമെന്നായിരുന്നു അവരുടെ അപേക്ഷ. അപ്രകാരം പള്ളി അടച്ചിട്ടുകൊണ്ടു് വായന നടത്തപ്പെട്ടു. (17) സുറിയാനിക്കാരുടെ മനോഭാവം ഇതിൽനിന്നു ഏറെക്കുറെ നമുക്കു മനസ്സിലാക്കാം. കത്തോലിക്കൈക്യത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ സൂനഹദോസിനു മുമ്പേ തന്നെ അതവർക്കുണ്ടായിരുന്നു. യഥാർത്ഥങ്ങളായ തെററുകൾ തിരുത്തുവാനുള്ള സന്നദ്ധത അങ്കമാലി സൂനഹദോസിൽവച്ചു് അവർ പ്രദർശിപ്പിച്ചതുമാണു്. നെസ്തോറീസു മുതലായവരുടെ നാമങ്ങൾ അവർ കാനോൻജപത്തിൽ ഉച്ചരിച്ചിരുന്നില്ലെന്നും പ. ക. മറിയം ദൈവമാതാവാണെന്നു അവർ പരസ്യമായി പ്രസംഗിച്ചിരുന്നെന്നും ഫാദർ റോസുതന്നെ പറഞ്ഞിട്ടുള്ളതായി നാം കണ്ടു. ആകയാൽ റീത്തു, കൽദായഭരണം ആദിയായവ സംബന്ധിച്ചായിരുന്നു അവരുടെ മനോവ്യഥയെന്നു സിദ്ധിക്കുന്നു. പക്ഷേ എന്തിനും കീഴ്പ്പെടുകയല്ലാതെ അവക്കു വേറെ മാർഗ്ഗമില്ലായിരുന്നു.

---

(16 b) കേരളത്തിലുണ്ടായിരുന്ന ഡൊമിനിക്കൻകാരും, ഈശോസഭക്കാരും തമ്മിലും, ഫ്രാൻസീസ്കൻകാരും ഈശോസഭക്കാരും തമ്മിലും, കൊച്ചീമെത്രാനും ഈശോസഭക്കാരും തമ്മിലു, പഴയകാലത്തു് (ഉദയംപേരൂർ സൂനഹദോസിനോടടുത്തു്) പല വഴക്കുകളും ഉണ്ടായിട്ടുണ്ടു്. ഈശോസഭക്കാർ പാഷണ്ഡരും ശീസ്മക്കാരും ആണെന്നു് വിരോധികൾ പറഞ്ഞുപരത്തിയിരുന്നു. കൊച്ചിമെത്രാൻ ഒരവസരത്തിൽ അവക്കു സഭാഭ്രഷ്ടു കല്പിച്ചു. എന്നാൽ ഇങ്ങനെയുള്ള അവസരങ്ങളിലെല്ലാം അവർ സ്വയം ആദരിച്ചു് വിവരങ്ങൾ റോമ്മായിൽ ബോധിപ്പിച്ചുകൊണ്ടു് അനുകൂലമായ വിധി സമ്പാദിച്ചു. സ്വയം ആദരിക്കുവാൻ നസ്രാണികൾക്കു് ഇപ്രകാരമുള്ള അവസരം ഇല്ലായിരുന്നു! വാദിഭാഗംമാത്രം കേട്ടശേഷം നാം വിധി എഴുതരുതല്ലോ.

(17) മാർത്തോമ്മാ ക്രിസ്ത്യാനികൾ, II p 47.

## ഉദയമ്പേരൂർ സൂന്നഹദോസും നവീകരണവും.

ഉദയമ്പേരൂർ സൂന്നഹദോസിന്റെ നിയമങ്ങൾ മാത്രം ഒരാവൎത്തി അധികം ചിന്തിക്കാതെ വായിക്കുന്ന പക്ഷം യൂറോപ്പിൽ മതവിപ്ലവവും മതനവീകരണവും നിമിത്തമുണ്ടായ പ്രോട്ടസ്റ്റന്റു് സിദ്ധാന്തങ്ങൾ കേരളീയസഭയിൽ അതിനു മുമ്പുതന്നേ ഉണ്ടായിരുന്നു എന്നു വിചാരിച്ചുപോകുവാനിടയുണ്ടു്. മുമ്പിലത്തെ ഒപ്പുശ്മാ (മൂറോൻ) കുർബാനായിലെ വസ്തുഭേദത്തിലുള്ള വിശ്വാസം, കുമ്പസാരം, ഒടുവിലത്തെ ഒപ്പുശ്മാ (തൈലാഭിഷേകം—കൻദീലോ.) മരിച്ചവൎക്കുവേണ്ടിയുള്ള പ്രാൎത്ഥന ഇങ്ങനെ പലതും 16-ാം ശതാബ്ദത്തിലെ കേരളീയസഭയിലില്ലായിരുന്നു എന്നു് ഉദയമ്പേരൂർ സൂന്നഹദോസു് തീൎത്തുപറഞ്ഞിരിക്കുന്നു! നവീകൃതമതം യൂറോപ്പിലുണ്ടാകുന്നതിനു മുമ്പു് ദ്വൈവഹികസഭയായ കേരളീയ സഭ നവീകൃതവിശ്വാസം സ്വീകരിച്ചിരുന്ന ഒന്നായിരുന്നെന്നും ആകയാൽ നവീകൃതമതം ദ്വൈവഹികമാണെന്നും ഉദയമ്പേരൂർ സൂന്നഹദോസിന്റെ നിയമങ്ങളെ അടിസ്ഥാനപ്പെടുത്തി ചില പ്രോട്ടസ്റ്റന്റുകാർ വാദിച്ചിട്ടുണ്ടു്. നവീകരണക്കാരെന്നും ഇപ്പോൾ മാൎത്തോമ്മാക്കാരെന്നും അറിയപ്പെടുന്ന കേരളീയരും ഏകദേശമിതുപോലെ ഒരു വാദം നടത്തി തുടങ്ങിയിരിക്കുന്നു. കേരളീയ സുറിയാനിസഭ ഒരു സ്വതന്ത്ര സഭയായിരുന്നു അത്രെ. മെത്രാന്മാരെ കിട്ടുവാനായി നെസ്തോറിയൻ കാരെ അതു് 16-ാം ശതാബ്ദത്തിന്റെ അവസാനം വരെ ആശ്രയിച്ചു. മെനേസിസു വന്നു് ബലപ്രയോഗത്താൽ റോമ്മായുടെ അധികാരത്തിൽ കേരളീയരെ ആക്കിത്തീൎത്തു. കൂനൻ കുരിശിങ്കൽ വച്ചു് കുറെ കേരളീയർ ആ നുകം തകൎത്തെങ്കിലും അവർ യാക്കോബായ വിശ്വാസം സ്വീകരിക്ക നിമിത്തം റോമ്മാസഭക്കും യാക്കോബായ സഭക്കും പൊതുവായുള്ള കുറെ അബദ്ധങ്ങൾ അവരിൽ നില നില്ക്കുവാനിടയായി. മുമ്പിലത്തെ ഒപ്പുശ്മാ വി. കുർബാനയിലെ വസ്തുഭേദത്തിലുള്ള വിശ്വാസം, കുമ്പസാരം, ഒടുവിലത്തെ ഒപ്പുശ്മാ, മരിച്ചവൎക്കുവേണ്ടിയുള്ള പ്രാൎത്ഥന ഇവയാണു് ആ അബദ്ധങ്ങളിൽ പ്രധാനപ്പെട്ടവ. യാക്കോബായക്കാരിൽ നിന്നു് പാലക്കുന്നത്തു് അബ്രാഹം മല്പാന്റെയും മാത്തൻ മെത്രാന്റെയും പരിശ്രമഫലമായി 19-ാം ശതാബ്ദത്തിൽ വേർപിരിഞ്ഞ തങ്ങൾ ഈ അബദ്ധങ്ങൾ പരിത്യജിച്ചു് തങ്ങളുടെ സഭയെ ശുചീകരിക്ക മാത്രമാണു് ചെയ്തിട്ടുള്ളതു്. ഈ ശുചീകരണം വാസ്തവത്തിൽ നവീകരണമല്ല, പ്രത്യുത പുരാതനത്വത്തിലെത്തുവാനുള്ള ഒരു പരിശ്രമം മാത്രമാണു്. പുരാതന കേരളീയസഭ ഈ അബദ്ധങ്ങൾ ഇല്ലാത്ത ഒന്നായിരുന്നു എന്നു് ഉദയമ്പേരൂർ സൂന്നഹദോസു സാക്ഷിച്ചിരിക്കുന്നു! ആകയാൽ മാർ തോമ്മാശ്ലീഹാ സ്ഥാപിച്ച സഭയുടെ വിശ്വാസം തങ്ങളുടേതത്രെ എന്നിങ്ങനെയാണു് നവീകൃതയാക്കോബായക്കാരുടെ അഥവാ മാൎത്തോമ്മാക്കാരെന്നു സ്വയം വിളിക്കുന്നവരുടെ വാദരീതി.

ഉദയമ്പേരൂർ സൂനഹദോസിനു മുമ്പു് കേരളീയസഭയിൽ ഇപ്പോൾ പ്രസ്താവിച്ച സംഗതികൾ ഇല്ലായിരുന്നു എന്നിരിക്കട്ടെ. എന്നാൽ, തോമ്മാശ്ലീഹായുടെ കാലത്തും ഇവ കേരളീയസഭയിൽ ഇല്ലായിരുന്നു എന്നു് അതിൽ നിന്നു് എങ്ങനെ അനുമാനിക്കാം. ഉദയമ്പേരൂർ സൂനഹദോസിന്റെ കാലത്തെ കേരളീയസഭയുടെ വിശ്വാസം ശ്ലൈഹികവിശ്വാസം തന്നേ ആയിരിക്കണമെന്നു് എങ്ങനെയാണു് നാം തീർത്തുപറയുക? "നമുക്കിഷ്ടമുള്ളതു് ശ്ലൈഹിക വിശ്വാസം" എന്ന തത്ത്വം സ്വീകരിച്ചാൽ മാത്രമേ ഈ വാദം സാധുവാകയുള്ളൂ.

വീണ്ടും, മേൽപ്രസ്താവിച്ചവ കേരളീയസഭയിൽ ഇല്ലായിരുന്നു എന്ന സങ്കല്പത്തിൽ നമുക്കു കുറെ കൂടി ഗാഢമായി ചിന്തിക്കാം. എന്തുകൊണ്ടാണു് അവ കേരളീയസഭയിൽ ഇല്ലായിരുന്നതു്? തോമ്മാശ്ലീഹാ അവ കേരളീയരെ പഠിപ്പിക്കാഞ്ഞതുകൊണ്ടാകാം. അല്ലെങ്കിൽ, കേരളീയർ തോമ്മാശ്ലീഹായിൽ നിന്നു് അവ സ്വീകരിച്ചെങ്കിലും പിന്നീടു് ഉപേക്ഷിക്കയോ, വല്ല സാഹചര്യങ്ങളും നിമിത്തം തൽക്കാലം നടപ്പിൽ വരുത്താതിരിക്കയോ ചെയ്തു എന്നും വരാം. ഈ സ്ഥിതിക്കു് ഉദയമ്പേരൂർ സൂനഹദോസിന്റെ കാലത്തു് അവ കേരളത്തിൽ ഇല്ലായിരുന്നു എന്ന ഏക കാരണത്താൽ പിന്നീടുണ്ടായ നവീകരണപ്രസ്ഥാനത്തെ സാധൂകരിക്കുവാനുള്ള ശ്രമം യുക്ത്യനുസരണമായ ഒന്നല്ല.

ശുദ്ധീകരണകർത്താക്കളുടെ പ്രവൃത്തി സഭയെ വീണ്ടും അബദ്ധത്തിലേക്കു തള്ളിയിടുകയല്ല ചെയ്തതു എന്നുള്ളതിനു് എന്തുറപ്പാണുള്ളതു്? അവർക്കു് അപ്രമാദിത്വമുണ്ടെന്നു് ഉറപ്പില്ലാതെ അവരെയും അവരുടെ അനുഗാമികളെയും നാം എങ്ങനെ വിശ്വസിക്കും? ആകയാൽ ഒന്നാമതായി അവരുടെ അപ്രമാദിത്വം സ്ഥാപിക്കുകയാണു് അവരുടെ അനുഗാമികൾ ഇന്നു ചെയ്യേണ്ടതു്. കേരളീയസഭക്കു് അപ്രമാദിത്വമുണ്ടായിരുന്നെങ്കിൽ, അവർ സമ്മതിക്കുന്നതുപോലെ, ആ സഭ എങ്ങനെ നെസ്തോറിയൻ അബദ്ധങ്ങളും യാക്കോബായ അബദ്ധങ്ങളും സ്വീകരിക്കുവാൻ ഇടയായി?

ഉദയമ്പേരൂർ സൂനഹദോസിനു മുമ്പു് കേരളീയസഭ റോമ്മായുടെ പരമാധികാരം സ്വീകരിക്കാതെ ഒരു സ്വതന്ത്രനില അവലംബിച്ചിരുന്നു എന്നുള്ള ധാരണയാണു് ഈദൃശവാദങ്ങളുടെയെല്ലാം അടിയിൽ കിടക്കുന്നതു്! എന്നാൽ ഈ ധാരണ തെറ്റായിട്ടുള്ളതാണെന്നു് ഇത്രയും പ്രസ്താവിച്ചവയിൽ നിന്നു വിശദമായിട്ടുണ്ടല്ലോ.

കേരളീയസഭയിൽ മേൽപ്രസ്താവിച്ചവ ഉണ്ടായിരുന്നോ എന്നുകൂടി നമുക്കു് ആലോചിക്കാം. അവ്വിശാ പാത്രിയർക്കീസും മാർ അബ്രാ

ഹവും ചെയ്ത വിശ്വാസസത്യത്തിൽ ഈ സംഗതികളെല്ലാം എടുത്തുപറഞ്ഞിട്ടുള്ളതായി കാണുന്നു. ഇവയൊന്നും സ്വീകരിക്കേണ്ടതല്ലെന്നുള്ള മനോഭാവംതൊട്ടുകൂടി വർത്തിച്ചിരുന്ന ഒന്നായിരുന്നു അന്നത്തെ കേരളീയസഭയെങ്കിൽ പോർട്ടുഗീസുകാരും കേരളീയസുറിയാനിക്കാരും 16-ാം ശതാബ്ദം മുഴുവനും എങ്ങനെ പരസ്പരം വൈദികങ്ങളിൽ സംസർഗ്ഗം ചെയ്തു? അജ്ഞത ഹേതുവാലും മററും ചില സംഗതികൾ കേരളത്തിൽ നടപ്പില്ലായിരുന്നു എന്നു വരാം. പക്ഷെ അതിൽ നിന്നു് അവ കേരളീയസഭ ഒരിക്കലും സ്വീകരിച്ചിരുന്നില്ലെന്നോ സ്വീകരിച്ചശേഷം മനഃപൂർവ്വം ഉപേക്ഷിച്ചുകളഞ്ഞെന്നോ അനുമാനിക്കാവുന്നതല്ല റോമ്മായുടെ പരമാധികാരം ആ സഭ സ്വീകരിച്ചിരുന്നു എന്നു നാം കണ്ടു. അതിൽ മററുള്ളവ എല്ലാം പരോക്ഷമായി ഉൾപ്പെട്ടിട്ടുണ്ടു്. അജ്ഞതകൊണ്ടോ സാഹചര്യങ്ങളുടെ പ്രാതികൂല്യം നിമിത്തമോ ചില സംഗതികൾ (കൂടിപ്പോയാൽ) നടപ്പിലില്ലായിരുന്നു എന്നല്ലാതെ കേരളീയസഭയെപ്പററി വേറെ യാതൊന്നും സമർത്ഥിക്കുവാൻ പതിനാറാം ശതാബ്ദത്തിലെ ചരിത്രം നമ്മെ അനുവദിക്കാതെയാണു് ഇരിക്കുന്നതു്.

മുമ്പിലത്തെ ഒപ്പുശമാ മാമ്മോദീസായുടെകൂടെ നൽകപ്പെടുക നിമിത്തം ആ കൂദാശ കേരളത്തിലില്ലെന്നു് പോർട്ടുഗീസുകാർ വിധിച്ചിരിക്കണം. എന്തുകൊണ്ടെന്നാൽ അവരുടെ ധാരണപ്രകാരം ലത്തീൻമുറക്കു നൽകപ്പെട്ടാൽ മാത്രമേ അതു് കൂദാശയാകയുള്ളു. വി. കുർബാനയിൽ വസ്തുഭേദമില്ലെന്നു കേരളീയസഭ വിശ്വസിച്ചിരുന്നെങ്കിൽ, പോർട്ടുഗീസുകാർ ആരംഭം മുതൽ സുറിയാനികുർബാനയെ അവർ ചെയ്തതുപോലെ ബഹുമാനിക്കുമായിരുന്നോ?

കുമ്പസാരം കേരളീയസഭയിൽ ഇല്ലായിരുന്നതുകൊണ്ടാണോ ജൂബിലിബന്ധവിമോചനപ്രാപ്തിക്കായി അനേകർ ഉദയംപേരൂർസൂനഹദോസിനു കുറെ മുമ്പു് ഈശോസഭാവൈദികരുടെ പക്കൽ പോലും അർദ്ധരാത്രിവരെ ഉറക്കിളച്ചു കുമ്പസാരം നടത്തിയതു്? അതുകൊണ്ടാണോ സൂനഹദോസിനു മുമ്പു് എല്ലാവരും കുമ്പസാരിക്കണമെന്നു് മെനേസിസു് കല്പിച്ചതു്? കുമ്പസാരം അത്യാവശ്യപ്പെട്ട ഒന്നാണെന്നുള്ള ധാരണ കേരളീയരുടെയിടയിൽ അന്നില്ലായിരുന്നു എന്നാണു് വേറെ ചിലർ സൂനഹദോസു നിയമങ്ങളെ അടിസ്ഥാനപ്പെടുത്തി വാദം നടത്തുന്നതു്. അങ്ങനെയൊരു ധാരണ അജ്ഞത നിമിത്തം കേരളീയരിൽ കടന്നുകൂടിയിരുന്നു എന്നു വരുവാൻ പാടില്ലാത്തതല്ല. എന്നാൽ അതിൽ നിന്നു് അവർക്കു കത്തോലിക്കാഐക്യമില്ലായിരുന്നു എന്നു് അനുമിക്കുക യുക്ത്യനുസാരമായിരിക്കുകയില്ലെന്നു് കത്തോലിക്കാഐക്യത്തെപ്പററി ഈ പുസ്തകത്തിൽ പ്രസ്താവിച്ചിട്ടുള്ളവയിൽ നിന്നു മനസ്സിലാക്കാവുന്നതാണു്. സൂനഹദോസിന്റെ പ്രസ്താവനകൾ അതേ പടി സ്വീകരി

കുവാൻ പാട്ടുള്ളവയല്ലെന്നും ഈ അവസരത്തിൽ നാം ഓർമ്മിച്ചിരിക്കണം. കമ്പാസാരത്തെ സുറിയാനിക്കാർ പൊതുവെ വെറുത്തിരുന്നു എന്നു ഗോവെമാ പ്രസ്താവിക്കുന്നതിനും മുകളിൽ സമാധാനം പറഞ്ഞിട്ടുണ്ട്.

ഒടുവിലത്തെ ഒപ്പുശമാ പരികർമ്മം ചെയ്യുമ്പോൾ ഉപയോഗിക്കേണ്ട പ്രാർത്ഥനയെപ്പററിക്കൂടി അവുദീശോ പാത്രിയർക്കീസ് തന്റെ വിശ്വാസസത്യത്തിൽ പ്രസ്താവിക്കുന്നുണ്ട്. (18) മാർ അബ്രാഹത്തിന്റെ വിശ്വാസസത്യത്തിൽ ഈ കൂദാശയെപ്പററി അദ്ദേഹം പ്രസ്താവന നടത്തുന്നുണ്ട്. കൂദാശകളുടെ ശുശ്രൂഷയിൽ ഉപയോഗിക്കേണ്ട ജപങ്ങൾ ആദിയായവ ലത്തീനിൽ നിന്നു് സുറിയാനിയിലേക്കു് തർജ്ജമ ചെയ്യേണ്ടതാണെന്നു് മാർ അബ്രാഹം സംബന്ധിച്ച 1585-ലെ ഗോവാസൂന്നഹദോസു തീരുമാനിക്കയുണ്ടായില്ലയോ? എന്നാലും ഈ കൂദാശയെപ്പററി കേരളത്തിൽ യാതൊരറിവുമില്ലായിരുന്നത്രെ! (19)

മരിച്ചവർക്കുവേണ്ടി കേരളീയർ പ്രാർത്ഥന നടത്തിയിരുന്നില്ലപോൽ! ഉദയമ്പേരൂർസൂന്നഹദോസു വെട്ടിത്തിരുത്തിയ കുർബ്ബാനയുടെ തർജ്ജമ റോളിൻ തന്റെ കൃതിയിൽ ചേർത്തിട്ടുണ്ട്. മരിച്ചവർക്കുവേണ്ടിയുള്ള കുർബ്ബാനയുടെ അവസാനത്തിൽ വൈദികർ ഇന്നും ചൊല്ലുന്ന പ്രാർത്ഥന അതിൽ കാണുന്നുണ്ട്. "എന്റെ കർത്താവേ ഞങ്ങളുടെ പ്രാർത്ഥനയുടെ സ്വരം ശ്രവിക്കണമെ; ഞങ്ങളുടെ യാചന അങ്ങേ മുമ്പിൽ പ്രവേശിക്കട്ടെ; ഞങ്ങളുടെ ബലികളും കാഴ്ചകളും സ്വീകരിച്ചു് ഞങ്ങളുടെ മരിച്ചുപോയവരുടെ കടങ്ങളെ തീക്കണമെ" എന്നാണു് ആ പ്രാർത്ഥനയുടെ ആരംഭം! (21) സൂന്നഹദോസിനു മുമ്പു് കേരളത്തിൽ ഉണ്ടായിരുന്ന പ്രാർത്ഥനകളുടെ കൂട്ടത്തിൽ ആ പ്രാർത്ഥനയും ഉണ്ടായിരുന്നു.

---

18) Giamil, pp. 41—59.

19) അന്തോനീന്യൂസിന്റെ റിപ്പോർട്ടിൽ ഇതു സംബന്ധമായി പറഞ്ഞിരിക്കുന്നതും ഇവിടെ സ്മർത്തവ്യമാണു്. (മുകളിൽ നോക്കുക)

20) o. c. p. 293. sqq.

21) ശ്മാ-മാർ-ബ്ക്കാലാ-ദസ്ലൊസൻ, ഉ-സബൊൽ-ക്ദാമൈക്ക്-ബാവൂസൻ; കബെൽ-ദെവുഹൈൻ-ഉക്ർബാനൈൻ-ഉഹസ്സാ-ഹൈൻ ബൊ-ദ്അന്നീദൈൻ.......

ഉദയംപേരൂർ സൂനഹദോസിന്റെ പ്രസ്താവനകൾ കണ്ണടച്ചു സ്വീകരിച്ചാൽ വലിയ അബദ്ധത്തിൽ ചെന്നു ചാടുമെന്നുള്ളതിന് കൂടുതൽ തെളിവുകൾ ആവശ്യമുണ്ടോ? ഈ സൂനഹദോസാണ് കേരളീയസഭ റോമ്മാ അധികാരം സ്വീകരിച്ചിരുന്നില്ലെന്ന് പ്രസ്താവിച്ചിരിക്കുന്നത്: പ്രവൃത്തി അതിനു നേരേമറിച്ചും. ആകയാൽ വിദേശത്തും സ്വദേശത്തും ഉള്ള നവീകരണക്കാർ ഉദയംപേരൂർ സൂനഹദോസു നിയമങ്ങളിൽ ആശ്രയിച്ച് സ്വാഭിമതത്തെ സ്ഥിരീകരിക്കുവാൻ ഉദ്യമിക്കുന്നതിൽ യാതൊരർത്ഥവുമില്ലതന്നെ.

## സൂനഹദോസും പോർട്ടുഗീസു ഗവമ്മേണ്ടും.

ഗോവ മെത്രാപ്പോലീത്തായിക്ക് ഗവമ്മേണ്ടു മുറയ്ക്കുകൂടി ചില അധികാരങ്ങളുണ്ടായിരുന്നു എന്നു നാം മനസ്സിലാക്കണം. (22) സുറിയാ

---

(22) വൈസ്രോയിയുടെ അഭാവത്തിൽ ഗവമ്മേണ്ടു ഭരണം നടത്തിയിരുന്നതു് മെത്രാപ്പോലീത്താ ആയിരുന്നു. ഇങ്ങനെ ഭരണം നടത്തിയവരിൽ ഒരാൾ മെനേസീസാണ്. പോർട്ടുഗീസു ഭരണത്തിന്റെ അധഃപതനത്തിന് മെനേസീസിന്റെ ഭരണം കാരണമായിട്ടുണ്ടെന്ന് പറയപ്പെടുന്നു. ഫാദർ ഹീരാസ്, എസ്. ജെ. (Heras S. J.) ഇതു സംബന്ധമായി ഇങ്ങനെ എഴുതുന്നു: "Besides this bad system of Government, not all the Viceroys and Governors are exemplary. Some of them exasperated the Indians by their demonstrations of force in repressing insubordination, or securing the tribute due by virtue of previous contracts. Moreover others were not at all able to cope with the vast amount of business under the control of the Portuguese in the East in their days of glory. Among them we must count, almost without exception, the Bishops who where ruling the distinies of Portuguese India during the vacancies (at times pretty long), in the viceregal seat. One of those Bishops, perhaps the most famous of all was Frey Alexis de Menezes, an Augustinian Frier, Archbishop of Goa, transferred afterwards to the see of Braga in portugal. Now, Fr. Alberto Laerzio the fesuit Provincial of the Province of Malabar, who was an Italian and hence an impartial witness, in a letter dated Cochin, November 20th, 1608, says that the causes of all the troubles through which the state of Portuguese India was then passing, were two. One was the increasing power of the Dutch and English traders, and the other the maladministration of Arch bishop Menezes, 'O mao governo do Arcebispo Frade'—The Conversion Policy of the Jesuits in India, Bombay, 1933, pp. 77, 78.

നി സഭമേൽ പോർട്ടുഗീസു രാജാവിന്റെ സംരക്ഷണം (Patronage—Padroado) സ്ഥാപിക്കേണ്ടതിനായി കൊച്ചിയിൽ നിന്നു് പോർട്ടുഗീസു ഗവർണരും മററുദ്യോഗസ്ഥന്മാരും ഉദയംപേരൂർ ചെന്നിട്ടുണ്ടായിരുന്നു. സുറിയാനിക്കാരെ പോർട്ടുഗീസു സംരക്ഷണത്തിലാക്കിയാൽ യുദ്ധവീരന്മാരായിരുന്ന അവരുടെ സഹായം ഗവമ്മെണ്ടിനു ലഭിക്കുന്നതുമായിരുന്നു. ഇതു സംബന്ധിച്ചു് സമകാലീനനും അന്നു് ഇൻഡ്യയിൽ താമസിച്ചിരുന്ന ആളും ആയ ഫാദർ നിക്കോളൊ പിമെൻറാ എസ്. ജെ. ഇങ്ങനെയെഴുതിയിരിക്കുന്നു:

"At the synod assisted the Governor of Cochin, Don. Anthony Noronia, and the chief dignitaries of the city who on behalf of the king of Portugal had assumed on themselves the task of the protection of these Christians. How inportant was the step and how greatly in the future it was to promote the interests of the Portuguese crown, none can gainsay who is aware of the effect of binding this race which from the days of St. Thomas had alone in India held the faith and could place in array thirty-thousand armed men, to the cause of Portugal, and of bringing them to the obedience of the Roman See" (23)

അതെ, മുപ്പതിനായിരം യോദ്ധാക്കളെ രണാങ്കണത്തിൽ ഇറക്കത്തക്കവരായ സുറിയാനിക്കാരെ വശത്താക്കിയാൽ അതു പോർട്ടുഗീസുരാജാവിനു് വിലതീരാത്ത ഒരു നേട്ടംതന്നെയായിരിക്കും. പക്ഷേ അതിനു് കൽദായ പാത്രിയക്കീസിന്റെ അധികാരം ഒരു പ്രതിബന്ധമായിരുന്നു. കേരളീയർ അകത്തോലിക്കത്വത്തിൽനിന്നു് കത്തോലിക്കത്വത്തിലേക്കു കൊണ്ടുവരപ്പെട്ടു എന്നു വന്നാൽ പോർട്ടുഗിസുകാരുടെ ആഗ്രഹം എളുപ്പത്തിൽ സഫലമാകും! കേരളീയരെപ്പററിയുള്ള അജ്ഞത നിമിത്തം പോർട്ടുഗീസുകാർക്കുണ്ടായിരുന്ന മനോഭാവവും പാത്രിയക്കീസിന്റെ അധികാരം സംബന്ധിച്ചു് അവരിൽ കടന്നുകൂടിയ ധാരണയും അവരുടെ മതതീക്ഷ്ണതയും ഗോവയുടെ മെത്രാപ്പോലിത്തായിക്കു സ്വാധികാരത്തെപ്പററിയുണ്ടായിരുന്ന ആശയവും "റോമ്മാസഭയുടെ അനുസരണത്തിലേക്കു കൊണ്ടുവരുക" എന്നതിനു് അന്നത്തെ പ്രവൃത്തികളോടു ബന്ധംകൂടാതെ ആലോചിച്ചാലുള്ള അത്ഥവും മുൻപറഞ്ഞതിനോടു യോജിപ്പിക്കുക.

---

(23) Goa, 21 Dec. 1599.

ഉദയംപേരൂർ സൂനഹദോസിന്റെ സാക്ഷാൽ നിറം ഇങ്ങനെ നമുക്കു ഏറെക്കുറെ മനസ്സിലാക്കുവാൻ സാധിക്കുന്നതാണു്.

## സൂനഹദോസിനുശേഷം.

സൂനഹദോസിന്റെ അവസാനത്തിൽ പള്ളിസാമാനങ്ങൾ, കൂദാശക്രമങ്ങളുടെ ലത്തീനിൽ നിന്നുള്ള സുറിയാനി വിവൎത്തനം ആദിയായവ വികാരിമാരായി നിയമിക്കപ്പെട്ടവൎക്കു നൽകപ്പെട്ടു. മെനേസീസു പല പള്ളികളും സന്ദർശിച്ചു് പുസ്തകങ്ങൾ തിരുത്തുക, ദഹിപ്പിക്കുക, കൂദാശകൾ കൊടുക്കുക, വഴക്കുകൾ തീൎക്കുക ആദിയായ പലതും ചെയ്തു. എല്ലായിടത്തും സമാധാനത്തോടും സന്തോഷത്തോടും അദ്ദേഹം സ്വീകരിക്കപ്പെട്ടു. കുറെമുമ്പു് ആരേയും കാണിക്കാതെ സൂക്ഷിച്ചിരുന്ന പുസ്തകങ്ങൾപോലും സസന്തോഷം കേരളീയർ അദ്ദേഹത്തെ ഏല്പിച്ചുവത്രെ. (23 b) എന്തിനു്? മെനേസീസോ അല്ലെങ്കിൽ ഫാദർ റോസോ തങ്ങളുടെ മെത്രാനായിരിക്കണമെന്നു് സുറിയാനിക്കാർ അപേക്ഷിക്കക്കൂടി ചെയ്തു. ആൎക്കദിയാക്കോനും കുറേപ്പേരും കൂടി ഒരപേക്ഷ ഇതിലേക്കായി മാർപ്പാപ്പായുടെ പക്കൽ സമർപ്പിക്കയും ഉണ്ടായി. 1599_ൽ നവംബർ 25_ാംനു- എഴുതിയ ആ അപേക്ഷയിൽ ഇങ്ങനെക്കൂടി കാണുന്നു: "ഒരു രൂപതാസൂനഹദോസിൽ ഞങ്ങളെല്ലാവരും ഒരുമിച്ചുകൂടി. റോമ്മാസഭ ലോകത്തിലുള്ള എല്ലാ സഭകളുടേയും മാതാവും നാഥയും തലയും ആണെന്നു് അതിൽ വച്ചു് ഞങ്ങൾ അനുസരിച്ചു പറഞ്ഞു. ഞങ്ങൾ—പട്ടക്കാരെല്ലാവരും, പ്രതിനിധികൾ മുഖേന ജനം മുഴുവനും—എല്ലാ കാൎയ്യത്തിലും അങ്ങേ പരിശുദ്ധതയുടേയും, പത്രോസിന്റെ സിംഹാസനത്തിൽ അങ്ങേ പിൻഗാമികളായിവരുന്ന എല്ലാ റോമ്മാ മാർപ്പാപ്പാമാരുടേയും (Roman Pontiffs)........നേൎക്കു് ഏററവും അനുസരണമുള്ളവരായിരുന്നുകൊള്ളാമെന്നു് ആലോചനാപൂൎവ്വമായ ഒരു സത്യത്താൽ സ്വയം ബന്ധിച്ചു. ഇങ്ങനെ, ഇതുവരെ ഞങ്ങൾ അനുസരിച്ചിരുന്ന ബാബേൽ പാത്രിയൎക്കീസിനെ ഞങ്ങൾ ഉപേക്ഷിച്ചു: വിശുദ്ധ റോമ്മാസഭയുടെ ഐക്യ

---

23b) ഇതൊരു അത്ഭുതമായി പോർട്ടുഗീസുകാർ പറയുന്നു. എന്നാൽ സൂനഹദോസിനു മുമ്പു നടന്ന സംഗതികളും രാജാക്കന്മാരെ മെനേസീസു വശത്താക്കിയ കാൎയ്യവും നാം വിസ്മരിക്കരുതു്. കൂടാതെയും തനിക്കു മാർപ്പാപ്പായിൽ നിന്നു് അധികാരമുണ്ടെന്നു് എല്ലാവരേയും ധരിപ്പിക്കയും, മഹറോൻ ശിക്ഷയാൽ ഭയപ്പെടുത്തുകയും ചെയ്യുകയാണു് പുസ്തകങ്ങൾ ആവശ്യപ്പെട്ടപ്പോൾ മെനേസീസു് ഓരോ പള്ളിയിലും വച്ചു് ചെയ്തതു്! Gouvea, 73, v, Col. 1

ത്തിലും അനുസരണത്തിലും നിന്നു് വേർപെടുത്തപ്പെട്ട ഒരു ശിസ്മക്കാരൻ എന്ന നിലയിൽ അദ്ദേഹത്തെ ഞങ്ങൾ ശപിച്ചു. അപ്രകാരം തന്നെ ആ സൂനഹദോസിൽ പാഷണ്ഡനും അദ്ദേഹത്തിന്റെ ശപിക്കപ്പെട്ട വിഭാഗത്തിലെ തലയും ആയ നെസ്തോറിസിനെ ഞങ്ങൾ ഉപേക്ഷിച്ചു ശപിച്ചു........" (24) ഇൻഡ്യൻ സഭയുടെ ഗവർണർ അക്കദിയാക്കോൻ എന്ന നിലകളിലാണു് അക്കദിയാക്കോൻ ഈ അപേക്ഷയിൽ ഒപ്പുവച്ചിരിക്കുന്നതു്. (24b)

പാലയൂർ മെത്രാനായി മാർപ്പാപ്പാ അംഗീകരിച്ച അക്കദിയാക്കോനാണു് ഇങ്ങനെ എഴുതുന്നതു്. എഴുത്തു് ലത്തീൻഭാഷയിലും ഒപ്പു് സുറിയാനിഭാഷയിലും ആണു്! എഴുത്തെഴുതിയപ്പോൾ അങ്കമാലി ഒരു അതിരൂപതയായിരുന്നു. അതിനെ ഒരു വെറും രൂപതയാക്കിയതിൽ സുറിയാനിക്കാർ ക്ഷോഭിച്ചതുകൊണ്ടു് വീണ്ടും അതു് അതിരൂപതയാക്കപ്പെട്ടു. പക്ഷെ, എഴുത്തിൽ അങ്കമാലി വെറും രൂപതയായി പ്രത്യക്ഷപ്പെടുന്നു! ലത്തീനിൽ അങ്കമാലിയുടെ വികാരി അപ്പസ്തോലിക്കാ, ഗവർണർ, അക്കദിയാക്കോൻ എന്നെല്ലാമുള്ള സ്ഥാനപ്പേരുകളാണു് കാണുന്നതു്. സുറിയാനി ഒപ്പിൽ ഇൻഡ്യയുടെ ഗവർണർ എന്നും കാണുന്നു. ഇൻഡ്യയുടെ ഗവർണർ എന്നു് അക്കദിയാക്കോനെ പോർട്ടുഗീസുകാർ വിളിക്കുമായിരുന്നില്ല. ആകയാൽ എഴുത്തിലെ സാരം അക്കദിയാക്കോനും, ഒപ്പിലെ സാരം എഴുത്തെഴുതിയ ആൾക്കും മനസ്സിലായിരുന്നില്ല എന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. ഉദയംപേരൂർ സൂനഹദോസിനെപ്പററി ഇപ്രകാരമെല്ലാം പ്രസ്താവിക്കുന്ന അക്കദിയാക്കോൻതന്നെ കുറെ കൊല്ലങ്ങളുടെശേഷം നസ്രാണികളുടെ ആദ്യത്തെ ലത്തീൻ മെത്രാനായ് റോസ് അവർകളുമായി രസക്ഷയത്തിൽ കഴിച്ചുകൂട്ടവേ കേരളത്തിൽ യാതൊരു പാഷണ്ഡതയും ഒരിക്കലുമുണ്ടായിട്ടില്ല എന്നു് എഴുതി പ്രസിദ്ധപ്പെടുത്തി. തന്നെപ്പററിയും ഈശോ സംഘാംഗങ്ങളെപ്പററിയും അക്കദിയാക്കോൻ ചെയ്ത വ്യാജപ്രസ്താവനകളുടെ ഗണത്തിൽ ഇതും ഉൾപ്പെടുന്നു എന്നാണു് റോസ് മെത്രാപ്പോലീത്താ ഇതു സംബന്ധിച്ചു പറയുന്നതു്. (24c) ഏതായാലും ഇങ്ങനെയുള്ള കാര്യങ്ങളിൽ അക്കദിയാക്കോന്റെ വാക്കുകളെ വിശ്വസിക്കുവാൻ പാടില്ലെന്നു ഇതിൽനിന്നു തെളിയുന്നുണ്ടു്.

മേൽ പ്രസ്താവിച്ച എഴുത്തിന്റെകൂടെ, അംഗീകാരത്തിനായി ഉദയംപേരൂർ സൂനഹദോസിന്റെ നിശ്ചയങ്ങളും മാർപ്പാപ്പായുടെ പക്ക

---

24) Beltrami, o, c. p. 254.
24b) Ibid p. 256.
24c) Ferroli, o. c. pp. 308, 309.

ലേക്കു് അൎക്കദിയാക്കോൻ അയച്ചുകൊടുത്തു. (24d) സാഹചര്യങ്ങളെല്ലാം മുൻപറഞ്ഞവയിൽ നിന്നു വായനക്കാർ ഗ്രഹിച്ചിരിക്കുന്നതിനാൽ സുറിയാനിക്കാരുടെയിടയിലുള്ള ഇത്ര വലിയ മാററം എങ്ങനെയുണ്ടായി എന്നു് വിശദീകരിക്കേണ്ട ആവശ്യമില്ല. തങ്ങൾ ശീസ്മക്കാരും റോമ്മാ ഐക്യമില്ലാത്തവരും ആയി മെനേസിസിനോട്ടു് ആരംഭത്തിൽ മത്സരിച്ചെന്നും ആ എഴുത്തിൽ അൎക്കദിയാക്കോനും മററും പ്രസ്താവിക്കുന്നുണ്ടു്. അന്നത്തെ ശീസ്മയും, റോമ്മാ ഐക്യമില്ലായ്മയും എപ്രകാരം ഗ്രഹിക്കേണ്ടതാണെന്നു നാം കണ്ടതാണല്ലോ. ആകയാൽ ഈ എഴുത്തു് ഏതു പ്രേരണയാൽ ലത്തീൻ ഭാഷയിൽ എഴുതപ്പെട്ടു എന്നു വ്യക്തമാണു്. മെനേസിസിനെയോ ഫാദർ റോസിനേയോ മെത്രാനായി കിട്ടണമെന്നു് സുറിയാനിക്കാർ അപേക്ഷിക്കുന്നതും ഈ എഴുത്തിൽ തന്നെ. (25) പതിനാറാം ശതാബ്ദത്തിലെ കേരളീയ സഭയുടെ ചരിത്രവും ഈ എഴുത്തിലെ ഉള്ളടക്കവും തമ്മിൽ യോജിക്കുന്നുണ്ടോ എന്നു് വായനക്കാർ തന്നെ വിധിച്ചുകൊള്ളുവിൻ.

മാർപ്പാപ്പാ സമ്മതിക്കുന്നപക്ഷം ഗോവാ അതിമെത്രാസനം ഉപേക്ഷിച്ചു് അങ്കമാലി സഭയുടെ ഭരണം സ്വീകരിക്കുവാൻ താൻ സന്നദ്ധനാണെന്നു മെനേസീസു് പ്രത്യക്ഷപ്പെടുത്തുകയും തൽസ്സാദ്ധ്യാൎത്ഥം റോമ്മായിലേക്കു് അപേക്ഷ അയയ്ക്കുകയും ചെയ്തു

പാറവൂർവച്ചു് അങ്കമാലി സഭയുടെ താൽക്കാലിക ഭരണകൎത്താവായി അൎക്കദിയാക്കോനെ നിയമിച്ചശേഷമാണു് മെനേസീസു് ഗോവായിലേക്കു തിരിയെ പോയതു്. ആകയാൽ സൂനഹദൊസിനുമുമ്പു് ഈ നിശ്ചയം നടന്നില്ല എന്നു തെളിയുന്നു (?) അൎക്കദിയാക്കോനെ വെറും അൎക്കദിയാക്കോൻ എന്നു വിളിച്ചുകൊണ്ടാണു് മെനേസീസു് സൂനഹദോസിനു് ക്ഷണിച്ചതു്.

---

24b) എഴുത്തിൽ തന്നെ ഇതു പറയുന്നുണ്ടു്.

25) പോർട്ടുഗീസു ഭരണത്തിൽ നിന്നിരുന്ന സുറിയാനിക്കാർ പിൻകാലങ്ങളിലും ഇതേരീതിയിലുള്ള പ്രസ്താവനകൾ നടത്തിയിട്ടുണ്ടു്— Some Elucidations on the occasion of the Rt. Rev. Dr. A. Medlycott's Article published in "The Voice of Truth" 11th and 21st June 1902, by the Rt. Rev, Dr. Matheus de Oliveira Xavier, Bishp of Cochin, p. 26. അലിയാർദി കർദ്ദിനാളിനു് 1867 ജാനു. 7-ൽ അന്നു് പോർട്ടുഗീസു ഭരണത്തിൽ നിന്നിരുന്ന ചില സുറിയാനിക്കാർ സമൎപ്പിച്ച ഒരപേക്ഷയിൽ ഈ ആശയം കാണുന്നുണ്ടു്.

# പതിനെട്ടാം അദ്ധ്യായം.

## കൂനൻകുരിശുസത്യം

### മാർ അബ്രാഹത്തിന്റെ പിൻഗാമി.

ഉദയമ്പേരൂർ സൂനഹദോസു നടന്ന അവസരത്തിൽ മാർ അബ്രാഹത്തിനു് ഒരു പിൻഗാമിയെ നിയമിക്കേണ്ട കാര്യത്തെപ്പററി റോമ്മായിൽ ആലോചന നടക്കുകയായിരുന്നു. പിൻഗാമി നിയമിതനാകുന്നതുവരെ പരേതനായ അദ്ദേഹത്തിന്റെ സ്ഥാനത്തു് ഒരു വികാരി അപ്പസ്തോലിക്കായെ നിശ്ചയിക്കുവാനാണു് മാർപ്പാപ്പാ ഗോവമെത്രാപ്പോലീത്തായോടു് ആവശ്യപ്പെട്ടിരുന്നതു്. ഗോവമെത്രാപ്പോലീത്തായാകട്ടെ അക്കദിയാക്കോനെ "വികാരി അപ്പസ്തോലിക്കാ" ആക്കുന്നതിനു മുമ്പു തന്നെ വലിയ അധികാരപ്രയോഗങ്ങളും ഒരു സൂനഹദോസു തന്നെയും അങ്കമാലി അതിരൂപതയിൽ നടത്തി. (1)

1585-ലെ ഗോവസൂനഹദോസിന്റെ നിശ്ചയപ്രകാരം അങ്കമാലി മെത്രാൻ പോർട്ടുഗീസുരാജാവു് തിരിഞ്ഞെടുക്കുന്ന ആളാകേണ്ടിയിരുന്നു. ആ നിശ്ചയമനുസരിച്ചു് 1597 മേയ് 8-ാം- ഡൊമിനിക്കൻ സഭാംഗവും മാറാനായനും ആയ യോഹന്നാൻ ബാപ്ററിസ്ററ് പോർട്ടുഗൽ രാജാവിനാൽ തിരിഞ്ഞെടുക്കപ്പെട്ടു. പക്ഷെ മാർ അബ്രാഹം മരിച്ചോ എന്നു നിശ്ചയമില്ലായിരുന്നതിനാൽ ആ തിരിഞ്ഞെ

---

1) വികാരി അപ്പസ്തോലിക്കാ എന്ന നാമം പോർട്ടുഗീസുരേഖകളിൽ കാണുന്നില്ല. ഗോർണ്ണദോർ എന്നാണു് അതിനു പകരം കാണുന്നതു്. എല്ലാ വികാരി അപ്പസ്തോലിക്കാമാരും ഗോർണ്ണദോർമാരാണെങ്കിലും, എല്ലാ ഗോർണ്ണദോർമാരും വികാരി അപ്പസ്തോലിക്കാമാരല്ല.(?) വികാരി അപ്പസ്തോലിക്കായെ നിശ്ചയിക്കാനാണു് മാർപ്പാപ്പാ ആവശ്യപ്പെട്ടിരുന്നതു്. ഗോർണ്ണദോർ (സുറിയാനി, മ്ദബ്റാനാ) എന്നു് ചേർത്തു് ഒപ്പിട്ടിരിക്കുന്നതുകൊണ്ടു് അക്കദിയാക്കോനു് ഈ വ്യത്യാസം മനസ്സിലായിരുന്നോ എന്നു സംശയിക്കുന്നു.

ടുപ്പു ഉപേക്ഷിക്കേണ്ടതായി വന്നു. (1b) വീണ്ടും, 1598 മാർച്ച് 28-ൽ ഈശോസഭക്കാരനായ ചെർകെയിറാ (Cerqueira) തിരിഞ്ഞെടുക്കപ്പെട്ടെങ്കിലും അദ്ദേഹം ജപ്പാൻ മെത്രാൻെറ സഹായകനായിരുന്നതിനാൽ ആ തിരിഞ്ഞെടുപ്പും സഫലമായില്ല. തന്നിമിത്തം ഒരാളെ നൽകണമെന്നു് ഈശോസഭാദ്ധ്യക്ഷൻെറ പക്കൽ അപേക്ഷ ചെന്നു. ഇങ്ങനെ 1599 നവംബർ 5-ൽ ഫാദർ റോസു തിരിഞ്ഞെടുക്കപ്പെട്ടു. മെനേസീസോ ഫാദർ റോസോ തങ്ങളുടെ മെത്രാനായി നൽകപ്പെടണമെന്നുള്ള അർക്കദിയാക്കോൻേറയും മററും അപേക്ഷ എഴുതപ്പെടുന്നതിനു് 20 ദിവസം മുമ്പു് ഈ നിയമനം നടന്നു. (2) അങ്കമാലിലെ അവസാനമെത്രാനായ മാർ അബ്രാഹത്തിൻെറ മരണത്താൽ ഒഴിവായിരുന്ന സിംഹാസനത്തിലേക്കാണു് മാർപ്പാപ്പാ ഫാദർ റോസിനെ നിയമിച്ചതു്—Vacante per obitum utlimi illius episcopi Mar Abraham nuncupati—(3) മാർ അബ്രാഹം പാഷണ്ഡനോ ശീസ്മക്കാരനോ എന്ന ഭാവം ഇവിടെ കാണുന്നില്ല. ഉദയംപേരൂർ സൂനഹദോസിലെ നിശ്ചയപ്രകാരമോ സുറിയാനിക്കാർ അവിടെ ചെയ്ത വാഗ്ദാനപ്രകാരമോ, അർക്കദിയാക്കോൻേറയും മററും അപേക്ഷപ്രകാരമോ അല്ല ഈ നിയമനം നടന്നതു്. ഇതു നമുക്കു ചിന്താവിഷയമാകേണ്ടതാണു്.

അർക്കദിയാക്കോൻേറയും മററും അപേക്ഷ മാർപ്പാപ്പായുടെ പക്കൽ എത്തിയ ഉടനെ ഫാദർ റോസിനെ തന്നെയാണു് മെത്രാനായി നിശ്ചയിച്ചിരിക്കുന്നതെന്നു് 1601 മേയ് 19-ൽ മാർപ്പാപ്പാ അവരെ അറിയിച്ചു. മാർപ്പാപ്പായുടെ പരമാധികാരം വീണ്ടും സ്വീകരിച്ചതിൽ മാർപ്പാപ്പാ ആ എഴുത്തിൽ സുറിയാനിക്കാരെ അനുമോദിക്കുന്നുണ്ടു്. എന്നാൽ ഇതു് അർക്കദിയാക്കോനും മററും എഴുതിയ എഴുത്തിനു മറുപടിയായിരുന്നു. ആ എഴുത്തിൽ നാം കണ്ടതുപോലെ തങ്ങൾ ശീസ്മ ഉപേക്ഷിച്ചെന്നും മററും അവർ എഴുതിയിട്ടുണ്ടായിരുന്നു. ഉദയംപേരൂർ സൂനഹദോസിൻെറ നിശ്ചയങ്ങൾ അംഗീകരണത്തിനായി ആ എഴുത്തിൻെറകൂടെ മാർപ്പാപ്പായുടെ പക്കലേക്കു് അർക്കദിയാക്കോൻ അയച്ചിരുന്നു. മെനേസീസിൻെറ തീക്ഷ്ണത നിമിത്തം അദ്ദേഹം സുറിയാനിക്കാരുടെയിടയിൽ നടത്തിയ ഒരു സൂനഹദോസിൽ വച്ചു് സുറിയാനിക്കാർ മാർപ്പാപ്പായുടെ പരമാധികാരം സ്വീകരിച്ചു എന്നും മററും അതു സംബന്ധിച്ചു് ധാരാളമായി പ്രസ്താവിക്കുന്ന എഴുത്തുകളിൽ നിന്നു് (ex litteris

1b) Beltrami o. c. pp. 240, 131.
2) Ibid. p. 246.
ഫാദർ റോസ്സ് മുറയ്ക്കു സ്പെയിൻകാരനായിരുന്നു. 1580 മുതൽ 1640 വരെ പോർട്ടുഗൽ രാജ്യം സ്പെയിൻ രാജാവിനു കീഴ്പെട്ടിരുന്നു.

hoc de genere copiose scriptis) താൻ ഗ്രഹിച്ചതുകൊണ്ടു് സന്തോഷിക്കുന്നു എന്നു മാത്രമേ മാർപ്പാപ്പാ തന്റെ മറുവടിയിൽ പറയുന്നുള്ളു. സൂനഹദോസു നിയമങ്ങളെ അംഗീകരിക്കയാകട്ടെ, സൂനഹദോസു തന്റെ അധികാരത്താൽ നടന്നതാണെന്നു പ്രസ്താവിക്കയാകട്ടെ മാർപ്പാപ്പാ ചെയ്യുന്നില്ല. സൂനഹദോസു നടത്തുവാനായി മെനേസിസു് ആശ്രയിച്ച രണ്ടു തിരുവെഴുത്തുകൾ ഈ മാർപ്പാപ്പാ തന്നെയാണു്. ഗോവമെത്രാപ്പോലീത്തായുടെ പേർക്കയച്ചതെന്നു് ഈ അവസരത്തിൽ നാം പ്രത്യേകം സ്മരിക്കേണ്ടതാണു്. എട്ടാം ക്ലേമീസു് മാർപ്പാപ്പായുടെ അധികാരത്താൽ ഉദയംപേരൂർ സൂനഹദോസു നടത്തപ്പെട്ടെന്നും, ആ തിരുമേനി സൂനഹദോസു നിശ്ചയങ്ങൾ അംഗീകരിച്ചെന്നും മറ്റുമുള്ള പ്രസ്താവനകൾ ഏതർത്ഥത്തിൽ ഗ്രഹിക്കണമെന്നു് ഇതിൽ നിന്നു വ്യക്തമാകുന്നുണ്ടല്ലോ.

ഫാദർ റോസിനെ തന്നെ നിയമിച്ചതിലുള്ള സന്തോഷവും നന്ദിയും പ്രകടിപ്പിച്ചുകൊണ്ടു് 1601 ഡിസംബർ 20_ൽ അർക്കദിയാക്കോനും, 23_ന അങ്കമാലിലെ ജനങ്ങളും മാർപ്പാപ്പായിക്കു് ഓരോ എഴുത്തു് എഴുതി. (4)

എന്നാൽ ഫാദർ റോസു് അങ്കമാലിലേക്കു നിയമിക്കപ്പെട്ടതോടെ, 1599 ഡിസംബർ 21_ൽ അങ്കമാലി അതിമെത്രാസനം ഒരു വെറും മെത്രാസനമായി ഗോവമെത്രാപ്പോലീത്തായുടെ കീഴാക്കപ്പെടുകയും 1600 ആഗസ്റ്റ് 4_ൽ പോർട്ടുഗീസുരാജാവിന്റെ സംരക്ഷണം അതിന്റെ മേൽ സ്ഥാപിക്കപ്പെടുകയും ചെയ്തു. (4b) 1601_ൽ ഗോവയിൽവച്ചു് ഫാദർ റോസു് മെനേസിസിനാൽ അഭിഷേചിക്കപ്പെട്ടു. (5) പോർട്ടുഗീ

3) Relation of Card. Gesuald in the Consistory—Beltrami o, c. p. 246.

4) Ibid. p. 132.

4b) ആകയാൽ ഈ തീയതിക്കു മുമ്പു് ഗോവമെത്രാപ്പോലീത്തായിക്കും പോർട്ടുഗീസുരാജാവിനും സുറിയാനിസഭമേൽ അവർ ആഗ്രഹിക്കുകയോ, പ്രസ്താവിക്കുകയോ ചെയ്യുമ്പോലെ പ്രസ്താവകാശങ്ങളോ തദനുസരണമുള്ള അധികാരങ്ങളോ ഇല്ലായിരുന്നു.

5) Heras, The Catholic Leader, June 18, 1934; Beltrami o. c. pp. 132, 133.
ഫാദർ റോസിന്റെ നിയമനം സംബന്ധിച്ചുണ്ടായ കോൺസിസ്റ്റോറിയൽ റിപ്പോർട്ടിൽ, കേരളീയർ അക്രൈസ്തവരുടെ മദ്ധ്യേ നിവസിച്ചിരുന്നിട്ടും അക്രൈസ്തവമായി അവരുടെ വിശ്വാസത്തിൽ യാതൊന്നുമില്ലായിരുന്നു എന്നു കാണുന്നു. അവരുടെ നെസ്തോറിയതത്തെപ്പറ്റിയുള്ള സൂചന ആ റിപ്പോർട്ടിലും ഉണ്ടു്. Beltrami, o. c. pp. 246, 247.

ന്യകാരുടെ അഭിലാഷം മുഴുവനും സാധിച്ചുകഴിഞ്ഞിരിക്കുന്നു! ഓർക്കേണ്ടും പാത്രിയർക്കീസിനു മെനേസിസ് 1597-ൽ എഴുതിയവയെല്ലാം നടന്നു കഴിഞ്ഞിരിക്കുന്നു!

## സുറിയാനിക്കാരുടെ അതൃപ്തി.

അങ്കമാലി തരം താഴ്ത്തപ്പെട്ടതു് സുറിയാനിക്കാർക്കു വലിയ അതൃപ്തിക്കു കാരണമായി. ഈശോസഭാദ്ധ്യക്ഷന്റെ പോർട്ടുഗലിലെ സഹായകനായ ഫാദർ അൽവാരെസിനു് റോസുമെത്രാൻ 1601 ഡിസംബർ 8-ൽ ഇതുസംബന്ധിച്ചു് ഇങ്ങനെ എഴുതി.

“ഈ ഉദ്ദേശ്യത്തോടെ എനിക്കു് അവരോടു് തുറന്നു സംസാരിക്കേണ്ടതായി വന്നു. മാർപ്പാപ്പായാൽ തീരുമാനിക്കപ്പെട്ടതെന്തെന്നു് വിശദീകരിക്കേണ്ടതായും വന്നു. നടന്ന സംഭവം ഞാൻ ഇപ്പോൾ ചെയ്യുന്നപോലെ തെളിവായി അവരുടെ മുമ്പിൽ കൊണ്ടുവരുന്നതിനു മുമ്പു് അവരുടെ മുഖം മാറിയെന്നും ഈ അവസരത്തിൽ നമുക്കു് ഒരു പുതിയ വിഷമത ഉണ്ടാകാറായിരിക്കുന്നു എന്നു് ഞാൻ വിചാരിച്ചു എന്നും ഞാൻ അങ്ങേയോടു ഉറപ്പുപറയുന്നു. അവർ പറഞ്ഞു “ഞങ്ങളുടെ സഭക്കു് എന്നുമുണ്ടായിരുന്ന സ്ഥാനം അതിൽനിന്നു് മാർപ്പാപ്പാ മാററിക്കളയുന്നതിനു് ഞങ്ങളെന്തു കുററം ചെയ്തു? ഞങ്ങൾ ലൗഹിക സിംഹാസനത്തെ അനുസരിക്കുന്നതുകൊണ്ടാണോ ഇതു നടന്നതു്? ഓ! ഇതു ഗോവ മെത്രാപ്പോലീത്തായുടെ പണിയാണെന്നു് ഞങ്ങൾക്കു നല്ലതുപോലെ അറിയാം. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന്റെ സഭയേക്കാൾ ഞങ്ങളുടേതു പുരാതനമാണെങ്കിൽ അദ്ദേഹത്തിനു എങ്ങനെ പ്രിമാത്തുസ് ആകുവാൻ കഴിയും?” ഇതും ഇങ്ങനെയുള്ളവയും ആയ വിമർശനങ്ങൾ അവർ നടത്തി. അവ എഴുതുക വളരെ ദീർഘമായി പോകും. മാർപ്പാപ്പാ ശരിയായി കാര്യം ഗ്രഹിപ്പിക്കപ്പെട്ടിട്ടില്ല, നടന്നതു് അറിയുമ്പോൾ അവരെ തൃപ്തിപ്പെടുത്തും എന്നു പറഞ്ഞല്ലാതെ അവരെ സമാധാനപ്പെടുത്തുവാൻ എനിക്കു വേറെ മാർഗ്ഗമില്ലായിരുന്നു. ഇപ്പോൾ അവർ സമാധാനത്തിലാണു് വർത്തിക്കുന്നതു്. ഇതു് എല്ലാവരോടും പറയരുതെന്നു് ആത്മാർത്ഥമായി ഞാൻ അവരോടു അപേക്ഷിച്ചിട്ടുണ്ടു്.....” (6)

മെനേസിസിനേയോ ഫാദർ റോസിനേയോ മെത്രാനായി കിട്ടണമെന്നു് അപേക്ഷിച്ച സുറിയാനിക്കാർ മെനേസിസിനെപ്പററി പറയുന്നതു എന്താണെന്നു സൂക്ഷിച്ചാലും.

---

(6) La serra, Dec. 8. 1601. (Archiver of the Society of Jesus) The Examiner 1938 march 28 p. 170

സുറിയാനിക്കാരോടു ദയയോടെ വർത്തിക്കേണ്ടതാണെന്നും മാർപ്പാപ്പായെ കാര്യം ധരിപ്പിക്കണമെന്നും മററും റോസുമെത്രാൻ തുടൎന്നെഴുതുന്നു.

## റോമ്മായിലേക്കപേക്ഷ.

അങ്കമാലി അതിമെത്രാസനമാക്കണമെന്നും തദാസ്ഥാനം കൊടുങ്ങല്ലൂരേക്കു മാററണമെന്നും അതു് കൊച്ചീമെത്രാനു് ഇഷ്ടക്കേടുവരുത്തുകയില്ലെന്നും മററും കാണിച്ചു് 1601 ഡിസംബർ 20-ൽ അക്കദിയാക്കോനും ആലോചനക്കാരും (റോസുമെത്രാൻെറ പ്രേരണയോടെ) മാർപ്പാപ്പായിക്കു് ഒരപേക്ഷയയച്ചു. ശീസ്മക്കാരനായ ബാബേൽ പാത്രിയർക്കീസിനെ തങ്ങൾ ഉപേക്ഷിച്ചെന്നും, കത്തോലിക്കാ ഐക്യം പ്രാപിച്ചെന്നും മററും ഈ അപേക്ഷയിലും അവർ പ്രസ്താവിക്കുന്നുണ്ടു്. ഡിസംബർ 7-ൽ അക്കദിയാക്കോൻ തനിച്ചും ഇങ്ങനെയൊരപേക്ഷ അയച്ചിട്ടുണ്ടായിരുന്നു. ഡിസംബർ 23-ൽ അങ്കമാലിയിലെ ജനങ്ങളും ഇങ്ങനെതന്നെ മാർപ്പാപ്പായുടെ പക്കൽ അപേക്ഷ സമർപ്പിച്ചു. പോർട്ടുഗീസുകാരെ ഭയന്നു് മാർ അബ്രാഹം കൊടുങ്ങല്ലൂർനിന്നു് അങ്കമാലിലേക്കു് ആ സ്ഥാനം മാററിയതാണെന്നും, ബാബേൽക്കാരും "റോമ്മായെ അനുസരിക്കാതിരുന്നവരും" ആയ വേറെ ചിലരും മുമ്പു് അങ്ങനെ ചെയ്തിട്ടുണ്ടെന്നും അവർ അതിൽപറയുന്നു. ഇവിടെയെല്ലാം പോർട്ടുഗീസുകാരായ ഈശോസഭക്കാരുടെ പ്രേരണ നാം കാണുന്നുണ്ടു്. അങ്കമാലിൽ അവൎക്കു യാതൊരു ശക്തിയുമില്ലായിരുന്നു. ആകയാൽ പോർട്ടുഗീസുശക്തിയുണ്ടായിരുന്ന കൊടുങ്ങല്ലൂരേക്കു് പോകണമെന്നായിരുന്നു അവരുടെ ആഗ്രഹം. (7)

1604-ൽ ഗീവറുഗീസു് അക്കദിയാക്കോൻ മരിച്ചെന്നും വേറൊരു ഗീവറുഗീസു തൽസ്ഥാനത്തു നിയമിക്കപ്പെട്ടെന്നും ചിലർ പറയുന്നുണ്ടെങ്കിലും സ്വീകാര്യങ്ങളായ പല രേഖകളും മറിച്ചാണു് സാക്ഷ്യം വഹിക്കുന്നതു്.

## അപേക്ഷ സഫലമായി.

സുറിയാനിക്കാരുടെ അപേക്ഷപ്രകാരം 1608 ഡിസംബർ 22-ൽ അങ്കമാലി അതിമെത്രാസനമാക്കപ്പെട്ടു. 1609 ജനുവരി 26-ൽ റോസുമെത്രാപ്പോലീത്തായിക്കു പാല്ലിയം നൽകപ്പെടുകയുണ്ടായി. അതു് അദ്ദേഹത്തെ ധരിപ്പിക്കുവാനുള്ള ബൂളമതി അക്കദിയാക്കോനാണു് നൽ

---

(7) Beltrami o. c. pp. 132, 133, 134, 163, note 110...

കപ്പെട്ടതു്. 1609 ഡിസംബർ 3_ൽ അതിരൂപതയുടെ ആസ്ഥാനം കൊടുങ്ങല്ലൂ മാററപ്പെടുകയും ചെയ്തു. (8)

## വലിയ ഒരു ബഹളം.

കൊടുങ്ങല്ലൂർ കോട്ടയിലെ അധിപനും ഒരു ഈശോസഭാ വൈദികനും തമ്മിൽ രസമില്ലെന്നായി. കൊച്ചീമെത്രാനും ഫ്രാൻസീസ്ക്കൻ വൈദികരും കോട്ടയിലെ അധിപനെ അനുകൂലിക്കയാൽ, കോട്ടയിലെ അധിപൻ കൊച്ചീരൂപതയിലുണ്ടായിരുന്ന ഈശോസഭാംഗങ്ങളെ അവർ നടത്തിയിരുന്ന പള്ളികളിൽനിന്നു് വെളിക്കാക്കി. അതോടെ അങ്കമാലി അതിരൂപതയിലെ ചില പള്ളികളിൽ ഫ്രാൻസിസ്ക്കൻ വൈദികർ പ്രവേശിച്ചു് റോസ്മെത്രാപ്പോലീത്തായുടെ പേരിൽ കൊച്ചി, ആലങ്ങാട്ടു്, പറവൂർ, അങ്കമാലി എന്നീ സ്ഥലങ്ങളിലെ രാജാക്കന്മാരുടെ പക്കൽ കുററാരോപണവും ചെയ്തു. (9)

അങ്കമാലി അതിരൂപതയുടെ ആസ്ഥാനം കൊടുങ്ങല്ലൂരേക്കു മാററപ്പെട്ടതു് കൊച്ചീമെത്രാനു് ഒട്ടും ഇഷ്ടപ്പെട്ടില്ല. അദ്ദേഹം സൈന്യബലത്തോടെ റോസുമെത്രാപ്പോലീത്തായുടെ കീഴായിരുന്ന പള്ളിപ്പുറത്തുപള്ളിയിൽ (ചേന്നമംഗലത്തോടുത്തുള്ള പള്ളിപ്പുറം) 1610 മേയ് 7_ാംനു- രാത്രിയിൽ പ്രവേശിച്ചു് അവിടെ ഒരു ഫ്രാൻസിസ്ക്കനെ വികാരിയാക്കുകയും, ഈശോസഭക്കാർക്കു അവിടെയുണ്ടായിരുന്ന ഭവനം നശിപ്പിക്കുകയും, കൊടുങ്ങല്ലൂരെ ഈശോസഭക്കാരുടെ വിദ്യാലയം വകയായി അവിടെയുണ്ടായിരുന്ന ഒരു സ്ഥലവും തെങ്ങിൻതോട്ടവും കരസ്ഥമാക്കുകയും ചെയ്തു. (10) ഇതിനും പുറമെ കൊച്ചിയിലെ

---

(8) Ibid p. 133, note 103; p.137

(9) Bp. Roz to Fr. Alvarez, Vaipikotta, Nov. 15, 1607. Archives of the S-J).

(10) Bishop, Roz to Card Bellarmine, Vaipikotta, Nov. 18, 1610...(Archivs of S-J.

(പള്ളിപ്പുറത്തു് ഈശോസഭക്കാർക്കു് ഒരു ഭവനം (Residence) അന്നുണ്ടായിരുന്നെന്നു് ഇതിൽനിന്നു വിശദമാകുന്നു. ചേന്നമംഗലത്തുള്ള വൈപ്പിക്കോട്ട സെമ്മിനാരി ഇതിൽനിന്നു വ്യത്യസ്തമാണെന്നു് അന്നത്തെ പല രേഖകളും വിളിച്ചുപറയുന്നുണ്ടു്. അന്നും ഒരു സെമ്മിനാരിയുണ്ടായിരുന്നു ആ സെമ്മിനാരി ആദ്യം പള്ളിപ്പുറത്തായിരുന്നെന്നും ഡച്ചുകാരുടെ ശല്യംനിമിത്തം ചേന്നമംഗലത്തേക്കു മാററിയതാണെന്നും, ആകയാൽ വൈപ്പിക്കോട്ട സെമ്മിനാരിയുടെ ആരംഭം ഇന്നൊരു ലത്തീൻപള്ളിയുടെ ആസ്ഥാനമായ പ്രസ്തുത പള്ളിപ്പുറത്താണെന്നും ചിലർ പറയുന്നതു സ്വീകാര്യമല്ല.)

ചില വൈദികരും ഫ്രാൻസിസ്കൻകാരിൽ ചിലരും അർക്കദിയാക്കോനെ കൊച്ചിമെത്രാന്റെ പാർശ്വവർത്തിയാക്കി. (11) ആർക്കദിയാക്കോൻ റോസുമെത്രാപ്പോലീത്തായോടു പരസ്യമായി എതിർത്തുകൊണ്ടു് ആലങ്ങാട്ടു താമസിച്ചിരുന്നു. കൊച്ചീമെത്രാൻ ആലങ്ങാട്ടു രാജാവിന്റെ പക്കൽ "കേരളത്തിലെ ക്രിസ്ത്യാനികളുടെ സമാധാനം അദ്ദേഹത്തെ ആശ്രയിച്ചിരിക്കുന്നു" എന്നു പറഞ്ഞു അർക്കദിയാക്കോനെ ശുപാർശ ചെയ്തു. (12)

സ്ഥിതിഗതികളറിവാൻ ഗോവയിലെ വിശ്വാസപരിശോധനസംഘം കേരളത്തിലേക്കയച്ച അഗുസ്തീനിയൻ സന്യാസവൈദികൻ തന്റെ രൂപതയിൽ കടന്നുകൂടെന്നു കൊച്ചീമെത്രാൻ സഭാശിക്ഷകൾ നല്കി കൊണ്ടു് ഒരു കല്പന പുറപ്പെടുവിച്ചു. റോസുമെത്രാനുമായുണ്ടായിരുന്ന എഴുത്തുകുത്തുകൾ മൂലം അർക്കദിയാക്കോന്റെ സ്ഥിതി ഗ്രഹിച്ചിരുന്ന അഗുസ്തീനിയൻ മഠാധിപൻ ആ സന്യാസവൈദികനെ ഉടനെ തിരിച്ചു വിളിക്കയാണു് ചെയ്തതു്. (13) അർക്കദിയാക്കോന്റെ മത്സരം നിമിത്തം റോസു മെത്രാപ്പോലീത്താ അദ്ദേഹത്തെ മഹറോൻ ചൊല്ലി. അർക്കദിയാക്കോനെ അനുഗമിക്കുവാൻ അധികമാരുമില്ലായിരുന്നു. (14) നാട്ടുരാജാക്കന്മാർ അർക്കദിയാക്കോനെ അനുഗമിക്കുവാൻ ക്രിസ്ത്യാനികളെ നിർബന്ധിച്ചെങ്കിലും അവർ അങ്ങനെ ചെയ്തില്ല. തന്നിമിത്തം പലർക്കും വസ്തുനാശംപോലും സംഭവിച്ചു. ചിലർ സ്വദേശം വിടേണ്ടതായും വന്നു. ഇതേപ്പറ്റി റോസുമെത്രാൻ ഇങ്ങനെ പറയുന്നു. "ഈ പീഡനത്തിൽ കേരളത്തിലെ ക്രിസ്ത്യാനികളുടെ വ്യാപാരം വീരപരമായിരുന്നു. മഹറോൻ ചൊല്ലപ്പെട്ട അർക്കദിയാക്കോനോടു സംസർഗ്ഗം ചെയ്യുവാൻ അക്രൈസ്തവരാജാക്കന്മാരാൽ നിർബന്ധിക്കപ്പെട്ടപ്പോൾ, അദ്ദേഹത്തിന്റെ മുഖം കാണുന്നതിനേക്കാൾ സ്വന്തം വസ്തുക്കൾ നഷ്ടപ്പെടുത്തുന്നതിനു് അവർ തീരുമാനിച്ചു. പലരും മരണാപകടത്തിലാക

---

(11) Bp. Roz to Fr. Alvarez, Vaipikotta Nov. 15, 1607.
(12) An account of the state of the Arch bishopric of Cranganor in 1609 (Archivs of S-J.)
13) Ibid.
14) Bp. Roz to Card. Bellarmine (above) ; Bp. Roz to Fr Aquaviva General S. J., La Serra, Jan. 23, 1611. (Archives S. J.) ; Brief Account of the Christianity of Serra, of its beginnings, of its progress, of its differences up to the present in the year 1654 addressed to the king (Ibid)

കയും സ്വന്തം നാട്ടിൽ നിന്നു പുറത്താക്കപ്പെടുകയും ചെയ്തു" (14b) അൎക്കിദിയാക്കോൻ നെസ്തോറിയൻ മനഃസ്ഥിതിയിൽ വളൎത്തപ്പെട്ടവനായിരുന്നു എന്നാണു് റോസുമെത്രാൻ ഈ എഴുത്തിൽ പറയുന്നതു്. നസ്രാണികളുടെ കത്തോലിക്കാ മനഃസ്ഥിതി എത്ര സ്പഷ്ടമായി ഇവിടെ പ്രത്യക്ഷപ്പെടുന്നു എന്നു സൂക്ഷിച്ചാലും!

സംഗതികൾ റോമ്മായിലറിഞ്ഞതോടെ അവ മുഖാന്തിരം താൻ വളരെ വ്യസനിക്കുന്നെന്നും സഹോദരന്മാരായ മെത്രാന്മാർ അവകാശപാലനത്തിനു് ആയുധമെടുക്കേണ്ടതല്ലെന്നും മാൎപ്പാപ്പാ കൊച്ചീമെത്രാനെഴുതി "We were deeply pained to hear that such differences have arisen between thy Fraternity and the venerable brother the Bishop of Angamali, that even thou hadst had recourse to arms....It is but just to defend the rights of one's Church, but to use arms and force for this purpose against a brother and fellow bishop is unbecoming" (15)

അധികം കഴിയുന്നതിനു മുമ്പു് അൎക്കിദിയാക്കോൻ റോസുമെത്രാപ്പോലീത്തായുമായി രമ്യപ്പെട്ടു. വൈപ്പിക്കോട്ടു വച്ചു് മഹറോനിൽ നിന്നു് അദ്ദേഹം വിമോചിക്കപ്പെടുകയും ചെയ്തു. വീണ്ടും അവർ തമ്മിൽ രസക്ഷയമുണ്ടായെങ്കിലും വീണ്ടും തമ്മിൽ രമ്യപ്പെട്ടു.

1609 ഡിസംബർ ൩-ൽ അങ്കമാലിയുടെ ആസ്ഥാനം കൊടുങ്ങല്ലൂരേക്കു മാററപ്പെട്ടു. മെനേസീസു മെത്രാപ്പോലീത്തായാണു് ആ സംഗതി ഔദ്യോഗികമായി നടപ്പിൽ വരുത്തിയതു്. (16) കൊച്ചീരൂപതയ്ക്കു് കൊടുങ്ങല്ലൂരും മറെറ സ്ഥലങ്ങളും ഇതോടു നഷ്ടപ്പെടുകയാൽ പോർട്ടുഗൽരാജാവു മുഖേന കൊച്ചീമെത്രാൻ തന്റെ സ്ഥലങ്ങൾ തിരിച്ചെടുക്കുവാൻ വലിയ ശ്രമങ്ങൾ നടത്തി! 1619 ഫെബ്രു. 14-ൽ കൊച്ചിമെത്രാൻ രാജാവിനെഴുതിയ എഴുത്തു ഇതിനു സാക്ഷ്യം വഹിക്കുന്നു. (17)

---

14b) Bp. Roz to Card. Bellarmine, 10 Nov. 1610.

15) Beltrami. o. c. p. 272. പള്ളിപ്പുറത്തെ ലഹളക്കു മുമ്പാണു് ഇതെഴുതിയതു് (Sep. 20, 1608)

16) Bullarium Patronatus Portugalliae II. 10-11.

17) Archives S. J.

## മെത്രാപ്പോലീത്തായും അർക്കദിയാക്കോനും.

റോസ് മെത്രാപ്പോലീത്തായും അർക്കദിയാക്കോനും തമ്മിൽ ശത്രുതയുണ്ടായിരുന്നു എന്നു നാം കണ്ടല്ലൊ. ഉദയമ്പേരൂർ സൂനഹദോസിന്റെ നിയമങ്ങൾ നടപ്പിലാക്കുന്നതിലും, ലത്തീൻ ക്രമങ്ങളെല്ലാം സുറിയാനിയിലേക്കു വിവർത്തനം ചെയ്യുന്നതിലും റോസ് മെത്രാപ്പോലീത്താ ബദ്ധശ്രദ്ധനായിരുന്നു. ലത്തീൻകാനൻ നിയമമനുസരിച്ചുള്ള ഭരണം പുരാതനമായി അർക്കദിയാക്കോൻ നടത്തിയിരുന്ന അധികാരങ്ങൾക്കു വിഘാതമായിരുന്നു എന്നു പറയേണ്ടതില്ലല്ലൊ ഇവയെല്ലാത്തിനും പുറമെ മേൽപ്രസ്താവിച്ച സംഭവങ്ങളും കേരളത്തിലുണ്ടായി.

1608_ൽ ലിസ്ബണിൽ താമസിച്ചിരുന്ന മാർപ്പാപ്പായുടെ പ്രതിപുരുഷന്റെ (Papal Nuncio) പേർക്കു കേരളത്തിലെ സ്ഥിതി സംബന്ധിച്ചു അർക്കദിയാക്കോൻ ഒരു ലേഖനമയച്ചു. അന്നു നടന്നിരുന്ന സംഗതികളെല്ലാം സുറിയാനിക്കാർക്കു പൊതുവെ ഈശോസഭാംഗങ്ങളുടെ നേരെ വലിയ ശത്രുതക്കു കാരണമായി ഭവിച്ചു. ഇതരസന്യാസസഭാംഗങ്ങൾ സുറിയാനിക്കാരോടു അനുഭാവമുള്ളവരായിട്ടത്രെ കാണപ്പെട്ടതു. ഈശോസഭക്കാർ കേരളം വിടുന്നതു നന്നായിരിക്കുമെന്നു കൂടി റോസ്മെത്രാപ്പോലീത്താ തദവസരത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ടു. (13)

1618_ൽ റോസ്മെത്രാപ്പോലീത്താ സ്ഥലത്തില്ലായിരുന്നപ്പോൾ അതിരൂപതാഭരണം അദ്ദേഹം വൈപ്പിക്കോട്ടുസെമിനാരിയുടെ അധിപനെയാണു ഏല്പിച്ചതു. ഇതും അർക്കദിയാക്കോന്റെ വിദ്വേഷത്തെ വർദ്ധിപ്പിച്ചതേയുള്ളു എന്നാൽ സുറിയാനിക്കാരുടെ തൃപ്തി സമ്പാദിക്കുവാൻ തന്റെ മരണാവസരത്തിൽ റോസ്മെത്രാപ്പോലീത്താ അർക്കദിയാക്കോനെ തന്നെ അതിരൂപതാഭരണം ഏല്പിച്ചു. (14) പക്ഷെ അതുകൊണ്ടൊന്നും ക്ഷോഭങ്ങൾക്കു ശമനമുണ്ടായില്ല.

1624_ൽ റോസ്മെത്രാപ്പോലീത്താ മരണംപ്രാപിച്ചു. അദ്ദേഹം കേരളത്തിനു പല നന്മകളും ചെയ്തിട്ടുണ്ടെന്നു നന്ദിപൂർവ്വം സ്മരിക്കേണ്ടതാണു.

അർക്കദിയാക്കോനുമായുണ്ടായ വഴക്കുകളുടെ കാലത്തു റോസ്മെത്രാപ്പോലീത്താ സൈന്യബലം പ്രയോഗിച്ചതിനാൽ അദ്ദേഹവും ഇ

---

13) Castets, S. J. The Examiner. 1922.
14) മാർത്തോമ്മാക്രിസ്ത്യാനികൾ, II. pp. 63—64.

ശോസഭക്കാരും പൊതുവേ സുറിയാനിക്കാരുടെ വിദ്വേഷത്തിനു പാത്രീഭവിച്ചു. എന്നാൽ ഈശോസഭക്കാരിൽ ചിലർ ഈ വിഷയത്തിൽ റോസുമെത്രാപ്പോലീത്തായുടെ പ്രവൃത്തിയെ അനാദരിച്ചിരുന്നു എന്നും പ്രസ്താവ്യമാണ്. (14 b) നേരിട്ടും ഈശോസഭയിൽപെട്ട വൈദികർ വഴിയായും സുറിയാനിപ്പള്ളികൾ സന്ദർശിച്ചുകൊണ്ട് റോസുമെത്രാപ്പോലീത്താ കേരളത്തിനു പല നന്മകളും ചെയ്തിട്ടുണ്ട്. അങ്കമാലിൽ നടത്തിയ ഒരു സുനഹദോസിൽവച്ചു കേരളീയസഭയുടെ അഭിവൃദ്ധിയ്ക്കായി പല നിശ്ചയങ്ങളും അദ്ദേഹം ഏർപ്പെടുത്തി. സുറിയാനിക്കാരായ വൈദികരെ ഉദ്ദേശിച്ച് ഇടപ്പള്ളിൽ ഒരു സന്യാസസമൂഹത്തെയും (Racolta) അദ്ദേഹം സ്ഥാപിച്ചു. എന്നാൽ ഈ സമൂഹം വേഗത്തിൽ നാമാവശേഷമായിത്തീർന്നു. (16 b)

1615 ഡിസംബർ 27-ൽ റോസുമെത്രാപ്പോലീത്താ ഈശോസഭാധ്യക്ഷനെഴുതിയ ഒരെഴുത്തിൽ തന്റെ പിൻഗാമി ഈശോസഭാംഗം തന്നെ ആയിരിക്കണമെന്നും എസ്തപ്പാനോസു ബ്രിട്ടോ അതിന് ഏറ്റം യോഗ്യനാണെന്നും കാണുന്നു. ക്ഷമാശീലനായിരുന്ന ബ്രിട്ടോ സുറിയാനിക്കാരുടെ പ്രീതിക്കു പാത്രീഭവിച്ചിരുന്നെന്നാണ് അദ്ദേഹം പറയുന്നത്. സുറിയാനി പരിചയമില്ലെന്നു മാത്രമാണ് അദ്ദേഹത്തിന്റെ കുറവ്. റോസുമെത്രാപ്പോലീത്താ ചില അവസരങ്ങളിൽ സുറിയാനിയിൽ കുർബാന ചൊല്ലിയിരുന്നു. അതുപോലെ അദ്ദേഹത്തിന്റെ പിൻഗാമികളും ചെയ്യേണ്ടതായിരുന്നല്ലോ.

മെനേസീസ് അദ്ദേഹത്തിന്റെ സഭാംഗമായ ഒരു അഗുസ്തീനിയനെ അങ്കമാലിമെത്രാപ്പോലീത്താ ആക്കുവാൻ ശ്രമിക്കുമെന്നും അഗുസ്തീനിയൻ സന്യാസികൾ പഠിപ്പില്ലാത്തവരാകയാൽ അവരിൽ ഒരാൾ മെത്രാപ്പോലീത്താ ആയാൽ അതു സുറിയാനിക്കാർക്കു നാശകരമാണെന്നും റോസുമെത്രാപ്പോലീത്താ പ്രസ്തുത ലേഖനത്തിൽ തുറന്നുപറയുന്നുണ്ട്. ആകയാൽ തന്റെ മരണത്തിനു മുമ്പുതന്നെ പിൻഗാമി അഭിഷേചിക്കപ്പെടണമെന്നുകൂടി അദ്ദേഹം ആ എഴുത്തിൽ എഴുതി. (15) 1619 നവംബർ 21-ൽ എഴുതിയ വേറൊരെഴുത്തിൽ ബ്രിട്ടോയോടു സുറിയാനി പഠിക്കുവാൻ ഈശോസഭാധ്യക്ഷൻ ആവശ്യപ്പെടണമെന്ന് റോസുമെത്രാപ്പോലീത്താ പ്രസ്താവിച്ചിരിക്കുന്നു. (16)

---

14 b. cf. Ferroli s-j. op. c. pp. 304—307.
15 Roz to General s. j. Serra, Dec. 27, 1615 (Archives, s. j.)
16 Roz to General s. j. Serra, Nov. 21, 1619 (Archives s. j.)
16 b. Ferroli o. c. passim.

എസ്തപ്പാനോസ് ബ്രിട്ടോ.

റോസ്മെത്രാപ്പോലീത്തായുടെ പിൻഗാമിയായി ഈറാനീമോസ് ക്ഷേവ്യർ എന്നൊരാൾ നിയമിതനായി. (17) എന്നാൽ നിയമനം കഴിഞ്ഞുടനെ അദ്ദേഹം മരിക്കനിമിത്തം എസ്തപ്പാനോസ് ബ്രിട്ടോ തന്നെ തൽസ്ഥാനത്തുയർത്തപ്പെട്ടു. ഇതു് 1624-ൽ സംഭവിച്ചു.

ദൊനാത്തോ.

അക്കദിയാക്കോനും പുതിയ മെത്രാപ്പോലീത്തായും രമ്യതയിലല്ല കഴിച്ചുകൂട്ടിയതു്. 1628-ജനുവരി 1-ൽ ലിസ്ബണിൽ താമസിച്ചിരുന്ന മാർപ്പാപ്പായുടെ പ്രതിപുരുഷനെ അക്കദിയാക്കോൻ രണ്ടാമതും തന്റെ സങ്കടങ്ങൾ ബോധിപ്പിച്ചു. 20 കൊല്ലം മുമ്പു് താനയച്ച സങ്കടത്തിനു് ഒരു സമാധാനവും ലഭിച്ചില്ലെന്നും ഈശോസഭക്കാർ ഇതരസന്യാസസഭാംഗങ്ങളുടെ സഹകരണം പരിത്യജിക്കുന്നെന്നും, അവർ ഒരു വേദസാക്ഷിയെയെങ്കിലും തങ്ങളിൽനിന്നു എടുത്തുകാട്ടുവാനോ അക്രൈസ്തവരെ മാനസാന്തരപ്പെടുത്തുവാനോ ശക്തരല്ലെന്നും അക്കദിയാക്കോൻ ആ ലേഖനത്തിൽ പ്രസ്താവിക്കുന്നു. മററു സന്യാസസഭാംഗങ്ങൾ അങ്കമാലിൽ പ്രവേശിച്ചു വേലചെയ്യുവാൻ അനുവദിക്കേണ്ടതാണെന്നും ഈശോസഭാംഗമല്ലാത്ത ഒരാൾ ബ്രിട്ടോമെത്രാന്റെ സഹായകനായി അഭിഷേചനം ചെയ്യപ്പെടണമെന്നും അദ്ദേഹം ആ ലേഖനത്തിൽ എടുത്തുപറയുന്നുണ്ടു്. കടുത്തുരുത്തിലെ ഡൊമിനിക്കൻ സഭാംഗമായ ഫ്രാൻസീസ് ദൊനാത്തോയെ സഹായമെത്രാനാക്കണമെന്നായിരുന്നു അക്കദിയാക്കോന്റെ അപേക്ഷ. നാട്ടുകാർ കൂടുതലായി വൈദിക പദത്തിലേക്കു് ഉയർത്തപ്പെടേണ്ടതാണെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കാതിരുന്നില്ല (18) ഫ്രാൻസിസ ദൊനാത്തോ ഇൻഡ്യനായ ഒരു സുറിയാനിക്കാരനായിരുന്നു എന്നു ചിലർ പറയുന്നു. 19) ഇതു ശരിയാണെന്നു തോന്നുന്നില്ല. 19 b)

---

17 Assemani, B. O. III. 2. p. 440-441.
(18) Mackenzie o. c. p. 25.
(19) Heras, s. j. The Examiner, 1938. Apail, 9, p. 207.
19 b) 1628-നു മുമ്പു് ഡൊമിനിക്കൻകാർ കടുത്തുരുത്തിയിൽ അവരുടെ ആസ്ഥാനം ഉറപ്പിച്ചു. അവർ അക്കദിയാക്കോനെ അനുകൂലിച്ചിരുന്നു. ഈശോസഭക്കാരുടെ ശ്രമം അവരെ കേരളത്തിൽനിന്നു മാററുന്നതിനായിരുന്നു. അവർ നിയമവിരുദ്ധമായി കേരളത്തിൽ പ്രവേശിച്ചു എന്നായിരുന്നു ഈശോസഭക്കാരുടെയും ബ്രിട്ടോ മെത്രാപ്പോലീത്തായുടെയും വാദം. Ferroli, op. c. p. 363.

1630 ജൂൺ 8_ൽ ഈ ലേഖനം മാർപ്പാപ്പായുടെ പ്രതിപുരുഷൻ റോമ്മായിലേക്ക് അയച്ചുകൊടുത്തു. അക്കദിയാക്കോൻ വളരെ സ്വാധീനശക്തിയുള്ളവനാണെന്നും, സുറിയാക്കാർക്ക് ഈശോസഭക്കാരോടും പോർട്ടുഗീസുകാരോടും വിദ്വേഷമുണ്ടെന്നും, ഈശോസഭക്കാർ മററു സന്യാസികളെ ഒഴിച്ചുനിറുത്തിയിരുന്നെന്നും, ഫ്രാൻസീസു ഡൊനാത്തോ മെത്രാൻപദത്തിനു യോഗ്യനാണെന്നും പ്രസ്തുത പ്രതിനിധി റോമ്മായിൽ അറിവുകൊടുത്തു. അപ്രകാരം ഫ്രാൻസീസു ഡൊനാത്തോ മെത്രാനായി നിയമിക്കപ്പെട്ടു. പക്ഷേ റോമ്മായിക്കുള്ള യാത്രയിൽ അദ്ദേഹം കടൽക്കള്ളന്മാരുടെ കൈയിൽ അകപ്പെട്ടു കൊല്ലപ്പെടുകയാൽ അതിരൂപതയിൽ പ്രവേശിച്ചില്ല. (20)

വീണ്ടും അതൃപ്തി.

അക്കദിയാക്കോനും വൈദികരും ഇടപ്പള്ളിൽ സമ്മേളിച്ചുകൊണ്ട് 1632_ഡിസംബർ 19_ൽ പോർട്ടുഗൽ രാജാവിനെ തങ്ങളുടെ സങ്കടങ്ങൾ എഴുതിയറിയിച്ചു. ബ്രിട്ടോമെത്രാപ്പോലീത്തായിക്കു സുറിയാനി പരിചയമില്ലായിരുന്നതിനാൽ റീത്തിൽ പല പിശകുകളും വന്നിട്ടുണ്ട്; സുറിയാനിറീത്തു പരിചയമുള്ള മെത്രാന്മാരാൽ ഭരിക്കപ്പെടണമെന്നായിരുന്നു ഉദയംപേരൂർ സൂനഹദോസിൽവച്ചു തങ്ങൾക്കുണ്ടായിരുന്ന അപേക്ഷ; തങ്ങൾക്കിഷ്ടമുള്ള സ്ഥലങ്ങളിലല്ലാതെ ഈശോസഭക്കാർ സുറിയാനി പഠിപ്പിച്ചിരുന്നില്ല; പോർട്ടുഗൽ രാജാവു് അയച്ചിരുന്ന കർബാനധർമ്മം മുഴുവനും ഈശോസഭക്കാർ നാട്ടുകാരായ വൈദികർക്കു കൊടുത്തിരു

(20) Heras s. j. the Examiner Ibid; The Catholic Leader, June, 18, 1934, p. 561.

ന്നില്ല; (21) അക്കദിയാക്കോനോട്ട് ആലോചിക്കാതെ ബ്രിട്ടോമെത്രാപ്പോലീത്താ പള്ളികളിലേക്കു വികാരിമാരെ നിയമിച്ചിരുന്നു എന്നിവയായിരുന്നു ആ എഴുത്തിലെ ഉള്ളടക്കം. മാർ അബ്രാഹത്തിന്റെ ഗുണവിശേഷങ്ങളെപ്പററിയും അതിന്റെ ആരംഭത്തിൽ അവർ പ്രസ്താവിച്ചിട്ടുണ്ട്. (22)

വികാരിമാരെ നിശ്ചയിക്കുക, പട്ടത്തിനുള്ള ആളുകളെ തിരഞ്ഞെടുക്കുക ആദിയായ പലതും തന്റെ ഉദ്യോഗത്തിൽ പെട്ടതായിരുന്നു എന്നു അക്കദിയാക്കോൻ വാദിച്ചിരുന്നു. അക്കദിയാക്കോന്റെ സമ്മതം കൂടാതെ താൻ ഏതെങ്കിലും വികാരിയെ നിയമിക്കുകയോ മാററുകയോ മുടക്കുകയോ ആരെയെങ്കിലും മഹറോൻ ചൊല്ലുകയോ, മഹറോനിൽനിന്നു വിമോചിക്കയോ ചെയ്യുന്നതല്ലെന്നു് ബ്രിട്ടോമെത്രാപ്പോലീത്താ തദവസരത്തിൽ പ്രസ്താവിച്ചതായി ചില രേഖകളിൽ കാണുന്നു. (23)

1636_നും 1637_നും മദ്ധ്യേ ഇൻഡ്യാ സന്ദർശിച്ച കർമ്മലീത്താ സഭാദ്ധ്യക്ഷൻ കേരളത്തിലെ കുഴപ്പങ്ങളെപ്പററി ചിലതെല്ലാം പ്രസ്താവിക്കുന്നുണ്ട്. ഈശോസഭക്കാർ ലത്തീൻക്രമങ്ങളോടു യോജിക്കാതിരുന്നവയെല്ലാം നീക്കികളകയും പാട്ടുപോലെ ലത്തീൻ ക്രമങ്ങൾ പള്ളികളിൽ നടത്തുകയും (ഇതു സുറിയാനിഭാഷയിലായിരിക്കണം) ചെയ്തിരുന്നതിനാൽ വൈദികരുടേയും ജനങ്ങളുടേയും ഇടയിലുണ്ടായിരുന്ന

---

21) 18_ാം ശതാബ്ദത്തിന്റെ അവസാനത്തോടെ പൌളീനോസു എന്ന കർമ്മലീത്താ മിഷ്യനറി റോമ്മായിൽ സമർപ്പിച്ച ഒരു റിപ്പോർട്ടിൽ, കൂനൻകുരിശുസത്യത്തിന്റെ ഒരു കാരണമായി പറയുന്നതു് സെമ്മിനാരിക്കായി പോർട്ടുഗൽരാജാക്കന്മാർ കൊടുത്തിരുന്ന പണം അതിനു കൊടുക്കുകയോ ശരിയായി വിനിയോഗിക്കയോ ചെയ്യാതിരുന്നു എന്നുള്ളതാണ്.—Scimus maxime illud schisma inter Thomaeos Christianos quod hodie perdurat ideo cumprimis anno 1653 exortum fuisse plusquam quinquaginta millia Christianorum Syro-Chaldaeorum a Garzia Archiepiscopo Cranganorensi defecisse, quia subsidia a Regibus portugallae tunc seminario dari solita aut non submittebantur aut male administrabantur"- Archives S. Congr. P. F-Acta s. c. a. 1790, Vol. 160, fol. 327-339 (13 ff., 27: 19, 5 cm.)—
Analecta O. C. D. 1937, Oct-Dec. p. 273.

22) Raulin o. c. p. 70-71.

23) The Catholic Register Oct. 1934, p. 12.

മത്സരബുദ്ധിക്കു് അവർ കാരണക്കാരായിത്തീൎന്നു എന്നാണു് അദ്ദേഹം സാക്ഷിച്ചിരിക്കുന്നതു്. (24) ഇന്നു കേരളത്തിലുപയോഗിക്കുന്ന കൽദായ സുറിയാനി റീത്തിന്റെ പ്രകൃതി ഈ സാക്ഷ്യത്തെ ബലപ്പെടുത്തുകതന്നെ ചെയ്യുന്നു. ഒരു റീത്തിന്റെ പ്രത്യേകത ഭാഷയിൽ മാത്രമാണെന്നുള്ള ധാരണയോടെ അന്നുള്ളവർ പ്രവൎത്തിച്ചിരുന്നു എന്നു് ഇന്നത്തെ കേരളീയ കൽദായ റീത്തു വെളിപ്പെടുത്തുന്നുണ്ടു്. പട്ടക്കാരുടെ മത്സരം നിമിത്തം കുർബാനയും, കാനോൻ ജപത്തിലെയും മരിച്ചവരുടെ "ഒപ്പീസി"ലേയും ചില ഭാഗങ്ങളും പഴയപടി ഇപ്പോഴുണ്ടു്. ഇപ്പോഴും കേരളത്തിലുള്ള കൽദായ സുറിയാനി റീത്തു് അംഗഭംഗം ഭവിച്ച ഒരു കോവർകഴുതയ്ക്കു സദൃശ്യമാണു്!

ഗീവറുഗീസു അക്കിദിയാക്കോൻ മരിക്കയും തൽസ്ഥാനത്തു് തോമ്മാ അക്കിദിയാക്കോൻ തിരിഞ്ഞെടുക്കപ്പെടുകയും ചെയ്തു (1637?)

## ഫ്രാൻസീസ് ഗാർഷ്യാ.

ബ്രിട്ടോ മെത്രാപ്പോലീത്താ 1641-ൽ മരണംപ്രാപിച്ചു. ദൊനാത്തോയെപ്പോലെ ഒരാളെ മെത്രാനായി കിട്ടുമെന്നായിരുന്നു സുറിയാനിക്കാരുടെ പ്രതീക്ഷ. എന്നാൽ ഈശോ സഭാംഗമായ ഫ്റാൻസീസ് ഗാർഷ്യാ ആയിരുന്നു ബ്രിട്ടോയുടെ പിൻഗാമി. കുറെക്കാലത്തേക്കു് പുതിയ മെത്രാപ്പോലീത്തായും പുതിയ അക്കിദിയാക്കോനും സമാധാനത്തിൽ വൎത്തിച്ചു. മെത്രാപ്പോലീത്തായിക്കു സുറിയാനിയും മലയാളവും നന്നായിട്ടു് അറിയാമായിരുന്നു. (25)

1653-നു കുറെ മുമ്പു് ഡോം പിലിപ്പു് മസ്ക്കരേഞ്ഞാസ് എന്ന പോർട്ടുഗീസു വൈസ്രോയി കൊച്ചി സന്ദർശിച്ച അവസരത്തിൽ തങ്ങളുടെ സങ്കടങ്ങളെല്ലാം അദ്ദേഹത്തെ ബോധിപ്പിക്കണമെന്നു കരുതി അക്കിദിയാക്കോൻ കൊച്ചിയിലെത്തി. കൊച്ചീമെത്രാനും, ഗാർഷ്യാ മെത്രാപ്പോലീത്തായും ഈശോസഭക്കാരായ കുറെ വൈദികരും വൈസ്രോയിയുടെ കല്പനപ്രകാരം കൊച്ചിയിലേ സമ്മേളനത്തിൽ പങ്കെടുത്തു. എന്നാൽ ഒന്നാം യോഗത്തിൽ വച്ചുതന്നെ കൊച്ചീമെത്രാൻ അക്കിദിയാക്കോന്റെ വാദങ്ങളെ എതിൎത്തു് അവ മെത്രാപ്പോലീത്തായുടെ അവകാശങ്ങൾക്കു വിരുദ്ധമാണെന്നു പ്രസംഗിച്ചു. തന്നിമിത്തം തുടൎന്നുണ്ടായ യോഗങ്ങളിൽ അക്കിദിയാക്കോൻ സംബന്ധിക്കപോലും

---

24) Hough II. pp. 294-295. who quotes Vincent Maria: La Croze, p. 338.
25) Heras, S. J. The Examinrer, 1938. April 9. p. 207.

ചെയ്തില്ല. എന്നാൽ അർക്കദിയാക്കോൻ ആവശ്യപ്പെട്ടവയെല്ലാം ഗാർഷ്യാ മെത്രാപ്പോലീത്താ സമ്മതിച്ചുകൊടുത്തു എന്നു് ചില രേഖകളിൽ കാണുന്നു. അതിരൂപതാഭരണം സംബന്ധിച്ചു് പ്രധാന സംഗതികളിൽ മെത്രാപ്പോലീത്താ അർക്കദിയാക്കോനോടു് ആലോചന ചോദിക്കുന്നതാണു് എന്നായിരുന്നത്രെ മെത്രാപ്പോലീത്തായുടെ ഉടമ്പടിയിലെ ഒരു പ്രധാന സംഗതി. (26)

## അർക്കദിയാക്കോൻ കാലുമാററികുത്തുന്നു.

കൊച്ചിസമ്മേളനത്തിന്റെ ഫലമായി തന്റെ സമ്മതം കൂടാതെ മെത്രാപ്പോലീത്തായിക്കു യാതൊന്നും ചെയ്യുവാൻ പാടില്ല എന്നു് അർക്കദിയാക്കോൻ പറഞ്ഞു നടത്തിയത്രെ. അതോടെ അദ്ദേഹം ഉൾനാട്ടിലേക്കു കടന്നു് മെത്രാപ്പോലീത്തായെ സമീപിക്കാതെ നിന്നു. (27) തന്നേയുമല്ല. ഉദയംപേരൂർ വച്ചു് സുറിയാനിക്കാർ റോമ്മാസഭയ്ക്കു കീഴ്പട്ടതു് ചില ആനുകൂല്യങ്ങളെ പ്രതീക്ഷിച്ചാണെന്നും അവയൊന്നും ലഭിക്കുന്നില്ലെന്നും ധ്വനിപ്പിച്ചുകൊണ്ടു് (?) (27b) ബ്രിട്ടോ മെത്രാപ്പോലീത്തായുടെ ഉടമ്പടിക്കു വിരോധമായി ഗാർഷ്യാ പ്രവർത്തിച്ചെന്നും മററും പറഞ്ഞു അർക്കദിയാക്കോൻ ഈശോസഭക്കാരുടെമേൽ ദ്വേഷം ജനിപ്പിക്കുവാൻ ശ്രമിച്ചു. ഉദയംപേരൂർ വച്ചു് ചില ആനുകൂല്യങ്ങൾ പ്രതീക്ഷിച്ചു ബലം നിമിത്തം റോമ്മാസഭക്കു സുറിയാനിക്കാർ വിധേയരായി എന്നു അർക്കദിയാക്കോൻ പറയുന്നതു് യഥാർത്ഥമല്ലെന്നു് മുമ്പു പ്രസ്താവിച്ച സംഗതികളിൽ നിന്നു വിശദമായിട്ടുണ്ടല്ലോ. തന്റെ നിലയെ സാധൂകരിക്കുവാൻ ചെയ്ത ശ്രമങ്ങളിൽ അയഥാർത്ഥപ്രസ്താവനകൾ ചെയ്യുവാൻ പോലും അർക്കദിയാക്കോൻ മടി കാണിച്ചില്ല! ഈശോസഭക്കാർക്കു വിരോധമായി കടുത്തുരുത്തി രാജാവിനെകൊണ്ടും അർക്ക

---

26) Heras S. J. Ibid.

27) Brief Account of the Christians of La Serra (above)

27b) അർക്കദിയാക്കോൻ സുറിയാനിക്കാർക്കയച്ച ഒരു ഓലയിൽ ഇങ്ങനെ പറയുന്നു: “Dom Frei Alexio, the Archbishop, came from Goa and by force held the council of Diamper and made us promise on oath obedience so the Roman Church. On his part he made us great promises...” Heras S. J. The Malabar Mail July 6, 1938, ഇതിൽ നിന്നു് ഉദയംപേരൂർ വച്ചാണു് സുറിയാനിക്കാർ റോമ്മാ അധികാരം സ്വീകരിച്ചതെന്നു അർക്കദിയാക്കോൻ പ്രസ്താവിക്കുന്നതായി തീർത്തു പറയാവുന്നതല്ല.

ഡിയാക്കോൻ വിളംബരങ്ങൾ പ്രസിദ്ധീകരിപ്പിച്ചു. ജനങ്ങളിൽ ഒരു ഭാഗം അർക്കദിയാക്കോന്റെ കക്ഷിയിൽപെട്ടു. ഗോവയിലെ പോർട്ടുഗീസ് അധികാരികളും അർക്കദിയാക്കോനെ കുറെയെല്ലാം അനുകൂലിക്കുയാണു് ഉണ്ടായതു്. ബ്രിട്ടോ മെത്രാപ്പോലീത്താ ചെയ്ത ഉടമ്പടി ഗാർഷ്യാ ലംഘിച്ചു എന്നായിരുന്നു അർക്കദിയാക്കോന്റെ പ്രധാന വാദം. എന്നാൽ അങ്ങനെയൊരു ഉടമ്പടിയില്ലെന്നായിരുന്നു ഗാർഷ്യായുടെ ധാരണ. അതു കാണിക്കുവാൻ അദ്ദേഹം ആവശ്യപ്പെട്ടപ്പോൾ അർക്കദിയാക്കോൻ പല സൂത്രങ്ങൾ പ്രയോഗിച്ചെങ്കിലും ഒടുവിൽ കള്ളവു വെളിക്കായിപ്പോയെന്നു ചില രേഖകളിൽ കാണുന്നു. ഉടമ്പടി എഴുതിയിരുന്ന ഓല കാണിക്കുവാൻ വെപ്പിക്കോട്ടു ചെല്ലാമെന്നു് അർക്കദിയാക്കോൻ പറയുകയാൽ ഗാർഷ്യാ അവിടെ അദ്ദേഹത്തെ പാർത്തിരുന്നു. അവിടെ ചെന്നപ്പോൾ അതിരുന്ന കൊട്ട താൻ മറന്നുപോയെന്നും, കൊട്ട കൊണ്ടുവന്നപ്പോൾ അതിന്റെ താക്കോലില്ലായിരുന്നെന്നും അർക്കദിയാക്കോൻ പറയുകയുണ്ടായി. താക്കോൽ കൊണ്ടുവന്നു തുറന്നപ്പോൾ ഓലയും കണ്ടില്ല! ഈശോസഭക്കാർ പുരാതന നടപടികൾ ഭേദപ്പെടുത്തിയെന്നും അർക്കദിയാക്കോൻ രാജാക്കന്മാരേയും ജനങ്ങളേയും ക്ഷോഭജനകമായ വിധത്തിൽ ധരിപ്പിച്ചിരുന്നു. (27c)

ഈ അവസരത്തിൽ ഒരു മെത്രാനെ അയച്ചുകൊടുക്കുന്നതിനു് അർക്കദിയാക്കോൻ നെസ്തോറിയൻ, ഈജിപ്റ്റായ, യാക്കോബായ എന്നി പാത്രിയർക്കീസുമാരുടെപക്കു് രഹസ്യകത്തുകൾ അയച്ചു എന്നു് പലരും പറയുന്നു 1653-നു മുമ്പു് അദ്ദേഹം കത്തോലിക്കനായ കൽദായപാത്രിയർക്കീസിനെയല്ലാതെ വേറെ ആരേയും ആശ്രയിച്ചില്ലെന്നാണു് ചിലരുടെ വാദം. ഏതായാലും അർക്കദിയാക്കോന്റെ പ്രവൃത്തി രഹസ്യമായ ഒന്നായിരുന്നു രഹസ്യമായ ആ പ്രവൃത്തി കേരളീയസഭയുടെ പൊതുവായ കത്തോലിക്കാവിശ്വാസത്തിനു ഹാനികരമല്ലായിരുന്നു.

അർക്കദിയാക്കോനെ പല വിധത്തിലും മെത്രാപ്പോലീത്താ ഉപദേശിച്ചിരുന്നു. പല ശിക്ഷകളും അദ്ദേഹത്തിനു് മെത്രാപ്പോലീത്താ നൽകുകയും ചെയ്തു. ഗാർഷ്യാമെത്രാപ്പോലീത്തായുടെ വിസ്മനീയമായ ക്ഷമ ഈ അവസരങ്ങളിലെല്ലാം പ്രത്യക്ഷപ്പെടുന്നുണ്ടു്. (27d)

---

27c) Herus S. J. The Malabar Mail, July 3, 1938, sqq.
27d) Heras, S. J. The Malabar Mail July 3, 1938 sqq.

അഹത്തള്ളായുടെ ആഗമനം.

1652-ൽ ഇൻഡ്യയുടേയും ചൈനായുടേയും പാത്രിയർക്കീസെന്നും അഗാത്തിസ് എന്നും സ്വയം നാമകരണം ചെയ്ത അഹത്തള്ളാ എന്ന ഒരു മെത്രാൻ മൈലാപ്പൂരിൽ ആഗതനായി. അഹത്തള്ളാ ആരായിരുന്നു എന്ന് ആർക്കും നിശ്ചയമില്ല.

അഹത്തള്ളായെപ്പററിയുള്ള ചുരുങ്ങിയ ഒരു ചരിത്രം ഇങ്ങനെയാണ്. പാത്രിയർക്കീസിന്റെ അധികാരം സംബന്ധിച്ച് "അന്തിയോക്കി"യായിൽ ഒരു തർക്കമുണ്ടായി. ദമസ്ക്കസ്സ് മെത്രാനായിരുന്ന അഹത്തള്ളാ ആയിരുന്നു ഒരു സ്ഥാനാർത്ഥി. അദ്ദേഹം തിരഞ്ഞെടുപ്പിൽ പരാജിതനാകുകയാൽ അദ്ദേഹത്തെ തൃപ്തിപ്പെടുത്തുന്നതിലേക്ക് "ഇൻഡ്യയിലെ ക്രിസ്ത്യാനികൾ ഉൾപ്പെടെയുള്ള സുറിയാനിക്രിസ്ത്യാനികളുടെമേൽ അധികാരമുള്ള പാത്രിയർക്കീസ്" എന്ന സംജ്ഞ അന്തിയോക്കിയായിലെ ക്രിസ്ത്യാനികൾ അദ്ദേഹത്തിനു നൽകി. ഈ സ്ഥാനത്തോടുകൂടി കയ്റോയിൽ ചെന്നപ്പോൾ ഈഗുപ്തായ പാത്രിയർക്കീസിന് അക്കദിയാക്കോനയച്ച എഴുത്ത് അഹത്തള്ളാ കാണുവാനിടയായി. അലക്സാന്ത്രിയായിലെ ഈഗുപ്തായ പാത്രിയർക്കീസിന്റെ നിർദ്ദേശപ്രകാരം അഹത്തള്ളാ കേരളീയസുറിയാനിക്കാരെ ഭരിക്കുവാൻ ഇൻഡ്യയിലേക്കു പുറപ്പെട്ടു. (28) ഇതിൽ എത്രമാത്രം വാസ്തവമുണ്ടെന്നു നമുക്കറിഞ്ഞുകൂടാ.

അഹത്തള്ളായുടെ ലേഖനം.

അഹത്തള്ളാ മൈലാപ്പൂരെത്തി. വി. തോമ്മാശ്ലീഹായുടെ കബറിങ്കൽ വണങ്ങുവാൻ അവിടെയെത്തിയിരുന്ന വൈപ്പിക്കോട്ട സെമ്മിനാരിയിൽ പഠിച്ചിരുന്ന രണ്ടു ശെമ്മാശന്മാരുടെ കൈവശം അദ്ദേഹം സുറിയാനിക്കാർക്ക് ഒരു ലേഖനം കൊടുത്തയച്ചു. ആ ലേഖനത്തിന്റെ തർജ്ജമ:

"കണ്ടാലും, ഇൻഡ്യ മുഴുവന്റേയും ചൈനായുടേയും പാത്രിയർക്കീസും അഗാത്തിസും ആയ ഞാൻ, നിങ്ങളുടെ ദേശത്തുനിന്ന് ഇവിടെ വന്ന രണ്ടു ശെമ്മാശന്മാരുടെ കൈവശം നിങ്ങൾക്ക് ഒരെഴുത്തു കൊടുത്തു വിടുന്നു. നിങ്ങൾ ഈ എഴുത്തു വായിച്ചശേഷം എന്റെ പക്കലേക്ക്

---

28) Heras S. J. The Examiner, 1938, April, 16, p. 225.

രണ്ടു പട്ടക്കാരേയും നാല്പതു ആളുകളേയും അയയ്ക്കണം. അവരെ നിങ്ങൾ അയയ്ക്കുന്നെങ്കിൽ, സൂക്ഷിച്ചും പാടപോലെ വേഗത്തിലും വേണം അയയ്ക്കുന്നതു്. ഇവർ നിങ്ങളെ കണ്ടു് പ്രതിബന്ധം ചെയ്യാതെ എന്നെ വിടുന്നതിനു് ഇതു കാരണമാകും. എന്റെ മക്കളെ വരുവിൻ, എന്നെ ശ്രവിക്കുവിൻ, നമ്മുടെ നാഥനായ മാർപ്പാപ്പായിൽ നിന്നു് എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു എന്നു് നിങ്ങൾ എന്നിൽ നിന്നു പഠിക്കുവിൻ. നിങ്ങൾ ഭയപ്പെടേണ്ട: നിങ്ങളുടെ ആവശ്യത്തിനു് വളരെ നിക്ഷേപവും ധനവുംകൊണ്ടാണു് ഞാൻ വന്നിരിക്കുന്നതു്. ആകയാൽ എന്നെ അവിടെ എത്തിക്കുവാൻ നിങ്ങൾ എല്ലാ ശ്രമവും ചെയ്യുവിൻ. വിശുദ്ധമായ ആട്ടിൻകൂട്ടത്തിലെ പട്ടക്കാരെ ശമ്മാശന്മാരെ, എല്ലാ പ്രധാനന്മാരുമെ, ദൈവമാതാവായ മറിയത്തിന്റെ നാമത്തിൽ, ഈ മൈലാപ്പൂർ പട്ടണത്തിൽ ഞാൻ വന്നെത്തിയിരിക്കുന്നു എന്നു് നിങ്ങൾ അറിയുവിൻ. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ ദേശമായ ഇൻഡ്യയിലേക്കു എന്നെ കൊണ്ടുപോകത്തക്കവരായി വളരെ പട്ടക്കാരും ജനങ്ങളും ഇവിടെ വരുന്നുണ്ടെന്നു് എനിക്കറിയാമായിരുന്നു. 1562 ആഗസ്റ്റ് 2-ൽ മൈലാപ്പൂരിൽ ഈശോസഭക്കാരുടെ ആശ്രമത്തിൽ ഞാൻ വന്നെത്തി. ആ ആശ്രമത്തിൽ തന്നെ ഞാൻ എന്റെ സമയം വിനിയോഗിക്കയാണു്. അവർ എന്നോടു വളരെ ദയയോടെ വർത്തിക്കുന്നു. അവർക്കും നിങ്ങൾക്കും നമുക്കെല്ലാവർക്കും എപ്പോഴും സമാധാനമുണ്ടാകുമാറാകട്ടെ. ആമ്മേൻ. ഇൻഡ്യ മുഴുവന്റെയും ചൈനായുടേയും പാത്രിയർക്കീസായ അഗാത്തിസു്" (29)

എഴുത്തു കണ്ടുടനെ അർക്കദിയാക്കോൻ വിവരം എല്ലാവരേയും അറിയിച്ചു. ബാബേലിൽനിന്നു് ഒരു പാത്രിയർക്കീസു വന്നിട്ടുണ്ടെന്നും അദ്ദേഹം നിരവധി ഗുണവിശേഷങ്ങളുള്ളവനാണെന്നും ഈശോസഭക്കാർ അദ്ദേഹത്തെ മൈലാപ്പൂരിൽ തടവുകാരനാക്കിയിരിക്കുന്നെന്നും മററും അർക്കദിയാക്കോൻ പറഞ്ഞുപരത്തി. 30) സുറിയാനിക്കാർ ഒന്നാകെ ഉണർന്നുവശായി. പറവൂരും വൈപ്പിക്കോട്ടും ഈശോസഭക്കാരുടെ നേരെ എതിർപ്പുകളും നടന്നു. രണ്ടുപേരൊഴിച്ചു് വൈപ്പിക്കോട്ടു സെമിനാരിയിൽനിന്നു് ശമ്മാശന്മാരെല്ലാം വെളിക്കിറങ്ങി. എങ്കിലും ഉടനെ അവർ തിരിച്ചെത്തി 31)

---

29) Eustachio, Istoria del Mgr. Giuseppe, p. 25.

(30) Brief Account (Supra citatum)
Frd' Azeve, do to A. Baradas Am balagad, July 28, 1668
(Archives, S, J.)

(31) Ibidem.

### അഹത്തള്ളാ കപ്പലിൽ-വേറൊരെഴുത്ത്.

മൈലാപ്പൂരിലെ ആശ്രമാധിപൻ (Fr Manoel de Leiva) അഹത്തള്ളായുടെ ആഗമനത്തെപ്പററി പോർട്ടുഗീസ് വൈസ്രോയിക്കു രഹസ്യമായി അറിവുകൊടുത്തു. കന്യാകുമാരിയിൽ കിടന്ന പോർട്ടുഗീസ് കപ്പലുകൾ മൈലാപ്പൂരെത്തിയപ്പോൾ അഹത്തള്ളായെ ആശ്രമാധിപൻ ഗോവയിക്കുള്ള ഒരു കപ്പലിലാക്കി. 32)

ഈ അവസരത്തിൽ അഹത്തള്ളാ കേരളീയക്കെഴുതിയതെന്നു പറഞ്ഞു അസ്സെമാനി ഒരു ലേഖനം ഉദ്ധരിക്കുന്നുണ്ട്. അതിങ്ങനെയാണ്:

"പാത്രിയർക്കീസായ അഹത്തള്ളാ-പത്താം ഇന്നച്ചെൻസിയൂസ് മാർപ്പാപ്പായാൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പക്കലേക്ക് അവർക്ക് ആശ്വാസമാകേണ്ടതിന് ഞാൻ അയക്കപ്പെട്ടു. എന്നാൽ നീതിമാന്മാരെ ക്ഷോഭിപ്പിക്കുക (exagitant) എന്നതു് ആക്ക പതിവായിരിക്കുന്നുവോ അവർ കലമിനായിൽ (മൈലാപ്പൂരിൽ) എന്നെ തടവുകാരനാക്കിയിരിക്കുന്നു. ഇവിടെനിന്നു വേഗം കൊച്ചിയിലേക്കും അവിടെനിന്ന് ഗോവയിലേക്കും ഞാൻ കൊണ്ടുപോകപ്പെടും. എന്നെ അവരുടെ കൈകളിൽനിന്നു രക്ഷപെടുത്തുവാൻ നിങ്ങളിൽ കുറേപ്പേർ ആയുധം ധരിച്ചു പുറപ്പെട്ടാലും." 33)

### അഹത്തള്ളായുടെ വിശ്വാസം.

അഹത്തള്ളാ കത്തോലിക്കനായിരുന്നെന്നും, യാക്കോബായക്കാരനായിരുന്നെന്നും, നെസ്തോറിയൻകാരനായിരുന്നെന്നും മൂന്നഭിപ്രായമുണ്ട്. മാർപ്പാപ്പായിൽനിന്നു തനിക്കു സകല അധികാരവും നൽകപ്പെട്ടിരിക്കുന്നു; ദൈവമാതാവിൻെറനാമത്തിൽ താൻ മൈലാപ്പൂരെത്തി എന്നിങ്ങനെ അദ്ദേഹം പറഞ്ഞിരിക്കുന്നതിൽനിന്ന് അദ്ദേഹം കത്തോലിക്കനായിരുന്നെന്നു സ്ഫുരിക്കുന്നുണ്ട്. കുറഞ്ഞപക്ഷം കേരളീയസുറിയാനിക്കാരെ വശത്താക്കുവാൻ പ്രകടിപ്പിക്കേണ്ട വിശ്വാസം കത്തോലിക്കവിശ്വാസമായിരുന്നു എന്ന് അദ്ദേഹത്തിനറിയാമായിരുന്നു എന്നെങ്കിലും അദ്ദേഹത്തിൻെറ വാക്യങ്ങൾ വിളിച്ചറിയിക്കുന്നു. ഒരു ഈശോസഭക്കാരൻെറ എഴുത്തിൽ കാണുന്നതു് അദ്ദേഹം "റോമ്മൻകത്തോലിക്കൻ" എന്നു് സ്വയം നാമകരണം ചെയ്തിരുന്നു എന്നാണ്. സുറിയാനിക്കാൎക്ക് ഒരു മെത്രാനുണ്ടായിരുന്നെന്ന് അറിഞ്ഞപ്പോൾ അദ്ദേഹം അതൃപ്തി പ്രദർശിപ്പിച്ചില്ലെന്നും അങ്ങനെ അദ്ദേഹം "വഞ്ചിക്കപ്പെട്ടെന്നും" ത

(32) Ibidem.
(33) B. O. III. 2. p. 461.

ന്നിമിത്തം സ്വദേശത്തേക്കു മടങ്ങുവാൻ ആഗ്രഹിച്ചെന്നും കൂടി ഈ എഴുത്തിൽ കാണുന്നുണ്ടു്. (34)

### അർക്കദിയാക്കോൻ കൊച്ചിയിൽ.

കപ്പൽ കൊച്ചിയിലെത്തുമെന്നു മനസ്സിലാക്കികൊണ്ടു് അർക്കദിയാക്കോൻ വളരെ പട്ടക്കാരോടും 6000 ക്രിസ്ത്യാനികളോടുംകൂടി കൊച്ചിയിലെത്തി പട്ടണത്തിനു പുറത്തുള്ള ഗ്രാമങ്ങളിൽ താമസമുറപ്പിച്ചു. കൊച്ചി തുറമുഖത്തു് കപ്പൽ പ്രവേശിപ്പിക്കുകയാണെങ്കിൽ 150000 പണം കൊച്ചിറാണിക്കു കൊടുക്കാമെന്നു് അർക്കദിയാക്കോൻ വാഗ്ദാനം ചെയ്തു. എന്നാൽ കപ്പൽ തുറമുഖത്തു പ്രവേശിപ്പിച്ചുകൂടായെന്നു് കർശ്ശനമായ നിർദ്ദേശം കപ്പിത്താനുണ്ടായിരുന്നു. കൊച്ചിക്കപ്പുറം പുറങ്കടലിൽ രണ്ടുദിവസം മാത്രം കിടന്നശേഷം കപ്പൽ ഗോവയ്ക്കു തിരിച്ചു.

അഹത്തള്ളാ കടലിൽ കെട്ടിത്താഴ്ത്തപ്പെട്ടു എന്നൊരു ശ്രുതി സുറിയാനിക്കാരുടെയിടയിൽ പരന്നു. എന്നാൽ അദ്ദേഹം ഗോവയിലെത്തിയെന്നും, അവിടെ നിന്നു പോർട്ടുഗലിൽ ചെന്നപ്പോൾ പലരും അദ്ദേഹത്തിന്റെ സത്യവിശ്വാസത്തിനു സാക്ഷ്യം നൽകിയെന്നും, റോമായിലേക്കു പോകുകയിൽ ഫ്രാൻസിൽ വച്ചു് അദ്ദേഹം മരണംപ്രാപിച്ചെന്നും, ഈശോസഭക്കാരുടെ എഴുത്തുകളിലും, റിപ്പോർട്ടുകളിലും തെളിവായി പ്രസ്താവിച്ചിട്ടുണ്ടു്. (35)

അഹത്തള്ളായെ ഈശോസഭക്കാർ കൊന്നെങ്കിൽ ഈശോസഭയിൽ പെടാതെ വേറെ നാലു സന്യാസസഭകളിൽ ഏതിലെങ്കിലും പെട്ട സുറിയാനി പരിചയമുള്ള ആരെങ്കിലും, മെത്രാനായി നിയമിക്കപ്പെട്ടാൽ ആ ആളെ അനുസരിക്കാമെന്നും, ഈശോസഭക്കാർ തങ്ങളുടേയും റോമ്മാ സഭയുടേയും ശത്രുക്കളാണെന്നും, നിവൃത്തിയുണ്ടെങ്കിൽ ദൈവസ്നേഹത്തെയും ക്രിസ്ത്യാനികളുടെ നന്മയേയും ഉദ്ദേശിച്ചു് അഹത്തള്ളായെ വിട്ടുകൊടുക്കണമെന്നും സുറിയാനിക്കാർ കൊച്ചിയിലെ പോർട്ടുഗീസു് സൈന്യാധിപനോ അറിയിച്ചു. (35b) അഹത്തള്ളാ ഗോവയ്ക്കു കൊണ്ടുപോകപ്പെടുകതന്നെ ചെയ്തു.

---

(34) Heras, s. j. The Examiner, April, 23 1938, p. 225 note.
35) Brief Account. (cited above)
Fr. F. d' Azevedo to Fr. A. Baradas, Ambalagad 28th, July 1616 (Archives s. j.) 35b) Travancore Slat Manual 1906 II. p. 184.

കൂനൻ കുരിശുസത്യം.

അഹത്തള്ളായെ അന്യായമായി നാടുകടത്തുകയും കൊല്ലുകകൂടിയും ചെയ്തവരാണ് ഈശോസഭക്കാർ (അഥവാ പൌളീസ്തർ) എന്നുള്ള ധാരണയും അതോടെ നിരാശയും സുറിയാനിക്കാരിൽ പ്രബലപ്പെട്ടു. (36) അവർ മട്ടാഞ്ചേരിൽ ഒരുമിച്ചുകൂടി. ഗാർഷ്യാ മെത്രാപ്പോലീത്തായിക്കു ആ ക്ഷണംമുതൽ അധികാരമില്ലെന്നും താനാണ് അതിരൂപതയുടെ ഭരണകർത്താവെന്നും (Administrator) അവിടെവച്ച് അർക്കദിയാക്കോൻ പ്രഖ്യാപനം ചെയ്തു. (37) അഹത്തള്ളായിക്കു് മാർപ്പാപ്പാ കേരളീയസഭയിൽ അധികാരം കൊടുത്തിട്ടുണ്ടായിരുന്നെങ്കിൽ, അർക്കദിയാക്കോന്റെ പ്രഖ്യാപനത്തിൽ അർത്ഥമുണ്ടെന്നു വരാം. എന്നാൽ അഹത്തള്ളായിക്കു അങ്ങനെയൊരധികാരമുണ്ടായിരുന്നതായി രേഖയൊന്നുമില്ല; വാസ്തവത്തിൽ ഇല്ലായിരുന്നു താനും.

അടുത്തു നടന്നതു് ചരിത്രപ്രസിദ്ധമായ കൂനൻകുരിശുസത്യമാണു്. മട്ടാഞ്ചേരി പള്ളിക്കു വടക്കുവശം കാണുന്ന ആ കുരിശിൽ (38) ആലാത്തുകെട്ടി എല്ലാവരും അതിൽ തൊട്ടുകൊണ്ടു് അപ്പോഠം ചെയ്ത സത്യമാണ് കൂനൻ കുരിശുസത്യം. തങ്ങളുടെ നാട്ടിൽ ഈശോസഭക്കാരെ (പൌളിസ്തരെ) സ്വീകരിക്കയില്ലെന്നാണ് അവർ സത്യംചെയ്തതു്. കാരണം ഈശോസഭക്കാർ അഥവാ പൌളിസ്തരാണത്രെ അഹത്തള്ളായെ നാടുകടത്തികളഞ്ഞതു്. (39) 1653 ജനുവരി 3-ാംനു- വെള്ളിയാഴ്ച ഈ സംഭവം നടന്നു.

[അധികം കഴിയുന്നതിനുമുമ്പ് ഇടപ്പള്ളിൽകൂടി ഒരാലോചന നടത്തിയശേഷം ആറുമാസം കഴിഞ്ഞു് 1653, മെയ് 22-ാംനു- പന്തക്കുസ്താ ഞായറാഴ്ച ആലങ്ങാട്ടുവച്ചു് പന്ത്രണ്ടു പട്ടക്കാർ അർക്കദിയാക്കോന്റെ തലയിൽ കൈവച്ചു് അദ്ദേഹത്തെ "മെത്രാനാക്കി". പന്ത്രണ്ടു പട്ടക്കാർ കൂടിയാൽ മെത്രാൻ പട്ടം സാധുവായി കൊടുക്കാമെന്നുള്ള ധാരണ അവർക്കുണ്ടായിരുന്നെന്നു വിചാരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. മെത്രാന്റെ അധികാരം (പട്ടമല്ല) ആ വിധത്തിൽ

---

36) ഈശോസഭക്കാരെ പൌലീസ്തർ (Fathers of St. Paul) എന്നു കൂടി സുറിയാനിക്കാർ വിളിച്ചിരുന്നു.

37) Brief Account.

38) അന്നത്തെ കുരിശുതന്നേ ഇന്നും അവിടെ നില്ക്കുന്നു എന്നാണ് സ്ഥലത്തെ പാരമ്പര്യം.

39) Brief Account.........

അർക്കദിയാക്കോനിൽ നിക്ഷേപിക്കാമെന്നോ, അഹത്തള്ളായാൽ നിക്ഷേപിക്കപ്പെട്ടെന്നു അവർ ഒരു പക്ഷെ കരുതിയിരുന്ന ആ അധികാരത്തെ ബാഹ്യമായി ആവിധം അനുസരിച്ചു പറയാമെന്നോ അവർ കരുതിയിരിക്കുവാൻ പാടുണ്ടു്. അഹത്തള്ളായിൽ നിന്നു ലഭിച്ച അധികാരത്താൽ തങ്ങൾ അങ്ങനെ ചെയ്തുവെന്നാണു് അവർ പ്രഖ്യാപനം ചെയ്തതു്. ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ, കടവിൽ ചാണ്ടി, വെണ്ടൂർ ഗീവറുഗീസു്, പള്ളിവീട്ടിൽ ചാണ്ടി എന്ന നാലു കത്തനാരന്മാർ മാർതോമ്മാ എന്നു വിളിക്കപ്പെട്ട അർക്കദിയാക്കോന്റെ ആലോചനക്കാരായി തിരിഞ്ഞെടുക്കപ്പെട്ടു.]

# പത്തൊമ്പതാം അദ്ധ്യായം

## കൂനൻകുരിശും റോമ്മായും

അർക്കദിയാക്കോന്റെ വിരോധികളായ ഈശോസഭക്കാർ കേരളത്തിൽനിന്നെഴുതിയ എഴുത്തുകളെ അടിസ്ഥാനമാക്കിയാണു് കൂനൻകരിശു സത്യം ഈശോസഭക്കാർക്കു (പൌളിസ്തുക്കു) വിരോധമായിട്ടായിരുന്നു എന്നു് കഴിഞ്ഞയദ്ധ്യായത്തിൽ പ്രസ്താവിച്ചതു്. എന്നാൽ റോമ്മായുടെ അധികാരം—ഉദയമ്പേരൂർ വച്ചു് നിർബന്ധപൂർവ്വം സ്വീകരിച്ചെന്നു പറയുന്ന ആ അധികാരം-തിരസ്കരിച്ചുകൊണ്ടു് മേലിൽ റോമ്മാമാർപ്പാപ്പായെ അനുസരിക്കയില്ല എന്നായിരുന്നു സുറിയാനിക്കാർ കൂനൻകുരിശിങ്കൽ ചെയ്ത സത്യമെന്നു് കേരളത്തിൽ പല അകത്തോലിക്കരും ഇപ്പോഴും പറഞ്ഞുതുടങ്ങിയിട്ടുണ്ടു്. ഇതിൽ എന്തെങ്കിലും വാസ്തവമുണ്ടോ എന്നുകൂടി ആരായുക തന്നെ.

### സത്യത്തിനു മുമ്പു്.

കൂനൻകുരിശു സത്യത്തിനുള്ള കാരണം പോർട്ടുഗീസുകാരോടുള്ള അതൃപ്തിയാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. 16-ാം ശതാബ്ദത്തിന്റെ ആരംഭം മുതൽ സുറിയാനിക്കാരോടു് പോർട്ടുഗീസുകാർ അടുത്തു തുടങ്ങി. ആരംഭത്തിൽ ഇരുകൂട്ടരും സ്നേഹഭാവത്തിൽ കഴിച്ചുകൂട്ടി.

പിന്നീട്ട് പോർട്ടുഗീസുകാരുടെ മനഃസ്ഥിതിയും നയവും വ്യക്തമായതോടെ ഇരുവരും തമ്മിൽ സ്വരച്ചേർച്ചയില്ലാതായി ഉദയമ്പേരൂർ സൂനഹദോസിനുമുമ്പ് ഇതു ശരിയായി വെളിപ്പെടുകയും ചെയ്തു. എന്നാൽ ഈ സന്ദർഭങ്ങളിലൊന്നിലും സുറിയാനിക്കാരുടെ മാർപ്പാപ്പായുടെ അധികാരത്തോടു യാതൊരു വിരോധവും ഇല്ലായിരുന്നു. പരോക്ഷമായും പ്രത്യക്ഷമായും അവർ മാർപ്പാപ്പായുടെ പരമാധികാരം ഉദയമ്പേരൂർ സൂനഹദോസിനുമുമ്പ് സ്വീകരിച്ചിരുന്നതായി നാം കണ്ടതാണ്. മാർപ്പാപ്പായ്ക്കു വിധേയമാകുക എന്നതു് സുറിയാനിക്കാരെ സംബന്ധിച്ചിടത്തോളം പോർട്ടുഗീസുകാർ ഇറക്കുമതി ചെയ്ത ഒരു വിശ്വാസമല്ലെന്ന് കഴിഞ്ഞ അദ്ധ്യായങ്ങളിൽ വളരെ വിശദമായി തെളിയിച്ചിട്ടുണ്ട്. ഉദയമ്പേരൂർ സൂനഹദോസിന്റെ ചരിത്രം തന്നെയും ശരിയായി പഠിക്കുന്നപക്ഷം കേരളീയ സഭ അന്നു റോമ്മായിക്കു കീഴ്പെട്ടിരുന്നു എന്ന് പോർട്ടുഗീസുകാരുടെ പ്രവൃത്തികൾ തന്നെ വിളിച്ചുപറയുന്നതായി കാണാം.

ഉദയമ്പേരൂർ സൂനഹദോസിന്റെ ശേഷം കേരളീയസഭയിൽ നടന്ന സംഭവങ്ങൾ മുഴുവനും കഴിഞ്ഞ അദ്ധ്യായത്തിൽ ചുരുക്കമായി വിവരിച്ചിട്ടുണ്ട്. സുറിയാനിക്കാർ (അർക്കദിയാക്കോനെ ഒഴിച്ച്) റോമ്മായോടു വിദ്വേഷം ഭാവിച്ചിട്ടുള്ളതായി യാതൊരു രേഖയിലും നാം കാണുന്നില്ല. പ്രത്യുത; അവരുടെ സങ്കടങ്ങളിൽ അവർ പോർട്ടുഗലിൽ താമസിച്ചിരുന്ന മാർപ്പാപ്പായുടെ പ്രതിപുരുഷനെ പലപ്രാവശ്യം ആശ്രയിച്ചതായിട്ടത്രെ നാം കാണുന്നത്. പോർട്ടുഗീസുകാർ ഏതു വ്യാഖ്യാനം തന്നെ സുറിയാനിക്കാരുടെ പ്രവൃത്തികൾക്കു കൊടുത്താലും, റോമ്മായെ അനുസരിച്ചു എന്നതിൽ സുറിയാനിക്കാർ സങ്കടം പ്രദർശിപ്പിച്ചതായി തെളിയിക്കുവാൻ ആർക്കും സാധിക്കുന്നതല്ല. (1) റോമ്മായെ അനുസരിച്ചുതുടങ്ങിയതു ഉദയമ്പേരൂർ സൂനഹദോസിന്റെ ഫലമായിട്ടായിരുന്നു എന്ന ധാരണയോടെ സുറിയാനിക്കാരുടെ പ്രവൃത്തികളെ വീക്ഷിക്കുന്നവർക്ക് ഒരു പക്ഷേ അവർ റോമ്മായുടെ അധികാരത്തോടുള്ള മത്സരമാണ് പ്രദർശിപ്പി

---

(1) റോമ്മായെ അനുസരിച്ചതു നിർബന്ധത്താലാണെന്നും ചില ആനുകൂല്യങ്ങൾ പ്രതീക്ഷിച്ചാണെന്നും സ്വന്തനിലയെ ഉറപ്പിക്കുവാൻവേണ്ടി റോമ്മാ അർക്കദിയാക്കോൻ പ്രസ്താവിച്ചിട്ടുണ്ടെന്നു വരാം. പക്ഷെ അതു് സുറിയാനിക്കാരുടെ മനോഭാവമല്ലായിരുന്നു. അർക്കദിയാക്കോന്റെ ഭാഗത്തു് കുറെപ്പേർ ചേർന്നിരുന്നെന്നും വരാവുന്നതാണ്.

ച്ചിരുന്നതെന്നു തോന്നിപ്പോയേക്കാം. പക്ഷേ ഉദയംപേരൂർ സൂനഹദോസിനു മുമ്പും പോർട്ടുഗീസുകാരുടെ ആഗമനാവസരത്തിലും അതിനു ശേഷവും പോർട്ടുഗീസു പ്രാബല്യം കൂടാതെ തന്നെ കേരളീയസുറിയാനിസഭ റോമ്മായുടെ പരമാധികാരം സ്വീകരിച്ചു പ്രവർത്തിച്ചിരുന്നതായി നിരവധി രേഖകളിൽ നാം കണ്ടതാണ്. ഈ സ്ഥിതിക്കു് പുത്തനായും നിർബന്ധപൂർവവും സ്വീകരിച്ച ആ അധികാരത്തോടുള്ള വിദ്വേഷമാണ് സുറിയാനിക്കാർ പ്രദർശിപ്പിച്ചിരുന്നതെന്നു പറയുക അടിസ്ഥാനരഹിതമാകുന്നു. അർക്കദിയാക്കോന്റെയും മററും അപേക്ഷകൾ സാധിക്കാതെ വന്നപ്പോൾ തെററിദ്ധാരണയും വാശിയും ആണു് കൂനൻകുരിശിങ്കലേക്കു് അവരെ വലിച്ചുകൊണ്ടുപോയിട്ടുള്ളതു്. വാശി മുഴുത്തു വന്നതോടെ അർക്കദിയാക്കോന്റെ ഭാഗത്തുനിന്നു് റോമ്മായുടെ അധികാരത്തെ സ്പർശിച്ചിരുന്ന ചില അയഥാർത്ഥ പ്രസ്താവനകളും നടന്നു. കാര്യം കാണുവാനും സ്വന്തനിലയുറപ്പിക്കുവാനുമാണ് അദ്ദേഹം ഈ വിധത്തിൽ തെററു പ്രസ്താവിച്ചതു്.

## സത്യത്തിന്റെ പ്രാരംഭം.

സത്യത്തിനുള്ള പ്രാരംഭം അഹത്തള്ളായുടെ വരവാണ്. താൻ മാർപ്പാപ്പായിൽനിന്നു് സകലയധികാരവും പ്രാപിച്ചിട്ടുള്ളവനാണെന്നാണത്രെ അഹത്തള്ളാ സുറിയാനിക്കാരെ അറിയിച്ചതു്. ഇങ്ങനെ തങ്ങളുടെ പക്കലെത്തിയ ഒരു പാത്രിയർക്കീസിനെ പൌളിസ്തർ അപായപ്പെടുത്തിയെന്ന ധാരണ കൂനൻകുരിശിൽ കയറുകെട്ടുവാൻ സുറിയാനിക്കാരെ പ്രേരിപ്പിച്ചു! ഇതിൽ റോമ്മായിക്കു വിരോധമായി യാതൊന്നുമില്ലതന്നെ.

കൊച്ചി കോട്ടവാതുക്കൽ ചെന്നുകൊണ്ടു് അർക്കദിയാക്കോനും സുറിയാനിക്കാരും നടത്തിയ അപേക്ഷ ഇങ്ങനെയാണ്:

"കൂടാതെയും, കപ്പിത്താനെ, ദൈവസ്നേഹത്തെ പ്രതിയും ക്രിസ്തീയസമൂഹത്തിന്റെ നന്മയ്ക്കായും പൌളിസ്തപുരോഹിതന്മാർ ഞങ്ങളിൽനിന്നു മാററിക്കളഞ്ഞ പാത്രിയർക്കീസിനെ തിരികെ തരുവാൻ അങ്ങു അത്യധികം പരിശ്രമിക്കണമെ എന്നു് ഞങ്ങൾ അങ്ങേ ബഹുമാനസമക്ഷം യാചിക്കുന്നു. അങ്ങനെ സത്യം അറിയപ്പെടുകയും ഈ ക്രിസ്തീയസമൂഹം മുഴുവനും അനുസരണമുള്ളതായി തീരുകയും ചെയ്യുന്നതാണ്. പൌളിസ്തപുരോഹിതന്മാരാൽ പാത്രിയർക്കീസു കൊല്ലപ്പെടുക നിമിത്തം അദ്ദേഹത്തെ വെളിക്കുകൊണ്ടുവരുവാൻ സാധിക്കയില്ലെങ്കിൽ സുറിയാനി അറിയാവുന്നവനും അതു ഞങ്ങളെ പഠിപ്പിച്ചു് ഞങ്ങളുടെ ശുശ്രൂഷകളിൽ ഞ

ങ്ങളെ സഹായിക്കുവാൻ കഴിയുന്നവരും ആയ ഒരാൾ നാലിൽ ഏതെങ്കിലും സന്യാസസമൂഹത്തിൽനിന്നു് (1) മാർപ്പാപ്പായുടെ കല്പനപ്രകാരം (by order of the supreme pontif) ഇവിടെ വന്നുകൊള്ളട്ടെ. എന്നാൽ പൌളിസ്തപുരോഹിതന്മാർ ആയിരിക്കരുതു്: അവരെ ഞങ്ങൾ ഒരു വിധത്തിലും ആഗ്രഹിക്കുന്നില്ല: എന്തുകൊണ്ടെന്നാൽ അവർ ഞങ്ങളുടേയും വിശുദ്ധ മാതാവായ റോമ്മാസഭയുടേയും ശത്രുക്കളാകുന്നു. അവരൊഴിച്ചു് ആരെങ്കിലും വന്നുകൊള്ളട്ടെ, യാതൊരു സംശയവുമില്ലാതെ ഞങ്ങൾ അനുസരിക്കുവാൻ തയാറാണു്." (2)

കൂനൻ കുരിശിൽ കെട്ടിയ ആലാത്തു പിരിക്കുന്നതിനു മുമ്പു് സുറിയാനിക്കാർ റോമ്മായോടു പ്രദർശിപ്പിച്ച മനോഭാവം എപ്രകാരമുള്ളതെന്നു സൂക്ഷിച്ചാലും! ഈ സ്ഥിതിക്കു് റോമ്മായുടെ അധികാരം മേലിൽ സ്വീകരിക്കുന്നതല്ലെന്നാണു് സത്യവാചകമെന്നു് എങ്ങനെ വിചാരിക്കുവാൻ സാധിക്കും?

## സത്യത്തിന്റെ ശേഷം.

സത്യത്തിന്റെ ശേഷം കൊച്ചീകോട്ടയുടെ കപ്പിത്താൻ ഗോവയിലെ പോർട്ടുഗീസു വൈസ്രോയിയുടെ പേർക്കയച്ച റിപ്പോർട്ടിൽ ഇങ്ങനെ കാണുന്നു:

"കേരളത്തിലെ അർക്കദിയാക്കോൻ ക്രിസ്ത്യാനികളുടേയും കത്തനാരുടേയും ഒരു യോഗം വിളിച്ചുകൂട്ടി. താൻ കേരളത്തിലെത്തിയില്ലെങ്കിൽ, തനിക്കുള്ള അധികാരങ്ങളുപയോഗിച്ചു് അർക്കദിയാക്കോനെ താൻ മെത്രാപ്പോലീത്താ ആക്കിയിരിക്കുന്നു എന്നു് പാത്രിയർക്കീസു് (അഹത്തള്ളാ) എഴുതിയിരുന്നതും തങ്ങൾക്കു കിട്ടിയിരുന്നതും ആയി അവർ പറയുന്ന ഒരെഴുത്തിന്റെ താല്പര്യാനുസരണം ആ യോഗം അർക്കദിയാക്കോനെ മെത്രാനാക്കാമെന്നു തീരുമാനിച്ചു. കേരളത്തിലെ ഈ ക്രിസ്ത്യാനികൾ നാമമാത്രമല്ലാതെ ക്രിസ്ത്യാനികളായിരുന്നിട്ടില്ലാത്തതിനാൽ അവർ ശിസ്മപരമായ ഈ എഴുത്തു മുറുകിപ്പിടിച്ചു. അ

---

1) ഫ്രാൻസീസ്കൻ, ഡൊമിനിക്കൻ, കർമ്മലീത്താ, അഗസ്റ്റീനിയൻ എന്ന സമൂഹങ്ങളാണു് ഇവിടെ ഉദ്ദേശിക്കപ്പെടുന്നതെന്നു തോന്നുന്നു.

2) The Travancore State Manual II. p. 184—Reproduced from Istoria de Mgr. Giuseppe dal P. fr. Eustachio.

ങ്ങളെ, തങ്ങളുടെ അദ്ധ്യക്ഷനായി (ഗാർഷ്യാ) മെത്രാപ്പോലീത്തായെയോ ഈശോസഭക്കാരിൽ ആരെയെങ്കിലുമോ കേരളത്തിൽ സ്വീകരിക്കയില്ലെന്നു് അവർ സത്യംചെയ്തു" (3)

അഹറത്തുള്ളാ തങ്ങൾക്കു് അധികാരം നൽകിയിട്ടുണ്ടെന്നാണു് സുറിയാനിക്കാർ പറഞ്ഞിരുന്നതു്. മാർപ്പാപ്പായിൽ നിന്നു് തനിക്കു സകലയധികാരങ്ങളുമുണ്ടെന്നായിരുന്നു അഹറത്തുള്ളായുടെ എഴുത്തിലെ സാരം. -അതിനെ അടിസ്ഥാനപ്പെടുത്തി തങ്ങളുടെ നിലയെ സാധൂകരിക്കുവാനാണു് സുറിയാനിക്കാർ പരിശ്രമിക്കുന്നതു്! ഇതിൽ മാർപ്പാപ്പായുടെ അധികാരം പരോക്ഷമായി സ്വീകരിക്കപ്പെടുകയല്ലയോ ചെയ്യുന്നതു്? സുറിയാനിക്കാർ ചെയ്ത സത്യം ഗാർഷ്യാ മെത്രാപ്പോലീത്തായിക്കും ഈശോസഭക്കാർക്കും വിരോധമായിരുന്നു എന്നല്ലയോ കപ്പിത്താൻ പറയുന്നതു്?

## സത്യംചെയ്തവരുടെ വിളംബരം.

അർക്കദിയാക്കോനെ മെത്രാൻ വേഷം ധരിപ്പിച്ചശേഷം സത്യത്തിൽ പങ്കുകൊണ്ടവരിൽ പ്രമുഖന്മാർ താഴെ കാണുന്ന വിളംബരം പ്രസിദ്ധം ചെയ്തു

"......തൊമ്മാശ്ലീഹായുടെ കബറിടത്തിലേക്കു് പോയിരുന്ന നമ്മുടെ ആളുകൾ പാത്രിയർക്കീസിനെ കണ്ടു് ഒരെഴുത്തും അധികാരപത്രവും സ്വീകരിച്ചു് അവ നമ്മുടെ പക്കൽ കൊണ്ടുവരുകയും അവയ്ക്കനുസരണം നാം ഭരിക്കപ്പെടുകയും ചെയ്യുന്നതിനാലും മാർപ്പാപ്പായുടെ (Supreme Pontiff) യും വിശുദ്ധ മാതാവായ റോമ്മാസഭയുടേയും കല്പനയാലേ വന്ന പാത്രിയർക്കീസിന്റെ കല്പനയും നിശ്ചയവും അനുസരിച്ചു് നാം ഒരു മെത്രാപ്പോലീത്തായെ അവരോധിച്ചിരിക്കുന്നതിനാലും നമുക്കു ഈ മെത്രാപ്പോലീത്തായോടുകൂടി നില്ക്കുകതന്നെ ചെയ്യാം. ഈ കാരണംനിമിത്തം പൌളീസ്ത പുരോഹിതന്മാർ പ്രസംഗമണ്ഡപത്തിൽ നിന്നു് പ്രസംഗിച്ചു് നാം പാഷണ്ഡരാണെന്നു പറഞ്ഞുകൊള്ളട്ടെ." കൊച്ചിയിൽ വച്ചു നടത്തിയ തങ്ങളുടെ അപേക്ഷ ആരും സ്വീകരിച്ചില്ലെന്നു പ്രസ്താവിച്ചശേഷം അവർ തുടരുന്നു: "ആകയാൽ ഇവിടെ കൂടിയിരിക്കുന്ന നാം നിശ്ചയിക്കുന്നതെന്തെന്നാൽ. അവർ മാർപ്പാപ്പായു

3) Travancore State Manual II. pp. 184—185—(First edition)

ടേയും (supreme pontiff) വിശുദ്ധ മാതാവായ റോമ്മാസഭയുടേയും നമ്മുടെ അദ്ധ്യക്ഷന്റേയും കല്പനകൾ വകവയ്ക്കാതെ ഇരുന്നതുകൊണ്ടും, പൌളിസ്തപുരോഹിതന്മാർ നമ്മുടേയും വിശുദ്ധ മാതാവായ റോമ്മാസഭയുടേയും ശത്രുക്കളായിരിക്കുന്നതുകൊണ്ടും, പാത്രിയർക്കീസിനെ നമ്മുടെ കണ്ണുകൊണ്ടു കാണുന്നതുവരെ നാം അവരുടെ സ്നേഹത്തിൽ ഇരിക്കേണ്ടതല്ല; ആ സമൂഹത്തിലെ (order) മെത്രാപ്പോലീത്തായുടെ കല്പനയെ നാം ശ്രദ്ധിക്കേണ്ടതും അല്ല." (4)

ഇപ്രകാരമൊരു വിളംബരം പ്രസിദ്ധപ്പെടുത്തിയവർ റോമ്മായുടെ അധികാരം സ്വീകരിക്കുകയില്ലെന്നു സത്യം ചെയ്തവരാണെന്നു എങ്ങനെ പറയും?

## ഗാർഷ്യാ മെത്രാപ്പോലീത്തായുടെ പ്രസ്താവന.

കേരളത്തിൽ നടന്നിരുന്ന കുഴപ്പങ്ങളെപ്പററി ഗാർഷ്യാ മെത്രാപ്പോലീത്താ 1654-ൽ ചെയ്ത ഒരു പ്രസ്താവന വിരോധാഭിപ്രായക്കാർക്കു് കുറെ അനുകൂലമായി തോന്നിയേക്കാം. അതിപ്രകാരമാണു്

"ആദ്ധ്യാത്മിക കാര്യങ്ങൾ സംബന്ധിച്ചു് പറകയാണെങ്കിൽ അർക്കദിയാക്കോൻ എന്റെ ദീർഘശാന്തതയ്ക്കു പററിയ ഒരു ദൃഷ്ടാന്തമാണു്. എന്തുകൊണ്ടെന്നാൽ പല പ്രാവശ്യം സഭാഭ്രഷ്ടാക്കുക എന്ന ശിക്ഷയിൽ അദ്ദേഹം ഉൾപ്പെട്ടിട്ടുണ്ടെങ്കിലും അദ്ദേഹത്തെ ഞാൻ സഭാഭ്രംശം ചെയ്തില്ല. ആതരം സഭാഭ്രംശനംകൊണ്ടു് നന്മയേക്കാൾ കൂടുതൽ തിന്മവരുമെന്നു് എനിക്കറിയാമായിരുന്നു. എന്റെ ഭരണത്തിന്റെ പന്ത്രണ്ടു കൊല്ലത്തിനിടയ്ക്കു് ഞാൻ രണ്ടു പട്ടക്കാരെ മാത്രമേ സഭാഭ്രംശം ചെയ്തിട്ടുള്ളു. അവരാകട്ടെ അതു വകവച്ചതേയില്ല. അർക്കദിയാക്കോനോ അത്രയുംകൂടി ചെയ്തില്ല എന്തുകൊണ്ടെന്നാൽ അദ്ദേഹം അവരെ പള്ളികളിൽ വികാരിമാരാക്കി. അർക്കദിയാക്കോന്റെ അത്യാഗ്രഹവും അതിമോഹവും അദ്ദേഹവും പാർശ്വവർത്തികളും വി. തോമ്മായുടെ മതം തങ്ങളുടെയിടയിൽ നിന്നു നശിപ്പിച്ചുവെന്നു അവർ കുററാരോപണം ചെയ്യുന്ന റോമ്മാസഭയോടു അവർക്കുള്ള അഗാധ വിദ്വേഷവും ഈ കുഴപ്പങ്ങൾക്കെല്ലാം കാരണങ്ങളായി കരുതപ്പെടേണ്ടതാണു്." (5)

അർക്കദിയാക്കോന്റെ മനഃസ്ഥിതി നല്ലതല്ലായിരുന്നു എന്നുള്ളതു് വാസ്തവമാണു്. അദ്ദേഹം റോമ്മായോടു വിദ്വേഷം ഭാവിച്ചിരുന്നോ

---

4) Ibid. II. p. 185.

നുവരാം. എങ്കിലും ഗാർഷ്യായുടെ വാക്യങ്ങൾ അതേപടി സ്വീകരിക്കുക അത്ര എളുപ്പമല്ല.

കേരളത്തിലെ കുഴപ്പങ്ങൾക്കുള്ള കാരണങ്ങളിൽ ഒന്ന് അർക്കദിയാക്കോനും പാർശ്വവർത്തികൾക്കും റോമ്മാസഭയോടുള്ള വിരോധമാകുന്നു എന്നാണല്ലോ ഗാർഷ്യാ മെത്രാപ്പോലീത്താ പറയുന്നത്. ആ വിരോധത്തിനുള്ള കാരണമാകട്ടെ തോമ്മായുടെ മതം (നിയമം) നശിപ്പിക്കപ്പെട്ടു എന്നുള്ളതാണ്. തോമ്മായുടെ മതം എന്നത് തോമ്മായുടെ നിയമം അഥവാ കൽദായ സുറിയാനിറീത്താണ്. റോമ്മാസഭയല്ല, പ്രത്യുത, പോർട്ടുഗീസുകാരും അവരിൽ പ്രമുഖന്മാരായ ഈശോസഭക്കാരുമാണ് ആ റീത്തു നശിപ്പിച്ചത്. ഉദയമ്പേരൂർ സൂനഹദോസിനു മുമ്പും സുറിയാനിക്കാരെപ്പററി ഇതേ കുററാരോപണം തന്നെ പോർട്ടുഗീസുകാർ ചെയ്തിരുന്നതായി നാം കണ്ടു. തോമ്മായുടെ നിയമം എന്നതിനു പോർട്ടുഗീസുകാർ സങ്കല്പിച്ച അർത്ഥം ഒരു സ്വതന്ത്രസഭ എന്നോ മറേറാ ആണ്. പക്ഷേ തോമ്മായുടെ നിയമം പരിപാലിക്കുവാൻ സുറിയാനിക്കാർ അത്യധികം പരിശ്രമിച്ചിരുന്നപ്പോൾപോലും പോർട്ടുഗീസുകാർ അവരുമായി വൈദികങ്ങളിൽ സംസർഗ്ഗം ചെയ്തിരുന്നു. തോമ്മായുടെ നിയമം അഥവാ കൽദായ റീത്ത് അനുവദിച്ചുകൊടുത്താൽ അത് ഒരു സ്വതന്ത്രസഭാസ്ഥാപനത്തിൽ ചെന്നുചേരുമെന്നുള്ള ഭയമായിരിക്കാം പോർട്ടുഗീസുകാരെ ആ വിഷയത്തിൽ പരിഭ്രമിപ്പിച്ചിട്ടുള്ളത്. ആകയാൽ തോമ്മായുടെ നിയമം പാലിക്കുന്നതിൽ സുറിയാനിക്കാർ ചെയ്ത ശ്രമം റോമ്മാസഭയുടെ അധികാരത്തോടുള്ള വിരോധം നിമിത്തമായിരിക്കണമെന്ന് പോർട്ടുഗീസുകാർ അനുമാനിച്ചതിൽ വിസ്മയത്തിനു വഴിയില്ലല്ലോ.

ഗാർഷ്യാ മെത്രാപ്പോലീത്തായുടെ പ്രസ്താവന ഉദയമ്പേരൂർ സൂനഹദോസിന്റെ പ്രസ്താവനകൾപോലെ തന്നെയുള്ള ഒന്നാകയാൽ അതിനെ അടിസ്ഥാനപ്പെടുത്തി കൂനൻകുരിശു സത്യം റോമ്മായിക്കു കീഴ്പ്പെടുകയില്ലെന്നായിരുന്നു എന്നു വാദിക്കാവുന്നതല്ല. കൂനൻകുരിശു സത്യം എന്തായിരുന്നു എന്നല്ല ഗാർഷ്യാ പറയുന്നത്. അതിനുള്ള കാരണം ഇന്നതായിരിക്കണമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

---

(5) Tummaria Relacao da Serra: da Seus principios, revolucaes athe o estado presente do anno 1654......Tara El—Rei,

ഈ അഭിപ്രായമാകട്ടെ പോർട്ടുഗീസുകാരുടെ പൊതുവായ അഭിപ്രായം തന്നെയാകയാൽ പൊതുവായ ആ അഭിപ്രായത്തിനു കൊടുക്കേണ്ട അർത്ഥവും വിലയും മാത്രമേ ഈ അഭിപ്രായത്തിനും കൊടുക്കേണ്ടതുള്ളു. പൊതുവായ ആ അഭിപ്രായത്തിന്റെ അർത്ഥവും വിലയും പോർട്ടുഗീസുകാരുടെ പ്രവൃത്തികളിൽ നിന്നുതന്നെ മുൻ അദ്ധ്യായങ്ങളിൽ വിശദമാക്കിയിട്ടുള്ളതാണല്ലോ. പക്ഷെ, അർക്കദിയാക്കോന്റെ ചില പ്രസ്താവനകൾ ഈവിധമൊരു പ്രസ്താവന നടത്തുവാൻ ഗാർഷ്യാ മെത്രാപ്പോലീത്തായെ പ്രേരിപ്പിച്ചിട്ടുണ്ടെന്നു സമ്മതിക്കേണ്ടതാണ്. അതുകൊണ്ടും കൂനൻകുരിശു സത്യം എന്തായിരുന്നു എന്നു തെളിയുന്നില്ല.

കൂടാതെയും ഗാർഷ്യായുടെ പ്രസ്താവന കൂനൻകുരിശു സത്യത്തിന്റെ ശേഷമാണ് നടന്നിട്ടുള്ളത്. അന്നാകട്ടെ അർക്കദിയാക്കോന്റെ ഭാവം വളരെ മാറിതുടങ്ങിയിരുന്നു. അതിനുള്ള ആരംഭം മുമ്പുതന്നെ കാണപ്പെട്ടിരുന്നു. സ്വന്തം നിലയെ സാധൂകരിക്കുവാൻ എന്തും ചെയ്യുവാൻ പലപ്പോഴും മടിക്കാത്ത ഒരു കൂട്ടരാണ് സുറിയാനിക്കാർ. ഗാർഷ്യാ പ്രസ്താവന തയാറാക്കിയത് കൂനൻകുരിശു സത്യത്തിനു മുമ്പായിരുന്നാലും അദ്ദേഹം ഈ വിധത്തിൽ മാത്രമേ അന്നത്തെ കുഴപ്പങ്ങളെപ്പററി അഭിപ്രായപ്പെടുകയുള്ളു. കാരണം, സുറിയാനിക്കാരുടെ സകല പ്രവൃത്തികൾക്കും പോർട്ടുഗീസുകാർ കൊടുത്തിരുന്ന വ്യാഖ്യാനമാണ് ഗാർഷ്യായുടെ അഭിപ്രായം. അർക്കദിയാക്കോൻ അതിനു കാരണവും കൊടുത്തുകഴിഞ്ഞിരുന്നു. ആകയാൽ ഗാർഷ്യാ മെത്രാപ്പോലീത്താ പറയുന്നത് അർക്കദിയാക്കോനെപ്പററിയല്ലാതെ സുറിയാനിക്കാരെപ്പററി പൊതുവായി ഗ്രഹിക്കുവാൻ പാടുള്ളതല്ല. അർക്കദിയാക്കോന്റെ കൂടെ അദ്ദേഹത്തിന്റെ മനഃസ്ഥിതിതന്നെയുള്ള ഏതാനും ചിലരും ഉണ്ടായിരുന്നു.

ഗാർഷ്യായുടെ റിപ്പോർട്ടും റോമ്മായിൽ നിന്ന് അയച്ച പ്രതിനിധിയുടെ റിപ്പോർട്ടും, കേരളത്തിൽ നിന്ന് റോമ്മായിലെത്തിയ ഹൈസിന്ത് എന്ന ഈശോസഭക്കാരന്റെ റിപ്പോർട്ടും കണ്ടശേഷം റോമ്മാ ഗാർഷ്യാമെത്രാപ്പോലീത്തായെ സ്ഥാനഭ്രംശം ചെയ്തു എന്ന് ഫാദർ കാസ്റേറററസ് എസ്. ജെ. പറയുന്നു. (6) ഇതിൽ നിന്ന് കുററം മുഴുവനും അർക്കദിയാക്കോന്റെ തോളത്തു ചാരേണ്ടതല്ലെന്നു സ്പഷ്ടമാണല്ലോ.

---

(6) Castetes S. J. Examiner, 1922, p. 223:
പക്ഷെ മുറക്കുള്ള സ്ഥാനഭ്രംശം നടന്നെന്നു തോന്നുന്നില്ല. അദ്ദേഹം അധികാരമൊന്നും നടത്തേണ്ടതല്ലെന്നായിരുന്നു റോമ്മായിലെ കല്പന. പകരം മൊൺസിഞ്ഞോർ സെബസ്ത്യാനി അഡ്മിനിസ്ത്രേററർ ആക്കപ്പെട്ടു.

## മാർപ്പാപ്പായുടെ പ്രതിനിധി.

കൂനൻകുരിശുസത്യവും അനന്തരസംഭവങ്ങളും റോമ്മായിൽ അറിയിക്കപ്പെട്ടു. സത്യത്തിൽ ചേരാതെ നിന്നവരും ചേർന്നശേഷം ഗാർഷ്യാമെത്രാപ്പോലീത്തായോടു രമ്യപ്പെട്ടവരുമായ സുറിയാനിക്കാർ വഴക്കു തീർക്കേണ്ടതിന് കർമ്മലീത്തരെ അയച്ചുതരണമെന്ന് മാർപ്പാപ്പായോടപേക്ഷിച്ചു. സത്യത്തിൽ ചേർന്നവരിൽ നിന്ന് തിരിച്ചുവന്നവരിൽ പ്രമുഖന്മാർ കടവിൽ ചാണ്ടികത്തനാരും പള്ളിവീട്ടിൽ ചാണ്ടികത്തനാരും ആയിരുന്നു. ഇവർ മെത്രാൻ വേഷം ധരിച്ച അർക്കദിയാക്കോന്റെ ആലോചനരായി ആലങ്ങാട്ടു യോഗത്താൽ തിരിഞ്ഞെടുക്കപ്പെട്ടവരായിരുന്നല്ലോ! സത്യം ചെയ്തശേഷം ഒരു "മെത്രാനെ" വാഴിക്കുകയും മററും ചെയ്യുക നിമിത്തം ശീസ്മയിൽ വീണിരുന്നവരെ ഗാർഷ്യാമെത്രാപ്പോലീത്തായുമായി രമ്യപ്പെടുത്തുവാൻ മാർപ്പാപ്പാ കർമ്മലീത്തരെ കേരളത്തിലേക്കയച്ചു. പ്രതിനിധികളിൽ പ്രമുഖനായിരുന്ന ജോസഫ് സെബസ്തിയാനിയുടെ കാര്യത്തിൽ മാർപ്പാപ്പാ നൽകിയ അധികാരപത്രങ്ങളിൽ നസ്രാണികളുടെ ശീസ്മയെപ്പററിയും അവർ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടേണ്ടതിനെപ്പററിയും പറയുന്നുണ്ടെങ്കിലും ഗാർഷ്യാമെത്രാപ്പോലീത്തായുമായി രമ്യപ്പെടേണ്ടതിനെപ്പററി പ്രത്യേകം പ്രസ്താവിച്ചിരിക്കുന്നു. Dantes tibi quamcumque necessariam et opportunam facultatem super eorum reductionem ad praedicti Archiepiscopi obedientiam" (7) എന്നാണ് മാർപ്പാപ്പാ സെബസ്തിയാനിയോടു പറഞ്ഞയച്ചത്. അതായത് "അവരെ ... മെത്രാപ്പോലീത്തായുടെ അനുസരണത്തിലേക്കു കൊണ്ടുവരേണ്ടതിന് ആവശ്യവും ഉചിതവും ആയ എല്ലാ അധികാരവും താങ്കൾക്കു തന്നുകൊണ്ടു" (നാം താങ്കളെ അയയ്ക്കുന്നു)

പ്രതിനിധി മുഖേന മാർപ്പാപ്പാ അർക്കദിയാക്കോനും സുറിയാനിക്കാർക്കും മററും അയച്ച ലേഖനങ്ങളിലും ഈ ആശയമാണ് മുന്നിട്ടു നില്ക്കുന്നത്. (8) ആകയാൽ കൂനൻകുരിശുസത്യത്താൽ സുറിയാനിക്കാർ ഗാർഷ്യാമെത്രാപ്പോലീത്തായെ ഉപേക്ഷിക്കയാണ് ആദ്യമായി ചെയ്തതെന്നു വ്യക്തമാകുന്നു. ശീസ്മ അതിനെ തുടർന്നുണ്ടായിട്ടുള്ളതാണ്.

---

7) Cited in The Examiner, 1938, p. 242.
8) മാർത്തോമ്മാക്രിസ്ത്യാനികൾ II p. 84 sq.

എന്തുകൊണ്ടെന്നാൽ ധർമ്മഭ്രഷ്ടനായിരുന്ന അധികാരിയെ ഉപേക്ഷിച്ചു് സ്വന്തമായി ഒരാളെ മെത്രാൻവേഷം കെട്ടിച്ചതും മററും ശീസ്മപരങ്ങളായിരുന്നു. അവ വലിയ തെററുകളായിരുന്നു എന്നു പറയേണ്ടതില്ലല്ലൊ. ഈ സംഗതി മനസ്സിലായവരും ദുർവാശിയില്ലായിരുന്നവരും ഗാർഷ്യായിക്കും മാർപ്പാപ്പായുടെ പ്രതിനിധിക്കും കീഴ്പെട്ടു ഗാർഷ്യായോടുള്ള വിരോധം നിമിത്തം പലരും പ്രതിനിധിയെ അനുഗമിക്കയാണു് ചെയ്തതു്. എന്നാൽ മത്സരിച്ചു നിന്നവർ കാലാന്തരത്തിൽ റോമ്മായോടു വിദ്വേഷം പ്രദർശിപ്പിച്ചുതുടങ്ങി.

കർമ്മലീത്താ വേഷത്തിൽ സുറിയാനിക്കാരെ കബളിപ്പിക്കാൻ ഇറങ്ങി നടക്കുന്ന ഇശോസഭക്കാർ തന്നെയാണു് മാർപ്പാപ്പായുടെ പ്രതിനിധികൾ എന്നും മററും പ്രസ്താവിച്ചുകൊണ്ടാണു് ജനങ്ങളെ അക്കേദിയാക്കോന്റെ കക്ഷി തെററിധരിപ്പിച്ചിരുന്നതു്. കൂടാതെയും ചുങ്കത്തുപള്ളിയിൽ വി. മത്തിയാസിന്റെ തിരുനാളിനു മാർപ്പാപ്പാ നൽകിയിരുന്ന ബന്ധവിമോചനത്തെ സംബന്ധിച്ചുള്ള തിരുവെഴുത്തു് ഇട്ടിത്തൊമ്മൻ കത്തനാർ കൈക്കലാക്കി അക്കേദിയാക്കോനെ മാർപ്പാപ്പാ മെത്രാനാക്കിയ തിരുവെഴുത്താണു് അതു് എന്നു് ജനങ്ങളെ പറഞ്ഞു ധരിപ്പിച്ചു. കുരുമുളകു വാങ്ങുവാനായി വന്നിരുന്ന അർമ്മേനിയനായ ഒരു യഹൂദൻ അതുകൊണ്ടുവന്നെന്നും, ആ യഹൂദൻ മാർപ്പാപ്പായുടെ രക്തസംബന്ധിയാണെന്നും ഇട്ടിതൊമ്മൻകത്തനാർ ഇടപ്പള്ളിൽ വച്ചു് ജനങ്ങളോടു ഒരു പ്രസംഗം നടത്തി. യഹൂദനെ ആദ്യമേ തന്നെ അദ്ദേഹം വശത്താക്കിയിട്ടുമുണ്ടായിരുന്നു! (9) ഇതിൽ നിന്നു് റോമ്മായോടു എപ്രകാരമുള്ള മനോഭാവമാണു് ജനങ്ങൾക്കുണ്ടായിരുന്നതെന്നു് വ്യക്തമാകുന്നുണ്ടല്ലൊ. കൂനൻകുരിശുസത്യം റോമ്മായോടുള്ള വിദ്വേഷം നിമിത്തമായിരുന്നെങ്കിൽ ഇട്ടിതൊമ്മൻകത്തനാർ ഈ സൂത്രം പ്രയോഗിക്കുമായിരുന്നോ? ഇതുപോലെ വേറെയും ചില സൂത്രങ്ങൾ അക്കേദിയാക്കോന്റെ കക്ഷി പ്രയോഗിച്ചിട്ടുണ്ടു്. അവ ഇവിടെ എടുത്തു പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അല്ലാതെ തന്നെ ധാരാളം തെളിവുകൾ ഈ അദ്ധ്യായത്തിൽ ഈ വിഷയം സംബന്ധിച്ചു കൊടുത്തിട്ടുണ്ടല്ലൊ.

---

9) Ibid pp. 104-105

## പ്രതിനിധിയും സുറിയാനിക്കാരും.

മാർപ്പാപ്പായുടെ പ്രതിനിധിയായിരുന്ന സെബസ്ത്യാനി അർക്കദിയാക്കോനെ ആദ്യമായി പാലയൂർ വച്ചാണ് കണ്ടത്. ഒരു വെറും കമ്മലിത്താക്കാരൻ എന്ന നിലയിലല്ലാതെ മാർപ്പാപ്പായുടെ പ്രതിനിധി എന്ന നിലയിൽ അദ്ദേഹത്തെ സ്വീകരിക്കയില്ലെന്നു അർക്കദിയാക്കോൻ അപ്പോഴും ശഠിച്ചു. താൻ കുററക്കാരനാണെന്നുള്ള ബോധം അർക്കദിയാക്കോനുണ്ടായിരുന്നതിനാൽ മാർപ്പാപ്പായുടെ പ്രതിനിധിയെ എതിരിടുവാൻ അദ്ദേഹത്തിനു മനസ്സില്ലാതെ വന്നതിൽ എന്താണ് വിസ്മയം! പ്രതിനിധി തന്നെ കൊല്ലുവാൻ വന്നിരിക്കയാണെന്നും പള്ളിസാമാനങ്ങൾ മോഷ്ടിച്ചെന്നും മററുമാണ് അർക്കദിയാക്കോൻ തദവസരത്തിൽ പരസ്യമായി പറഞ്ഞിരുന്നത്. (10)

എന്നാൽ അർക്കദിയാക്കോന്റെ കൂടെ നിന്നിരുന്ന സുറിയാനിക്കാരുടെ മനഃസ്ഥിതി എന്തായിരുന്നു? വളരെ കത്തനാരന്മാരുടേയും ജനങ്ങളുടേയും ഒരു യോഗത്തിൽ വച്ച്, അർക്കദിയാക്കോൻ മെത്രാനല്ലെന്ന് പ്രതിനിധിയായ സെബസ്ത്യാനി പ്രസ്താവിച്ചു. അർക്കദിയാക്കോനെ മെത്രാനാക്കുവാൻ പ്രതിനിധിക്ക് അധികാരമുണ്ടായിരുന്നോ എന്ന് അപ്പോൾ കുറെ കത്തനാരന്മാർ അദ്ദേഹത്തോടു ചോദിച്ചു. ഇല്ലെന്നുള്ള ഉത്തരം സുറിയാനിക്കാരുടെയിടയിൽ അവർണ്ണനീയമായ ബഹളത്തിനു കാരണമായി. സെബസ്ത്യാനി മാർപ്പാപ്പായാൽ അയയ്ക്കപ്പെട്ടവനല്ലെന്നുള്ളതിന് ഇതുതന്നെ മതിയായ തെളിവാണെന്നു പറഞ്ഞുകൊണ്ട് അവർ അദ്ദേഹത്തെ അവിടെ നിന്ന് ഓടിച്ചു (11)

മത്സരകക്ഷിയുടെ മനഃസ്ഥിതി ഇവിടെയും പ്രത്യക്ഷപ്പെടുന്നുണ്ട്. മാർപ്പാപ്പായോട് അവർക്കു വിദ്വേഷമുണ്ടായിരുന്നെങ്കിൽ, സെബസ്ത്യാനി മാർപ്പാപ്പായുടെ പ്രതിനിധിയാണോ എന്നു പരീക്ഷിക്കയോ അവരുടെ അഭിപ്രായപ്രകാരം അല്ലെന്നു തീരുമാനിച്ച് അദ്ദേഹത്തെ ഓടിക്കയോ ചെയ്യുകയില്ലായിരുന്നു. തന്റെ തെററുകളെപ്പററി നല്ല ബോധമുണ്ടായിരുന്നതിനാൽ അർക്കദിയാക്കോൻ സെബസ്ത്യാനിയെ മാർപ്പാപ്പായുടെ പ്രതിപുരുഷൻ എന്ന നിലയിൽ സ്വീകരിക്കയില്ലെന്ന് ശഠിച്ചിരുന്നു!

മട്ടാഞ്ചേരിൽ മാർപ്പാപ്പായുടെ പ്രതിനിധി മൂന്നാമത്തെ യോഗം

---

10) Heras, S. J. The Examiner, 1938, p. 242.
11) Ibid.

വിളിച്ചുകൂട്ടി. അതിൽ അക്കദിയാക്കോന്റെ കക്ഷിയിൽപെട്ട മററം, കുറവിലങ്ങാട്ട എന്നീ പള്ളികളുടെ വികാരിമാരും കുറെ ശെമ്മാശന്മാരും സംബന്ധിച്ചു. ഗാർഷ്യായുടെ ഭാഗക്കാരായിരുന്നു ഭൂരിപക്ഷം. മാപ്പാപ്പായുടെ അധികാരം സ്വീകരിക്കുന്നതു സംബന്ധിച്ചു പ്രതിനിധി അവരോട്ട ചോദ്യം ചെയ്തപ്പോൾ അവിടെ കൂടിയിരുന്നവരിൽ ആരും അതിനു വിസമ്മതം പ്രദർശിപ്പിച്ചില്ല. (11 b

മാർ ഗ്രീഗോരിയൂസ്.

1665_ൽ കേരളത്തിൽ വന്ന യാക്കോബായനായ മാർ ഗ്രീഗോറിയൂസിന്റെ കുർബാന കണ്ടുടനെ അദ്ദേഹം റോമ്മായിൽ നിന്നു വന്നതല്ലെന്നു പറഞ്ഞു് അദ്ദേഹത്തെ സ്വീകരിക്കുവാൻ ജനങ്ങൾ (കൂനൻകുരിശു സത്യത്തിൽപെട്ട ജനങ്ങൾ) വിമുഖരായി വർത്തിച്ച അവസരത്തിൽ, അക്കദിയാക്കോന്റെ പ്രേരണയാൽ അദ്ദേഹം ലത്തീൻ കുപ്പായങ്ങൾപോലും ഉപയോഗിച്ചു് കുർബാനയിൽ മാററങ്ങൾ വരുത്തി ജനങ്ങളെ വശീകരിച്ച സംഗതി മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഇതിൽ നിന്നു് കൂനൻകുരിശുസത്യം റോമ്മായിക്കു വിരോധമായിട്ടല്ലായിരുന്നു എന്നല്ലയോ സിദ്ധിക്കുന്നതു്?

ഇട്ടിതൊമ്മൻ കത്തനാരുടെ എഴുത്തു്.

അക്കദിയാക്കോന്റെ ആലോചനക്കാരിൽ ഒരാളായിരുന്നു ആഞ്ഞിലിമൂട്ടിൽ ഇട്ടിതൊമ്മൻ കത്തനാർ. അക്കദിയാക്കോനെ പരിത്യജിച്ചു് ഗാർഷ്യാമെത്രാപ്പോലീത്തായിക്കു വിധേയനായ കടവിൽ ചാണ്ടികത്തനാരുടെ പേക്കു് ഇട്ടിതൊമ്മൻ കത്തനാർ അയച്ചതെന്നു പറഞ്ഞു് മി. ഇ. എം. പിലോപ്പാസു് ഒരെഴുത്തു് സ്വകൃതിയിൽ ഉദ്ധരിച്ചിട്ടുണ്ടു് അതിങ്ങനെയാണു്:

"ഓവിയാകപ്പെട്ട അനുജൻ കടവിൽ ചാണ്ടികത്തനാരച്ചൻ കണ്ട എന്നാൽ—അന്ത്യാക്യയിലെ ബഹുമാനപ്പെട്ട പാത്രിയക്കിസ അച്ചൻ ഈ മലങ്കരയ്ക്കു അവകാശിയും അവിടെ നിന്നും മേല്പട്ടക്കാരെ അയച്ച നമുക്കുവേണ്ടുന്ന കൂദാശകൾ തന്നും പണ്ടെ തൊട്ടുനടന്നുവരുമ്പോൾ ആയതു നമുക്കു വഹിയാ എന്നും പമ്പാളു പാതിരിമാരു കല്പിച്ചുതാനുമല്ലൊ. ആയതുകൊണ്ടു നാം എല്ലാപേരും മട്ടാംചെ

---

11b) Letter of Fr. Azevedo, S. J. See, The Malabar Mail, 16 July, 1938.

രിൽകൂടി സത്യം ചെയ്തുകഴിഞ്ഞയുടനെ ഇതിനൊക്കയും ഭേദംവരുമെന്നും ചില അൽമ്മെനികൾ പറഞ്ഞപ്പോൾ ഒരു ഒണക്ക കറവ ഞാൻ ഇതു മുറിക്കൂട്ടുമ്പോൾ അല്ലാതെ പറങ്കികളും നൊമ്മളും കൂടെ ഒരുമ്പെട്ടുകയില്ലന്നും പറഞ്ഞശേഷം ഇട്ടിതൊമ്മയച്ചൻ പറഞ്ഞു ഒരു നിവൃസുഖമാകുന്നുയെന്നും ആയതിനു ഭേദം വരികയില്ലെന്നും പറഞ്ഞ അനുജന്റെ നാക്കെൽ തൊട്ടാൽ കൊള്ളാമെന്നു എന്റെ കയി ആശപ്പെടുന്നുതാനും. നോം എല്ലാപേരുംകൂടി മെത്ത്റാനച്ചനു എഴുതികൊടുത്തിരിക്കുന്ന പടിയോല പൊയിപ്പോയിട്ടില്ലാതാനും—ഇപ്പടിയ്ക്കു ഇട്ടിത്തൊമ്മൻ കത്തനാര എഴുത്തു— (12)

ചൂങ്കത്തിപള്ളിയിൽ നിന്നും.”

കൂനൻകുരിശു സത്യത്തിനും അനന്തരസംഭവങ്ങൾക്കും കാരണമായി ഇട്ടിതൊമ്മൻ കത്തനാർ പറയുന്നതു് ചമ്പാളൂപാതിരിമാരുടെ (ഈശോസഭക്കാരുടെ) (13) അഭിപ്രായവും പറങ്കികളോടുള്ള വിരോധവും ആണ്. റോമ്മായെപ്പററി ഒരു വാക്കുപോലും ഇട്ടിതൊമ്മൻ കത്തനാർ പറയുന്നില്ല!!

അന്ത്യോക്യാ പാത്രിയക്കീസു് എന്നു് ഇട്ടിതൊമ്മൻ കത്തനാർ പറയുന്നതു് യാക്കോബായ പാത്രിയക്കീസിനെ ഉദ്ദേശിച്ചായിരിക്കണം. എന്നാൽ ആ പാത്രിയക്കീസു് “പണ്ടേതൊട്ടു” കേരളത്തിലേക്കു മെത്രാന്മാരെ അയച്ചിരുന്നില്ലെന്നു നാം കണ്ടതാണു്. “ആയതു നമുക്കു വഹിയാ” എന്നു് ചമ്പാളൂർ പാതിരിമാരു കല്പിച്ചതു് കൽദായ പാത്രിയക്കീസയച്ചിരുന്ന മെത്രാന്മാരെപ്പററിയാണെന്നുള്ളതു് നിസ്സംശയമാണു്. എന്നാൽ ഇട്ടിതൊമ്മൻ കത്തനാരു പറയുന്നതു് “അന്ത്യോക്യാ പാത്രിയക്കീസു് അച്ചൻ” അയച്ച മെത്രാന്മാരാകുന്നു അവർ എന്നത്രെ. ഇവിടെ ഒന്നുകിൽ ഇട്ടിതൊമ്മൻ കത്തനാർ യാക്കോബായ പാത്രിയ

---

(12) മാർത്തോമ്മാ ശ്ലീഹായുടെ ഇൻഡ്യൻസഭ, P. 146.

(13) പൌളീസ്തർ = ചാമ്പാളൂർക്കാർ = സാൻ പാവൊലൊ ഊർകാർ (സാൻ = വിശുദ്ധ; പൊവൊലൊ = പൌലോസു്; ഊർ = സ്ഥലം) ഗോവയിൽ വി പൌലോസിന്റെ നാമത്തിലുള്ള സ്ഥാപനത്തിൽ നിന്നു വന്നവരാകയാൽ ഈശോസഭക്കാർ പൌളീസ്തരും, ചമ്പാളൂർക്കാരും ആയതായിരിക്കാം. ഈശോസഭക്കാർ അമ്പഴക്കാട്ടു് സെമിനാരി നടത്തിയിരുന്ന സ്ഥലത്തിനു് ഇന്നും സമ്പാളൂർ എന്നാണു് പറയുന്നതു്. ഗോവയിലെ സ്ഥലത്തിനു സമ്പാളൂർ എന്നു പേരില്ല. അമ്പഴക്കാട്ടു അടുത്തുള്ള സ്ഥലം സമ്പാളൂർ ആയതു് ഡച്ചുകാരുടെ വരവോടെയാണു്.

ക്കീസും ബാബോലാൽ പാത്രിയക്കീസും ഒന്നാണെന്നു ധരിച്ചിരിക്കുന്നു, അല്ലെങ്കിൽ ധരിപ്പിക്കുവാൻ ഉദ്യമിക്കുന്നു! ഇങ്ങനെയുള്ള ഒരാളുടെ ഈ സാക്ഷ്യം കേരളീയസഭ പുരാതനകാലത്തു് യാക്കോബായ പാത്രിയക്കീസിനു വിധേയമായിരുന്നു എന്നു തെളിയിക്കുവാൻ ചിലർ ഹാജരാക്കിയിട്ടുണ്ടത്രെ!

### ഒരു യാക്കോബായ രേഖ.

കൂനൻകുരിശു സത്യത്തിന്റെ ശേഷം അർക്കദിയാക്കോന്റെ കക്ഷിയിൽ പെട്ടവർ യാക്കോബായ വിശ്വാസം സ്വീകരിച്ചു് കാലക്രമത്തിൽ മാർപ്പാപ്പായുടെ അധികാരത്തോടു് വിദ്വേഷം പ്രദർശിപ്പിച്ചുതുടങ്ങി. എന്നാൽ ആദിമ യാക്കോബായക്കാർക്കു കൂനൻകുരിശിങ്കൽ നടന്ന സത്യത്തെപ്പററിയുണ്ടായിരുന്ന ധാരണ ആധുനിക യാക്കോബായക്കാരും മററു അകത്തോലിക്കരും ഇപ്പോൾ പറയുന്നതുപോലെ അല്ലായിരുന്നു. 18-ാം ശതാബ്ദത്തിന്റെ ആരംഭത്തിൽ മത്തായി എന്നു പേരുള്ള ഒരു കേരളീയ യാക്കോബായ വൈദികൻ "സുറിയാനിക്കാർക്കു സംഭവിച്ച സംഭവങ്ങളും അവരുടെ ചരിത്രവും" എന്ന പേരിൽ സുറിയാനിയിൽ എഴുതിയതും യൂറോപ്പിൽ പല ഗ്രന്ഥങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും ആയ ഒരു പ്രബന്ധത്തിൽ നിന്നു് കൂനൻകുരിശു സത്യത്തെപ്പററിയുള്ള ഭാഗം പരിഭാഷപ്പെടുത്തി താഴെ ചേർക്കുന്നു:

"വളരെക്കാലത്തിന്റെശേഷം ഏറെക്കുറെ 1500 മാണ്ടിൽ വഞ്ചകന്മാരായ പറങ്കികൾ (പ്രൻഗായെ സ്കിലെ) ഈ മിലിബാർ ദേശത്തു വന്നു അവരും മിലിബാറിലും ഹെൻദോ (ഇൻഡ്യ) യിലും നിവസിച്ചു. ആ സമയത്തു് വീണ്ടും സുറിയാനിക്കാരായ പിതാക്കന്മാർ വന്നു. മാർ ദെനഹാ, മാർ തോമ്മാ, മാർ യാക്കോബു്, മാർ യബാലാഹാ (എന്നിവരായിരുന്നു അവർ) ആദ്യത്തെ നടപ്പുപോലെ (14) ഇവരും മിലിബാറിന്റെയും ഹെൻദോയുടെയും ഈ ഇടവക ഭരിച്ചു. അതിന്റെശേഷം ഇവരുടെ കാലശേഷം 1580-ൽ സുറിയാനിക്കാരനായ മാർ അബ്രാഹം മെത്രാൻ വന്നു. ഇദ്ദേഹം മിലിബാർ ദേശത്തു വന്നപ്പോൾ കൊലപാതകന്മാരായ പറങ്കികൾ ഇദ്ദേഹത്തോടു വിദ്വേഷം ഭാവിച്ചു് ഇദ്ദേഹത്തിനു കണിവച്ചു് ഇദ്ദേഹത്തെ കൊല്ലുവാൻ ആഗ്രഹിച്ചു. ഇദ്ദേഹമാകട്ടെ നമ്മുടെ കർത്താവായ മ്ശിഹായുടെ സഹായത്താൽ അവ

---

(14) ഇവർ ആദ്യത്തെ നടപ്പുപോലെ കേരളത്തെ ഭരിച്ചു എന്നാണു് പറയുന്നതു്. ഇവരാകട്ടെ കൽദായക്കാരായിരുന്നു. ആദ്യത്തെ നടപ്പു് കൽദായ ആയിരുന്നു, യാക്കോബായ അല്ല.

രിൽ നിന്നു രക്ഷിക്കപ്പെട്ടു. ഇതിനാൽ ഭയത്തോടും വിറയലോടുംകൂടി ഇദ്ദേഹം ഈ ഇടവകയെ ഒരു വിധത്തിൽ ഭരിച്ചിരുന്നു. ആ ദിവസങ്ങളുടെശേഷം അത്യന്തതന്റെ ശത്രുക്കളായ പറങ്കികൾ സുറിയാനിക്കാർ നടന്നിരുന്ന വഴികളിൽ കണ്ണിവയ്ക്കുവാനും അവരെ പിടിച്ചുകൊല്ലുവാനും പരിശ്രമിച്ചുതുടങ്ങി. സുറിയാനി മെത്രാനായ മാർ അബ്രാഹത്തിന്റെ മരണശേഷം 52 കൊല്ലത്തേക്കു് ഒരു സുറിയാനിമെത്രാൻ പോലും മലിബാറിൽ വന്നില്ല. ആ ദിവസങ്ങളിൽ റോമ്മായിലെ പാപ്പായുടെ കല്പനപ്രകാരം ഒരു പറങ്കിമെത്രാൻ വന്നു. ഈ മെത്രാൻ സുറിയാനിക്കാരെ തന്റെ കൈകളുടെ കീഴാക്കുവാൻ ആഗ്രഹിച്ചിരുന്നു. സുറിയാനിക്കാരാകട്ടെ അദ്ദേഹത്തെ ഭയന്നിരുന്നു. അപ്പോൾ മത്സരബുദ്ധിയായ അദ്ദേഹം കൊച്ചിരാജാവിന്റെ പക്കൽചെന്നു് അദ്ദേഹത്തിനു് മൂവായിരം ഇരട്ടപ്പൊൻനാണയം കൈക്കൂലിയായി കൊടുത്തു. അപ്പോൾ ഞെരുക്കങ്ങളുടെ എല്ലാ വിധങ്ങളിലും രാജാവു് സുറിയാനിക്കാരെ ഞെരുക്കി തുടങ്ങി. പീഡകനായ ആ രാജാവിനാൽ സുറിയാനിക്കാർ മൂന്നുകൊല്ലത്തേക്കു പീഡിപ്പിക്കപ്പെട്ടു. ആ ഞെരുക്കങ്ങളിൽ സുറിയാനിക്കാൎക്കു ശക്തിയുമില്ലാതായി. രാജാവിന്റെ ശക്തിനിമിത്തം സുറിയാനിക്കാർ പറങ്കിമെത്രാന്റെ കൈകൾക്കു കീഴ്പ്പെടുത്തപ്പെട്ടു. അതോടെ പറങ്കികൾ സുറിയാനിക്കാരുടെ നല്ല നടപടികളെ മാററി. പട്ടക്കാരുടെയും ശമ്മാശന്മാരുടെയും വിവാഹം അവർ മുടക്കി. പുതിയതും അന്യവും ആയ വിശ്വാസം അവർ പഠിപ്പിച്ചു. ഇങ്ങനെ 52 കൊല്ലത്തോളം സുറിയാനിക്കാർ കഴിച്ചുകൂട്ടിയപ്പോൾ മിലിബാറിലേക്കു വരുവാൻ മൈലാപ്പൂരിലെത്തിയ അഗ്നാത്തീസു് പാത്രിയക്കീസു മുഖേന പറങ്കികളുടെ വഞ്ചന വെളിപ്പെടുത്തുവാൻ ദൈവത്തിനുമനസ്സുണ്ടായി. ഈ സുറിയാനിക്കാരൻ മൈലാപ്പൂരിൽ വന്നപ്പോൾ പറങ്കികൾ അദ്ദേഹത്തെ പിടിച്ചുകെട്ടി കൊച്ചിയിൽ കൊണ്ടുവന്നു് കടലിൽ മുക്കിക്കൊന്നു. അപ്പോൾ ഇതു് മിലിബാർ മുഴുവനിലും അറിയപ്പെട്ടു. ആ ദിവസങ്ങളിൽ അവിടെയുണ്ടായിരുന്ന ശമ്മാശന്മാർ വഴിക്കാണു് (ഇതറിയപ്പെട്ടതു്). ആകയാൽ സുറിയാനിക്കാരെല്ലാവരും കൊച്ചിക്കടുത്തുള്ള മൂത്തോംചേരി (മട്ടാഞ്ചേരി) പള്ളിയിൽകൂടി വിശുദ്ധ മർത്ത്മറിയായുടെ മുമ്പിൽ ക്രൂശിന്റെ നാമത്തിൽ സുറിയാനിക്കാരെല്ലാവരും സത്യങ്ങളാൽ ഇങ്ങനെ സത്യംചെയ്തു: ഇന്നുമുതൽ എന്നേക്കും ഞങ്ങൾ പറങ്കികളോടു യോജിക്കുന്നതല്ല: ഞങ്ങളുടെ സന്തതികൾ അവരുടെ സന്തതികളോടും യോജിക്കുന്നതല്ല. ഈ വാക്കുകൾ ആധാരത്തിൽ അവർ എഴുതി ആമ്മേൻ... ....” (15)

---

15) Giamil o. .c p. 553 sqq.
Anecdota Syriaca, Lugduni Patavorum, 1862.

(ഇതിന്റെ ശേഷം പറങ്കികൾ കൈക്കൂലികൊടുത്തു് കുറെ സുറിയാനിക്കാരെ മറിച്ചുകളഞ്ഞെന്നും മററുള്ളവർ കിഴക്കിന്റെ കാതോലിക്കാ അയയ്ക്കുന്ന പിതാക്കന്മാരോടു യോജിച്ചുനിൽക്കുന്നെന്നും മററും പ്രസ്താവിക്കുന്നു )

കൂനൻകുരിശു സത്യത്തെപ്പററി അന്നുണ്ടായിരുന്ന ധാരണ എന്തെന്നു നോക്കുക. പറങ്കികളോടു് അഥവാ പൌളിസ്തരോടു് യോജിക്കുന്നതല്ലെന്നായിരുന്നു സത്യം എന്ന ധാരണ ആദിമ യാക്കോബായക്കാരിൽ വേരൂന്നിയിരുന്നതായിട്ടത്രെ നാം കാണുന്നതു്. മേലുദ്ധരിച്ച രേഖയിലെ മററു സംഗതികളെപ്പററി ഇവിടെ യാതൊന്നും പ്രസ്താവിക്കുന്നില്ല. കഴിഞ്ഞ അദ്ധ്യായങ്ങളിൽ നിന്നു അവയുടെ സ്വഭാവം നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണല്ലൊ.

വേറൊരുരേഖ.

1731_നും 1734_നും മദ്ധ്യേ മുളന്തുരുത്തി യാക്കോബായപ്പള്ളിമേടയിൽവച്ചു് അബ്രാഹം എന്ന ഒരു യാക്കോബായ ശമ്മാശൻ "ഇന്ത്യയുടെ മെത്രാപ്പോലീത്ത ആയ മാർ തോമ്മാ അപ്പെസ്കോപ്പായുടെ നാളുകളിൽ" എഴുതിയ ഒരു കാനോൻ ജപപുസ്തകത്തിൽ പെരുനാൾ പട്ടികയുടെ ശേഷം ഇങ്ങനെ എഴുതിയിരിക്കുന്നു:

"കൊല്ലം 740_ൽ മാർ അബ്രാഹം മെത്രാപ്പോലീത്താ വന്നു. അദ്ദേഹത്തിന്റെ മരണശേഷം പാഷണ്ഡരായ (ററാത്തിക്കെ) പറങ്കികൾ നോയമ്പുകൾ, കുർബാന, പെരുനാളുകൾ (മുതലായി) സുറിയാനിക്കാരുടെ നടപ്പുകൾ ഭേദപ്പെടുത്തി. ഇവയുടെ ശേഷം കൊല്ലം 861_ൽ സ്തുതിചൊവ്വുള്ള സുറിയാനിക്കാരുടെ നടപ്പു വീണ്ടും പഴയതുപോലെ ആരംഭിച്ചു: കുർബാന, നോയമ്പു, പെരുനാളുകൾ (മുതലായവ) മാർ ഈവാനിയൂസ് അപ്പസ്കോപ്പാ മെത്രാപ്പോലീത്തായുടെ കാലത്തു തന്നെ".

ഇവിടെ കൂനൻകുരിശുസത്യത്തെപ്പററി യാതൊന്നുമില്ലെങ്കിലും പറങ്കികളോടുള്ള വിരോധം പ്രത്യക്ഷപ്പെടുന്നുണ്ടു്. മാർ അബ്രാഹത്തിന്റെ കാലശേഷം കേരളീയസഭയിൽ പല മാററങ്ങൾ വന്നെന്നും ഈ രേഖ പറയുന്നുണ്ടല്ലൊ. കൂനൻകുരിശുസത്യമുണ്ടായതെങ്ങനെയെന്നു് ഇതിൽ നിന്നു ഊഹിക്കാവുന്നതാണു്.

ഇപ്പോൾ പറഞ്ഞ കാനോൻ ജപപുസ്തകം കൽദായഭാഷയിൽ എഴുതപ്പെട്ടതാണു്. ജപങ്ങളും കൽദായറീത്തുപ്രകാരം ഇന്നും പഴയകൂററുകാർ ഉപയോഗിക്കുന്നവയത്രെ. മാപ്പാപ്പായുടെ പേരിനു പകരം

യാക്കോബായപാത്രിയർക്കീസിന്റെ പേരാണ് ഇതിൽ കാണുന്നതു്. അപ്രകാരം തന്നെ യാക്കോബായക്കാർ വിശുദ്ധന്മാരായി വണങ്ങുന്ന ചിലരുടെ പേരുകളും മറ്റു ചില്ലറ വ്യത്യാസങ്ങളും ഇതിൽ കാണുന്നുണ്ടു്. പെരുന്നാൾ പട്ടിക സാരാംശത്തിൽ പഴയകൂറ്റുകാരുടെ തന്നെയാണ്. അമലോത്ഭവം, വി. കുർബാനായുടെ തിരുനാൾ മുതലായി യാക്കോബായക്കാർ ഇന്ന് കേരളത്തിൽ ആചരിക്കാത്ത പല തിരുനാളുകളും ഈ പട്ടികയിൽ പെടുന്നു! ഇതിൽ നിന്ന് അന്നത്തെ യാക്കോബായക്കാരുടെ സ്ഥിതി ശരിയായി മനസ്സിലാക്കാവുന്നതാണല്ലോ. (16)

ഈ പുസ്തകം തുമ്പമൺ പുത്തൻവിട്ടിൽ ഫാ. യാക്കോബച്ചന്റെ വിട്ടിൽ പുരാതനമായി സൂക്ഷിച്ചുവന്നതാണ്. എഴുത്തുകാരന്റെ കൈവശം ഇപ്പോൾ ഇരിക്കുന്നു.

## തത്തമ്പള്ളിപടിയോല.

കേരളീയയാക്കോബായസഭയിലെ വലിയ മാർ ദിവന്നാസിയൂസ് അഥവാ ആറാം മാർത്തോമ്മാ മെത്രാപ്പോലീത്താ 18-ാം ശതാബ്ദത്തിന്റെ അവസാനത്തിൽ കത്തോലിക്കനായെങ്കിലും അധികം കഴിയുന്നതിനുമുമ്പ് യാക്കോബായവിശ്വാസത്തിലേക്കു പിന്തിരിഞ്ഞു. തത്തമ്പള്ളിൽ പള്ളിയിൽവച്ചാണ് അദ്ദേഹം കത്തോലിക്കനായതു്. അപ്പോൾ പഴയകൂറ്റുകാരും പുത്തൻകൂറ്റുകാരുംകൂടി ഒരു പടിയോല ഒപ്പിട്ടു ഉടമ്പടി ചെയ്യുകയുണ്ടായി. ആലപ്പുഴ മാർ സ്ലീവാ പള്ളിയിൽവച്ചാണ് അതു തയാറാക്കപ്പെട്ടതു്. അതും ഇവിടെ പകർത്തികൊള്ളുന്നു.

“നമ്മുടെ കാരണവന്മാരായിട്ടു ശുദ്ധ: മാപ്പാപ്പായെ കീഴ്വഴങ്ങി ഈശോമിശിഹായുടെ 1599-ാം കാലത്തോളവും റോമ്മാപ്പള്ളിക്കു വഴ

16) 1734 വരെയെങ്കിലും കേരളത്തിലെ യാക്കോബായക്കാർ കൽദായസുറിയാനിയും കേരളീയകൽദായസുറിയാനിറീത്തിലെ പല ഭാഗങ്ങളും ഉപയോഗിച്ചിരുന്നു എന്നതിനു് അനിഷേധ്യമായ ഒരു സാക്ഷ്യമാണ് ഈ രേഖ. യാക്കോബായബന്ധം നിമിത്തം അവർ പുതിയ വിശ്വാസവും കുറെ കഴിഞ്ഞ് പുതിയ റീത്തും സ്വീകരിച്ചു. പുത്തൻകൂറ്റുകാർ, പഴയകൂറ്റുകാർ എന്നു് ലക്കാർ രേഖകളിൽപോലും കാണുന്ന സംജ്ഞകളുടെ അർത്ഥം ഇതിൽനിന്നു ശരിയായി ഗ്രഹിക്കാവുന്നതാണ്. പുതിയ റീത്ത് പരിപൂർണ്ണമായി ഇനിയും സ്വീകരിക്കപ്പെട്ടിട്ടില്ല. കൂടാതെയും, ലത്തീൻമയം കലർന്ന കേരളീയകൽദായറീത്തിന്റെ ചില ഭാഗങ്ങൾ ഇന്നും കേരളത്തിലെ യാക്കോബായക്കാർ ഉപയോഗിച്ചുവരുന്നു!

ക്കമുള്ള കൽദായസുറിയാനിക്കാരുടെ ക്രമം പോലെ നാം എല്ലാവരും അനുസരിച്ചു നടന്നുവരുമ്പോൾ സുറിയാനിക്കാരിൽ നിന്നും റോമ്മാവഴക്കമുള്ള മേല്പട്ടക്കാരു മലയാളത്തിൽ വരാഴികകൊണ്ടും നമ്മുടെ മേല്പട്ടക്കാർ ഇല്ലാതിരിക്കുമ്പോൾ ഗോവയുടെ മാർ അല്ലെക്സാന്ത്രൊസ് മെത്രാപ്പോലീത്താ മാപ്പാപ്പായുടെ കല്പനയാലെ മലങ്കരെ വന്നു ഉദയമ്പേരൂർ സൂന്നഹദോസു കൂട്ടി കല്പിച്ചിരിക്കുന്നപ്രകാരം 1652_ാം കാലത്തോളവും നാം എല്ലാവരും ഏകോത്ഭവിച്ചു നടന്നുവരുമ്പോൾ സുറിയാനിക്കാരിൽ ഒരു മേല്പട്ടക്കാരൻ വന്നാറെ സമ്പാളൂർക്കാർ അന്നു കൊച്ചിക്കോട്ടയിൽ പ്രമാണമായിരിക്കുന്ന പറങ്കികളെ സ്വാധീനമാക്കി അപായം വരുത്തുക കൊണ്ട് മലങ്കര എടവകക്കാരു എല്ലാവരും മട്ടാഞ്ചേരിപള്ളിയിൽക്കൂടി സമ്പാളൂക്കാരെ ജാതിയജമാനന്മാരായിട്ടു കൈക്കൊള്ളുകയില്ലെന്നു സത്യവും ചെയ്തു. ഉടനെ ആലങ്ങാട്ടുപള്ളിയിൽ വച്ചു മേല്പട്ടക്കാറരുകൂടാതെ യോഗമായിട്ടു തോമ്മാ അർക്കദിയാക്കോനെ മെത്രാനായിട്ടു വാഴിച്ചതിന്റെശേഷം ഓരോരോരു കർമ്മങ്ങൾകൊണ്ടു വാഴിച്ചു രണ്ടു തലസ്ഥാനമായിട്ടും രണ്ടു ക്രമമായിട്ടും നടന്നുവരുമ്പോൾ മുമ്പേ നമ്മുടെ കാരണവന്മാരു ഏകോത്ഭവിച്ചു നടന്നുവന്നതിന്മണ്ണം ശുദ്ധ: മാപ്പാപ്പായെ കീഴ് വഴങ്ങി ഉദയമ്പേരൂർ സൂന്നഹദോസിൽ കല്പിച്ചതിന്മണ്ണം കുർബാനയും നമസ്കാരവും നോയമ്പും ശേഷം കാര്യങ്ങളും നാം രണ്ടു കൂറുകൂറുമുള്ളവരും ഒന്നായിട്ടു അനുസരിച്ചു നടന്നുകൊള്ളത്തക്കവണ്ണവും ശുദ്ധ! മാപ്പാപ്പായുടെ തിരുമനസ്സറിയിച്ചു അനുവാദം വരുത്തികൊണ്ടു ശുദ്ധ: റോമ്മാപ്പള്ളിക്കു വഴക്കമുള്ള കൽദായസുറിയാനിക്രമംപോലെ എല്ലാ കാര്യങ്ങളും നടന്നുകൊള്ളത്തക്കവണ്ണവും ഇപ്പോൾ യാക്കോബായക്കാരുടെ വിശ്വാസവും ക്രമവും എടുത്തു നടന്നുവരുന്നതുപേക്ഷിച്ചു ഉർബാനോസ് എന്ന 8_ാമത്തെ മാപ്പാപ്പായുടെ കാലത്തിൽ കിഴക്കിനട്ടത്ത പള്ളിക്കാർക്കു കല്പിച്ചിരിക്കുന്ന വിശ്വാസസത്യത്തിനു തക്കവണ്ണം അനുസരിച്ചു സത്യവും ചെയ്തു മാപ്പാപ്പായുടെ കല്പനപോലെ വഴങ്ങിനടന്നുകൊള്ളുമാറും സമ്മതിച്ചു മിശിഹാ പിറന്നിട്ടു 1799_ാം കാലം പഴയ കണക്കിൽ ഇടവമാസം 20_ാനു- ആലപ്പുഴ മാർ സ്ലീബാപ്പള്ളിയിൽവച്ചു ബാവായുടേയും പുത്രന്റെയും റൂഹാദ്ക്കുദ്ശായുടേയും നാമത്താലെ രണ്ടു കൂറുകൂറുമുള്ള പള്ളിക്കാരരുംകൂടി സത്യമായിട്ട് എഴുതിവച്ച പടിയോല" (166)

മുളന്തുരുത്തിപ്പടിയോല.

കേരളീയയാക്കോബായസഭയിൽ നവീകരണമുണ്ടാക്കിയ പാലക്കുന്നത്തു മാത്തൻ മെത്രാനെ ശപിച്ചശേഷം, അങ്കമാലി അകപ്പറമ്പു മു

---

(166) മാർ തോമ്മാ നസ്രാണികളുടെ സത്യവിശ്വാസം. pp. 200 201

തൽ കല്ലുങ്കോട്ടുവരെ ആകെ 102 പള്ളിക്കാർ പത്രോസുപാത്രിയക്കീസിന്റെ ആദ്ധ്യക്ഷതയിലും പുലിക്കോട്ടു മാർ ദിവന്നാസിയൂസിന്റെ സാന്നിദ്ധ്യത്തിലും 1876_ൽ മുളത്തിൽ ഒരു സുന്നഹദോസുകൂടി. അവിടെവച്ചു് എല്ലാവരുംകൂടി എഴുതിവച്ച പടിയോലയിൽ ഇങ്ങനെ കാണുന്നു: "....1600_ാം മാണ്ടിൽ പറിങ്കികളുടെ അല്ലേശു മെത്രാൻ മുഖാന്തിരം ഉദയമ്പേരൂർ ഒരു സുന്നഹദോസു കൂടി സകല സുറിയാനിപ്പുസ്തകങ്ങളും ദഹിപ്പിച്ചു സത്യവിശ്വാസത്തെ ഭേദപ്പെടുത്തി നടത്തിവന്നു എങ്കിലും മുൻ ഉണ്ടായിരുന്ന പകലോമറ്റത്തു തറവാട്ടിൽ നിന്നുള്ള മെല്പട്ടക്കാരു കൈയ്‌വഴിയായി ഞങ്ങളെ ഭരിച്ചുവരുമ്പോൾ 1653_ൽ ശുദ്ധമുള്ള മോറാൻ പാത്രിയക്കീസുബാവാ മലയാളത്തിൽ വന്നതിന്റെ ശേഷം പറിങ്കികൾ അപായപ്പെടുത്തുകയാൽ പിന്നീടു ഞങ്ങൾ കൊച്ചി മട്ടാഞ്ചേരിൽ കൂട്ടംകൂടി മേലാൽ പറിങ്കികളുമായി യാതൊരു സംബന്ധവും ചെയ്കയില്ലെന്നു സത്യം ചെയ്തു പിരിയുകയും ആ സത്യത്തിന്റെശേഷം ഞങ്ങളിൽ നിന്നു ഒരു ഭാഗം അവർ വഞ്ചിച്ചെടുക്കുകയും...." (17) കേരളത്തിലെ യാക്കോബായക്കാരെല്ലാം 1876_ൽ കൂനൻകുരിശിലെ സത്യത്തെപ്പറ്റി എന്തു വിശ്വസിച്ചിരുന്നു എന്നു നോക്കുക! സത്യം പറങ്കികൾക്കു വിരോധമായിട്ടായിരുന്നു എന്നു് എല്ലാവരും ഈ അടുത്തകാലം വരെ വിശ്വസിച്ചിരുന്നു എന്നതിനു് വേറെ തെളിവു് ആവശ്യമുണ്ടോ?

* * * * * *

കൂനൻകുരിശുസത്യത്തിൽ പങ്കെടുത്തവരും ആ നിലയിൽ നിന്നവരുടെ സന്തതികളും കൂനൻകുരിശുസത്യം പറങ്കികൾക്കും പൌളിസ്തുക്കും വിരോധമായിട്ടായിരുന്നു എന്നു് അനുസരിച്ചു പറയുന്ന ചില രേഖകൾ ഇവിടെ ഹാജരാക്കിക്കഴിഞ്ഞു. വലിയ മാർ ദിവന്നാസിയൂസിന്റെ കാലം വരെ, കൂനൻകുരിശുസത്യം ഹേതുവാൽ യാക്കോബായവിശ്വാസം സ്വീകരിക്കയും പുത്തൻകൂറുകാർ എന്നു് അറിയപ്പെടുകയും ചെയ്യുന്നവർ ഒരേ ഒരു സമുദായമായി നിന്നിരുന്നു. വലിയ മാർ ദിവന്നാസിയൂസിന്റെ കാലത്തു് അവരിൽ ഒരു ചെറിയ വിഭാഗം അഞ്ഞൂർ അഥവാ തൊഴിയൂർ സഭയായി പിരിഞ്ഞു. അതിന്റെശേഷം (19_ാം ശതാബ്ദത്തിന്റെ മദ്ധ്യം എന്നു പറയാം) യാക്കോബായക്കാരായി നിന്ന പുത്തൻകൂറുകാരിൽ നിന്നു് ആദ്യം കുറെ സി. എം. എസ് കാരും പിന്നീടു് മാർത്തോമ്മാക്കാർ എന്നു ഇപ്പോൾ സ്വയം വിളിക്കുന്ന നവീകരണക്കാരും ഉത്ഭവിച്ചു. പുത്തൻകൂർ യാക്കോബായക്കാരിൽ ശേഷിച്ചവർ 20_ാം ശതാബ്ദത്തിൽ ബാവാകക്ഷിയും മെത്രാൻകക്ഷിയുമായിത്തീർന്നു. മെത്രാൻകക്ഷി ഇപ്പോൾ ഓർത്തഡോക്സു് സഭാംഗങ്ങൾ എന്നു സ്വയം വി

---

(17) സുന്നഹദോസു നിശ്ചയങ്ങൾ, p. 26. (സന്ദേശം പ്രസ്സ് കോട്ടയം 1111.)

ിച്ചുതുടങ്ങിയിരിക്കയാണല്ലോ. പുത്തൻകൂറ്റുകാരിൽ വിഭാഗങ്ങളുണ്ടായശേഷമാണു് കൂനൻകുരിശുസത്യം റോമ്മാ അധികാരത്തിനു വിരോധമായിട്ടായിരുന്നെന്നു് ചിലർ പ്രസ്താവിച്ചുതുടങ്ങിയതു്. എന്നാൽ വാസ്തവമെങ്ങിനെയെന്നു് ഇതുവരെ പ്രസ്താവിച്ചതിൽ നിന്നു് എല്ലാവർക്കും ഗ്രഹിക്കാവുന്നതാണു്. ആത്തമ്പള്ളി പടിയോലയും ബാ. മത്തായിക്കത്തനാരുടെ സുറിയാനി പ്രബന്ധവും മുളന്തുരുത്തിപ്പടിയോലയും സംഗതികൾ എത്ര വിശദമായി പ്രസ്താവിക്കുന്നുണ്ടെന്നു നോക്കുക.

* * * * * *

കേരളീയസഭ യാക്കോബായ ആയിരുന്നെന്നും, അല്ലാ, ഒരു സ്വതന്ത്രസഭയായിരുന്നെന്നും ഉള്ള വാദങ്ങൾ സ്വീകാര്യങ്ങളല്ലെന്നു് നാം കണ്ടു കഴിഞ്ഞു. നെസ്തോറിയൻസഭയോടു അതിനു ബന്ധമുണ്ടായിരുന്നാൽ തന്നെയും ആ ബന്ധം അതിന്റെ കത്തോലിക്കാത്വത്തെ നശിപ്പിക്കുവാൻ പര്യാപ്തമല്ലായിരുന്നു എന്നും നാം കണ്ടു. അന്തിയോക്കിയാ, സെലൂക്കിയാ, പേർഷ്യ മുതലായ സഭകളോടായിരുന്നല്ലോ കേരളീയസഭയുടെ പുരാതനബന്ധം. ഈ സഭകൾ ആരംഭം മുതൽ തന്നെ സ്വതന്ത്രസഭകളല്ലായിരുന്നതിനാലും ഓരോ അവസരങ്ങളിൽ റോമ്മായുടെ പരമാധികാരം സ്വീകരിച്ചിരുന്നതായി നിരവധി രേഖകളുള്ളതിനാലും (17) കേരളീയസഭ ആരംഭം മുതൽ തന്നെ റോമ്മായുടെ അധികാരം സ്വീകരിച്ചിരുന്നു എന്നു സിദ്ധിക്കുന്നു. സാക്ഷാൽ സത്യസഭ റോമ്മാസഭ മാത്രമാകയാൽ അതിനോടു യോജിക്കാത്ത ഒരു സഭ തോമ്മാശ്ലീഹാ ഇവിടെ സ്ഥാപിച്ചിട്ടില്ല എന്നതു നിശ്ചയവും ആണു. (18) ഒന്നാം നൂററാണ്ടു മുതൽ കേരളീയസഭ റോമ്മായ്ക്കു കീഴ്പെട്ടിരുന്നു എന്നു കാണിക്കുന്ന രേഖകൾ നമുക്കില്ല—പക്ഷെ പിൻകാലങ്ങളിൽ കാണുന്ന രേഖകൾ ആ സഭയുടെ പുരാതനമായ നിലയെ ഭേദപ്പെടുത്തുന്നവയായിട്ടല്ല കാണപ്പെടുന്നതു്; അവ പുരാതനമായുണ്ടായിരുന്ന വിശ്വാസത്തിന്റെ നിർബാധമായ പ്രകടനം മാത്രമാണു്.

* * * * * *

കൂനൻകുരിശുസത്യം സുറിയാനിക്കാരിൽ പിളർപ്പുണ്ടാക്കി, പുത്തൻകൂറും പഴയകൂറും ആയി അവരെ പിരിച്ചു. പുത്തൻകൂറ്റുകാർ പുരാതനവിശ്വാസവും അതോടുകൂടി പുരാതന കൽദായറീത്തും പരിത്യജിക്കുവാനിടയായി. അവർ പല വകുപ്പുകാരായി പിരിയുകയും ചെയ്തു. കാലാന്തരത്തിൽ മാർപ്പാപ്പായുടെ പരമാധികാരം നിഷേധിക്കുവാനും അതിന്റെ നേരെ വിദ്വേഷം പ്രദർശിപ്പിക്കുവാനും അവർ ആരംഭിച്ചു. കൂനൻകുരിശിനു മുമ്പുള്ള കേരളീയസുറിയാനിസഭയുടെ വിശ്വാസം ഇ

---

(17) "തിരുസ്സഭയും, മാർപ്പാപ്പായും" നോക്കുക

(18) സാക്ഷാൽസത്യസഭ റോമ്മാസഭയാണെന്നു "തിരുസ്സഭയും, മാർപ്പാപ്പായും" എന്ന പുസ്തകത്തിൽ തെളിയിച്ചിട്ടുണ്ടു്.

തിൽ നിന്നു് എത്ര വ്യത്യസ്തം! എന്നാൽ ഇതാ! കൂനൻകുരിശു് പഴയവിശ്വാസത്തിനും പുതിയ വിശ്വാസങ്ങൾക്കും മദ്ധ്യ നിലകൊള്ളുന്നു. പഴയകൂറിനേയും പുത്തൻകൂറിനേയും തമ്മിൽ യോജിപ്പിക്കുവാൻ കൂനൻകുരിശിനു ശക്തിയില്ലെന്നോ? ഉണ്ടു്; നിശ്ചയം. കൂനൻകുരിശിങ്കൽ നടന്ന സത്യം പോർട്ടുഗീസുകാൎക്കും പൌളിസ്തൎക്കും വിരോധമായിട്ടു മാത്രമാണെന്നു് കൂനൻകുരിശു് നമ്മെ അനുസ്മരിപ്പിക്കട്ടെ. അപ്പോൾ കൂനൻകുരിശിങ്കൽ വച്ചു് ഇരുകൂട്ടൎക്കും അന്യോന്യം ആശ്ലേഷിച്ചു് സന്തോഷാശ്രുക്കൾ പൊഴിക്കാവുന്നതാണു്.

സമാപ്തം

ACHARYA PALACKAL JEEVASS KENDRAM LIBRARY 15614